R6nM73
32H8·5

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

R6nM73 32H8.5
SRI RAMATHIRTHA.
Paratidwanigal.
Vol.5.

MUL
156408

**Madras University Library.**

DOCTRINA·VIM·PROMOVET·INSITAM

Call Number R6nM73. 32H8.5

Accession Number 156408.

Available for loan from

This book should be returned on or before
the date last marked below.

3 JAN 1962


5 OCT 1964

O. 61

ശ്രീ

# രാമതീൎത്ഥപ്രതിധ്വനികൾ

## തരംഗം അഞ്ച് - പ്രപഞ്ചസമഷ്ടിബോധവും അതെങ്ങിനെ സാക്ഷാത്കരിക്കാമെന്നും.



വിവൎത്തകൻ

റ്റി. ആർ. നാരായണൻനമ്പ്യാർ

ബി. എ., ബി. എൽ.

UNIVERSITY LIBRARY
27 MAR 1953
MADRAS

ഓം

ശ്രീ

# രാമതീർത്ഥപ്രതിധ്വനികൾ.

സ്വാമി രാമതീർത്ഥന്റെ പൂർണ്ണകൃതികളായ
**"In Woods of God-Realization"**
എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പരിഭാഷ.

## തരംഗം അഞ്ച്.
## പ്രപഞ്ചസമഷ്ടിബോധവും അതെങ്ങിനെ സാക്ഷാത്കരിക്കാമെന്നും.

വിവർത്തകൻ,
റി. ആർ. നാരായണൻനമ്പ്യാർ B. A. & B. L.

പ്രകാശകർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

★

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

വില രൂ. 1. ണ 8-

ഒന്നാം പതിപ്പ് കാപ്പി—500.

1127.

156408
R6nM73
32H8.5



SWAMI RAMA
in America.

UNIVERSITY LIBRARY
27 MAR 1953
MADRAS

# വിഷയാനുക്രമണിക


| | വിഷയം | പുറം |
|---|---|---|
| 1. | അഭിപ്രായങ്ങൾ (തുടർച്ച) .... .... | I |
| 2. | രാമതീർത്ഥസൂക്തികൾ (തുടർച്ച) .... .... | III |
| 3. | ഒരനുസ്മരണം (ഡോക്ടർ ഗോകുലചന്ദ് നരാംഗ്) | V |
| 4. | സൃഷ്ടിമന്ത്രം (നാസദീയസൂക്തം) .... .... | XII |
| 5. | രക്തബന്ധുക്കൾ .... .... .... | XIII |
| 6. | സത്യത്തിൻെറ മാർഗ്ഗം .... .... | 1 |
| 7. | മതത്തിൻെറ ലക്ഷ്യം .... .... .... | 24 |
| 8. | യഥാർത്ഥാത്മീയതത്വവും പ്രേതശക്തികളും .... | 38 |
| 9. | ചാരിത്രത്തിൻെറ ആദ്ധ്യാത്മികനിയമം .... | 50 |
| 10. | സ്വർഗ്ഗരാജ്യം .... .... .... | 59 |
| 11. | പരിപാവനമന്ത്രമായ ഓങ്കാരം .... .... | 70 |
| 12. | ഈശ്വരൻ ഉള്ളിൽ .... .... .... | 82 |
| 13. | ക്ലാസുചോദ്യോത്തരങ്ങൾ .... .... | 94 |
| 14. | ആത്മസാക്ഷാൽക്കാരമാർഗ്ഗം .... .... | 107 |
| 15. | ആത്മസാക്ഷാൽക്കാരത്തെപ്പററി സ്വൈരസംഭാഷണങ്ങൾ .... .... .... .... | 119 |
| 16. | സ്വൈരസംഭാഷണങ്ങൾ (തുടർച്ച) .... | 137 |
| 17. | ചോദ്യങ്ങളും ഉത്തരങ്ങളും .... .... | 150 |
| 18. | ഒരു പ്രത്യേകസംഘം ആവശ്യമാണോ? .... | 168 |
| 19. | മനുഷ്യസാഹോദര്യം .... .... .... | 183 |
| 20. | അദ്വൈതമതത്തെപ്പററി ഒരു കുറിപ്പ് .... | 202 |

UNIVERSITY LIB…
27 MAR 1953
MADRAS.

# അഭിപ്രായങ്ങൾ

(നാലാം തരംഗത്തിൽനിന്നു തുടൎച്ച)

## ബാപത് പി. ദേശായി.

......സ്വാമി രാമതീൎത്ഥൻ ഭാരതത്തിന്റെ മഹത്തായ ഒരു സന്ദേശം ആയിരുന്നു. മതത്തിന്റെയും, തത്വജ്ഞാനത്തിന്റെയും ചരിത്രത്തിൽ സ്വാമിജി ഒരു നവീനവും സമ്പൂൎണ്ണവും ആയ യുഗം ആരംഭിച്ചിരിക്കുന്നു. ലോകസാഹോദൎയ്യം ആണു് നമ്മുടെ ലക്ഷ്യസ്ഥാനം എന്നു വിശാലപ്രപഞ്ചത്തെ അദ്ദേഹം പഠിപ്പിച്ചിട്ടുണ്ടു്. യഥാൎത്ഥമതത്തിന്റെ ഏകവും, അന്തിമവും ആയ ലക്ഷ്യം ഇതുതന്നെയാണു്.

......അമ്മേരിക്കായിൽ "രാമസംഘം" എന്നൊരു സമാജം സ്ഥാപിക്കത്തക്കവിധം ബുദ്ധിമാന്മാരായ അമ്മേരിക്കൻ ജനത അദ്ദേഹത്തെ ഗ്രഹിക്കയും അഭിനന്ദിക്കയും ചെയ്യുന്നു. ഇൻഡ്യായിൽ രാമനെ അറിയുകപോലും ചെയ്യുന്ന ഭാഗ്യവാന്മാർ വളരെ ചുരുക്കമാണു്. ഇതു ഗണ്യമാക്കേണ്ടതില്ല; കാലത്തിന്റെയും സാഹചൎയ്യങ്ങളുടെയും പഴയ ഭിത്തിയെ ഭേദിച്ചു് സ്വാമിജിയുടെ മഹനീയവും, സാൎവ്വജനീനവും ആയ സത്യം ക്രമേണ നാട്ടുകാരുടെ മനഃസ്ഥിതിയെ ഭേദപ്പെടുത്തിക്കൊള്ളും. മഹാനായ ഗാന്ധിജിയാൽ ഉണൎത്തപ്പെട്ട ഇൻഡ്യാ അപ്പോൾ മാത്രമേ യഥാൎത്ഥമായ പുരോഗമനപഥത്തിൽ സഞ്ചരിക്കയുള്ളു.........

## സ്വാമി രാജേശ്വരാനന്ദൻ.

......രാമന്റെ ഉപദേശം ചലനാത്മകവും, അപരിമേയത്തോടു യോജിച്ചു് അദ്ദേഹം നയിച്ച ജീവിതത്തിന്റെ ഒരു ഫലപ്രദമായ പ്രഖ്യാപനവുമത്രെ. സ്വജീവിതത്തിൽ പരീക്ഷിച്ചു് അനുഭവപ്പെടുത്തിയതുമാത്രം പ്രസംഗിക്കുന്ന ഒരു പ്രായോഗിക വേദാന്തിയായിരുന്നു അദ്ദേഹം. അദ്ദേഹം വെറും ഒരാചാൎയ്യൻ മാത്രമായിരുന്നില്ല; പിന്നെയോ, ഒരു പ്രവാചകനും മഹൎഷിയും, പുണ്യവാനും കൂടിയായിരുന്നു. ശ്രേഷ്ഠമായ ഉപനിഷത്സത്യങ്ങളെ പ്രത്യേകവും, അപ്രതിരോധ്യവും ആയ ശക്തിയോടുകൂടി വീണ്ടും ജീവിതത്തിൽ പ്രയോഗിച്ച ഒരു മഹാത്മാവിനെ നാം അദ്ദേഹത്തിൽ കാണുന്നു. രാമൻ ദിവ്യസാഹസികനും പ്രപഞ്ചത്തിന്റെ പടികളിൽ

നിന്നും, കഷ്ടപ്പാടുകളിൽനിന്നും മുക്തനും, സാമുദായികദുഷ്ടതകളാൽ സ്പർശിക്കപ്പെടാത്തവനും, മനുഷ്യമാംസത്തിനു് അവകാശപ്പെടാനുള്ള ദോഷങ്ങളാൽ അസ്പൃഷ്ടനും ആയിരുന്നു............നിഷ്ഫലമായ വെറും വാദപ്രതിവാദങ്ങൾക്കും, ശാസ്ത്രങ്ങളിൽനിന്നു മൃതമായ വരികളെ ഉദ്ധരിക്കുന്നതിനും എതിരായി അദ്ദേഹം എഴുന്നേററുനിന്നു. മതപരവും പ്രപഞ്ചാതീതവും ആയ ക്രിയാത്മകത്വം ആകുന്ന ഒരു ചൈതന്യത്തിൽ പ്രായോഗികവും, പ്രവൃത്യുന്മുഖവും ആയ ഒരു ജീവിതം സ്ഥാപിക്കയും, വെറും താത്ത്വികമായ മന്ദതയും ബലഹീനമായ ശാന്താവസ്ഥയും നിരാകരിക്കയും ആണു് അദ്ദേഹം ചെയ്തതു്. സത്യാന്വേഷണമാർഗ്ഗത്തിൽ ചരിക്കുന്ന പ്രവർത്തകന്മാരെ നയിക്കാനുള്ള സിദ്ധാന്തങ്ങൾ അടങ്ങിയ പ്രായോഗികവേദാന്തത്തിൻെറ അംഗങ്ങൾ "തള്ളിക്കയറുന്ന, കുതിച്ചുകയറുന്ന പ്രയത്നശീലവും (അല്ലാതെ, വെറുതെ കുത്തിയിരിക്കുന്ന മന്ദതയല്ലാ) കഷ്ടപ്പെട്ടു പണിയെടുക്കുന്നതിനു പകരം പണിയെടുക്കുന്നതിനെ ആനന്ദാനുഭവം ആക്കുന്ന പ്രകൃതവും, മനഃശാന്തിയും (സംശയാത്മകത്വമാകുന്ന വിഷമല്ലാ) മാമൂലാചാരങ്ങളല്ലാത്ത, യഥായുക്തമായ പരിഷ്കാരവും, ഭംഗിപറച്ചിൽ കൂടാത്ത സ്ഥൂലവും യഥാർത്ഥവും ആയ മനോവികാരങ്ങളും, സാങ്കല്പികമായ കള്ളക്കഥകൾക്കു പകരം വസ്തുതകളുടെ കാവ്യരസവും, മരിച്ചുപോയ ഗ്രന്ഥകാരന്മാരുടെ പ്രമാണത്തിനെതിരേ സംഭവഗതിയുടെ യുക്തിയുക്തതയും, മൃതപ്രായമായ പ്രമാണോദ്ധാരണത്തിനു എതിരെ 'ജീവത്തായ സാക്ഷാൽക്കാരവും" അത്രെ. അദ്ദേഹത്തിനെ നാം പിന്തുടരുന്നപക്ഷം നാം നമ്മെയും, നിഖിലലോകത്തെയും അജ്ഞാനജന്യമായ കഷ്ടതകളിൽനിന്നു മോചിപ്പിച്ചു് ജ്ഞാനത്തിൻെറ പരമ്പരാവകാശവും, സത്യത്തിൻെറ സനാതനത്വവും ആനന്ദത്തിൻെറ പാരമ്യവും അനുഭവിപ്പിക്കാൻ പ്രാപ്തരാകും............

# രാമതീൎത്ഥസൂക്തികൾ.

സ്വൎഗ്ഗം മുക്തിയല്ല; സ്വൎഗ്ഗത്തിൽ പോയതിനുശേഷം തിരിയെ ഇവിടെ വരേണ്ടതുണ്ട്. വൈകുണ്ഠം ആഗ്രഹിക്കുന്നവർ ബ്രഹ്മോപാസകന്മാരാണെന്നു എങ്ങിനെ പറയാം? അവർ അപ്സരസ്ത്രീകളെ മോഹിക്കുന്നവരും കാമാസക്തരുമത്രെ.

* * * *

ഫലേച്ഛകൂടാതെ ചെയ്യപ്പെടുന്ന കൎമ്മം സൎവ്വോത്തമമായ ത്യാഗം, അഥവാ, ഈശ്വരാരാധനയുടെ പൎയ്യായം ആണ്.

* * * *

പഴയസത്യം എല്ലായ്പോഴും പുതിയതാണ്.

* * * *

ഹേ! സത്യമേ! ഞാൻ നിന്നെ പ്രേമിക്കുന്നു; ഹേ! പ്രേമമേ! ഞാൻ നിന്നോടു സത്യസന്ധനായിരിക്കുന്നു.

* * * *

ആനന്ദത്തിൻെറ നിയമം സമത്വമാണ്.

* * * *

ത്യാഗത്തിൻെറ ഭരണം സ്വാതന്ത്ര്യരാജ്യമായ പ്രപഞ്ചത്തെ അനുഗ്രഹിക്കുന്നതാകുന്നു.

* * * *

ചിലർ ഈശ്വരനെ സ്വൎഗ്ഗത്തിലെ പിതാവിനെപ്പോലെ വന്ദിക്കുന്നു; അവൻ എന്നു സംബോധനചെയ്യുന്നു. മററു ചിലർ ഈശ്വരനെ ദിവ്യമാതാവെന്നു വിളിക്കയും, അപ്രകാരം വന്ദിക്കയും ചെയ്യുന്നു. മററു ചിലർ ഈശ്വരനെ പ്രിയതമയായ പ്രണയിനിയെപ്പോലെ ആരാധിക്കുന്നു. (പേൎഷ്യൻകവികൾ.) അതിനാൽ ഈശ്വരന് ഏതെങ്കിലും വ്യക്തിപരമായ സംജ്ഞ ഉപയോഗിക്കുംമുമ്പ് ഈശ്വരൻ മിസ്സാണോ, മിസ്സസ്സാണോ, മിസ്റ്ററാണോ എന്നു തീരുമാനിക്കണം. എന്നാൽ ഈശ്വരൻ മിസ്സുമല്ല, മിസ്സസ്സുമല്ല, മിസ്റ്ററുമല്ല; പിന്നെയോ മിസ്റ്ററി (Mystery ഗൂഢതത്വം) ആണ്,

* * * *

നമുക്കു വാളോ, തീയ്യോ വേണമോ? വേണ്ട. പോലീസ്സോ? വേണ്ട. അതു യൂട്ടോപ്പിയാ ആണോ? അല്ല. സ്വപ്നരാജ്യമല്ല. അതു കമ്യൂണിസമോ, സോഷ്യലിസമോ? ഏതെങ്കിലും ആയി

രിക്കാം; എന്നാൽ അതു ഇൻഡ്യയുടെ സ്വയം ഭവിച്ചതാണ്— വേദാന്തത്തിൻെറ ഏററവും പ്രകൃതിസഹജമായ പ്രയോഗം.

*          *          *          *

സന്യാസത്തിൻെറ പതാക സംഭവക്രമേണ ലോകമാസകലം പാറിക്കളിക്കേണ്ടതാണ്.

*          *          *          *

സ്വപ്നത്തിൽകാണുന്ന വ്യാഘ്രത്തെ ഓടിക്കാൻ സ്വപ്നത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു വാൾ വേണമെന്നുള്ളതു ശരിയാണ്.

*          *          *          *

മാനസികപ്രയത്നമോ, ശരീരപ്രയത്നമോ ആരോഗ്യായുസ്സുകളോടു പൊരുത്തമില്ലാത്തവയല്ലാ. എന്നാൽ ഈ പ്രയത്നങ്ങളിൽ ഒന്നു മററതിൻെറ വ്യയത്തിൽ അധിഷ്ഠിതമായിരിക്കുന്നു.

*          *          *          *

ബലംകൊണ്ടുചെയ്യപ്പെടേണ്ടതു് ബലവത്താകയില്ല.

*          *          *          *

തെററുകൾക്കപോലും സത്യത്തിന്മേൽ ഒരടിസ്ഥാനമുണ്ടു്.

*          *          *          *

സത്യത്തെ അധികമായും, വിജയത്തെ കുറച്ചും സ്നേഹിക്കുക!

*          *          *          *

സ്വതന്ത്രനായതിനാലാണ് ഒരടിമ അടിമയായിരിക്കുന്നതു്.

*          *          *          *

ആരോഗ്യം—ഈ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ ധനികനായ (മാന്യനും അന്തസ്സുകാരനും ആയ) ഒരുത്തനു തീച്ചയായും വിഷമമാണ്.

*          *          *          *

മനുഷ്യൻെറ സ്വത്തു് ഈശ്വരത്വം—ഈശ്വരത്വംമാത്രം—ആകുന്നു.

*          *          *          *

ഒരൊററമനുഷ്യൻെറമാത്രമായാലും, ഇച്ഛാശക്തിക്കുമുമ്പിൽ ചരിത്രം സങ്കോചിക്കുന്നു.

*          *          *          *

സമത്വനിയമത്തെ വളരെക്കാലത്തേക്കു നിങ്ങൾക്കു ഭഞ്ജിക്കാൻ കഴിയില്ല.

സാമ്യവിചാരംചെയ്യുന്നതും, താരതമ്യപ്പെടുത്തുന്നതും സകല തിന്മയുടെയും മൂട്ട് ആണ്.

* * * *

ആത്മാവിനെ ജീവനോടുകൂടി കുഴിച്ചുമൂടാൻവേണ്ടി മണ്ണുകൂട്ടുവാൻ അനസ്യൂതംചെയ്യുന്ന പണിയാണ് പരിഷ്കാരം എന്നതു്.

* * * *

മനുഷ്യന്റെ നാവു് സംസാരംനിർത്തുമ്പോൾ, കല്ലുകൾ സംസാരിക്കാൻതുടങ്ങുന്നു.

* * * *

ലോകം ചതിവിൽ ജീവിക്കുന്നു; ഒന്നുപകുതി ശേഷംപകുതിയെ ചതിക്കുന്നു; ശേഷംപകുതിയിലുള്ളവർ സ്വയം ചതിക്കുന്നു.

# ഒരനുസ്മരണം

(ഡാക്ടർ ഗോകുലചന്ദ് നരാംഗ്)

സ്വാമി രാമതീർത്ഥൻ എൻെറ ഡിസ്ത്രിക്ട്കാരനായിരുന്നു വെന്നും അദ്ദേഹത്തിൻെറ പഠനത്തിനു കുറെകൊല്ലങ്ങൾക്കുശേഷം ഞാൻ മടിക്കുലേഷൻ പരീക്ഷയ്ക്കു പഠിച്ചു പാസ്സായ അതേ സ്കൂളിലാണ് അദ്ദേഹം പഠിച്ചിരുന്നതെന്നും പ്രതിപാദിക്കാൻ എനിക്കു വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിൻെറ 1124 കത്തുകൾ അടങ്ങിയ ഖത്തൂത്ത്-എ-രാമ എന്ന ഉർദുപുസ്തകം ഞാൻ തുറന്നുനോക്കിയപ്പോൾ 1886 മെയ്മാസം 24-ാംനു-യിലത്തെ ആദ്യഎഴുത്തിൽതന്നെ എൻെറ സ്വന്തം ഗ്രാമമായ ബഡോക്കിയെപ്പററി പറഞ്ഞിരിക്കുന്നതായി കണ്ടപ്പോൾ എനിക്കു വളരെ ആനന്ദം ഉണ്ടാകയുംചെയ്തു.

പിന്നീട് പക്ഷേ ആത്മസാക്ഷാല്ക്കാരത്തിൻെറഫലമായി അദ്ദേഹം സ്വയം വിളിക്കാൻ ഇഷ്ടപ്പെട്ട പേരിനാൽ അറിയപ്പെടുന്ന രാമൻ ക്രിസ്താബ്ദം 1873-ൽ ദീപാളിദിനം രാത്രിയിൽ ഗുജറൻവാലായ്ക്കടുത്തുള്ള മുരളീവാലാ എന്ന ഗ്രാമത്തിൽ ജനിച്ചു. തൻെറ ഗ്രാമപാഠശാലയിൽനിന്നു പ്രാഥമികവിദ്യാഭ്യാസം കഴിച്ചതിനു ശേഷം ഗുജറൻവാലായിലെ യൂ. പി. മിഷൻസ്കൂളിൽ അദ്ദേഹം ചേൎന്നു. ഈ സ്കൂളിൽനിന്നു 1888-ൽ മടിക്കുലേഷൻ പാസ്സായതിനുശേഷം അദ്ദേഹം ലാഹോറിൽ ഫോർമൻ ക്രിസ്ത്യൻകോളജിൽ ചേരുകയും, മാത്തമാററിക്സ് എടുത്തു 1895-ൽ എം. ഏ. പാസ്സാകുകയുംചെയ്തു. പണത്തിൻെറ ബുദ്ധിമുട്ടുകൊണ്ട് അദ്ദേഹത്തിനു ഒരു തൊഴിലിനുവേണ്ടി അന്വേഷിക്കേണ്ടിവന്നു. അദ്ദേഹം മാത്തമാററിക്സിൽ അസാധാരണസാമൎത്ഥ്യം ഉള്ളവനായിരുന്നു. പ്രതിമാസം പത്തും, പതിനഞ്ചുംരൂപാ ഫീസ്സുവെച്ചു കുറഞ്ഞ പക്ഷം പത്തു വിദ്യാൎത്ഥികളെങ്കിലും പഠിക്കാനുണ്ടെങ്കിൽ ഗണിതശാസ്ത്രത്തിൽ എഫ്. ഏ, ബി. ഏ. പരീക്ഷകൾക്കു ട്യൂഷൻകൊടുക്കപ്പെടുമെന്നു അദ്ദേഹം പരസ്യങ്ങൾപ്രസിദ്ധീകരിച്ചു. എന്നാൽ ഫലം പ്രോത്സാഹജനകമല്ലായിരുന്നു. 1895 സെപ്തംബറിൽ സിയാൽകോട്ട് എന്ന സ്ഥലത്തു് ഒരു വാദ്ധ്യാർപണി ലഭിച്ചതുവരെ അദ്ദേഹം വല്ല സ്കൂളിലോ കോളജിലോ ജോലികിട്ടുമോ എന്നന്വേഷിച്ചുനടന്നു. സിയാൽകോട്ടിൽ 1896 ഏപ്രിൽവരെ അദ്ദേഹം ജോലിനോക്കുകയും, തദനന്തരം എഫ്. സി. കോളജിൽ മാത്തമാററിക്സ് സീനിയർ പ്രഫസ്സറായി നിയമിക്കപ്പെടുകയും ചെയ്തു. "മൂന്നാംവൎഷക്ലാസ്സിൽ ചേൎന്ന വിദ്യാൎത്ഥികൾ സകലരും മാത്തമാ

ററിക്കു്ക്ലാസിൽ തന്നെ ചേൎന്നു" എന്നു 1896 മെയ് 3-ാംനു-യിലെ കത്തിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു തെളിയിക്കുംപോലെ, ഒരു മാത്തമാററിക്കു്പ്രഫസ്സർ എന്ന നിലയിൽ അദ്ദേഹത്തിന്റെ കീൎത്തി ദൂരത്ത്യന്തം ഉയൎന്നിരുന്നു. ഉദ്ദേശം രണ്ടുവൎഷം അദ്ദേഹം ഈ കോളജിൽ പണിഎടുക്കയും സന്ന്യസിക്കാൻ തീരുമാനിച്ചതുകൊണ്ടു തദനന്തരം അതുപേക്ഷിക്കയുംചെയ്തു.

ഗുജറൻവാലാ സ്കൂളിൽ ഒരു ബാലവിദ്യാൎത്ഥിയായിരുന്നപ്പോൾതന്നെ ഭക്ത ധന്നാരാം എന്നു സുവിദിതനായ ഒരു വേദാന്തിയുടെ സ്വാധീനബലത്തിൽ അദ്ദേഹം ഉൾപ്പെട്ടു എന്നതാണു് വാസ്തവം. അവിടുത്തെ എ. ബി. സ്കൂളിൽ പഠിച്ച കാലത്തു് ഞാൻ ഭക്ത ധന്നാരാം എന്ന മഹാശയനോടു സമ്പൎക്കംചെയ്യാൻ ഭാഗ്യമുള്ളവനായി. അപ്പോൾ ഈ മാന്യൻ മദ്ധ്യവയസ്കനും, സാമാന്യം സ്ഥൂലകായനും വളരെ ശാന്തിയും തൃപ്തിയും ഉള്ളവനായി കാണപ്പെട്ടവനും ആയിരുന്നു. ഗുജറൻവാലാ ജനങ്ങൾ ആ മാന്യനെ റാബ് (അതായതു് ദൈവം) എന്ന ഓമനപ്പേർകൊണ്ടു വിളിച്ചിരുന്നു. എന്തെന്നാൽ അദ്ദേഹം പ്രബലനായ ഒരു വേദാന്തിയും, സകല അദ്വൈതപ്രപഞ്ചാരാധകന്മാരെപ്പോലെ "അഹം ബ്രഹ്മാസ്മി" എന്ന വാക്യത്തിന്റെ അക്ഷരാൎത്ഥത്തിൽ സുസ്ഥിര വിശ്വാസിയും ആയിരുന്നു. അദ്ദേഹം ഏകദൈവത്തിൽ ഉറച്ച വിശ്വാസിയും, മരണപൎയ്യന്തം അതിന്റെ ഭക്തനും ആയി കഴിച്ചു. എന്റെ ഓൎമ്മയും അറിവും എത്തിയിടത്തോളം അദ്ദേഹത്തിനു സ്വന്തകുടുംബമൊന്നും ഇല്ലായിരുന്നു. തനിക്കു ശേഷിപ്പുണ്ടായിരുന്നപൊതുപണമെല്ലാം ധൎമ്മസ്ഥാപനങ്ങൾക്കും സ്വാമി രാമന്റെ ലേഖന പ്രസിദ്ധീകരണത്തിനുംവേണ്ടി കല്പിച്ചു് നിക്ഷേപിക്കപ്പെട്ടിരുന്നു.

തന്റെ ശിഷ്യന്റെ ഭാവിമാഹാത്മ്യത്തെ അദ്ദേഹം നേരത്തേതന്നെ ഭാവനചെയ്തു കണ്ടിരുന്നുവെന്നു പക്ഷേ പ്രത്യക്ഷത്തിൽ കാണാം. അല്ലെങ്കിൽ മിക്കവാറും സാധാരണ രീതിയിൽ ഉള്ളവയും, വെറും പോസ്ററുകാർഡിൽ എഴുതപ്പെട്ടവയും ഉൾപ്പെടെ രാമതീൎത്ഥനിൽനിന്നു തനിക്കു ലഭിച്ച 1124 കത്തുകൾ അദ്ദേഹം ഇത്ര നിശ്ശേഷയായി സൂക്ഷിച്ചുവെക്കാനിടയില്ല. തന്റെ ശൈശവകാലം മുതൽ രാമതീൎത്ഥൻ വേദാന്തമതത്തോടു വലിയ മമത പ്രകടിപ്പിച്ചിരുന്നു. താൻ വളരെ ദരിദ്രനും ജീവിതക്ലേശങ്ങൾകൊണ്ടു സദാ അസ്വസ്ഥനും ആയിരിക്കയും, സിയാൽക്കോട്ടിലും ലാഹോർ കൃസ്ത്യൻകാളേജിലും ജോലിയായിരുന്നപ്പോൾ തന്റെ ശ്രദ്ധ മുഴുവനും അദ്ധ്യാപകവൃത്തിയിൽ ചെലവഴിക്കയും ചെയ്തിരുന്നുവെങ്കിലും

അദ്ദേഹത്തിനു ലൗകികജീവിതത്തോടുള്ള മനഃസ്ഥിതി ഒരു സന്ന്യാസിയുടേതുപോലുള്ളതായിരുന്നു. പ്രാപഞ്ചികകാര്യങ്ങളിൽ വലിയ അശ്രദ്ധയും മതത്തോടു കലശലായ പ്രതിപത്തിയും വളർന്നുവന്നിരുന്നുവെന്നു അദ്ദേഹത്തിന്റെ ലേഖനങ്ങൾ തെളിയിക്കുന്നു. പണം ആവശ്യപ്പെട്ടുകൊണ്ടു് അച്ഛൻ 1897 ഒക്ടോബറിൽ അയച്ച എഴുത്തിനു മറുപടിയായി അദ്ദേഹം എഴുതുന്നു:-"അങ്ങയുടെ ദയവേറിയ എഴുത്തു കിട്ടി. വളരെ സന്തോഷമുണ്ടായി. അങ്ങയുടെ മകൻ തീർത്ഥരാമന്റെ ശരീരം വില്ക്കപ്പെട്ടുപോയിരിക്കുന്നു. അതു ശ്രീരാമനു വിലയ്ക്കു കൊടുത്തുപോയി. മകനിപ്പോൾ അതിന്മേൽ യാതൊരവകാശവും ഇല്ല. ദീപാളിദിനമായ ഇന്നു രാത്രി അവനു് അവന്റെ ശരീരം നഷ്ടമായി; എന്നാൽ ഈശ്വരൻ അവനു സമ്പാദ്യമായി കിട്ടി. അങ്ങു് അനുമോദനാർഹനത്രെ. ഇനിമേൽ അങ്ങേയ്ക്കു വേണ്ടതെല്ലാം എന്റെ യജമാനനോടു സ്വീകരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം തീർച്ചയായും അതൊക്കെ അങ്ങേയ്ക്കു തരുകയോ, എന്നിൽക്കൂടി അയയ്ക്കുകയോ ചെയ്തുകൊള്ളും. പക്ഷേ സമ്പൂർണ്ണവിശ്വാസപൂർവം അങ്ങു് അദ്ദേഹത്തോടു ഒരിക്കൽ ചോദിച്ചാവശ്യപ്പെടണം. പത്തൊമ്പതോ ഇരുപതോ ദിവസങ്ങളായി അദ്ദേഹമാണു് എന്റെ ജോലിയെല്ലാം സോത്സാഹം ചെയ്തുകൊണ്ടിരിക്കുന്നതു്. അങ്ങയുടെ ജോലിയും അദ്ദേഹം എന്തുകൊണ്ടു ചെയ്കയില്ല? അങ്ങു പരിഭ്രമിക്കരുതു്. ഗോസ്വാമിമാരായ നമുക്കു ഈശ്വരൻ മാത്രമാണു് ധനം. ആന്തരികസന്തൃപ്തിയെന്ന യഥാർത്ഥവും വിലയേറിയതുമായ ധനം ദൂരെയെറിഞ്ഞുംവെച്ചു് സാംസാരികവിഷയങ്ങളായ തോടുകളുടെ പുറകേ ഓടുന്നതു ന്യായമല്ല. ആത്മസാക്ഷാല്ക്കാരമാകുന്ന യഥാർത്ഥ സമ്പത്തിന്റെ ആനന്ദങ്ങളെ ആസ്വദിക്കാൻ പരിശ്രമിക്കുക"

രാമന്റെ എഴുത്തു കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ അച്ഛൻ അതു ധന്നാറാമിന്നു അയച്ചുകൊടുത്തു് ഇപ്രകാരം എഴുതിയിരുന്നു:- "അവിടത്തെ ബുദ്ധിപൂർവമായ സംരക്ഷണത്തിൽ ഞങ്ങൾ ഞങ്ങളുടെ കുട്ടിയെ ഏല്പിച്ചിരുന്നു; എന്നാൽ കുടുംബത്തിനു് അയാളെ നഷ്ടപ്പെടുകയാണുണ്ടായതു്..."

സ്കൂൾഅദ്ധ്യാപകനും കോളേജ്പ്രഫസരും ആയിരുന്ന കാലത്തുതന്നെ അദ്ദേഹം സന്ന്യാസിമാരും സാധുക്കളുമായി സമ്പർക്കം ചെയ്കയും തന്റെ പ്രിയപ്പെട്ട പഠനവിഷയമായ വേദാന്തത്തെപ്പറ്റി പ്രസംഗങ്ങൾ ചെയ്കയുംചെയ്തു. 1897 നവംബർമാസത്തിൽ സ്വാമി വിവേകാനന്ദൻ ലാഹോർ സന്ദർശിച്ചപ്പോൾ രാമൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ടു. ഒരു കത്തിൽ സ്വാമി

ആ മഹാത്മാവിനെ പരാമശിക്കയും, അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെയും സാമത്ഥ്യങ്ങളെയും പ്രശംസിക്കയും ചെയ്തിട്ടുണ്ട്. ആത്മസാക്ഷാല്ക്കാരത്തിൻെറയും തൽഫലമായുള്ള ആനന്ദലഹരിയുടെയും ഗഡുവുകൾ ഉത്തരോത്തരം വദ്ധിച്ചുവന്നു. അക്കൊല്ലം ഡിസംബറിൽ അദ്ദേഹം എഴുതുന്നു:-"പുസ്തകവായനയ്ക്കുപോലും തരമില്ലാത്തവിധത്തിൽ ഞാൻ സദാ അത്രമാത്രം ആനന്ദാമൃത ത്തിൽ മഗ്നനായിരിക്കുന്നു". തൻെറ പഴയ നിരക്ഷരകുക്ഷിയായ ഗുരുവിനെ അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. ആത്മീയപാഠങ്ങളുടെ രൂപത്തിൽ ഗുരു ധന്നാറാം തനിക്കു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ചു പലപ്പോഴും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്തുമസ്സ് ദിനത്തിൽ അദ്ദേഹം ഗുരുവിനയച്ച വേറൊരു ലററിൽ പ്രണാമാപ്പണത്തിനുശേഷം പറയുന്നു:-"ആനന്ദസമുദ്രത്തിൽ പ്രതിദിനം ഞാൻ ആറാടുന്നതിനു കാരണം അവിടുന്നാണ്. ഞാൻ അവിടുത്തോടു ഐക്യമടഞ്ഞിരിക്കുന്നു". "മൻതോ സുദാം" എന്നു തുടങ്ങിയ പ്രസിദ്ധ പേഷ്യൻപദ്യം ഇവിടെ ഉദ്ധരിക്കയുംചെയ്തിട്ടുണ്ട്. അതിൻെറ അത്ഥം ഇപ്രകാരമത്രേ:-"ഞാൻ നീതന്നെയായി; നീ ഞാൻതന്നെയായി. ഞാൻ ശരീരവും നീ ആത്മാവുമാണ്. അതിനാൽ ഇനിമേൽ ഞാൻ നിന്നിൽനിന്നു വേറേയാണെന്നു ആരും പറയുകയില്ല". ഇപ്പോഴും അദ്ദേഹം ഫോർമൻ കൃസ്ത്യൻകോളേജിൽ ജോലിചെയ്കയായിരുന്നു; എന്നാൽ തൻെറ ഹൃദയം ഈ പ്രപഞ്ചത്തിൽ ഇരുന്നില്ല. സകലതും സന്ത്യജിക്കാനുള്ള കാലം സമീപിച്ചിരുന്നു. 1898 അന്ത്യത്തിൽ അദ്ദേഹം അപ്രകാരം എല്ലാം ത്യജിക്കയും ചെയ്തു.

കോളേജുവിട്ടതിനുമേൽ വേദാന്തപഠനത്തിനും അഭ്യസനത്തിനും ആയി അദ്ദേഹം പൂണ്ണശ്രദ്ധാസഹിതം സമയമെല്ലാം വിനിയോഗിച്ചു. അമേരിക്കായിൽ വിവേകാനന്ദസ്വാമിക്കുണ്ടായ വിജയങ്ങളുടെ വിവരങ്ങളും, അവിടെ രാമകൃഷ്ണമിഷ്യനുണ്ടായ ജനസ്വാധീനതയെക്കുറിച്ചുള്ള കേഴ്‌വികളും പക്ഷേ സ്വാമിരാമനെ ഉത്തേജിപ്പിച്ചിരിക്കാം. വിവേകാനന്ദൻെറയും സഹപ്രവത്തകന്മാരുടെയും മനോഗതികളോടു തൻെറ ചിന്താഗതി സമ്പൂണ്ണമായിട്ട് അനുകൂലിച്ചിരുന്നതിനാൽ അമേരിക്കയിലും, വിദേശരാജ്യങ്ങളിലും ഹിന്ദുമതതാല്പയ്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അവരുടെ മാതൃക പിന്തുടരുവാൻ അദ്ദേഹം ആകൃഷ്ടനും, ഉദ്ദീപ്തനും ആയി. തദനുസരണം അദ്ദേഹം 1903-ൽ അമേരിക്കയ്ക്കുപോയി. തൻെറ അമേരിക്കയിലേയ്ക്കുള്ള പ്രവേശം നാടകീയമായിരുന്നു. അദ്ദേഹത്തിൻെറ കപ്പൽ 1903 അവസാനം സാൻഫ്രാൻസിസ്കോയിൽ ചെന്നെത്തി. കപ്പൽ കരയ്ക്കടുത്തപ്പോൾ ശാന്തനും, അഗ്നിവണ്ണാ

ങ്കിതമായ കാവിവസ്ത്രംധരിച്ചവനും ഉജ്ജ്വലപ്രകാശനുമായിട്ട് ചുററുമുള്ള ബഹളങ്ങൾക്കും, തിരക്കുകൾക്കും ഇടയ്ക്ക് കപ്പൽത്തട്ടിൽ അദ്ദേഹം നില്ക്കുകയായിരുന്നു. ഗണിതശാസ്ത്രപണ്ഡിതനായ ഒരു സർവ്വകലാശാലാ പ്രൊഫസ്സറെന്ന് ആരും അദ്ദേഹത്തെ തിരിച്ചറിഞ്ഞിരിക്കയില്ല.

"നിങ്ങളുടെ സാമാനങ്ങൾ എല്ലാം എവിടെ?" എന്നു ഒരു അമേരിക്കൻ കൂട്ടുയാത്രക്കാരൻ ചോദിച്ചു.

"തന്നത്താൻ കൊണ്ടുപോകത്തക്കവണ്ണമുള്ള സാമാനങ്ങളേ രാമൻ കൊണ്ടുപോകാറുള്ളൂ" എന്നായിരുന്നു ശാന്തഗംഭീരമായ മറുപടി.

"നിങ്ങളുടെ പക്കൽ പണമെന്തെങ്കിലും ഉണ്ടോ?"

"ഇല്ല."

"നിങ്ങൾ ഇവിടെ കരയ്ക്കിറങ്ങുകയാണോ?"

"അതെ."

"എന്നാൽ നിങ്ങൾക്കു സഹായമായിട്ട് ഏതെങ്കിലും ഒരു സ്നേഹിതൻ ഉണ്ടായിരിക്കണം."

"ഉണ്ട്; ഒരാൾ ഉണ്ട്."

"ആരാണതു്?"

"നിങ്ങൾതന്നെ" ആ അമേരിക്കൻയാത്രക്കാരൻെറ തോളിൽ സ്പർശിച്ചുകൊണ്ട് രാമൻ പ്രതിവചിച്ചു.

ബഹുഫലങ്ങളെ ഉല്പാദിപ്പിച്ച ഒരു വിദ്യുൽസ്പർശമായിരുന്നു അതു്! സ്വാമി അമേരിക്കയിൽ താമസിച്ചിടത്തോളംകാലം ഈ മനുഷ്യൻ അദ്ദേഹത്തെ സംരക്ഷിക്കുകയും പിന്നീട് ഇപ്രകാരം അദ്ദേഹത്തെക്കുറിച്ച് എഴുതുകയും ചെയ്തു:—

"ഹിമാലയങ്ങളിൽനിന്നു പുറപ്പെട്ട ഒരു ജ്ഞാനദീപമാണ് അദ്ദേഹം. അഗ്നിക്കദ്ദേഹത്തിനെ ദഹിക്കാൻ കഴിവില്ല. ഇരുമ്പ് അദ്ദേഹത്തെ ഛേദിക്കയില്ല. പരമാനന്ദത്തിൻെറ ബാഷ്പങ്ങൾ അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു പ്രവഹിക്കുന്നു. അദ്ദേഹത്തിൻെറ വെറും സാന്നിദ്ധ്യം നവജീവൻ പ്രദാനം ചെയ്യുന്നു."

സ്വാമിരാമൻ ഇത്തരക്കാരനായിരുന്നു. അദ്ദേഹത്തിൻെറ സന്ദേശം ബഹുലളിതമായിരുന്നു; പക്ഷേ വളരെ ഗഹനമത്രെ. എന്തെന്നാൽ ക്രിസ്ത്യൻ ആദർശങ്ങൾ ആയ പ്രേമവും സേവനവും കൊണ്ടും ഹിന്ദുപ്രത്യേകതയായ "അഹംബ്രഹ്മാസ്മി" തത്വത്തിൻെറ വികാരങ്ങളും, മനോബോധ്യവും സുസ്ഥിരവിശ്വാസവും

കൊണ്ടും ഒരുപോലെ പരിപുഷ്ടനായിരുന്നു അദ്ദേഹം. ലാഹോറിലെ ഫോർമൻ ക്രിസ്റ്റ്യൻ കോളേജിൽവെച്ച് അദ്ദേഹം തൻെറ ശരീരത്തെ പാശ്ചാത്യവിജ്ഞാനാഗ്നിയിൽ ആഹൂതിചെയ്തു; പിന്നീട് വേദാന്തത്തിൻെറ സുസ്ഥിരശാസനങ്ങളും, യോഗാഭ്യാസത്തിൻെറ ശരീരപോഷണമാർഗ്ഗങ്ങളും ആകുന്ന ഭക്ഷണംകൊണ്ടു തൻെറ ദേഹം ബലിഷ്ഠവും, ദൃഢവും ആക്കി വളത്തി. സ്വദേശസ്നേഹം, പ്രായോഗികബുദ്ധി, ജാതിഭിന്നതാപരിത്യാഗം, ആധുനികവിദ്യാഭ്യാസത്തിൻെറ അംഗീകരണം—ഇവയായിരുന്നു ഇൻഡ്യായ്ക്കു് അദ്ദേഹം കൊടുത്ത സന്ദേശം.

"ഏററവും പുരാതനമാണെന്ന കാരണംകൊണ്ടു് ഒരു മതത്തെയും സ്വീകരിച്ചുകൂടാ......യുക്തിയുടെ പരീക്ഷയ്ക്കു വിജയപൂർവം വിധേയമാകുന്നപക്ഷം ഏററവും പുതിയ ഒരു മാററംപോലും, തിളങ്ങുന്ന മഞ്ഞുതുള്ളികൊണ്ടു് അലങ്കരിക്കപ്പെട്ട പുതിയ റോസാപുഷ്പംപോലെ, നല്ലതാണു്.

"ഏതുമതവും അതിൻെറ സ്വന്തം യോഗ്യതകൾനോക്കി സ്വീകരിക്കുക; അതിനെ നിങ്ങൾ സ്വയം പരിക്ഷിക്കുക; വിവേകപൂർവം പരിശോധിക്കുക."

"ത്യാഗം നിങ്ങൾ കാട്ടുകളിൽപോയി താമസിക്കണമെന്നു ശാസിക്കുന്നില്ലാ......വസ്ത്രധാരണമെല്ലാം ഉപേക്ഷിക്കണമെന്നും ആവശ്യപ്പെടുന്നില്ലാ......ഈശ്വരസാക്ഷാൽക്കാരത്തിനു സന്ന്യാസചൈതന്യത്തെ അംഗീകരിക്കുക. അതായതു്, ഭാരതമാതാവാകുന്ന വലിയ അസ്തിത്വത്തിലേയ്ക്കു—ആത്മാവിലേയ്ക്കു—സമ്പൂർണ്ണം ഐക്യമടയത്തക്കവിധം നിങ്ങളുടെ ചെറു വ്യക്തിവിശേഷത്തെ—ആത്മാവിനെ അർപ്പിച്ചുകൊണ്ടു സകല സ്വാർത്ഥതാല്പര്യങ്ങളും ത്യജിക്കുക."

"ശാന്തിയും, ഈശ്വരൻതന്നെയാണെന്നു സ്വാത്മാവിനെ പൂർണ്ണമായി വിശ്വസിക്കണമെന്നും ആണു് അമേരിക്കയ്ക്കു് അദ്ദേഹംകൊടുത്ത ഉപദേശം. ക്രിസ്റ്റ്യൻമിഷനറിമാരെ ഇൻഡ്യായിലേക്കയച്ചിട്ടു യാതൊരു പ്രയോജനവും ഇല്ലെന്നു അദ്ദേഹം സമത്ഥിച്ചു. ആധുനികവിദ്യാസമ്പാദനത്തിനായി ഹിന്ദുക്കൾ അമേരിക്കയിൽവന്നു തിരിച്ചുപോകാൻ സൗകര്യപ്പെടുത്തുകയാണു വേണ്ടതു്."

"മനഃശാന്തിയെ ശീലിക്കുക; നിങ്ങളുടെ മനസ്സു പരിശുദ്ധചിന്തകളാൽ നിറയ്ക്കുക. അപ്പോൾ ആരും നിങ്ങൾക്കെതിരായി നില്ക്കയില്ല. ഇതാണു് വ്യവസ്ഥ.

"നിങ്ങളുടെ സ്വന്ത ദിവ്യാത്മപദത്തെ — ഈശ്വരപദവിയെ —പ്പററി നിങ്ങൾക്കു ശങ്കയുണ്ടോ? അത്തരം ഒരു ശങ്ക നിങ്ങളുടെ ഉള്ളിൽ പുലത്തുന്നതിനെക്കാൾ അപ്പിടെ ഒരു വെടിയുണ്ട പ്രതിഷ്ഠിക്കുകയാണു നല്ലതു്. സദൈവ താൻ അഖിലവ്യാപിയായ പരമാത്മാവുതന്നെയാണെന്നു ഭാവനചെയ്യുന്നമനുഷ്യനെ സമസ്തജഗത്തും അവൻെറ ശരീരമെന്നതുപോലെ പരിചരിക്കുന്നു."

അമേരിക്കായിൽ അദ്ദേഹം വളരെ അനുയായികളെവിട്ടിട്ടാണു പോന്നതു്. അദ്ദേഹം ജനിച്ച മുറി തൻെറ കുടുംബക്കാർ കേടുകൂടാതെ പ്രത്യേകം സൂക്ഷിച്ചു സംരക്ഷിക്കുന്നുണ്ടു്. യേശുക്രിസ്തു ജനിച്ച തൊഴുത്തു് ഭക്താഗ്രണികളായ കൃസ്ത്യാനികൾ പോയി സന്ദശിക്കാറുള്ളതുപോലെ, അമ്മേരിക്കൻഭക്തഗണങ്ങൾ അവരുടെ ഗുരുവായ രാമതീത്ഥൻ ജനിച്ച മുറി സന്ദശിക്കുന്നതിനായി ദൂരമെല്ലാം സഞ്ചരിച്ചു തീത്ഥയാത്രചെയ്തു മുരളീവാലായിൽ വരാറുണ്ടു്. രാമൻെറ സ്മരണയ്ക്കുവേണ്ടി മുരളീവാലായിൽ ഒരുത്സവവും വ്യാപാരമണ്ഡലവും പ്രതിവർഷം നടത്താറുണ്ടു്. അപ്പോൾ രാജ്യത്തിനകത്തുള്ള അനേകം അഭിനന്ദകർ അവിടെ ഹാജരാകുന്ന പതിവും കാണപ്പെടുന്നു.

# രക്തബന്ധുക്കൾ

നമുക്കനേരിട്ടു മരുവുംശോണിത-
സമീപസംബന്ധി പരിവാരങ്ങളേ!
ധമനികൾക്കുള്ളിൽ, സിരാപടലത്തിൽ
സ്പന്ദമായ്നിന്നു മുറയ്ക്കൂടിക്കുവിൻ!
സമീരണൻ, ജലം, പ്രകാശം—ഈവക-
യമരുന്നു സ്വയം ചെടികളിലെല്ലാം;
ഇതരബന്ധുക്കൾ മുഴുവൻശൃംഖലാ-
തതിതന്നെവേറെയൊരുവകയല്ലാ;
എനിക്കസ്ഥിരക്തം ഗിരിനദികളു-
മിന്നനുംവഷ്പവുമിതുകൾമാത്രമാം;
ചുവന്നപത്മങ്ങൾ ചിരിച്ചുമൊട്ടൊട്ടു
നിവന്നുപുഞ്ചിരിതളിച്ചുനില്ക്കുന്നു;
അവയുടെമോദം മമ ഹൃൽപത്മത്തിൽ
അവിരളംനിറഞ്ഞലംകളിക്കുന്നു;
പുരികളിൽ വീഥിനിരകൾ,പോലെന്നിൽ
ചരിക്കുന്നണുലികൾ, ധരകൾ, കാററുകൾ;
അമരഗീതത്തിൽ, ത്രിദശഗാനത്തിൽ,
മമാനന്താനന്ദം പ്രകാശിച്ചീടുന്നു;
തിളങ്ങുംതാരങ്ങൾ, നയനവാരിയായ്
ഒഴുകുന്നു വർഷപ്രവാഹത്തിൽക്കൂടെ;
അതിലുണ്ടു ഗംഗാതടിനിതന്നുടെ
മതിമോദം പെറും മധുരഗീതങ്ങൾ.

# സൃഷ്ടിമന്ത്രം (നാസദീയസൂക്തം)

## ഋഗ്വേദം X.

സത്തയുമസത്തയുമില്ലാത്തോരക്കാലത്തു്,
ധാത്രിതാഴെയുംമേലേ വ്യോമവുമില്ലാഞ്ഞപ്പോൾ,
മൂടൽ എന്തിനേയൊന്നപൊതിഞ്ഞുനിന്നു? അതി-
ന്നടിയിലിരുന്നതാർ? തിമിരമഗ്നമെന്തു്? (1)

മൃതിയും, ജനനവുമില്ലാതെയിരുന്നപ്പോൾ,
എതിരായ്ദിനരാത്രം വേർതിരിയാഞ്ഞകാലം,
തനിയേവിനാ വാതം ശ്വസിച്ചു സ്വപ്രാഭവാ-
ലനങ്ങാതെന്തുനിന്നു. മറ്റൊന്നുമെന്യേപാർശ്വേ? (2)

വേർതിരിയാത്ത ജലരാശിയൊന്നായിനില്ക്കും-
മാതിരി തമസ്സിനാൽ തമസ്സുമൂടിനില്ക്കെ,
തിമിരാവൃതമായോരൊന്നു തൻതപസ്സിനാൽ
സ്വമഹത്വത്തെ വെളിപ്പെടുത്തിക്കൊണ്ടുനിന്നു. (3)

മനസ്സിന്നാദ്യമൂലം—കാമമുണ്ടായി മുന്നേ,

(മഹർഷിമാർ ഇതെല്ലാം അവരുടെ ഹൃദയത്തിൽ കണ്ടു;
അസ്തിത്വത്തെയും; അനസ്തിത്വത്തെയും വേർതിരിച്ചു.)

നാനാഭാഗവുമതിൻ രശ്മികൾപരന്നിതു;
മേലെയും കീഴും, ചുററുമായവപരക്കവേ
ബലമായ് സൃഷ്ടിക്ഷമമായിതാ മഹത്വവും. (4)

കാരണമായതാങ്ങായ്താഴെയും, കാര്യമാകും
പുരുസൃഷ്ടിയായ്ഫലപ്പെട്ടു മേലെയു,മായി
പരമാത്മാവായ സത്ത സ്ഫുരിച്ചുപുറപ്പെട്ടു
ത്വരിതംകാണാറായി രണ്ടായിത്തിരിഞ്ഞപോൽ. (5)

ആരാണന്നറിഞ്ഞതു്? ജൃംഭണമിതെങ്ങിനെ
തരസാ പുറപ്പെട്ടെന്നാരന്നുപ്രഖ്യാപിച്ചു?
ദേവന്മാർപോലും അതിൻപിമ്പുതാനുണ്ടായ്നോക്കൂ!
കേവലമതുമൂലമുത്ഭവമവർചൊല്ലാ. (6)

എവിടേന്നിതുണ്ടായി? താങ്ങിതിനുണ്ടോ? എന്തോ?
കേവലനത്യുന്നതബ്രഹ്മലോകത്തിൻനാഥൻ-
മാത്രമേഇതൊക്കെയുമറിയുന്നുള്ളൂ, പക്ഷേ
സത്യമായവൻപോലുമറിയില്ലെന്നുംവരാം! (7)

ഓം.

UNIVERSITY LIBRARY
27 MAR 1953
MADRAS.

ശ്രീ

# രാമതീർത്ഥ പ്രതിധ്വനികൾ:

തരംഗം അഞ്ച്.

## പ്രപഞ്ചസമഷ്ടിബോധവും അതെങ്ങിനെ സാക്ഷാൽക്കരിക്കാമെന്നും.

### 1. സത്യത്തിന്റെ മാർഗ്ഗം.

(1903 മാർച്ച് 1-ലെ പ്രസംഗം)

പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നതുപോലെ ഇന്നരാത്രിയിലത്തെ പ്രസംഗവിഷയം "സത്യത്തിന്റെ മാർഗ്ഗം" എന്നാണ്. പാശ്ചാത്യരുടെ ചെവിക്ക് കുറെ അർത്ഥമാകുന്ന ഒരു തലക്കെട്ടാണ് ഇത്. എന്നാൽ വേദാന്തവീക്ഷണകോണത്തിൽനിന്നു നോക്കിയാൽ ഈ പേരു് തെററാണ്; "സത്യത്തിലേയ്ക്കുള്ള വഴി" അഥവാ 'സത്യത്തിന്റെ മാർഗ്ഗം' എന്നു പറയുന്നതു് പൂർവ്വാപരവിരുദ്ധമായ പദങ്ങളാണ്. സത്യം ദൂരസ്ഥമല്ല. അപ്പോൾ അതിങ്കലേയ്ക്ക് എങ്ങിനെ ഒരു വഴിയുണ്ടാകാം? സത്യം മുമ്പേതന്നെ നിങ്ങളുടെ കൂടെ—നിങ്ങൾതന്നെയാണ്; നിങ്ങൾ മുമ്പേതന്നെ, അതിൽ ആണ്; മാത്രമല്ലാ, നിങ്ങൾ സത്യമാണ്; നിങ്ങൾതന്നെ അതാണ്. അതിനാൽ "സത്യത്തിലേയ്ക്കുള്ള വഴി" എന്ന വാക്കുകൾ ഉപയോഗിക്കുന്നതു് തെററാണ്. ഈശ്വരബോധം—ഈശ്വരസാക്ഷാൽക്കാരം, മേൽസമ്പാദിക്കാനുള്ള ഒരു കാര്യമല്ല; അതു് പ്രാപിക്കപ്പെടേണ്ടതായ ഒന്നല്ലാ; അതു് ഇനി ചെയ്യേണ്ട ഒരു സംഗതിയല്ല; അതു് മുമ്പേതന്നെ ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ മുമ്പേതന്നെ അതാണ്. നിങ്ങളെ ബന്ധിച്ചു വെച്ചിരിക്കുന്ന കാമങ്ങളായ വലയങ്ങളിൽക്കൂടി നിങ്ങൾ പൊട്ടി

പ്പുറത്തുവരണം; നിങ്ങൾ ചെയ്തതിൻെറ പ്രതികടംചെയ്തു പുറത്തുവരണം. അത്രമാത്രം. അനുലോമാർത്ഥത്തിൽ നിങ്ങൾക്കൊന്നും ചെയ്യാനില്ലാ ഈശ്വരപ്രാപ്തിക്കു്. നിങ്ങൾക്കു് ഒരു ജയിൽമുറി നിർമ്മിച്ചുതന്ന പ്രവൃത്തികൾക്കു് നിങ്ങൾ മറുകൃതി—പരിഹാരം ചെയ്യണം, അത്രമാത്രം. അപ്പോൾ നിങ്ങൾ മുമ്പേതന്നെ ഈശ്വരനാണു്; സത്യത്തിൻെറ മൂർത്തീഭാവം മാത്രമാണു്. എന്നാൽ മുൻചെയ്യപ്പെട്ടതിൻെറ പരിഹാരംചെയ്യുക ചിലക്കു് വളരെ കഠിനപ്രയത്നമാണു്; ഇങ്ങിനെ "സത്യത്തിലേയ്ക്കുള്ള വഴി"യെ സംബന്ധിച്ചു്—മറുകൃതി ചെയ്യാനുള്ള പദ്ധതിയെക്കുറിച്ചു്—നമുക്കു് അല്പം ചർച്ചചെയ്യാം. നിങ്ങളെ ബന്ധിക്കുന്ന വലകളെ ഇല്ലായ്മ ചെയ്യാൻ കുറെ ശ്രമമുണ്ടു്. ഈ വലകൾ—ശൃംഖലകൾ—ബന്ധങ്ങൾ—നിങ്ങളെ ബന്ധിക്കുന്ന ഇവ എന്താണു്? നിങ്ങളുടെ ചെവികൾ ഇന്നു് അതു് ഗ്രഹിച്ചാലും ഇല്ലെങ്കിലും അമ്മേരിക്കരും യൂറോപ്യരും ഇന്നു ഈ പ്രസ്താവനയുടെ വിലയും സൗന്ദര്യവും ഗൌനിച്ചാലും ഇല്ലെങ്കിലും, സത്യം എന്നും ഒരുപോലെ നില്ക്കുന്നു. വാസ്തവം പറഞ്ഞാൽ, നിങ്ങളുടെ ആസക്തികളും, സ്നേഹങ്ങളും, വിരോധങ്ങളും, നിങ്ങളുടെ സ്വകാമങ്ങളും ആണു് ഈ ശൃംഖലകളും ബന്ധനങ്ങളും. ഇവ നിങ്ങളെ ബന്ധിക്കുന്നു. ഈശ്വരനെ ദർശിക്കാൻ ഇവ നിങ്ങളെ അനുവദിക്കുന്നില്ല ഇവയാണു് നിങ്ങളുടെ ജയിൽഭവനം. നിങ്ങളുടെ ആശകൾ നിങ്ങളെ ബന്ധിക്കുന്നു. നിങ്ങൾക്കു രണ്ടു് യജമാനന്മാരെ സേവിക്കാൻ തരമില്ല. നിങ്ങൾക്കു് ക്രിസ്ത്യൻബൈബിൾ അനുസരിച്ചു് മാമൻ എന്ന പിശാചു് ധനസമ്പത്തിനെ പ്രതിനിധീകരിക്കുന്നു. മാമനെയും (ധനദുർദ്ദേവത) ഈശ്വരനെയും ഒരേസമയം പരിചരിക്കാവതല്ല. നിങ്ങൾക്കു് മാംസത്തിൻെറ അടിമയും, അതേസമയം ജഗത്തിൻെറ നാഥനും ആയിരിക്കാൻ കഴിവില്ല. സത്യം സാക്ഷാൽക്കരിക്കുന്നതു് ജഗത്തിൻെറ നായകനാകുകയാണു്. കാമങ്ങളെ താലോലിക്കുന്നതു് മാംസവസ്തുക്കളായ ലൌകികവസ്തുക്കളുടെ അടിമത്തം, ബന്ധനം, പരിചാരകത്വം അംഗീകരിക്കുകയും ആണു്. ഓരോരുത്തർക്കും ക്രിസ്തുവാകാൻ ആഗ്രഹമുണ്ടു്. എല്ലാവർക്കും സത്യം സാക്ഷാൽക്കരിക്കാനും, പ്രവാചകനും, ദീർഘദർശിയും ആകാനും മോഹമുണ്ടു്. എന്നാൽ വളരെ കുറച്ചുപേരെ, ആരെങ്കിലുമുണ്ടെങ്കിൽ, മതിയായ വില കൊടുപ്പാൻ തയ്യാറുള്ളതാനും.

കിഴക്കെ ഇൻഡ്യായിൽ വലിയ കായികവിദഗ്ദ്ധനും, ഗുസ്തിക്കാരനും ആയ ഒരുത്തൻ ഉണ്ടായിരുന്നു. തൻെറ കയ്യിന്മേൽ ഒരു സിംഹത്തിൻെറ രൂപം വരച്ചുണ്ടാക്കാൻ—കുത്തിവെയ്ക്കാൻ

അയാൾ ഒരു ക്ഷൗരകനോടാവശ്യപ്പെട്ടു. രണ്ടു കൈകളിലും മഹത്തും മനോഹരവുമായ സിംഹരൂപങ്ങൾ ഉണ്ടാക്കാൻ അയാൾ ക്ഷൗരകനോടുപറഞ്ഞു. താൻ സിംഹ(ചിങ്ങം)രാശിയിൽ ജനിച്ചവനാകയാൽ സിംഹകലയുടെ ശരീരാധികാരം തനിക്കുണ്ടെന്നും, താൻ തന്മൂലം സിംഹത്തെപ്പോലെ ധീരനാണെന്നൂഹിക്കപ്പെട്ടുന്നുവെന്നും അയാൾ പ്രസ്താവിച്ചു. ക്ഷൗരകൻ സൂചിയെടുത്തു് കുത്താൻ ആരംഭിച്ചു; കുറച്ചു കുത്തിത്തുടങ്ങിയപ്പോൾ ഗൃസ്തിക്കാരനു് അസഹ്യമായിത്തുടങ്ങി. അയാൾ ദീർഘനിശ്വാസംചെയ്തു് ക്ഷൗരകനോടു പറഞ്ഞു:—"നില്ലു്! നില്ലു്! നീയെന്താണു് ചെയ്യാൻപോകുന്നതു്?" താൻ സിംഹത്തിൻെറ വാൽ വരയ്ക്കാൻതുടങ്ങുകയാണെന്നു് ക്ഷൗരകൻ പ്രതിവദിച്ചു. വാസ്തവത്തിൽ ഈ വിദ്വാനു് കുത്തലിൻെറ വേദന താങ്ങാൻവയ്യായിരുന്നു. എന്നാൽ വളരെ വിശേഷമായ ഒരു നാട്യത്തിൽ അയാൾ പറഞ്ഞു:—"പരിഷ്കാരികൾ അവരുടെ പട്ടികളുടെയും കുതിരകളുടെയും വാലു മുറിച്ചുകളയുന്ന കാര്യം നിനക്കറിഞ്ഞുകൂടെയോ? അതുപോലെ വാലില്ലാത്ത സിംഹമാണു് വളരെ ബലമുള്ള സിംഹം. നീയെന്തിനു് സിംഹത്തിൻെറ വാൽ ഉണ്ടാക്കുന്നു? വാൽ ആവശ്യമില്ല." ക്ഷൗരകൻ പറഞ്ഞു:—"ശരി ഞാൻ വാലുണ്ടാക്കുന്നില്ല; മററു ഭാഗങ്ങൾ ഉണ്ടാക്കാം." ക്ഷൗരകൻ വീണ്ടും സൂചിയെടുത്തു് തൊക്കിൽ കുത്തിത്തുടങ്ങി. ഗൃസ്തിക്കാരനു് അതും സഹിക്കാൻ വയ്യാതായി അയാൾ പിന്നെയും തടസ്സംചെയ്തുകൊണ്ടു് പറഞ്ഞു:—"ഇനി നീയെന്താണു് ചെയ്യുന്നതു്?" "ഞാൻ സിംഹത്തിൻെറ ചെവികൾ വരയ്ക്കുന്നു" എന്നു ക്ഷൗരകൻ പറഞ്ഞു. "എടോ! ക്ഷൗരകാ! നീ വലിയ മറയനാണേ്. ജനങ്ങൾ പട്ടികളുടെ ചെവി മുറിച്ചുകളയുകയാണു് പതിവു് എന്നുള്ള വിവരം നിനക്കറിഞ്ഞുകൂടെയോ? നീണ്ട ചെവിയുള്ള പട്ടികളെ അവർ വളർത്താറില്ല ചെവിയില്ലാത്ത സിംഹമാണു് ഒന്നാന്തരം എന്നു് നിനക്കറിയരുതോ?" ക്ഷൗരകൻ അതും മതിയാക്കി കുറേക്കഴിഞ്ഞു് അവൻ വീണ്ടും സൂചിയെടുത്തു് പിന്നെയും കുത്തിത്തുടങ്ങി. അയാൾക്കു സഹിക്കാൻ മേലാതെ കായികാഭ്യാസി വീണ്ടും തടസ്സംപറഞ്ഞു:—"ക്ഷൗരകാ! നീ എന്താണു് ഇപ്പോൾ ചെയ്യുന്നതു?" "ഞാനിപ്പോൾ സിംഹത്തിൻെറ വയറുണ്ടാക്കാൻ ഭാവിക്കുന്നു." അപ്പോൾ അഭ്യാസി പറഞ്ഞു:—"നീ നമ്മുടെ കവിതകൾ—ഇൻഡ്യൻ കവികൾ എഴുതിയിട്ടുള്ള വർണ്ണനകൾ വായിച്ചിട്ടില്ലേ? സിംഹങ്ങൾക്കു് വളരെ ലഘുവായ, ഒട്ടിയ, പേരിനുമാത്രമുള്ള വയറാണെന്നാണു് അവർ നിശ്ചയിച്ചിട്ടുള്ളതു്. നീ അതുകൊണ്ടു് സിംഹത്തിൻെറ വയറു് വരയ്ക്കേണ്ട." ക്ഷൗരകൻ ഉടനെ അവൻെറ

ഛായങ്ങളും സൂചികളും ക്കെ ദൂരെയെറിഞ്ഞു് ദ്വേഷ്യപ്പെട്ടു് തന്റെ മുമ്പിൽനിന്നുപോകാൻ ഗുസ്തിക്കാരനോടു പറഞ്ഞു.

സിംഹരാശിയുടെ ലഗ്നത്തിൽ—അധികാരത്തിൽ ജനിച്ചവനാണെന്നു് പ്രതിജ്ഞചെയ്യുന്ന ഒരു മനുഷ്യൻ അതാ!; അതാ! വലിയ ഗുസ്തിക്കാരനും കായികാഭ്യാസിയും ആണെന്നു് നടിക്കുന്ന ഒരു മനുഷ്യൻ! താൻ ഒരു സിംഹമാണെന്നു് ജല്പിക്കുന്ന ഒരു മനുഷ്യൻ! ശരീരത്തിൽ സിംഹങ്ങളുണ്ടാക്കാൻ അയാൾക്കു് വലിയ കൊതിയാണു്! എന്നാൽ ആ ധീരനു് ഒരു സൂചിയുടെ കുത്തു് താങ്ങാൻപാടില്ല! ദൈവത്തെ കാണണമെന്നും, വേദാന്തം അനുഭവിക്കണമെന്നും, ഈ ക്ഷണംകൊണ്ടു് സമസ്തസത്യവും അറിയണമെന്നും, ഈ സെക്കൻറിൽ സ്വവും സാധിക്കണമെന്നും, അരനിമിഷത്തിൽ ക്രിസ്തുവാകണമെന്നും ആവശ്യപ്പെടുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ഇങ്ങിനെയുള്ളവരാണു്. സമയം വരുമ്പോൾ, സത്യമാകുന്ന സിംഹത്തിനെ അവരുടെ ആത്മാവിൽ വരയ്ക്കാൻ തുടങ്ങുമ്പോൾ, അവരുടെ അസ്തിത്വത്തിൽ ചാരിത്രമാകുന്ന സിംഹത്തെ വരയ്ക്കാൻ തുടങ്ങുമ്പോൾ, അവൾക്കു് കുത്തുകൾ—കുത്തുന്നതുപോലെയുള്ള തോന്നൽ—സഹിക്കാൻ നിവൃത്തിയില്ല; അവർ സന്ദേഹപ്പെടുന്നു. "വില ഞാൻ കൊടുക്കയില്ല; എന്നാൽ സാധനം എനിക്കു കിട്ടുകയും വേണം."

സത്യത്തെ പ്രാപിക്കാനും, ഈശ്വരനെ ലഭിക്കാനും, നിങ്ങളുടെ പ്രിയതമകാമങ്ങളും ആഗ്രഹങ്ങളും കുത്തിക്കുത്തിത്തകക്കണം; നിങ്ങളുടെ പ്രിയതരങ്ങളായ ആവശ്യങ്ങളും, മമത്വങ്ങളും ഛേദിച്ചുകളയണം; നിങ്ങളുടെ പ്രത്യേക വിശ്വാസമൌഢ്യങ്ങളും, അറപ്പുകളും, വെറുപ്പുകളും മായിച്ചുകളയണം. നിങ്ങളുടെ മുൻസമ്പാദ്യങ്ങളായ അഭിപ്രായങ്ങൾ ദൂരെയെറിയണം. സ്വതന്ത്രരാകണം. നിങ്ങൾ നികൃഷ്ടീകരിക്കുന്ന, അധഃപതിപ്പിക്കുന്ന, സകല മോഹങ്ങളിലുംനിന്നു് മോചിച്ചു് പരിശുദ്ധനാകണം പരിശുദ്ധി! പരിശുദ്ധി! വിലകൊടുക്കാതെ നിങ്ങൾക്കു് ഈശ്വരനെ പ്രാപിക്കാവതല്ല. നിങ്ങൾക്കു് നിങ്ങളുടെ ജന്മാവകാശം ലഭിക്കയില്ല. യേശുക്രിസ്തുവിന്റെ ഒരു പ്രസ്താവന; ബൈബിൾ:—"ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതരാണു്; എന്തെന്നാൽ അവർ ദൈവത്തെകാണും" ഹൃദയശുദ്ധിയെന്നാൽ എന്താണു്? ഹൃദയശുദ്ധിയെന്നാൽ മൈഥുനാസക്തിപാപങ്ങളെ പരിവജ്ജിക്കുക മാത്രമല്ലാ; അതിന്നു് ആ അത്ഥവും കൂടുതലായി വളരെ വലിയ വേറെ അത്ഥങ്ങളും ഉണ്ടു്. നിങ്ങൾക്കിന്നു് ഈ വാക്കുകൾ രസിച്ചാലും, ഇല്ലെങ്കിലും, ഒരുദിവസം നിങ്ങൾക്കവ രസിക്കേണ്ടിവരും; ഇന്നോ

നാളെയോ നിങ്ങളും ഇതേ തീരുമാനത്തിൽ എത്തിച്ചേരും. ആ തീരുമാനം എന്താണ്? സകല മമതാബന്ധങ്ങളും—വീട്ടിനോടോ, വാച്ചിനോടോ, പട്ടിയോടോ, ഏതിനോടെങ്കിലും, അച്ഛനോടോ, അമ്മയോടോ, കുഞ്ഞിനോടോ, ആരോടെങ്കിലും ആകട്ടെ—സത്യം പ്രാപിക്കാൻ മോഹിക്കുന്ന ഈ ക്ഷണത്തിൽ സമസ്തസത്യവും കൈവശപ്പെടുത്താൻ ആവശ്യപ്പെടുന്ന, അത്യുന്നതമോഹങ്ങൾ ഉള്ള ഒരു മനുഷ്യന്, വ്യഭിചാരംപോലെ അധഃപതനഹേതുവും, നികൃഷ്ടീകരിക്കുന്നതുമാണ്. ലോകവിഷയങ്ങളുമായിട്ടുള്ള മുറുകിപ്പിടുത്തത്തിൽനിന്ന് നിങ്ങളെ മോചിപ്പിക്കുന്നതാണ് ഹൃദയപരിശുദ്ധി—ത്യാഗം. അതിനെക്കാൾ കുറഞ്ഞതു് യാതൊന്നും അല്ല. ഹൃദയശുദ്ധിയെന്നാൽ അതാണ്. "അനുഗൃഹീതരാണ് ഹൃദയശുദ്ധിയുള്ളവർ; എന്തെന്നാൽ അവർ ദൈവത്തെക്കാണും." വീണ്ടും ബൈബിളിലെ ക്രിസ്തുശാസനം. ഈ പരിശുദ്ധി സമ്പാദിക്കുക; നിങ്ങൾ അപ്പോൾ ഈശ്വരനെ കാണുന്നതാണ്.

അററ്ലാൻററായുടെ പഴയ പുരാണത്തിൽ ബഹുരസകരമായ ഒരു കഥയുണ്ട്. അതലാന്തായെ വിവാഹം ചെയ്യൻ മോഹിച്ചുവരുന്നവരെല്ലാം അവളുമായിട്ട് ഒന്നു മത്സരിച്ചു ഓടേണ്ടതായിരുന്നു എന്നു വിവരിക്കപ്പെട്ടിരിക്കുന്നു. ഓട്ടത്തിൽ ആർക്കും അവളെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. എന്നാൽ ഒരുത്തൻ ജൂപ്പിററർ എന്ന ദേവനുമായിട്ടാലോചിച്ച് അതലാന്തായെ മുൻകടന്ന് അവളെ വിവാഹം ചെയ്യാനുള്ള വിദ്യ ആ പരദേവതയോടു ഗ്രഹിച്ചു. ആ ദേവൻ അവനു വളരെ വിചിത്രമായ ഒരു സൂത്രമാണ് വെച്ചുകൊടുത്തതു്. ഓടേണ്ടവഴിയിൽ ഇടയ്ക്കിടെ കനകനിർമ്മിതമായ ഇഷ്ടികകൾ വലിച്ച് ഇട്ടിരിക്കണമെന്നാണ് ദൈവം നിർദ്ദേശിച്ചതു്. മററുതരത്തിൽ അതലാന്തായെ ജയിക്കാൻ, തൻെറ ഭക്തനു മററുവിധത്തിൽ സഹായം ചെയ്യാൻ ഈ ദൈവത്തിനു കഴിഞ്ഞില്ലെന്നു നിങ്ങൾക്കു അറിയാം. അതലാന്തായ്ക്കു അത്യുന്നതനായ ഒരു ഈശ്വരനിൽനിന്നു കിട്ടിയിരുന്ന ഒരു വരംകൊണ്ട് ലോകത്തിലേയ്ക്കും ഏററവും ബലവും, ഗതിവേഗതയും ഉള്ള ആളായിട്ട് അവൾ ഭവിച്ചിരുന്നു. എന്നാൽ ജൂപ്പിററർ എന്ന ആ ദൈവത്തിൻെറ ഭക്തൻ ഓട്ടത്തിൽ വഴിയിലെല്ലാം കനകഇഷ്ടിക വിതറിയുംവെച്ച് തന്നോടുകൂടി ഓടാൻ അതലാന്തായെ വെല്ലുവിളിച്ചു. രണ്ടുപേരും ഓടിത്തുടങ്ങി. ഈ മനുഷ്യൻ പ്രകൃത്യാ വളരെ ക്ഷീണനായിരുന്നു. ഒരു സെക്കണ്ടുകൊണ്ടു അവൾ മുൻകടന്നു. എന്നാൽ അവൾക്കവനെ കാണാൻമേലാതായപ്പോൾ വഴിയിൽ സ്വർണ്ണക്കട്ടകൾ കിടക്കുന്നതുകണ്ട് അവൾ അതുകൾ പെറുക്കിയെ

ട്ടുക്കാൻനിന്നു. അവൾ അതു പെറുക്കിക്കൊണ്ടിരുന്ന തക്കംനോക്കി ആ മനുഷ്യൻ അവൾക്കു മുമ്പിൽ കടന്നു. വീണ്ടും ഒരു മിനിട്ടിനുള്ളിൽ അവൾ അവന്റെ മുമ്പിൽ കയറി. വീണ്ടും അടുത്തു് ഒരു സ്വർണ്ണക്കട്ടികണ്ടു് അവൾ അതുംപോയി എടുത്തു. ഇതിനിടയിൽ ആ ഭക്തൻ വീണ്ടും മുന്നിൽ കടന്നു. കുറച്ചുകഴിഞ്ഞു പിന്നെയും അവൾ മുൻകടന്നു; പിന്നെയും ഇഷ്ടികകണ്ടു; അവൾ നിന്നു് അതും പെറുക്കിയെടുത്തു. ഇതിനിടയ്ക്കു അയാൾ പിന്നെയും മുന്നിൽ കടന്നു. ഇങ്ങിനെ ഓട്ടം കഴിയാറായപ്പോഴേയ്ക്കും അതലാന്തായ്ക്കു വളരെ ഭാരിച്ച കനകക്കട്ടകൾ ഉണ്ടായി. അതെല്ലാം ചുമന്നുംകൊണ്ടുപോകയും, അയാളെ പിന്നിലാക്കുകയും രണ്ടുംകൂടെ പാടില്ലാതായി. ഒടുക്കം അയാൾ അവളെ തോല്പിച്ചു് അവളെ കല്യാണം കഴിച്ചു അവളെ മുൻകടന്നു് ഓടിതോല്പിച്ച മനുഷ്യനു് തന്നെ അതലാന്തായ്ക്കു കിട്ടിയ കനകക്കട്ടികൾ അവകാശപ്പെട്ടുചെന്നു ചേൎന്നു. അതെല്ലാം അവനിൽതന്നെ ചെന്നുചേൎന്നു. കൂട്ടത്തിലായി അയാൾക്കു അതലാന്തായെതന്നെയും കിട്ടി. അയാൾക്കു സകലതും ലബ്ധമായി.

നീതിയുടെയും, സത്യത്തിന്റെയും മാൎഗ്ഗത്തിൽ ചവിട്ടുന്ന മിക്കആളുകളുടെയും സ്ഥിതി അതലാന്തായുടെ അവസ്ഥപോലെതന്നെയാണു് സത്യമാൎഗ്ഗത്തിൽ ചരിക്കാൻ തുടങ്ങുമ്പോൾ ഉടനെ പലതരം നീചസമ്പത്തും, ലൌകികവശീകരണങ്ങളും നിങ്ങളുടെ ചുററിലും വന്നുകൂടുന്നു. നിങ്ങളവ പെറുക്കാൻ കുനിയുന്നു. എന്നാൽ അങ്ങിനെ ചെയ്യുന്ന നിമിഷത്തിൽ —ഈ ലൌകികവിഷയങ്ങളും, വശീകരണങ്ങളും ആസ്വദിക്കുമ്പോൾ, നിങ്ങൾ പുറകിൽ തള്ളപ്പെടുന്നു. നിങ്ങൾ ഓട്ടത്തിൽ തോല്ക്കുന്നു; നാൾകടത്തുന്നു; മാൎഗ്ഗം വിഷമമായി ഭവിക്കുന്നു. സൎവ്വവും നഷ്ടപ്പെടുന്നു. വിഷയാസക്തികളെയും, ഭൌതികതത്വത്തെയുംകുറിച്ചു കരുതലോടുകൂടിയിരിക്കുക. സത്യം പ്രാപിക്കയും ലൌകികസുഖങ്ങൾ അനുഭവിക്കുകയുംകൂടി തരമില്ല. സത്യത്തെ ആസ്വദിക്കുമ്പോൾ, ലൌകികഭോഗങ്ങൾ അനുഭവിക്കാൻ പിന്നെ സാധ്യമല്ലെന്നാണു് പഴഞ്ചൊല്ലു പറയുന്നതു്. ലോകസുഖങ്ങൾ ആസ്വദിക്കുക; അപ്പോൾ സത്യം നിങ്ങളുടെ പിടിവിട്ടു നിങ്ങൾക്കു് മുമ്പേകടക്കും. രാമൻ ഇന്നു നിങ്ങളോടുപറയുന്നതു് കേവലം സത്യമാണു്. വളരെ ജനങ്ങൾ രാമന്റെ അടുത്തുവന്നു അവൎക്കു സാക്ഷാൽക്കാരം വേണമെന്നു വീണ്ടും വീണ്ടും പറയുന്നു. നിങ്ങൾക്കീക്ഷണം സാക്ഷാല്ക്കാരം ലഭിക്കും; മമത്വം ഉപേക്ഷിക്കുക; അതേ സമയം ശത്രുതയും അസൂയയും പറിച്ചെറിയുക. അസൂയയെന്നാൽ എന്താണു്? വിരോധമെ

ന്നാൽ എന്തു ? അതു തിരിച്ചുവെയ്ക്കപ്പെട്ട ആസക്തിയാണു്. നാം ആരെയെങ്കിലും ദ്വേഷിക്കുന്നുവെങ്കിൽ അതു് വേറെ ഏതിനോടോ നാം സക്തരായതുകൊണ്ടു് ആണു്. മക്കളെയും, സഹോദരന്മാരെയും ഭർത്താക്കന്മാരെയും മററും എങ്ങിനെ ത്യജിക്കാമെന്നു ഇവിടെ നിങ്ങൾ ചോദിച്ചേക്കാം. ശരി. ഇതു നിങ്ങൾ സ്വയം നോക്കേണ്ട ഒരു കാര്യമാണു്. എങ്ങിനെയെന്നും, ഏതുവഴിക്കെന്നും നിങ്ങൾതന്നെ കണ്ടുപിടിക്കണം. എന്നാൽ സത്യം നിങ്ങളുടെ അച്ഛനും, സത്യം അഥവാ ദൈവം നിങ്ങളുടെ അമ്മയും, ഭാര്യയും, പിതാമഹനും, ഗുരുവും, വീടും, വസ്തുക്കളും സകലതും ആകട്ടെ എന്നു വെക്കേണ്ടതു് ആണു് ആവശ്യം. സകല വസ്തുക്കളിൽനിന്നും മമത്വം—സക്തി—വലിച്ചുനീക്കിക്കളയുക. ഒരേഒന്നിൽ ധ്യാനിക്കുക. ഒരുവസ്തു—ഒരുസത്യം—നിങ്ങളുടെ ഈശ്വരത്വം! പെട്ടെന്നു് അവിടെ നിങ്ങൾ സാക്ഷാല്ക്കാരം പ്രാപിക്കും.

ഇൻഡ്യായിൽ ഒരുഗാനം ഉണ്ടു്. വളരെ മനോഹരം! അതിവിടെ ചൊല്ലേണ്ടതില്ല. സത്യപ്രാപ്തിക്കു തടസ്സക്കാരനായി നില്ക്കുന്ന പക്ഷം സ്വന്തം പിതാവിനെപ്പോലും ചവിട്ടിക്കടക്കണമെന്നാണു് അതിൻെറ സാരം. അച്ഛൻ വിരോധിയായിനിന്നപ്പോൾ പ്രഹ്ലാദൻ എങ്ങിനെ പ്രവൎത്തിച്ചുവെന്നു് ഒരു ഇൻഡ്യൻ വീരകഥയിൽ പറഞ്ഞിരിക്കുന്നതുപോലെ, വേണ്ടിവന്നാൽ അച്ഛനെയും ത്യജിക്കണം. അമ്മ തടസ്സമായിനിന്നാൽ, അമ്മയെയും ത്യജിക്കണം. അതാണു് ബൈബിളിലെ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നതും. ഹിന്ദുബൈബിളും അങ്ങിനെതന്നെ പറയുന്നു. അച്ഛനമ്മമാൎക്കുവേണ്ടി സത്യത്തെ സ്നേഹിക്കുക. സത്യത്തിലേയ്ക്കുള്ള പ്രയാണത്തിനു തടസ്സമില്ലാത്തവിധത്തിൽ അച്ഛനമ്മമാരെ സ്നേഹിക്കയും മാനിക്കയും ചെയ്യുക. സഹോദരൻ വിഘ്നമായിത്തീരുകയാണെങ്കിൽ വിഭീഷണനെപ്പോലെ, ആ സഹോദരനെ കൂടഞ്ഞെറിയുക. ഭാര്യ വിഘ്നകാരിണിയായി നിന്നാൽ, ഭർത്തൃഹരിയെപ്പോലെ, അവളെ പരിത്യജിക്കുക. ഭർത്താവാണു് തടസ്സക്കാരൻ എങ്കിൽ, മീരാനെപ്പോലെ അവനെ മാററിനിൎത്തുക. നിങ്ങളുടെ ഗുരു—ആത്മീയാചാൎയ്യൻ തടസ്സക്കാരനായി കാണപ്പെട്ടാൽ ഭീഷ്മരെപ്പോലെ, അദ്ദേഹത്തെ അകററി നിൎത്തുക. എന്തെന്നാൽ നിങ്ങളുടെ യഥാൎത്ഥബന്ധു സത്യം—സത്യം മാത്രം—ആകുന്നു. മററു ബന്ധുക്കളും, കൂട്ടുകാരും എല്ലാം വെറും ക്ഷണികജീവികളാണു്? ഒരു ദിവസത്തേയ്ക്കുമാത്രം. സത്യം എന്നും നിങ്ങളുടെ കൂടെയാണു്. സത്യമാണു് നിങ്ങളുടെ യഥാൎത്ഥചൈതന്യം അതു മാതാപിതാക്കന്മാരെക്കാൾ നിങ്ങൾക്കടുത്തതാണു്. ഭാര്യയെയോ, കുട്ടികളെ

യോ, സ്നേഹിതന്മാരെയോകാൾ അതു് അടുത്തതാണു്. രാജാക്കന്മാരെയും, അച്ഛനമ്മമാരെയും, കുട്ടികളെയും, മററെല്ലാവരെയും, എല്ലാററിനെയുംകാൾ സത്യത്തെ ആദരിക്കുക.

പുരാതനഭാരതത്തിലെ ഒരു രാജാവിൻെറ ജീവിതത്തിൽനിന്നു നമുക്കൊരു നല്ല ദൃഷ്ടാന്തം ഉണ്ടു്. അദ്ദേഹം സത്യത്തിൻെറ പന്ഥാവിൽ ചരിച്ചിരുന്നു. തൻെറ ശരീരം മഞ്ഞുകട്ടിയിൽ ലയിപ്പിക്കുന്നതിനായി അദ്ദേഹം ഹിമാലയത്തിൽ കയറുകയായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. അതൊരു നീണ്ടകഥയാണു്. രാമൻ അതു മുഴവനും വിസ്തരിക്കേണ്ടതില്ല. ഒരു വലിയ കാരണംകൊണ്ടു അദ്ദേഹം മാതാപിതാക്കന്മാരെയും, ഭാൎയ്യയെയും, ഭാൎയ്യാസഹോദരന്മാരെയും, അനുജന്മാരെയും എല്ലാംകൊണ്ടാണു് ഹിമാലയത്തിൻെറ ശിഖരങ്ങളിൽ കയറിയതു്. അദ്ദേഹം സത്യത്തിൻെറയും ധൎമ്മത്തിൻെറയും മാർഗ്ഗത്തിൽ ചരിച്ചിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം മുമ്പേനടന്നിരുന്നു; മൂത്തഅനുജൻ പുറകേ; അടുത്ത അനുജൻ അതിൻെറ പുറകേ, ഇങ്ങിനെ അനുക്രമമായി നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യയും പിന്നാലെ പൊയ്ക്കൊണ്ടിരുന്നു. അദ്ദേഹം തൻെറ മുഖം ലക്ഷ്യത്തിലേയ്ക്കുതന്നെ തിരിച്ചു് സത്യത്തിൽ കണ്ണുറപ്പിച്ചു മുമ്പോട്ടു പോകയാണു്. അദ്ദേഹത്തെ പിന്തുടരാൻ കഴിയാതെ ഭാൎയ്യ കരഞ്ഞുകൊണ്ടു് ഉരുണ്ടുവീണു. അവൾ ക്ഷീണിച്ചു മരിക്കാൻ തുടങ്ങി അപ്പോൾ രാജാവു് മുഖംതിരിച്ചു നോക്കിയില്ല. കുറച്ചുടിഓടിവന്നാൽ താൻ അവളെ സഹായിക്കാമെന്നു പറഞ്ഞു. “എൻെറ അടുത്തുവരുക! സമീപത്തുവരുക!” എന്നു പറഞ്ഞു. എന്നാൽ അവൾക്കു് മൂന്നടിപോലും പോകാൻ കഴിഞ്ഞില്ല. അവൾ പുറകിൽകിടന്നു. അദ്ദേഹം തിരിഞ്ഞുനോക്കിയില്ല. സത്യത്തിൽനിന്നു് ഒരുപടം പിൻതിരിയുന്നതു് അനുവദിക്കാവുന്നതല്ല. യുധിഷ്ഠിരമഹാരാജാവു് ഒരടി പിൻതിരിയുകയില്ല. ഭാൎയ്യ താഴെവീഴുന്നു; എന്നാലും രാജാവു തിരിഞ്ഞുനോക്കുന്നില്ലാ. മുജ്ജന്മങ്ങളിൽ എത്രയോ ഭാൎയ്യമാർ നിങ്ങൾക്കുണ്ടായിരുന്നു; മേലാൽ എത്രയോ ഉണ്ടാകാനുംമതി; എത്ര ബന്ധുക്കൾ ഉണ്ടായിരുന്നു? ഭാവിയിൽ എത്രപേർ ഉണ്ടാകാൻപോകുന്നു? ഈ ബന്ധങ്ങൾക്കും, ബന്ധുക്കൾക്കുംവേണ്ടി സത്യത്തിൽനിന്നു പിൻവാങ്ങാൻ ആവശ്യമില്ല. മുമ്പോട്ടുപോകുക! മുമ്പോട്ടുപോകുക! യാതൊന്നും നിങ്ങളെ പിൻതിരിപ്പിക്കാതിരിക്കട്ടെ. ഭാൎയ്യയേക്കാൾ സത്യത്തെ മാനിക്കുക; ദൈവത്തെ അധികം ആദരിക്കുക. സത്യം മുഴവൻ മനുഷ്യവംശത്തിനും, സകല കാലത്തേയ്ക്കും, വേണ്ടതാണു്. അതു സനാതനമാണു്. ലോകബ

സുഖങ്ങൾ അങ്ങിനെയല്ല. അവ ക്ഷണികങ്ങളാണു്, നിങ്ങൾക്കു നന്മയായിരിക്കുന്നതു് നിങ്ങളുടെ ഭാൎയ്യയ്ക്കും സ്നേഹിതന്മാൎക്കും നന്മയായിരിക്കുമെന്നു ഓൎമ്മിക്കുക നിങ്ങൾക്കു ഭാൎയ്യയിൽനിന്നകന്നു പാൎക്കുന്നതു നല്ലതാണെങ്കിൽ ഭാൎയ്യയ്ക്കും നിങ്ങളിൽനിന്നകന്നു പാൎക്കുന്നതു നല്ലതാണു് അതാണു നിയമം. നിങ്ങളുടെ വ്യക്തിത്വത്തിൽ അന്തർല്ലയിക്കുന്ന സത്യവും, ദിവ്യത്വവും, ഭാൎയ്യയുടെ വ്യക്തിത്വത്തിൽ ലയിച്ചിരിക്കുന്ന സത്യവും, ദിവ്യത്വവും തന്നെയാണു്. യുധിഷ്ഠിരരാജാവിന്റെ ഭാൎയ്യ താഴെവീണു. എന്നാൽ രാജാവു് മുമ്പോട്ടുപ്രയാണം ചെയ്തു. കൂടെവരാൻ സഹോദരന്മാരോടു ആവശ്യപ്പെട്ടു. കുറേദൂരം അനുജന്മാർ പുറകേപോയി. എന്നാൽ അപ്പോൾ ഇളയ അനുജൻ പോകാൻ നിവൃത്തിയില്ലാതെ അവശനായി. അയാൾ ക്ഷീണിച്ചുവീഴാൻ ഭാവിച്ചു വിളിച്ചു പറഞ്ഞു:—“ജ്യേഷ്ഠാ! ജ്യേഷ്ഠാ! യുധിഷ്ഠിര! ഞാൻ മരിക്കുന്നു; എന്നെ രക്ഷിക്കുക, രക്ഷിക്കുക!” യുധിഷ്ഠിരൻ ലക്ഷ്യത്തിൽനിന്നു കണ്ണുതിരിച്ചില്ല. അദ്ദേഹം മുമ്പോട്ടുതന്നെപോയി. രണ്ടോ മൂന്നോ അടി ഓടി തന്റെ അടുത്തുവരാൻ അനുജനോടുപറഞ്ഞു. ഒരുവിധത്തിലും താൻ പുറകോട്ടുപോകയില്ല. ആ അനുജൻ വീണുമരിച്ചു. കുറേക്കഴിഞ്ഞു് കയറിന്റെ അററത്തുനിന്നു അനുജൻ വിളിതുടങ്ങി. എന്നാൽ യുധിഷ്ഠിരൻ പുറംതിരിഞ്ഞില്ല. അദ്ദേഹം മുമ്പോട്ടുപോയി ഇങ്ങിനെ സഹോദരന്മാരെല്ലാം മരിച്ചുവീണു. എന്നാൽ യുധിഷ്ഠിരരാജാവു് ഒരടി തെററുകയോ പുറംതിരിയുകയോ ചെയ്തില്ല. അദ്ദേഹം നേരെ ധൎമ്മപഥത്തിൽ സഞ്ചരിച്ചു. അദ്ദേഹം സത്യത്തിന്റെ ഉച്ചത്തിൽ എത്തിയപ്പോൾ—ലക്ഷ്യത്തിൽ ചെന്നപ്പോൾ—ദൈവംതന്നെ ശരീരമെടുത്തു പ്രത്യക്ഷപ്പെട്ടുവെന്നു പറയപ്പെട്ടിരിക്കുന്നു. ദൈവം ഒരു പ്രാവിന്റെ രൂപത്തിൽ ആവിൎഭവിച്ചുവെന്നു ബൈബിളിൽ പറയുന്നതുപോലെ ഹിന്ദുപുരാണങ്ങളിൽ ദൈവം ദേവതാരൂപത്തിലും, ഇന്ദ്രന്റെ രൂപത്തിലും എല്ലാം പ്രത്യക്ഷപ്പെട്ടതായി പറയപ്പെട്ടിരിക്കുന്നു കഥയിങ്ങനെപോകുന്നു. യുധിഷ്ഠിരൻ ഉദ്ദിഷ്ടസ്ഥാനത്തു ചെന്നപ്പോൾ, സത്യം രൂപമെടുത്തു സമീപത്തുവന്നു് സ്വൎഗ്ഗത്തേയ്ക്കു കടക്കാമെന്നു ആജ്ഞാപിച്ചു. ചിലരെ സ്വൎഗ്ഗത്തേയ്ക്കുയൎത്തുമെന്നു ബൈബിളിൽ പറഞ്ഞുകാണുന്നതുപോലെ, യുധിഷ്ഠിരരാജാവിനേയും ശരീരത്തോടുകൂടെ സ്വൎഗ്ഗപ്രവേശനത്തിനു ക്ഷണിച്ചുവെന്നു കഥയിൽ കാണുന്നു. വലത്തുവശത്തു നോക്കിയപ്പോൾ അദ്ദേഹം ഒരു പട്ടിയെ അടുത്തുകണ്ടു. യുധിഷ്ഠിരൻ പറഞ്ഞു:—“അല്ലയോ! ഈശ്വരാ! എന്നെ ഉയൎന്ന സ്വൎഗ്ഗത്തിലേയ്ക്കു കടത്തണമെങ്കിൽ, ഈ പട്ടിയെക്കൂടി എന്റെ കൂടെ കടത്തിവിടണം; എന്റെകൂടെ അതും സ്വൎഗ്ഗത്തുവരട്ടെ.”

സത്യസ്വരൂപിയായ ഈശ്വരാവതാരം ഇങ്ങിനെ മറുപടി പറഞ്ഞു:—"രാജായുധിഷ്ഠിര! അതുപാടില്ല. പട്ടി സ്വർഗ്ഗത്തിനു അർഹനല്ല, അതിന് ഇനിയും പല ജന്മങ്ങൾ കഴിഞ്ഞു് മനുഷ്യജന്മത്തിൽ എത്തി. നല്ല ജീവിതം നയിച്ച് പരിശുദ്ധനും, നിർമ്മലനും ആയിത്തീർന്നിട്ടേ സ്വർഗ്ഗപ്രവേശം കിട്ടുകയുള്ളു. നിങ്ങൾ ശരീരത്തോടെ സ്വർഗ്ഗത്തുവരാൻ യോഗ്യനാണു്. പട്ടി അങ്ങനെയല്ലാ." യുധിഷ്ഠിരരാജാവു് പറഞ്ഞു:—"ഹേ! സത്യമേ! ഈശ്വരാ! ഞാൻ ഇവിടെവന്നതു് നിനക്കുവേണ്ടിയാണു്; സ്വർഗ്ഗത്തിനോ, പറുദീസായ്ക്കോവേണ്ടിയല്ലാ. എന്നെ ഉയൎന്ന പറുദീസായിൽകൊണ്ടുപോയി, സിംഹാസനത്തിൽ ഇരുത്തിമാനിക്കണമെങ്കിൽ, ഈ പട്ടിയേയും കൂടി എടുക്കണം. എൻെറ ഭാൎയ്യ എൻെറകൂടെ വന്നില്ല; വഴിയിൽ വീണുപോയി. അനുജന്മാരും വഴിക്കു വീണുപോയി. അവരെല്ലാം എന്നെ ത്യജിച്ചു. അവരെല്ലാം ദുർബ്ബലതയ്ക്കും, ദുരാകഷ്ണങ്ങൾക്കും വശപ്പെട്ടവരാണു. എന്നാൽ ഈ പട്ടി എൻെറകൂടി ത്തന്നെവന്നു. അതാണു ഈ പട്ടി. അതു് എൻെറ സങ്കടങ്ങളുടെയും, കഷ്ടപ്പാടുകളുടെയും, മത്സരങ്ങളുടെയും, നിരാശതയുടെയും എല്ലാം പങ്കുംവഹിച്ചു് എൻെറകൂടെ ക്ലേശിച്ചുവന്നു. ഇതാ! ആ പട്ടി! അതിനു് എൻെറ ബുദ്ധിമുട്ടുകളും, സങ്കടങ്ങളും പങ്കിട്ടുസഹിക്കാൻ കഴിയുമെങ്കിൽ, എൻെറ സ്വർഗ്ഗത്തിൻെറ അംശം അതിനു് എന്തുകൊണ്ടു ലഭിക്കാൻ അവകാശമില്ല? "എന്നോടു തുല്യമായി ഈ പട്ടിക്കും സ്വർഗ്ഗംലഭിക്കാൻ സൌകൎയ്യമില്ലാത്തപക്ഷം ഞാനും സ്വർഗ്ഗത്തേയ്ക്കു പ്രവേശിക്കയില്ല. എൻെറകൂടെ പട്ടിയെക്കൂടെ എടുക്കാത്തപക്ഷം സ്വർഗ്ഗംകൊണ്ടു എനിക്കു പ്രയോജനമില്ല."

അവതാരമെടുത്തു പ്രത്യക്ഷമായ ദൈവം ഒരിക്കൽകൂടി യുധിഷ്ഠിരനോടു ഇങ്ങിനെ പറഞ്ഞുഎന്നു കഥയിൽ കാണുന്നു:—"ഈ ഒരു പ്രാൎത്ഥനമാത്രം നീ എന്നോടു ചെയ്യരുതു്. പട്ടിയെക്കൂടി നിൻെറ കൂടെ എടുക്കണമെന്നു് പറയരുതു്." യുധിഷ്ഠിരൻ ഉടനെ പറഞ്ഞു:—"ദുരെപ്പോകുക! ഹേ! ബ്രഹ്മാവേ! അങ്ങു സത്യമോ അവതരിച്ച ഈശ്വരനോ അല്ല; നീ വല്ല അസുരനും ആയിരിക്കാം. ഈശ്വരനോ സത്യമോ അല്ലതന്നെ നീ ഈശ്വരനാണെങ്കിൽ നിൻെറ മുമ്പിൽവെച്ചു് അനീതി എങ്ങനെ നടക്കും? എനിക്കുമാത്രം നീ സ്വർഗ്ഗംനുഭൂതി തരുകയും, എൻെറകൂടെ കഷ്ടപ്പെട്ട ഈ പട്ടിക്കു എൻെറ സുഖത്തിൻെറ പങ്കു കൊടുക്കാതിരിക്കയും ചെയ്യുന്നതു് ന്യായമല്ല. നീ നീതിമാനുമല്ല. ഇതു് സത്യത്തിനോ, ദൈവത്തിനോ യോഗ്യവുമല്ല." ഈ സമയം ഈശ്വരൻ സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെട്ടതായും, പട്ടി കേവലം പട്ടിയായിരുന്നില്ലെന്നും, അതു

സർവ്വമഹത്വത്തിലുള്ള സർവ്വശക്തനായ പ്രഭുതന്നെയായിരുന്നുവെന്നും കഥ തുടരുന്നു; ആ രാജാവിനെ പരീക്ഷിക്കയായിരുന്നു, പരിശോധിക്കുകയായിരുന്നു. ഒടുക്കം പരീക്ഷയിൽ രാജാവു വിജയിയായി.

ഇങ്ങിനെയാണ് സത്യത്തിൻെറ മാർഗ്ഗത്തിൽ ചരിക്കുന്നത്. നിങ്ങൾക്ക് പ്രിയപ്പെട്ടവരും, ബന്ധുക്കളും, നീതിമാർഗ്ഗത്തിൽക്കൂടി നിങ്ങളോടൊത്തുവരാത്തപക്ഷം അവർ പ്രിയപ്പെട്ടവരോ, ബന്ധുക്കളോ ആയി ഗണിക്കരുത്. നേരെമറിച്ച് ഒരു പട്ടിയാണ് കൂടെ വരുന്നതെങ്കിൽ അതാണ് നിങ്ങൾക്കു പ്രിയപ്പെട്ടതും, സ്വന്തവും. അതിനാൽ ധർമ്മത്തിനു അനുകൂലികളായ സ്നേഹിതന്മാരെ തിരഞ്ഞെടുക്കയും പാപപ്രകൃതിക്കാരെ ഉപേക്ഷിക്കയും ചെയ്യണം. നിങ്ങളുടെ ദുഷ്യഭാഗങ്ങൾ വദ്ധിച്ച് അവയെ അനുഭവിക്കാൻ തക്ക സ്നേഹിതന്മാരെ തിരഞ്ഞെടുക്കയാണെങ്കിൽ, നിങ്ങൾക്കു കഷ്ടതയും, നിരാശതയും, അസഹ്യവേദനയുമാണ് അനുഭവമുണ്ടാകുന്നത്.

ഒരു ഹിന്ദുസന്ന്യാസി ഒരിക്കൽ വളരെ വിശന്ന് തെരുവുകളിൽ അലഞ്ഞുനടക്കുകയായിരുന്നു എന്നു രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇൻഡ്യായിൽ സന്ന്യാസിമാരും, ഋഷിമാരും പർവ്വതങ്ങളിൽനിന്നു താഴെയിറങ്ങിവന്നു വിശപ്പുള്ളപ്പോൾ തെരുവുകളിൽ നടന്നു ഭിക്ഷ വാങ്ങി ആഹാരം കഴിക്കാറുണ്ടെന്നു നിങ്ങൾക്കു അറിയാമല്ലോ. വളരെ അപൂർവ്വമായേ അവർ തെരുവുകളിൽ പോകാറുള്ളു. സാധാരണ അവർ പട്ടണങ്ങളിൽനിന്നു ദൂരെ വനാന്തരങ്ങളിൽ പാക്കുകയും, ഈശ്വരാനുഭൂതിക്കുവേണ്ടി സമയമെല്ലാം വിനിയോഗിക്കയും ചെയ്യുകയാണ് പതിവ്. ക്ഷുൽപീഡിതനായ സന്ന്യാസിക്ക് ഭക്ഷണം കിട്ടി. (രാമനും വല്ലതും വാങ്ങിയിട്ടുണ്ടെങ്കിൽ, രാമനോടു ക്ഷമിക്കാൻ നിങ്ങൾക്ക് നല്ല കാരണം ഉണ്ട്.) ഒരു സ്ത്രീ വിശേഷമായ ഭക്ഷ്യസാധനങ്ങൾ ആ സന്ന്യാസിക്കു ഭുജിക്കാൻ കൊടുത്തു. അതെല്ലാം അദ്ദേഹം എടുത്ത് തുണിയിൽ പൊതിഞ്ഞു് വീടുവിട്ട് കാട്ടിലേയ്ക്കു പോയി. ഇൻഡ്യയിലെ സന്ന്യാസിമാർ ഇങ്ങനെയാണ് ചെയ്യാറ് പതിവ്. അദ്ദേഹം അതു് വെള്ളത്തിൽ നനച്ചു ഭക്ഷിച്ചു. അടുത്തദിവസവും അതേസമയം അദ്ദേഹം തെരുവിൽപോയി. വീണ്ടും ആ സ്ത്രീ അദ്ദേഹത്തെ സമീപിച്ച് വിശേഷപ്പെട്ട ഭക്ഷ്യപദാത്ഥങ്ങൾ തിന്നാൻകൊടുത്തു. അദ്ദേഹം വാങ്ങി തിരിയെപ്പോയി. മൂന്നാംദിവസവും അവൾ അദ്ദേഹത്തിനു് ഭക്ഷിപ്പാൻ രസകരമായ ഭക്ഷണംകൊടുത്തു; എന്നാൽ

അതു് കൊടുത്തസമയം അവൾ പ്രസ്താവിച്ചു:—"ഞാൻ കാത്തുനില്ക്കുകയായിരുന്നു; വാതുക്കൽ അങ്ങയെ നോക്കിനോക്കിനിന്നു് എന്റെ കണ്ണു് വേദനിച്ചുപോയി. അങ്ങയുടെ കണ്ണുകൾ എന്നെ വശീകരിച്ചുകളഞ്ഞു." ആ സ്ത്രീ പറഞ്ഞ വാക്കുകൾ ആണു് അവ. സന്യാസി പോയി. അദ്ദേഹം വേറൊരുവീട്ടിൽ ചെന്നു വേറെ എന്തോ വാങ്ങിത്തിന്നു് വനത്തിലേയ്ക്കുപോയി. തന്നോടു് പ്രേമം പ്രകടിപ്പിച്ച സ്ത്രീ കൊടുത്ത ഭക്ഷ്യപദാൎത്ഥങ്ങൾ അദ്ദേഹം ആററിൽ എറിഞ്ഞുംവെച്ചു് രണ്ടാമത്തെ വീട്ടിൽനിന്നു കിട്ടിയ ഭക്ഷണം അദ്ദേഹം കഴിച്ചു. അടുത്തനാൾ അദ്ദേഹം എന്താണു് ചെയ്തതെന്നു് അറിയാമോ? ഇരുമ്പു് പഴുപ്പിച്ചു് തന്റെ കണ്ണുകളിലേയ്ക്കു കുത്തി കണ്ണുകൾ പുറത്തെടുത്തു് ഒരു കൈലേസ്സിൽ വെച്ചു് മൂടിപ്പൊതിഞ്ഞു കെട്ടിക്കൊണ്ടു് ഒരു കമ്പിന്റെ സഹായത്തോടുകൂടെ—വളരെ പ്രയാസപ്പെട്ടു് തപ്പിത്തടഞ്ഞു് തെരുവിൽകൂടെ നടന്നു് തന്നെ കാമിച്ചിരുന്ന സ്ത്രീയുടെ വീട്ടിന്റെ നടയിൽ ചെന്നെത്തി. അവൾ അദ്ദേഹത്തിനെ കാത്തുനില്ക്കുകയായിരുന്നു. അദ്ദേഹം കുനിഞ്ഞുനിന്നു. അതിനാൽ അവൾ അദ്ദേഹത്തിന്റെ കണ്ണു് തുരന്നെടുത്തിരുന്ന വിവരം മനസ്സിലാക്കിയില്ല. പതിവുപോലെ അവൾ വിലപിടിച്ച ഭക്ഷണദ്രവ്യങ്ങൾ കൊണ്ടുവന്നു് അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹം തന്റെ നേത്രഗോളങ്ങൾ അവൾക്കു് സമ്മാനിച്ചുംകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—"അമ്മാ! അമ്മാ! ഈ കണ്ണുകൾ അങ്ങെടുത്തുകൊള്ളണം; എന്തെന്നാൽ ഈ കണ്ണുകൾ നിങ്ങളെ വശീകരിച്ചുകളഞ്ഞു. നിങ്ങൾക്കു് വളരെ ഉപദ്രവമുണ്ടാക്കി. ഈ കണ്ണുകളെ കൈവശപ്പെടുത്താൻ നിങ്ങൾക്കു് പൂൎണ്ണമായ അവകാശമുണ്ടു്. അമ്മാ! നിങ്ങൾക്കീ കണ്ണുകൾ ആവശ്യമായിരുന്നു. അതുകൾ എടുക്കുക; സൂക്ഷിക്കുക, അനുഭവിക്കുക, നിങ്ങൾക്കിഷ്ടംപോലെ അതുപയോഗിക്കാം. എന്നാൽ സ്വൎഗ്ഗത്തിന്റെ പേരിൽ—കാരുണ്യത്തിന്റെ നാമധേയത്തിൽ—എന്റെ പുരോഗതിയെ തടസ്സപ്പെടുത്തരുതേ! സത്യമാൎഗ്ഗത്തിൽനിന്നു ഞാൻ ഇടയ്ക്കുവെച്ചു ഭ്രംശിച്ചു വീഴാൻ ഇടകൊടുക്കരുതേ!"

ഹേ! ജനങ്ങളേ! ഇപ്പോൾ നാം കാണുന്നു:—നിങ്ങളുടെ മാൎഗ്ഗത്തിൽ കണ്ണു തടസ്സമായി നില്ക്കുയാണെങ്കിൽ അതിനെ ദൂരെക്കളയണം മുഴുവൻജീവിയും ഒന്നാകെ അന്ധകാരത്തിലേയ്ക്കു് അധഃപതിക്കുന്നതിനെക്കാൾ, ശരീരത്തിൽ പ്രകാശമില്ലാതെയിരിക്കുന്നതാണു് അധികം നല്ലതു്. അതാണു് മാൎഗ്ഗം.

നിങ്ങളുടെ കണ്ണുകൾ സത്യപ്രാപ്തിക്കു തടസ്സം ചെയ്യുന്നപക്ഷം അവയെ തുരന്നെടുത്തു ദൂരെക്കളയുക. ചെവികൾ നിങ്ങളെ വ

ശീകരിച്ചു പിന്നോക്കം വലിക്കുന്നുവെങ്കിൽ അവയെ ഛേദിച്ചു കളയുക; ഭാൎയ്യയോ, പണമോ, വസ്തുക്കളോ, സമ്പത്തോ ഏതെങ്കിലും വഴിയിൽ തടയുന്നുവെങ്കിൽ അതെല്ലാം ദൂരെയെറിയുക. ഭാൎയ്യയോടും ബന്ധുക്കളോടുമുള്ള സ്നേഹത്തോളം സത്യത്തോടും, നിങ്ങളുടെ ഭാൎയ്യയോടുള്ളിടത്തോളം ഉത്സാഹത്തോടും, തീക്ഷ്ണതയോടും ദിവ്യത്വം, അഥവാ ആത്മാവു് അഥവാ സാക്ഷാൽക്കാരത്തിനോടും, ഭാൎയ്യയോടുള്ളതിൽ പകുതിയെങ്കിലും പ്രതിപത്തിയോടുകൂടി ഈശ്വരനോടും നിങ്ങൾക്കുപ്രേമം ആവഹിക്കയും, പ്രയോഗിക്കയും ചെയ്യാമെങ്കിൽ, ഈ ക്ഷണത്തിൽ നിങ്ങൾക്കു സാക്ഷാൽക്കാരം അടയാം. ധൎമ്മമാൎഗ്ഗത്തിൽ ചരിക്കാൻ തുടങ്ങി പ്രാരംഭത്തിലുള്ള വശീകരണങ്ങളെ കീഴ്പ്പെടുത്തി, സാധാരണ വശീകരണങ്ങളുടെ മേൽ നിങ്ങൾ വിജയം വരിച്ചാൽ നിങ്ങളെന്താണു കാണുന്നതു്? ഈമാൎഗ്ഗം സമസ്തവും കണ്ടകാകീൎണ്ണമല്ലെന്നും, തീരെ സുഖപ്രദമല്ലാത്തതല്ലെന്നും, സകലതും കല്ലും മുള്ളും നിറഞ്ഞതല്ലെന്നും നിങ്ങൾ കാണും. സത്യത്തിൻെറ മാൎഗ്ഗം സൂചിമുഖത്തെക്കാൾ ഹ്രസ്വതരമാണെന്നു പറയപ്പെടുന്നു. സത്യത്തിൻെറ മാൎഗ്ഗം വാളിൻെറ മുനപോലെ കൂൎത്തതും, ഇടുങ്ങിയതും ആണെന്നു വേദങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഇതു മുഴുവനും, ശരിയല്ല. ആരംഭത്തിൽ മാൎഗ്ഗം ഹ്രസ്വവും, നിശിതവുംതന്നെ; എന്നാൽ സാധാരണ മോഹങ്ങളെ ജയിച്ചു കീഴ്പ്പെടുത്തിയാൽ, ആ മാൎഗ്ഗം ആശ്ചൎയ്യജനകമായവിധം സുന്ദരവും, അത്യന്തം സുഗമവും ആണെന്നു നിങ്ങൾക്കുകാണാം, പ്രകൃതി മുഴുവനും നിങ്ങളെ സഹായിക്കുന്നതായും, സകലതും നിങ്ങളുടെ ചൊല്പടിക്കുനിന്നു നിങ്ങളുടെ വശത്തുനില്ക്കുമെന്നും നിങ്ങൾ കാണും. ഈ കഷ്ടതകളും, ഈ ആകൎഷണങ്ങളും, ഈ തടസ്സങ്ങളും, ഈ വടംവലികളും എതിൎപ്പുകളും ഒക്കെ നിങ്ങളെ ഭയപ്പെടുത്തുകമാത്രമേ ചെയ്യുന്നുള്ളു. അവ തുറിച്ചുനോക്കി നിങ്ങളെ ഭീഷണിപ്പെടുത്തുകയേചെയ്യൂ. എന്നാൽ വാസ്തവത്തിൽ ഉപദ്രവിക്കുന്നില്ല. നിങ്ങൾ അവയെ തുറിച്ചുനോക്കി ഭയപ്പെടുത്തുമ്പോൾ അവ കഷ്ടപ്പാടുകളാണെന്നു തോന്നുന്നതേയുള്ളു, ദുരാകർഷണങ്ങളും, ബുദ്ധിമുട്ടുകളും അങ്ങനെ ഭയങ്കരമായി തോന്നുന്നതേഉള്ളു എന്നു നിങ്ങൾ കാണും. പ്രകൃതി മുഴുവനും നിങ്ങളുടെ വശത്തു ചേരുന്നതായും, സൃഷ്ടിസമസ്തവും നിങ്ങളെ താങ്ങുന്നുവെന്നും നിങ്ങൾ കാണുന്നു. അതു നിങ്ങൾ കണ്ടുമുട്ടും.

ഇൻഡ്യായിലെ * ഇലിയഡ് (Iliad) എന്നു പറയപ്പെടാവുന്ന, രാമായണം എന്നു പേർ പറയുന്നതും, രാമൻെറ കഥ വിവ

* ഒരു ഗ്രീക്കുപുരാണം.

രിക്കുന്നതും ആയ ഹിന്ദുമതഗ്രന്ഥത്തിൽ, ലോകത്തിലെ-അഥവാ ഇൻഡ്യായിലെ എങ്കിലും-അത്യുന്നതവീരനായിരുന്ന ശ്രീരാമൻെറ ദൃഷ്ടാന്തം വൎണ്ണിച്ചിട്ടുണ്ട്. അദ്ദേഹം സത്യാന്വേഷണത്തിനായി-സത്യത്തെ തിരിയെ കണ്ടുപിടിച്ചു കരസ്ഥമാക്കാനായി പോയ സമയം പ്രകൃതി സമസ്തവും അദ്ദേഹത്തിനെ പരിചരിച്ചു. വാനരങ്ങൾ അദ്ദേഹത്തിൻെറ സൈന്യങ്ങളായി; സമുദ്രത്തിൽ ഒരു ചിറ കെട്ടാൻ അണ്ണാൻപോലും അദ്ദേഹത്തെ സഹായിച്ചു. ശത്രുക്കളെ ജയിക്കാൻ പക്ഷികൾപോലും അദ്ദേഹത്തിനു സഹകരണം ചെയ്തു എന്നു പറയപ്പെട്ടിരിക്കുന്നു. കല്ലുകളും അദ്ദേഹത്തെ സേവിച്ചു. കല്ലുകൾ അവയുടെ പ്രകൃതം മറന്നു്, വെള്ളത്തിൽ എറിയപ്പെട്ടപ്പോൾ താഴ്ന്നുപോകുന്നതിനുപകരം, "സത്യത്തിനു വിജയമുണ്ടാകട്ടെ; അതിനുവേണ്ടി നാം പൊങ്ങിക്കിടക്കും" എന്നു പറഞ്ഞു് അവ പൊങ്ങിക്കിടന്നു. വായുവും അന്തരിക്ഷവും അദ്ദേഹത്തിനനുകൂലമായി നിന്നുവെന്നും അഗ്നി അദ്ദേഹത്തെ വഹിച്ചുവെന്നും, കാററും പിശറും അദ്ദേഹത്തെ പരിചരിച്ചുവെന്നും വൎണ്ണിക്കപ്പെട്ടിരിക്കുന്നു. "കാററും ഓളവും സദാ ധീരന്മാക്കു അനുകൂലമാണു്" എന്നു ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. നിങ്ങൾ നിർബന്ധിച്ചാൽ പ്രകൃതി സമസ്തവും നിങ്ങളുടെ വശത്തു ചേരും. ആദ്യം ബുദ്ധിമുട്ടുകളെന്നു തോന്നപ്പെടുന്നവയെ ജയിക്കണം. പ്രാരംഭത്തിൽ അങ്ങനെ ചെയ്താൽ, പ്രകൃതിയൊക്കെ നിങ്ങളെ സേവിക്കും. സത്യത്തിനുവേണ്ടി സ്ഥിരമായി ഉറച്ചുനില്ക്കുക; അപ്പോൾ നിങ്ങൾ സാധാരണ ലോകത്തിൽ നില്ക്കുകയല്ലെന്നു കാണും. ഈ ലോകം ഒരു അത്ഭുതക്രിയകളുടെ ലോകമായി നിങ്ങൾക്കു അനുഭവപ്പെടും; നിങ്ങളുടെ ചുററും അത്ഭുതകമ്മങ്ങൾ നടക്കുന്നതു നിങ്ങൾ കാണും. നിങ്ങളുടെ പുരോഗതിക്കു സഹായിക്കാത്ത ദേവന്മാക്കു നാശം ഭവിക്കും ജഗന്നാഥൻെറ പരിചൎയ്യക്കു പ്രകൃതി ഉല്ക്കണ്ഠാപൂൎവ്വം തയ്യാറായി നില്ക്കുകയാണു്. നിങ്ങൾ ലോകേശ്വരനാണു്; സമസ്തലോകത്തിൻെറയും ഭൎത്താവു്-ഭരണാധികാരി-ആണു്. നിങ്ങൾ സത്യത്തോടു ചേൎന്നു പ്രബലമായി നില്ക്കണമെന്നു മാത്രം.

രാമൻെറ നോട്ടത്തിൽ ലോകത്തിലെ മഹാന്മാരായ മനുഷ്യരിൽഒരാളായ ഒരു ഇൻഡ്യൻപുണ്യവാൻെറ ജീവിതത്തെക്കുറിച്ചു് കുറച്ചുപറഞ്ഞുംകൊണ്ടു രാമൻ ഉപസംഹരിക്കാം. ഷാംസ്തബ്രെസ് എന്നാണു് അദ്ദേഹത്തിൻെറ പേർ. അദ്ദേഹം വിശേഷസാഹചൎയ്യങ്ങളിലാണു് ജനിച്ചതു്. ഈ കഥ ശരിയോ തെററോ ആയിരിക്കട്ടെ. നമുക്കതു കാൎയ്യമല്ല. എന്നാൽ അതിൽ കുറച്ചു വാസ്തവം കാണണം. അദ്ദേഹത്തിൻെറ അച്ഛൻ ദരിദ്രനാ

യിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. ആ ദരിദ്രതമനായ മനുഷ്യൻ പൂർണ്ണമായി ഈശ്വരബോധത്തിൽ നിമഗ്നനായിരുന്നു. തൻെറ ശരീരം ജനിച്ചതാണെന്നുള്ള ചിന്തയെ അദ്ദേഹം വിസ്മരിച്ചിരുന്നു. ലോകത്തിൽ അദ്ദേഹത്തിനു ഒരു പ്രത്യേക വ്യക്തിത്വം എപ്പോഴെങ്കിലും ഉണ്ടായിരുന്നതായി അദ്ദേഹം ഓർമ്മിച്ചില്ല. അദ്ദേഹത്തിനു സംസാരം സംസാരമേ ആയിരുന്നില്ല. അദ്ദേഹം ഈശ്വരൻതന്നെയായിരുന്നു; സമ്പൂർണ്ണം ഈശ്വരനായിരുന്നു. ഒരു മനുഷ്യൻെറ അസ്തിത്വം അശേഷം ഒരുഭാവനകൊണ്ടു പൂർണ്ണലീനമായിരിക്കുമ്പോൾ, ആപാദചൂഡം, രോമങ്ങൾ നിശ്ശേഷം, ഈശ്വരബോധത്തിൽ സചേതനമായിരിക്കുന്നു. ഈതരത്തിലായി അദ്ദേഹം തെരുവിൽക്കൂടി നടക്കുമ്പോൾ,തൻെറരോമക്കൂപങ്ങളിൽക്കൂടി 'ഹക്ക്',അനാൽ ഹക്ക്" (ഈശ്വരൻ, ഞാൻ ഈശ്വരനാണു്) എന്ന മന്ത്രം ഉച്ചത്തിൽ പുറപ്പെടുന്നതായി ജനങ്ങൾ കേട്ടിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ വായിൽനിന്നു് "അനാൽ ഹക്ക്", അനാൽ ഹക്കു്" (ഞാൻ ഈശ്വരനാണു്, ഞാൻ ബ്രഹ്മമാണു്) എന്ന മന്ത്രം സദാ പൊഴിഞ്ഞുകൊണ്ടിരുന്നു. സാമാന്യജനങ്ങൾ അദ്ദേഹത്തിനു ചുററും കൂടിനില്ക്കുമായിരുന്നു. അവക്കു് അദ്ദേഹത്തെ വധിക്കണമെന്നു തോന്നി. അദ്ദേഹം നിരീശ്വരവാദിയാണെന്നു് അവർ കുററം പറഞ്ഞു. അദ്ദേഹം എന്തിനു താൻതന്നെ ഈശ്വരനാണെന്നു പറയുന്നു? അദ്ദേഹം സ്വയം ഈശ്വരനായിരുന്നു. അദ്ദേഹത്തിനു ദേഹം ദേഹമല്ലാ, ലോകം ലോകമല്ലാ, 'അനാൽ ഹക്കു്' എന്ന ശബ്ദം ചുണ്ടുകളിൽനിന്നു പുറപ്പെടുന്നകാര്യവും അദ്ദേഹം അറിഞ്ഞിരുന്നില്ല. ഒരുത്തൻ ഉറങ്ങുമ്പോൾ കൂർക്കംവലിക്കുന്നതുപോലെ അദ്ദേഹത്തിൻെറ നിലയിൽനിന്നു്, അദ്ദേഹം തീരെ ഈശ്വരമഗ്നനായിരുന്നു. "അനാൽ ഹക്ക്"എന്ന ശബ്ദം ഉറങ്ങുന്നവൻെറ കൂർക്കംപോലെ പുറപ്പെടുകയായിരുന്നു. എന്നാൽ ജനങ്ങൾക്കദ്ദേഹത്തെ കൊല്ലണമെന്നാണു തോന്നിയതു്. അദ്ദേഹത്തിന്നതുകൊണ്ടെന്തു്? ആക്കദ്ദേഹത്തെ കൊല്ലാൻ കഴിയും? നിങ്ങൾ ശരീരത്തെ തകക്കമായിരിക്കും. എന്നാൽ അദ്ദേഹത്തിൻെറ നിലയിൽനിന്നു നോക്കിയാൽ ശരീരമേ ഇല്ലായിരുന്നു. ശരീരത്തെ വധിച്ചാൽ അദ്ദേഹത്തിനു വേദന വരുമോ? ആ മഹാൻെറ ശരീരം ഒരു കുരിശിൽ കോക്കപ്പെട്ടുവെന്നു പറയപ്പെട്ടിരിക്കുന്നു. വെറും കുരിശിൽ തറയ്ക്കുന്നതു് എളുപ്പമാണെന്നു നിങ്ങൾക്കു് അറിയാമല്ലോ. എന്നാൽ അവിടെ കൂടുതൽ കഠോരമായ ഏതാണ്ടു് ആയിരുന്നു നടന്നതു്. അതു ദീർഘമായ ഒരു ഇരുമ്പുകമ്പി! അററം നിശിതമായി, സൂചിമുനപോലെ കൂർപ്പിച്ചതു്!; മനുഷ്യശരീരം—നെഞ്ചു് ആ ഇരുമ്പുകമ്പിയുടെ അററത്തു്—കുത്ത് മുന

യിൽ **Solar Plexus** (അനാഹതം) കോർക്കാൻ തക്കവണ്ണം വെക്കു കയായിരുന്നു! അക്കാലത്തു് അവർ ഈ മനുഷ്യനെ അങ്ങിനെയാണു് വധിച്ചതു്. ഇതു കുരിശിനെക്കാൾ വളരെ കക്കശമാണെന്നു നിങ്ങൾ കാണുന്നു. അത്തരം ഒരു കുരിശിൽ അദ്ദേഹത്തെ കോർത്തു. ശരീരം ഇങ്ങിനെ ശൂലത്തിൽ കുത്തിയപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു് ഉജ്വലതേജസ്സു തിളങ്ങിയെന്നും "അനാൽഹക്ക്, ഞാൻ ഈശ്വരനാണു്, ഞാൻ ദൈവമാണു്" എന്നമന്ത്രം കണ്ണാനന്ദകരമായി അദ്ദേഹത്തിന്റെ ഓരോ രോമവും ഉൽഘോഷിച്ചു എന്നും വർണ്ണിക്കപ്പെട്ടിരിക്കുന്നു. ശരീരം മരിക്കുന്നു; അദ്ദേഹത്തിനു ഒരു ഭേദവും ഇല്ല. സത്യത്തിനുവേണ്ടി ശരീരം ത്യജിക്കേണ്ടിവന്നാൽ അതും ത്യജിക്കണമെന്നു നിങ്ങൾ ഇവിടെ കാണുന്നു. ഇതുകൊണ്ടു് അന്തിമമായ ആസക്തി തകരുന്നു. ശരീരംകൂടി വേണ്ടിവന്നാൽ ഉപേക്ഷിക്കണമെന്നു പറയുമ്പോൾ, സത്യത്തിനുവേണ്ടി ലൗകികബന്ധങ്ങൾ പരിത്യജിക്കണമെന്നു പ്രത്യേകം പറയണമോ? ഇങ്ങനെയാണു് സത്യത്തിന്റെ മാർഗ്ഗത്തിൽ ചരിക്കേണ്ടതു്. ഇവിടെ ആ മനുഷ്യൻ ശൂലാഗ്രത്തിൽ കോർത്തുകിടക്കുമ്പോൾ, രക്തകണങ്ങൾ ശരീരത്തിൽനിന്നു താഴെപ്പതിച്ചു. ഒരു ബാലിക ആ രക്തത്തുള്ളികൾ ശേഖരിച്ചുവെച്ചുവെന്നു് കഥയിൽ കാണുന്നു. അദ്ദേഹത്തെ ഒരു മഹർഷിയെപ്പോലെ ചിന്തിച്ചാരാധിച്ചിരുന്ന ആ ബാലിക—ഒരുപ്രവാചകനെപ്പോലെ അദ്ദേഹത്തെ പൂജിച്ചിരുന്ന ആ പെൺകുട്ടി ആ രക്തകണങ്ങൾ ഭുജിച്ചുവെന്നും തന്മൂലം അവൾ ഗർഭം ധരിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നു. ഇതു് തെറ്റോ ശരിയോ ആയിരിക്കട്ടെ; നമുക്കതു് ഗണ്യമല്ല. ക്രിസ്തുവിന്റെ മാതാവിൽ പരിശുദ്ധാത്മാവിനാൽ ഗർഭാധാനം സംഭവിക്കാമെങ്കിൽ, വേദാന്തപ്രകാരം ഇതും സത്യമാകാം. എന്തെന്നാൽ ക്രിസ്തുവിനെക്കാൾ ഒട്ടും താഴെയല്ലാത്ത, പലപ്രകാരത്തിലും ക്രിസ്തുവിനെക്കാൾ അധികം മഹാനായ ഒരു മനുഷ്യനായിരുന്നു ഇവിടെ ഉണ്ടായിരുന്നതു് ഈ സ്ത്രീ പ്രസവിച്ച മഹാനെ—മഹർഷിയെപ്പറ്റിയാണു് രാമൻ നിങ്ങളോടു പറയാൻ ആഗ്രഹിക്കുന്നതു്. പ്രാരംഭംമുതൽ, ശൈശവംമുതൽ ഈ കുട്ടി പൂർണ്ണബ്രഹ്മം തന്നെയായിരുന്നു. തന്റെ അച്ഛനെക്കവിഞ്ഞ ഈശ്വരചൈതന്യം ഉള്ളവനായിരുന്നു. അത്ര മഹത്തായ ഒരു പുസ്തകം, നിങ്ങൾക്കതു വിശ്വസിക്കാം. ഈ വീരാത്മാവിന്റെ അധരങ്ങളിൽനിന്നു അത്ര വലിയ ഒരു പുസ്തകം പുറപ്പെട്ടു അദ്ദേഹം പേനായെടുത്തു അതു് എഴുതിയതല്ലാ; എന്നാൽ അദ്ദേഹത്തിൽക്കൂടി സദാ കവിത പ്രവഹിച്ചുകൊണ്ടിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ശബ്ദിച്ചതെല്ലാം കവിതയായിരുന്നു. എന്തുതരം കവിത?

അമേരിക്കൻകവികളുടെ വെറും ശബ്ദരസം മാത്രമുള്ള കവിതയല്ല. അതു് യഥാത്ഥ കവിത—ആ വാക്കിൻെറ ഉത്തമതാല്പര്യത്തിലുള്ള യഥാത്ഥ കവിത—ആയിരുന്നു. അതു് ഈശ്വരബോധം മാത്രം—അല്ലാതെ മററൊന്നുമല്ല—ആയിരുന്നു. അതു് ദിവ്യതത്വങ്ങൾ കൊണ്ടു നിബിഡവും, അതിശ്രേഷ്ഠവും ആയിരുന്നു. ഓരോ വാക്കും അതിൻെറ സ്വണ്ണത്തൂക്കത്തെക്കാൾ—അതു് തൂക്കാൻ സാധിക്കു മെങ്കിൽ—അത്യധികം വിലയേറിയതായിരുന്നു.

ഈ മനുഷ്യനെപ്പററി പ്രസ്താവ്യമായ ഒരു സംഭവകഥ പറയപ്പെട്ടിരിക്കുന്നു. ഒരിക്കൽ ഏതോ ഒരു പ്രദർശനം—സക്കസ്സോ മററു കാഴ്ചയോ ആണെന്നു നമുക്കു പറയാം—സംബന്ധിച്ചു് കുറേപ്പേർ അദ്ദേഹത്തിൻെറ മുമ്പിൽ ആഗതരായി. അവർ അവിടത്തെ രാജാവിൻെറ മുമ്പിൽ അവരുടെ കാഴ്ചകാണിച്ചപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു് ആയിരം ഡോളർ അവക്കു സമ്മാനിച്ചു. പിന്നീടു് അദ്ദേഹം പശ്ചാത്തപിച്ചു. ദിവസംതോറും രാത്രിയിൽ ഇങ്ങിനെ വെറും കാഴ്ചയ്ക്കായി ആയിരം ഡോളർ കൊടുക്കുന്നതു് ആശാസ്യമാണെന്നു് അദ്ദേഹം അപ്പോൾ വിചാരിച്ചില്ല. അതിനാൽ ആ ആയിരം ഡോളറും തിരെ ഈടാക്കാൻ അദ്ദേഹം ഒരു സൂത്രം പ്രയോഗിച്ചു. അദ്ദേഹം ഒരു പുതിയ വിദ്യ എടുത്തു. അവരൊക്കെ സിംഹത്തിൻെറ വേഷംകെട്ടി തൻെറ മുമ്പിൽ വരണമെന്നും, ആ സിംഹക്കാഴ്ച ഭംഗിയായിരുന്നാൽ അവക്കു വളരെ വലിയ സമ്മാനം കൊടുക്കാമെന്നും, തൃപ്തികരമായില്ലെങ്കിൽ അവരുടെ സ്വത്തെല്ലാം അദ്ദേഹം കണ്ടുകെട്ടുമെന്നും ആജ്ഞാപിച്ചു, എന്നാൽ അവക്കു സിംഹത്തിൻെറ വേഷംകെട്ടിക്കളി പരിചയമില്ലായിരുന്നു. അവക്കു സിംഹവേഷംധരിച്ചു രാജാവിനെ തൃപ്തിപ്പെടുത്താൻ കഴിവില്ലാതിരുന്നു. ഇൻഡ്യായിൽ സകലവിധം വേഷവുംധരിച്ചു് മൃഗങ്ങളുടെയുംമററും ഭാവത്തിൽ, അവയെപ്പോലെ നടിക്കുന്നവർ ധാരാളമുണ്ടു്. എന്നാൽ ഈ സെററു കളിക്കാക്കു സിംഹവേഷംകെട്ടാൻ പ്രാപ്തിയില്ലായിരുന്നു.

ഇവർ ഈ മനുഷ്യൻെറമുമ്പിൽ വന്നുനിന്നു കരയുകയും, മുറവിളിക്കയും, കണ്ണുനീർ വാക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ മനുഷ്യൻ—മഹഷി—ലോകത്തോടു മുഴുവനും അനുരഞ്ജിച്ചു് സമസ്തപ്രകൃതിയുമായി യോജിച്ചു്, ഓരോന്നിനോടും എല്ലാത്തിനോടും ഐക്യപ്പെട്ടു് ഇരുന്നതിനാൽ, സഹജമായ അനുകമ്പ അദ്ദേഹത്തിൻെറ ഉള്ളിൽ ഉദിക്കയും, അവരോടു സങ്കടപ്പെടാതെ ഉത്സാഹമായിരിക്കാൻ ഉടനെ പറകയുംചെയ്തു. താനൊരു സിംഹമായി വരാമെന്നും. തന്നത്താൻ സിംഹവേഷത്തിൽ പ്രദശനത്തിനു

എത്താമെന്നും അദ്ദേഹം ഏററു. ഇങ്ങിനെ കഥ തുടരുന്നു. അടുത്തനാൾ രാജാവും പരിവാരങ്ങളും വന്നുനിന്ന് ആരെങ്കിലും സിംഹവേഷംകെട്ടി വരുന്നതു കാണ്മാൻ കാത്തുനില്ക്കവേ, പെട്ടെന്ന് ഇന്ദ്രജാലപ്രകടനംപോലെ ഒരു യഥാൎത്ഥസിംഹം ഓടിവന്നു രംഗത്തിൽ ചാടി. ഈ സിംഹം ഉടനെ ഗൎജ്ജിച്ചുതുടങ്ങി; രാജാവിൻെറ കുട്ടിയെപിടിച്ചു കഷണം കഷണമായി കീറിക്കളഞ്ഞു; വേറെ ഒരു കുട്ടിയെപിടിച്ച് അതു ആകാശത്തേയ്ക്കു എറിഞ്ഞു. വാസ്തവത്തിൽ ഈശ്വരനും ദിവ്യനുംആയ ഒരു മനുഷ്യനാണ് ഇതെന്നു നിങ്ങൾ ഇവിടെ കാണുന്നു. "ഞാൻ ഈ ചെറിയ ഹ്രസ്വശരീരം" ആണെന്നുള്ള ചിന്ത അദ്ദേഹത്തിൽനിന്നു തീരെ പോയിരുന്നു. അതു് അദ്ദേഹത്തിനു തീരെ നിരൎത്ഥകമായിരുന്നു. അദ്ദേഹം ദൈവം തന്നെയായിരുന്നു; ദൈവം—ഒരു സിംഹത്തിൻെറ ആകൃതിയിൽ പ്രത്യക്ഷപ്പെട്ട ഈശ്വരൻതന്നെയായിരുന്നു. താൻ ഒരു ഞൊടിയ്ക്കിടയിൽ ഒരു സിംഹമായി. (നിങ്ങൾ എന്തുചിന്തിക്കുന്നുവോ അതു് ആയിത്തീരുന്നു. നിങ്ങൾ നിങ്ങളുടെ ഈശ്വരത്വം—ദിവ്യത്വം—ചിന്തിക്കയും സാക്ഷാൽക്കരിക്കയും ചെയ്താൽ, നിങ്ങളുടെ ചിന്തകളും മോഹങ്ങളും സാധിക്കയും, ഉടനെ നിങ്ങൾ അവ പ്രാപിക്കയും ചെയ്യും. ഒരു സിംഹമായി വരണമെന്നുള്ള ധ്യാനം അദ്ദേഹത്തെ സിംഹമാക്കി. പ്രദൎശനമെല്ലാംകഴിഞ്ഞു. കുട്ടികളെ കൊന്നുംവെച്ചു മഹൎഷി പൊയ്ക്കളഞ്ഞു. എന്തെന്നാൽ ഒരു സിംഹരൂപിയായി വന്ന ഈ ശരീരമോ, ആ ശരീരമോ മാനിക്കാനില്ലായിരുന്നു. അദ്ദേഹം വ്യക്തികളെ മാനിക്കുന്നവൻ അല്ലായിരുന്നു. ഇവിടെ രാജാവു വളരെ ക്ഷോഭിച്ചു; രാജാവും പരിവാരങ്ങളും കോപാകുലരായി. അവൎക്ക് അദ്ദേഹത്തിൻെറമേൽ പ്രതിക്രിയ ചെയ്യണമെന്നു തോന്നി. അവർ അദ്ദേഹത്തെ കണ്ടുപിടിച്ചു പറഞ്ഞു:—"പ്രഭോ! പ്രഭോ! ആ കുട്ടിയെ തിരിയെ ജീവിപ്പിക്കുക. കൊല്ലാമെങ്കിൽ അങ്ങേയ്ക്കതിനെ തിരിയെ ജീവിപ്പിക്കയും ചെയ്യാമല്ലോ." ക്രിസ്തു മരിച്ചവരെ പുനൎജ്ജീവിപ്പിച്ചതുപോലെ കുട്ടികളെ തിരിയെ ജീവിപ്പിക്കുവാൻ അവർ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. "കംബിയാസൻ അള്ളാ" (ഈശ്വരനാമത്തിൽ എഴുന്നേൽക്കുക; ഈശ്വരൻെറ മഹത്വത്തിൽ നടക്കുക, ജീവിക്കുക, തിരിയെ ജീവനിലേയ്ക്കു വരുക) എന്നുപറഞ്ഞു ജീവിപ്പിക്കാൻ അവർ പറഞ്ഞു. അതായതു് ദൈവത്തിൻെറ നാമത്തിൽ മരിച്ച കുട്ടിയെ ജീവിപ്പിക്കണമെന്നു് അവർ ആവശ്യപ്പെട്ടു. മഹൎഷി ചിരിച്ചുകൊണ്ടു പറഞ്ഞു:—"കംബിയാസൻ അള്ളാ" അതായതു് "ഈശ്വരൻെറ നാമത്തിൽ പുനൎജ്ജീവിച്ചുവരുക." എന്നാൽ കുട്ടി ജീവിച്ചുവന്നില്ല. മഹാത്മാവു പറഞ്ഞു:—"ദൈവത്തിൻെറപേരിൽ കുഞ്ഞു ജീവിച്ചു

വരുന്നില്ല.'' വീണ്ടും അദ്ദേഹം പറഞ്ഞു:—"ദൈവത്തിൻെറ പേരിൽ ജീവിച്ചുവരുക.'' എന്നിട്ടും ബാലൻ ജീവിച്ചില്ല. വീണ്ടും അദ്ദേഹം പറഞ്ഞു: "ഈശ്വരനാമധേയത്തിൽ ജീവിക്കുക; എഴുന്നേൽക്കുക, നടക്കുക; ജഗന്നാഥൻെറപേരിൽ ജീവിക്കുക.'' എന്നാൽ കുട്ടി ഇനിയും ജീവിച്ചില്ല. മഹർഷി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—"കംബിയാസ്നി'' അതായതു്, എൻെറ ആജ്ഞകൊണ്ടു ജീവിക്കുക; എൻെറ കല്പനമൂലം ജീവനിൽ തിരിയെ വരുക.'' ഇപ്പോഠം കുട്ടി തിരിയെ ജീവിച്ചു എഴുന്നേററു. ഇതാണു സത്യം—"കംബിയാസ്നി'' എൻെറ നാമത്തിൻ ജീവിച്ചുവരുക.'' അപ്പോഠം കുട്ടിയുടെ കാൎയ്യം ശരിപ്പെട്ടു; അതു ജീവിച്ചു എഴുന്നേററു. എന്നാൽ ചുററുംനിന്ന ജനങ്ങഠംക്കു ഇതു സഹിക്കാൻ കഴിഞ്ഞില്ല. അവർ പറഞ്ഞു:—"ഇതാ! ഒരു നിരീശ്വരവാദി! പാഷണ്ഡൻ! അയാഠം മാന്യതയെല്ലാം തനിക്കുതന്നെ അവകാശപ്പെടുന്നു. അയാഠംക്കു് ഈശ്വരനോടു തുല്യനാകണം. അയാളെ വെച്ചേക്കാൻ പാടില്ല; അയാളെ വധിക്കണം. ജീവനോടെ തൊലി ഉരിക്കണം.'' മഹർഷിക്കിതു നിരൎത്ഥകമായിരുന്നു. ജനങ്ങഠം അദ്ദേഹത്തെ അറിഞ്ഞില്ല. ശരീരത്തെ—ചെറിയ വ്യക്തിത്വത്തെയല്ലാ അദ്ദേഹം ഈശ്വരൻ എന്നു പറഞ്ഞതു്. അദ്ദേഹം ശരീരത്തെ മുമ്പേ തന്നെ കൊല്ലുകയും കുരിശിൽ തറയ്ക്കുകയും ചെയ്തിരുന്നു. ജനങ്ങഠംക്കു ജീവനോടെ അദ്ദേഹത്തിൻെറ തോൽ ഉരിയണമെന്നു മോഹമുണ്ടായി. കഥ തുടരുന്നു:—ആ മനുഷ്യൻ പെട്ടെന്നു നഖങ്ങളെ തലയിൽ കുത്തിയിറക്കി മൃഗങ്ങളുടെ തോൽഉരിച്ചു വേർപെടുത്തുന്നതുപോലെ, നഖംകൊണ്ടു തൻെറ ചൎമ്മം പൊളിച്ചൂരിയെടുത്തു ഖണ്ഡിച്ചു് ദൂരെയെറിഞ്ഞുകളഞ്ഞു. ആ സന്ദർഭത്തിൽ അദ്ദേഹം ചൊല്ലിയ ഒരു ഭംഗിയേറിയ ദീർഘമായ കവിതയുണ്ടു്—ആ കവിതയുടെ, ഗാനത്തിൻെറ—ചുരുക്കം താഴെപ്പറയാം. അദ്ദേഹം തന്നെത്താൻ സംബോധനചെയ്യുന്നു: "ഹേ! ആത്മാവേ' ആത്മാവേ! ഈ പ്രപഞ്ചത്തിലെ അമൃതമെല്ലാം തനിവിഷമായി കാണുന്ന ഹേ! ആത്മാവേ! (അതായതു് ഇന്ദ്രിയഭോഗങ്ങഠം)ഈ ലോകത്തിലെവിഷമെല്ലാം അമൃതമായിട്ടനുഭവിക്കുന്ന ഹേ! ആത്മാവേ! ഇതാ! ഈ ജനങ്ങഠം എന്താണ്ടു ആവശ്യപ്പെടുന്നു! ലോകം ചത്തശവംഅല്ലാതെ വേറൊന്നുമല്ല. (ഇവിടെ ചത്തശവംഎന്നാൽ ഇന്ദ്രിയസുഖങ്ങഠം എന്നൎത്ഥം ) പ്രാപഞ്ചികസുഖങ്ങഠം വെറും മൃതശരീരമല്ലാതെ വേറൊന്നുമല്ല അവയ്ക്കു പുറകേഓടുന്ന ജനങ്ങഠം വെറും പട്ടികഠം മാത്രമാണു് ഇവിടെ ഇതാ! ഈ പട്ടികഠം! അവക്കീമാംസം തിന്നാൻ കൊടുക്കുക. ഈ കഥ സത്യമോ, മിഥ്യയോ ആയിരിക്കാം. രാമനുമായിട്ടു യാതൊരു കാൎയ്യവുമില്ല. എന്നാൽ ആ കഥയുടെ ചൈ

തന്യം—ജീവൻ—ആ കഥയുടെ സാരമായ ഉപദേശം—നീതിതത്വം—നിങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കേണ്ടതാണു്.

ഇവിടെ സത്യം സാക്ഷാൽക്കരിപ്പാൻ, ധൎമ്മപഥത്തിൽ സഞ്ചരിക്കുവാൻ സകല അനുരക്തിയും പരിവൎജ്ജിക്കുക; ലൌകികമോഹങ്ങൾക്കും, സ്വാൎത്ഥപ്രതിപത്തികൾക്കും മുകളിലേയ്ക്കുയരുക. പ്രാപഞ്ചികസക്തികളും, സ്വാൎത്ഥാഭിലാഷങ്ങളും നിങ്ങളെ തൊടാതെ നിങ്ങൾ സ്വതന്ത്രരായാൽ, സത്യത്തെക്കുറിച്ചെന്തുപറയാം! ഈ നിമിഷം നിങ്ങൾ സത്യംതന്നെയാണു്. "കൂടുതൽ പ്രകാശം തരേണമേ! എനിക്കു അധികം പ്രകാശം വേണമേ!" എന്നു് ഭോഷന്മാരേ പ്രാൎത്ഥിക്കയുള്ളൂ. നിങ്ങളങ്ങനെ പ്രാൎത്ഥിക്കയേ അരുതു്. പ്രകാശത്തിനുവേണ്ടി പ്രാൎത്ഥിച്ചു സമയമേ കളയരുതു്. നിങ്ങളീസെക്കൻറിൽ കാമങ്ങളിൽനിന്നു് മുക്തനായാൽ! പ്രാപഞ്ചികബന്ധങ്ങളിൽനിന്നു സ്വതന്ത്രനായാൽ!; നിങ്ങളുടെ ഓരോ ആഗ്രഹവും നിങ്ങളെ ഓരോ അംശമാക്കി ഛേദിക്കുന്നു; നിങ്ങളെ ചെറിയൊരു അംശമാക്കി ശേഷിപ്പിക്കുന്നു. ഒരു മുഴുമനുഷ്യനെ—പൂൎണ്ണമനുഷ്യനെ – കാണുക എത്ര അപൂൎവം! ഒരു പൂൎണ്ണമനുഷ്യൻ ഒരു പ്രചോദിതമനുഷ്യനാണു്, എന്തെന്നാൽ ഒരു പൂൎണ്ണമനുഷ്യൻ സത്യമാണു്. ഓരോ ആഗ്രഹവും അഥവാ സക്തിയും നിങ്ങളെ ഒരു ഭിന്നസംഖ്യ (Proper fraction) ആക്കുന്നു. എന്നാൽ യഥാൎത്ഥത്തിൽ നിങ്ങളെ ക്ഷുദ്രമായ ഒരംശം, അയുക്തമായ ഒരു അംശം (Improper portion) * ആക്കുന്നു. ഈ കാമങ്ങളെ—മമതങ്ങളെ—പ്രേമങ്ങളെ—ദ്വേഷങ്ങളെ—സക്തികളെ നിങ്ങൾ ഉപേക്ഷിക്കുന്നക്ഷണത്തിൽ, പ്രകാശത്തിനുപോലുംഉള്ള ആഗ്രഹം ദൂരെ എറിയുമ്പോൾ രാഗദ്വേഷങ്ങളിൽനിന്നും മുക്തനായി ഒരുസെക്കൻറുനേരം ഓങ്കാരം ജപിക്കുമ്പോൾ, സമചിത്തനായി ഭവിക്കുമ്പോൾ, ആ മനുഷ്യനും, ആ ശരീരവും, ആ പദാൎത്ഥവും ഒന്നിച്ചു നിങ്ങളിൽ ഒരംശവും ഇല്ലാതിരിക്കുമ്പോൾ, ആഗ്രഹവും, വസ്തുക്കളുമായിട്ടു ഇരുന്ന നിങ്ങളുടെ അംശങ്ങൾ പോകുമ്പോൾ, സ്വസ്ഥനായിട്ടിരിക്കുക; ഓം എന്നു ജപിക്കുക. എന്നിട്ടു നിങ്ങളുടെ ഉള്ളിൽ ആരുണ്ടെന്നു ധ്യാനിച്ചുനോക്കുക. രോമങ്ങളെ വളൎത്തുകയും, രക്തത്തെ നാഡികളിൽ സഞ്ചരിപ്പിക്കയും ചെയ്യുന്നതു നിങ്ങളുടെ സ്വന്തം ആത്മാവല്ലയോ? ഈ ശരീരം ഉണ്ടാക്കിയതു് നിങ്ങളുടെ സ്വന്തചൈതന്യമല്ലയോ? ഈ അത്ഭുതപ്രപഞ്ചവും നിങ്ങളുടെകൈപ്പണിയത്രെ. ഏററവും തീൎച്ചയായി ഇതു നിങ്ങളുടെ സ്വന്തസൃഷ്ടിയാണു്. ഇതു ഗൌനിക്കുക. നിങ്ങളിൽക്കൂടെ കേൾക്കുന്നതാരു്? നിങ്ങളുടെ സ്വന്താത്മാവല്ലയോ?

* Proper=യുക്തം. Improper = അയുക്തം. (വിരോധാഭാസം)

നിങ്ങളിൽക്കൂടെ കാണുന്നതാരു്? നിങ്ങളുടെ സ്വന്തസത്തയല്ലയോ? നിങ്ങളുടെ ധമനികളിൽക്കൂടെ രക്തസഞ്ചാരം ചെയ്യിക്കുന്നതാരു്? നിങ്ങളുടെ സ്വന്തസത്തയല്ലയോ? ഇത്തരം ആശ്ചര്യപ്രദമായ വസ്തുതകൾ നിങ്ങളുടെ ആത്മാവു് പ്രവർത്തിക്കുമെങ്കിൽ, പ്രപഞ്ചമെല്ലാം നിങ്ങളുടെ സൃഷ്ടിയാണു്. അതു ഭാവനചെയ്തു സ്വന്തഈശ്വരത്വത്തിൽ ആനന്ദിക്കുക. നിങ്ങളുടെ ഉള്ളിൽനിന്നു് സുഖം ഉല്ലാദിപ്പിക്കുക. നിങ്ങളുടെ സ്വന്തം ആത്മാവിൽനിന്നു സന്തുഷ്ടി അനുഭവിക്കുക. അസാധാരണ കാമങ്ങളും അനന്തമായ മോഹങ്ങളും പുറത്തെറിയുക. ഓം!, ഓം! എന്നു് ജപിക്കുക കുറെനിമിഷം നിങ്ങളിതുചെയ്താൽ, ആപാദചൂഡം നിങ്ങളുടെ മുഴുസത്തയും—ചൈതന്യവും—ജീവനും പ്രകാശമായി ഭവിക്കുന്നു. പ്രകാശം നിങ്ങളുടെ സ്വന്തസത്തയായിരിക്കുമ്പോൾ എന്തിനു പ്രകാശത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു? നിങ്ങൾ പെട്ടെന്നു പ്രകാശമായിത്തീരുന്നു. നിങ്ങളെ സമ്പൂർണ്ണമാക്കുക, കാമങ്ങളെയും, സക്തികളെയും ദൂരെക്കളയുക ഈ ആകർഷണങ്ങളും വിരോധങ്ങളും ഉപേക്ഷിക്കുക. അനുരക്തിയാണു് ഭിന്നിപ്പിക്കുന്നതു (Attachment detaches). നിങ്ങൾ വീട്ടിൽചെന്നാൽ എന്തിനോടാണു് നിങ്ങൾ സക്തനായിരിക്കുന്നതെന്നു നോക്കുക. പേരിനോ, കീർത്തിക്കോ നിങ്ങൾ ബന്ധിതനാണെങ്കിൽ അതുപേക്ഷിക്കുക. ജനപ്രീതിക്കാണു് നിങ്ങൾക്കാഗ്രഹമുള്ളതെങ്കിൽ, നിങ്ങളെ അതിൽനിന്നു് മോചിപ്പിക്കുക, പ്രപഞ്ചത്തിനു്—ലോകത്തിനു്—ഉപകാരം ചെയ്യാനുള്ള മോഹത്തോടു്, ആഗ്രഹത്തോടുപോലും നിങ്ങൾക്കനുരക്തിയുണ്ടെങ്കിൽ അതു് ത്യജിക്കുക ഇതെന്തോ അനവസാനമായ ഏതാണ്ടാണെന്നു് തോന്നുന്നു. സദാസമയവും നിങ്ങളുടെ സഹായം യാചിച്ചുകൊണ്ടിരിക്കത്തക്കവിധം ഈ ലോകം ഇത്ര പാപ്പരായിട്ടെന്തിനിരിക്കണം?

രാമൻപറയുന്നു:—നിങ്ങളുടെ ഭാഗത്തു യാതൊരാഗ്രഹവും, ഗണ്യതയുംകൂടാതെ നിങ്ങളുടെ കർത്തവ്യമോ ജോലിയോ സ്വീകരിക്കുക. നിങ്ങളുടെ കർമ്മം ചെയ്യുക, നിങ്ങളുടെ വേലയെ ആസ്വദിക്കുക, എന്തെന്നാൽ നിങ്ങളുടെ പ്രവൃത്തിതന്നെ ആനന്ദമാണു്. എന്തെന്നാൽ പ്രയത്നം എന്നതു് സാക്ഷാൽക്കാരത്തിൻെറ മറെറാരു പേരാണു്. നിങ്ങൾക്കു പണിചെയ്യണമെന്നുള്ളതുകൊണ്ടുമാത്രം, ആ പണി ചെയ്യുക. കർമ്മം നിങ്ങളെ സാക്ഷാല്ക്കാരത്തിലേയ്ക്കു നയിക്കുന്നു. മറെറാരു കാരണത്താലും പ്രയത്നം ചെയ്യരുതു്. ഒരു രാജകുമാരൻ ഫുട്ടുബോൾകളിക്കാനൊ മറെറന്തെങ്കിലും രസത്തിനുവേണ്ടി കളിക്കാനോ പോകുന്നതുപോലെ, ഒരു സ്വാതന്ത്ര്യചൈതന്യത്തിൽ പ്രവൃത്തിയോടടുക്കണം. പ്രവൃത്തിയുടെ രൂപത്തിൽ—

വേഷത്തിൽ—ആനന്ദവും സുഖവും ജീവിക്കുന്നതുകൊണ്ടു് നിങ്ങൾ കർമ്മം ചെയ്യണം നാം സ്വതന്ത്രരാണെന്നും, മററൊന്നിനാലും ബദ്ധരല്ലെന്നും നമുക്കു ബോദ്ധ്യമാകണം.

കടമ, കടമ, കടമ എന്നു ജനങ്ങൾ വിളിക്കുന്നു. കടമ എന്തിനു നിങ്ങളുടെ തലയിൽ കയറി ഞെരുക്കണം? ചുമതല തോന്നരുതു്, വേറെ ആരോടും ഉത്തരവാദം ചെയ്യണമെന്നു കരുതരുതു്. നിങ്ങൾ നിങ്ങളുടെ സ്വന്തം നാഥനാണു് ഭയം ഉണ്ടായിരിക്കരുതു്. നിങ്ങൾക്കു പണിയെടുക്കാനുണ്ടെന്നു നാം പറയുന്നു. എന്തെന്നാൽ ഒരു മതാനുഷ്ഠാനമെന്നനിലയിൽ നിങ്ങൾ പാവനമായി കരുതുന്ന ആ പണി ചെയ്യുമ്പോൾ, പരിശുദ്ധവും പവിത്രവുമായി നിങ്ങൾ സങ്കല്പിക്കുന്ന ആ ജോലിയിൽ നിങ്ങൾ വ്യാപൃതരായിരിക്കുമ്പോൾ, കൊള്ളാം! വളരെ നല്ലതുതന്നെ! നിങ്ങളുടെ കൈകൾ പണിയിൽ ഏർപ്പെടാതിരിക്കുമ്പോൾ, അവ സ്വതന്ത്രമായും, നിങ്ങൾ നിങ്ങളുടെമുറിയിൽ സ്വസ്ഥമായും ഇരിക്കുമ്പോൾ, നിങ്ങളുടെ ഈശ്വരത്വം ആസ്വദിക്കുക, നിങ്ങളുടെ ദിവ്യത്വം രുചിക്കുക. അതാണു് അത്യന്തമനോഹരമായ പണി. നിങ്ങൾ സ്വന്തമാക്കിവെച്ചിരിക്കുന്ന സകല മമത്വവും അവിടെ വലിച്ചെറിയുക. മമത്വവും, അനുരക്തിയും ആവശ്യമാണെന്നും, ഉദ്ദേശങ്ങൾ വേണ്ടതാണെന്നും, എന്നെങ്കിലേ നമുക്കു പണിചെയ്യാൻ പ്രേരണയുണ്ടാകുകയുള്ളുവെന്നും ജനങ്ങൾ പറയുന്നു. ഇതൊരു കപടസിദ്ധാന്തം! സകല അനുരക്തിയും ഉപേക്ഷിക്കുക, സകല ആഗ്രഹങ്ങളിലുംനിന്നു് സ്വതന്ത്രനാകുക. നിങ്ങൾ സ്വതന്ത്രനാണെന്നു കാണുന്നനിമിഷത്തിൽ, നിങ്ങളുടെ ചുമലിൽ യാതൊരു ചുമതലാഭാരവും ഞെരുക്കവും ഇല്ലെന്നു് നിങ്ങൾ ബോധിക്കും. നിങ്ങളുടെ ചുമലിലുള്ള സകല ഭാരങ്ങളും അവിടെ നിങ്ങൾതന്നെ കയററിവച്ചതാണു്. അവയെ നീക്കി നിങ്ങളെ സ്വതന്ത്രരാക്കാൻ ആരെയും വിളിക്കേണ്ട ആവശ്യമില്ല. നിങ്ങളുടെമേൽ യാതൊരു ഭാരവും ഇല്ലെന്നും സകല പ്രേമവിഷയങ്ങളും നിങ്ങളിൽത്തന്നെ ഉണ്ടെന്നും കണ്ടു് ഈ വേദാന്തതത്വങ്ങൾ ജീവിതത്തിൽ വരുത്തുമ്പോൾ, നിങ്ങളുടെ അസ്തിത്വം സമസ്തവും പ്രകാശമായി ഭവിക്കുന്നു. പ്രകാശങ്ങളുടെ പ്രകാശമായ നിങ്ങൾ പ്രകാശത്തിനുവേണ്ടി ആരോടു പ്രാർത്ഥിക്കാനുണ്ടു്? ഇതാണു് രഹസ്യം. നിങ്ങൾ സ്വതന്ത്രനായിത്തീരുന്നു. നിങ്ങളെ ആരു് ബന്ധനത്തിൽ ഇടുന്നു? നിങ്ങളെ അടിമപ്പെടുത്തുന്നതാരു്? നിങ്ങളുടെ കാമങ്ങൾതന്നെ; മററൊന്നുമല്ല. ലോകത്തിലെ സകല കാന്തശക്തിയും, പ്രപഞ്ചത്തിലെ സകല ഓജസ്സുകളും നിങ്ങളിൽനിന്നു ഒഴുകുന്നു, ലോകത്തിലെ അത്ഭുതങ്ങളെല്ലാം നിങ്ങള

ടെ തന്നിഅടിമകളാണ്, മറെറാന്നുമല്ല. ഈ ആഗ്രഹങ്ങളിൽനിന്ന് മുക്തനാകുക; ഈ നിമിഷം നിങ്ങൾ മുക്തനാകുന്നു; നിങ്ങൾ കാമങ്ങളിൽനിന്നു മോചിതനാകുമ്പോൾ അതു് നിങ്ങൾക്കു എത്ര മഹത്തരമായ ആനന്ദം കൊണ്ടുവന്നു തരുന്നു! ചുമതലയില്ല, ഭയമില്ല. നിങ്ങൾ എന്തിനു പേടിക്കണം? ഒരു സാധനം പൊയ്പോകുമോ എന്നു ചിന്തിച്ചു നിങ്ങൾക്കു ഭയമുണ്ടാകുന്നു. നിങ്ങൾ മനുഷ്യനെ പേടിക്കുന്നു, അതിനെ പേടിക്കുന്നു, ജനങ്ങളുടെ ആക്ഷേപത്തെയും പരിഹാസത്തെയും ഭയപ്പെടുന്നു; എന്തുകൊണ്ടു്? നിങ്ങൾക്കു നല്ല പേരുവേണം; നല്ലപേരിനോടു് നിങ്ങൾ സക്തനായിരിക്കുന്നു, അതുകൊണ്ടു്. സകല ഭയത്തിൻെറയും ഉല്കണ്ഠയുടെയും കാരണം ആഗ്രഹങ്ങളാണു്; കാമങ്ങളുടെ ഫലങ്ങളാണു് തലവേദനകളും, ഹൃദയവേദനകളും. പ്രസിഡൻറിൻെറയോ, രാജാവിൻെറയോ മുമ്പിൽ നിങ്ങൾ യാചിക്കയും, കെഞ്ചുകയും ചെയ്യുന്നു. എന്തുകൊണ്ടു്? അദ്ദേഹത്തിൻെറ സന്മനസ്സും കാരുണ്യവും നിങ്ങൾ മോഹിക്കുന്നതുകൊണ്ടു്. ഈ കാമങ്ങളിൽനിന്നു് നിങ്ങൾ സ്വതന്ത്രനാകുമ്പോൾ, ഓരോന്നോരോന്നായി ഈ ആഗ്രഹങ്ങളെ നിങ്ങൾ പറിച്ചെറിയുമ്പോൾ, നിങ്ങൾ പ്രഭുക്കന്മാരുടെ പ്രഭുവും, രാജാക്കന്മാരുടെ രാജാവും ആയിത്തീരുന്നു. ആ നിമിഷം നിങ്ങൾ എത്ര മാത്രം മുക്തനും, ആനന്ദവാനുമായി ഭവിക്കുന്നു! ഇങ്ങനെ രാമൻ പറയുന്നു:—സത്യത്തിൻെറ മാൎഗ്ഗം ഇനി സമ്പാദിക്കേണ്ടതോ, കൊണ്ടുവരേണ്ടതോ ആയ ഒരു വസ്തുവല്ല; നിങ്ങളുടെ കാമങ്ങൾ മുഖേന മുമ്പേതന്നെ കെട്ടിപ്പുണിചെയ്തുവെച്ചിട്ടുള്ള ബന്ധനവും, അടിമത്തവും വൃഥാ അഴിച്ചുകളയാൻ മാത്രമേ നിങ്ങളുടെ പരിശ്രമങ്ങളും, ഉത്സാഹങ്ങളുംകൊണ്ടു് സാധിക്കേണ്ടതുള്ളൂ.

ഓം! ഓം!

പുഷ്പങ്ങൾപറിക്കുമ്പോൾ വികസൽകാന്തിപൂരം
പൊയ്പോകും കറപ്പിൻെറ പടരുംചെടിപോലെ,
ക്ഷണനേരത്തേയ്ക്കു നദിയിൽ വെളുത്തുണ്ടായ്
ത്വരിതം നശിച്ചീടും ഹിമത്തിൻബിന്ദുക്കൾപോൽ,
എങ്ങെന്നുനോക്കിക്കാണുംമുമ്പിലേ പാഞ്ഞുപോകും
ജംഗമദ്ധ്രുവവിദ്യുൽജ്യോതിസ്സിൻകുലംപോലെ,
അഥവാ വൎഷപാതേ മിന്നുന്ന ചപലേന്ദ്രാ-
യുധമെന്നതുപോലെ, ലൌകികഭോഗം സൎവ്വം.

# 2. മതത്തിൻെറ ലക്ഷ്യം

(1902 ഡിസംബർ 6-ാംതീയതി ശനിയാഴ്ച, സാൻഫ്രാൻസിസ്കോ, ഹേർമെററിക്ക് ബ്രദർഹുഡ് ഹോളിൽ ചെയ്ത പ്രസംഗം)

എൻെറ ഇതരാത്മാക്കളേ! എൻെറ ഇതരസത്തകളേ!

ക്രമാനുഗതമായി ഒരു പ്രസംഗപരമ്പര ചെയ്യപ്പെടുന്നതാണ്; ഇന്നത്തെ പ്രസംഗം ഒരു അവതാരികമാത്രമായി കരുതാം. "മതത്തിൻെറ ലക്ഷ്യം എന്താണ്? ഹിന്ദുക്കൾ അതിനെ സാക്ഷാല്ക്കരിക്കാൻ എങ്ങനെ പരിശ്രമിക്കുന്നു?"

ഹിന്ദുക്കളുടെ മതപ്രകാരം എല്ലാവരും ഈശ്വരനാണ്—അമോഘമായ രത്നം, സമ്പൂർണ്ണനിധി, പരമാനന്ദം, അവരിൽ തന്നെ സകല സുഖത്തിൻെറയും ഉല്പത്തിസ്ഥാനം ആണ്. എല്ലാവരും ഈശ്വരൻതന്നെയാണ്; എല്ലാം അദ്ദേഹത്തിൽതന്നെയാണ്. അങ്ങനെയാണെങ്കിൽ ജനങ്ങൾ കഷ്ടപ്പെടുന്നത് എന്തുകൊണ്ട്? എങ്ങിനെ? അവർ കഷ്ടപ്പെടുന്നത് പരിഹാരം അവരുടെപക്കൽ ഇല്ലാഞ്ഞിട്ടല്ല; അവരിൽതന്നെ അപരിമിതമായ ആനന്ദം ഇല്ലാഞ്ഞിട്ടല്ല; അവരിൽതന്നെ അമൂല്യമായ രത്നം അകത്തില്ലാത്തതുകൊണ്ടല്ല; പിന്നെയോ, അതിനെ സൂക്ഷിച്ചിരിക്കുന്ന സഞ്ചിയുടെ കെട്ടഴിക്കുന്നത് എങ്ങനെ, അതിരിക്കുന്ന പെട്ടിയുടെ അടപ്പ് തുറക്കുന്നതെങ്ങിനെ എന്ന് അറിയാത്തതുകൊണ്ടാണ്. മററു പദങ്ങളിൽ പറഞ്ഞാൽ, ജനങ്ങൾ അവരുടെ സ്വന്തചൈതന്യത്തിൽ പ്രവേശിക്കാനും, സ്വന്തജീവനിൽ പിടിക്കാനും അറിയുന്നില്ല. എല്ലാ മതവും നമ്മുടെ മറവു് നീക്കാനും, നമ്മുടെ സത്തയെ മൂടിവെച്ചിരിക്കുന്ന മൂടുപടം തുറന്ന് നമ്മെ വെളിക്ക് കൊണ്ടുവരാനുംഉള്ള ശ്രമംമാത്രമാണ്. നമ്മുടെ ഉള്ളിലെ അനർഘമായ രത്നങ്ങൾക്കും നമുക്കും തമ്മിൽ നാം നമ്മുടെ സ്വന്തം കൈകളും പരിശ്രമങ്ങളുംകൊണ്ട് ഒരു തിരസ്കരിണിവെച്ചിട്ടുള്ളതും, നാം നമ്മെത്തന്നെ ദരിദ്രരും ആകുലരും നികൃഷ്ടരുംആക്കി നിർത്തിയിട്ടുള്ളതും ആണ്. "ഓരോ മനുഷ്യനും ഭോഷൻെറഭാഗം അഭിനയിക്കുന്ന ഈശ്വരനാണ്" എന്ന് ഇമേഴ്സൺ * പറയുന്നത് ശരിയാണ്.

നമ്മുടെ കണ്ണുകളെ മറയ്ക്കുന്ന തിരശ്ശീല കീറിയെറിയാൻ ഉള്ള പ്രയത്നങ്ങളാണ് എല്ലാ മതപ്രമാണങ്ങളും, വിശ്വാസപ്രമാണ

---

* ഒരു അമേരിക്കൻതത്വജ്ഞാനി—ഗ്രന്ഥകാരൻ.

ങ്ങളും. മററുപല വിശ്വാസപ്രമാണങ്ങളെയുംകാൾ, ഈ മറവ് ലഘുവാക്കാൻ സാധിച്ചിട്ടുള്ള ചില വിശ്വാസപ്രമാണങ്ങൾ ഉണ്ട്. എന്നാൽ എല്ലാ വിശ്വാസപ്രമാണങ്ങളിലുംപെട്ടവരിൽ കുറച്ചുപേർ യഥാൎത്ഥ ചൈതന്യം സിദ്ധിച്ചവരായിട്ടുണ്ട്. യഥാർത്ഥ ചൈതന്യമുള്ളിടത്തു് മറവ് കട്ടിയായിരുന്നാലും, ലോലമായിരുന്നാലും, അല്പനേരത്തേയ്ക്കുതു് മാററിനിത്തി പരമാർത്ഥവസ്തുവിലേയ്ക്കു ഒരു നോട്ടം കൊടുക്കും. ഇതു് ഒരു ദൃഷ്ടാന്തംകൊണ്ടു തെളിയിക്കാം. ഇതാ! ഒരു കർട്ടൻ അഥവാ തിരശ്ശീല! (ഇവിടെ സ്വാമി ഒരു കൈലേസ് കണ്ണിനുമുമ്പിൽ പിടിക്കുന്നു) അതു് കണ്ണിൻെറ മുമ്പിലിരുന്നു് അതിനെ മൂടുന്നു. നമുക്കതൊന്നു മാററിവെച്ചുനോക്കാം. എന്നാൽ അതു് വീണ്ടും കൺമുമ്പിൽവന്നു വീഴുന്നു. അതിനെ അല്പം കനംകുറഞ്ഞതാക്കാം. (ലേസിൻെറ മടക്ക് കുറെ നിവിക്കുന്നു) കർട്ടൻെറ കനം വളരെ കുറഞ്ഞു് ലോലമായാലും അതിനെ മാററാം, പക്ഷേ അതു് തിരിയെ കൺമുൻപിൽ വരുന്നു. സ്ഥിരമായിട്ടതു് കൺമുമ്പിൽനിന്നു് മാറുന്നില്ല. അതു് നമുക്കു് കുറെക്കൂടി കനാകുറയ്ക്കാം. ഇപ്പോഴും കുറെ നേരത്തേയ്ക്കുതു് മാററിനിത്താമെങ്കിലും വീണ്ടും അതു് തിരിച്ചുവരുന്നു. കർട്ടൻ വളരെ വളരെ ലോലമാകുമ്പോൾ, അതു മുഴുവൻ നീക്കാതെയിരുന്നാൽ പോലും, കാഴ്ചയ്ക്കുതു് വലിയ തടസ്സമായിരിക്കുന്നില്ല. നമുക്കതിൽക്കൂടെ കുറെയൊക്കെക്കാണാം. ഇപ്പോഴും നമുക്കതു് മാററിനിത്തുകയും ചെയ്യാം. ഘനം തീരെ കുറയുമ്പോൾ, പ്രായോഗികമായി അതു് ഒരു മറവേ അല്ലെന്നു പറയാം. അപ്പോൾ പേരിനു് ആ മറവിരുന്നാലും നമുക്കു് പരമാനന്ദം അനുഭവിക്കാം. ദൈവത്തെ നേരിട്ടു കാണാം; പോരാ, നാം ദൈവംതന്നെയാണെന്നു് കാണപ്പെടാം. ലോകത്തിലെ യാതൊന്നും നമ്മെ ബാധിക്കയോ, നമ്മുടെ സുഖം നശിപ്പിക്കുമ്പോ ചെയ്യുന്നില്ല. നമ്മുടെ മാർഗ്ഗത്തിൽ യാതൊന്നും തടസ്സം ആയി നില്ക്കുന്നില്ല. അജ്ഞാനമാകുന്ന കർട്ടൻ (മായയാകുന്ന മറവ്) ഏററവും ലോലമാക്കിച്ചെയ്യുന്നവെന്നുള്ളതാണു, വേദാന്തത്തിനു് ഇതരമതങ്ങളെക്കാൾ—വിശ്വാസപ്രമാണങ്ങളെക്കാൾ—ഉള്ള മേന്മ. അതു് ഒരു ജ്ഞാനിയെ അവൻെറ തൊഴിൽപരമായ ജീവിതത്തിൽപോലും, ആനന്ദകരമായ കാഴ്ചകാണ്മാൻ പ്രാപ്തനാക്കിത്തീക്കുന്നു.

പരമചൈതന്യത്തോടു സംയോജിച്ചുനില്ക്കുന്ന കാലത്തോളം സകല മതവിശ്വാസപ്രമാണഭക്തന്മാൎക്കും അവരുടെ കണ്ണിൻമുമ്പിൽനിന്നു്, കട്ടിയായാലും കനംകുറഞ്ഞതായാലും, തിരശ്ശീലയെ പൊക്കിനിത്തി ചിലപ്പോൾ ദിവ്യത്വവുമായിട്ടാനന്ദിക്കാൻ കഴിയും. ഒരു വേദാന്തിക്കും സുഖകരമായ ആവേശത്തിൽ തന്നത്താൻ മഗ്ന-

നാകാം; എന്നാൽ വേദാന്തി സാധാരണാവസ്ഥയിൽപോലും, കൂടുതൽ ഘനമുള്ള മറവോടുകൂടിയ വിശ്വാസപ്രമാണങ്ങൾ കൊട്ടുകുന്നതിനെക്കാൾ, ആ ദിവ്യദൎശനം സ്ഥിരമായി ആസ്വദിക്കുന്നു.

ഇൻഡ്യായിൽ ഉള്ളവർ ഉൾപ്പെടെ, ലോകത്തിലെ സകല കക്ഷിക്കാരെയും പ്രാധാന്യേന മൂന്നു് തലക്കെട്ടുകളിൽ മൂന്നു് ശാഖകളിൽ വീതിച്ചുനിൎത്താം, സംസ്കൃതത്തിൽ പറയുകയാണെങ്കിൽ ഈ വിഭാഗങ്ങളെ 'തസ്യൈവാഹം', 'തവൈവാഹം', 'ത്വമേവാഹം' എന്നീ മൂന്നു പദസമൂഹങ്ങൾകൊണ്ടു് വേർതിരിക്കാം. ആദ്യത്തേതായ "തസ്യൈവാഹം" എന്നതിന്റെ അൎത്ഥം "ഞാൻ അവന്റേതാണു്" എന്നാണു്. ഈ അർത്ഥത്തിൽ ഉൾപ്പെടുന്ന വിശ്വാസപ്രമാണക്കാൎക്കു് അവരുടെ കൺമുമ്പിൽഉള്ള മൂടി ഏററവും ഘനമായ രൂപത്തിൽ ഇരിക്കുന്നു. രണ്ടാമത്തേ മതവിശ്വാസപ്രമാണം "തവൈവാഹം", അതായതു് "ഞാൻ നിന്റേതാണു്" എന്ന നിലയിൽ എത്തിക്കുന്നതാണു്. ഈ ഒന്നും രണ്ടും വിശ്വാസപ്രമാണങ്ങൾ അഥവാ സിദ്ധാന്തകൂടങ്ങൾ തമ്മിലുള്ള താരതമ്യം നോക്കുക. ആദ്യത്തേതിൽ, ഭക്തൻ - ആരാധകൻ — തന്റെ മതപരമായ പരിശ്രമങ്ങളിൽ, ഈശ്വരൻ അവനിൽനിന്നു ദൂരത്തിൽ അദൃശ്യനായി നില്ക്കുന്നുവെന്നു ഗണിക്കുന്നു; ഈശ്വരനെപ്പററി, ദൂരസ്ഥനെന്നതുപോലെ, പ്രഥമപുരുഷവചനത്തിൽ "ഞാൻ അവന്റേതാണു്" എന്നു പറഞ്ഞുകൊണ്ടു് സംഭാഷിക്കുന്നു. ഇതാണു മതാനുഭവപുരോഗതിയുടെ പ്രാരംഭം. ഇതു് മതശിശുക്കൾക്കു് അമ്മയുടെ മുലപ്പാൽപോലെയാണു്. ഈ പാൽകൊണ്ടു് പോഷിപ്പിക്കപ്പെടാതെ, ഒരു മനുഷ്യനു് മതോപാസനയിൽ ഒരു പുരോഗതിയും സമ്പാദിക്കുക സാദ്ധ്യമല്ല. "ഞാൻ അവന്റേതാണു്". ഇതെങ്കിലും പൂൎണ്ണമായി അനുഭവത്തിൽ വരുത്തുന്ന ഒരു മനുഷ്യൻ മാധുൎയ്യവാനല്ലയോ? കാലത്തെ ഉണൎന്നെഴുന്നേററു് "എന്റെ നാഥൻ എന്നെ ഉണൎത്തുന്നു" എന്നു് ചിന്തിക്കയും തന്റെ ഔദ്യോഗികകൎമ്മങ്ങൾക്കു് പോകുമ്പോൾ ആ കൎമ്മങ്ങൾ തന്റെ പ്രിയപ്പെട്ട, ആസ്വാദ്യനായ നാഥൻ— ഈശ്വരൻ—തന്നിൽ ഏല്പിച്ചതാണെന്നു് പരിഗണിക്കയും സൎവ്വലോകവും ഈശ്വരന്റേതാണെന്നു് കരുതുകയും, തന്റെ വീടും ബന്ധുക്കളും, സ്നേഹിതന്മാരും എല്ലാം ഈശ്വരകാരുണ്യംകൊണ്ടു് ലഭിച്ചതും, അദ്ദേഹത്തിന്റേതും ആണെന്നു് സങ്കല്പിക്കയും ചെയ്യുന്നതു്—മധുരമനോഹരമല്ലയോ? ഹാ! ലോകം ഒരു യഥാർത്ഥസ്വൎഗ്ഗവും പറുദീസായും ആയി രൂപാന്തരപ്പെടുകയില്ലയോ? മനുഷ്യൻ ആത്മാർത്ഥചിന്തകനും, ഉത്സാഹി

യും ആയിരുന്നു്, തൻെറ പൂർണ്ണഹൃദയംകൊണ്ടു തൻെറ സകലതും തൻെറ നാഥനായ ഈശ്വരൻെറ വകയാണെന്നും, തൻെറ ശരീരംപോലും അദ്ദേഹത്തിൻെറ വകയെന്നും ധ്യാനിച്ചു് അനുഭവിക്കട്ടെ! പൂർണ്ണമായിട്ടനുഭൂതിയിൽ വരുത്തുമ്പോൾ ഈ തത്വംപോലും പരമസുന്ദരവും, അവർണ്ണനീയവും, അത്യുന്നതവും ആയ ആഹ്ലാദവും, ആനന്ദവും തരുന്നു. എത്ര ശ്രേഷ്ഠം! ധ്യാനിച്ചു പ്രയോഗത്തിൽ വരുത്തിയാൽ ഇതു ധാരാളം രുചികരവും ആസ്വാദ്യവുമാണു്. എന്നാൽ ഒരു മതവിശ്വാസപ്രമാണമെന്നനിലയിൽ ഇതു ആദ്യത്തേ പടിമാത്രമാണു്.

ഇതുമായിട്ടു രണ്ടാമത്തെ വിശ്വാസപ്രമാണത്തിൻെറ ഭാവത്തെ—മതചര്യയുടെയും ഭക്തിയുടെയും ദ്വിതീയഭാവമായ "തവൈവാഹം" എന്ന നിലയെ, താരതമ്യപ്പെടുത്താം. "ഞാൻ നിൻേറതു്; നിന്നെ എനിക്കു സദാ വേണം; ഞാൻ നിൻേറതു്, നിൻേറതു്." ആദ്യത്തെ നില വളരെ മധുരമായിരുന്നു. എന്നാൽ ഇതു് അധികം രമണീയവും ആസ്വാദ്യവും അത്രെ. ആദ്യത്തെ ഭാവന ബഹുവിശിഷ്ടവും വിലയേറിയതും ആയിരുന്നു; ബഹുകാമ്യമായിരുന്നു. എന്നാൽ ഇപ്പോഴത്തേതു്—ഈ രണ്ടാമത്തേതു് അധികാ അഭികാമ്യവും, അധികം പ്രിയപ്രദവും ആണു്. വ്യത്യാസം ശ്രദ്ധിക്കുക. കട്ടൻ—മറവു്—അധികം ലോലമായി എന്നുള്ളതാണു് ഈ വ്യത്യാസം. "ഞാൻ നിൻേറതാണു്" എന്നതിൽ ഈശ്വരനെ പ്രഥമപുരുഷപദമായ 'അവൻ' എന്നതുകൊണ്ടു പരാമർശിക്കുന്നില്ലെന്നു നിങ്ങൾ കാണുന്നല്ലൊ. അദ്ദേഹം ദൂരസ്ഥനായി പട്ടതായ്ക്കുപിൻവശം ഇരിക്കുന്നില്ല. പിന്നെയോ നമ്മോടു അടുത്തു് അഭിമുഖം വന്നെത്തിയിരിക്കുന്നു. അദ്ദേഹം പ്രിയപ്പെട്ടവനും സമീപസ്ഥനും ആയി നമ്മോടു വളരെ അടുത്തിരിക്കുന്നു. നമ്മോടു വളരെ സമീപത്തിൽ, നാം അദ്ദേഹത്തോടു വളരെ പരിചിതരായിത്തീരുന്നു ഒരു വിശ്വാസപ്രമാണമെന്ന നിലയ്ക്കു് ഇതു് ഉൽകൃഷ്ടതരമായിരിക്കുന്നു എന്നാൽ പലപ്പോഴും ജനങ്ങൾ ഈ ഭാവനയിൽ വിശ്വസിക്കയും, ഏററവും അടുത്തു വളരെ പരിചിതനെന്ന നിലയിൽ ഈശ്വരനെ സംബോധന ചെയ്യുകയും ചെയ്തിട്ടും അവൎക്കു സജീവമായ വിശ്വാസം—ഉത്സാഹചൈതന്യം—യഥാൎത്ഥമായിട്ടു് ഇല്ലാതെയുള്ള അവസ്ഥ സംഭവിക്കുന്നു.

സജീവശ്രദ്ധയോടു ബന്ധിച്ചിരുന്നിരുന്നതിനാൽ മതജീവിതപുരോഗമനത്തിൻെറ ആദ്യപതനത്തിൽ, കർട്ടൻ വളരെ ഘനമായിരുന്നിട്ടും, കുറച്ചുനേരത്തേയ്ക്കു് അതു നീക്കപ്പെട്ടുകാണുന്നു. സമ്പൂർണ്ണഹൃദയത്തോടും, ആത്മാൎത്ഥതയോടുംകൂടി—രക്തത്തിലെ ഓരോ

ബിന്ദുവിലും നിറച്ച്, താൻ ഈശ്വരൻേറതാണ്, "ഞാൻ ഈശ്വരൻേറതാണ്" എന്നുതന്നെ, എന്ന ഭാവന ദേഹത്തിലെ രോമകൂപങ്ങളിൽ എല്ലാംകൂടി പ്രവഹിപ്പിച്ച് ഒരു മനുഷ്യൻ സാക്ഷാൽക്കരിക്കുമ്പോൾ, ആ ആത്മാർത്ഥതയും, ചൈതന്യവും, ജീവനും അപ്പോഴത്തേയ്ക്കു കൺമുമ്പിലുള്ള കർട്ടൻ ദൂരികരിച്ച് അവൻ ഈശ്വരനിൽ—സ്വസ്വത്തിൽ—ലയിച്ചു നിമഗ്നനായി ദിവ്യനായിത്തീർന്ന്, അപ്പോഴത്തേയ്ക്കു ഈശ്വരൻതന്നെയായി പരിണമിക്കുന്നു. "ഞാൻ നിൻേറതാണ്" എന്ന ഉന്നതതത്വത്തിൽ വിശ്വസിക്കുന്ന മനുഷ്യൻ ചിലപ്പോൾ യഥാർത്ഥ സജീവശ്രദ്ധപോരാതെ, ഈശ്വരസാന്നിധ്യത്തിൻെറ മധുരഫലങ്ങൾ ആസ്വദിക്കാതെയിരിക്കുന്നു. എന്നാൽ മതവിശ്വാസപരിണാമത്തിൻെറ ഈ രണ്ടാമത്തെ പതനത്തിലും സജീവശ്രദ്ധയും ചൈതന്യവും സംഘടിപ്പിക്കാം.

മൂന്നാമത്തെ വിശ്വാസപ്രമാണരൂപത്തിൽ "ത്വമേവാഹം" (ഞാൻ നീതന്നെയാണ്) എന്ന സ്ഥിതിവരുന്നു. അതു നമ്മെ ഈശ്വരനുമായി എന്തുമാത്രം അടുപ്പിക്കുന്നു എന്നു നിങ്ങൾ കാണുന്നോ? "ഞാൻ അവൻേറതാണ്" എന്ന ആദ്യ രൂപത്തിൽ ഈശ്വരൻ ദൂരെ, അകലെയാണ്. "ഞാൻ നിൻേറതാണ്" എന്ന രണ്ടാംരൂപത്തിൽ ദൈവം നമുക്കഭിമുഖമായി കുറെക്കൂടി അടുത്തുവരുന്നു. എന്നാൽ ഈ അന്തിമരൂപത്തിൽ—മതപുരോഗതിയുടെ അവസാനരൂപത്തിൽ—നാമും ദൈവവും ഒന്നായിത്തീരുന്നു. പ്രേമിക്കുന്നവനും, പ്രേമവിഷയവും ഒന്നായി പ്രേമത്തിൽ ലയിച്ചു നഷ്ടരായിത്തീരുന്നു. ഇങ്ങനെയാണ് നാം വേദാന്തം പ്രാപിക്കുന്നതു്. ശലഭം ദീപത്തിൻെറ അടുത്തടുത്തുവന്ന് അതിൻെറ ശരീരം ദഹിപ്പിച്ചു ദീപമായിത്തീരുന്നതുവരെ അതു് അതിനെ സമീപിച്ചു. ഉപനിഷത്ത് (വേദാന്തം) എന്ന വാക്കിൻെറ അക്ഷരാർത്ഥം പ്രകാശങ്ങളുടെ പ്രകാശത്തോടു അടുത്തുവന്ന് (ഉപ) ഏററവും സുനിശ്ചിതമായി (നി) ഭിന്നിപ്പിക്കയും, വേർതിരിക്കയും ചെയ്യുന്നബോധം നശിപ്പിക്കുക (ഷദ്) എന്നാകുന്നു. ഈശ്വരൻെറ യഥാർത്ഥഭക്തൻ അദ്ദേഹവുമായിട്ട് ഒന്നുതന്നെയാണ്. അറിയാതെ, സ്വമേധയാ, സ്വയം പ്രേരിതനായിട്ട്, 'ഞാൻ അവനാണ്,' 'ഞാൻ അദ്ദേഹമാണ്,' 'ഞാൻ അദ്ദേഹമാണ്,' 'ഞാൻ അവിടുന്നാണ്,' "ഞാനും നീയും ഒന്നാണ്" "ഞാൻ ഈശ്വരനാണ്," 'ഞാൻ ദൈവമാണ്,' 'ഞാൻ ഒട്ടും വേറെയല്ല'—എന്നിങ്ങനെയുള്ള പ്രസ്താവനകൾ അവൻെറ വായിൽനിന്നു പുറപ്പെടുന്നു. ഇതാണ് മതോപാസനയുടെ—ഈശ്വരോപാസനയുടെ—

അവസാനഭാവം. അതാണ് ഉൽകൃഷ്ടതമമായ ഭക്തിചൈതന്യം. ഇതാണ് വേദാന്തം—ജ്ഞാനത്തിൻെറ അവസാനം—എന്നു പറയപ്പെടുന്നതു്. ഇവിടെ സകല ജ്ഞാനവും അതിൻെറ അന്തത്തിൽ എത്തുന്നു. ഇവിടെ ഉദ്ദിഷ്ടലക്ഷ്യം പ്രാപ്തമാകുന്നു. ഈ വിശ്വാസപ്രമാണത്തിൽപോലും, കർട്ടനുണ്ടെങ്കിലും. പരമാർത്ഥം മുഴുവനും കാണത്തക്കവിധം അതു് അത്രലോലവും സൂക്ഷ്മവും ആണെങ്കിലും, ചിലർ ആത്മാർത്ഥതയും, ഏകാന്തശ്രദ്ധയും, ചൈതന്യവും മതിയാകാതെ, പൂർണ്ണാനുഭവം പ്രാപിക്കത്തക്കവിധം കർട്ടൻ നീങ്ങാതെയിരിക്കുന്നു. ഈ ബോധ്യം കേവലം ബുദ്ധിപരമായി പ്രാപിച്ചു്, തത്വത്തെ വികാരങ്ങളിൽകൂടി പ്രാപിക്കാൻ പരിശ്രമിച്ചു്, കർട്ടൻ മന്ദമന്ദം നീക്കി, സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നവരും ഉണ്ടു്. അവർ സ്വർഗ്ഗംതന്നെയായിത്തീരുന്നു. ഇവരാണു് മുക്തപുരുഷന്മാർ—ഈ ജീവിതത്തിൽതന്നെ മുക്തന്മാരായി ജീവന്മുക്തന്മാർ—എന്നു പറയപ്പെടുന്നതു്.

വിശ്വാസപ്രമാണം സംസ്കരിച്ചു് സ്ഫുടീകരിച്ചു് കർട്ടൻ അധികമധികം ലോലമാക്കിത്തീർക്കുന്നതു പ്രാധാന്യേന ബുദ്ധിമുഖേനയാണു്; കർട്ടൻ പൊക്കിമാററുന്നതു് വികാരങ്ങൾ മുഖേനയുമാണു്. മേല്പറഞ്ഞ മൂന്നുരൂപങ്ങളിലുമുള്ള മതവിശ്വാസങ്ങളെ വേർതിരിച്ചു വിവരിച്ചുകഴിഞ്ഞല്ലോ ഇനി നമുക്കു ഈ ഭിന്നവിശ്വാസപ്രമാണങ്ങളെ പ്രാപിച്ച മനുഷ്യർക്കു് എത്രമാത്രം ഇടയിലുള്ള പട്ടതാ—മറവു്—തള്ളിനീക്കാൻ കഴിയുമെന്നു നോക്കാം. കുറെ ഹിന്ദുക്കളുടെ കഥകൊണ്ടു് ഇതു ഉദാഹരിക്കാം.

അഗാധപ്രേമത്തിൽ നിമഗ്നയായി, തൻെറ മുഴുവൻ ജീവനും പ്രേമമായി പരിവർത്തനം ചെയ്യപ്പെട്ട ഒരു കന്യകയുണ്ടായിരുന്നു. ഒരിക്കൽ അവൾ കലശലായി ദീനംപിടിപെട്ടു കിടന്നു. ഡോക്ടർമാർ ആനയിക്കപ്പെട്ടു. അവളുടെ രക്തം കുറെചോർത്തി എടുത്തുകളയുകമാത്രമേ പരിഹാരമാർഗ്ഗമുള്ളൂ എന്നു അവർ വിധിച്ചു. അതിനായിട്ടവർ അവളുടെ ഭുജങ്ങളിലെ മാംസത്തിൽ കുഴലുകൾ കടത്തി; എന്നാൽ അവളുടെ ശരീരത്തിൽനിന്നു. രക്തംവന്നില്ല. എന്നാൽ അത്ഭുതകരമായവിധം അവളുടെ പ്രാണപ്രിയൻെറ തൊക്കിൽനിന്നു രക്തം പ്രവഹിക്കുന്നതായി കാണപ്പെട്ടു. എന്തൊരുവിസ്മയകരമായ ഐക്യം! അതൊരു പഴങ്കഥയെന്നു നിങ്ങൾ പറഞ്ഞു ചിരിച്ചേയ്ക്കാം; കള്ളക്കഥയെന്നു നിങ്ങൾ പറഞ്ഞേയ്ക്കാം. എന്നാൽ അതു യഥാർത്ഥമാകാൻ പാടില്ലാത്തതല്ല. ഇതിനേക്കാൾ താഴ്ന്ന അളവിൽ പ്രേമബദ്ധരായ ജനങ്ങളുടെ അനുഭവത്തിൽനിന്നു്, അവരുടെ ജീവിതത്തിൽ ഇതുപോലെ ചിലതും സംഭവിച്ചതായി

തെളിയുന്നുണ്ടു്. ആ കന്യക തന്റെ പ്രത്യേകവ്യക്തിത്വം തീരെ മറന്നു് തന്റെ കമിതാവുമായി ഐക്യപ്പെട്ടിരുന്നു; പ്രാണനാഥൻ സ്വയം അവളുടെ പ്രേമത്തിൽ ലയിച്ചുമിരുന്നു.

ഇത്തരത്തിൽ ഈശ്വരനോടു സാത്മ്യം പ്രാപിക്കുന്നതാണു് യഥാർത്ഥമതം. എന്റെ ശരീരം അദ്ദേഹത്തിന്റെ ശരീരവും, അദ്ദേഹത്തിന്റെ അസ്തിത്വം—ആത്മാവു്—എന്റെ അസ്തിത്വവും ആയിത്തീരട്ടെ!

യോഗവാസിഷ്ഠം എന്ന ഹിന്ദുക്കളുടെ ഒരു മതഗ്രന്ഥത്തിൽ, തീയിൽ എറിയപ്പെട്ട ഒരു സ്ത്രീയെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. അഗ്നി അവളെ ദഹിപ്പിച്ചില്ലെന്നു ജനങ്ങൾ കണ്ടു. അവളുടെ കാമുകനെ തീയിലിട്ടുനോക്കി, എന്നാൽ തീ അവനെയും ദഹിപ്പിച്ചില്ല അതെങ്ങനെ? അവരെ ആററിൽ എറിഞ്ഞുനോക്കി, എന്നാൽ വെള്ളം അവരെ കൊണ്ടുപോയില്ല. പൎവ്വതശിഖരങ്ങളിൽനിന്നു അവരെ കീഴോട്ടുതള്ളിയിട്ടുനോക്കി; ഒരു എല്ലുപോലും തകന്നില്ല. ഇതെങ്ങിനെ? ആ സമയം അവക്കിതിനെ ശരിയായി തെളിയിക്കാൻ കഴിഞ്ഞില്ല. അവർ അവക്കുതന്നെ അതീതരായിരുന്നു. യാതൊരുചോദ്യങ്ങളും ചെയ്യാത്ത—എത്താത്ത—ഒരവസ്ഥയിൽ അവർ ഇരുന്നിരുന്നു. വളരെനേരം കഴിഞ്ഞു് കാരണം ചോദിക്കപ്പെട്ടു; അവരിൽ ഓരോരുത്തക്കും ആ ആളുടെ പ്രിയപ്പെട്ട പ്രേമപാത്രം സൎവ്വസ്വവുമായിരുന്നു എന്നു അവർ പറഞ്ഞു. അഗ്നി അഗ്നിയല്ലായിരുന്നു; സ്ത്രീയ്ക്കു അഗ്നി തന്റെ പ്രിയതമനായിരുന്നു; പുരുഷനു അഗ്നി തന്റെ പ്രിയതമയുമായിരുന്നു. ജലം അവനു ജലമായിരുന്നില്ല; അതവന്റെ കാമിനിയായിരുന്നു. കല്ലുകൾ അവക്കു് കല്ലുകൾ ആയിരുന്നില്ല; ശരീരം അവക്കു ശരീരമായിരുന്നില്ല. അതുകളെല്ലാം പ്രിയപ്പെട്ട മററെയാൾ ആയിരുന്നു. പ്രിയപ്പെട്ടയാൾ എങ്ങനെ അവരെ ഉപദ്രവിക്കും?

ഹിന്ദുപുരാണങ്ങളിൽ, ഒരു ചെറുബാലനെ അവന്റെ അച്ഛനായ രാജാവു് ധൎമ്മപരമായ ജീവിതത്തിൽനിന്നു വ്യതിചലിപ്പിക്കാൻ ശ്രമിച്ചതായി ഒരു കഥ നാം വായിക്കുന്നു. അവൻ തന്നെപ്പോലെ ഒരു സംസാരി—ലൌകികൻ—ആയിരിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അച്ഛന്റെ ഗുണദോഷങ്ങളും ശിക്ഷകളും ഒന്നും അവന്റെ നിശ്ചയത്തിനെ തിരിക്കുന്നതിൽ ഫലപ്പെട്ടില്ല. അതുകളെല്ലാം അവനിൽ നിഷ്പ്രയോജനങ്ങളായി. കുട്ടിയെ അവന്റെ ലക്ഷ്യത്തിൽനിന്നു പിൻതിരിപ്പിക്കാൻ

അച്ഛൻ അവനെ തീയ്യിൽ ഇട്ടുനോക്കി; എന്നാൽ തീ പൊള്ളിയില്ല. രാജാവു് അവനെ വെള്ളത്തിൽ ഇട്ടുനോക്കി; എന്നാൽ വെള്ളം അവനെ പൊക്കിപ്പിടിച്ചുനിർത്തി. അവനു് അഗ്നിയും, ജലവും, പഞ്ചഭൂതങ്ങളും ഒക്കെ നിരുപദ്രവകാരികൾ ആയിരുന്നു. അവയെ യഥാൎത്ഥനിലയിൽ അവൻ അറിഞ്ഞിരുന്നു. കുട്ടി ആ യഥാൎത്ഥാവസ്ഥയിലേയ്ക്കു പരിവൎത്തനം ചെയ്യപ്പെട്ടിരുന്നു. അവനു് സകലതും ഈശ്വരൻ—ഭക്തി—ആയിരുന്നു. സകല ഭയപ്പെടുത്തലും, തുറിച്ചുനോട്ടങ്ങളും, തലതല്ലുകളും, നെററിക്കടികളും, വാളും, തീയും ഒക്കെ അവനു മധുരസ്വപ്നാനുഭവങ്ങൾ ആയിരുന്നു; മറെറാന്നുമായിരുന്നില്ല. അവനെ എങ്ങനെ നശിപ്പിക്കാം? ഉപദ്രവിക്കാം?

ഗഹനഹിമാലയൻവനങ്ങളിൽ ഗംഗാനദീതീരത്തു ഹൃഷികേശത്തിനടുത്തു കുറേക്കാലം മുമ്പു് ഒരു ഹിന്ദുസന്ന്യാസി ഇരിക്കയായിരുന്നു. എതിർകരയിൽ വേറെ ചില സന്ന്യാസിമാർ പാൎത്തിരുന്നു; അവർ അദ്ദേഹത്തിനെ നോക്കിക്കൊണ്ടിരിക്ക പതിവായിരുന്നു. അദ്ദേഹം "ശിവോഹം, ശിവോഹം, ശിവോഹം" (ഞാൻ ശിവനാണു്, ഞാൻ ഈശനാണു്, ഞാൻ ഈശ്വരനാണു്) എന്നു് സദാ സ്വയം ജപിച്ചുംകൊണ്ടാണു് ഇരുന്നതു്. അവിടെ ഒരു കടുവാ വന്നെത്തി അതു് അദ്ദേഹത്തെപ്പിടിച്ചു് തൻെറ നഖങ്ങളിൽവെച്ചമൎത്തി; കടുവായുടെ മുഷ്ടിയിലും, വായിലും ആയിട്ടിരുന്നിട്ടും അദ്ദേഹത്തിൽനിന്നു് അതേസ്വരത്തിൽ—അതേ നിൎഭയശബ്ദത്തിൽ—"ശിവോഹം, ശിവോഹം, ശിവോഹം" എന്ന ജപം മുഴങ്ങിപ്പുറപ്പെട്ടുകൊണ്ടിരുന്നു. കടുവാ അദ്ദേഹത്തിൻെറ കൈകാലുകൾ കടിച്ചുകീറി; എന്നിട്ടും ജപം അതേ ശബ്ദത്തിൽ, അതേ ശക്തിയിൽ തുടൎന്നുകൊണ്ടിരുന്നു. നിങ്ങളിതിനെപ്പററി എന്തുവിചാരിക്കുന്നു? "ഞാൻ ഈശ്വരനാണു്, ഞാൻ ശിവനാണു്" എന്ന പറച്ചിലിനെപ്പററി നിങ്ങൾ എന്തുവിചാരിക്കുന്നു? അതു് പാഷണ്ഡത - നിരീശ്വരത്വം—ആണെന്നു നിങ്ങൾക്കു പറയാമോ? ഹാ! അതു് അതിൽനിന്നു വളരെദ്ദൂരെ! വളരെദ്ദൂരെയാണു്! ഇതാണു് അന്തിമമായ സാക്ഷാൽക്കാരം അത്തരം പ്രേമത്തിൻെറ പരമകാഷ്ഠയിൽ എത്തിയ കാമുകർ അവരുടെ പ്രിയതമരോടു് ഐക്യമാനു ഭാവനചെയ്യാറില്ലേ? അമ്മ മകനെ തൻെറ സ്വന്തം മാംസമെന്നും, സ്വന്തം രക്തമെന്നും, സ്വന്തം അസ്ഥിയെന്നും വിളിക്കാറില്ലയോ? മകൻ തൻെറ വേറൊരു അസ്തിത്വം, വേറൊരു സത്ത, വേറൊരു ആത്മാവു് ആണെന്നു് അമ്മ ഗണിക്കാറില്ലേ? മകൻെറ താല്പൎയ്യങ്ങൾ അമ്മയുടെ താല്പൎയ്യങ്ങളുമായി സാത്മ്യം അടയുന്നില്ലയോ? തീൎച്ചയായും ഉണ്ടു്.

അദ്ദേഹത്തെ (ഈശ്വരനെ) ആശ്ലേഷിച്ച്, അദ്ദേഹത്തെ സ്വീകരിച്ച്, അദ്ദേഹത്തെ ഉദ്വഹിച്ച്, അദ്ദേഹവുമായി പരിപൂൎണ്ണമായും സൎവ്വപ്രബലമായും ഐക്യം അടയുക. വിയോഗത്തിന്റെ വേർപാടിന്റെ—അണുപോലും ശേഷിപ്പിക്കരുതു്. "ഹാ! പ്രഭോ! അങ്ങയുടെ ഇഷ്ടം നടക്കട്ടെ!" എന്നു പ്രാൎത്ഥിക്കുന്നതിനു പകരം "എന്റെ ഇഷ്ടം ആണ് നടക്കുന്നതു്" എന്നു ഭാവന ചെയ്യുണ്ടാകുന്ന ആനന്ദം നിങ്ങൾക്കുണ്ടാകട്ടെ!

അമേരിക്കായിൽ ഇക്കാലത്തു കാണപ്പെടുന്നവയെക്കാൾ വളരെ ഭിന്നമായിരുന്നു വളരെക്കാലംമുമ്പ് ഇൻഡ്യായിൽ നടപ്പിലിരുന്ന രീതികളും നടപ്പുകളും. അമേരിക്കായിൽ രാത്രിയിൽ വെളിച്ചം വീടുകളിൽ കൊടുക്കുന്നതു് ഇലക്ട്രിസിററി വിളക്കുകൾ മൂലമാണ്. രാമൻ പരാമൎശിക്കുന്ന കാലത്തു് ഹിന്ദുക്കൾ കളിമൺ വിളക്കുകൾ ഉപയോഗിച്ചിരുന്നു. ഒരു വീട്ടിൽ വിളക്കുകത്തിച്ചാൽ അയൽവീട്ടുകാർ അവരുടെ വിളക്കുകൾ കത്തിക്കാൻ ആ വീട്ടിൽ പോകുമായിരുന്നു. ഒരു ദിവസം സന്ധ്യയ്ക്കു് കൃഷ്ണനുമായി തീവ്രമായ പ്രണയത്തിൽ ഏൎപ്പെട്ടിരുന്ന ഒരു ബാലിക അദ്ദേഹത്തിന്റെ അച്ഛന്റെ വീട്ടിൽ വിളക്കുകൊളുത്താൻ എന്ന നാട്യത്തിൽ പോയിരുന്നു. വിളക്കുകത്തിച്ചിരുന്ന ഇതരവീടുകളിൽ പോകാതെ കൃഷ്ണന്റെ വീട്ടിൽ അവൾ പോയതു യഥാൎത്ഥത്തിൽ കൃഷ്ണന്റെ മുഖത്തുനിന്നു പുറപ്പെടുന്ന പ്രകാശത്തിൽ ഒരു ശലഭത്തിന്റെ രീതിയിൽ തനിക്കു ദഹിക്കണമെന്നുള്ള ആഗ്രഹംകൊണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വാസ്തവത്തിൽ അവൾ അദ്ദേഹത്തെ കാണാനാണു പോയതു്. വിളക്കുകത്തിക്കാനാണെന്നു തന്റെ അമ്മയോടവൾ പറഞ്ഞതു വെറും ഒരു ഒഴികഴിവിനു വേണ്ടിയായിരുന്നു. അവളുടെ വിളക്കിലെ തിരി കത്തുന്ന വിളക്കിലെ ദീപത്തിൽ വെക്കേണ്ടതുണ്ടായിരുന്നു. എന്നാൽ അവളുടെ കണ്ണുകൾ വിളക്കുകളിൽ ചെല്ലുന്നതിനുപകരം പ്രിയപ്പെട്ട ചെറിയ കൃഷ്ണന്റെ കോമളമുഖത്തു ബന്ധിക്കപ്പെട്ടിരുന്നു. വശ്യവും ആകൎഷകവും ആയ കൃഷ്ണന്റെ മുഖത്തിൽ അവളുടെ നേത്രങ്ങൾ പതിഞ്ഞിരുന്നു. അവളുടെ നോട്ടത്തിന്റെ ശ്രദ്ധാശക്തിമൂലം കത്തുന്ന വിളക്കിൽ തന്റെ വിളക്കിന്റെ തിരി അടുപ്പിക്കുന്നതിനുപകരം, വിരലുകളാണ് കത്തുന്ന ദീപത്തിൽപ്പെട്ടു കത്തുന്നതെന്നു അവൾ അറിഞ്ഞിരുന്നതേ ഇല്ല. ദീപം അവളുടെ വിരലുകൾ ദഹിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അവൾ അതു് അറിഞ്ഞിരുന്നില്ല. നേരം വളരെയായിട്ടും അവൾ തിരിച്ചുപോയില്ല. അവളുടെ അമ്മ ക്ഷമകെട്ട് ഈ താമസം സഹിക്കാൻ വഹിയാതെ, കൃഷ്ണ

ൻെറ ഭവനത്തിൽച്ചെന്നു മകളെ അന്വേഷിച്ചുതുടങ്ങി. മകളുടെ കൈ കത്തിക്കൊണ്ടിരുന്നതായും, അവൾ അതു അറിഞ്ഞിരുന്നില്ലെന്നും അമ്മ കണ്ടു. വിരലുകൾ ദഹിച്ചുണങ്ങുകയും, എല്ലുകളിൽ കരിപിടിക്കയും ചെയ്തിരുന്നു. അമ്മ ദീർഘനിശ്വാസം ചെയ്ത്, വാവിട്ടു കരഞ്ഞുകൊണ്ടു്, ഉറക്കെപ്പറഞ്ഞു:—"ഹാ! കുഞ്ഞേ! കുഞ്ഞേ! നീയെന്താണു ചെയ്യുന്നതു? അഹോ! ഗുണംപിടിക്കാൻ നീ എന്താണു ചെയ്യുന്നതു്?" അപ്പോഴാണു് ആ ബാലികയ്ക്കു ബോധംവന്നതു്! അഥവാ (ഇങ്ങിനെയും പറയാം) അവളുടെ ബോധത്തിൽനിന്നു് അവളെ ഉണർത്തി വീണ്ടെടുത്തതു്!

ഈ ദിവ്യപ്രേമത്തിൻെറ അത്യുച്ചാവസ്ഥയിൽ, പൂർണ്ണസ്നേഹത്തിൻെറ ആ മഹൽപതനത്തിൽ, സ്നേഹിക്കുന്നവനും, സ്നേഹവിഷയവും ഒന്നായിത്തീരുന്നു. "ഞാൻ അവനാണു്; ഞാൻ നീയാണു്."

ഇതാണു് മൂന്നാമത്തെ അവസ്ഥ ഇതിനും അപ്പുറത്തുള്ള ഒരു സ്ഥിതിയുണ്ടു് (തുരീയാവസ്ഥ). അതിനെക്കുറിച്ചു് ഈതരം പ്രസ്താവനകൾപോലും പ്രയോഗിക്കാൻ പാടില്ല.

മേല്പറഞ്ഞ ദൃഷ്ടാന്തകഥകൾ മൂന്നാമത്തെ തരത്തിലുള്ള പ്രേമാവസ്ഥയെ ഉദാഹരിക്കുന്നു. മതാനുഷ്ഠാനത്തിൻെറ—ഉപാസനയുടെ—പുരോഗമനത്തിലെ രണ്ടാമത്തവസ്ഥയെ താഴെപ്പറയുന്നവ ദൃഷ്ടാന്തീകരിക്കുന്നു. "ഞാൻ നിൻേറതാണു്; ഞാൻ നിൻേറതാണു്." രണ്ടു കുട്ടികൾ ഒരു ആചാര്യൻെറ അടുത്തുചെന്നു തങ്ങളെ ധർമ്മതത്വങ്ങൾ പഠിപ്പിക്കണമെന്നു് അപേക്ഷിച്ചു. അവരെ പരീക്ഷിക്കാതെ സ്വീകരിക്കാൻ തരമില്ലെന്നു അദ്ദേഹം പറഞ്ഞു. അവരുടെ കയ്യിൽ അദ്ദേഹം ഓരോ പ്രാവിനെ പിടിച്ചുകൊടുത്തും വെച്ചു് ഏതെങ്കിലും രഹസ്യസ്ഥലത്തുപോയി ആരും കാണാതെ അതിനെ കൊന്നുംവച്ചുവരാൻ അവരോടു ആജ്ഞാപിച്ചു. അവരിൽ ഒരുവൻ നേരെ ജനബാഹുല്യമുള്ള കമ്പോളത്തിലേയ്ക്കു കടന്നു് തെരുവിൽക്കൂടി നടന്നിരുന്ന ആളുകൾക്കു പുറംതിരിഞ്ഞു നിന്നുകൊണ്ടു് തൻെറ തലയിൽക്കൂടി ഒരു മുണ്ടിട്ടുമൂടി പക്ഷിയെ പിടിച്ചു് കഴുത്തുപിരിച്ചു് കൊല്ലുകയും, ക്ഷണത്തിൽ നേരെ ആചാര്യൻെറ അടുത്തുചെന്നു "ഗുരോ! ഗുരോ! അങ്ങയുടെ ആജ്ഞയിതാ! നടത്തിയിരിക്കുന്നു" എന്നു പറയുകയും ചെയ്തു. സ്വാമി ചോദിച്ചു:—"ആരും കാണാതെയാണോ നീയാപ്രാവിനെ ഞെക്കിക്കൊന്നതു്?" "അതേ" എന്നു് അവൻ മറുപടിപറഞ്ഞു "ശരി തന്നെ! നിൻെറ കൂട്ടുകാരൻ എന്താണു ചെയ്തതെന്നുകൂടി കാണട്ടെ!" എന്നു് ആചാര്യൻ പ്രത്യുത്തരംനല്കി.

മററേക്കുട്ടി പ്രാവിനെയുംകൊണ്ടു ഭയങ്കരമായ ഒരു അഗാധവനത്തിൽഎത്തി. പ്രാവിൻെറ കഴുത്തു ഞെരിക്കാൻ ഭാവിച്ചപ്പോൾ, ഹാ! നോക്കൂ! ആ പ്രാവിൻെറ മൃദുലവും, ലളിതവും, ഉജ്ജ്വലവും ആയ കണ്ണുകൾ തൻെറ മുഖത്തു തുറിച്ചു നോക്കുന്നതായി അവൻ കണ്ടു. അയാൾ ആ കണ്ണുകൾകണ്ടു്, പക്ഷിയുടെ കഴുത്തു ഞെരിക്കാൻ ഭാവിച്ചപ്പോൾ വളരെ ഭയപ്പെട്ടു. ഗുരു നിർദ്ദേശിച്ച വ്യവസ്ഥ നടപ്പാക്കാൻ അതീവ കഠിനവും വിഷമവും ആയിരുന്നുവെന്നുള്ളചിന്ത അയാളെ ബാധിച്ചു പീഡിപ്പിച്ചു. ആ സാക്ഷി, ദ്രഷ്ടാവു് ആ പ്രാവിൻെറ കണ്ണിൽപോലും സന്നിഹിതനാണു്. "കഷ്ടമേ! ഞാൻ ഏകനല്ല! ആരും എന്നെ കാണാത്ത സ്ഥലത്തല്ലാ ഞാൻ ഇരിക്കുന്നതു്. ഞാൻ സദാ ദർശിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആട്ടെ! ഞാനെന്തുചെയ്യും? ഞാൻ എവിടെപ്പോകും?" ഇങ്ങനെ ചിന്തിച്ചുകൊണ്ടു അവൻ പിന്നെയും പോയിപ്പോയി വേറൊരു കാട്ടിലെത്തി അവിടെയും പ്രവൃത്തി നടത്താൻ ഭാവിച്ചപ്പോൾ, പ്രാവിൻെറ കണ്ണ് അവൻ കണ്ടു. പ്രാവും അവനെക്കണ്ടു. ദ്രഷ്ടാവ്—കാണുന്നവൻ—ഈശ്വരൻ—പക്ഷിയിൽതന്നെ ഉണ്ടായിരുന്നു.

വീണ്ടും. വീണ്ടും അതിനെ കൊല്ലാൻ അവൻ പരിശ്രമിച്ചു, പിന്നെയും പിന്നെയും അവൻ പ്രയത്നിച്ചുനോക്കി. എന്നാൽ ഗുരുവിൻെറ വ്യവസ്ഥ പാലിക്കാൻ അയാൾ ശക്തനായില്ല. ഹൃദയംഭേദിച്ചു്, മനസ്സില്ലാമനസ്സോടെ, അവൻ ഗുരുവിൻെറ അടുക്കൽ മടങ്ങിവന്നു് സ്വാമിയുടെ പാദങ്ങളിൽ പക്ഷിയെ ജീവനോടുകൂടി സമർപ്പിച്ചു. കരഞ്ഞുവിളിച്ചുംകൊണ്ടയാൾ പറഞ്ഞു:—"സ്വാമി! സ്വാമി! എനിക്കീവ്യവസ്ഥ സാധിക്കാൻ തരമില്ല. ഈശ്വരജ്ഞാനം ദയവുചെയ്തു എനിക്കുപദേശിച്ചുതരേണമേ! ഈ പരീക്ഷ എന്നെ വളരെ കഷ്ടപ്പെടുത്തുന്നു. എനിക്കീപരീക്ഷ ജയിക്കാൻ സാധ്യമല്ല. എന്നിൽ കാരുണ്യമുണ്ടാകണം. അവിടുന്നു കരുണാനിധിയല്ലയോ? എനിക്കു ദിവ്യജ്ഞാനം ഉപദേശിച്ചുതരുക! എനിക്കതുവേണം. തീർച്ചയായും എനിക്കതു് ആവശ്യമാണു്". സ്വാമി അവനെ എടുത്തു തൻെറ കയ്യിൽ ഉയർത്തി താലോലിച്ചു തലോടിക്കൊണ്ടു വാത്സല്യപൂർവ്വം അവനോടു പറഞ്ഞു:—"ഹേ! പ്രിയപ്പെട്ടവനേ! പ്രിയബാലകാ! നീകൊല്ലാൻ തുടങ്ങിയ പക്ഷിയിൽ—അതിൻെറ കണ്ണിൽ ദ്രഷ്ടാവിനെ കണ്ടതുപോലെതന്നെ, അതുപോലെതന്നെ, നീ എവിടെവിടെപ്പോയാലും, കുററംചെയ്യാനുള്ള ആകർഷണംകൊണ്ടു നി എവിടെയെല്ലാം സഞ്ചരിച്ചാലും, ഈശ്വരൻെറ—ദ്രഷ്ടാവിൻെറ—സാന്നിധ്യം ധ്യാനിക്കുക. നിൻെറ പ്രേമത്തിനാസ്പദമായ സ്ത്രീയുടെ കണ്ണുകളിലും, മാംസത്തിലും ഉള്ള സാ

ക്ഷിയെ—ഈശ്വരനെ—ധ്യാനിക്കുക. നിന്റെ ഈശ്വരൻ അവ ളുടെ കണ്ണുകളിൽക്കൂടിപ്പോലും നോക്കുന്നുവെന്നു വിശ്വസിക്കുക. എന്റെ നാഥൻ എന്നെ കാണുന്നു. ആ മഹാചാര്യന്റെ സാന്നി ധ്യത്തിൽ സദാ നീ ഇരിക്കുന്നു എന്നതുപോലെ ചിന്തിച്ചു പ്രവർത്തി ക്കുക; സദാ ഈശ്വരനോട്ട് അഭിമുഖമായിട്ട്, എല്ലായ്പ്പോഴും പ്രിയ പ്പെട്ട ദൈവത്തിന്റെ വീക്ഷണത്തിൽ ഇരുന്നാലത്തെപ്പോലെ പെ രുമാറുക."

നേപ്പിൾസ് എന്ന ഇററാലിയൻ നഗരത്തിൽ ഒരു ഗംഭീര മായ കാഴ്ചബംഗ്ലാവുണ്ട്. ആ മ്യൂസിയത്തിന്റെ മേൽത്തട്ടിൽ മുക ളിൽ ഒരു ദൈവദൂതന്റെ മുഖചിത്രം വളരെ മനോഹരമായ വിധ ത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നു പറയപ്പെടുന്നു. മ്യൂസിയത്തിന കത്തുള്ള ഏതു സ്ഥാനത്തുനിന്നു ആരു നോക്കിയാലും, ഏതു സ്ഥല ത്തുനിന്നുനോക്കിയാലും, മ്യൂസിയത്തിന്റെ മുകളിലോ അടിയിലോ എവിടെനിന്നാലും, ആ പ്രഭാപൂരിതമായ, മിന്നുന്ന, പരിശുദ്ധദൈ വദൂതന്റെ നേത്രങ്ങൾ നോക്കുന്നവന്റെ കണ്ണിൽ നേരെ നോക്കു ന്നുപോലും! ആത്മീയപുരോഗതിയുടെ ഈ രണ്ടാമത്തെപടിയിൽ നില്ക്കുന്നവർ, അവർ അവരോടുതന്നെ യഥാർത്ഥമായ ആത്മാർത്ഥത യുള്ളവരാണെങ്കിൽ, അനുസ്യൂതമായി ജഗന്നാഥന്റെ ദൃഷ്ടിഗോചര ത്തിൽതന്നെ ജീവിക്കുന്നു എന്നുകാണും. എവിടെപ്പോയിരുന്നാലും അവരുടെ വീട്ടിന്റെ ഉള്ളിലോ, വനാന്തരത്തിലോ, ഏകാന്തഗുഹ കളിലോ, എവിടെയിരുന്നാലും, ദൈവത്തിന്റെ കൺമുമ്പിൽ, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ, അദ്ദേഹത്തിന്റെ പ്രകാശംകൊണ്ടു പോഷിപ്പിക്കപ്പെട്ട്, ഈശ്വരകാരുണ്യംകൊണ്ടു സംരക്ഷിക്കപ്പെട്ട് ഇരിക്കുന്നതായി അവർ സ്വയംകാണുന്നു.

ഇനി നമുക്കു ആത്മീയപരിപോഷണത്തിന്റെ പ്രാരംഭപത നത്തിലേയ്ക്കു നോക്കാം. "ഞാൻ അവന്റേതു്! ഞാൻ അവ ന്റേതു! ഞാൻ ഈശ്വരന്റേതു്!" ഇതൊരു പ്രാഥമികാവസ്ഥയാ ണെന്നുതോന്നുന്നു. ഹാ! എന്നാൽ ഈ മതപരമായ പ്രാഥമികാ വസ്ഥയിൽപോലും എത്തിച്ചേരുവാൻ ജനങ്ങൾക്കു എന്തുവിഷമ മുണ്ട്? ഒരു മനുഷ്യൻ ആത്മാർത്ഥമായ ശ്രദ്ധയും, ഏകാഗ്രതയും, യഥാർത്ഥഭക്തിയും ഉള്ളവനും, തന്റെ വിശ്വാസം ജീവിതത്തിൽ നടപ്പിൽ വരുത്തുന്നവനും ആണെങ്കിൽ അവൻ ഈതത്വം രക്ത ത്തോട്ടുകൂടി സഞ്ചരിപ്പിക്കയും, സ്വയംതുകൊണ്ടു പൂർണ്ണമായി മ ഗ്നനാകയും, ഈപ്രാഥമികവിശ്വാസപ്രമാണം മുഖേന ഇഹലോക ത്തിൽതന്നെ ഒരു ദൈവദൂതനാകയും ചെയ്യുന്നതാണു്.

അത്യധികമായി ആദരിക്കപ്പെട്ടിരുന്ന ഒരു സന്യാസി ഇൻ ഡ്യായിൽ തന്റെ കൌമാരദശയിൽ ഒരു സ്ഥലത്തു ജോലിചെയ്തു

താമസിച്ചിരുന്നു. (ഗുരുനാനാക്ക്.) അദ്ദേഹത്തിൻെറ ജോലി ഭിക്ഷ കൊടുക്കുക, ജനങ്ങൾക്ക ഭക്ഷണസാമഗ്രികളും പണവും ദാനം ചെയ്യുക ആയിരുന്നു. പതിമ്മൂന്നു ഇടങ്ങഴി മാവുകൊടുക്കണമെന്നു് അദ്ദേഹത്തിൻെറ യജമാനൻ കൊടുത്ത ആജ്ഞയെ അനുസരിച്ചു് കുറെ സാധുജനങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽ ആനയിക്കപ്പെട്ടു. അദ്ദേഹം ഒന്നു, രണ്ടു, മൂന്നു, നാലു എന്നിങ്ങനെ എണ്ണി ധാന്യം അളന്നുകൊടുത്തുകൊണ്ടു് പതിമ്മൂന്നു എന്ന എണ്ണത്തിൽ എത്തി മാവു അളന്നുകൊടുത്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഉറക്കെ എണ്ണുകയായിരുന്നു. ഹിന്ദുസ്ഥാനിയിൽ പതിമ്മൂന്നു് എന്നതിനു 'തേറാ' എന്നാണു് പറയുന്നതു്. ഇതൊരു ശ്രദ്ധേയമായ വാക്കാണു്. അതിനു രണ്ടു് അൎത്ഥമുണ്ടു്. ഒരൎത്ഥം, പതിമ്മൂന്നു് അതായതു പത്തും മൂന്നും, വേറൊരൎത്ഥം 'ഞാൻ നിൻേറതാകുന്നു.' 'ഞാൻ നിൻേറതാകുന്നു.' 'ഞാൻ ഈശ്വരൻേറതാണു്.' "ഞാൻ അദ്ദേഹത്തിൻെറ അംശമാണു്." "ഞാൻ അദ്ദേഹത്തിൻേറതാണു്!" എന്നത്രെ.

ശരി! അദ്ദേഹം പന്ത്രണ്ടു എന്നെണ്ണി. പിന്നെ അടുത്തതു് 'തേറാ' (പതിമ്മൂന്നു) എന്നാണു്. പതിമ്മൂന്നാമതു ഇടങ്ങഴി അളന്നുകൊടുത്തശേഷം, 'തേറാ' എന്നു ഉച്ചരിച്ചപ്പോൾ, തന്നത്താനു തൻെറ ശരീരവും സകലതും ഈശ്വരനു് അൎപ്പിക്കത്തക്കവിധം അത്ര പരിശുദ്ധചിന്തകൾ അദ്ദേഹത്തിൽ ഉദയംചെയ്തു. അദ്ദേഹം ലോകത്തെപ്പററി തീരെ വിസ്മരിച്ചു. അദ്ദേഹം തനിക്കുതന്നെ അതീതനായി. അല്ലാ, അദ്ദേഹം തന്നിൽതന്നെ നിറഞ്ഞു. ഈ പരമാനന്ദാവസ്ഥയിൽ അയാൾ "തേറാ, തേറാ" എന്നിങ്ങനെ പറഞ്ഞുകൊണ്ടു്, തീരെ ബോധമില്ലാതെ ജനങ്ങൾക്ക ധാന്യം അളന്നുകൊടുത്തുകൊണ്ടു് തുടരെ പണി തുടങ്ങി. ഒടുക്കം ഒരു ബോധാതീതാവസ്ഥയിൽ അത്യുന്നതമായ ആനന്ദാവസ്ഥയിൽ — അദ്ദേഹം മഗ്നനായി വീഴുകയുംചെയ്തു.

ജനങ്ങൾ അവരുടെ വാക്കനുസരിച്ചു് ഉത്തമരാണെങ്കിൽ, അവർ ശ്രദ്ധാലുക്കളും, ആത്മാൎത്ഥതാപൂൎണ്ണരുമാണെങ്കിൽ, ഈശ്വരൻെറ കണ്ണിൽ മണ്ണിടാൻ അവർ ആവശ്യപ്പെടാത്തപക്ഷം, ഈശ്വരനോടു വാഗ്ദത്തങ്ങൾചെയ്തു് അവയെ ലംഘിക്കാൻ അവർ ആഗ്രഹിക്കാത്തപക്ഷം, പ്രാഥമികാവസ്ഥയിൽ ഇരുന്നുകൊണ്ടുതന്നെ അത്യുന്നതസ്ഥാനങ്ങളിലേയ്ക്കു അവൎക്കയരാമെന്നു നാം ഇങ്ങിനെ കാണുന്നു. ക്ഷേത്രത്തിലോ, പള്ളിയിലോ കയറുമ്പോൾ 'ഞാൻ നിൻേറതാണു്' എന്നു അവർ പറയും. അവരതു സാക്ഷാൽക്കരിക്കട്ടെ - അതനുസരിച്ചു ജീവിക്കട്ടെ. അതു പ്രാപിക്കട്ടെ, അതാണു് യഥാൎത്ഥമതഭക്തി—ധൎമ്മപ്രതിപത്തി.

ഹിന്ദുക്കളുടെ ശാസനങ്ങൾ അനുസരിച്ച്, ഈ പ്രാഥമികമായ വിശ്വാസപ്രമാണത്തിൽ യഥാൎത്ഥമതചൈതന്യം ചെലുത്തുന്നവർ, ഈ ജന്മത്തിൽതന്നെയോ, അഥവാ അടുത്തജന്മത്തിലോ, ഏററവും വലിയ വിശ്വാസപ്രമാണത്തിൽ എത്തിച്ചേരുന്നു. അവർ രണ്ടാമത്തെ പടിയിൽകയറുന്നു. ആ പടിയിൽനിന്നു വീണ്ടും ഈ ജന്മത്തിലോ അടുത്തതിലോ ഭക്തിചൈതന്യം യഥാൎത്ഥമായി പരിചയപ്പെട്ടു ക്രമേണ അടുത്ത മനശ്ചയ്യാനിലയിൽ—"ഞാൻ അവനാകുന്നു. ഞാൻ നീയാകുന്നു." എന്ന അവസ്ഥയിൽ പ്രവേശിക്കുന്നു. ഈ അവസ്ഥയിൽ എത്തുമ്പോൾ, പിന്നീടു ജനനമില്ല. ആ മനുഷ്യൻ മുക്തൻ, മുക്തൻ, മുക്തൻ ആകുന്നു. മനുഷ്യൻ ഈശ്വരനാണ്; ഈശ്വരൻതന്നെ! അവൻ അന്തം പ്രാപിച്ചുകഴിഞ്ഞു! ഓം!

ആനന്ദപാനപാത്രം മാമകം ഹാഹാ! പൂൎണ്ണം!
മാനസകാമമെല്ലാം തൃപ്തിയായ് സമ്പ്രാപ്തമായ്,

മധുരസുപ്രഭാതവാതം ഞാൻ ചാഞ്ചാടിച്ചു,
മധുപൂൎണ്ണപുഷ്പമായ് വിരിഞ്ഞുനിന്നിട്ടതിൽ

ചുംബനംമുഹുർമ്മുഹുരാസ്വദിച്ചുഞാൻ ഘോഷ-
ഡംബരപൂൎവ്വം മാനിച്ചാഹ്ലാദമടയുന്നു;

ഇന്ദ്രചാപവൎണ്ണാളിയെന്നുടെ വസ്ത്രങ്ങ,ളെൻ
സന്ദേശവാഹിവ്രജംമിന്നലു,മഗ്നിരശ്മി;

കാമുകൌഘവുംഞാനേ, കാമിനീവർഗ്ഗങ്ങളും;
കാമങ്ങൾവികാരങ്ങൾ സൎവ്വത്ര സമസ്തം ഞാൻ.

റോസതൻസ്മിതങ്ങളും, മഞ്ഞുതുള്ളിമുത്തുകൾ;
ഭാസിക്കും ദിനകരൻ ശോഭായമാനമാക്കി

കാന്തിപൂരത്തിൽമുക്കി, വിശുദ്ധനവ്യമാക്കി-
ച്ചിന്തുന്നകനകന്തൽ മാധുൎയ്യം തുള്ളിച്ചതും;

രാജതാഭനാംനിശാനായകൻ. സമാസ്വാദ്യ-
രാജിതശുദ്ധരുചി, ക്രീഡിക്കും കല്ലോലങ്ങൾ,

ചാഞ്ചാട്ടംമഹീരുഹസഞ്ചയം. കൂടിപ്പിണ-
ഞ്ഞഞ്ചിതംലസിക്കുന്ന ലതികാതല്ലജങ്ങൾ,

തേനുണ്ടുമുരണ്ടിടുംവണ്ടുകൾ—സകലമെ-
ന്നാനന്ദപ്രകടനം മധുരശ്വാസം മമ.

ജന്മമൃത്യുക്കളെൻെറ ശ്വാസോച്ഛ്വാസങ്ങൾമാത്രം,
നന്മയും,പാപം,കയ്പും,മാധുൎയ്യമിവയൊക്കെ

നമ്മുടെനാഡിസ്പന്ദംതന്നിലുല്ലസിക്കുന്നു.
കൎമ്മമെന്തെനിയ്ക്കുള്ളൂ? ഞാനെങ്ങുപോയിടേണ്ടൂ?
സ്ഥലങ്ങളെല്ലാംവ്യാപിച്ചാണുഞാൻഇരിക്കുന്നതു,
ചലിക്കാനെനിക്കില്ലാ ലവലേശവുംഇടം;
ശങ്കിക്കാനുണ്ടോ? കാമിച്ചീടുവാനുണ്ടോ? മമ,
ഞാൻകാലം;ശക്തിയെല്ലാമെന്നിലേവൈശ്വാനരൻ;
ഖേദസംശയക്ലിഷ്ടനാകുമോഞാൻ? ഇല്ലൊട്ടും,
നിദാനംസൎവ്വത്തിനുംഞാനത്രേ, മററൊന്നില്ലാ.
സകലകാലമിപ്പോൾ ദൂരമൊക്കെയുമിങ്ങു്;
അകലെമാറിപ്പോയി ചോദ്യങ്ങളെല്ലാം സ്പഷ്ടം!
സ്വാൎത്ഥലക്ഷ്യമില്ലിഹ, സൎവ്വബന്ധവും കെട്ടു
അത്യരംഛിന്നമായി, തകൻസ്വപരിപൂൎണ്ണം.
ഓരോന്നുംസൎവ്വസ്വവുമെന്നിൽവന്നടങ്ങുന്നു,
ഓരോരോപദാൎത്ഥങ്ങൾ എന്നിൽവന്നടിയുന്നു
ശാത്രവബന്ധുവൎഗ്ഗങ്ങൾക്കു ഞാനവ്യക്തസ-
ന്മൂൎത്തിമാൻ പ്രഭാവവാൻ സൎവ്വദാസവേശ്വരൻ.

---

## 3. യഥാൎത്ഥാത്മീകതത്വവും, പ്രേതശക്തികളും.

(1902 ഡിസംബർ 15-ൽ സാൻഫ്രാൻസിസ്കോ, ഹെർമെററിക്ക് ബ്രദർ ഹൂഡ് ഹോളിൽ ചെയ്ത പ്രസംഗം

കാലിഫോർണിയായിൽ, സാൻഫ്രാൻസിസ്കോയിൽ 509, വാൻനെസ്സ് ആവയിൽവെച്ചു ചോദ്യോത്തരങ്ങൾക്കായി ഏൎപ്പെടുത്തപ്പെട്ട പ്രസംഗപരമ്പരയിൽ സ്വാമി രാമൻെറ ആദ്യപ്രസംഗം.

ചോ—മാനസികശക്തികൾ പോഷിപ്പിച്ചു് മരിച്ചുപോയവരോടു സാസൎഗ്ഗംചെയ്യുന്നതു ശരിയാണോ? ആണെങ്കിൽ, ഏതെങ്കിലും നിശ്ചിതമുറകൾ അതിനുവേണ്ടി സ്വീകരിപ്പാനുണ്ടോ?

ഉത്ത:—ഈ ചോദ്യത്തിനു പൂൎണ്ണമായി ഉത്തരം പറയണമെങ്കിൽ, അത്തരം സംഗതികളോടു വേദാന്തം സ്വീകരിച്ചിട്ടുള്ള മനോഭാവത്തെപ്പററി വിശദമായി സ്വല്പം പ്രസ്താവിക്കാനുണ്ടു്.

വേദാന്തപ്രകാരം ജനങ്ങൾക്കു രണ്ടു മാൎഗ്ഗങ്ങൾ ഉണ്ടു്—പ്രവൃത്തിയെന്നും, നിവൃത്തിയെന്നും. പ്രവൃത്തിയെന്നാൽ കൎമ്മമാൎഗ്ഗമെന്നും, നിവൃത്തിയെന്നാൽ ജ്ഞാനമാൎഗ്ഗം അഥവാ ത്യാഗമാൎഗ്ഗമെന്നും

അൎത്ഥമാണു്. പ്രവൃത്തിമാൎഗ്ഗം ക്രിസ്ത്യൻചൎച്ചുകളുടെ "പ്രവൃത്തികൾ മുഖേനയുള്ള മോക്ഷ"ത്തോടും, ജ്ഞാനമാൎഗ്ഗം ക്രിസ്ത്യൻവേദപണ്ഡിതന്മാർ പറയുന്ന "വിശ്വാസംമുഖേനയുള്ള മോക്ഷ"ത്തോടും സാമ്യം വഹിക്കുന്നു. ഇവ രണ്ടും തമ്മിൽ എന്താണു ഭേദം?

ഹിന്ദുക്കൾ വൎണ്ണിച്ചിട്ടുള്ളതനുസരിച്ചു് പ്രവൃത്തിമാൎഗ്ഗത്തിന്റെ ലക്ഷ്യം വ്യക്തിപരവും, സ്വാൎത്ഥപരവുമായ ശക്തി സംഭരിക്കുകയാണു്; ലോകത്തിൽ അധികാരം വ്യാപിപ്പിക്കുക; കൈവശവും വസ്തുക്കളും സമ്പാദിക്കുകയും, വളൎത്തുകയും, വിസ്തൃതമാക്കുകയും, ചെയ്യുക-ഇതാണു് പ്രവൃത്തിമാൎഗ്ഗത്തിന്റെ ഉന്നം. പുരോഗമനപദ്ധതിയിൽ ഒരു പ്രത്യേക ഘട്ടത്തിൽ ഇതെല്ലാവൎക്കും പ്രകൃതിസഹജമാണു്. എല്ലാവൎക്കും തന്റെ അധികാരവും, വ്യക്തിപരാവകാശവും വിസ്താരപ്പെടുത്തി വൎദ്ധിപ്പിക്കാൻ മോഹമുണ്ടു്. എന്നാൽ ഇതു പരമാൎത്ഥമായ അമൎത്ത്യതത്തിലേയ്ക്കോ, യഥാൎത്ഥജീവിതത്തിലേയ്ക്കോ നയിക്കുന്നില്ല. ഈ വഴിക്കു പോയി നാം ഗവേഷണം ചെയ്യണം; എന്നാൽ ക്രമേണ അതിൽനിന്നു പിൻവാങ്ങി നമ്മെ പിടികൂടുന്ന കാമക്രോധാദികളെ ഉണ്ടാക്കുന്ന അജ്ഞാനത്തെ ഉപേക്ഷിച്ചു് ത്യാഗമാൎഗ്ഗം നാം സ്വീകരിക്കുന്ന ഒരു കാലം വരണം. നമ്മുടെ പരമമായ ആനന്ദത്തിന്റെ പ്രാപ്തിക്കു ഈ മാൎഗ്ഗം ആവശ്യമാണു്.

കൎമ്മമാൎഗ്ഗം അഥവാ പ്രവൃത്തിമാൎഗ്ഗം മൂന്നുതരത്തിലുണ്ടു്. ഈ പ്രവൃത്തിമാൎഗ്ഗം വെറും ലൌകികതപമാണു്. ഇപ്പോൾ, ഉപവിഭാഗങ്ങളെ വിഗണിച്ചു വിട്ടുംവെച്ചുനോക്കിയാൽ, ലോകങ്ങൾ തന്നെ മൂന്നുവിധമാണു്.

ഒന്നാമതു്—പ്രത്യക്ഷസംസാരം-ഘനീഭൂതമായ, ഭൗതികമായ ലോകം.

രണ്ടാമതു്—മാനസികസംസാരം-മാനസികമോ സൂക്ഷ്മമോ ആയ ലോകം.

മൂന്നാമതു്—അവിജ്ഞാതസംസാരം-അക്ഷരാൎത്ഥത്തിൽ ഇതു അറിയപ്പെടാത്തതിന്റെ ലോകമാണു്.

ഇവയാണു് പ്രധാന ലോകങ്ങൾ; ഇതുകൾ കുറേദൂരത്തോളം പരസ്പരവിയുക്തങ്ങൾ-പരസ്പരബന്ധമില്ലാതെ പ്രത്യേകം നില്ക്കുന്നവ-ആണു്.

നാം സ്വപ്നരാജ്യത്തിൽ ഇരിക്കുമ്പോൾ (സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോൾ) അഥവാ മാനസികമായ, അതല്ലെങ്കൽ പ്രേതപരമായ ലോകത്തിലിരിക്കുമ്പോൾ, ഈ സ്ഥൂലഭൌതികലോകം മാററിനിൎത്തപ്പെട്ടതുപോലെ വേർതിരിഞ്ഞിരിക്കുന്നു. ഇതുപോലെ

തന്നെ, മൂന്നാമത്തെ ലോകമായ അവിജ്ഞാതസംസാരവും; സുഷുപ്തിസ്ഥിതിയെ പരിശോധിച്ചുനോക്കിയാൽ ഈ മൂന്നാമത്തെ ലോകത്തെക്കുറിച്ച് ഏതാണ്ടു ചില അറിവുകൾ കിട്ടും. ആ അവസ്ഥയിൽ 'ഞാൻ, നീ' ബന്ധങ്ങൾ യാതൊന്നുമില്ലാത്ത അറിയപ്പെടാത്തതിന്റെ, ഒരു ലോകത്തിൽ നിങ്ങൾ വർത്തിക്കുന്നു. ക്രിസ്ത്യാനികളുടെ സ്വർഗ്ഗനരകങ്ങളും, മുഹമ്മദീയരുടെ പറുദീസായും ഹിന്ദുക്കളുടെ സ്വർഗ്ഗലോകവുമെല്ലാം മാനസികസംസാരം അഥവാ പ്രേതലോകം എന്ന രണ്ടാംലോകത്തെ പരാമർശിച്ചുള്ളവയാണ്.

ഈ ദ്വിതീയലോകത്തിനു പല ഉപവിഭാഗങ്ങളുമുണ്ട്. ഇതിലെ ചില വിഭാഗങ്ങളിലാണ് പ്രേതങ്ങൾ (Spirits) പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. ഈ വിശദവിവരങ്ങളിലേയ്ക്കു നമുക്കിപ്പോൾ പ്രവേശിക്കുന്നതിനു് ആവശ്യമില്ല. പ്രവൃത്തിമാർഗ്ഗം വെറും പ്രാപഞ്ചികത്വമാണ്. നമ്മുടെ വ്യക്തിപരമായ അധികാരാവകാശങ്ങൾ വളർത്താനുള്ള ചിന്തകൾ എല്ലാം വെറും ലൗകികത്വമത്രെ.

ഒരു വലിയ സയൻസുപണ്ഡിതൻ ആവിയെയും വിദ്യുച്ഛക്തിയെയും സംബന്ധിച്ച അത്ഭുതകരമായ കണ്ടുപിടുത്തങ്ങൾകൊണ്ടു തന്റെ വ്യക്തിപരമായ ബലം വർദ്ധിപ്പിക്കുന്നു. അയാൾ പഞ്ചഭൂതാദികളിൽപോലും അധികാരം വികസിപ്പിച്ചുകൊണ്ടുവരുന്നു. നാം അവനോടു തൻമൂലം കൃതജ്ഞരായിരിക്കുന്നു, അവനെ ബഹുമാനിക്കുന്നു, അവനെ ആരാധിക്കയും ആദരിക്കയു ംചെയ്യുന്നു. എന്നാലും മോക്ഷത്തിനു നാം അവന്റെ അടുത്തു പോകുന്നില്ല. നാം അവനിലേയ്ക്കു തിരിഞ്ഞു് അയാളുടെ കണ്ടുപിടുത്തങ്ങളെ അവയുടെ യഥാർത്ഥ വിലയ്ക്കു സ്വീകരിക്കുന്നു. എന്നാൽ പരമാനന്ദത്തിനായോ സർവ്വേശ്വരനെ അന്വേഷിച്ചോ അയാളുടെ സമീപത്തു പോകുന്നില്ല. ആ വിഷയത്തെപ്പററി അയാൾ യാതൊന്നും അറിയുന്നില്ല.

അതുപോലെ മനസ്സിന്റെ ധർമ്മങ്ങളെ—വ്യാപാരങ്ങളെ—പ്പററി നമ്മുടെ അറിവു വ്യാപിപ്പിക്കുന്ന ഒരു വലിയ മനഃശാസ്ത്രഗവേഷണവിരുതൻ ഉണ്ടായിരിക്കാം നാം അവന്റെ അടുത്തു പോകുന്നു. ഹൃദയം, ബുദ്ധി, വികാരങ്ങൾ, ക്ഷോഭങ്ങൾ മുതലായവയുടെ പ്രവൃത്തികളെക്കുറിച്ചു നമ്മെ അറിയിക്കുന്നതിൽ നാം അവനോടു കൃതജ്ഞരായിരിക്കുന്നു; നാം അവനോടു കൃതജ്ഞത പ്രകടിപ്പിക്കുന്നു. എന്നാൽ മിൽ, സ്പെൻസർ മുതലായ തത്വജ്ഞന്മാരോടു മനഃശാന്തിയെ അന്വേഷിച്ചു നാം അടുക്കാറില്ല. ഓരോരുത്തരും അവരവരുടെ ശാഖയിൽ വളരെ നല്ലവരാണ്. എന്നാൽ നമുക്കാവശ്യമുള്ള ഒരു സാധനം അവർ നമുക്കു തരുന്നില്ല.

മരിച്ചുപോയവരുമായി സമ്പർക്കംചെയ്യുന്ന മനുഷ്യർ-പ്രേതലോകതത്വങ്ങളുമായിട്ടിടപെടുന്ന വളരെയധികം ജനങ്ങൾ ഇൻഡ്യായിലുണ്ട്. പരലോകം എന്നു പറയുന്നതിനെപ്പററി അവക്കു വലിയ അറിവുണ്ട്. സ്ഥൂലലോകത്തെക്കുറിച്ചല്ലാ, രണ്ടാമത്തെ, സൂക്ഷ്മലോകത്തെ-പരലോകത്തെ-ക്കുറിച്ചാണ് അവരുടെ അറിവ്. എന്നാൽ ലൌകികത്വം ലൌകികത്വംതന്നെയാണ്-ഈ ലോകത്തെപ്പററിയായാലും ശരി; മറേറാ ലോകത്തെപ്പററിയായാലും ശരി; എങ്ങിനെയായാലും ശരി; അതെല്ലാം ലൌകികത്വംതന്നെയാണ്. ആദ്യത്തെ സ്ഥൂലഭൗതികപ്രപഞ്ചമോ, രണ്ടാമത്തെ സൂക്ഷ്മ-മാനസിക-ലോകമോ ഏതെങ്കിലുമാകട്ടെ, പരമാർത്ഥതത്വം-അനാമകതത്വം-ഈ സർവ്വലോകങ്ങളിലും, അവയ്ക്കതീതമായും നില്ക്കുന്നു. ഈ പരമാർത്ഥതത്വം അഥവാ വസ്തുതത്വം സംബന്ധിച്ച ജ്ഞാനമാണ് വേണ്ടപ്പെട്ടതായ ഒരു പദാർത്ഥം. ഇവരെയും നാം ഒരു സയൻസുകാരനെയോ തത്വജ്ഞാനിയെയോ പോലെ സ്വീകരിക്കുന്നു. എന്നാൽ ഞങ്ങൾ യഥാർത്ഥശാന്തിക്കോ ആനന്ദത്തിനോ വേണ്ടി അവരുടെ മുമ്പിൽ നമസ്കരിക്കാറില്ല. അവരിൽനിന്നു അതു കിട്ടുകയുമില്ല.

ചിലപ്പോൾ ഒരു പ്രകൃതിശാസ്ത്രജ്ഞനോ ഗവേഷണതത്വശാസ്ത്രജ്ഞനോ ദിവ്യജ്ഞാനംകൂടി ലഭിച്ചുവെന്നു വരാം; ഒരു പ്രേതലോകശാസ്ത്രജ്ഞനും സത്യമായ ജ്ഞാനം ഉണ്ടായി എന്നു വരാം. എന്നാൽ അപ്പോൾ അയാളുടെ പ്രേതലോകജ്ഞാനം, മരിച്ചുപോയവരോടു സമ്പർക്കംചെയ്യാനുള്ള അറിവ്, അവൻെറ ദിവ്യജ്ഞാനത്തോടു, രാമൻെറ ഗണിതശാസ്ത്രജ്ഞാനം വേദാന്തത്തോടെന്നപോലെ മാത്രം, സംബന്ധപ്പെട്ടിരിക്കുന്നു. അതായതു്, ബന്ധമൊന്നും ഇല്ലെന്നർത്ഥം. രാമൻ ഗണിതശാസ്ത്രത്തിൽ ഒരു പ്രഫസർ ആയിരുന്നു; എന്നാൽ ആ ഗണിതശാസ്ത്രത്തിനു രാമൻ പ്രസംഗിക്കുന്ന വേദാന്തവുമായി ഒരുതരം സംബന്ധവും ഇല്ല. നാം രണ്ടും തമ്മിൽ കൂട്ടിക്കുഴയ്ക്കരുതു്.

ഇൻഡ്യായിൽ രാമൻെറ ആത്മസുഹൃത്തായിരുന്ന ഒരു മാന്യൻ ഈ താല്പര്യപ്രകാരം ഒരു പ്രേതലോകവാദിയായിരുന്നു. അയാളെ ഒരു സ്ഥലത്തു കൊണ്ടുപോയി, കണ്ണുരണ്ടും കെട്ടി, അവൻെറ മുമ്പിൽ ഒരു ഗണിതശാസ്ത്രപുസ്തകം വയ്ക്കപ്പെട്ടു ഈ പുസ്തകം അയാൾ മുമ്പേ കണ്ടിട്ടില്ലായിരുന്നു. ആ സ്ഥിതിയിൽ അയാൾക്കതു വായിക്കാമായിരുന്നു. മാത്തമാററിക്സിൽ അതിനു പ്രത്യേകമായ പല ചിഹ്നങ്ങളും ഉണ്ടല്ലോ. നമ്മുടെ സ്നേഹിതനു അറിയാൻ പാടില്ലാതിരുന്ന പല പേരുകളും ആ പുസ്തകത്തിലുണ്ടായിരുന്നു. അയാൾ ഒരു വെറും താൾ ചോദിച്ചുവാങ്ങിച്ചു് ഗ

ണിതശാസ്ത്രപുസ്തകത്തിലെ പേജുകൾ പകർത്തിയെഴുതാൻതുടങ്ങി. അടയാളങ്ങളും ചിത്രങ്ങളും അവയുടെ പേരുകൾകൊണ്ടു പറയാൻ അയാൾക്കു നിവൃത്തിയില്ലായിരുന്നു. എങ്കിലും അയാൾ അവ പകർത്തിയെഴുതി. അയാൾക്കു ആ ശക്തി ഉണ്ടായിരുന്നു. അയാൾക്കു നിങ്ങളുടെ-ഇതരന്മാരുടെ-മനോവിചാരങ്ങൾ ഗ്രഹിക്കാൻ ശക്തിയുണ്ടായിരുന്നു. നിങ്ങൾ സ്വന്തകൈകൊണ്ടു എഴുതുന്നതു ക്ഷണത്തിൽ പകർത്താൻ അവനു കഴിഞ്ഞിരുന്നു. ശരിതന്നെ. ഇയാൾ ഒരു പ്രേതലോകവാദിയായിരുന്നു. എന്നാൽ ഒരു പരിശുദ്ധ മനുഷ്യനിൽനിന്നു അയാൾ ബഹുദൂരം അകലത്തിലാണിരുന്നതു്. ഇല്ല, ഒട്ടും പരിശുദ്ധജീവിയായിരുന്നില്ല. അയാൾ ലൌകികൻ— വെറും ലൌകികൻ—ആയിരുന്നു. ഹൃദയശുദ്ധിയോ ആനന്ദമോ ഉള്ള ഒരാളായിരുന്നില്ല ആ മനുഷ്യൻ.

പ്രേതലോകവാദം (Spiritualism) പലപ്പോഴും ഒരു സയൻസ് (ശാസ്ത്രം) എന്നു വിളിക്കപ്പെടുന്നുണ്ടു്. നമുക്കതിനെ ഒരു സയൻസിന്റെ നിലയിൽ മാനിക്കാം. എന്നാൽ യഥാർത്ഥമായ ആനന്ദം—പരമാനന്ദം—നിങ്ങളെ സകല വശീകരണങ്ങൾക്കും അതീതനാക്കുന്ന സുഖം—അതുമായി തെററിദ്ധരിച്ചു കൂട്ടിക്കുഴയ്ക്കരുതു്.

ആറുമാസക്കാലം മരിച്ചതുപോലെ കിടന്നിരുന്ന ഒരു മനുഷ്യൻ ഇൻഡ്യായിൽ ഉണ്ടായിരുന്നതു ഞങ്ങൾക്കറിയാം. ജീവന്റെ പ്രവൃത്തികളെ സ്തംഭിപ്പിക്കാനുള്ള ഈ പദ്ധതിക്കു ഖേചരിമുദ്ര എന്നു പറയപ്പെടുന്നു അതു വിശദമായി ഹഠയോഗഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്. അയാൾ ആ നിലയിൽ കിടന്നിരുന്നു. ജീവനുള്ള ലക്ഷണം യാതൊന്നും അയാളിൽ കണ്ടിരുന്നില്ല. സിരകളിൽ രക്തസഞ്ചാരം തീരെ ഇല്ലായിരുന്നു. ആറുമാസക്കാലത്തിനുശേഷം അയാൾ വീണ്ടും ജീവിച്ചെഴുന്നേററുവന്നു. ആശ്ചര്യത്തിലും ആശ്ചര്യമെന്നു കരുതപ്പെടേണ്ട ഒരു മനുഷ്യനായിരുന്നു അയാൾ; മറെറാരു ക്രിസ്തുതന്നെ. മൂന്നുദിവസം മാത്രമല്ലാ ആറുമാസക്കാലം മരിച്ചുകിടന്നിട്ടുവെച്ചു് അയാൾ പുനർജ്ജീവിച്ചു. ഈയാൾ പക്ഷേ മുക്തനോ, സുഖിയോ ലവലേശം ആയിരുന്നില്ലാ. അയാൾ ചെയ്തിരുന്ന പാപങ്ങൾ രാമൻ ഇവിടെ വിവരിക്കുന്നില്ലാ. തന്റെ മുമ്പിൽ അഭ്യാസങ്ങൾ കാണിക്കാൻ അയാളെ അനുവദിച്ചിരുന്ന രാജാവു് അയാളെ തന്റെ നാട്ടിൽനിന്നു ഓടിക്കാൻ നിർബന്ധിതനായി ഭവിച്ചു.

വെള്ളത്തിൻമുകളിൽക്കൂടി നടക്കുന്ന ഒരു മനുഷ്യൻ വേറെ ഉണ്ടായിരുന്നു. എത്രകാലംകൊണ്ടാണവൻ ഈ വിദ്യയും സാമർത്ഥ്യവും സമ്പാദിച്ചതെന്നു ഒരു പരമാർത്ഥസന്യാസി അയാളോടു

ചോദിച്ചു. പതിനേഴകൊല്ലം കൊണ്ടാണെന്നു് അവൻ മറുപടി പറഞ്ഞു. സന്ന്യാസി മറുപടിപറഞ്ഞു:—"പതിനേഴകൊല്ലം കൊണ്ടു രണ്ടുകാശിൻെറ വിലയുള്ള മിടുക്ക നീ സമ്പാദിച്ചല്ലോ!" (രണ്ടു കാശുകൊട്ടത്താൽ വഞ്ചിക്കാരനെക്കൊണ്ടു നദികടക്കാൻ അവിടെ സൗകൎയ്യമുണ്ടായിരുന്നു.)

വസ്തുക്കളും സ്വത്തുക്കളും നിങ്ങളെ ബന്ധിക്കുന്നതുപോലെ വ്യക്തിപരമായ ശക്തിയും നിങ്ങളെ ബന്ധിക്കയും പരിമിതപ്പെട്ടുത്തുകയുംചെയ്യുന്നു. ചങ്ങലകൾ ചങ്ങലകളാണു്. ഇരുമ്പുകൊണ്ടായാലും സ്വൎണ്ണംകൊണ്ടായാലുംശരി; അവ നിങ്ങളെ ഒരുപോലെ അടിമപ്പെടുത്തുന്നു. ഈ ശക്തിവിശേഷങ്ങൾ ഒരുത്തനെ പരിശുദ്ധനാക്കുമെങ്കിൽ പട്ടികൾ വളരെ പരിശുദ്ധജന്തുക്കൾ ആകണം! പട്ടികൾ മാൻ കിടക്കുന്ന സ്ഥലം മണംകൊണ്ടറിയുന്നു. മനുഷ്യനില്ലാത്ത ഘ്രാണശക്തി പട്ടിക്കുണ്ടു്. അതിനാൽ പട്ടികൾ വിശുദ്ധരായിരിക്കണം!

ആരെയും രാജാവാക്കിക്കളയാൻ കെൽപുണ്ടെന്നു അവകാശപ്പെട്ടിരുന്ന ഒരു ഫക്കീർ ഉണ്ടായിരുന്നു. അയാൾ എങ്ങനെ ഈ ശക്തി സമ്പാദിച്ചു? താൻ ആദ്യം ഉപവസിച്ചുംവെച്ചു് പശുക്കളുടെ ചാണകം ഭുജിച്ചാണു് ശക്തി ഉണ്ടാക്കിയതെന്നു് അയാൾ പറഞ്ഞു. ഒരു വിശേഷവിധത്തിൽ അവൻ ജീവിച്ചു് ഈ പ്രത്യേകപ്രാപ്തികൾ സമ്പാദിച്ചുപോലും! ഒരു സഹോദരൻ അയാളോടു പറഞ്ഞു: "നീ ആൾക്കും രാജാധികാരം ആസ്വദിക്കാൻ ശക്തി കൊടുക്കുന്നു; എന്നാൽ നിനക്കു ചാണകം മാത്രമേ തിന്നാനുള്ളുതാനും" ഇങ്ങനെയാണു് ഇൻഡ്യാക്കാർ ഇത്തരം ശക്തികളുള്ളവരെ മാനിക്കയും, ആദരിക്കയും ചെയ്യുന്നതു്. സകല ആവശ്യങ്ങൾക്കും ആൎത്തികൾക്കും അപ്പുറത്തു നമ്മെ പ്രതിഷ്ഠിക്കുന്നതു ആത്മജ്ഞാനംമാത്രമാണെന്നു അവൎക്കെല്ലാം അറിയാം.

ഒരു ഹഠയോഗാഭ്യാസി ഒരു ഇൻഡ്യൻ രാജാവിൻെറ മുമ്പിൽ വന്നു് ഒരു സുദീൎഘമോഹാലസ്യത്തിൽ കിടന്നു. ജീവൻെറ യാതൊരടയാളവും അയാളിൽ കണ്ടിരുന്നില്ല മഴയിലും കാററിലും നിന്നു അവനെ രക്ഷിപ്പാൻ ജനങ്ങൾ ഒരു കുടില കെട്ടിക്കൊടുത്തു. ഒരു രാത്രി വളരെ കഠിനമായ മഹാമാരിയും കാററും ഉണ്ടായിരുന്നു. ഭിത്തിയിടിഞ്ഞു ഈ യോഗിയുടെ തലയിൽ വീണു. അവൻ വീണ്ടും ജീവനിലേയ്ക്കു ഉണൎന്നു. അവൻ പറഞ്ഞ ആദ്യവാക്കുകൾ ഇതായിരുന്നു:—"ഒരു കുതിരയെ സമ്മാനംതരണേ! അല്ലയോ! മഹാരാജാവേ! ഒരു കുതിര! ഒരു കുതിര! മഹാരാജാവേ!" ഇങ്ങനെ ഇൻഡ്യാക്കാൎക്കു ഈ കൂട്ടരെ അറിയാം. അവർ സമാധിസ്ഥിതിയിൽ ഇരിക്കുമ്പോൾ അവർ നല്ല അവസ്ഥയിലാണു്, ആനന്ദപൂ

ണ്ണരുമാണു്. എന്നാൽ ഭൌതികതലത്തിലെത്തുമ്പോൾ അവർ മററു സാധാരണക്കാരിൽ ആരെയുംപോലെതന്നെ സങ്കടക്കാരാണു്.

കുന്തമോ വാളോ വെട്ടുകത്തിയോ വായിൽക്കൂടി വിഴുങ്ങുക, ത്വക്കിൽക്കൂടി സൂചി കുത്തിക്കടത്തുക—ഇങ്ങനെയും മററുമുള്ള അനവധി സംഗതികൾ ഇൻഡ്യായിൽ വളരെ സാധാരണമത്രെ. വീണ്ടും, മൂന്നോ നാലോ മണിക്കൂറുനേരം ബോധമില്ലാതെ മൃതാവസ്ഥയിൽ കിടക്കുന്നതിനു ദിവ്യജ്ഞാനമൊന്നും ആവശ്യമില്ല. ഇൻഡ്യായിൽ അനേകായിരംപേർ അതു പരിചയിക്കുന്നുണ്ടു്. എന്നാൽ മിക്ക ദൃഷ്ടാന്തങ്ങളിലും അതു്, * പ്രോമിത്യൂസിനെപ്പോലെ സ്വൎഗ്ഗത്തിലെ അഗ്നി വെറുതെ മോഷ്ടിക്കുകയാണു്. അതു നമ്മുടെ കണ്ണിൽ, സ്ഥിരമായിട്ടല്ലാ, സ്വല്പനേരത്തേയ്ക്കു തിരശ്ശീല കൊണ്ടു മറയ്ക്കുകയാണു്.

ഒരു കുളമോ തടാകമോ നോക്കുക; അതിൻെറ മുകളിൽ പച്ചപ്പായലോ വൃത്തികേടോ കാണുന്നു. അതു നീക്കിക്കളഞ്ഞാൽ അടിയിൽ സുന്ദരവും മനോഹരവുമായ ജലം കാണുന്നു. കൈ മാററുക; അച്ഛസ്ഫടികസമാനമായ വെള്ളം കണ്ടതു് വീണ്ടും പായൽകൊണ്ടു മൂടിപ്പോകുന്നു. മനസ്സാകുന്ന തടാകത്തെ നിൎമ്മലമായി വെക്കുന്നതു യുക്തിയുക്തവും സാദ്ധ്യവും പ്രായോഗികവുമത്രേ. പച്ചപ്പായൽ നീക്കി കുറേനേരം വൃത്തിയാക്കുക; നമുക്കപ്പോൾ ധ്യാനശക്തി ഉണ്ടാകും. എന്നാൽ അതു രോഗത്തെ ശാശ്വതമായി മാററുന്നില്ല. വീണ്ടും വീണ്ടും പായൽ വാരിക്കളഞ്ഞുകൊണ്ടിരുന്നാൽ ക്രമേണ അതിൻെറ ഘനം കുറഞ്ഞുവരികയും ഒടുക്കം തടാകം അശേഷം തെളിയുകയും ചെയ്യും. അതാണു് വേദാന്തം തൻെറ മുമ്പിൽ പ്രതിഷ്ഠിക്കുന്ന ലക്ഷ്യം.

ഇനിയും, നിങ്ങളെ കടിക്കുന്ന ഒരു പാമ്പു ഇവിടെ ഉണ്ടായിരിക്കട്ടെ. ഇതിനെ തണുപ്പിച്ചു മരവിപ്പിക്കാം. അപ്പോൾ അതു ഒരു പന്തുപോലെ ചുരുളുന്നു അപ്പോഴതിനെ വേണമെങ്കിൽ കയ്യിലെടുക്കാം. അതിനെ വീട്ടിൽ കൊണ്ടുപോയി തീയ്യിൻെറ അടുക്കൽ വെയ്ക്കുക. അതിനു ചൂടു പിടിക്കുമ്പോൾ അതു നീണ്ടുനിവിൎന്നു വലുതാകയും അപ്പോൾ കടിക്കയും ചെയ്യുന്നു. അതിനു വിഷം വീണ്ടും വൎദ്ധിക്കുന്നു. ഗരളം അവിടെയുണ്ടു്. അതു പാമ്പിൽനിന്നു പോയിരുന്നില്ല. ചിലക്കൂട്ടർ അംഗീകരിച്ചിട്ടുള്ള ധ്യാനരീതികൾക്കു ഇതു ഒരു ദൃഷ്ടാന്തമാണു്. മിക്ക ജനങ്ങൾക്കും ധ്യാനമെന്നതു പാമ്പിനെ ചുരുട്ടി–മനസ്സിനെ അമൎത്തി–വെക്കുക മാ

---

* ഒരു ഇതിഹാസകഥ.

ത്രമാണ്. ഈ പാമ്പിൻെറ വിഷപ്പല്ലുകൾ തല്ക്കാലത്തേയ്ക്കു ചത്തുവെന്നു തോന്നുന്ന കാമാദികളാണ്. ഈ ചെറുമനസ്സു ഉറങ്ങുന്നു; അതായതു്, ഒരുവക സമാധിസ്ഥിതിയിലാകുന്നു. പാമ്പു പ്രായോഗികമായി തണുപ്പടിച്ചു മൃതമായതാണെന്നു പറയാം. എന്നാൽ വാസ്തവത്തിൽ അതു ചത്തിട്ടില്ല. പാമ്പിനെ വേറൊരുതരത്തിൽ വേണമെങ്കിൽ കൈകാര്യം ചെയ്യാം. ഒരു സംഗീതയന്ത്രമെടുത്തു്, മന്ത്രങ്ങൾ ജപിച്ചു്, അതിനെ സ്വാധീനപ്പെടുത്താം. പിന്നീടു നമ്മുടെ മിടുക്കുകൊണ്ടു അതിനെ പിടിക്കാം. അതിൻെറ വിഷഉറകളും പല്ലുകളും പിടുങ്ങിക്കളയാം. പാമ്പു് അപ്പോൾ പല്ലും ഉറയും ഇല്ലാത്തതാകും. വിഷവും അതിലിരിക്കയില്ല. ഇതാണു് മനസ്സിനെ നിയന്ത്രിക്കാനുള്ള വേദാന്തപ്രദശിതമാൎഗ്ഗം.

പ്രേതസമ്പൎക്കാഭ്യാസികൾ പ്രായേണ തണുപ്പടിച്ചു മയങ്ങിക്കിടക്കുന്ന പാമ്പുകളോടുപമിക്കപ്പെടാവുന്ന നിലയിൽ മനസ്സിനെ നിറുത്തുന്നു. അവരപ്പോൾ ഒരുമാതിരി സുഖസ്ഥിതിയിലെത്തുന്നു. എന്നാൽ ഈ പ്രപഞ്ചജീവിതത്തിൽ അവരുടെ ബന്ധുക്കളും സ്നേഹിതന്മാരും സഹോദരീസഹോദരന്മാരും ശത്രുക്കളും എല്ലാവരും വന്നു് വികാരങ്ങളുടെയും കാമങ്ങളുടെയും പാമ്പിനെ പിടികൂടുന്നു; അതിനെ ചൂടുപിടിപ്പിക്കുന്നു. അവർ പാമ്പിനു ചൂടുകൊടുത്തു് അതിനെ ഉണൎത്തുന്നു. അകത്തെ മനസ്സ് വീണ്ടും പാപോന്മുഖമായി ഭവിക്കുന്നു. പാമ്പിൻെറ വിഷസഞ്ചികളെ നീക്കാഞ്ഞതിനാൽ അതു പിന്നെയും വിഷപ്രദമാകുന്നു. നൈതികനിഷ്ഠ-ചാരിത്രദാൎഢ്യം-ശരിയായി ഉറയ്ക്കുന്നില്ല. യഥാൎത്ഥമായ ആദ്ധ്യാത്മികത്വം പ്രാപ്തമാകുന്നുമില്ല.

ഇവൎക്കു മിക്കവൎക്കും പണം സമ്പാദിക്കാനുള്ള മോഹംകൊണ്ടു് അവരുടെ ശക്തികളെ ചവിട്ടിത്തേയ്ക്കാൻ ആവശ്യമുണ്ടു്. മനസ്സിനെ ഏകാഗ്രപ്പെടുത്തുന്നതു നല്ലതുതന്നെ. എന്നാൽ പാമ്പിനെ വിഷഹീനമാക്കുക; അതിൻെറ വിഷസ്ഥാനങ്ങൾ പറിച്ചുകളയുക. സകല വശീകരണങ്ങൾക്കുമപ്പുറത്തു പോകുക. ചാരിത്രബലം സ്ഥാപിക്കുക. ഇതെല്ലാം ശ്രദ്ധിച്ചുനോക്കേണ്ടതാണു്; ഓൎക്കേണ്ടതുമാണു്. ക്ഷീണസ്ഥാനങ്ങളൊക്കെ നീക്കിയാൽ, നിങ്ങൾ വിഷമില്ലാത്ത, പല്ലില്ലാത്ത പാമ്പായി ഭവിക്കുന്നു. അപ്പോഴും നിങ്ങളെ തണുപ്പിച്ചു മരവിപ്പിക്കാം. എന്നാൽ അങ്ങനെ ചെയ്തു് ആ നിലയിൽ ഇരിക്കേണ്ട ആവശ്യമില്ല. നിങ്ങളുടെ കുത്തുകളിലും കടികളിലും വിഷമുണ്ടായിരിക്കയില്ല. ഇപ്പോൾ നിങ്ങൾക്കു നൈതികനിഷ്ഠയും ചാരിത്രസ്ഥിരതയുമുണ്ടു്. ബഹളമയമായ പ്രാപഞ്ചികജീവിതത്തിൽ നിങ്ങൾ ദ്രോഹിക്കപ്പെടാതെ, നാശമുണ്ടാകാതെ, അതിനൊക്കെയപ്പുറത്തു നില്ക്കുന്നതാണു്.

ഒരു മനുഷ്യൻ മദ്യപാനംചെയ്തു മദോന്മത്തനായി ബോധമില്ലാത്ത നിലയിൽ തൻെറ വീട്ട 500 ഡോളറിനു വില്ക്കുന്നു; ഈ നിലയിൽ 500 ഡോളറിനു വീട്ടു വില്ക്കാൻ പ്രമാണം എഴുതിക്കൊടുക്കുന്നു. അവൻെറ ഭാര്യ അവനു വിനാഗരോ മററു പുളിയുള്ള ഏതെങ്കിലും പാനീയമോ കൊടുക്കയാൽ അവൻ സുബോധവാനാകുന്നു. താൻചെയ്ത അബദ്ധത്തെപ്പററി അവൻ സങ്കടപ്പെടുന്നു. വലിയ വീട്ട ബഹുതുച്ഛമായ വിലയ്ക്കു വിററ മണ്ടത്തനത്തെപ്പററി അവൻ ഖേദിക്കുന്നു. വസ്തു വാങ്ങിയവൻെറ പേരിൽ ഒരു കേസ്സു കൊടുക്കാൻ അവൻ ഉറച്ചു തനിക്കു തൻെറ പ്രവൃത്തികളെപ്പററി ശരിയായി അറിയാൻ പാടില്ലാതെ ലഹരിപിടിച്ചിരുന്നപ്പോൾ ചെയ്തതായതുകൊണ്ട്, ആ കാരണംപറഞ്ഞു കേസ്സു ജയിക്കാമെന്നു അവൻ കരുതുന്നു. അവനു ഇപ്പോൾ നല്ല ബോധമുണ്ട്. ഇങ്ങനെ തന്നെയാണു പലരുടെയും കഥ. അവരും ഒരുവക ലഹരിപിടിച്ച അവസ്ഥയിലാണ്. അങ്ങനെ നിന്നുകൊണ്ടവർ സ്വയം ഈശ്വരനു വില്ക്കുന്നു; പണമെല്ലാം കൊടുക്കുന്നു; സമ്പാദ്യങ്ങളും മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും സകലതും, സമസ്തവും അവർ ദൈവത്തിനു സമർപ്പിക്കുന്നു. ഈശ്വരനുവേണ്ടി അതുകളെല്ലാം ത്യജിക്കപ്പെടുന്നു. നല്ലതുതന്നെ! അവർ ഒരുവക സമാധിസ്ഥിതിയിലാണ്. എന്നാൽ കുറച്ചുകഴിയുമ്പോൾ, ലൌകികാവശ്യങ്ങൾ അവരെ പ്രേരിപ്പിച്ചുതുടങ്ങുന്നു; നിസ്സാരഭാരങ്ങൾ അവയുടെ അസ്തിത്വം വെളിപ്പെടുത്തുന്നു. അവൾ വിനാഗരി കൊടുക്കുന്നു, ലഹരി മാറുന്നു. അപ്പോൾ സകലതും ഈശ്വരനിൽനിന്നു അവർ തിരിച്ചെടുക്കുന്നു. ശരീരം 'എൻെറ' ശരീരമാകുന്നു; വീട്ട 'എൻെറ' വീടായി; അയല്ക്കാരൻെറ പദാർത്ഥങ്ങൾകൂടി "എൻെറ"താക്കുന്നതുവരെ അവൻ സമസ്തവും ദൈവത്തിൽനിന്നു തിരിച്ചെടുക്കുന്നു. ഇതെല്ലാം അത്രയ്ക്കും നല്ലതുതന്നെ. എന്നാൽ പരമാർത്ഥശാന്തിയും യഥാർത്ഥാനന്ദവും നിങ്ങൾക്കു കിട്ടണമെങ്കിൽ സകലതും ശാശ്വതമായി ഈശ്വരാർപ്പണം ചെയ്ത്, പൂർണ്ണാവസ്ഥയെ പ്രാപിച്ച്, നൈതികവും ചാരിത്രപരവുമായ നില ഉറപ്പിച്ച്, സകല ഉപദ്രവങ്ങളും തടഞ്ഞുനിറുത്തുമ്പോൾ മാത്രമാണ് അതു സാധിക്കുന്നത്. ഉല്ക്കണ്ഠയില്ലാ, ഭയമില്ലാ, ലൌകികാശകളില്ല; നിങ്ങൾ ഇവയ്ക്കൊക്കെയും അങ്ങേപ്പുറത്തേയ്ക്കു കടന്നു നില്ക്കുന്നു.

വേദാന്തതത്വങ്ങൾ അനുസരിച്ച്, ഒരുക്ഷണനേരം നിങ്ങൾ ഈശ്വരനുമായി സമ്പർക്കം ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്കു ചില ശക്തികൾ ലഭിക്കും. സമസ്തലോകവും നിങ്ങളുടേതായിട്ടു നിങ്ങൾ

ക്കുണ്ടായിരിക്കരുതോ! ക്രമപ്രകാരം ത്യാഗത്തിൻെറ അത്യുച്ചകോടികളിൽ എത്താൻ നിങ്ങൾക്കു സാധ്യമായാൽ സകലതും നിങ്ങളുടേതായിത്തീരും.

നാം രാജാവിൻെറ ഒരു ഉദ്യോഗസ്ഥനെ തേടിക്കണ്ടാൽ, അവൻമാത്രമേ നമ്മുടെ സ്നേഹിതനാകുന്നുള്ളൂ. അവനിൽക്കൂടെ രാജാവും ഇതര ഉദ്യോഗസ്ഥന്മാരും നമ്മുടെ സ്നേഹിതന്മാരായിത്തീരാൻ ഇടയായെന്നും ഇല്ലെന്നുംവരാം. രാജാവിനെ നേരിട്ടു ആദ്യമേ തേടുക. മററു കീഴുള്ളവരെല്ലാം നിങ്ങളെ തേടി കണ്ടുപിടിച്ചു സ്വയം നിങ്ങളുടെ സ്നേഹിതന്മാരായിക്കൊള്ളും.

ഇൻഡ്യായിൽ ചിലർ ചില പ്രത്യേകശക്തികൾ സമ്പാദിക്കാൻ ആവശ്യപ്പെടുകയും, അതിൽ വിജയം പ്രാപിക്കയും ചെയ്യുന്നുണ്ട്. മററുപലരും അവയെ ത്യജിക്കുകയാണു ചെയ്യുന്നതു്. അവർ ത്യാഗത്തിൻെറ പാതയിൽ സഞ്ചരിക്കണം. അവൎക്കാവശ്യമായ ഒന്നുമാത്രം അറിഞ്ഞാൽമതി. ത്യാഗം കൂടാതെ ഈ ലോകത്തിൽ യാതൊരു ശക്തിയും ഇല്ല. എന്നാൽ പ്രത്യേകശക്തികൾ സമ്പാദിക്കുന്നതിൽ ത്യാഗം അപൂൎവമായിട്ടേ ഉള്ളൂ. ത്യാഗം പരിപൂൎണ്ണമാകട്ടെ; അപ്പോൾ അധികാരബലവും പരിപൂൎണ്ണമാകും; ലോകം അശേഷവും നിങ്ങളുടേതാകും. ത്യാഗമാൎഗ്ഗത്തിൽ ചരിക്കുന്നവർ രാജാവിനെത്തന്നെ തേടുന്നു. നിങ്ങളിൽതന്നെയുള്ള രാജാവിനെ പ്രാപിക്കുമ്പോൾ, ഉദ്യോഗസ്ഥരെല്ലാം നിങ്ങളുടെ പരിചാരകന്മാരായിത്തീരുന്നു. ഇതാണു പ്രകൃതിസഹജമായ മാൎഗ്ഗം. ഈ ശക്തികൾ നിങ്ങളെ അന്വേഷിക്കണം. നിങ്ങൾ ഈ ശക്തികളെ തേടരുതു്.

പ്രേതസംസൎഗ്ഗപരമായ മാനസികശക്തികളെ പോഷിപ്പിക്കുന്നതു ശരിയാണോ? അതിനുവേണ്ടി മാത്രമായാൽ അതു വെറും ലൌകികത്വംമാത്രമാണു്. നിങ്ങൾക്കു മരിച്ചവരുമായി സംസൎഗ്ഗം ചെയ്യാമെന്നും, അതു തികച്ചും സാധ്യമാണെന്നും വേദാന്തം പറയുന്നു. എന്നാൽ ജീവിച്ചിരിക്കുന്നവരോടു സംസൎഗ്ഗം ചെയ്യുന്നതു് അതിനോടു സമമായോ, അധികമായോ നല്ലതാണു്. പ്രേതങ്ങൾ നമ്മുടെ അടുത്തുവരുന്നോ, അതോ നമ്മുടെ സ്വന്തസത്ത തന്നെ ആ രൂപങ്ങൾ എടുക്കുന്നോ എന്ന ഒരു ചോദ്യമുണ്ടു്. വേദാന്തത്തിൻെറ വിധി—ഉത്തരം ഇങ്ങിനെയാണു്:—"സ്ഥൂലമായി ഭൌതികമായ ലോകത്തിൻെറ സ്ഥാനത്തുനിന്നു് മാനസികലോകത്തെ വീക്ഷിക്കയാണെങ്കിൽ, മരിച്ചവർ നിങ്ങളുടെ അടുത്തുവരുന്നുവെന്നു പറയുന്നതു് ശരിയാകാം. എന്നാൽ പരമാൎത്ഥതത്വത്തിൻെറ നിലയിൽനിന്നുനോക്കിയാൽ, സ്ഥൂലഭൌതികലോ

കമെന്നു പറയുന്നതിൽതന്നെ "ഇന്നിന്നയാൾ എന്നെ കാണാൻ വന്നു" എന്നു പറയുന്നതുപോലും തെററാണ്. പരമാർത്ഥനില യിൽനിന്നു നോക്കിയാൽ, ഈ പറച്ചിൽ അബദ്ധമാണ്. എന്തെ ന്നാൽ നിങ്ങളുടെ സ്വന്തസത്തയാണ് നിങ്ങളുടെ മുന്നിലും, മുക ളിലും, താഴെയും എല്ലാം നില്ക്കുന്നതു്, വേറെ ഒന്നും അല്ല ഈ പ്രത്യക്ഷഭിന്നതകളിൽ പ്രകടീഭവിക്കുന്നതു് വാസ്തവത്തിൽ നിങ്ങൾ തന്നെയാണ്. ജ്യേഷ്ഠനും, സ്നേഹിതനും, ശത്രുവും വേദാന്തമനു സരിച്ചു സമസ്തവും നിങ്ങൾതന്നെയാണ്. പരമാർത്ഥത്തിൽ മരി ച്ചവർവരുന്നുവെന്നു പറയുന്നതു് സത്യമല്ല. അവർ മററു രൂപങ്ങ ളിലും, ഛായകളിലും ഉള്ള നാം തന്നെയാണ്.

ഈ പ്രേതസമ്പർക്കശക്തികൾ സമ്പാദിക്കാൻ കൃത്യമായ പദ്ധതികൾ ഉണ്ടോ? ഉണ്ടു്. ഒരുത്തനു് ഒരു എൻജിനീയറാക ണമെങ്കിൽ, അവൻ ഒരു പ്രത്യേകതരം അഭ്യാസം ചെയ്യണം. അവനു് ഒരു വൈദ്യനാകണമെങ്കിൽ മെഡിക്കൽ കോളജിൽ പോയി പഠിക്കണം. അതേവിധം ഈ പ്രേതസമ്പർക്കശക്തികൾ പ്രയോഗിക്കുന്നതിനും പ്രേതലോകസംഭവങ്ങൾ കാണുന്നതിനും ഒരു പ്രത്യേകപരിശീലനംതന്നെവേണം. എന്നാൽ അതു ഇപ്പോൾ പറയേണ്ട ആവശ്യമില്ല. നിഴലിനോ, പിശാചിനോവേണ്ടി ഓടാ നോ, തേടാനോ രാമൻ ഗുണദോഷിക്കുന്നില്ല. ഒരു പരിശുദ്ധ നായ മനുഷ്യൻ താമസിക്കുന്നിടത്തു അവയൊന്നും അടുക്കാൻ ധൈര്യപ്പെടുകയുമില്ല.

രാമൻ ഒരിക്കൽ ഹിമാലയത്തിന്റെ ഒരു ഗുഹയിൽ പാർത്തി രുന്നു. അവിടം ഭൂതങ്ങളുടെ ആവാസസഞ്ചാരങ്ങൾക്കു പ്രസിദ്ധ മായിരുന്നു. ഒരുരാത്രി ആ ഗുഹയിൽ പാർത്തുമൂലം മരിച്ചുപോയ വളരെ സന്യാസിമാരെപ്പററി സമീപസ്ഥലങ്ങളിലെ ജനങ്ങൾ പറ ഞ്ഞിരുന്നു. ചില സന്ദർശകർ ഭയവിഹ്വലരായി മോഹാലസ്യപ്പെ ട്ടിരുന്നു എന്നു പറഞ്ഞുകേട്ടു. രാമൻ ആ ഗുഹയിൽ താമസി ക്കാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ എല്ലാവരും വിസ്മയിച്ചു. രാമൻ അവിടെ പല മാസങ്ങൾ താമസിച്ചു. യാതൊരു ഭൂതവും, ഛായയും രാമൻ കണ്ടില്ല. അവയെല്ലാം ഓടിപ്പോയിരിക്കുമെന്നു തോന്നുന്നു ഗുഹയ്ക്കകത്തു പാമ്പുകളും, തേളും, പുറത്തു് വ്യാഘ്ര ങ്ങളും ഉണ്ടായിരുന്നു. അതുകൾ ഒന്നും സമീപത്തുനിന്നുപോയി ട്ടില്ല. എന്നാൽ രാമന്റെ ശരീരത്തെ അവ ഒന്നും ഉപദ്രവിച്ചില്ല.

സ്വതന്ത്രാത്മാക്കൾ, അഥവാ ജീവന്മുക്തന്മാർ മരണശേഷം പ്രേതങ്ങളായി ജീവിക്കയില്ലെന്നു വേദാന്തം തെളിയിക്കുന്നു. അവ രുടെ ഛായകളുടെ അടിമകൾമാത്രമേ പ്രേതങ്ങളുടെയോ, പിശാചു

ക്കളുടെയോ രൂപമെടുക്കുന്നുള്ളൂ. ആ നിഴൽ രൂപത്തിൽ ബന്ധിക്കപ്പെടുന്നവർ ബന്ധിതാത്മാക്കളല്ലാതെ വേറെയാരുമല്ല

സംഭാഷണചതുരന്മാരുടെ രാജാവായ—ആൎക്കും തൎക്കിച്ചുതോല്പിക്കാൻ നിവൃത്തിയില്ലാതിരുന്ന—“തന്റെ തോക്കു വെടിയിൽ ലക്ഷ്യം തെററിപ്പോയാൽ, അതിന്റെ മൂട്ടുകൊണ്ടു ഇടിച്ചുതാഴ്ത്തുന്നു” എന്നു ആരെക്കുറിച്ചു പറയപ്പെട്ടുവോ ആ ഡോക്ടർ ജോൺസൺ — വാദപ്രതിവാദസമരത്തിൽ അവസാനവാക്കുച്ചരിക്കുന്ന ജോൺസൺ—ഒരു സ്വപ്നത്തിൽ * എഡ്മണ്ടുബക്ക് യുക്തിവാദത്തിൽ തന്നെ തോല്പിച്ചുകളഞ്ഞുവെന്നു ഒരിക്കൽ ഒരു സ്വപ്നം കണ്ടു. ജോൺസണെപ്പോലുള്ള ഒരുസ്വഭാവക്കാരനു് ഇതു ഭയങ്കരമായിരുന്നു. അദ്ദേഹം ഞെട്ടിയുണൎന്നു; മനഃസ്വാസ്ഥ്യംതീരെ ഇല്ലാത്തവനായി. പിന്നെ ഉറക്കം വന്നുമില്ല. എന്നാൽ മനസ്സു് അതിന്റെ സഹജമായ ദിവ്യപ്രകൃതികൊണ്ടു് അധികനേരം ശാന്തിഹീനമായിരിക്കയില്ല. അദ്ദേഹത്തിനു സ്വയം നിയന്ത്രിക്കയും, എങ്ങിനെയെങ്കിലും ആശ്വസിക്കയും വേണ്ടിയിരുന്നു കുറെ ആലോചിച്ചതിനുശേഷം, ബക്കു് അവതരിപ്പിച്ച വാദങ്ങൾ അയാൾ അറിഞ്ഞിരിക്കയില്ലെന്നുള്ള നിശ്ചയത്തിൽ അദ്ദേഹം ചെന്നുചേൎന്നു. താൻ തന്നെയാണു് ബക്കായി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടതെന്നും, ഇങ്ങിനെ താൻ തന്നെയാണു് തന്നെ ജയിച്ചതെന്നും അദ്ദേഹം തീരുമാനിച്ചു. അതുപോലെ, പ്രേതങ്ങളായി—മാത്രമല്ല, ഭൃത്യങ്ങളും, ശത്രുക്കളും, സ്നേഹിതന്മാരും, അയൽക്കാരും, കുന്നുകളും, സൎപ്പങ്ങളും, പൎവ്വതങ്ങളും ഒക്കെയായി കാണപ്പെടുന്നതു സമസ്തവും നിങ്ങൾതന്നെയാണു്. സ്വപ്നത്തിൽ നിങ്ങൾ നദികളും, പൎവ്വതങ്ങളും കാണുന്നു. അവ നിങ്ങൾക്കു ബാഹ്യവും, അന്യവുമായിരുന്നുവെങ്കിൽ, മെത്ത നദീജലംകൊണ്ടു നനഞ്ഞും, കട്ടിലും മുറിയും എല്ലാം പൎവ്വതംകൊണ്ടു ഞെരിഞ്ഞും കാണപ്പെടണം. വെള്ളം പൊങ്ങുന്ന നദികളും, രാക്ഷസീയപൎവ്വതങ്ങളും എല്ലാം നിങ്ങൾക്കുള്ളിലാണു്. നിങ്ങളെത്തന്നെ സ്വയം ഭേദിച്ചു ബാഹ്യാനുഭവങ്ങളായ ദൃശ്യങ്ങളായി ഒരു പുറത്തും, ചെറിയ ചിന്താശീലനായ ഏജണ്ടും ദ്രഷ്ടാവും ആയി മറുവശത്തും കാണുന്നതാണു് യഥാർത്ഥത്തിൽ ദൃശ്യവും, ദ്രഷ്ടാവും നിങ്ങൾതന്നെയാണു്. നിങ്ങൾ തന്നെയാണു് ‘ആത്മാവും, അനാത്മാവും’ എന്നു പറയപ്പെടുന്നതൊക്കെയും, നിങ്ങൾതന്നെയാണു്. ലളിതകോമളമായ റോസാപ്പൂവും, കാമുകനായ കുയിലും. നിങ്ങളാണു് കുസുമവും, ഷൾപ്പദവും. നി

* എഡ്മണ്ടുബക്ക് ഒരു പ്രസിദ്ധ ഇംഗ്ലീഷുരാഷ്ട്രീയപ്രവൎത്തകനും, പണ്ഡിതനും പ്രസംഗചതുരനും ആയിരുന്നു.

ങ്ങൾ സൎവ്വസ്വവുമാണ്, പ്രേതങ്ങളും, ഭൂതങ്ങളും, ദേവന്മാരും, ദേവദൂതന്മാരും, പാപികളും, പുണ്യവാന്മാരും ഒക്കെ നിങ്ങളാണ്. അതു അറിയുക; അതു ധ്യാനിക്കുക; സാക്ഷാല്ക്കരിക്കുക നിങ്ങൾ മുക്തനാകുന്നു. ഇതാണ് ത്യാഗമാൎഗ്ഗം. നിങ്ങളുടെ കേന്ദ്രസ്ഥാനം നിങ്ങളിൽനിന്നു പുറത്തു തള്ളിക്കളയരുത്. അങ്ങിനെ ചെയ്താൽ അതു നിങ്ങളെ പതിപ്പിക്കും. നിങ്ങളെത്തന്നെ സമ്പൂൎണ്ണം വിശ്വസിക്കുക. കേന്ദ്രത്തിൽ നിവസിക്കുക; അപ്പോൾ ഒന്നും നിങ്ങളെ ഇളക്കുകയില്ല.

---

## 4. ചാരിത്രത്തിൻെറ ആദ്ധ്യാത്മികനിയമം

(1902-ഡിസംബർ 17-ൽ സാൻഫ്രാൻസിസ്കോ ഹേർമെററിക്ക് ബ്രദർഹുഡ് ഹോളിൽ ചെയ്ത പ്രസംഗം)

ഒരിക്കൽ തന്നത്താൻ അറിഞ്ഞിട്ടുള്ള ഒരു മനുഷ്യനു് ഈ പ്രപഞ്ചത്തിൽ അഭിലഷിക്കേണ്ടതായിട്ടു എന്താണുശേഷിക്കുന്നതു്? രാജ്യത്തെ നിധികളിൽ യാതൊന്നും, സകല പ്രപഞ്ചത്തിലെയും യാതൊന്നും അവൻെറ ശ്രദ്ധയെ ആകൎഷിക്കുന്നില്ല. ഈ പ്രപഞ്ചത്തിലെ വശീകരണങ്ങളിലും, സൌന്ദൎയ്യങ്ങളിലും യാതൊന്നും അവൻെറ മനസ്സിനെ വശീകരിക്കുന്നില്ല. ജ്ഞാനനിധികളിൽ ഉള്ള യാതൊന്നും അവനെ ആകൎഷിക്കുന്നില്ല. ഹാ! എന്തൊരു സുഖം! എന്തു പരമാനന്ദം! എന്തു പരിപൂൎണ്ണാനന്ദം! എത്ര അവൎണ്ണനീയം! അതു സകല ഭാഷയെയും സകല വൎണ്ണനയെയും അതിക്രമിക്കുന്നു. ആ അപരിമിതസന്തോഷം, ആ പരമാനന്ദം, ആ നിസ്സീമാനന്ദം നിങ്ങളാകുന്നു; അതാണ് നിങ്ങളുടെ യഥാർത്ഥാത്മാവു്, അതാണ് നിങ്ങളുടെ യഥാർത്ഥ സത്ത.

അതിനെ അറിയുക; നിങ്ങൾ സമസ്തആവശ്യങ്ങൾക്കും പ്രയോജനങ്ങൾക്കും അതീതനായി നില്ക്കും. അതിനെ പ്രാപിക്കുക, അപ്പോൾ സമസ്തപ്രപഞ്ചവും നിങ്ങളുടേതായിത്തീരുന്നു.

അഹോ! കഷ്ടം! ജനങ്ങൾ അന്തമില്ലാത്ത ഈ സുഖം, ഈ പരമമായ ആനന്ദം, പ്രാപഞ്ചികവ്യാമോഹങ്ങൾക്കും, നിഴലുകൾക്കും ക്ഷണികഭ്രമങ്ങൾക്കും വേണ്ടിയിട്ടു്, എടുത്തു ദൂരെഎറിഞ്ഞുംകൊണ്ടു് എന്തബദ്ധം-എന്തുതെററു്-ആണ് ചെയ്യുന്നതു്! ഈ പൂൎണ്ണാനന്ദം നിങ്ങളുടേതാകുന്നു; അതു നിങ്ങളാകുന്നു. അതു എന്തുകൊണ്ടന്വേഷിക്കുന്നില്ല? നിങ്ങളുടെ ജന്മാവകാശം കൈവ

ശപ്പെടുത്തുക! * ഈശാവിനെപ്പോലെ ജനങ്ങറം നിസ്സാരമായ പൊട്ടക്കലത്തിനുവേണ്ടി അവരുടെ ജന്മാവകാശം വില്ക്കുന്നു!

മുപ്പതുവെള്ളിക്കു് യൂദാസ് ഇസ്കാരിയററു് ക്രിസ്തുദേവനെ വിററു, × നിങ്ങളുടെ യഥാർത്ഥാത്മാവായ ക്രിസ്തുവിനെ—ദേവദേവനെ ഈ ലോകത്തിലെ മരുമരീചികയാകുന്ന സുഖങ്ങറംക്കുവേണ്ടി വിററുകളയരുതേ! കൂടുതൽ ബുദ്ധിമാന്മാരാകുക! അധികം ബുദ്ധിയുള്ളവരാകുക!

പാടുക; ഓം എന്നു ജപിക്കുക; ജപിക്കുമ്പോറം നിങ്ങളുടെ ഹൃദയമെല്ലാം അതിൽ പ്രതിഷ്ഠിക്കുക; സവ്വശക്തികളും അതിലേക്കപ്പിക്കുക സകല ആത്മാവും അതിൽ പ്രയോഗിക്കുക; അതാസാധിക്കാൻ സവ്വശക്തിയും വിനിയോഗിക്കുക. ഓം എന്ന മന്ത്രത്തിൻെറ അർത്ഥം "ഞാൻ അവനാകുന്നു; ഞാനും അവനും ഒന്നാകുന്നു. ഓം, ഞാൻ അവൻതന്നെയാകുന്നു" എന്നാണു്. ഓം! ഓം!! എന്നു ജപിക്കുമ്പോറം കഴിയുമെങ്കിൽ, നിങ്ങളുടെ മനസ്സിൻമുമ്പിൽ നിങ്ങളുടെ സകല ക്ഷീണതകളും, സകല ആകഷണങ്ങളും ആവാഹിക്കുക. അവയെ പാദങ്ങളുടെകീഴിൽഇട്ടു ചവിട്ടിയമത്തുക, അവയെ തകക്കുക; അവയ്ക്കപ്പുറം കടക്കുക, വിജയിയായി ഭവിക്കുക.

ഇൻഡ്യായിലെ പുരാണങ്ങളിൽ വളരെ മനോജ്ഞമായ ഒരു കഥയുണ്ടു്. കൃഷ്ണൻ യമുനാനദിയിൽ ചാടുന്നതായും, അവൻെറ അച്ഛനും, അമ്മയും, സ്നേഹിതരും, ബന്ധുക്കളും അത്ഭുതസ്തബ്ധരായി സമീപത്തുനില്ക്കുന്നതായും അതു് വിവരിക്കുന്നു. അവരുടെ സാന്നിദ്ധ്യത്തിൽ അവൻ നദീപ്രവാഹത്തിൽചാടി. അവൻ പൊയ്പ്പോയെന്നു അവർ വിചാരിച്ചു ഭയപ്പെട്ടു. അവൻ ഇനി വീണ്ടും പൊങ്ങിവരുകയില്ലെന്നവർ ശങ്കിച്ചു. അവൻ നദിയുടെ അടിയിൽപോയി എന്നും, അവിടെ സഹസ്രശീഷനായ—ആയിരം തലയുള്ള—ഒരു സപ്പം ഉണ്ടായിരുന്നുവെന്നും കഥ വിസ്തരിക്കുന്നു. കൃഷ്ണൻ തൻെറ വേണുഗാനം മുഴക്കാൻതുടങ്ങി; ഓം എന്ന മന്ത്രം വായിക്കാൻതുടങ്ങി; സപ്പത്തിൻെറ ശിരസ്സുകളിൽ അവൻ ചവിട്ടാൻതുടങ്ങി; ഓരോന്നോരോന്നായി സർപ്പശിരസ്സുകളെ മർദ്ദിക്കാൻ അവൻ ആരംഭിച്ചു. എന്നാൽ സർപ്പത്തിൻെറ ഓരോ മസ്തകങ്ങളെയും മർദ്ദിച്ചപ്പോറം വേറെ തലകറം മുളച്ചുവന്നുകൊണ്ടി

---

* ഒരു ബൈബിറം കഥാപുരുഷൻ.

× ബൈബിറം ചരിത്രം.

രുന്നു. ഇങ്ങിനെ വളരെനേരം ബുദ്ധിമുട്ടി. സർപ്പത്തിന്റെ ഫണങ്ങളിൽ കൃഷ്ണൻ ചവിട്ടാനും, നൃത്തംവെയ്യാനും നിൎത്താതെ തുടൎന്നുവന്നു ഓടക്കുഴലിൽ മന്ത്രഗാനവും നിൎത്താതെ തുടൎന്നു. മന്ത്രം ജപിച്ചുകൊണ്ടു ഇടവിടാതെ ചാടിയും, തുള്ളിയുംകൊണ്ടു ഫണങ്ങളെ ചവിട്ടിമെതിച്ചു. അരമണിക്കൂറിനകം സർപ്പം ചത്തു. ഓടക്കുഴലിന്റെ ഹൃദയാവൎജ്ജകഗാനങ്ങൾകൊണ്ടും, കാൽകൊണ്ടു തലകളെ മൎദ്ദിച്ചതുകൊണ്ടും സർപ്പരാജൻ മരണമടഞ്ഞു. നദിജലം രക്തപങ്കിലമായി. സർപ്പരക്തം വെള്ളത്തിൽ കലങ്ങി. സർപ്പത്തിന്റെ ഭാൎയ്യമാരെല്ലാം കൃഷ്ണനെ വന്ദിക്കാൻവന്നു. അവന്റെ മധുരസാന്നിദ്ധ്യാമൃതംകൊണ്ടു സ്വയം അഭിഷേകം ചെയ്യാൻ അവർ ആൎത്തിപൂണ്ടു. കൃഷ്ണൻ നദിയിൽനിന്നു കരകയറി. അത്ഭുതപരവശരായി മോഹിച്ചുപോയിരുന്ന ബന്ധുമിത്രാദികൾക്കു ബോധംവീണു; അവരുടെ സന്തോഷത്തിനു അതിരില്ലായിരുന്നു അവരുടെ പ്രിയതരനായ കൃഷ്ണൻ, കേവലൻ, അവരുടെ മദ്ധ്യേ വീണ്ടുംവന്നതിൽ അവർ ആഹ്ലാദഭരിതരായി. ഈ കഥയ്ക്കു രണ്ടൎത്ഥമുണ്ടു്. അവരുടെ സ്വന്തം ദിവ്യത്വത്തിലേയ്ക്കു് യഥാൎത്ഥ ദൃഷ്ടി ലഭിക്കേണ്ടവൎക്കു ഇതു് ഒരു സാധനപാഠമാണു്.

ആ നദി—അഥവാ തടാകം—മനസ്സിനെ, അഥവാ മനസ്സാകുന്ന തടാകത്തെ, സൂചിപ്പിക്കുന്നു. കൃഷ്ണനായിത്തീരാൻ ആഗ്രഹിക്കുന്നവൻ (കൃഷ്ണനെന്നാൽ ഈശ്വരനെന്നോ, ദൈവമെന്നോ വിചാരിക്കുക) നഷ്ടപ്പെട്ട പരുദീസാ തിരിച്ചു ലഭിക്കാൻ ആഗ്രഹിക്കുന്നവൻ, അവന്റെ സ്വന്തമനസ്സിലേയ്ക്കു്—അവനിലേയ്ക്കു തന്നെ—അഗാധതയിൽ മുങ്ങണം. തന്റെ സ്വന്തപ്രകൃതിയിലേയ്ക്കുചാടി മുങ്ങി, അടിയിൽ എത്തി. ലൌകികമനസ്സാകുന്ന, കാമവികാരങ്ങളും, മോഹങ്ങളുംആകുന്ന, വിഷമുള്ള സർപ്പത്തെ എതിൎത്തു ജയിക്കണം. അവൻ അതിനെ തകൎത്തു്, അതിന്റെ ഫണങ്ങളെ ചവിട്ടിഉടച്ചു്, അതിന്റെ അസംഖ്യശിരസ്സുകളെ മൎദ്ദിച്ചു്, അതിനെ വശീകരിച്ചു് നശിപ്പിക്കണം. അവന്റെ മനസ്സാകുന്ന സരസ്സിനെ നിൎമ്മലമാക്കണം; അവന്റെ മനസ്സു് ഇങ്ങിനെ ശുദ്ധീകരിക്കണം. ക്രിയാപദ്ധതി കൃഷ്ണൻ സ്വീകരിച്ചതു തന്നെ. അവൻ തന്റെ വേണുഎടുത്തു് 'ഓം' എന്ന മന്ത്രം അതിൽക്കൂടി ഗാനംചെയ്യണം. അതിൽക്കൂടെ അനുഗൃഹീതമായ, ദിവ്യമായ ഗാനം പാടേണ്ടതാണു്.

ഓടക്കുഴൽ എന്താണു്? അതു് നിങ്ങൾക്കൊരു മാതൃകമാത്രമാണു്. അതിനെ നോക്കുക. ഇൻഡ്യൻ കവികൾ അതിനു് വളരെ പ്രാധാന്യവും, മഹത്വവും കൊടുക്കുന്നു. അത്രവലിയ മാന്യ

പദവിയിൽ അതിനെ ഉയൎത്തിവെയ്ക്കാൻ അതു് അത്ര മഹത്തായ എന്തുകൎമ്മം ചെയ്തു? എന്തൊരു മഹനീയപ്രവൃത്തികൊണ്ടാണു് അതിനെ ഇത്രമേൽ പൊക്കിവെച്ചിരിക്കുന്നതു്? പൂജയ്ക്കു പാത്രമായ, പ്രബലചക്രവൎത്തിമാരാൽ സ്നേഹിക്കപ്പെട്ടുകയും, വിശാലഭാരതത്തിലെ ബഹുസഹസ്രം സുന്ദരീരത്നങ്ങളുടെ ആരാധനാമൂൎത്തിയായിരിക്കയുംചെയ്യുന്നവനുമായ കൃഷ്ണൻ—പ്രിയപ്പെട്ടവനും, ശക്തിമാനായ കേവലനും, മൂൎത്തിമൽപ്രേമവുമായ കൃഷ്ണൻ—രാജാക്കന്മാരെയും, ചക്രവൎത്തിമാരെയും നോക്കാൻ കാരുണ്യം കാണിക്കാത്ത ആ കൃഷ്ണൻ—എന്തുകൊണ്ടു്, എങ്ങിനെ ഈ ഓടക്കുഴലിനു് ചുംബനങ്ങൾ കൊടുത്തു? അതിനെ ഇത്ര മാന്യനിലയിൽ ആക്കിവെച്ചതെന്തു്? വേണുവിന്റെ ഉത്തരം ഇതാണു്: "എനിക്കൊരു നന്മയുണ്ടു്. എനിക്കൊരു സൽഗുണമുണ്ടു്. ഞാൻ സകല വസ്തുക്കളെയും പരിത്യജിച്ചു് സ്വയംപൊള്ളയായിരിക്കുന്നു."

അടിമുതൽ മുടിവരെ ഓടക്കുഴൽ പൊള്ളയാണു്, "ഞാൻ എന്നെത്തന്നെ-അഥവാ അനാത്മാവിനെ-ഒഴിച്ചുകളഞ്ഞു." ഇങ്ങിനെതന്നെ, ഓടക്കുഴൽ ചുണ്ടത്തുവെക്കുകയെന്നാൽ, ഹൃദയം ശുദ്ധീകരിക്കുക, മനസ്സിനെ ഈശ്വരീകരിക്കുക, സകലതും ഈശ്വരപാദാൎപ്പണംചെയ്യുക, പ്രിയതമനായ ഏകനിൽ അർപ്പിക്കുക എന്നാണു് അൎത്ഥം. ശരീരത്തിന്മേലുള്ള സകല അവകാശവും, സൎവ്വസ്വാർത്ഥപരതയും, സകല സ്വാർത്ഥബന്ധങ്ങളും, 'എന്റേതു നിന്റേതു' എന്നുള്ള ഭേദചിന്തകളും, ഹൃദയാന്തൎഭാഗത്തുനിന്നു പരിത്യജിക്കുക; ഉച്ചാടനംചെയ്യു; അതിനൊക്കെ അതീതമായി നില്ക്കുക. പ്രാപഞ്ചികനായ യാതൊരു കാമുകനും തന്റെ കാമിനിയെ പ്രണയിക്കാത്തത്ര പ്രേമദാർഢ്യത്തോടുകൂടെ ഈശ്വരനെ പ്രേമിക്കുക; വളരെക്കാലം കാണാതെകിടന്ന ഒരു അനർഘസാധനത്തെ ലൌകികമനുഷ്യൻ കാമിക്കയും, മോഹിക്കയും ചെയ്യുന്നതുപോലെ, യഥാർത്ഥാത്മാവിനെ പ്രാപിക്കാൻ മോഹിക്കുക; ദിവ്യത്വത്തിനും, സത്യത്തിനുംവേണ്ടി ആൎത്തിയും, ദാഹവും ഉണ്ടായിരിക്കുക; ആത്മാവിന്റെ പരമസത്തയെ രുചിക്കുന്നതിനായി കൊതിക്കുക;—ഇത്തരം മനഃസ്ഥിതിയിൽ നിങ്ങളെ പ്രതിഷ്ഠിക്കുക—ഇതാണു് ഓടക്കുഴൽ ചുണ്ടുകളിൽവെക്കുന്നതു്. ഈ മനോനിലയിൽ, ഈ ഹൃദയശാന്തിയിൽ, അത്തരം നിൎമ്മലചൈതന്യത്തിൽ, 'ഓം'മന്ത്രം ജപിക്കാൻതുടങ്ങുക; പവിത്രമന്ത്രമായ ഓങ്കാരംപാടാൻ ആരംഭിക്കുക. ഇതാണു് സംഗീതത്തിന്റെ ശ്വാസം ഓടക്കുഴലിൽ കയറുന്നതു്. നിങ്ങളുടെ ജീവൻമുഴവനും ഒരു വേണുവാക്കുക; ശരീരംമുഴവൻ ഓടക്കുഴലാക്കുക; സ്വാർത്ഥപരത അതിൽനിന്നു നീക്കുക; ദിവ്യശ്വാസം അതിൽ നിറയ്ക്കുക.

'ഓം' എന്നു ജപിക്കുക. അങ്ങിനെ ചെയ്യുമ്പോൾ നിങ്ങളുടെ ഹൃദയസരസ്സിൽ അന്വേഷണംതുടങ്ങുക. ബഹുജിഹ്വകളോടുകൂടിയ വിഷസർപ്പത്തെ കണ്ടുപിടിക്കുക. ഈ വിഷപ്പാമ്പിൻെറ ഫണങ്ങളും, ജിഹ്വകളും, വിഷസഞ്ചികളും കൈ അസംഖ്യങ്ങളായ ആവശ്യങ്ങളും, ലൌകികവാസനകളും, സ്വാർത്ഥപ്രേരണകളും അത്രെ. അവയോരോന്നും ചവിട്ടിത്തകൎക്കുക; കാൽക്കീഴിലിട്ടു ഞെരിച്ചുപൊടിക്കുക; ഓരോന്നോരോന്നായി തിരഞ്ഞുപിടികൂടുക; അവയെ ജയിക്കുക: 'ഓം' മന്ത്രം ജപിച്ചുകൊണ്ടവയെ നശിപ്പിക്കുക.

ഒരു സുസ്ഥിരചാരിത്രം—നടത്ത—കെട്ടിപ്പടുത്തുണ്ടാക്കുക, ദൃഢപ്രതിജ്ഞകൾ ചെയ്യുക; പ്രബലനിശ്ചയങ്ങൾ ചെയ്യുക; പരിശുദ്ധശപഥങ്ങൾചെയ്യുക—ഇങ്ങിനെ നിങ്ങൾ മനസ്സാകുന്ന തടാകത്തിലോ, നദിയിലോനിന്നു പുറത്തുവരുമ്പോൾ, ജലമെല്ലാം വിഷബാധയില്ലാതെ കാണപ്പെടും; അതു കുടിക്കുന്നവരെ വിഷം ബാധിക്കാതെയിരിക്കും. അതിനെ സമ്പൂൎണ്ണമായി ശുദ്ധിചെയ്തുംവെച്ച് തടാകത്തിൽനിന്നു കരയ്ക്കുകയറുക. ജനങ്ങൾ നിങ്ങളോട് ഭിന്നിക്കട്ടെ; അവർ നിങ്ങളെ സകല ബുദ്ധിമുട്ടുകളിലും തള്ളിയെന്നിരിക്കട്ടെ; അവർ നിങ്ങളെ അപലപിച്ചുവെന്നിരിക്കട്ടെ; എന്നാൽ, അവരുടെ സൌജന്യങ്ങളും, പ്രാതികൂല്യങ്ങളും ഉണ്ടായിരുന്നാലും, അവരുടെ പേടികാട്ടലിനും, വാദത്തങ്ങൾക്കും വിപരീതമായി നിങ്ങളുടെ ഹൃദയനദിയിൽനിന്നും ദിവ്യവും, അനന്തശുദ്ധവും, നവ്യവുമായ ജലമല്ലാതെ വേറെ യാതൊന്നും ഒഴുകുകയില്ല. അമൃതം നിങ്ങളിൽനിന്നു പ്രവഹിക്കണം. നിങ്ങൾക്കു ദോഷചിന്ത ഉണ്ടാകാൻ അസാദ്ധ്യമായും, അതിൽനിന്നു കുടിക്കുന്നവൎക്കു യാതൊരു ദോഷവും വരാത്തവിധം ശുദ്ധവും നവീനവുമായ ഉറവയായും തീരത്തക്കവിധം ആ അമൃതം പ്രവഹിക്കണം. ഹൃദയം പാവനമാക്കുക; 'ഓം' എന്ന മന്ത്രം ഗാനം ചെയ്യുക; ക്ഷീണവശങ്ങളെല്ലാം പെറുക്കിഎടുക്കുക; അവയെ പറിച്ചുകളയുക, വിജയപതാകയും ഏന്തിവരുക, സുന്ദരസമൃദ്ധമായ ഒരു ചാരിത്രവും രൂപീകരിച്ചുകൊണ്ടു വരുക! വികാരമാകുന്ന സർപ്പത്തെ നശിപ്പിക്കുമ്പോൾ, കാമവിഷയങ്ങൾ നിങ്ങളെ ആരാധിക്കുവാൻ ഇടയാകും; സർപ്പനിഗ്രഹത്തിനുശേഷം സർപ്പത്തിൻെറ ഭാൎയ്യമാർ കൃഷ്ണനെ വന്ദിപ്പാൻ വന്നതുപോലെ, ഈ പദാർത്ഥങ്ങൾവന്നു നിങ്ങളെ ആശ്രയിക്കും.

നിങ്ങളുടെ ഉപയോഗത്തിനായി ഒരു പടംവരയ്ക്കുക. അതിൽ നിങ്ങൾക്കു സാധാരണമായിട്ടുള്ള പാപങ്ങളും, പോരായ്മകളും ഒരുലിസ്റ്റിൽ എഴുതി അതിൽവെക്കുക. ഈ പട്ടിക പരിശോധി

ച്ചുംകൊണ്ടു് ആഴ്ച്ചയിലെ ഓരോ ദിവസവും പരീക്ഷിക്കുക. ഒരു ദിവസം പക്ഷേ നിങ്ങൾക്കു് ലോഭമോ സങ്കടമോ, ഉണ്ടായിരുന്നിരിക്കാം ലോഭം, വ്യസനം—എന്നിങ്ങനെ തലക്കെട്ടുകളിൽ എഴുതിയിട്ടുള്ള കോളങ്ങൾക്കുനേക്കു അപ്പോൾ X എന്നു ഒരു അടയാളം ഇടുക ദിവസത്തിൻെറ കോളത്തിനു നേക്കായിരിക്കണം ഇതു്, ഇങ്ങിനെ തുടരുക. ഇപ്രകാരം ഒരു സ്വന്തഡയറിവെച്ചു് നിങ്ങളുടെ വീഴ്ച്ചകളെ നിങ്ങളുടെമുമ്പിൽ കൊണ്ടുവരാം; നിങ്ങളുടെ ക്ഷീണതകളെയും ഇങ്ങനെ അഭിമുഖീകരിക്കാം.

ഈ അടയാളങ്ങളെ പടത്തിൽകാണിച്ചു സൂക്ഷിക്കണമെന്നു രാമൻ ശുപാൎശചെയ്യുന്നില്ല. ഇന്നു നിങ്ങൾ ഒരു പോരായ്മയ്ക്കധീനനാകുന്നു. എന്നാൽ നിങ്ങളോടു വിശ്വാസപൂൎവ്വം ആ അടയാളം ഇന്നു രേഖപ്പെടുത്തുക അടുത്തനാൾ പ്രഭാതത്തിലോ, മററു സൌകൎയ്യസമയത്തോ കതകടച്ചുംവെച്ചു്, തനിയേ താഴെയിരുന്നു്, പടം നിങ്ങളുടെമുമ്പിൽ നിവിൎത്തു്, ലോഭത്തിനോ ദുഃഖത്തിനോ എന്തിനെങ്കിലും നിങ്ങൾ കീഴ്‌വഴങ്ങിയ സംഗതി ഇവിടെ കാണുക. പിന്നീടു സ്വയം തന്നത്താൻ പ്രസംഗംചെയ്യുക.

ഈ രാജ്യത്തു് നമുക്കു അന്യരിൽനിന്നും ആവശ്യത്തിലധികം പ്രസംഗങ്ങൾ ഉണ്ടാകാറുണ്ടു്. ഇക്കാലത്തെ മഹാപ്രസംഗവീരന്മാരെല്ലാം വരട്ടെ; ക്രിസ്തുവോ, ഈശ്വരൻതന്നെയോവന്നു പ്രസംഗിക്കട്ടെ; എന്നാലും നിങ്ങൾ നിങ്ങളോടുതന്നെ സ്വയം പ്രസംഗിക്കാൻ തയ്യാറില്ലെങ്കിൽ അന്യരിൽനിന്നുള്ള പ്രഭാഷണങ്ങൾ നിരുപയോഗമത്രെ തന്നത്താൻ പ്രസംഗിക്കുന്നവർമാത്രമേ തങ്ങളെ സ്വയം ഉയൎത്തുകയോ, അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്യുന്നുള്ളൂ. നിങ്ങൾ ദുഃഖത്തിനു അധീനപ്പെട്ടുവെന്നു നിങ്ങൾ അറിയുന്നു. പ്രയത്നംചെയ്തു ഈ ചിന്തയുടെ കാൎയ്യകാരണങ്ങൾ കണ്ടുപിടിക്കുക. നിങ്ങളെ ആ വ്യസനം എന്തുകൊണ്ടു കീഴടക്കാനിടയായി? നിദാനം കണ്ടുപിടിക്കുക പിന്നീടു് അതിനു പരിഹാരം കാണുക. ആ സമയത്തു് ഭഗവൽഗീതയോ, ബൈബിളോ, ഇമേഴ്‌സൻെറ ഗ്രന്ഥങ്ങളോ, വ്യസനനിലയിൽനിന്നു നിങ്ങളെ ഉയൎത്താൻ കെല്പുള്ള മററു വല്ല പുസ്തകമോ, ഏതെങ്കിലും വിജ്ഞാനകരമായ ഒന്നു നിങ്ങൾക്കു വായിക്കാം. അതിൻെറ സഹായത്തോടും, നിങ്ങളുടെ സ്വന്തപ്രസംഗം, ആലോചന, ധ്യാനം മുതലായതിൻെറ സഹായത്തോടും, ഈ ചിന്തയെ എന്നന്നേയ്ക്കുമായി അടിച്ചോടിക്കാൻ ശ്രമിക്കുക. നിങ്ങളതിനെ ജയിച്ചുവെന്നു അപ്പോൾ ബോദ്ധ്യംവന്നുവെങ്കിൽ, മേലും നിങ്ങൾ സ്വയം നഷ്ടപ്പെടുകയില്ലെന്നു തോന്നുന്നുവെങ്കിൽ— എന്തു സാദ്ധവിച്ചാലും അതു തിരിയെ വരാതെ നിങ്ങളതിനെ ചവിട്ടു

ത്തേച്ചുവെന്ന തീച്ച്വരുമ്പോൾ, നിങ്ങൾ വിജയം കൈവരിച്ചുവെന്നു് ഉറപ്പുവരുമ്പോൾ, അപ്പോൾ അടയാളം മായിച്ചുകളയുക. നിങ്ങളപ്പോൾ സ്വതന്ത്രനായി. കഴിഞ്ഞതിനുവേണ്ടി നിങ്ങളെ കുററക്കാരനാക്കുന്നതെന്തിനു്? പോയതുപോകട്ടെ! മൃതമായഭൂതകാലം മൃതമായതിനെ കുഴിച്ചിടട്ടെ!

വീഴ്ചകളെ ഓരോന്നോരോന്നായി ഇങ്ങനെ എടുക്കുക; ഓരോന്നിൻറ കാരണവും, പരിഹാരവും കണ്ടുപിടിക്കുക; നിദാനവും, ചികിത്സയും നിശ്ചയിക്കുക; തന്നത്താൻ പ്രസംഗിക്കുക. എന്നാൽ ഈ വഗ്ഗത്തിനു നിദാനചികിത്സകൾ നിശ്ചയിക്കുംമുമ്പേ നിങ്ങളോരോരുത്തരും തന്നത്താൻ പ്രസംഗിക്കണം; ഓരോരുത്തനും തൻെറ ജോലി സ്വയം നിവ്വഹിക്കണം കഷ്ടപ്പാടുണ്ടാകുന്നതിനെപ്പററി ഓരോരുത്തനും ഇരുന്നു ധ്യാനിച്ചുനോക്കണം. അപ്പോൾ 'ഓം'— എന്നു ജപിക്കയോ, പാടുകയോ ചെയ്യാം. വാകൊണ്ടതു ജപിക്കുമ്പോൾ, ശബ്ദം ഈ വിശുദ്ധമന്ത്രം മൂളുമ്പോൾ, നിങ്ങൾ പ്രതിജ്ഞകളിൽ ഉറച്ചിരിക്കുമ്പോൾ, സ്വഗ്ഗീയമായ നിരന്താനുഗ്രഹങ്ങൾ നിങ്ങളിൽ വഷിക്കുന്നു. നിങ്ങൾക്കു് അകത്തുനിന്നു ബലം സിദ്ധിക്കുന്നു. നിങ്ങളുടെ ഹൃദയസരസ്സിനെ വിഷഭൃഷ്ടിതമാക്കിയ സർപ്പഫണങ്ങളാണു് ഈ വീഴ്ചകൾ. ഓരോന്നോരോന്നായി അവയെ തട്ടിത്തകക്കുക. എല്ലാ പോരായ്മകൾക്കും പാപങ്ങൾക്കും ഒരു സാമാന്യകാരണമുണ്ടു്; ഒരു പൊതുഅടിസ്ഥാനം. ഈ പാപങ്ങൾക്കെല്ലാം ഒരു സാമാന്യമൂലം ഉണ്ടു്. അതു് അജ്ഞാനം ആണു്. സകല രൂപങ്ങളിലുമുള്ള അജ്ഞാനം — പ്രത്യേകിച്ചു് യഥാത്ഥസത്തയെസംബന്ധിച്ച, യഥാത്ഥാത്മാവിനെപ്പററിയുള്ള, അജ്ഞാനം ആണു്.

ജനങ്ങൾ അവരുടെ ശരീരങ്ങളുമായിട്ടു സ്വയം സാത്മ്യംസ്ഥാപിക്കുന്നു; അവയ്ക്കു ചുററിലുമുള്ള സകലവിധ സ്വാധനങ്ങളും സംഭരിക്കാൻ ആത്തിപ്പെടുന്നു; പുറത്തുനിന്നു സുഖങ്ങൾ സമ്പാദിക്കാൻ ആഗ്രഹിക്കുന്നു, അവർ ശരീരത്തോടു സാത്മ്യപ്പെട്ടു ദുഃഖത്തിനും കഷ്ടതയ്ക്കും വിധേയരാകുന്നു.

ശരീരത്തിനു മുകളിലേയ്ക്കുയരുക, നിങ്ങൾ അപരിമിതരാണെന്നും, പരമാത്മാവുതന്നെയാണെന്നും ബോധിച്ചു് അതു സാക്ഷാൽക്കരിക്കുക. നിങ്ങളെ അപ്പോൾ വ്യസനവും, കാമവും, ലോഭവും എങ്ങിനെ ബാധിക്കും?

യഥാത്ഥാത്മാവിനെപ്പററിയുള്ള സാധാരണാജ്ഞാനത്തിൻെറ ഒരു വിഭാഗമായിട്ടു്, ജനങ്ങളെ രോഗികളും ബലഹീനരും

ആകുന്ന, സാമാന്യ പ്രകൃതിനിയമങ്ങളെക്കുറിച്ചുള്ള, അജ്ഞാനവും ഉണ്ടു്. പ്രകൃതിയുടെ പരിശുദ്ധമായ നിയമം ഇവിടെയുണ്ടു്. ഈ നിയമം ലംഘിക്കപ്പെടാവുന്നതല്ല. ആ നിയമം ഇതാണു്:—

"ഏതുവിധം അപരാധവും ചെയ്യുക, എന്തു ദ്രോഹവും പ്രവർത്തിക്കുക, മനസ്സിൽ എന്തു ദുഷ്ടതയും വഹിക്കുക, ദുഷ്ടപ്രവൃത്തികൾ ചെയ്യുക; നിങ്ങളെ ആരും കാണുകയോ, പിടികൂടുകയോചെയ്യാത്ത എവിടെയെങ്കിലും പോയിരുന്നുപോലും പാപംചെയ്യുക, നിങ്ങളോടു് ആരും ചോദ്യംചെയ്യാത്ത ദിക്കിലിരുന്നു എന്തു ദോഷവും പ്രവർത്തിക്കുക, നിങ്ങളെവിടെയെങ്കിലും ദുഷ്ടതയുടെ ബീജം വിതയ്ക്കുക, ഏതെങ്കിലും കോട്ടയ്ക്കുള്ളിലെന്നതുപോലെ, സുരക്ഷിതമായ സ്ഥലത്തുപോലും ഇരുന്നു അതുചെയ്യുക; കാററുവിതയ്ക്കുക. അപ്പോൾ ഏററവും നികൃഷ്ടവും, ഏററവും അഭേദ്യവും, ഏററവും കക്കശവും, ഏററവും കഠിനവും ആയ നിയമപ്രകാരം നിങ്ങൾ കൊടുങ്കാററുകൊയ്യുന്നു; നിങ്ങൾക്കു വേദനയും, കഷ്ടതയും ഭവിക്കുന്നു. * "പാപത്തിൻെറ കൂലി മരണമാകുന്നു."

ജനങ്ങൾ ഇതു് ഒരുവെറും നീതിനിയമംമാത്രമാണെന്നു പരിഗണിച്ചുകൊണ്ടു്, അതിനു്, ഗണിതശാസ്ത്രനിയമങ്ങളെപ്പോലെ, അത്രയ്ക്കു പ്രാബല്യംഇല്ലെന്നു പറയുന്നു; ഗണിതശാസ്ത്രസുനിശ്ചിതത്വം അതിനില്ല എന്നു അവർ പ്രസ്താവിക്കുന്നു. അങ്ങിനെ ചിന്തിക്കുന്നവക്കു് ഭീമാബദ്ധമാണു് പിണയുന്നതു്. ഏററവും ഏകാന്തമായ ഒരു ഗുഹയ്ക്കുള്ളിൽവെച്ചു പാപംചെയ്യുക; ക്ഷണത്തിൽ നിങ്ങളുടെ കാല്ക്കടിയിലുള്ള പുല്ലുപോലും എഴുന്നേററുനിന്നു നിങ്ങൾക്കെതിരായി സാക്ഷ്യം[illegible]ങ്ങൾ വിസ്മയിക്കും. ഭിത്തികളും, വൃക്ഷങ്ങളും[illegible] സംസാരിക്കുന്നതുകണ്ടു് കാലക്രമേണ നിങ്ങ[illegible] നിങ്ങൾക്കു് പ്രകൃതിയെയോ, സർവ്വജ്ഞനാ[illegible] കബളിപ്പിക്കാൻ— വഞ്ചിക്കാൻ തരമില്ല. ഇതു് ഒരു സത്യമാണ; ഒരു നിയമമാണു്. നാം ഹൃദയത്തിൽമാത്രമേ പാപംചെയ്യുന്നുള്ളു. എന്നാലും ബാഹ്യലോകത്തിൽ ബുദ്ധിമുട്ടിക്കുന്നതും, കുഴപ്പിക്കുന്നതും ആയ പരിതഃസ്ഥിതികൾ നമ്മെച്ചുററുന്നതു് നമുക്കു കാണാം; പലവിധ ഞെരുക്കങ്ങളിലും, ക്ലേശങ്ങളിലുംപെടുന്നതുകാണാം; ഇതാണു് ഫലം എന്നു നമുക്കു കാണാറാകും. അവരുടെ സങ്കടങ്ങൾക്കു്, യഥാത്ഥകാരണം അറിയാത്തവർ ബാഹ്യസാഹചയ്യങ്ങളെ കുററപ്പെടുത്തുന്നു; അവർ ചുററുപാടുകളുമായി യുദ്ധത്തിനു പുറപ്പെടുന്നു;

MUL 165338

* ബൈബിൾ ശാസനം.

അവർ ബന്ധുക്കളും, സ്നേഹിതന്മാരും, കൂട്ടുകാരുമായി നിയമവ്യവഹാരങ്ങളിൽ ഏർപ്പെടുന്നു. എല്ലാ കോണുകളിലും, സകല കമ്പോളങ്ങളിലും പ്രസിദ്ധീകരിക്കപ്പെടേണ്ട ദിവ്യനിയമമാണിതു്. ഈശ്വരദൃഷ്ടിയിൽ മണ്ണുവാരിയിടുക; അപ്പോൾ നിങ്ങൾ സ്വയം കുരുടനായിത്തീരും.

നിങ്ങൾ പരിശുദ്ധനായിരിക്കണമെന്നാണു് നിയമം. മാലിന്യം ഉള്ളിൽ വെച്ചുപാലിച്ചാൽ നിങ്ങൾ അതിന്റെ ഫലം അനുഭവിക്കണം. ഈ ആദ്ധ്യാത്മികനിയമങ്ങളെ ഓരോന്നായിട്ടെടുത്തു് ഗണിതശാസ്ത്രനിശ്ചിതമായിത്തെളിയിക്കാൻ നമുക്കു സാധിക്കും. ഒരുമനുഷ്യൻ ഈ ആത്മീയനിയമങ്ങൾ ഒരിക്കൽ അറിഞ്ഞാൽ ഈ സ്വാർത്ഥപരമോഹങ്ങൾക്കുവേണ്ടി നീചനാകാൻ അവനു കഴിവില്ലാതെയാകും. ഈ കാമങ്ങളെ നിയന്ത്രിക്കാൻ സാധിക്കുമ്പോൾ, എത്രനേരം വേണമെങ്കിലും മനസ്സിനെ കേന്ദ്രീകരിക്കാം. ആദ്യം ഒരു നല്ല ചാരിത്രനിഷ്ഠ സ്ഥാപിച്ചുറപ്പിക്കണം, അതു് അത്യാവശ്യമത്രെ.

ഒരുവന്റെ സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ ഉപവാസം ആവശ്യമാണോ?

ഉപവാസത്തെക്കുറിച്ചു രാമൻ പറയുന്നു:—"പട്ടിണികിടക്കയോ, അതിഭക്ഷണം കഴിക്കയോ ചെയ്യരുതു്. രണ്ടററത്തും അധികം പോയിക്കൂടാ. ചിലപ്പോൾ പ്രകൃത്യാ ഉപവാസം വന്നുചേരുന്നു, നമ്മുടെ ഉള്ളിൽനിന്നുതന്നെ ഭക്ഷണംത്യജിക്കാൻ പ്രകൃതിസിദ്ധമായമോഹം ഉണ്ടാകുന്നു. ഹൃദയത്തിന്റെ അത്തരം സഹജപ്രേരണകളെ മാനിക്കണം. എന്നാൽ മററുസമയങ്ങളിൽ ആഭ്യന്തരചൈതന്യംതന്നെ ഭക്ഷണം കഴിക്കാൻ ആവശ്യപ്പെടുന്നു. ഈ വാസനാപ്രേരണകളെ സ്വീകരിക്കുക."

ഒരു സഹായമെന്ന നിലയ്ക്കു് ഉപവാസം സ്വീകരിക്കാം; എന്നാൽ അതു നമ്മുടെ യജമാനൻ ആകരുതു്. ഉപവാസം തല്ലിക്കയററി വെക്കപ്പെടുന്നതിനാൽ ജനങ്ങൾ ചിലപ്പോൾ അതു അനുഷ്ഠിക്കുന്നു. അവർ അപ്പോൾ ഉപവാസമാകുന്ന അടിമത്തത്തിന്റെ ഉപാസകന്മാരായിത്തീരുന്നു. രാമൻ അടിമത്തത്തെ താലോലിക്കുന്നില്ല. ഉപവാസത്തെപ്പററി പറയാം. ഇൻഡ്യായിൽ ചിലർ ഉപവസിക്കാറുണ്ടു്; ഏതുതരം ഭക്ഷണമാണു്;? എത്രയാണതു് കഴിക്കേണ്ടതു്? എന്നും മററുമുള്ള കാര്യങ്ങളെക്കുറിച്ചു നിയന്ത്രണം ചെയ്യേണ്ടപ്രത്യേക ദിവസങ്ങൾ ഉണ്ടു്. ഈ ദിവസങ്ങൾ പൌർണ്ണമാസികളും, അമാവാസികളും മററുമാണു്.

പൌർണ്ണമി ദിവസങ്ങളിൽ ഭാരതീയജനങ്ങൾ വയററിനു കേടുസംഭവിക്കത്തക്ക ഭക്ഷണം കഴിക്കാറില്ല. ആ ദിവസം പ്രത്യേകമായിട്ടു അവർ മനസ്സിനെ കേന്ദ്രീകരിക്കാൻ ഉപയോഗിക്കുന്നു. അന്നു് ധ്യാനത്തിനു സവിശേഷം അനുകൂലമാണു്. പരിക്ഷിച്ചു നോക്കിയാൽ, നിങ്ങൾക്കും അതുകാണാവുന്നതത്രെ. മനസ്സിൻെറ സുസ്ഥിരാവസ്ഥയ്ക്കു ഭംഗം ഉണ്ടാക്കാത്ത ഭക്ഷണമേ അന്നു ജനങ്ങൾ കഴിക്കുന്നുള്ളു.

മനോനിയന്ത്രണത്തിനു്-ധ്യാനത്തിനു്-സഹായിക്കുന്ന ഒരു തരം വിശേഷഗുണംകൊണ്ടു പ്രത്യേകം ഭംഗിയുള്ളവയാണു് അമാവാസിരാത്രികളും, അമാവാസിദിനങ്ങളും.

സ്വാത്ഥപരങ്ങളായ കുതന്ത്രങ്ങളും, മോഹങ്ങളും നമ്മിൽനിന്നു ബഹിഷ്കരിക്കയും, അവയ്ക്കു ഭക്ഷണം കൊടുക്കാതിരിക്കയും, നമ്മിൽ നിന്നു അവയെ സമ്പൂർണ്ണമായി കഴുകിക്കളയുകയും ചെയ്യുന്നതാണു് യഥാർത്ഥമായ ഉപവാസം. ഓം! ഓം!!

156408
R6xM73
32H8'5

---

## 5. സ്വർഗ്ഗരാജ്യം.

(1902 ഡിസംബർ 19-ൽ സാൻഫ്രാൻസിസ്കോ, ഹേർമെറ്റിക്ക് ബ്രദർഹുഡ് ഹോളിൽ ചെയ്ത പ്രസംഗം.

സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിലാണു്. നിങ്ങളതു് എങ്ങിനെയാണു അനുഭവപ്പെട്ടുത്തേണ്ടതു് ?

നമ്മുടെ ഉള്ളിലെ സ്വർഗ്ഗരാജ്യം എങ്ങനെ നമുക്കു സാക്ഷാൽക്കരിക്കാമെന്നു കാണിക്കുന്ന ബഹുരസകരമായ ഒരു കഥയുണ്ടു്. ഒരുകാലത്തു വേദങ്ങളെ ഒരു അസുരൻ മോഷ്ടിച്ചുകൊണ്ടു പോയി സമുദ്രത്തിൻെറ അടിയിൽ വെച്ചിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. "വേദം" എന്ന വാക്കിനു രണ്ടത്ഥമുണ്ടു്. ആദ്യത്തെ അത്ഥം "ജ്ഞാനം-സ്വർഗ്ഗരാജ്യം" എന്നാണു്. രണ്ടാമത്തെ അത്ഥം ഹിന്ദുക്കളുടെ ഏററവും പരിപാവനമായ "മതഗ്രന്ഥങ്ങൾ" എന്നും ആണു്

വേദങ്ങൾ മോഷ്ടിച്ചു സമുദ്രത്തിൻെറ അടിയിൽ കൊണ്ടുപൊയ്ക്കളഞ്ഞ അസുരൻെറ പേർ 'ശംഖാസുരൻ' എന്നാണു്. ഈ പദത്തിൻെറ വാച്യാത്ഥം 'ശംഖത്തിലെ അസുരൻ' (അഥവാ ശംഖത്തിനുള്ളിലുള്ള പ്രാണി) എന്നാണു്. വേദങ്ങളെ

UNIVERSITY LIBRARY MADRAS

പുനരുദ്ധരിച്ചുകൊണ്ടുവരാൻ—ജ്ഞാനസമ്പത്തുകളെ തിരിയെ കൊണ്ടുവരാൻ—ഈശ്വരൻ ഒരു മത്സ്യമായിട്ടവതരിച്ച് അസുരനുമായിട്ട് യുദ്ധംചെയ്ത്, അവനെ നശിപ്പിച്ചുകളഞ്ഞു. വേദങ്ങളെ ലോകത്തിലേയ്ക്കു കൊണ്ടുവരുകയുംചെയ്തു.

കുട്ടികൾ ഇക്കഥ വായിച്ച് വാച്യാൎത്ഥത്തിൽ അതിനെ ഗ്രഹിക്കുന്നു; സാമാന്യജനങ്ങൾ അതു വായിച്ചു അങ്ങിനെതന്നെ മനസ്സിലാക്കുന്നു. എന്നാൽ അതിൽ ഒരു ഗൂഢമായ രഹസ്യാൎത്ഥം അഗാധതയിൽ ഒളിച്ചുകിടപ്പുണ്ട്. ഒരു സാമാന്യതത്വം ഉദാഹരിക്കാൻവേണ്ടി ഇക്കഥ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ശംഖിൻെറ തോട്ടിനകത്തു ജീവിക്കുന്ന പുഴവിൽനിന്നു വേദങ്ങളെ തിരിയെ കൊണ്ടുവരാൻ ഈശ്വരൻ മത്സ്യമായിട്ടവതരിച്ചു. വിഷ്ണു മത്സ്യാവതാരമെടുത്തു്; സമുദ്രത്തിൻെറ അടിയിലെ പ്രാണിയെ അഥവാ അസുരനെ എതിൎത്തു യുദ്ധംചെയ്ത് അതിനെ നശിപ്പിച്ചു. ഇതിൻെറ പ്രയോജനമെന്തു്? മത്സ്യം ഒരു ജലജന്തുവാണ്; ശംഖിൻെറ ഉള്ളിലും ഒരു സമുദ്രജന്തുതന്നെ താമസിക്കുന്നു. ഇപ്പോൾ ഈശ്വരൻ—സൎവ്വസ്വവുമായ നാഥൻ—ഒരു മത്സ്യത്തിൻെറ രൂപത്തിൽ സമുദ്രപ്രാണിയുമായി യുദ്ധംചെയ്തു. പ്രാണി ഓടിക്കപ്പെടുകയും, സമുദ്രതരംഗങ്ങൾ ശംഖത്തിനെ കരയ്ക്കു അടിച്ചുകൊണ്ടുവന്നു കയററുകയും ചെയ്തു ജനങ്ങൾ അതു പെറുക്കിയെടുത്തു. ആ ശംഖ് ഊതിനോക്കി; അതിൽനിന്ന് മുഴങ്ങിക്കൊണ്ടു ഓം—എന്ന ശബ്ദം പുറപ്പെട്ടു. ഇതാണ് വേദം. ഈ അൎത്ഥത്തിൽ വേദമാകുന്ന ശംഖം സമുദ്രത്തിനടിയിൽനിന്നു കൊണ്ടുവരപ്പെട്ടു.

'ഓം' എന്ന പരിപാവനമന്ത്രത്തിൻെറ മാഹാത്മ്യം സവിശേഷമായി സ്ഥാപിക്കുവാൻ കഥയെഴുത്തുകാരൻ പ്രത്യേകം വിവക്ഷിച്ചു—ഉദ്ദേശിച്ചു. സമസ്തപ്രപഞ്ചത്തിലുമുള്ള ജ്ഞാനത്തിൻെറ അന്തിമലക്ഷ്യം ഈ പവിത്രമന്ത്രമായ ഓങ്കാരമാണെന്നു് കാണിപ്പാൻ ഉദ്ദേശിച്ചതാണ്. അതു് വേദമെല്ലാം, സ്വൎഗ്ഗരാജ്യം അശേഷം, ഒരു ശംഖിൽ പ്രതിഷ്ഠിച്ച്, ചെറിയ ഒരു അതിരിനുള്ളിൽ ചുരുക്കി സൂക്ഷിക്കുന്നു. അതായിരുന്നു കഥയുടെ ഉദ്ദേശം.

പ്രധാനവും, പാവനവും ആയ സകല സന്ദൎഭങ്ങളിലും ഹിന്ദുക്കൾ ശംഖനാദം മുഴക്കുന്നു; അതായത്, 'ഓം' എന്നു അവർ ഘോഷിക്കുന്നു, മരണം, ജനനം, യുദ്ധം, ഈശ്വരാരാധന എന്നിവയുടെ കാലങ്ങളിലൊക്കെ അവർ ശംഖ് ഊതുന്നു. ഓങ്കാരത്തിൽ ജീവിക്കലും, ചലിക്കയും, അസ്തിത്വം മുഴുവനും നിക്ഷേപിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാനാണ്.

അകത്തുള്ള ഈ നിധികളെ കണ്ടുമുട്ടുവാൻ, സ്വൎഗ്ഗരാജ്യത്തിൻെറ പൂട്ടുതുറക്കുവാൻ ഉപയോഗിക്കേണ്ട താക്കോൽ ഇതാണു്.

ബുദ്ധിക്കു നല്ല ബോദ്ധ്യംവരാതെ യൂറോപ്പിലെയും, അമേരിക്കായിലെയും ജനങ്ങൾ യാതൊന്നും സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ലോകത്തിലെ തൎക്കശാസ്ത്രം മുഴുവനുംകൊണ്ടു നമുക്കു് ഈ മന്ത്രത്തിൻെറ മഹത്വം തെളിയിക്കുവാൻ സാദ്ധ്യമല്ലെങ്കിൽപോലും, ഈ മന്ത്രത്തിൻെറ ശക്തിമത്തായ ഫലത്തെ നിഷേധിക്കാൻ സാധിക്കയില്ല. വിധിപ്രകാരം ജപിച്ചാൽ അതു മനുഷ്യൻെറ ചാരിത്രസംസ്ഥാപനത്തിനും ആന്തരികരഹസ്യങ്ങളെ പുറത്തുകൊണ്ടുവരുന്നതിനുള്ള നമ്മുടെ കെല്പു് അറിയുന്നതിനും പ്രപഞ്ചത്തിലെ സകല അനൎഘനിക്ഷേപങ്ങളും നമ്മുടെ സ്വാധീനതയിൽകൊണ്ടുവന്നു നമുക്കു് തരുമെന്നു കാണിക്കുന്നതിനും പ്രബലമായി സഹായിക്കുന്നതാണു്. വേദങ്ങൾ എഴുതിയ മഹാത്മാക്കൾ ഈ മന്ത്രം ജപിച്ചസമയം പരമാനന്ദസമുദ്രത്തിൽ നിമഗ്നരായിരുന്നു എന്നും, അവിടെനിന്നു ഹിന്ദുക്കൾ പരിപാവനവേദങ്ങളിലെ സമസ്തജ്ഞാനവും സമ്പാദിച്ചുവെന്നും കാണിക്കുകയാണു് കഥാകൎത്താവിൻെറ കേവലലക്ഷ്യം. ഈ മന്ത്രം എല്ലാ ജ്ഞാനത്തിൻെറയും ബീജം ആണു്. ഭിന്നഭിന്നനിലകളിൽനിന്നു ഈ മന്ത്രത്തിൻെറ മാഹാത്മ്യം നിങ്ങളെ മനസ്സിലാക്കാം. ജനങ്ങൾ സൎവ്വാത്മനാ ഈ മന്ത്രം സ്വീകരിക്കുന്നതിനായി അതിൻെറ വലിപ്പം ചൂണ്ടിക്കാണിക്കേണ്ടതു് ആവശ്യമത്രെ.

ഒന്നാമതായിട്ടു്, ഈ ഓങ്കാരമന്ത്രം ഏതെങ്കിലും ഒരു പ്രത്യേക ഭാഷയുടെ വകയല്ല. ഇതു് ഒരു സംസ്കൃതഭാഷാപദമാണെന്നും, വേറൊരു ഭാഷയുടേതല്ലെന്നും വിചാരിച്ചുകൊണ്ടു അതിനെ തള്ളിക്കളയരുതു്. അതു ഈശ്വരൻെറ നാമമാണു്. ഈ ശബ്ദം അകത്തുനിന്നു വരുന്നതാണു്. ആരും അതു പഠിപ്പിക്കേണ്ടതില്ല. അതു ജനനത്തിലേ മനുഷ്യനിൽ ഉദിക്കുന്നു. കുഞ്ഞിൻെറ കരച്ചിൽ ഊം, ഓം, ആം (Oom, Om, Aam) എന്നു്, ഓം എന്നതിൻെറ ഒരു പ്രാകൃതരൂപമായി, അതുമായിട്ടു ശ്രദ്ധേയമായ സാമ്യം വഹിച്ചുകൊണ്ടു നില്ക്കുന്നു. എല്ലാ കുഞ്ഞുങ്ങൾക്കും അകത്തുനിന്നു ഓം ഉത്ഭവിക്കുന്നു. ഓം എന്നു എഴുതേണ്ടതിൻെറ യഥാൎത്ഥ വഴി A-U-M (ഏ-യൂ-എം എന്ന ഇംഗ്ലീഷ്അക്ഷരങ്ങൾ) എന്നാണു്. സംസ്കൃതവ്യാകരണനിബന്ധനകളനുസരിച്ചു അ (A), ഉ (U) എന്നതു രണ്ടും സംയോജിക്കുമ്പോൾ ഓ (O) എന്നു ഒന്നായിച്ചേരുന്നു. A, U, M എന്ന ശബ്ദം മൂകന്മാൎക്കുപോലും പ്രയോഗിക്കാം. ഇങ്ങനെ ഓം എന്നതു് പൂൎണ്ണമായിട്ടും അംശങ്ങളിലും ഓരോരുത്ത

നം സ്വമേധയാ പുറപ്പെട്ടുവിക്കുന്നു. ആകെക്കിലും സ്വയമേ ഉദിക്കുന്ന ശബ്ദങ്ങളിൽ ഇതു ഏററവും പ്രകൃതിസഹജമാണ്. തെരുവുകളിൽ കുട്ടികൾ ഏററവും ആനന്ദതുന്ദിലരാകുമ്പോൾ, അവരുടെ അതിരുകവിഞ്ഞ ആഹ്ലാദം തുടച്ചയായ ഓ-(ഓം എന്നതിനെ സ്വല്പമൊന്നു ചുരുക്കിയാൽ മതി) എന്ന തുമുലമായ ശബ്ദത്തിൽ പ്രകൃത്യാഉള്ള ധ്വനിയാൽ പ്രകടിതമാകുന്നു.

സംസ്കൃതം, ഇംഗ്ലീഷ്, പെർഷ്യൻ, ജാപ്പനീസ് എന്നീ ഭാഷകളിലെല്ലാം ഈ ശബ്ദം സംഭവിക്കുന്നു; എല്ലാ ഭാഷകളിലും ഏറിയോ കുറഞ്ഞോ ഇരിക്കുന്ന പൂർണ്ണതയിൽ ഇതു കാണപ്പെടുന്നു. ജനങ്ങൾ അതിരുകടന്ന് ആഹ്ലാദഭരിതരാകുമ്പോൾ ഓ-എന്ന ശബ്ദം പ്രയോഗിക്കുന്നു. അവർ ആഹ്ലാദനിമഗ്നരായിട്ടോ, സന്തോഷപൂർണ്ണരായിട്ടോ തീരുമ്പോൾ ഈ ശബ്ദം പ്രകൃത്യാ അവരിൽനിന്നു ഉദിക്കുന്നു. മനുഷ്യർ രോഗികളോ സങ്കടാനുഭവത്തിൽപ്പെട്ടവരോ ആകുമ്പോൾ, അസഹ്യമായ വേദന അവർ അനുഭവിക്കുമ്പോൾ, അവരുടെ ചുണ്ടുകളിൽനിന്നു പുറപ്പെടുന്ന ധ്വനി എന്താണ്? അതു ഓ- (Oh), ഊ (Uh), അഥവാ ഉം (Um) എന്നാണ്. ഇതു ഓം എന്നതിൻെറ പ്രാകൃതരൂപങ്ങളാണ്. ഹീബ്രൂ, അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാർത്ഥനകൾ അവസാനിക്കുന്നതു് 'ആമീൻ' എന്ന ശബ്ദത്തിലാണ്. ഈ ശബ്ദം ഓം-എന്നതിനോടു ശ്രദ്ധേയമായ സാമ്യം വഹിക്കുന്നു. ഗ്രീക്ക് അക്ഷരമാലയിൽ അന്തിമാക്ഷരമായ ഒമീഗാ-എന്നതു് ഈ ഓം-ധ്വനിക്കു ഒരു പ്രധാന സ്ഥാനം കൊടുത്തിരിക്കുന്നു.

രോഗികളായ സകല മനുഷ്യർക്കും-യൂറോപ്യനോ, അമ്മേരിക്കനോ, ഹിന്ദുവോ, പേർഷ്യനോ, ജപ്പാൻകാരനോ അഥവാ മറേറതു രാജ്യക്കാരനോ ആയാലും ഓരോ രോഗിക്കും-ചുണ്ടുകളിൽനിന്നു ഈ ശബ്ദം എന്തുകൊണ്ടാണ പുറപ്പെടുന്നതു്? ഈ ചോദ്യത്തിനു ഹിന്ദു ഉത്തരം പറയുന്നു: കത്തുന്ന വെയിലത്തുകിടന്നു പൊരിയുന്ന ഒരു ദീനനായ രോഗിക്കു ശീതച്ഛായ നല്കുന്ന ഒരു മനോഹരമായ വൃക്ഷംപോലെയാണു ഈ പ്രണവനാദം-ഓങ്കാരശബ്ദം. ആ ദീനൻ അതു പ്രകൃത്യനുസരണമായി ഈ പടരുന്ന വൃക്ഷത്തിൻെറ തണലിൽ ശൈത്യമേറിയ ഒരു ആശ്രയസ്ഥാനം അന്വേഷിക്കുന്നു. ഇങ്ങനെയാണ് രോഗിയോ കഷ്ടാനുഭവിയോ ആയ ഒരുവൻ പ്രകൃതിയുടെ ശബ്ദമായ ഓം-എന്ന മന്ത്രത്തെ സ്വമേധയാതന്നെ ആശ്ലേഷിക്കുന്നതു്. അവനു അതു കുറെ ആശ്വാസം കൊടുക്കുന്നു. എല്ലാ പരിതഃസ്ഥിതികളിലും അതു അവനു ആശ്വാസകരമാണെന്നു നമുക്കു കാണാം. രോഗികൾ ഈ നാദം പുറപ്പെട്ടു

വിക്കുന്നതായാൽ സുഖികളായിത്തീരുന്നു. രോഗികൾക്കും സങ്കടക്കാൎക്കും അതു ആശ്വാസപ്രദമാണെങ്കിൽ, ശരിയായവിധത്തിൽ നിങ്ങളതു ജപിക്കയും പാടുകയും ചെയ്യുമ്പോൾ നിങ്ങൾക്കു ശാന്തിയും സ്വാസ്ഥ്യവും വരുകയില്ലയോ? നാമതിനെ 'പ്രണവ'മെന്നു വിളിക്കുന്നു. 'ജീവനിൽ വ്യാപിക്കുന്നതു്' അഥവാ 'പ്രാണനിലോ ശ്വാസത്തിലോകൂടി ഗമിക്കുന്നതു്' എന്നാണു് ഇതിന്റെ താല്പൎയ്യം. സകല മൃഗങ്ങളും ഈ ശബ്ദം പുറപ്പെടുവിക്കുന്നു; അതു ശ്വാസത്തോടു സംബന്ധപ്പെട്ടിരിക്കുന്നു. ശ്വാസോച്ഛ്വാസം കേൾക്കത്തക്കവിധം നിങ്ങൾ ശക്തിപൂൎവ്വം അതു ചെയ്യുമ്പോൾ (മൂക്കിൽകൂടി ശ്വസിക്കുമ്പോൾ) ഉണ്ടാകുന്ന ശബ്ദത്തിനു ഒരു ഉച്ചാരണരൂപം കൊടുക്കാമെങ്കിൽ അതു 'സോഹം', 'സോഹം' എന്നായിരിക്കുമെന്നു നിങ്ങൾ കാണുന്നു. ഈ ഉച്ചാരണം സകലത്തിന്റെയും നാദമാണു്. ഇതിൽ ഇങ്ങനെ S-O-H-A-M (സോഹം) ഉണ്ടാകുന്നുവെന്നു നിങ്ങൾ കാണുന്നു.

പ്രപഞ്ചത്തിലെ സകല ഭാഷകളിലുംവെച്ചു് സംസ്കൃതത്തിലെ വ്യാകരണം ഏററവും പരിപുഷ്ടമാണു്. അതു് എല്ലാ ശബ്ദങ്ങളും പദങ്ങളും പൂൎണ്ണമായി അപഗ്രഥിച്ചിട്ടുണ്ടു്. മ് (ഉം—എന്ന അനുസ്വാരം) എന്ന അക്ഷരം വ്യഞ്ജനമാണു്, ഇതു അനുനാസികമത്രെ. എന്നാൽ മ് എന്ന വ്യഞ്ജനം സ്വരത്തിന്റെ അതിൎത്തിയിൽ തൊടുന്നുവെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ഓ (O), അ (A)— ഇതു രണ്ടും എല്ലാ വ്യാകരണങ്ങളനുസരിച്ചും സ്വരങ്ങൾതന്നെയാണു്. സ് (S), ഹ് (H) എന്നവ വ്യഞ്ജനങ്ങളുമാണു്. 'സോഹം' ശബ്ദത്തിൽനിന്നു സ്, ഹ് എന്ന വ്യഞ്ജനങ്ങളെ ദൂരെ മാററുക; നമുക്കപ്പോൾ ഓം (O-A-M) അഥവാ OM എന്നു കിട്ടുന്നു.

ഇനി സ്വരങ്ങൾ സ്വാശ്രയശബ്ദങ്ങളും, വ്യഞ്ജനങ്ങൾ പരാശ്രയശബ്ദങ്ങളുമാണെന്നു നിങ്ങൾ കാണുന്നു. വ്യഞ്ജനങ്ങൾക്കു സ്വയമേ തനിച്ചുനില്ക്കാവുന്നതല്ല. ദൃഷ്ടാന്തത്തിനു് ക് (K) എന്ന വ്യഞ്ജനം നോക്കുക: നിങ്ങളതിനെ കേ (Kae) എന്നും, സംസ്കൃതത്തിൽ ക (Ka) എന്നും വിളിക്കുന്നു. ഈ അല്ലെങ്കിൽ അ (E അഥവാ A) എന്ന ഒരു സ്വരം ഈ വ്യഞ്ജനത്തോടു ചേൎക്കണം. അപ്പോഴതു ഉച്ചാരണക്ഷമമായിത്തീരുന്നു.

ഈ പ്രപഞ്ചത്തിലുള്ള നാമരൂപങ്ങളെ വ്യഞ്ജനങ്ങൾ സൂചിപ്പിക്കുന്നു. ലോകത്തിലെ നാമങ്ങളും രൂപങ്ങളും വ്യഞ്ജനാക്ഷരങ്ങളെപ്പോലെ പരാശ്രയികളാണു്. പിൻവശത്തു പരമമായ സത്തയെ—വസ്തുവിനെ—കൂടാതെ, അവയിൽ ഏതെങ്കിലും തനിയെ

നിലനില്ക്കുന്നോ? സകല ലോകസംഭവങ്ങളും നാമരൂപങ്ങളെക്കൊണ്ടുണ്ടാകുന്നു. യാഥാൎത്ഥ്യം, അടിസ്ഥാനം, ഈശ്വരൻ അഥവാ 'അന്തൎല്ലീനമായ അനാമകം' എന്നതില്ലാതെ അവയെ ഉച്ചരിക്കാൻ തരമില്ല. ഇതോ അജ്ഞേയം—അല്ലെങ്കിൽ നിങ്ങൾ എന്തുപറഞ്ഞാലും വേണ്ടില്ലാ അതുതന്നെ—ആണു്. അന്തൎല്ലീനമായ പരമാത്മതത്വം, അനാപേക്ഷികസത്തും അനാപേക്ഷികചിത്തും അനാപേക്ഷികാനന്ദവും ആണെന്നു തെളിയിക്കപ്പെടുന്നു. അതിനെ ഓം (A-U-M = അ-ഉ-മ്) എന്നിവ സൂചിപ്പിക്കുന്നു. ഇങ്ങനെ 'സോ-ഹം' എന്നതിൽ സ്, ഹ് എന്ന വ്യഞ്ജനങ്ങൾ സാംഭവികനാമരൂപങ്ങളെയും അന്തൎല്ലീനമായ ഓം-അന്തൎല്ലീനമായ പരമാത്മവസ്തുവെയും കാണിക്കുന്നു.

നമുക്കു ശക്കരയോ, പഞ്ചസാരയോകൊണ്ടു വിവിധരൂപങ്ങളിൽ നിൎമ്മിക്കപ്പെട്ട കളിപ്പാട്ടങ്ങളുണ്ടെങ്കിൽ—ചിലതു പട്ടിയുടെയും, ചിലതു കാളയുടെയും, ചിലതു സിംഹത്തിന്റെയും, ചിലതു മനുഷ്യന്റെയും സ്വരൂപങ്ങളിലാണെങ്കിൽ—അവ പുറമേ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഈ വ്യത്യാസമെല്ലാം ബാഹ്യരൂപത്തിലും നാമത്തിലും മാത്രമാണു്. ഒരേ സാധനംകൊണ്ടുണ്ടാക്കിയതാകയാൽ എല്ലാം ഒരേ മധുരപദാൎത്ഥമായ ശക്കരയോ പഞ്ചസാരയോ തന്നെയാണു്.

സമുദ്രത്തിൽ പോയി നോക്കുക: അവിടെ ഒരു തിര, ഇവിടെ ഒരു തിര, ഒരു കല്ലോലം അവിടെ; ഒരു കല്ലോലം ഇവിടെ—ഭിന്നഭിന്നമായ വലിപ്പത്തിൽ—ആകൃതിയിൽ; എന്നാൽ അവയുടെയെല്ലാം പിന്നിലുള്ള പരമാൎത്ഥവസ്തു നോക്കുക. അതു് ഒരേ സമുദ്രം. എല്ലാം ഒന്നേ ഒന്നു്; എല്ലാം ഒരേ ജലംതന്നെ. ഭേദങ്ങളൊക്കെ രൂപങ്ങളിൽ മാത്രമാണു്.

പ്രഭോജ്ജ്വലവും, തിളങ്ങുന്നതും, തേജോരാശിയും ആയ വജ്രക്കല്ലുകൾ എടുക്കുക. എത്ര കഠിനം? ഇരുമ്പുപോലും അവകൊണ്ടു മുറിക്കാം. മറുവശത്തു മൃദുവായ കരിനോക്കണം. വൃത്തികെട്ടതു്—ആഭാസം—വിലയില്ലാത്തതു്. അതു സുഗമമായി കടലാസ്സിൽ അടയാളം പതിക്കുന്നു. ഈ വൈരവും, കരിയും തമ്മിൽ സാധനംകൊണ്ടു്—അന്തൎല്ലീനമായ വസ്തുകൊണ്ടു—വ്യത്യാസം യാതൊന്നും ഇല്ലെന്നു 'രസായനശാസ്ത്രം' നമ്മോടു പറയുന്നു. പരീക്ഷണംകൊണ്ടു് ആ പറച്ചിൽ സത്യമാണെന്നു നാം അറികയുംചെയ്യുന്നു; രണ്ടും ഒരുപോലെ ഇംഗാലം (Carbon) ആണു്; രണ്ടുംതമ്മിൽ സാധനത്തിൽ ഭേദമില്ല. അപ്പോൾ പ്രത്യക്ഷമായിക്കാണുന്ന വ്യത്യാസങ്ങൾ എങ്ങിനെയുണ്ടാകുന്നു്? രൂപത്തിലും ഭാഷയിലും നാമ

ത്തിലും ഉള്ള വ്യത്യാസംമൂലം. ഒന്നിലെ ഇംഗാലാണുക്കളുടെ സ്ഥിതിയും ആകൃതിയും, മററതിൻേറതിൽനിന്നു ഭിന്നമാണു്; ഭേദം രൂപത്തിലും നാമത്തിലും മാത്രമത്രെ.

ഇതുപോലെ ഹൈന്ദവതത്വജ്ഞാനപ്രകാരം, സകല പ്രപഞ്ചത്തിലുമുള്ള പ്രത്യേകവിഭാഗങ്ങൾ നാമരൂപങ്ങൾമൂലംമാത്രം ഉണ്ടായവയാണു്. നിങ്ങൾ അടിത്തട്ടിലേയ്ക്കു മുങ്ങിത്തപ്പുമ്പോൾ, എല്ലാ നാമരൂപങ്ങളിലും അന്തർല്ലയിച്ചുകിടക്കുന്ന പരമാത്ഥസത്തയെ അപഗ്രഥിച്ചു പരിശോധിക്കുമ്പോൾ, ഏകവും, കേവലവും ആയ ഒരു അഭിന്നമായ, ശാശ്വതമായ, അചഞ്ചലമായ, തത്വം എല്ലാത്തിൻെറയും പുറകിൽ ഉണ്ടെന്നു നിങ്ങൾ കാണും. ആ പരമാത്ഥതത്വം സ്വയം അനാപേക്ഷികമായും, സ്വാശ്രിതമായും നില്ക്കുന്നു. ആ പരമാത്ഥസത്തയെ സ്വരശബ്ദങ്ങളായും, നാമങ്ങളും രൂപങ്ങളും വ്യഞ്ജനശബ്ദങ്ങളായും ഉപമിക്കാം. ഇങ്ങിനെ 'സോഹ'ത്തിലെ 'സ' 'ഹ' കാരങ്ങൾ പരാശ്രയികളായ നാമരൂപങ്ങളെ സൂചിപ്പിച്ചുകൊണ്ടു് ഇരിക്കുന്നതിനാൽ അവയെ വിട്ടുംവെച്ചു്, പരമാത്ഥസത്തമാത്രം എടുക്കുമ്പോൾ അ, ഉ, മ്—എന്നവമാത്രം ശേഷിക്കും. അങ്ങിനെ നിങ്ങളുടെ ശ്വാസത്തിൽസഞ്ചരിക്കുന്ന പരമാർത്ഥസത്ത 'ഓം' എന്നതാണു് ലോകത്തിലെ സകല ശ്വാസത്തിലും അതു് ഉണ്ടു്! സകല ഭിന്നതയ്ക്കും, വിഭാഗങ്ങൾക്കും, വേർതിരിക്കലുകൾക്കും പിന്നിലായി നില്ക്കുന്ന ഏറാവും പ്രകൃതിസിദ്ധമായ ശക്തിയുടെ സഹജമായ നാമം ആണതു്. യഥാർത്ഥസത്തയുടെ പ്രകൃതിസഹജമായ പേരാണു് അതു്.

ഒരു നാണയത്തിൻെറ ഒരുവശവും മറുവശവുംപോലെ, ചിന്ത ഭാഷയുമായി സംബന്ധപ്പെട്ടിരിക്കുന്നുവെന്നു പ്രഫസ്സർ മാക്സ മുള്ളരും മററുപല തത്വജ്ഞാനികളും തെളിയിച്ചിട്ടുണ്ടു്. ഒന്നിനു മററതിനെക്കൂടാതെ നിലനില്പാവുന്നതല്ല. മേശയെപ്പററി ചിന്തിക്കാതെ നിങ്ങൾക്കതു കാണാൻ സാധിക്കുമോ? അനുരൂപമായ വിചാരംകൂടെയില്ലാതെ നിങ്ങൾക്കേതിനെയെങ്കിലും കാണാൻ കഴിയുമോ? ദർശിക്കുക എന്ന പദംതന്നെ മാനസികമായ ചിന്തയെ ദ്യോതിപ്പിക്കുന്നു.

വീണ്ടും, ചിന്തയും ഭാഷയും ഒന്നുതന്നെയാണു്. ഭാഷകൂടാതെ നിങ്ങൾക്കു ചിന്തിക്കാൻ സാധ്യമല്ലാ. കുഞ്ഞുങ്ങൾക്കു ഭാഷയില്ല; ചിന്തയുമില്ല. കുഞ്ഞു് ആലോചിക്കാൻ തുടങ്ങട്ടെ; ഭാഷകിട്ടുന്നതുവരെ അതിനു അതു സാധ്യമല്ലാ. അമ്മ കുഞ്ഞിൻെറ ചെവികളിൽ പേരുകൾ ഊതിക്കൊടുക്കുന്നു. പേരുകളുടെ അർത്ഥം കുട്ടിയുടെ ഹൃദയത്തിലേയ്ക്കു ശ്വസിച്ചുകൊടുക്കുന്നു. കുതിരയും, കുതി

ൎക്കാരനും തമ്മിലുള്ള സംബന്ധമാണ് അമ്മയുടെ വാക്കും അർത്ഥവും തമ്മിലുള്ളതു്. പദങ്ങളാകുന്ന കുതിരമേൽ അർത്ഥമാകുന്ന സവാരിക്കാരൻ കയറി കുഞ്ഞിൻെറ ആത്മാവിലേയ്ക്കു സഞ്ചരിക്കുന്നു.

ഭാഷയില്ലാതെ നമുക്കു ചിന്തിക്കാവതല്ല. ചിന്തയും ഭാഷയും ഒന്നാണു്. പ്രപഞ്ചവും ചിന്തയും ഒന്നാണെന്നും നാം മുമ്പേ കണ്ടിട്ടുണ്ടു. അതിനാൽ ഭാഷയും സങ്കല്പവും ഒരുവിധത്തിൽ സാത്മീകമാകയാൽ, അതുപോലെ, സങ്കല്പവും പ്രപഞ്ചവും തമ്മിലും സാത്മീകത്വമുള്ളതിനാൽ. വാക്കും ലോകവും പരസ്പരം തുല്യമാണു്. ചിന്തകൂടാതെ ഈ ലോകത്തിൽ യാതൊരു വസ്തുവും ദൎശിക്കപ്പെടുന്നില്ല. ഒരു വസ്തു കാണുവാൻ ശ്രമിക്കയും, അതിനെപ്പററി ബോധം വരാതെ സൂക്ഷിക്കുകയും ചെയ്യുക—ഇതസാധ്യമത്രെ. വാസ്തവത്തിൽ ബ്ളാക്കുബോർഡു ദൎശിക്കുക എന്നാൽ ബ്ളാക്കുബോർഡിനെ വിചാരിക്കുകയെന്നാണർത്ഥം.

ഈ ലോകത്തിലെ സമസ്തവസ്തുക്കളും അനുരൂപചിന്തകളുടെ എതിർപകൎപ്പുകളാണു്; മറുപകൎപ്പുകളാണു്. ചിന്തയില്ലാതെ ലോകത്തിലൊന്നും കാണപ്പെടുന്നതല്ല. ഭാഷകൂടാതെ ചിന്തയുമില്ല. പ്രപഞ്ചവും ഭാഷയും തമ്മിൽ ഒരു നാണയത്തിൻെറ ഇരുവശങ്ങൾ തമ്മിലുള്ള ബന്ധംതന്നെയാണുള്ളതു്. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയിരുന്നു; വചനം ദൈവമായിരുന്നു" എന്നു ബൈബിൾവാക്യം പറയുമ്പോൾ അതിൻെറ യഥാർത്ഥതാല്പൎയ്യം—വാസ്തവാർത്ഥം എന്താണെന്നു ഇതു വ്യക്തമാക്കിത്തരുന്നു.

ഇനി, പ്രപഞ്ചത്തെ മുഴുവനും ഒന്നാകെ സൂചിപ്പിക്കുന്ന ഒരൊററ വാക്കു അഥവാ ശബ്ദം നമുക്കുവേണം. പ്രപഞ്ചത്തെ താങ്ങിനിറുത്തുന്ന വസ്തുതത്വം—ഭരണസത്ത—ഓജസ്സ്—തേജസ്സ്—ശക്തി—ഇതുകളെയെല്ലാം ഒന്നായി വിവക്ഷിക്കുന്ന ഒരുവാക്കു നമുക്കു വേണം.

എല്ലാ ഭാഷകളിലും നമുക്കു തൊണ്ടയിൽനിന്നുവരുന്ന ചില കണ്ഠ്യശബ്ദങ്ങളും, ചുണ്ടിൽനിന്നു പുറപ്പെടുന്ന ഓഷ്ഠ്യശബ്ദങ്ങളും, അണ്ണാക്കിൽനിന്നു പുറപ്പെടുന്ന താലവ്യശബ്ദങ്ങളും ഉണ്ടു്. ശബ്ദജനകാവയവങ്ങളിൽ തൊണ്ടയ്ക്കു കീഴ്നിന്നു പുറപ്പെടുന്ന ഒരൊററ ശബ്ദവും ഒരു ഭാഷയിലുമില്ല. ആ അവയവങ്ങളുടെ അതിർത്തി—അഥവാ ഒരതിർത്തി കണ്ഠവും, മറേറ അതിർത്തി ചുണ്ടുകളുമാണു്, ചുണ്ടുകൾക്കു പുറമേനിന്നു യാതൊന്നും ഉദിക്കുന്നില്ല.

ഇവിടെ നമുക്കു അകാര, ഉകാര, മകാരങ്ങൾ എന്നു മൂന്നു് അക്ഷരമുണ്ടു്. അകാരം കണ്ഠ്യമാണു്; ശബ്ദാവയവങ്ങളുടെ ഒരതി

ത്തിയിൽനിന്നു അതുദിക്കുന്നു. ഉകാരം ശബ്ദാവയവങ്ങളുടെ മധ്യഭാഗത്തുനിന്നു—മധ്യഭാഗമായ താലുവിൽനിന്നു് ഉത്ഭവിക്കുന്ന താലവ്യമാണു്. മകാരം ഓഷ്ഠ്യവും അനുനാസികവും ആണു്. ഇതു് ശബ്ദാവയവങ്ങളുടെ മറേറഅററത്തുനിന്നു—ശാബ്ദികതലത്തിൻെറ എതിരതിർത്തിയിൽനിന്നു പുറപ്പെടുന്നു. ഇങ്ങിനെ അകാരം ശബ്ദതലത്തിൻെറ ആരംഭത്തിലും, ഉകാരം മധ്യത്തിലും, മകാരം അന്ത്യത്തിലും നിന്നുവരുന്നു; അതുകളെ യഥാക്രമം സൂചിപ്പിക്കയും ചെയ്യുന്നു. അതുകൾ സകലത്തെയും വ്യാപിക്കുന്നു. ഓം—ഓം എന്നതാണു് പ്രകൃതിസിദ്ധമായ പേരു്. അതു സകല ഭാഷകളെയും, തദ്വാരാ പ്രപഞ്ചംമുഴുവനെയും; പ്രതിനിധീകരിക്കുന്നു. ഇവിടെ ഒരു ചോദ്യം ഉണ്ടാകുന്നു. അകാരംപോലെ കണ്ഠത്തിൽ സ്ഥാനം പിടിക്കുന്ന ബഹുശബ്ദങ്ങൾ വേറെയുണ്ടു്; അതുപോലെ ഉകാരമകാരങ്ങൾക്കും സജാതീയശബ്ദങ്ങൾ ഉണ്ടു്. സകല ഭാഷകളെയും ഒരുപദംകൊണ്ടു സൂചിപ്പിക്കാൻ വേറെ ഏതെങ്കിലും കണ്ഠ്യവും, ഉകാരംപോലുള്ള മറെറാരു ശബ്ദവും, മറെറാരു ഓഷ്ഠ്യവും സ്വേച്ഛാനുസാരം എടുത്തു യോജിപ്പിച്ചാൽ എന്താണു് ദോഷം?

'ഉ' എന്ന ശബ്ദം പുറപ്പെടുന്നസ്ഥാനത്തുനിന്നുദിക്കുന്ന എല്ലാ ശബ്ദങ്ങളിലുംവെച്ചു് അതുമാത്രമാണു് രാജാവും, പ്രധാനിയും, സകലത്തിൻെറയും നാഥനുമായിരിക്കുന്നതു്. അതു് ഒരു സ്വരമാണു്; സകല ശിശുക്കളുംപോലും പുറപ്പെടുവിക്കുന്ന നാദവുമാണു്. ഒരു മൂകനുപോലും ഇതു് കൂടെയുണ്ടു്. അതു ആരെയും അന്യന്മാർ പഠിപ്പിക്കേണ്ടതില്ല, അതു സ്വയംഭൂവാണു്. അതിനാൽ അതു ആ ജാതിയുടെ ഏററവും നല്ല പ്രതിനിധിയാണു്. 'മ്' എന്നതു് ഓഷ്ഠ്യങ്ങളുടെ ഏററവും ഉത്തമമായ പ്രതിനിധിശബ്ദമാണു്. അതിനു വേറൊരു വിശേഷവുമുണ്ടു്. അതു അനുനാസികവും, ശ്വാസത്തിൻെറ ഇരിപ്പിടസ്ഥാനം ആയ നാസയുടെ വിസ്തീർണ്ണംമുഴുവനും വ്യാപിക്കുന്നതും ആണു്. അങ്ങിനെ, ഏതെങ്കിലും സമ്പൂർണ്ണമായ ഒരു നാമമുണ്ടെങ്കിൽ അതു 'ഓം' എന്നാണെന്നു നമുക്കു കാണാം. ഇതു എല്ലാഭാഷകളുടെയും പ്രതിനിധിയാണു്; സകല ചിന്തയുടെയും, സകല ലോകത്തിൻെറയും പ്രതിനിധിയും ആണു്.

വേദാന്തം സമസ്തവും—മാത്രമല്ലാ, ഹൈന്ദവരുടെ തത്വജ്ഞാനമെല്ലാം ഈ ഓങ്കാരത്തിൻെറ പ്രകാശനം, അഥവാ വികസനം മാത്രമാണു്. 'ഓം' സമസ്തപ്രപഞ്ചത്തെയും അതിൻെറ ഉള്ളിൽ അടക്കിവയ്ക്കുന്നു. ഓം മന്ത്രത്തിലടങ്ങാതെയുള്ള ഒരു നിയമവും, പ്രപഞ്ചത്തിലെ യാതൊരു ശക്തിയും, ഒരു വസ്തുവും ഇല്ല. സകല ജീവിതനിലകളും, സമസ്തലോകങ്ങളും, അസ്തിത്വ

ത്തിന്റെ സകല ഭാവങ്ങളും ഈ ഓങ്കാരമന്ത്രത്തിൽ അന്തൎഭവിക്കു ന്നുവെന്നു ഒന്നൊന്നായി നിങ്ങൾക്കു കാണാം.

ശബ്ദങ്ങൾ രണ്ടുവിധമുണ്ടു്—ചിന്താത്മകമെന്നും, വൎണ്ണാത്മ കമെന്നും. അവയ്ക്കു ഞങ്ങൾ ധ്വാനാത്മകമെന്നും, വൎണ്ണാത്മക മെന്നും പേർവിളിക്കുന്നു. ഈ സംസ്കൃതനാമങ്ങൾ പരിപൂൎണ്ണമായി അൎത്ഥഗൎഭങ്ങളാണു്. വൎണ്ണാത്മകങ്ങൾ എന്നുപറഞ്ഞാൽ "വൎണ്ണങ്ങ ളിൽ അഥവാ അക്ഷരങ്ങളിൽ എഴുതിക്കാണിക്കാവുന്ന ശബ്ദങ്ങൾ" എന്നർത്ഥം. ധ്വാനാത്മകങ്ങൾ "എഴുതി കാണിപ്പാൻ പാടില്ലാത്ത ശബ്ദങ്ങൾ" ആണു്. സാധാരണ ഭാഷകളെല്ലാം വൎണ്ണാത്മകങ്ങളാ ണു്. വികാരങ്ങളുടെ ഭാഷ ധ്വാനാത്മകമാണു്. അതു് അക്ഷരങ്ങ ളിൽ എഴുതുകയോ, വാക്കുകളിൽ പ്രകാശിപ്പിക്കയോ പാടില്ല.

ഒരു മനുഷ്യൻ ചിരിക്കുന്നു. നിങ്ങൾക്കതു് ഏതുഭാഷയിലെ ങ്കിലും എഴുതി പ്രകടിപ്പിക്കാമോ? നിങ്ങൾക്കതു് കടലാസ്സിൽ സൂചിപ്പിക്കാമോ? ഒരു മനുഷ്യൻ കരയുന്നു. അതു നിങ്ങൾക്കു പേപ്പറിൽ എഴുതാൻ പാടില്ല. ഇവ ധ്വാനാത്മകങ്ങളത്രെ. വൎണ്ണാ ത്മകശബ്ദങ്ങൾക്കു സാധിക്കാത്ത ഒരു ഉപയോഗം ധ്വാനാത്മക ശബ്ദങ്ങൾക്കുണ്ടു്. നിങ്ങളിൽ ചിലർ വിദേശത്തു പോകയോ, ഒരു വിദേശി നിങ്ങളുടെ നാട്ടിൽ വരുകയോ ചെയ്യുന്നുവെന്നിരി ക്കട്ടെ. അയാൾക്കു നിങ്ങളുടെ ഭാഷ ഗ്രഹിക്കാനോ, സംസാരി ക്കാനോ പാടില്ല. അവനെന്തോ ആവശ്യമുണ്ടു. പക്ഷേ അവനു വല്ലതും വാങ്ങിക്കേണ്ടതുണ്ടു്. നിങ്ങൾക്കവൻ പറയുന്നതു് മന സ്സിലാകയില്ല. പക്ഷേ അയാൾക്കു വിശപ്പുണ്ടു്. അതിനാൽ തിന്നാൻ വല്ലതും വേണം. ഭാഷയറിയാത്തതിനാൽ അയാളുടെ ആവശ്യം സാധിപ്പാൻ നിങ്ങൾക്കു നിവൃത്തിയില്ല. അയാൾ കര യാനും, നിലവിളിക്കാനും തുടങ്ങുന്നു. നിങ്ങൾക്കപ്പോൾ ഏതാണ്ടു മനസ്സിലായിത്തുടങ്ങുന്നു; അപ്പോൾ കാണാൻ ആരംഭിക്കുന്നു. ഈ വികാരഭാഷ എല്ലായിടത്തും ഗ്രഹിക്കപ്പെടുന്നു. എന്നാൽ വൎണ്ണാ ത്മകമായ കൃത്രിമഭാഷ അതു പഠിച്ചവൎക്കു മാത്രമേ മനസ്സിലാ വുകയുള്ളു. പ്രകൃതിസിദ്ധമായ ഭാഷ എല്ലായിടത്തും മനസ്സിലാ ക്കപ്പെടും.

നിങ്ങൾ ചിരിക്കാൻ തുടങ്ങുന്നു; ഏതോ നേരമ്പോക്കോ, ആഹ്ലാദകരമായ സംഗതിയോ സംഭവിച്ചുവെന്നു എല്ലാവരും മനസ്സിലാക്കുന്നു. ഇതാ! ഒരാൾ വയലിൻ (സംഗീതയന്ത്രം) കൊണ്ടു പാട്ടുപാടാൻ ആരംഭിക്കുന്നു. നിങ്ങൾക്കു രാഗനിശ്ചയ മുണ്ടു്. സംഗീതത്തിന്റെ ഭാഷ ധ്വാനാത്മകമാണു്. അതു എല്ലാ വരും അറിയുന്നു.

'വെനീസ്സിലെ വണിക്' (The Merchant of Venice) എന്ന ഷേക്സ്പീയർ നാടകത്തിൽ നാം വായിക്കുന്നു:—

"കവിതാനതുമൂലം വൃക്ഷപാഷാണജല-
നീവഹങ്ങളെയെല്ലാം സംഗീതവ്യാപാരത്താൽ
സ്വവശീഭൂതമാക്കിച്ചെയ്യുതായ്സമർത്ഥിച്ചു
സവിധേവരുത്തിനാൻ, അമൃതസമാനമായ്
വിലസുംഗാനത്തിൻെറ ദിവ്യമാധുരിമൂലം
വലിയേചലിക്കാതെ, സ്വല്പമായെന്നാകിലും,
ന ല്ലകാലത്തെന്നാകിലും, പ്രകൃതംമാററാതുള്ള
കൎക്കശ,കട്ടു,കോപി,നിഷ്ഠുരനാരാനുള്ളു?"

സംഗീതഭാഷ നമ്മുടെ വിചാരഭാഷയുടെ തരത്തിലുള്ളതല്ല. അതിനു ഒരു പ്രത്യേക പ്രയോജനവും പ്രത്യേകവശ്യതയും ഉണ്ടു്. സംഗീതം നിങ്ങളിൽ ഇത്ര വശീകരണശക്തി പ്രയോഗിക്കുന്നതു എന്തുകൊണ്ടാണെന്നും, എങ്ങിനെയാണെന്നും, സയൻസിനു തെളിയിക്കാൻ കഴിഞ്ഞുവെന്നും ഇല്ലെന്നുംവരും. എന്നാൽ അതു് ഒരു പരമാർത്ഥമാണു്. സയൻസിനു അതു തെളിയിക്കാൻ പാടില്ലെങ്കിൽ, അതു സയൻസിൻെറ പോരായ്മതന്നെയാണു്. അതുപോലെ 'ഓം, ഓം' എന്നതിനു ഒരു വലിയ വശീകരണശക്തിയുണ്ടു്; ഒരു മഹത്തായ ഫലപ്രദത്വം ഉണ്ടു്, ഒരു മാഹാത്മ്യവും നന്മയും ഉണ്ടു അതുകൊണ്ടു അതു ജപിക്കുന്നവരുടെ മനസ്സിനെ അതു നേരിട്ടു നിയന്ത്രണാധീനമാക്കുന്നു. അതു സകല വികാരങ്ങളെയും, ചിന്തകളെയും ഒരു രമ്യാവസ്ഥയിൽ കൊണ്ടുവന്നുനിൎത്തുന്നു; ആത്മാവിനു ശാന്തിയും സമാധാനവും കൊടുക്കുന്നു; മനസ്സിനെ ഈശ്വരനുമായുള്ള ഐക്യാവസ്ഥയിൽ സ്ഥാപിക്കുന്നു. സയൻസിനു ഇതു സ്ഥാപിക്കാനും തെളിയിക്കാനും പാടില്ലായിരിക്കാം. എന്നാൽ ഇതു അഭ്യാസവും, പരിശീലനവുംകൊണ്ടു പരീക്ഷിച്ചറിയാവുന്ന ഒരു പരമാർത്ഥമാണു്. 'ഓം' എന്ന വിശുദ്ധമന്ത്രത്തിൻെറ പ്രാപ്തിവിശേഷങ്ങളെപ്പററിയുള്ള സത്യത്തിനു എതിരായി സയൻസ്സ് പ്രവൎത്തിക്കുന്നപക്ഷം, അതു്—സയൻസ്സ്—നശിക്കട്ടെ!

ഓം! ഓം!

## 6. പരിപാവനമന്ത്രമായ ഓങ്കാരം.

(1902 ഡിസംബർ 22-ൽ സാൻഫ്രാൻസിസ്കോ ഹേർമെററിക്ക് ബ്രദർഹുഡ് ഹോളിൽ ചെയ്യപ്പെട്ട പ്രസംഗം)

ഇന്നാൾ പരിശുദ്ധമന്ത്രമായ ഓങ്കാരത്തെപ്പററി കുറെ വാക്കുകൾ പറഞ്ഞു; ഏഴോ എട്ടോ പ്രസംഗങ്ങൾകൊണ്ടു ആ വിഷയം പൂർണ്ണമായി പ്രതിപാദിക്കാൻ സാധ്യമല്ലെന്നും അന്നു പ്രസ്താവിച്ചു. ഈ പാവനശബ്ദത്തിൻെറ പ്രകൃതത്തെയും മററും കുറിച്ചു സംസ്കൃതത്തിൽ അനവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോഴും എഴുതപ്പെട്ടുവരുന്നുതാനും. വാസ്തവത്തിൽ വേദങ്ങളെല്ലാം—വേദാന്തമെല്ലാം—ഹിന്ദുക്കളുടെ വിശുദ്ധമതപുസ്തകങ്ങളെല്ലാം—ഈ ഓം-മന്ത്രത്തിൽ അന്തർഭവിച്ചുകിടക്കുന്നു

ഇൻഡ്യായിൽ ഭിന്നഭിന്നകക്ഷിക്കാരുണ്ടു്; സംഘങ്ങളുമുണ്ടു്; എന്നാൽ എല്ലാ കക്ഷികളും അവരുടെ ഹൃദയംഗമമായ ആരാധന ഈ ഓങ്കാരത്തിനു പ്രദാനംചെയ്യുന്നു ഹീബ്രൂവർഗ്ഗക്കാരും മുഹമ്മദീയരും ക്രിസ്ത്യാനികളും അവരുടെ പ്രാർത്ഥനകളെല്ലാം "ആമെൻ" എന്ന ശബ്ദത്തിൽ അവസാനിപ്പിക്കുന്നു. മുസൽമാന്മാരും അങ്ങനെ ചെയ്യുന്നു. പക്ഷെ അവരുടെ ഉച്ചാരണം "ആമെൻ" എന്ന വാക്കിനുപകരം "ആമീൻ" എന്നാണെന്നു മാത്രമേയുള്ളു.

നിങ്ങളുടെ സാധാരണ പ്രാർത്ഥനകളിൽ "ആമെൻ" ഏതു ഭാഗമാണഭിനയിക്കുന്നതു്? സകല സംഭാഷണവും അവസാനിച്ചു നില്ക്കുന്ന സ്ഥാനത്തു്, എല്ലാ സംസാരവും നിലയ്ക്കുന്ന സ്ഥാനത്തു്, ആത്മാവു ദിവ്യത്വത്തിലേയ്ക്കലിഞ്ഞുപോകുന്ന പതനത്തിൽ അതു വരുന്നു നിങ്ങൾ ഹൃദയഭാഷയെ ഒഴുക്കിക്കൊണ്ടുപോകവേ, സകല അസ്തിത്വവും ഈശ്വരനിലേയ്ക്കു മഗ്നമായി ചേരുന്ന സ്ഥാനം പ്രാപിക്കുന്നു. അവർണ്ണ്യവും അവാച്യവും അചിന്ത്യവുമായ സ്ഥാനം പ്രാപിക്കുമ്പോൾ അവിടെ "ആമെൻ" വരുന്നു. അപ്പോൾ "ആമെൻ" എന്നാലെന്താണു്? അതു ഓം-തന്നെയാണു്; വേറൊന്നുമല്ല. 'വേദാന്തം' അഥവാ 'വാചകാന്തം' എന്ന വാക്കിൻെറ താല്പര്യം കൃത്യമായി പ്രതിധ്വനിക്കുന്ന സ്ഥാനത്താണു് നിങ്ങളുടെ പരിശുദ്ധ പ്രാർത്ഥനകളിൽ 'ആമെൻ' അഥവാ 'ആമീൻ' സ്ഥിതിചെയ്യുന്നതു്. അതു ബഹുദൂരം സാരാംശത്തിൽ വേദാന്തത്തിൻെറ രത്നസാരമായ ഓങ്കാരത്തെ പ്രതിനിധീകരിക്കുന്നു.

'വേദാന്തം' എന്നതിൻെറ വാച്യാർത്ഥം "ജ്ഞാനത്തിൻെറ—സംഭാഷണത്തിൻെറ—അവസാനം" എന്നാണു്; സകല വാ

ക്കുകളും സകല ചിന്തകളും അവസാനിക്കുന്ന ഒരു സ്ഥാനം! ഹിന്ദുക്കളുടെ ഇടയിൽ വേദാന്തമാസകലം ഓങ്കാരത്തിലടങ്ങിയിരിക്കുന്നു. വേദങ്ങളിൽ ആ വാക്കിനു കൊടുത്തിരിക്കുന്ന അർത്ഥം നിങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി അവതരിപ്പിക്കാം—ഓം, അ, ഉ, മ്.

താന്ത്രികന്മാർ ഓങ്കാരം അവരുടെ വഴിക്കു വിവരിക്കുന്നു; ശൈവന്മാർക്കും ഒരു പ്രത്യേക വിവരണമാണുമുണ്ട്; വൈഷ്ണവർക്കും ഒരു പ്രത്യേക വ്യാഖ്യാനമുണ്ട്. മററു ഹൈന്ദവവർഗ്ഗക്കാർക്കും അവരവരുടെ സ്വന്തവ്യാഖ്യാനങ്ങളുണ്ട്. എന്നാൽ താഴെ പറയാൻ പോകുന്ന വ്യാഖ്യാനം സാർവ്വജനീനമാണു്. വേദാന്തത്തിന്റെ ഉറവസ്ഥാനത്തുതന്നെ അതു സ്ഥാപിക്കപ്പെടേണ്ടതാണ്

ഓങ്കാരം അകാര,ഉകാര,മകാരങ്ങൾ ഉൾക്കൊള്ളുന്നു. വേദാന്തശാസനങ്ങളനുസരിച്ചു അകാരം ഭൗതികലോകമെന്നു പറയപ്പെടുന്നതിനെ സൂചിപ്പിക്കുന്നു; ഘനീഭൂതമായി തോന്നുന്ന സ്ഥൂലപ്രപഞ്ചം; അതായതു് ജാഗ്രൽക്കാലത്തു കാണപ്പെടുന്ന ലോകം.

സ്വപ്നകാലത്തുണ്ടാകുന്ന സകല അനുഭവങ്ങളെയും ഉകാരം സൂചിപ്പിക്കുന്നു. ദ്രഷ്ടാവും, ദൃശ്യവും, സ്വപ്നകാലത്തെ കർത്താവും, കർമ്മവും എല്ലാം ഉകാരംകൊണ്ടു സൂചിപ്പിക്കപ്പെടുന്നു. മാനസികവും, പ്രേതപരവും ആയ ലോകങ്ങളും സ്വർഗ്ഗങ്ങളും, നരകങ്ങളും ഒക്കെ അതിൽ ഉൾപ്പെടുന്നു.

മകാരം അജ്ഞാതത്തെയും, സുഷുപ്ത്യവസ്ഥയെയും, ജാഗ്രദവസ്ഥയിൽതന്നെ അറിയപ്പെടാത്തതും ബുദ്ധിഗ്രഹണത്തിനു് അതീതമായതുമായ സർവ്വത്തെയും ദ്യോതിപ്പിക്കുന്നു ഇങ്ങനെ ഓം അഥവാ അകാരഉകാരമകാരങ്ങൾ മനുഷ്യന്റെ ത്രിവിധാനുഭവങ്ങളെയും വ്യാപിക്കുന്നു; സാംഭവികലോകങ്ങളെയൊക്കെ പ്രതിനിധീകരിക്കുന്നു. 'അമാത്ര' എന്ന ഒരു സാധാരണ തത്വം 'അ ഉ-മ്' എന്നതിൽ ഇരിക്കുന്നുണ്ടു്. അതായതു്, അനശ്വരവും അചഞ്ചലവുമായി ത്രിവിധസംഭവങ്ങളിലും വ്യാപിച്ചു സംക്രമിക്കുന്ന വസ്തുതത്വം (Thing-in-itself) എന്ന 'അനാമികം' എന്നർത്ഥം. ഈ അമാത്രയെ വേറൊരു പ്രസംഗത്തിൽ പൂർണ്ണമായി ചർച്ചചെയ്യാം. ഓങ്കാരം സർവ്വസ്വത്തെയും സൂചിപ്പിക്കുന്നുവെന്നുമാത്രം ഇവിടെ പറഞ്ഞാൽ മതിയാകും.

യൂറോപ്പിലും അമേരിക്കായിലുമുള്ള സകല തത്വജ്ഞാനവും ജാഗ്രൽക്കാലപരിചയങ്ങളെ ആസ്പദീകരിച്ചുമാത്രം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സ്വപ്നകാലത്തെയോ സുഷുപ്തികാലത്തെയോ അനുഭവങ്ങളെ അതു തീരെയോ, വേണ്ടതുപോലെയോ പരിഗണിക്കുന്നില്ല

ഹിന്ദുക്കൾ പറയുന്നു:—"നിങ്ങൾ അപൂർണ്ണമായ കരുക്കൾകൊണ്ടാണാരംഭിക്കുന്നതു്. പ്രപഞ്ചപ്രശ്നത്തിന്റെ വിവരണം നിങ്ങൾ കൊടുത്താൽ അതെങ്ങനെ അപ്പോൾ ശരിയായിരിക്കും?"

തത്ത്വശാസ്ത്രജ്ഞന്മാർ ജാഗ്രദവസ്ഥയിലേയ്ക്കു പരിമിതരാക്കപ്പെട്ടു ഹ്രസ്വീഭവിക്കുന്നു. ബേക്ക്‌ലേ, ഹാമിൽട്ടൺ, സ്പെൻസർ പോലും—അവരെല്ലാം അവരുടെ ഗവേഷണങ്ങളും നിരീക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും ജാഗ്രദവസ്ഥയിൽ സമ്പാദിച്ച അനുഭവങ്ങളെ താങ്ങി മാത്രമാണു നടത്തിയതു്. അവിടെ അവക്കു സകലശക്തികളുടെയും ഉറവസ്ഥാനം കണ്ടുപിടിക്കണമെന്നാഗ്രഹമുണ്ടു്. അവരുടെ ഇഷ്ടംപോലെ അവക്കു ഒരു പേരിടുകയും വേണം. എന്നാൽ ഇവിടെ നോക്കുക! നിങ്ങൾക്കൊരു ഗണിതശാസ്ത്രപ്രശ്നം—കണക്കു്—തരുന്നുവെങ്കിൽ, ഒരു തീരുമാനത്തിലെത്തുന്നതിനു്, സകല ആദ്യകരുക്കളും, ഊഹ്യസിദ്ധാന്തങ്ങൾ മുഴുവനും നിങ്ങൾ പര്യാലോചിക്കണം. ആ കരുക്കളിൽ ചിലതുമാത്രമേ നിങ്ങൾ എടുക്കുകയുള്ളുവെങ്കിൽ ആ പ്രശ്നം എങ്ങനെ ശരിയായി പരിഹരിക്കാം? വേദാന്തം കരുക്കളെ മുഴുവനുമെടുക്കുന്നു; കൈകാര്യം ചെയ്യുന്നു. നിങ്ങളുടെ കരുക്കൾ ത്രിവിധരൂപങ്ങളാണു്; നിങ്ങളുടെ പ്രാപഞ്ചികാനുഭവങ്ങൾ മൂന്നുപ്രകാരത്തിലാണു്; ഇതെല്ലാം പരിഗണിക്കണം മററു രണ്ടവസ്ഥകളിലും ജാഗ്രൽപ്രപഞ്ചം പ്രത്യക്ഷമല്ല. എന്നിട്ടും നിങ്ങൾ അതായതു്, യഥാർത്ഥസത്ത—സ്വപ്നത്തിലും ജീവിക്കുന്നു. സുഷുപ്തിസ്ഥിതിയിൽ നിങ്ങൾ മൃതരാണോ? അതിൽ ബുദ്ധിയും വ്യക്തിപരബോധവും തീരെ ഇല്ലതന്നെ; എന്നിട്ടും യഥാർത്ഥസത്ത—യഥാർത്ഥമായ 'നിങ്ങൾ'-അതേവിധമിരിക്കുന്നു. അഭേദ്യവും അചഞ്ചലവുമായ തത്ത്വം—ഈ സത്ത—ത്രിവിധപ്രപഞ്ചങ്ങളിൽക്കൂടെയും പ്രവഹിക്കുന്നു; നിങ്ങളുടെ പരമാർത്ഥാത്മാവിൽ സഞ്ചരിക്കുന്നു; ഇതാണു് ഓം. മനസ്സോ ബുദ്ധിയോ തലച്ചോറോ ആണു് നിങ്ങളെന്നു വിചാരിക്കാൻ നിങ്ങൾക്കു യാതൊരവകാശവുമില്ല. ലോകം ഉണ്ടെന്നു നിങ്ങൾക്കെങ്ങനെ അറിയാം? ഇവിടെ പ്രപഞ്ചം ഉണ്ടെന്നു് നിങ്ങൾക്കു് എങ്ങനെ അറിയാം? നിങ്ങൾ പദാർത്ഥങ്ങളെ സ്പർശിക്കയും കാണുകയും കേൾക്കുകയും രുചിക്കുകയും മണക്കുകയും ചെയ്യുന്നതുകൊണ്ടു്, അതുമാത്രമേ തെളിവുള്ളു. ഡാക്ടർ ഹ്യൂഗോ, റോബർട്ടു ഇൻഗർസോൾ, ഇമേഴ്സൺ—എന്നീ വലിയ ചിന്തകന്മാർ ലോകത്തെപ്പററി വളരെ എഴുതുന്നതുകൊണ്ടു ലോകമുണ്ടായിരിക്കണമല്ലോ എന്നു നിങ്ങൾ പറഞ്ഞാൽ, അവരുടെ ഗ്രന്ഥങ്ങളും മതഗ്രന്ഥങ്ങളും ഉണ്ടെന്നുതന്നെ നിങ്ങൾക്കെങ്ങനെ അറിയാം' എന്നു നാം ചോദിക്കുന്നു.

ഇന്ദ്രിയങ്ങൾ മുഖേനയാണ് അതുകൾ ഉണ്ടെന്നു നിങ്ങളറിയുന്നതു്. ഈ ലോകത്തിൻെറ അസ്തിത്വത്തിനു നിങ്ങളുടെ ഇന്ദ്രിയങ്ങൾ മാത്രമേ നേരിട്ടോ അല്ലാതെയോ ഉള്ള തെളിവു തരുന്നുള്ളു.

എല്ലാ ദർശനത്തിൻെറയും, ബോധത്തിൻെറയും മററും പ്രാഥമികകാരണം ഇന്ദ്രിയാനുഭവം ആകുന്നു. ഇതു നിങ്ങളുടെ ജാഗ്രദവസ്ഥയിൽമാത്രം പരിമിതപ്പെട്ടതല്ല ജാഗ്രൽക്കാലത്തു നിങ്ങളുടെ ഇന്ദ്രിയങ്ങൾ സ്ഥൂലരൂപത്തിൽആണ്, എന്നാൽ സ്വപ്നകാലങ്ങളിൽ നിങ്ങൾ ബോധിക്കയും, ദർശിക്കയും ചെയ്യുന്നില്ലേ? ആ കാലത്തേയ്ക്കു പ്രത്യേകമായ ജ്ഞാനേന്ദ്രിയങ്ങൾ നിങ്ങൾക്കില്ലേ? ബാഹ്യചക്ഷുസ്സുകളും, ബാഹ്യശ്രോത്രങ്ങളും അവിടെ പ്രവർത്തിക്കുന്നില്ല. സ്വപ്നരാജ്യത്തിൽ നിങ്ങൾ ഇന്ദ്രിയവിഷയങ്ങളായ വസ്തുക്കളെ സൃഷ്ടിക്കയും, തദനുരൂപമായ ജ്ഞാനേന്ദ്രിയങ്ങളെ (അഥവാ ഇന്ദ്രിയങ്ങളെ) അതേസമയംതന്നെ ഒന്നിച്ചു നിർമ്മിക്കയും ചെയ്യുന്നു. ഇങ്ങിനെ സ്വപ്നരാജ്യത്തു് ഇന്ദ്രിയങ്ങളും, ഇന്ദ്രിയവിഷയങ്ങളും, ഒരേശക്തിയുടെ അനുലോമപ്രതിലോമകേന്ദ്രങ്ങൾപോലെയോ, ഒരേനാണയത്തിൻെറ ഒരുവശവും മറുവശവുംപോലെയോ, ആണെന്നു നാം കാണുന്നു. സ്വപ്നങ്ങളിൽ ദ്രഷ്ടാവും, ദൃശ്യങ്ങളും ഏകോപിച്ചുദിക്കുന്നു. സ്വപ്നത്തിലെ ഈ ദ്രഷ്ടൃദൃശ്യങ്ങളെ ഒന്നാകെ ഓം—ശബ്ദത്തിലെ ഉകാരം സൂചിപ്പിക്കുന്നു; ദ്രഷ്ടാവും ദൃശ്യങ്ങളും തരംഗങ്ങൾപോലെ യാതൊരു അന്തർല്ലീനസത്തയിൽ കാണപ്പെടുന്നുവോ അതാണ് യഥാർത്ഥാത്മാവു അഥവാ ഓം വേദാന്തമനുസരിച്ചു്, അതുപോലെതന്നെ, നിങ്ങളുടെ ജാഗ്രദവസ്ഥയിലും, ഇന്ദ്രിയങ്ങളും ഇന്ദ്രിയവിഷയവസ്തുക്കളും, ഒരേശക്തിയുടെ അനുലോമപ്രതിലോമകേന്ദ്രങ്ങൾപോലെ, പരസ്പരം സംബന്ധപ്പെട്ടിരിക്കുന്നു. സ്വപ്നങ്ങളിൽ, ദൃശ്യവസ്തുക്കൾ പെട്ടന്നാണ് ഉല്പാദിപ്പിക്കപ്പെടുന്നതെങ്കിലും, അവയ്ക്കു സ്വന്തമായി ദീർഘകാലത്തെ ഭൂതകാലം ഉണ്ടായിരുന്നുവെന്നു കാണപ്പെടുന്നു. അതുപോലെ ജാഗ്രദവസ്ഥയിൽ ദ്രഷ്ടാവിനോടുകൂടി പ്രപഞ്ചവസ്തുക്കളും പൂർവ്വചരിത്രപരമ്പരകളോടുകൂടി ഒരേസമയം പ്രത്യക്ഷപ്പെടുന്നു. ഈ ലോകം സത്യമാണെന്നും, അതു ഘനീഭൂതവും, സ്തംഭിതവും ആയ ലോകമാണെന്നും നാം പറയുമ്പോൾ, ജ്ഞാനേന്ദ്രിയങ്ങളുടെ—അഥവാ ദ്രഷ്ടാവിൻെറ തെളിവിനെമാത്രം ആശ്രയിച്ചാണ് അങ്ങിനെ പറയുന്നതു്. സ്വപ്നത്തിലെ ദ്രഷ്ടാവു സ്വപ്നത്തിലെ ദൃശ്യവസ്തുക്കൾ യഥാർത്ഥമാണെന്നുപറയുന്നതിനോടും, ചിത്രത്തിലെ മനുഷ്യൻ അതിലുള്ളപട്ടിയെ യഥാർത്ഥമാണെന്നു പറയുന്നതിനോടും തുല്യമാണ് ഈ പറച്ചിൽ. യഥാർത്ഥത്തിൽ രണ്ടും അസത്യമാണ്.

ഇന്ദ്രിയങ്ങളെ സൃഷ്ടിച്ചതെന്താണു്? ഭൂതങ്ങൾ. ഈ ഭൂതങ്ങളെപ്പററി നമുക്കെങ്ങിനെ അറിയാം? ഇന്ദ്രിയങ്ങൾ മുഖേന. ഇതു ഒരു വൃത്തത്തിനുള്ളിൽ ചുററിച്ചുററിനടക്കുന്നതുപോലെയുള്ള ഒരു വിതണ്ഡാവാദമല്ലയോ? ജാഗ്രൽക്കാലത്തിലെ പ്രപഞ്ചത്തിൻെറ മായികപ്രകൃതം ഇതു സ്ഥാപിക്കുന്നു. സ്വപ്നത്തിലെപ്പോലെ, സ്വപ്നംകാണുന്നകാലത്തോളം അതിലെ പദാർത്ഥങ്ങൾ സത്യമാണു്. ജാഗ്രദവസ്ഥയിൽ ആ പദാർത്ഥങ്ങൾ കാണപ്പെടുന്നില്ല. ജാഗ്രൽസ്ഥിതിയിൽ എല്ലാവസ്തുക്കളും സ്ഥൂലമാണു്. എന്നാൽ സുഷുപ്തിസ്ഥിതിയിൽ ലോകമെവിടെ? ഒരിടത്തുമില്ല. പൊയ്പ്പോയി! പൊയ്പ്പോയി!! ഇവിടെ പരമാർത്ഥത്വത്തിൻെറ വിവരണം ജാഗ്രദവസ്ഥയിലോ, സ്വപ്നാവസ്ഥയിലോ ഉള്ള സംഭവങ്ങളിൽ യോജിക്കുന്നില്ലെന്നു നാം കാണുന്നു.

'പരമാർത്ഥം' എന്നതു സകല പരിതഃസ്ഥിതികളിലും ഒരുപോലെ സ്ഥിരമായി നില്ക്കുന്നതു്" ആണു് എന്നു ഹിന്ദുക്കൾ നിർവ്വചിക്കുന്നു. ഒരിക്കൽ കാണപ്പെടുകയും, പിന്നെയൊരിക്കൽ നിഴൽപോലെ മറയുകയുംചെയ്യുന്ന ഒന്നു വെറും വ്യാജസംഭവമാണെന്നുതന്നെ പറയണം. ഹെർബെട്ടുസ്പെൻസർ പരമാർത്ഥത്തിനു ഇതേ നിർവ്വചനംതന്നെ കൊടുക്കുന്നു.

സ്വപ്നരാജ്യം അസത്യമാണെന്നു—പരമാർത്ഥമല്ലെന്നു—നിങ്ങൾ എന്തുകൊണ്ടാണു് പറയുന്നതു്? ഉണരുമ്പോൾ നിങ്ങൾ അതു ഒന്നും കാണാത്തതുകൊണ്ടു് അതേ കാരണംകൊണ്ടു ജാഗ്രൽപ്രപഞ്ചവും അസത്യമാണെന്നു നിങ്ങൾക്കുപറയാം. ജാഗ്രൽകാലത്തിലേയ്ക്കും ഈ അസത്യനിർവ്വചനംതന്നെ നിങ്ങൾക്കെപ്പോൾ ഉപയോഗിക്കരുതോ? സ്വപ്നത്തിലോ, സുഷുപ്തിയിലോ ജാഗ്രൽക്കാലപ്രപഞ്ചം കാണപ്പെടുന്നില്ലല്ലൊ.

ഓങ്കാരത്തിലെ അകാരം അന്തർല്ലീനസത്തയായ "ഞാനി"ൻെറ തനിപ്രകടനങ്ങളായ ജാഗ്രൽകാലപ്രപഞ്ചത്തിലെ പ്രത്യക്ഷദൃഷ്ട്ടദൃശ്യങ്ങളെ സൂചിപ്പിക്കുന്നു.

മനുഷ്യൻെറ ഹൃദയത്തിൽ എന്തു വെറുപ്പു കടന്നുകൂടിയിരിക്കുന്നു! "എനിക്കു ഉറച്ച പണംഉണ്ടു്; ഇതു പരമാർത്ഥമാണു്; ഈ സ്ഥൂല—ഭൌതികമായി കാണപ്പെടുന്ന ലോകം പരമാർത്ഥമാണു്." എന്നു ജനങ്ങൾ പറയുന്നു "ഹേ! മറയശ്ശിരോമണി! ഉറച്ച ഒരേ പരമാർത്ഥം—സത്യം—നീമാത്രമാണു്—മാററമില്ലാത്തതും, സനാതനവും നീതന്നെയാണു്. അതുമാത്രമെ ഉറച്ചവസ്തുവായുള്ളു്.

ശേഷമെല്ലാം ഇന്ദ്രിയങ്ങളുടെ ചെപ്പടിക്കളിയാണ്." ഈ തീരുമാനങ്ങളെ സ്വീകരിക്കാൻ ചിലർ ഇഷ്ടപ്പെടുന്നില്ല. എന്തെന്നാൽ ജാഗ്രദവസ്ഥയുടെ പ്രതിദ്വന്ദികളെന്ന നിലയിൽ സ്വപ്നസുഷുപ്ത്യവസ്ഥകളെ പരിഗണിക്കുന്നതുകൊണ്ടാണ് ഈ തീരുമാനം ഉത്ഭവിക്കുന്നതു്. അവരുടെ പര്യാലോചനയ്ക്കായി കുറച്ചു പ്രസ്താവിക്കാം. ഭൂമിയാകുന്ന ഈ വലിയ പൂജ്യത്തിൻെറ—ശൂന്യത്തിൻെറ—ബാഹ്യതലത്തിൽ പകുതിയിലധികം സ്ഥലത്തു സദാ രാത്രിയായിരിക്കുമ്പോൾ, ഭൂലോകത്തിലെ പകുതിയോളം ജീവികൾ സദാ സ്വപ്നാവസ്ഥയിലോ സുഷുപ്ത്യവസ്ഥയിലോ ആകുന്നു. ഏതെങ്കിലും ചില സ്ഥലത്തുള്ള എല്ലാവരും ജാഗ്രദനുഭവങ്ങളിൽ എന്നപോലെതന്നെ സ്വപ്നാനുഭവങ്ങളിൽക്കൂടെയും കടന്നുപോകുന്നു. ശൈശവകാലം മുഴുവനും ഒരുവക ദീർഘനിദ്രയല്ലയോ? മരണാവസ്ഥ എന്നതുവീണ്ടും ഒരു നിദ്രാവസ്ഥയാണ്. ആദ്യത്തെ മൂന്നുനാലുവർഷം മുഴുവനും നിങ്ങൾ ഉറക്കത്തിലായിരുന്നു. ജാഗ്രദവസ്ഥയിൽക്കൂടി കടന്നസമയത്തെ മണിക്കൂറുകൾ എണ്ണിനോക്കുക, ജീവിതത്തിലെ ഒന്നുപകുതി ഉറക്കത്തിലും ഒന്നുപകുതി ഉണർച്ചയിലും കഴിഞ്ഞുവെന്നു കാണുമ്പോൾ നിങ്ങൾ വിസ്മയിച്ചുപോകും. ജാഗ്രൽകാലത്തെ സംഭവങ്ങളെ പരിഗണിക്കയും, സ്വപ്നകാലത്തെ സംഭവങ്ങളെ വിഗണിക്കയും ചെയ്യാൻ നിങ്ങൾക്കെന്തവകാശമാണുള്ളതു്? ഉറങ്ങുമ്പോൾ നിങ്ങൾ മരിച്ചുപോകുന്നോ? ഇല്ല. സ്വപ്നാവസ്ഥയിലെ അനുഭവങ്ങളും നിങ്ങളുടെ അനുഭവങ്ങൾ തന്നെയാണ്. പിന്നെ എന്തുകൊണ്ടവയെ പര്യാലോചനയ്ക്കെടുക്കുന്നില്ല? ജാഗ്രദവസ്ഥ അധികം ശക്തിമത്താണെന്നു പറയുന്നുവെങ്കിൽ, നിങ്ങളിൽ ഏററവും പ്രബലകായന്മാരും ഏററവും ബുദ്ധിശാലികളും പോലും (അപവാദമില്ലാതെ) നിദ്രകൊണ്ടു കൈകാലുകൾ ബന്ധിക്കപ്പെട്ടതുപോലെ സോഫായിലോ കട്ടിലിലോ രാത്രിതോറും മലത്തികിടത്തപ്പെടുന്നതു് എന്തുകൊണ്ടു്? അവക്കു ഉണന്നിരിക്കാൻ ഊജ്ജിതമായ മോഹമുണ്ടെങ്കിലും, നിദ്രയുടെ അജയ്യശക്തി അതിനെ മാനിക്കുന്നില്ലതന്നെ. ജാഗ്രദവസ്ഥയിലെപ്പോലെ, സ്വപ്നാവസ്ഥയ്ക്കും സ്വന്തമായ ഒരു ലോകമുണ്ടു്. അപ്പോൾ ജാഗ്രൽകാലപ്രപഞ്ചത്തിനു ശ്രദ്ധയ്ക്കോ, അവകാശത്തിനോ അർഹതയുള്ളതുപോലെ, സ്വപ്നകാലലോകത്തിനും അർഹതയുണ്ടു്. അതും വേണ്ടവണ്ണം പര്യാലോചിക്കേണ്ടതാണ്.

അമേരിക്കരും യൂറോപ്യരും ഭൂരിപക്ഷനില നോക്കിയാണ് സകലതും തീരുമാനിക്കുന്നതു്. അങ്ങിനെയെങ്കിൽ സ്വപ്നാവസ്ഥയ്ക്കും, സുഷുപ്ത്യവസ്ഥയ്ക്കും ഓരോ വോട്ടുണ്ടായിരിക്കണം. ജാഗ്രദ

നുഭവങ്ങളെ പ്രമാണമാക്കി സ്വപ്നാനുഭവങ്ങൾ യഥാൎത്ഥമല്ലെന്നു ശഠിക്കുന്നപക്ഷം, സ്വപ്നാവസ്ഥയെയും, സുഷുപ്ത്യവസ്ഥയെയും പ്രമാണമാക്കി ജാഗ്രാവസ്ഥയിലെ അനുഭവങ്ങളും യഥാൎത്ഥമല്ലെന്നുവരുന്നു. പിന്നെയും, ഒരുവക ശാശ്വതസുഷുപ്തിസ്ഥിതിയിൽ കഴിഞ്ഞുകൂടുന്ന സസ്യങ്ങളുണ്ടു്; ഇടവിടാതെ സ്വപ്നാവസ്ഥയിൽ ഇരിക്കുന്നതുപോലെയുള്ള മൃഗങ്ങളുണ്ടു്. പ്രപഞ്ചം നിങ്ങൾക്കു കാണപ്പെടുന്നതിൽനിന്നു തീരെ ഭിന്നമായിട്ടു അവക്കു കാണപ്പെടുന്നു. അവരുടെ അനുഭവം എന്തുകൊണ്ടുപരിഗണിക്കേണ്ട? എറുമ്പിന്റെയും തവളയുടെയും, മൂങ്ങയുടെയും, ആനയുടെയും കണ്ണുകൾക്കു നിങ്ങളുടെ കണ്ണുകൾകൊണ്ടു കാണപ്പെടുന്നതിനെക്കാൾ പദാൎത്ഥങ്ങൾ ഭിന്നമായിത്തോന്നുന്നു. ഹേ! എന്നാൽ മനുഷ്യന്റെ അനുഭവംമാത്രം ഗണിക്കണമെന്നും, അതും ജാഗ്രദവസ്ഥയെയോ ജാഗ്രൽക്കാലപ്രപഞ്ചത്തെയോമാത്രംയഥാർത്ഥമായി കണക്കാക്കണമെന്നും നിങ്ങൾപറയുന്നു! ഇതുന്യായമോ? സമ്പൂൎണ്ണമനുഷ്യരുടെ — മുക്തന്മാരുടെ— അനുഭവങ്ങളെ യഥാവിധിഗണിക്കയാണെങ്കിൽ അവപോലുംഈസ്ഥൂലമായിതോന്നുന്നലോകം യഥാർത്ഥമല്ലെന്നു നിങ്ങൾക്കു ബോധ്യമാകും. ഇതെങ്ങിനെയെന്നു നിങ്ങൾ പക്ഷേ ചോദിക്കും? ഇതാ! നമ്മുടെ സയൻസുകാരും, തത്വപണ്ഡിതന്മാരും, ഹക്സ്ലിമാരും, സ്പെൻസർമാരും! ജാഗ്രൽപ്രപഞ്ചത്തിന്റെ പരമാർത്ഥാവസ്ഥയെ എല്ലാവരും വളരെ ശക്തിയായി സ്ഥാപിക്കാൻ ശ്രമിക്കുന്നു. അവരുടെ അനുഭവംതന്നെ പ്രപഞ്ചത്തിന്റെ അയഥാർത്ഥതയെ തെളിയിക്കുന്നു. അതെങ്ങിനെ? കുറച്ചു ആലോചിക്കുക. അവരുടെ അത്യുത്തമാവസ്ഥയെയോ, അതോ അതിനീചാവസ്ഥയെയോ നിങ്ങൾ വിശ്വസിക്കുന്നതും മാനിക്കുന്നതും? അവർ ഉറക്കത്തിലോ, കൂക്കംവലിക്കുമ്പോഴോ പുറപ്പെടുവിക്കുന്ന സംഗതികൾ നിങ്ങൾ അത്രവിലമതിക്കയില്ല. ഏതവസ്ഥയിൽ നല്ക്കുമ്പോഴാണു് ഈ മഹൽഗ്രന്ഥകാരന്മാർ അവരുടെ അത്യുച്ചസ്ഥാനത്തു ശോഭിക്കുന്നതു്? അവരിൽനിന്നു ജ്ഞാനം പ്രവഹിക്കയും, കുതിച്ചുചാട്ടുകയും ചെയ്യുമ്പോഴാണു് അവരുടെ അത്യുന്നതനിലയിൽ അവർ എത്തുന്നതും, നമ്മുടെ ബഹുമാനവും മാന്യതയും അവർ അർഹിക്കുന്നതും ആ അത്യുൽകൃഷ്ടപദവിയിൽ അവർ നില്ക്കുമ്പോൾ അവരെ പോയിനോക്കുക. അവരുടെ ശരീരത്തിലെ ഓരോ രോമകൂപവും, ഓരോ രോമവും, ഈ ലോകത്തിന്റെ അവാസ്തവസ്ഥിതിയും, സൎവത്തിന്റെയും അദ്വൈതഭാവവും ഉൽഘോഷിക്കുന്നു എന്നു തോന്നും. ആ സ്ഥിതിയിൽ അവക്കു "ഞാൻ, നീ" ഭേദമില്ല; ദ്വൈതചിന്തയില്ല; ബഹുത്വചിന്തയില്ല; വ്യക്തിത്വമില്ല; ലോകമേഇല്ല, എല്ലാസംഭവങ്ങളും ശൂന്യതയിലേയ്ക്കുലയിക്കുന്നു. ചിന്ത

കൻ ഒരുതരം സമാധിസ്ഥിതിയിൽ അഭൌതികനിലയിൽ, പരിപൂൎണ്ണാവസ്ഥയിൽ, ജ്ഞാനം പ്രകൃത്യാ അവനിൽനിന്ന ഒഴുകുന്നനിലയിൽ, സൂൎയ്യനിൽനിന്ന പ്രകാശമെന്നതുപോലെ സകല ജ്ഞാനവും പ്രകൃതിസഹജമായി അവനിൽനിന്ന പ്രസരിക്കുന്ന അവസ്ഥയിൽ ഇരിക്കുന്നു. ആ അവസ്ഥയിൽ ഇരിക്കുന്നതുകൊണ്ടു അയാൾ മിണ്ടുന്നില്ല, ആ പ്ലെയിനിൽ നിലയിൽ—നിന്ന പുറത്തുവരുമ്പോഴേ സംഭാഷണം വരുന്നുള്ളൂ; കണ്ടുപിടുത്തങ്ങളും, മഹത്തമചിന്തകളും അവനിൽനിന്ന പുറപ്പെടുന്നുള്ളൂ. ഇങ്ങിനെ സകല മഹാചിന്തകന്മാരുടെയും യഥാൎത്ഥാനുഭവംകൊണ്ടു്, അവരുടെ അത്യുച്ചനിലയിൽ ഇരിക്കുമ്പോഴുള്ള അനുഭവംകൊണ്ടു്, പ്രപഞ്ചത്തിൻെറ അയഥാൎത്ഥത തെളിയുന്നു. ഇതു് ഇനിയും സ്പഷ്ടതരമാക്കാം. നാം ചിന്തിക്കുമ്പോൾ ചെയ്യുന്നതു് എന്താണു്? ആലോചിക്കുമ്പോൾ നാം ഒരു പ്രത്യേകസംഗതിയിൽ സ്ഥിതിചെയ്യുന്നു. മററു സകലവിഷയങ്ങളും ദൂരെക്കളഞ്ഞു്, ഒരേ ഒരുസ്ഥാനത്തു പിടിക്കൂടുന്നു. മനസ്സുസമസ്തവും അതിൽ കേന്ദ്രീകരിക്കുന്നു. ആ പ്രത്യേകസ്ഥാനത്തു നിങ്ങളുടെ സൎവ്വശക്തികളും, ഓജസ്സും ചെലുത്തുന്നു. മനസ്സു് ആ ചിന്തകൊണ്ടു പൂൎണ്ണമായിലീനമാകുന്നു. ഫലമോ, ചിന്തമറയുകയും, അനാപേക്ഷികമായ ഒരു ബോധാതീതാവസ്ഥ സഞ്ജാതമാകയും ചെയ്യുന്നതാണു്; സകല ജ്ഞാനത്തിൻെറയും ഉത്ഭവസ്ഥാനമായ അനാപേക്ഷികബോധമാണതു്.

സുസ്ഥാപിതമായ ഒരു മനഃശാസ്ത്രീയനിയമമനുസരിച്ചു്, ഏതെങ്കിലും ഒരു സംഗതിയെപ്പററി ബോധം ഉണ്ടായിരിക്കണമെങ്കിൽ, അതിനെക്കൂടാതെ ഭിന്നമായ വേറെ ഒന്നുകൂടി അതിനുസമീപത്തു നമുക്കു് ഉണ്ടായിരിക്കണം. മനസ്സിൽ ദ്വൈതാവസ്ഥ ഇല്ലാത്തപ്പോൾ, സൎവ്വവസ്തുബോധവും ശാന്തമായിരിക്കും; ഇങ്ങിനെ പ്രചോദനസ്ഥാനം പ്രാപിക്കപ്പെടും.

ടെന്നിസൺപ്രഭു * എന്ന ചിന്തമുഴുവനും മാറുമ്പോഴാണു്—അതിനതീതമായി നില്ക്കുമ്പോൾ മാത്രമാണു്—ടെന്നിസൺ കവി ടെന്നിസൺ ആകുന്നതു്. ബേക്കലേ × ഉടമസ്ഥതാബോധം, തൻേറതാക്കണമെന്നുള്ളബോധം ഉള്ള ബിഷോപ്പല്ലാതെ ആകുമ്പോളാണു് ബേക്കലേ ചിന്തകനായ ബേക്കലേ ആയിത്തീരുന്നതു്. ജീവചരിത്രകാരൻ വിവരിക്കുന്ന വ്യക്തിവിശേഷത്തിനുമുകളിൽ നില്ക്കുമ്പോളാണു് ഹ്യൂം തത്വജ്ഞനായ ഹ്യൂം ആയി വരുന്നതു്.

* ഒരു ഇംഗ്ലീഷുകവി.

× ഒരു ഇംഗ്ലീഷുതത്വജ്ഞാനി.

ചരിത്രകാരന്റെ വെറും + ഹക്സിലിയല്ലാതെ സ്വസ്വഭാവം ആയിഭവിക്കുമ്പോഴാണു് ഹക്സിലി സയൻസുകാരനായ ഹക്സിലിയായിത്തീരുന്നതു്.

ഏതെങ്കിലും ഗംഭീരവും, ആശ്ചൎയ്യകരവുമായ കൃത്യം നമ്മിൽ കൂടി ചെയ്യപ്പെട്ടപ്പോൾ, നാം അതിനു മാന്യതയും, അഭിനന്ദനവും സ്വീകരിക്കുന്നതു വെറും വിഡ്ഢിത്തമാണു്. എന്തെന്നാൽ ആ കൃത്യംചെയ്യുസമയത്തു് ഈ മാന്യതനേടുന്ന അഹംഭാവന തീരെ അസന്നിഹിതമായിരുന്നു. അല്ലാത്തപക്ഷം പ്രവൃത്തിയുടെ മനോഹരത്വം അലങ്കോലപ്പെട്ടു നശിച്ചുപോകുമായിരുന്നു. പ്രവൃത്തിസമയത്തു് 'ഞാൻ ചെയ്യുന്നു' എന്നു ബോധം തീരെ ഇല്ലായിരുന്നു; ആ പ്രവൃത്തി ഈശ്വരനിൽനിന്നു സ്വമേധയാ ഉദിച്ചതാണു്. ഇങ്ങിനെ നാം കാണുന്നു:—"ഈ ചിന്തകന്മാരും, മഹൽഗ്രന്ഥകൎത്താക്കളും—അവർ ആരെങ്കിലുമാകട്ടെ—അവരുടെ ഉത്തമനിലയിൽനിന്നുവരുന്ന അവരുടെ അഭിപ്രായവും തീരുമാനവും നാം സ്വീകരിക്കുന്നപക്ഷം, അവരുടെ പ്രവൃത്തികൾമുഖേനയും, അവരുടെ ശരീരത്തിലെ സകല രോമകൂപങ്ങളും മുഖേനയും, ലോകം യഥാൎത്ഥമല്ലെന്നു പ്രസംഗിക്കയും പ്രഖ്യാപിക്കയും ചെയ്യുന്നു എന്നു നാം കാണുന്നു. പ്രവൃത്തികൾ വാക്കുകളെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു. യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്ന വലിയ യുദ്ധവീരന്മാരെയും, മഹാരഥന്മാരെയും നോക്കുക; ഏററവും ഉച്ചനിലയിൽ അവർ പോർചെയ്തുകൊണ്ടിരിക്കുന്നു; അവരുടെ സമീപത്തെല്ലാം വെടിയുണ്ട അമറിക്കൊണ്ടു ചിതറുന്നു, ഇവിടെ ഒരു ഉണ്ട; അവിടെ ഒരു മുറിവു്; അവരുടെ ശരീരത്തിൽനിന്നു രക്തം ധാരയായി ഒഴുകുന്നു; ശരീരങ്ങൾ കഷ്ണമാക്കപ്പെടുന്നു; എന്നിട്ടും അവർ തള്ളി മുമ്പോട്ടുകയറുന്നു. ആ നിലയിൽ അവൎക്കു വേദനയില്ല. എന്തുകൊണ്ടു്? പ്രായോഗികസരണിയിൽ അവൎക്കു ശരീരം ശരീരമേഅല്ലാത്തതും, ബാഹ്യലോകം ലോകമേഅല്ലാത്തതും ആയിപ്പോയതുകൊണ്ടു്. ഓജസ്സിന്റെ ഭാഷകൊണ്ടു്—ഓജസ്സസൂചിപ്പിക്കുന്നതുപോലെ—ലോകവും ശരീരവും അവൎക്കില്ലെന്നു അവർ ഞെളിയിക്കുന്നു. ഇങ്ങിനെ നിങ്ങളുടെ നെപ്പോലിയനും, വാഷിംഗ്ടണും, വെല്ലിംഗ്ടണും, മററു സകലരും അവരുടെ പ്രവൃത്തിമുഖേന പറയുന്നു—നിസ്സാരീകരിക്കുന്ന ബുദ്ധിയുണ്ടായിട്ടും അവർ പറയുന്നു:—"യഥാൎത്ഥാത്മാവു്, സമസ്തശക്തിയായ ആത്മാവു് സ്വയം പ്രബലമായി പ്രവൎത്തിക്കുമ്പോൾ ലോകം വെറും ശൂന്യമാണു്. പരമ

+ പ്രസിദ്ധ ഇംഗ്ലീഷുശാസ്ത്രജ്ഞൻ.

ജ്ഞാനവും, പരമശക്തിയും ആയ യഥാർത്ഥാത്മാവുമാത്രമാണ് കക്കശവും ഉറച്ചതുംആയ പരമാർത്ഥം ഇതിൻെറ സാന്നിധ്യ ത്തിൽ ലോകത്തിൻെറ ഉണ്ടെന്നു തോന്നപ്പെടുന്ന അസ്തിത്വം ഉരു കിപ്പോകുന്നു?

ഒരു രണശൂരൻെറ ഹസ്തങ്ങളെ ബലിഷ്ഠങ്ങളാക്കുന്നത് എന്താണ്? യഥാർത്ഥാത്മാവിൻെറ നിഷ്കൃഷ്ടവും, സുസ്ഥിരവും, ഉറച്ചതും ആയ പരമാർത്ഥതയുമായി ഐക്യം അടയുന്നതാണ്. മനുഷ്യമനസ്സുകളിലേയ്ക്കു ഇത്രവളരെ കണ്ടുപിടിത്തങ്ങളും, ഗവേഷ ണഫലങ്ങളും നിർദ്ദേശിച്ചുകൊടുത്ത ശക്തിവിശേഷം — കാരണം — എന്താണ്? ബുദ്ധിയോ മനസ്സോ സ്വല്പസമയത്തേയ്ക്കു ഈശ്വര ൻെറയോ, യഥാർത്ഥസത്തയുടെയോ സുസ്ഥിരപരമാർത്ഥതയി ലേയ്ക്കു ലയിച്ചതാണ്. ആ പരമാർത്ഥമാണ് നിങ്ങൾ; അതാണ് യഥാർത്ഥ നിങ്ങൾ, പ്രപഞ്ചത്തിൻെറ പ്രകാശമാണ് നിങ്ങൾ; നാഥന്മാരുടെ നാഥനും, പരിശുദ്ധരിൽ പരിശുദ്ധനും, ഉൽകൃഷ്ടരിൽ ഉൽകൃഷ്ടനും ആണ് നിങ്ങൾ.

ഓങ്കാരമന്ത്രത്തിൻെറ ആദ്യക്ഷരമായ അകാരം ഈ സുസ്ഥി രപരമാർത്ഥത്തെ പ്രതിനിധീകരിക്കുന്നു. അതായതു, നിങ്ങളുടെ സ്വന്തസത്ത — ജാഗ്രദവസ്ഥയിൽ കാണുന്ന മായിക ഭൌതികപ്രപ ഞ്ചത്തിൽ പ്രകാശിക്കയും അന്തർല്ലയിക്കയും ചെയ്യുന്ന യഥാർത്ഥ സത്തയെ — അതു സൂചിപ്പിക്കുന്നു. ഉകാരം സൂക്ഷ്മലോകത്തെ ദ്യോതിപ്പിക്കുന്നു; മകാരം എന്ന അന്ത്യാക്ഷരം അവ്യക്താവസ്ഥ യിൽ അന്തർല്ലയിച്ചുകൊണ്ടും, സകല അജ്ഞാനത്തിലുംക്രടി പ്രകാശിച്ചുകൊണ്ടും ഇരിക്കുന്ന പരമസത്തയെ സൂചിപ്പിക്കുന്നു.

ഓങ്കാരമന്ത്രം ജപിക്കുമ്പോൾ, തങ്ങളുടെ ആത്മാവ് ആ ഉറച്ച പരമാർത്ഥമാണെന്നു സാക്ഷാൽക്കരിക്കാൻ തങ്ങളുടെ ശ്രദ്ധയെ കേന്ദ്രീകരിക്കയും, വികാരങ്ങളെ വിനിയോഗിക്കയും ആണ് ബുദ്ധിമാന്മാർ ചെയ്യുന്നതു്. ഈ ആത്മാവാണ് മൂന്നു ലോകത്തിലും പ്രകാശിക്കയും, മൂന്നുലോകത്തെയും നശിപ്പിക്കയും ചെയ്യുന്നതു്. സൂര്യൻ ഉദയസമയത്തു് വർണ്ണവൈവിധ്യം സൃഷ്ടീ കരിക്കയും, ഉച്ചയ്ക്കുമുമ്പു് അതിനെ സ്വയം തിരിയെ തന്നി ലേയ്ക്കു ആവാഹിച്ചു നശിപ്പിക്കയും ചെയ്യുന്നതുപോലെതന്നെയാ ണിതു്.

ഈ പ്രപഞ്ചങ്ങൾ ഒക്കെയും വന്നുംപോയുംകൊണ്ടിരിക്കുന്ന സംഭവങ്ങളാണ്. സ്വപ്നാവസ്ഥയിൽ നിങ്ങൾ ഒരു ചെന്നായെ കണ്ടു് അതു നിങ്ങളെ ഭക്ഷിച്ചുകളയുമെന്നു ഭയപ്പെടുന്നു. എന്നാൽ

അതു വാസ്തവത്തിലുള്ള ഒരു ചെന്നായ് അല്ല; അതു നിങ്ങൾതന്നെയാണ്. അതുപോലെ, ജാഗ്രദവസ്ഥയിൽപോലും "നിങ്ങൾ തന്നെയാണു ശത്രുവും മിത്രവും" ആയി കാണപ്പെടുന്നതു് എന്നു വേദാന്തം പ്രസ്താവിക്കുന്നു. സൂര്യനും ആ സൂര്യനെ പ്രതിബിംബിപ്പിക്കുന്ന കുളവും നിങ്ങൾതന്നെയാണ്. ദീപവും ശലഭവും നിങ്ങൾതന്നെ. നിങ്ങളുടെ ബദ്ധശത്രു നിങ്ങൾതന്നെ; മററാരുമല്ല. 'ഓം' എന്നു ജപിക്കുമ്പോൾ, സകല സ്വാർത്ഥ്യവും, ദുഷ്ടവിചാരവും ഹൃദയത്തിൽനിന്നു ഉന്മൂലനാശം ചെയ്യത്തക്കവിധം, പറിച്ചെറിയത്തക്കവിധം, ഹൃദയത്തെ സാക്ഷാൽക്കാരത്തിന്റെ അത്യുച്ചാവസ്ഥയിൽ ആക്കിനിർത്തി പ്രവർത്തിപ്പിക്കണം; ഭിന്നതയുടെ ഭാവന തീരെ ദൂരീകരിക്കണം. മിത്രശത്രുക്കളുടെ രൂപവും വേഷവും വെറും സ്വപ്നമാണ്. നിങ്ങളാണ് ശത്രുവും മിത്രവും. ഇന്നലെ നിങ്ങൾ ചെയ്തതെല്ലാം ഇന്നു നിങ്ങളുടെകൂടെയുണ്ടോ? അവ സ്വപ്നമല്ലയോ? അവ പൊയ്ക്കഴിഞ്ഞു. ഇന്നത്തെ കാര്യങ്ങൾ ഇന്നെവിടെ? അവ പോയില്ലേ? ഈ അർത്ഥത്തിലും ജാഗ്രദനുഭവങ്ങൾ സ്വപ്നമാണ്. സ്വപ്നാവസ്ഥയിലെ അനുഭവം സ്വപ്നംതന്നെയാണല്ലൊ. യഥാർത്ഥമായ, കനത്ത ഉറച്ച കാതൽ, സത്തായ അസ്തിത്വം, യഥാർത്ഥാത്മാവ് അവയ്ക്കു പിന്നിലുണ്ട്. അതിനെ സാക്ഷാൽക്കരിക്കുക.

സകല ഭൌതികവസ്തുക്കളും വെറും ചിന്തയാണെന്നു സാക്ഷാല്ക്കരിക്കുന്നതിനു പകരം ചില ആളുകൾ ചിന്തയെല്ലാം ഭൌതികവസ്തുവാണെന്നു സ്ഥാപിക്കാൻ ആവശ്യപ്പെടുന്നു. സാങ്കല്പികലോകം അഥവാ സൂക്ഷ്മലോകം എന്നതിനെ അപേക്ഷിച്ച്, ഭൌതികപ്രപഞ്ചം യഥാർത്ഥമാണെന്നു അവർ പരിഗണിക്കുന്നു. വേദാന്തം അനുസരിച്ച് ഭൌതികവും, സൂക്ഷ്മവും ആയ ലോകങ്ങൾ രണ്ടും വ്യാജമാണ്. നിങ്ങൾ രണ്ടിനും മുകളിലേയ്ക്കുയരണം. എന്തെന്നാൽ ശാന്തിയും യഥാർത്ഥസമാധാനവും, ആനന്ദവും സമ്പാദിക്കുന്നതിന് കാഴ്ചകളുടെ പിൻവശമുള്ള പരമാർത്ഥം—ഉറച്ചകാതൽ—സാക്ഷാൽക്കരിക്കയേ തരമുള്ളൂ.

ഓങ്കാരത്തിൽ 'അ' എന്നതു ചിലപ്പോൾ ഒരുമാത്ര (രൂപം) എന്നും, 'ഉ' എന്നതു വേറൊരു മാത്രഎന്നും, 'മ്' എന്നതു വേറൊരു മാത്രഎന്നും പറയപ്പെടുന്നു. എന്നാൽ 'ഓം' ഒരു മാത്രയിൽ—രൂപത്തിൽ—നില്ക്കുന്നില്ല. അതു പരമാർത്ഥവസ്തുവിനെ സർവ്വത്തിലും സഞ്ചരിക്കുന്ന സാരാംശത്തിനെ സൂചിപ്പിക്കുന്നു; ഈ മാത്രകൾഉൾക്കൊള്ളുന്ന പരമാർത്ഥവസ്തുവിനെ ദ്യോതിപ്പിക്കുന്നു. ജനങ്ങൾ പറയുന്നു:—ഞങ്ങൾക്കു ജീവൻവേണം; വെറുംതത്വങ്ങൾവേ

ണ്ടാ.” ഹാ! ജീവൻ എന്താണ്? അതു സ്വപ്നത്തിലെ ജീവനോ സുഷുപ്തിയിലെ ജീവനോ, ജാഗ്രത്തിലെ ജീവനോ? ഏതാണ് വേണ്ടതു്? ഇതുകളെല്ലാം വെറും തോന്നൽ മാത്രമാണ്. പരമാർത്ഥവസ്തു—യഥാർത്ഥ ജീവൻ—നിങ്ങൾ മാത്രമാണ്. ഇന്ദ്രിയങ്ങൾമുഖേന എന്നേയ്ക്കും സുഖം അനുഭവിക്കാൻ നിങ്ങളെ അനുവദിക്കാത്ത കഠോരനിയമങ്ങൾ ഉണ്ടു്. നിങ്ങളെ സ്വയം ഇന്ദ്രിയങ്ങൾക്കു വില്ക്കാൻ—ഇന്ദ്രിയങ്ങളുടെ തട്ടിൽനിർത്താൻ—സുഖികളാക്കിനിർത്താൻ—സാദ്ധ്യമാണോ? അല്ല; അതു അസാദ്ധ്യമാണ്. ഇന്ദ്രിയസുഖങ്ങളിൽ മഗ്നനായി ആനന്ദിക്കാൻ നിങ്ങളെ അനുവദിക്കാത്ത അപ്രതിരോദ്ധ്യവും അഭേദ്യവും ആയ നിയമങ്ങളുണ്ടു്.

ആത്മാവാണ് യഥാർത്ഥ ജീവൻ—'ഉറച്ച കാശ്ശു്'. അതു സാക്ഷാത്കരിക്കുക. അപ്പോൾ ഈ ഭൌതികഭോഗങ്ങൾ നിങ്ങളെ തേടാൻ തുടങ്ങും. ശലഭം ദീപത്തിലേയ്ക്കു വന്നു പതിക്കുന്നതുപോലെ, നദികൾ സമുദ്രത്തിലേയ്ക്കു ഒഴുകുന്നതുപോലെ, ചിറുദ്യോഗസ്ഥന്മാർ ചക്രവർത്തിയെ ബഹുമാനിക്കുന്നതുപോലെ, നിങ്ങൾ നിങ്ങളുടെ പരമാർത്ഥജീവനെ അറിഞ്ഞു ബോധപ്പെട്ടുമ്പോൾ നിങ്ങളുടെ ദിവ്യമാഹാത്മ്യം, പരമാർത്ഥപ്രഭാപൂർണ്ണമായ ആത്മാവിനെ സാക്ഷാത്കരിക്കുമ്പോൾ. സകല ഭോഗങ്ങളും നിങ്ങളുടെ പുറകെ വരും. ഈ ആത്മാവിനെയാണ് ഓങ്കാരം സൂചിപ്പിക്കുന്നതു്.

അകാരോകാരമകാരങ്ങൾ എന്ന മൂന്നു മാത്രകൾകൊണ്ടു ഹിന്ദുക്കൾ—പ്രത്യേകിച്ചു വേദങ്ങൾ - നിങ്ങളായ അന്തർല്ലീനപരമാർത്ഥവസ്തുവിനെപ്പററി നിങ്ങൾക്കു ഒരു സൂചന തരുന്നതു് എങ്ങനെയെന്നു തെളിയിച്ചുകഴിഞ്ഞു കാഴ്ചകൾക്കു പിന്നിൽ നില്ക്കുന്ന അസ്പഷ്ടപരമാർത്ഥം—സനാതനസത്യം—നിങ്ങൾതന്നെയായ അഖണ്ഡാത്മാവാണ് 'ഓം' വിവക്ഷിക്കുന്നതു്. ഇങ്ങനെ നിങ്ങൾ പാവനമായ ഓങ്കാരമന്ത്രം ജപിക്കുമ്പോൾ, നിങ്ങളുടെ ബുദ്ധിയും ശരീരവുമൊക്കെ നിങ്ങളുടെ ആത്മാവിലേയ്ക്കു സമർപ്പിക്കണം; അതിലേയ്ക്കുരുക്കിച്ചേർക്കണം. അതു അനുഭവിക്കുക, വികാരഭാഷയിൽ പാടുക, നിങ്ങളുടെ പ്രവൃത്തികൾമുഖേന ഗാനംചെയ്യു, സകല രോമകൂപങ്ങളിലുംകൂടി ഘോഷിക്കുക, അതു നിങ്ങളുടെ സിരകളിൽ കൂടി സഞ്ചരിക്കട്ടെ, അതു ഹൃദയത്തിൽ സ്പന്ദിക്കട്ടെ; ശരീരത്തിലെ സകല രോമവും, രക്തത്തിലെ സകല ബിന്ദുക്കളും, നിങ്ങൾ തന്നെയാണു ആ സത്യം—തേജസാംതേജസ്സ്—സൂര്യന്മാരുടെ സൂര്യൻ—ബ്രഹ്മാണ്ഡനായകൻ — ഈശന്മാരുടെ ഈശൻ—യഥാ

ർത്ഥാത്മാ എന്നു ഘോഷിക്കട്ടെ. സൂര്യനും നക്ഷത്രങ്ങളും, നിങ്ങളുടെ കൈവേലയാണ്, നിങ്ങളുടെ സൃഷ്ടിയാണ്. ആകാശങ്ങളും ഭൂമണ്ഡലവും നിങ്ങളുടെ കൈപ്പണിതന്നെയാണ്, സകലതും നിങ്ങളുടെ അപദാനങ്ങളെ പ്രഖ്യാപനംചെയ്യുന്നു; പ്രകൃതി സമസ്തവും നിങ്ങളെ ആരാധിക്കുന്നു.

ഓം! ഓം!

## 7. ഈശ്വരൻ ഉള്ളിൽ.

(1902 ഡിസംബർ 24-ൽ ഹേർമെററിക്ക് ബ്രദർഹുഡ് ഹോളിൽ ചെയ്ത പ്രസംഗം)

ക്രിസ്ത്യാനികളുടെ പഴയനിയമത്തിൽ മോശയുടെ പുസ്തകങ്ങളിൽ ഈശ്വരൻ പ്രപഞ്ചം സൃഷ്ടിച്ചതായി നാം പഠിക്കുന്നു. അദ്ദേഹം തന്റെ സ്വന്തം കയ്യണികണ്ടു. ഹാ! നോക്കുക! അതു മനോഹരവും ഉൽകൃഷ്ടവും ആയിരുന്നു. നാം ഇതു മോശയുടെ ആദ്യപുസ്തകത്തിൽ—സൃഷ്ടിപുസ്തകത്തിൽ—വായിക്കുന്നു. അതു അങ്ങിനെ തന്നെ സത്യവുമാണ്. "നിന്റെ ഇഷ്ടം നടത്തപ്പെടട്ടെ! ഹേ! കർത്താവേ!" എന്നുള്ള പ്രസ്താവന പ്രകടിപ്പിക്കുന്ന മനഃസ്ഥിതിയെ വേദാന്തം വളരെയധികം പ്രബലമായ ഭാഷയിൽ പ്രഖ്യാപിക്കുന്നു എന്നു നിങ്ങൾക്കറിയാം. ഹിന്ദു ഇങ്ങിനെ അതു പ്രതിപാദിക്കുന്നു:—"എന്റെ ഇച്ഛയാണ് നടത്തപ്പെടുന്നതു്; എന്റെ ഇച്ഛയാണ് നടത്തപ്പെടുന്നതു്." ഭാര്യ ഭർത്താവിന്റെ ഇച്ഛയോടു തന്റെ ഇച്ഛയെ ലയിപ്പിച്ചു ഐക്യപ്പെടുത്തുമ്പോൾ "എന്റെഇച്ഛ നടക്കുന്നു" എന്നു അവൾക്കു ആഹ്ലാദപൂർവ്വം പറയാം. "നിന്റെ ഇഷ്ടം നടക്കട്ടെ" എന്നു അവൾക്കു പ്രാർത്ഥിക്കേണ്ട കാര്യമില്ല. എന്തെന്നാൽ അതുരണ്ടും രണ്ടല്ലാ, ഒന്നുതന്നെയാണ്. തന്റെ ഇച്ഛയെ തന്റെ പ്രാണനാഥന്റെ ഇച്ഛയോടു ഇണക്കി യോജിപ്പിൽവരുത്തുവാൻ അവൾ ഒരു മഹാശ്രമം ചെയ്യേണ്ടിവന്നിരുന്നു, എന്നാൽ അടിയ്ക്കടിചെയ്ത ആ ശ്രമംകൊണ്ടു പതിവ്രതയായ പത്നി ഭിന്നതകളെ ജയിച്ചടക്കി ഭർത്താവിന്റെ പ്രവൃത്തികൾ തന്റെ പ്രവൃത്തികൾതന്നെ എന്നവിധം ആസ്വദിക്കുന്നു. ഇതുപോലെ ഒരു വേദാന്തി ഈപ്രപഞ്ചത്തിലെ സമസ്തവും തന്റെ സ്വന്തം പ്രവൃത്തിയാണെന്നമട്ടിൽ ആസ്വദിച്ചാഹ്ലാദിക്കുന്നു. സംസ്കൃതചിത്തരായ മനുഷ്യർ

കല്ലുഭിത്തികൾ തുറുങ്കല്ലവുംനിർമ്മിക്കില്ലാ,
നല്ലിരുമ്പിൻെറ കമ്പി ജയിലുമുണ്ടാക്കീടാ.

ശാന്തശുദ്ധങ്ങളായ മാനസങ്ങളായവ
ബന്ധുരംപുണ്യാശ്രമമെന്നപോൽ ഗ്രഹിക്കുന്നു.

നേരേമറിച്ച് അജ്ഞരായ മനുഷ്യർ അവരുടെ സ്വന്തം പരമാത്ഥാത്മാവിനെ അറിയായ്കയാൽ, അഹങ്കാരത്തിനും സ്വാത്ഥത്തിനും അധീനരായി അവരുടെ കൊട്ടാരങ്ങളും, കോവിലകങ്ങളും പോലും ജയിലുകളെയും, ശ്മശാനങ്ങളെയും, നരകങ്ങളെയുംകാൾ നികൃഷ്ടങ്ങളാക്കിത്തീക്കുന്നു. അവരുടെ നിസ്സാരവും, നീചവും, രുചിഹീനവും ആയ കാമങ്ങളും, സങ്കല്പനിർമ്മിതമായ ഭയങ്ങളും പേടികളുംകൊണ്ടു് അവക്ക് സ്വന്തം ചങ്ങലകൾ സൃഷ്ടിക്കുന്നു.

നിങ്ങളുടെ ആനന്ദമാണു് നിങ്ങളുടെ കാര്യം എന്നു വേദാന്തം കാണിക്കുന്നു. പ്രാപഞ്ചികമോഹങ്ങൾ തടസ്സംചെയ്യാൻ കാരണമെന്തു്? പരമാർത്ഥവസ്തുവിനെ സാക്ഷാത്കരിക്കുക; നിങ്ങൾ മുക്തരായി ഭവിക്കുന്നു വേദാന്തസാക്ഷാത്കാരം സമ്പാദിക്കുക കഠിനമാണു്; എന്തെന്നാൽ അമ്മേരിക്കായിലും യൂറോപ്പിലുമുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ അവക്കിനി ഈശ്വരനായി ഭേദപ്പെട്ടു വരാനിരിക്കുന്നതേയുള്ളുവെന്നും, അവരിൽ ഈശ്വരത്വം ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതെന്നും വിചാരിക്കുന്നു. വേദാന്തപ്രകാരം സ്വയംസ്പഷ്ടമായ വസ്തുത നിങ്ങൾ മുമ്പേതന്നെ ഈശ്വരൻ മാത്രമാണെന്നും, ഈശ്വരനല്ലാതെ വേറെ യാതൊന്നും അല്ലെന്നും ഉള്ളതാണു്. നിങ്ങളുടെ ഈശ്വരത്വം മേലാൽ ഉണ്ടാകേണ്ടതല്ല; അതു അറിയപ്പെടേണ്ടതും അനുഭവിക്കേണ്ടതും സാക്ഷാല്കരിക്കേണ്ടതും മാത്രമാണു്. നിങ്ങൾ അതു പ്രയോഗത്തിൽ കൊണ്ടുവരണം; ഉപയോഗിക്കണം; അത്രമാത്രം. തൻെറ ഗൃഹത്തിൽ അമൂല്യനിധി വെച്ചുംകൊണ്ടു ഇതാ! ഒരു മനുഷ്യൻ! അയാൾ അതു മറന്നുപോയിരിക്കുന്നു. വേറൊരാൾ ഇതാ! വീട്ടിൽ നിധി ഒന്നും ഇല്ലാതെ! രണ്ടുപേരും നിധി കണ്ടുപിടിക്കാൻ കഴിക്കുന്നു നിധി ഉള്ള, എന്നാൽ അതു മറന്നുപോയ മനുഷ്യൻ കിളച്ചപ്പോൾ അതു കണ്ടുമുട്ടുന്നു; മററവൻ അതു കാണുന്നില്ല. അതുപോലെ, നിധി അവിടെ ഉണ്ടു്. പിശുനനോ ദരിദ്രനോ ആയിരിക്കരുതു്. അതു ഉപയോഗിക്കുക. നിങ്ങൾക്കു് ആ നിധി അവിടെ കൊണ്ടുവന്നു വെയ്ക്കേണ്ട ഭാരമില്ല. നിങ്ങൾ അതു ഉപയോഗിച്ചാൽ മാത്രം മതി. നിങ്ങളുടെ ആത്മാവു് പ്രകൃത്യാ അശുദ്ധമോ പാപിഷ്ഠമോ അല്ല; ഒരു മനുഷ്യൻെറ പാപംമുഖേന അതു് അധഃപതിച്ചിട്ടില്ല; മറെറാരാളിൻെറ പുണ്യംകൊണ്ടു് അതു രക്ഷിക്കപ്പെടേണ്ടതും ഇല്ല.

ഇതാ! ഇവിടെ ഒരു കരുമ്പലക; ബ്ളാക്കുബോർഡ്! ഉറച്ച സ്ഥൂലമായ ഒരു സാധനം! നിങ്ങളതിനെ തേച്ചുരച്ചു മിനുസപ്പെടുത്തിയെന്നൂഹിക്കുക. അതിനെ പ്രകാശസഞ്ചാരക്ഷമമാക്കാൻ (Transparent) സാധിക്കുമോ? ഇല്ല. ഒരു മുഖക്കണ്ണാടി എടുക്കുക. അതിൽ മണ്ണും അഴുക്കും വൃത്തികേടും പററിയിരിക്കാം. എന്നാൽ നിങ്ങൾ അതു വൃത്തിയാക്കുമ്പോൾ അതു പ്രകാശസഞ്ചാരക്ഷമമായിത്തീരുന്നു നിങ്ങളുടെ പ്രയത്നംകൊണ്ടു് അതിനെ പ്രകാശസഞ്ചാരക്ഷമമാക്കിയതല്ല; അതു മുമ്പേതന്നെ ഒരു ഗുണം വെറുതെ പ്രകടിപ്പിച്ചുവെന്നേയുള്ളു. കരിമ്പലകയ്ക്കു് ആ ഗുണം ഇല്ലാതിരുന്നു; പ്രയത്നംകൊണ്ടു അതു് ആ പ്രകൃതം സ്വീകരിക്കയുമില്ല.

ഓരോ മനുഷ്യനും മുക്തിയുടെ സാദ്ധ്യതയെപ്പററി ബലിഷ്ഠമായ വിചാരവും വിശ്വാസവും അവൻെറ ഉൾത്തട്ടിൽ അടിയുറച്ചു കിടപ്പുണ്ടു്. തല്ക്കാലത്തേയ്ക്കു മാത്രം കളങ്കപങ്കിലമായി തോന്നപ്പെട്ടുന്നുവെങ്കിലും, ആന്തരികമായ ആത്മാവു് സ്വയം പരിശുദ്ധിയും പാപരാഹിത്യവും നിറഞ്ഞതാണെന്നുള്ളതിനു ഇതുതന്നെ നല്ല തെളിവാണു്. യഥാർത്ഥാത്മാവു് പ്രകൃത്യാ പാപസ്വഭാവിയാണെന്നു പറയുന്നതും, കരിമ്പലകയെപ്പോലെ അതു പ്രകാശസഞ്ചാരക്ഷമമോ പരിശുദ്ധമോ ആക്കപ്പെട്ടുവാൻ നിവൃത്തിയില്ലെന്നുള്ള തീരുമാനത്തിൽ നമ്മെ എത്തിക്കുന്നതും ആയ പ്രകൃതിവിരുദ്ധമായ മൂഢസിദ്ധാന്തം വെറും കളവാണെന്നു സാർവ്വജനീനമായ ഈ പ്രകൃതിസഹജവിശ്വാസം തെളിയിക്കുന്നു. മനുഷ്യൻെറ യഥാർത്ഥപ്രകൃതം ഈശ്വരത്വമത്രേ. ഈശ്വരൻ മനുഷ്യൻെറ സ്വന്താത്മാവല്ലാതെയിരുന്നുവെങ്കിൽ, ഈ പ്രപഞ്ചത്തിൽ ഒരിക്കലും ഒരു ഒററ ദീർഘദർശിയോ പുണ്യവാനോ മഹർഷിയോ ആവിർഭവിക്കയില്ലായിരുന്നു.

രാമൻ പറയുന്നു:—"ഭയപ്പെടാതിരിക്കുക! പുറത്തുവരുക! നിങ്ങളുടെ സർവ്വശക്തിയും ഓജസ്സും സംഭരിക്കുക! നിങ്ങളുടെ ജന്മാവകാശം സധൈര്യം കൈവശപ്പെടുത്തുക! ഞാൻ അവൻ ആകുന്നു, "സോഹം!" ഭയപ്പെടേണ്ടാ!; വിറയ്ക്കേണ്ട!

* സിനായിപർവ്വതത്തിൽ സഞ്ചരിക്കുമ്പോൾ മോശ ഒരു പടർപ്പിൽ തീ ജ്വലിക്കുന്നതു കണ്ടു. അവൻ ചോദിച്ചു:—"നീ ആരു്? അവിടെ ആരു്?" അവൻ ഉറക്കെ ചോദിച്ചില്ലായിരിക്കാം. എന്നാൽ പടപ്പു് ദഹിക്കാതെ അതിനെ ജാജ്വല്യമാനമാക്കി അത്യത്ഭുതകരമാക്കി നിർത്തുന്ന ആ തേജസ്സു് കണ്ടു് അതെ

* ബൈബിൾ പഴയ നിയമത്തിലെ കഥ.

ന്താണെന്നറിയാൻ അവനു് അത്യല്പമുണ്ടായിരുന്നു. പടർപ്പി ൽനിന്നു ഉത്തരംവന്നു:—"ഞാൻ എന്താണോ അതുതന്നെയാണു് ഞാൻ!! പരിപാവനമായ ഈ "ഞാൻ ആണു്" തന്നെയാണു് നിങ്ങളുടെ ആത്മാ.

നിങ്ങളുടെ യഥാർത്ഥപ്രകൃതമായ ആത്മാ, വജ്രംപോലെ പ്രകാശവാഹിയും ഭാസ്വരവും ആയ രത്നമാണു്. അതിന്റെ സമീപം കറുത്തതെന്തെങ്കിലും വെക്കുക, അതു കറുപ്പായി കാണും; ചുവന്നതെന്തെങ്കിലും അതിന്നടുത്തുവെക്കുക, ആ പരിശുദ്ധരത്നം ചുവപ്പായി കാണാം. ഇങ്ങനെ ശേഷം നിറങ്ങളും. പരമാർത്ഥത്തിൽ പരിശുദ്ധരത്നം വർണ്ണരഹിതമാണു്. അതു സകല നിറങ്ങൾക്കും അതീതമാണു്; കറുപ്പിനും ചുവപ്പിനും വേറെ ഏതു നിറത്തിനും അപ്പുറമാണു്. അതു് എന്തോ അതാണതു്. ഇപ്രകാരം നിങ്ങളുടെ ആത്മാവു്, നിങ്ങളുടെ പരമാർത്ഥാത്മാവു് "അതെന്തോ, അതാണു്". അതു നിർമ്മലമായ ഞാനാണു്."

ഇൻഡ്യായിലെ ഒരു മനുഷ്യൻ ഇതാ! ആ പരിശുദ്ധാത്മാവിന്റെ അടുത്തു് അവൻ ഒരു കറുത്ത തുണിവെക്കുന്നു—ഹിന്ദുവർണ്ണം; വർണ്ണരഹിതമായ ആത്മാവു് ആ നിറം സ്വീകരിക്കുന്നു. അപ്പോൾ "ഞാനാണു്" എന്നതു് "ഞാൻ ഒരു ഹിന്ദുവാണു്" എന്നായിത്തീരുന്നു. അമ്മേരിക്കായിൽ പരിശുദ്ധരത്നത്തിനുസമീപം—യഥാർത്ഥാത്മാവിനടുക്കൽ—നിർവ്വർണ്ണവും, നാമരൂപങ്ങൾക്കതീതമായി നില്ക്കുന്നതുമായ ആത്മാവിനുമുമ്പിൽ യാങ്കി (അമ്മേരിക്കൻ) ഒരു മഞ്ഞപ്പടംവെച്ചുകൊണ്ടു്, അവ്യഭിചാരിതമായ "ഞാനാണു്" എന്നതിനെ "ഞാൻ ഒരു അമ്മേരിക്കൻ ആണു്" എന്ന നിറം കലർത്തിവെക്കുന്നു. വേറൊരാൾ വരുന്നു; അവനൊരു ചുവപ്പുതുണിയോ, കടലാസോ വെച്ചുകൊണ്ടു അതിനെ "ഞാനൊരു സ്ത്രീയാണു്" എന്നാക്കുന്നു. പിന്നെയൊരുവൻ അതിന്നെ വേറൊരു നിറംകൊണ്ടു മറച്ചിട്ടു "ഞാൻ ഒരു എം. ഏ. ആണു്" എന്നു പറയുന്നു. അതുകൊണ്ടു് "ഞാനൊരു ക്രൂസ്ത്യനാണു്", "ഞാനൊരു ഹിന്ദുവാണു്", "ഞാനൊരു അമ്മേരിക്കനാണു്", "ഞാനൊരു ജോൺബുൾ (ഇംഗ്ലീഷുകാരൻ) ആണു്", "ഞാനൊരു കുഞ്ഞാണു്", "ഞാനൊരു സ്ത്രീയാണു്", "ഞാനൊരു സിംഹമാണു്", "ഞാനൊരു വ്യാഘ്രമാണു്" – എന്നിങ്ങനെ ഓരോരുത്തർ പറയുന്നതാണു് വഴക്കം എന്നു നാം കാണുന്നു. പരിശുദ്ധനായി, നിഷ്കളങ്കനായി, വർണ്ണരഹിതനായി, നിർമ്മലനായി, തേജസ്വിയായിരിക്കുന്ന യഥാർത്ഥാത്മാവു—ഓം—അഥവാ "ഞാനാണു്" എന്നതു എല്ലാവർക്കും പൊതുവും, സാമാന്യവും

ആത്രെ; കേവലവും, ഏകവും അത്രെ; അഭിന്നമത്രേ. വാസ്തവത്തിൽ അതിനു ഒരു നിറവും ഇല്ല. നിങ്ങളുടെ സ്വന്തം അജ്ഞാനപ്രേരിതമായ സങ്കല്പംകൊണ്ടു നിറംകയററിയതു മാത്രമാണു്. പ്രകാശഗമനക്ഷമമായ ഒരു കണ്ണാടിയെടുത്തു് ഒരുനിറത്തിൽ വെക്കുക; നിറം അതിലേയ്ക്കു കടക്കുന്നില്ല; വെറുതെ പ്രതിബിംബിക്കുന്നതേ ഉള്ളു; ബന്ധിക്കപ്പെടുന്നില്ല. രത്നം സദാ ശുദ്ധവും വൎണ്ണരഹിതവും ആണു്. "ഞാനാണു്" എന്നതു് സൎവ്വവ്യാപിയും, സാൎവ്വജനീനവും ആണു്. അതു നിങ്ങളിൽ സൎവ്വത്ര സന്നിഹിതമത്രെ. "ഞാനാണു്" എന്ന ചിന്ത സിംഹവും, വ്യാഘ്രവും ഒരുപോലെ പ്രകടിപ്പിക്കുന്നു. പരിശുദ്ധമായ ഈ "ഞാനാണു്" നിങ്ങളത്രെ. നിങ്ങളുടെ മുമ്പിലുള്ള നിറംകയററിയ തുണിയോടോ കടലാസോടോ ആയി സാത്മ്യംഭാവിക്കാൻ നിങ്ങൾക്കവകാശമില്ല. എന്തെന്നാൽ ഈ പരിശുദ്ധവും നിഷ്കളവും ആയ ആത്മാവ് ഒരുകാലത്തു് വേറൊരു രൂപം കയ്ക്കൊണ്ടിരുന്നു. "ഞാനാണു്" എന്നതു് വേറൊരു ശരീരത്തിൽ വൎത്തിച്ചിരുന്നു. മുജ്ജന്മങ്ങളിൽ "ഞാൻ സിംഹമാണു്", "ഞാൻ കാളയാണു്" എന്നു നിങ്ങൾ ചിന്തിച്ചിരുന്ന കാലമുണ്ടായിരുന്നു.

അന്നും, ഇന്നും, എന്നും ഒന്നായിട്ടിരിക്കുന്ന, യഥാൎത്ഥ "ഞാനാണു്", യഥാൎത്ഥ ആത്മാവിനെ നിങ്ങൾ പ്രാപിക്കുമ്പോൾ സ്വാതന്ത്ര്യവും, ആനന്ദവും നിങ്ങൾക്കു ലഭിക്കുന്നു. പരിശുദ്ധ "ഞാനാണു്" എന്നതു് കാലത്താൽ സ്പൎശിക്കപ്പെടുന്നില്ല, എന്തെന്നാൽ അതു്, ശുദ്ധ"ഞാനാണു്"—മുജ്ജന്മത്തിലും ഒന്നായിത്തന്നെയിരുന്നു. സ്ഥലം അതിനെ മലിനീകരിക്കുന്നില്ല; എന്തെന്നാൽ ഈ ശരീരങ്ങളെല്ലാം അതേ "ഞാനാണു്" കൈവശപ്പെടുത്തുന്നു. എല്ലാസമയവും അതിനു "ഇപ്പോൾ"തന്നെയും, എല്ലാസ്ഥലവും അതിനു "ഇവിടം"തന്നെയും ആകുന്നു. "ഞാനാണു്" എന്ന ഈ പരിശുദ്ധപദം സനാതനമായ സത്യത്തെ ദ്യോതിപ്പിക്കുന്നു; അചഞ്ചലമായ പരമാൎത്ഥം. ഇവിടെ ഈ "ഞാനാണു്" ഓം സൂചിപ്പിക്കുന്നതു്. പരിശുദ്ധ "ഞാനാണു്", "ഞാനവൻ ആണു്", "സോഹം"—ഇതിനെ ഓം ലക്ഷീകരിക്കുന്നു.

പേർഷ്യൻഭാഷയിൽ 'ഓം' എന്നതു് 'ഓ-ആം' അഥവാ 'ഞാൻ അവൻ ആണു്' (സോഹം)—'ഞാൻ ബ്രഹ്മമാകുന്നു' എന്നാണു്. ഓം എന്നതു് 'ഞാനാണു്' എന്ന വിശുദ്ധതത്വമാണു്.

ആയിരംരൂപം കയ്ക്കൊണ്ടെന്നെ വിസ്മയിപ്പിക്കാ-
നായിനീ ശ്രമിച്ചാലും, സമസ്തപ്രിയെയകമേ!

നിയതം നിന്നെനേരിട്ടറിയുന്നുഞാൻ; മായാ-
മയമാം നിചോളേന നിൻമുഖം മറച്ചാലും,
ആയതസർവ്വവ്യാപിയാകിയ നിന്നെ സുഖ-
മായിഞാനറിയുന്നു നേരിട്ടുതന്നെ വിഭോ!

... ... ... ...

ശുദ്ധിമൽപലാശത്തിൻ തരുണാങ്കുരങ്ങളിൽ,
ആത്തസൗന്ദര്യസാരംവളരുമേകത്വമേ!
നിന്നെഞാൻകണ്ടു ധരിച്ചീടുന്നു, നദീജല-
ത്തിന്നുടെ ശുദ്ധശക്തപ്രവാഹചൈതന്യത്തിൽ,
സർവ്വംകീഴടക്കും കേവലനാകുംനിന്നെ-
സ്സർവ്വദാനേരിട്ടുഞാനറിയുന്നുണ്ടുഭംഗ്യാ.

... ... ... ...

ഗർവ്വംകൊണ്ടുയരുന്ന ജലരാശിവ്യാപിക്കെ
സർവ്വലീലാകാര! ത്വാം അറിയുന്നുഞാൻമുദാ;
വാരിദമൊരുരൂപമെടുക്കാനൊരുങ്ങവേ
തീരെമാറിവേറൊന്നുധരിച്ചു നില്ക്കുന്നേരം,
സമസ്തരൂപഭേദകാരിയാമേകൻനിന്നെ-
വിമലനായിത്തത്രകണ്ടുഞാനറിയുന്നു.

... ... ... ...

വനഭൂമൈതാനത്തിൽ പുഷ്പവശ്യകംബളാ-
വനിയിൽമൂടിനില്ക്കേ, വിവിധതാരാവൃതം
സുന്ദരമുഖമേകമാകിയ നിന്നെത്തത്ര
നന്ദിച്ചുകാണുന്നുഞാൻ; സഹസ്രപാണികളെ
നീട്ടിക്കൊണ്ടൊരു ചെടികാണവേ, സർവാശ്ലേഷ-
നിഷ്ഠനാം നിന്നെയതിലുണ്ടുഞാനറിയുന്നു.

... ... ... ...

ഉദയാചലേ രമ്യതരുണകിരണങ്ങൾ
മധുരംതിളങ്ങുമ്പോൾ സർവാനന്ദദാ! നിന്നെ
നേരിൽഞാൻ വണങ്ങുന്നേൻ; ആകാശദ്വാരംമേലെ
പരിശുദ്ധമായ് ശോഭാകരമായ് വളരുമ്പോൾ
നിഖിലഹൃദയവുമാഹ്ലാദിപ്പിച്ചുനില്ക്കും
സുഖദ! നിന്നെയപ്പോൾ ഞാനിതാ! ശ്വസിക്കുന്നു.

... ... ... ...

എന്നന്തർബാഹ്യങ്ങളാമിന്ദ്രിയങ്ങൾകാണിച്ചീ-
ടുന്നതൊക്കെയും നിന്നാൽതന്നെഞാനറിയുന്നു;

സകലജ്ഞാനദാതാവേകംനീ;യല്ലാവിൻെറ
ബഹുലനാമങ്ങളെഞാൻ വിളിച്ചീടുംനേരം
ഒരൊററനാമത്തിൻെറ മാറെറാലിതന്നെയെല്ലാം;
പരമചൈതന്യമേ! നിന്നെത്താൻ വിളിക്കുന്നു.

രാമനു മോശയെപ്പററി കുറച്ചു പറയാനുണ്ടു്. മോശപടപ്പിൽ ശബ്ദംകേട്ടപ്പോൾ അവൻെറ അടുത്തു ചീററുന്ന ഒരു സൎപ്പമുണ്ടായിരുന്നു. മോശ അതുകണ്ടു ഭയപരിഭ്രാന്തനായി. അവൻ വിറച്ചുപോയി. അവൻെറ ഹൃദയം തുടിച്ചുതുടങ്ങി. സിരകളിലെ രക്തമെല്ലാം കട്ടിയായിപ്പോയി. അയാൾ തീരെ തകൎന്നുപോയി. അപ്പോൾ അവൻ ഒരു ശബ്ദംകേട്ടു:—"ഹേ! മോശേ! ഭയപ്പെടേണ്ട. പാമ്പിനെ പിടികൂടുക; അതിനെ മുറുക്കിപ്പിടിക്കുക; ധൈൎയ്യമായി, ബലമായി അതിനെ കടന്നുപിടിക്കുക" മോശ പിന്നെയും വിറയൽകൊണ്ടുനിന്നു. വീണ്ടും അശരീരിവാക്യം കേട്ടു:—"മോശേ! മുമ്പോട്ടുവരുക പാമ്പിനെ പിടികൂടുക." മോശ അതിനെ കടന്നുപിടിച്ചു. അതാ! അതു മനോഹരവും, കാന്തിമത്തും ആയ ഒരു വടിയായിത്തീൎന്നു! ഇക്കഥയുടെ അൎത്ഥമെന്താണു്? സൎപ്പം (Samp) സത്യത്തിനു (Sanch) പകരം നില്ക്കുന്നു. ഹിന്ദുക്കളിലും, മററു പൌരസ്ത്യരിലും സത്യം അഥവാ അന്തിമപരമാൎത്ഥം സൎപ്പം (ശേഷൻ) മുഖേന സൂചിപ്പിക്കപ്പെടുന്നു. സൎപ്പം വട്ടത്തിൽ ചുരുണ്ടുചുരുണ്ടു് അതിൻെറ വാൽ വായിൽവെച്ചുകൊണ്ടു കിടക്കുന്നു. അതുപോലെ ഈ പ്രപഞ്ചത്തിൽ വൃത്തങ്ങൾക്കുള്ളിൽ വൃത്തങ്ങൾ ഉണ്ടെന്നു നാം കാണുന്നു. സകലതും അടിക്കടി ചുററിക്കൊണ്ടിരിക്കയും, രണ്ടറററങ്ങളും ഒന്നിച്ചു ചേൎന്നിരിക്കയും ചെയ്യുന്നു. പ്രപഞ്ചം മുഴുക്കെ വ്യാപ്തിയുള്ള ഒരു സാൎവ്വജനീനനിയമമോ തത്ത്വമോ ആണു് ഇതു്.

പാമ്പിനെ പിടിക്കുക എന്നാൽ ദിവ്യനിയമത്തെ ഭരിക്കുന്നവൻെറ അഥവാ പ്രപഞ്ചനാഥൻെറ സ്ഥാനത്തു സധൈൎയ്യം കടന്നുചെന്നു ഇരിക്കുക എന്നൎത്ഥം. ആ സ്ഥാനത്തു ധൈൎയ്യമായി പ്രവേശിക്കുക; ഈശ്വരനുമായിട്ടു നിങ്ങൾക്കുള്ള ഐക്യഭാവം സാക്ഷാൽകരിക്കുക.

മോശയുടെ ജാതിക്കാർ അടിമത്തത്തിൽ ജീവിച്ചുവന്നവരാണു്. അക്കാലത്തു യൂദന്മാർ വളരെ സങ്കടനിലയിലായിരുന്നു. അവർ അവരുടെ രാജ്യങ്ങളിൽനിന്നു ഓടിക്കപ്പെട്ടു അലഞ്ഞുതിരിയുന്നവരായിരുന്നു. അസംഖ്യം ഉപദ്രവങ്ങൾക്കു് അടിപെട്ടുകിടന്നിരുന്ന അവൎക്കു അതിക്രൂരനായിരുന്ന ഒരു ദൈവത്തിൽപ്രകൃത്യാ തന്നെ വിശ്വസിക്കേണ്ടതുണ്ടായിരുന്നു. സമ്പൂൎണ്ണസ്വേച്ഛാധി

പതിയായിരുന്ന ഒരു ഈശ്വരനിൽ അവക്കു വിശ്വസിക്കേണ്ടി വന്നു.

കാളകളെല്ലാംകൂടി ഒരു മതസമ്മേളനംനടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിൽ അവർ ഈശ്വരനെ എങ്ങനെയാണു നിർവ്വചിക്കുമായിരുന്നതു്? വേറെ ഏതെങ്കിലും കാളകളെ ഭയപ്പെടുത്തിക്കൊല്ലാൻ കെല്പുള്ള ഒരു ഉന്നതവൃഷഭപ്രൗഢനായിട്ടു് അവരുടെ ദൈവത്തെ വർണ്ണിക്കയോ വിവരിക്കയോ ചെയ്യുമായിരുന്നു. സിംഹങ്ങൾക്കൊരു മതസഭ ഉണ്ടായിരുന്നാൽ അവയുടെ ദൈവം അത്യന്തഭയങ്കരനും ശക്തിമാനും വലിയവനും ആയ ഒരു സിംഹം ആയിരുന്നേക്കും. നിങ്ങളുടെ പ്രാപ്തിയിൽ കവിഞ്ഞു് എന്തെങ്കിലും സങ്കല്പിക്കാൻ നിങ്ങൾക്കു സാദ്ധ്യമാണോ? നിങ്ങൾക്കു നിങ്ങളിൽനിന്നു പുറത്തുചാടാമോ? പാടില്ല. സിംഹങ്ങൾ കൂടിയിരുന്നാലോചിച്ചാൽ ദൈവത്തെ ഒരു കക്ക്ശസിംഹമാക്കാതെ തരമില്ല. അതുപോലെ, ഭയപ്പെടുത്തപ്പെട്ട ജനങ്ങൾ കൂടിയിരുന്നു ദൈവത്തെ സങ്കല്പിച്ചാൽ, വളരെ വലിയ അടിമകളുടെ ഉടമസ്ഥനായ, ഭയങ്കരരൂപിയായ, മഹാനായകനായ, ഭയാനകമൂർത്തിയായ ഒരു ഭരണക്കാരനെ സങ്കല്പിക്കാനേ അവക്കു കഴിയുള്ളൂ. ഇങ്ങനെ യഹൂദന്മാർ പ്രകൃത്യാതന്നെ ഒരു രാക്ഷസീയഗംഭീരനായ ഒരു വലിയ യജമാനനെ—കെങ്കേമനായ ഭരണകർത്താവിനെപ്പോലെ—ഈശ്വരനെ സങ്കല്പിച്ചു.

മിക്ക പൗരസ്ത്യവും—പ്രത്യേകിച്ചു് സെമററിക്കും ആയ ഭാഷകളിൽ ഈശ്വരന്റെ നാമം 'മാലിക്' എന്നാണു്. അതിന്റെ അർത്ഥം 'നായകൻ' എന്നും ആണു്. ഈ പേരിന്റെ ഉത്ഭവത്തെക്കുറിച്ചു് അല്പം പറയുന്നതു് ഇവിടെ അസ്ഥാനത്താകയില്ല.

യഹൂദന്മാർ വളരെ വംശക്കാരുണ്ടായിരുന്നു. ഓരോ വംശത്തിനും പ്രത്യേകം ദൈവവും ഉണ്ടായിരുന്നു. ഒരു വംശത്തിന്റെ ഒരുകാലത്തെ ദൈവം മോളോക്ക് എന്നു വിളിക്കപ്പെട്ടിരുന്നു. ഈ വംശക്കാരുടെ അന്യോന്യയുദ്ധങ്ങളിൽ ഇസ്രയേലിന്റെ വംശക്കാർ ജയിച്ചു് ഔന്നത്യം പ്രാപിച്ചു. തന്മൂലം അവരുടെ ദൈവമായിരുന്ന മോളോക്ക് മററു ദൈവങ്ങളെ കീഴടക്കി എല്ലാ യഹൂദരുടെയും ഈശ്വരനായി ഭവിച്ചു. ഇതുമൂലമാണു് സെമററിക്കുകാരുടെ ഏകവ്യക്തിപരദൈവത്തിനു 'മാലിക്' അഥവാ 'യജമാനൻ' എന്ന പേർ സിദ്ധിച്ചതു്. അക്കാലം ഏകദൈവയജമാനസങ്കല്പമായിരുന്നു അപ്പോഴത്തെ സയൻസ്. അജ്ഞാതത്തിലേയ്ക്കു ചുഴിഞ്ഞുകയറാനുള്ള അവരുടെ ഒരു പരിശ്രമമായിരുന്നു അതു്. അതു് അവക്കു യോജിച്ചുമിരുന്നു. ഇപ്പോൾ സ്ഥിതിഗതികൾ മാറിയിരി

ക്കുന്നു. മിക്ക ജനതകൾക്കും രാജഭരണം ആവശ്യമില്ല. അവക്കു സ്വയംഭരണമാണാവശ്യം. അമ്മേരിക്കായിൽ ജനങ്ങൾക്കു സ്വാതന്ത്ര്യം വേണം. ഇംഗ്ലണ്ടിലും എല്ലായിടത്തും സ്വാതന്ത്ര്യം ആവശ്യമാണു്. സയൻസ്സ് പുരോഗമിച്ചു. സകലതും പരിണാമദശകളിൽക്കൂടി ഉയൎന്നുവരുന്നു. പഴയ ദുരഹങ്കാരംനിറഞ്ഞ, സൎവ്വത്തെയും അടക്കിഭരിച്ചിരുന്ന, ദൈവത്തിന്റെ സങ്കല്പം, "ഞാൻ ഈശ്വരനാണു്" എന്നു വേദാന്തം പഠിപ്പിക്കുന്ന സ്വാതന്ത്ര്യപ്രചോദകമായ ഭാവനയിലേയ്ക്കു പരിണമിക്കേണ്ടതിനുള്ള കാലം വൈകിപ്പോയി. ഇംഗ്ലണ്ടിലെ അനാപേക്ഷിക രാജാധികാരം (Absolute Monarchy) ക്രമേണ പടിപ്പടിയായി പരിമിതമാക്കപ്പെട്ടതുപോലെതന്നെ, വ്യക്തിപരനായിരുന്ന ഈ കഠിനക്രൂരദൈവത്തിന്റെ ശക്തികളും കുറച്ചുകളയാനും മതസ്വാതന്ത്ര്യം കൈവരിക്കാനുമുള്ള കാലമായിരിക്കുന്നു. യഹൂദർ രാഷ്ട്രീയമായ അടിമത്തത്തിൽ ജീവിച്ചു; അവക്കു ഒരു—അവരിൽനിന്നു വേറിട്ടുള്ള യജമാനനായി ഒരു—ദൈവം വേണ്ടിയിരുന്നു. നിങ്ങൾ രാഷ്ട്രീയവും സാമൂഹ്യവുമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. നിങ്ങളുടെ ദൈവം നിങ്ങളുടെ സ്വന്തം ആത്മാവു്—സ്വന്തചൈതന്യം—ആയിരിക്കണം. ഇപ്പോൾ ജനങ്ങൾക്കു് അടിമത്തത്തിൽ ജീവിക്കാനാഗ്രഹമില്ല. ബന്ധനങ്ങളും അടിമത്തവും ക്ഷണത്തിൽ മറയുകയാണു്. പരിണാമഗതി നടന്നുകൊണ്ടിരിക്കുന്നു. സകലതും മുമ്പോട്ടും മേലോട്ടും സഞ്ചരിക്കുന്നു. നിങ്ങളുടെ വ്യക്തിരൂപിയായ ദൈവം മാത്രം ഇനിയും നിന്നനിലയിൽ നില്ക്കണമോ? പാടില്ല.

ഒരുകാലത്തു് ദൈവത്തിനു സാത്താൻ എന്നൊരു എതിരാളി ഉണ്ടായിരുന്നു. ഈശ്വരന്റെ ജീവിതമണ്ഡലത്തെ പരിമിതീകരിക്കാൻ കുറെ സേവന്മാരും ദൈവദൂതന്മാരും ഉണ്ടായിരുന്നു. അദ്ദേഹം ഏഴുനാൾകൊണ്ടു പ്രപഞ്ചം സൃഷ്ടിച്ചു. അതെപ്പോഴാണു്? മോശ തന്റെ പുസ്തകം എഴുതിയ കാലത്താണതു്. മോശയുടെ കാലം കഴിഞ്ഞു് അനേകായിരംകൊല്ലമായിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. ലോകത്തിൽ ഒരു വിപ്ലവംതന്നെ സംഭവിച്ചുകഴിഞ്ഞു. വളരാത്ത ഈശ്വരൻ എന്തുതരം ഈശ്വരനാണു്? സകലതും വളരുകയും പരിണാമഗതിയിൽ സഞ്ചരിക്കയും വേണം. ഇക്കാലത്തേയ്ക്കു ഈശ്വരനു തന്നെക്കൂടാതെ സാത്താൻ എന്നൊരു എതിരാളി ഉണ്ടായിരിക്കരുതു്. അദ്ദേഹത്തിന്റെ അസ്തിത്വം പരിമിതമാകരുതു്. പ്രപഞ്ചകൎത്താവിന്റെ—പണിക്കാരന്റെ—തൊഴിലിൽനിന്നു ഉയൎന്നിരിക്കണം. സമസ്തലോകവും വേദാന്തത്തെ സ്വീകരിക്കേണ്ട കാലം വൈകിപ്പോയി. ചീറുന്ന സൎപ്പ

മായ ഈ സത്യത്തിനെ ചാടിപ്പിടിക്കാനും അമത്തി കൈവശപ്പെട്ടു ത്താനും ലോകമശേഷം സാഹസപ്പെടേണ്ട കാലം കടന്നുപോയി. അതാപേക്ഷികസത്യം (Absolute Truth) നിങ്ങളോടു നിങ്ങൾ തന്നെയാണു ദൈവമെന്നു വന്നു പറയുന്നു. ദൈവം നിങ്ങളിൽ നിന്നു അന്യമല്ലെന്നു പ്രതിജ്ഞ ചെയ്യുന്നു. ദൈവം ആ സ്വർഗ്ഗത്തിലോ ഈ നരകത്തിലോ അല്ലാ; നിങ്ങളുടെ സ്വന്തആത്മാവിൽ തന്നെയാണെന്നു അതു പറയുന്നു. ഈ തത്വത്തിൻെറ സാക്ഷാൽക്കരണത്തിൽ നിങ്ങൾക്കു സമ്പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുന്നു.

ഭയങ്ങളിൽക്കൂടി നിങ്ങളുടെ തലച്ചോറു അമത്തിത്താഴ്ത്തുകയും പ്രാർത്ഥനകളിൽക്കൂടി ശക്തികളെ ഉയർത്തുകയും ചെയ്യുന്നതെന്തിനു്? നിങ്ങളുടെ ആഭ്യന്തരപ്രകൃതിയെ പ്രതിനിധീകരിക്കുക; സത്യത്തെ അടിച്ചമത്തിക്കളയരുതു്. സുധീരം മുമ്പോട്ടുവരുക. നിർഭ്ഭയം നിങ്ങളുടെ സ്വരത്തിൻെറ അത്യുച്ചത്തിൽ, "ഞാൻ ഈശ്വരനാണു്, ഞാൻ ഈശ്വരനാണു്" എന്നു ഘോഷിക്കുക; അതു നിങ്ങളുടെ ജന്മാവകാശമാണു്.

അശരീരിശബ്ദം കേട്ടപ്പോൾ മോശയ്ക്കുണ്ടായിരുന്ന അതേ മനഃസ്ഥിതിയാണു സാധാരണ ജനങ്ങൾക്കുള്ളതു്. മോശ ഒരു അടിമത്തനിലയിൽ ആയിരുന്നു. അവൻ സർപ്പത്തെക്കണ്ടു ഭയപ്പെട്ടു. അങ്ങനെ "ഞാനാണു്" എന്നുള്ള ശബ്ദം— ഈ പരിശുദ്ധജ്ഞാനം—പാവനസത്യമായ 'ഓം'—കേൾക്കുമ്പോൾ ജനങ്ങളും ഭയപ്പെടുന്നു. അവരതുകേൾക്കുമ്പോൾ വിറച്ചുപോകുന്നു, സംശയിക്കുന്നു, അവരുടെ കൈകൾ നീട്ടി പിടികൂടാൻ അറയ്ക്കുന്നു. താഴെപ്പറയുന്നതുപോലുള്ള വാക്കുകൾ ജനങ്ങൾക്കു ചീറുന്ന പാമ്പുപോലെയാണെന്നു തോന്നുന്നു:—"പാവനത്തിൽ പാവനമായ ഈശ്വരത്വം നിങ്ങൾതന്നെയാണു്; പ്രപഞ്ചം പ്രപഞ്ചമേ അല്ല; സർവ്വസ്വത്തിൽ സർവ്വവും നിങ്ങളാണു്; പരമശക്തൻ—വാക്കുകൾക്കു വർണ്ണിക്കാൻ അസാധ്യമായ ശക്തി—നിങ്ങളാണു്. നിങ്ങൾ ശരീരമല്ല, മനസ്സല്ലാ, നിങ്ങൾ വിശുദ്ധ 'ഞാനാണു്'. നിങ്ങൾ അതാണു്".

മഞ്ഞയോ ചുവപ്പോ കറുപ്പോ ആയ ഈ ചെറിയ കടലാസുകഷണം രത്നത്തിൻെറ അടുത്തുനിന്നു ദൂരെയെറിയുക: നിങ്ങളുടെ പരമാർത്ഥതയിലേയ്ക്കുണരുക: "ഞാൻ അവനാകുന്നു; സോഹം; ഞാൻ സർവ്വത്തിലും സർവ്വവുമാണു്" എന്നു സാക്ഷാൽക്കരിക്കുക. ജനങ്ങൾക്കു ഇതു തൊടാതെ മാറാനാണു് ആഗ്രഹം. അവർ സർപ്പത്തെ ഭയപ്പെടുന്നു! ഹേ! പാമ്പിനെ പിടിക്കുവിൻ! അപ്പോൾ ആഹാ! ആശ്ചര്യത്തിലും ആശ്ചര്യം! ഈ പാമ്പു് നിങ്ങളുടെ ക

യ്യിൽ രാജാധികാരമുദ്രയായ ദണ്ഡമായി ഭവിക്കുന്നു! നിങ്ങൾക്കു വിശപ്പുതോന്നുമ്പോൾ ചീറുന്ന പാമ്പു നിങ്ങൾക്കു ഭക്ഷണം തരും, ദാഹം വരുമ്പോൾ അതു നിങ്ങൾക്കു കുടിക്കാൻ ജലം തരും, നിങ്ങളുടെ മാൎഗ്ഗത്തിലുള്ള സമസ്ത പ്രതിബന്ധങ്ങളും സങ്കടങ്ങളും അതു് ഒഴിച്ചു നീക്കും.

കാട്ടുകളിൽവെച്ചു മോശ ഈ ദണ്ഡുകൊണ്ടു ഒരു പാറ തൊട്ടു; ഉടനെ അതിൽനിന്നു മിന്നുന്ന, കുമിളയ്ക്കുന്ന ജലം പ്രവഹിച്ചു. ഇസ്രയേൽക്കാർ രക്ഷയ്ക്കായി ഓടിയപ്പോൾ അവൎക്കു രക്തനദി കടക്കേണ്ടിയിരുന്നു. അവിടെ ഈ ഭയങ്കരമായ ചെങ്കടൽ അവരെ വിഴുങ്ങുവാൻ തുടങ്ങുന്ന, വാപിളൎന്ന ഒരു ശ്മശാനംപോലെ, അവരുടെ മുമ്പിൽ നിന്നു. മോശ ദണ്ഡുകൊണ്ടു ചെങ്കടൽ തൊട്ടു. ജലങ്ങൾ അപ്പോൾ രണ്ടായി വേർപെട്ടു; ഉണങ്ങിയ ഭൂമി പ്രത്യക്ഷമായി; അതിൽക്കൂടെ ഇസ്രയേൽക്കാർ നടന്നുപോയി.

ചീറുന്ന പാമ്പായിത്തോന്നുന്ന ഈ സത്യം ഭയങ്കരമായി തോന്നുന്നു. എന്നാൽ നിങ്ങൾ അതിനെ ചാടിപ്പിടിച്ചു മുറുക്കി അമൎത്താൻ തുനിഞ്ഞാൽമാത്രംമതി; നിങ്ങൾ പ്രപഞ്ചത്തിന്റെ രാജാവായി, പഞ്ചഭൂതങ്ങളുടെ നാഥനായി, നക്ഷത്രങ്ങളുടെ ഭരണാധിപനായി, ആകാശങ്ങളുടെ ഭരണാധികാരിയായി, നിങ്ങൾതന്നെ സൎവ്വസ്വവുമായി, അത്ഭുതപരവശനായി സ്വയം കാണുവാൻ ഇടയാകും: ഈ സത്യം പ്രയോഗിച്ചു്, ഈ ദിവ്യതത്ത്വത്തെ ആലിംഗനംചെയ്വാൻ ജനങ്ങൾക്കു ഒരു ലജ്ജയാണു്. വരുക! മടിയ്ക്കേണ്ടാ! ഈ സത്യത്തെ നിർഭയം സ്വീകരിക്കുക. അതിനെ നിങ്ങളുടെ നെഞ്ചത്തു അമൎത്തിപ്പിടിക്കുവാൻ ധൈൎയ്യപ്പെടുക. അതിനെ നിങ്ങൾതന്നെയാക്കുക. സത്യം സാക്ഷാല്ക്കരിക്കുക; അതു നിങ്ങളെ സ്വതന്ത്രരാക്കും.

"ഞാൻ ഈശ്വരനാണു്" എന്നു പറയാതിരിക്കുന്നതു് മഹാപാപമാണു്. ആത്മാവിനെ മോഷ്ടിക്കുന്നതു് ഏററവും നീചമായ മോഷണമാണു്. "ഞാൻ ഒരു പുരുഷനോ സ്ത്രീയോ ആണു്" എന്നു പറയുന്നതു് കളവും, നാസ്തികത്വവും ആണു. നിങ്ങളെ ഒരു പാവപ്പെട്ട ഇഴയുന്ന ജന്തുവെന്നു വിളിക്കുന്നതും അങ്ങിനെതന്നെ. പിശുനന്റെ ഭാഗം അഭിനയിക്കരുതു്. പിശുക്കനു വീട്ടിൽതന്നെ സകല നിധികളുമുണ്ടു്; എന്നാൽ ഒരുകാശുപോലും ഉപയോഗിക്കാൻ—ചെലവാക്കാൻ—ഇഷ്ടമില്ല. നിങ്ങളുടെ ഉള്ളിൽ പ്രപഞ്ചം മുഴുവനും ഉണ്ടു്; പ്രപഞ്ചം സൎവ്വവും നിങ്ങളുടെ സ്വന്തമാണു്. എന്തിനു് അതു ഒളിച്ചുവെക്കുന്നു? അതുപയോഗിക്കാത്തതു് എന്താണു്? അതു പ്രയോജനപ്പെടുത്തുക. നിങ്ങളുടെ

സ്വാതന്ത്ര്യസത്തയായ അമൃതം ആ—കണ്ഠം അഗാധമായി പാനംചെയ്യുക! നിങ്ങളുടെ സ്വന്തമായ—പ്രകൃതിജമായ—ആഭ്യന്തരരാജത്വം എന്താണ് സമ്പാദിക്കാത്തതു്?

മറന്നുപോയ മാല—ആഭരണം—തിരിയെ കണ്ടുപിടിക്കയാണ് ഈ പൂർണ്ണതത്ത്വത്തിന്റെ സാക്ഷാല്ക്കാരം എന്നു ഇൻഡ്യായിൽ ജനങ്ങൾ പറയുന്നു. കഴുത്തിൽ നീളംകൂടിയതും, വിലപിടിച്ചതും ആയ ഒരു മാല ധരിച്ചിരുന്ന ഒരാൾ ഉണ്ടായിരുന്നു. അതു അവന്റെ പുറവശത്തേയ്ക്കു എങ്ങിനെയോ തൂങ്ങിക്കിടന്നുപോയി. അവൻ അതു മറന്നുംപോയി. നെഞ്ചത്ത് അതു വിലസിക്കിടക്കുന്നതു കാണാത്തതിനാൽ അവൻ അതു് അന്വേഷിക്കാൻ തുടങ്ങി. അന്വേഷണമെല്ലാം വിഫലമായി. അവൻ കണ്ണുനീർ ഒലിപ്പിച്ചു, വിലയേറിയ മാല പൊയ്പ്പോയതിനെക്കുറിച്ചു വിലപിച്ചു. എങ്ങിനേയും അതു നോക്കിയെടുക്കാൻ ആരോടോ അപേക്ഷിച്ചു. അയാൾ ചോദിച്ചു:—“കൊള്ളാം, ശരിതന്നെ! ഞാനതു കണ്ടുപിടിച്ചാൽ നിങ്ങൾ എനിക്കെന്തുതരും?” ഉടമസ്ഥൻ പറഞ്ഞു:—“നീ ചോദിക്കുന്നതു് എന്തും തരാം.” അയാൾ കൈനീട്ടി മാലതൊട്ടുംകൊണ്ടു പറഞ്ഞു. “ഇതാ! നിങ്ങളുടെ മാല! അതെങ്ങുംപോയിരുന്നില്ല. അതിപ്പോഴും നിങ്ങളുടെ കഴുത്തിൽ ചുററിക്കിടക്കുന്നു. എന്നാൽ നിങ്ങൾ അതു മറന്നുപോയിരുന്നു.” എന്തൊരു സൌഭാഗ്യകരമായ ആശ്ചര്യം! അതുപോലെ, നിങ്ങളുടെ ഈശ്വരത്വം നിങ്ങളുടെ പുറത്തല്ലാ; നിങ്ങൾ മുമ്പേതന്നെ ഈശ്വരൻ അത്രെ; നിങ്ങൾ അതുതന്നെയാണ്. നിങ്ങളുടെ യഥാൎത്ഥസത്ത ഈശ്വരത്വം—നിങ്ങൾ മറന്നുപോകുന്നതു അത്ഭുതകരമായ വിസ്മരണമാണ്. ഈ അജ്ഞാനം ദൂരീകരിക്കുക; ഈ അന്ധകാരം അടിച്ചുനീക്കുക; അതു ദൂരെയെറിയുക; നിങ്ങൾ മുമ്പേതന്നെ ദൈവമാണ്; പ്രകൃത്യാ നിങ്ങൾ മുക്തനാണ്; അടിമത്തത്തിലാണെന്നു മറവികൊണ്ടു നിങ്ങൾ വിചാരിക്കുന്നതാണ്.

ഒരു രാജാവു കിടന്നുറങ്ങുന്നു; താൻ ഒരു യാചകൻ ആണെന്നു സ്വപ്നം കാണുന്നു; താൻ ഭിക്ഷക്കാരനാണെന്നു സ്വപ്നംകാണുന്നു; എന്നാൽ അദ്ദേഹത്തിന്റെ വാസ്തവത്തിലുള്ള രാജത്വത്തിനു അതുകൊണ്ടു ഭംഗംവരുകയില്ല.

ഹേ! രാജാധിരാജൻ! ഈ ശരീരങ്ങളിലെല്ലാം നിറഞ്ഞിരിക്കുന്ന എന്റെ പ്രിയാത്മാവേ! പരിപൂൎണ്ണാധിനായകാ! അനുഗ്രഹസാരമേ! ഹേ! പ്രിയപ്പെട്ടവനേ! അജ്ഞാനസ്വപ്നത്തിൽ നിങ്ങളെ സ്വയം അടിമകളാക്കരുതേ! എഴുന്നേല്ക്കുവിൻ! നിങ്ങളുടെ പരമപ്രഭാവത്തിൽ ഭരിക്കുവിൻ! നിങ്ങൾ ഈശ്വരനാണ്; നിങ്ങൾ

വേറൊന്നും ആയിരിക്കാവതല്ല. ഉള്ളിൽനിന്നുദിക്കുന്ന സമ്പൂർണ്ണശക്തിയോടുകൂടി, സകല ശങ്കകളും ദൂരെക്കളഞ്ഞു്, ക്ഷീണതയും ദുർബലതയും അടിച്ചുനീക്കി, പരിപാവനമായ "ഞാനാണു്" എന്നതിലേയ്ക്കു്, അഥവാ, ആത്മാവിലേയ്ക്കു്, കുതിച്ചുചാടുവിൻ! നിങ്ങൾ സർവേശ്വരനാണു്. അദ്ദേഹവും ഞാനും ഒന്നാണു്. എന്തൊരു ദിവ്യാമൃതഭാവന! എന്തൊരു അനുഗൃഹീതത്വം! അതു സകല സങ്കടങ്ങളും നീക്കുന്നു; സകല ചുമടുകളും ഭാരങ്ങളും മാററി വെയ്ക്കുന്നു. നിങ്ങൾ നിങ്ങൾക്കു പുറമേപോയി അലഞ്ഞുനടക്കരുതു്. നിങ്ങളുടെ കേന്ദ്രസ്ഥാനത്തെ സംരക്ഷിക്കുക. * ആർക്കിമീഡീസ് പറഞ്ഞു:—"എനിക്കൊരു ഉറച്ച സ്ഥാനം കിട്ടിയിരുന്നുവെങ്കിൽ, ഞാൻ ലോകം—ഭൂമി—പ്രപഞ്ചം—മുഴുവനും ഇളക്കുമായിരുന്നു!" എന്നാൽ, പാവം! അദ്ദേഹത്തിനു് ആ സുസ്ഥിരമായ സ്ഥാനം കണ്ടുകിട്ടിയില്ല. ആ സുസ്ഥിരസ്ഥാനം നിങ്ങളുടെ അകത്താണു്, അതു നിങ്ങൾതന്നെയാണു്—നിങ്ങളുടെ ആത്മാവാണു് അതു പിടികൂടുക. ലോകം സമസ്തവും അപ്പോൾ നിങ്ങൾ തന്നെ ചലിപ്പിക്കുന്നു!

ഓം! ഓം!! ഓം!!!

---

## 8. ക്ലാസുചോദ്യോത്തരങ്ങൾ

(1902 ഡിസംബർ 25-ൽ ഹേർമെററിക് ബ്രദർഹുഡ്ഹോൾ)

### ഓങ്കാരജപം

ചോദ്യം:— ഓങ്കാരത്തിൻെറ താല്പര്യം ഗ്രഹിക്കാതെ അതു ജപിക്കുന്നതുമൂലം എന്തെങ്കിലും പ്രത്യേകഫലം ഉണ്ടാകുമോ?

ഉത്തരം:—ഹിമാലയൻ വനാന്തരങ്ങളിൽ പാക്കുണ സന്യാസിമാർ ഓങ്കാരം ജപിക്കയോ, എന്തെങ്കിലും പാടുകയോ, ഏതെങ്കിലും സാംഗീതയന്ത്രത്തിൽ ഗാനംചെയ്കയോ ചെയ്യാറുണ്ടു്. പലപ്പോഴും പാമ്പുകളും, മാനും, മററു കാട്ടുമൃഗങ്ങളും അവയുടെ സ്ഥാനംവിട്ടു സന്യാസിമാരുടെ സമീപത്തു വന്നുകൂടുന്നു. ഈ കാട്ടുമൃഗങ്ങൾ സംഗീതനിയമങ്ങൾ യാതൊന്നും അറിയുന്നില്ല; ഓങ്കാരജപത്തെക്കുറിച്ചൊന്നും അവയ്ക്കറിഞ്ഞുകൂടാ

---

* ഒരു സുപ്രസിദ്ധ ശയൻസുപണ്ഡിതൻ.

എന്നിട്ടും, അവിടെ ഫലം കാണുന്നു. പാമ്പുകളിലും, മാനു കളിലും അത്ര വിസ്മയകരമായ ഫലം ഈ വെറും ശബ്ദം ഉണ്ടാക്കുന്നുവെങ്കിൽ, തുടച്ചയായി ശരിയായ സമയത്തു് ഈ ശബ്ദംമാത്രം ജപിച്ചാൽ നിങ്ങളുടെ ജീവനിൽ ജീവിതത്തിൽ ഒരുഫലവും ഉണ്ടാക്കാൻ അതിനു കഴിവില്ലയോ?

സകല സംഗീതശകലങ്ങഠംക്കും മൂന്നു ഭാവങ്ങഠം, അഥവാ, മൂന്നുപാധികഠം ഉണ്ടു്; ഒന്നു്, ഗാനത്തിൻെറ അത്ഥം; രണ്ടു്, ഗാനനിയമങ്ങഠം; മൂന്നു്, അതിൻെറ ശബ്ദം അഥവാ ഭാഷ. നിങ്ങഠംക്കി മൂന്നു ഭാവങ്ങളും നല്ലവണ്ണം പരിചയമാണെങ്കിൽ, നിങ്ങഠം ഗാനം അത്ഭുതകരമാംവിധം ആസ്വദിക്കും. എന്നാൽ നിങ്ങഠംക്കിവയിൽ ഏതെങ്കിലും ഒരുഭാവം മാത്രമേ പരിചയമുള്ളുവെങ്കിൽ, എന്നാലും നിങ്ങഠംക്കു ഗാനം അത്രയ്ക്കു രസിക്കാൻ കഴിയും. പാമ്പുകളും, മാനുകളും സംഗീതനിയമങ്ങളോ അതിൻെറ അത്ഥമോ അറിയുന്നില്ലെങ്കിലും, അവയ്ക്കു സംഗീതശബ്ദം കേഠംക്കാനും ആസ്വദിക്കാനും കഴിവുള്ളതിനാൽ അവയും അതു ആസ്വദിച്ചു രസിക്കുന്നു. കലാകാരൻ കാണുന്ന സംഗീതനിയമങ്ങളെ ചിലർ വിലമതിച്ചാസ്വദിക്കുന്നു; അവക്കു അത്ഥം സാരമല്ല, മററു പലരും അത്ഥംമാത്രം ഗ്രഹിച്ചു രസിക്കുന്നു, നിയമങ്ങഠം അറിയുന്നില്ല. അതുപോലെ, ഓങ്കാരമന്ത്രത്തിനും മൂന്നുവശങ്ങഠം ഉണ്ടു്. ആദ്യത്തേതു് വെറുംശബ്ദം — വാകൊണ്ടുച്ചരിക്കുന്ന വെറും മന്ത്രശബ്ദം. രണ്ടാമത്തേതു അതിൻെറ വാഗത്ഥം-ഭാവനകൊണ്ടു അനുഭവപ്പെട്ടുത്തേണ്ടതാണു് അതു്. മൂന്നാമതു്, ആ ഓങ്കാരത്തെ നിങ്ങളുടെ ചാരിത്രത്തിൽ പ്രയോഗിക്കുകയാണു്; നിങ്ങളുടെ പ്രവൃത്തികളിലും ജീവിതത്തിലുംആയി അതു പ്രയോഗിക്കുന്നതു് — പാടുന്നതു്. ഈ എല്ലാവഴിക്കും ഓങ്കാരംപാടുന്ന ഒരുമനുഷ്യൻ ചുണ്ടുകൊണ്ടു് അതു ജപിക്കുന്നു, ഹൃദയംകൊണ്ടതു് ധ്യാനിക്കുന്നു, പ്രവൃത്തിമുഖേന അതു ഗാനംചെയ്യുന്നു, തൻെറ ജീവിതം അശേഷം അതിനെ ഒരു അനുസ്യൂതഗാനമാക്കുന്നു. എല്ലാവക്കും അവൻ ഈശ്വരനാണു് എന്നാൽ, ഹൃദയംമുഖേന അതു ജപിക്കയോ അതായതു് ധ്യാനിക്കയോ, പ്രവൃത്തികളിൽ അതു പ്രയോഗിക്കയോ രണ്ടും നിങ്ങഠംക്കു സാധിക്കാത്തപക്ഷംവും, അതിനെ ഉപേക്ഷിക്കരുതു്. ചുണ്ടുകൊണ്ടു ചുമ്മാ ജപിക്കുക — ഇതുപോലും നിഷ്പ്രയോജനമല്ലാ. നിങ്ങഠംക്കതു ഭാവനമുഖേന പാടുകമാത്രമേ പാടുള്ളൂ പ്രവൃത്തികളിലോ സംഗീതോപകരണങ്ങളിലോക്കൂടി പ്രയോഗിക്കാൻ പാടില്ലാ. എന്നാലും നിങ്ങഠംക്കു കുറെ ഫലമുണ്ടാകും. വികാരേണയോ, വാകൊണ്ടോ പാടാൻ പാടില്ലെങ്കിലും, പ്രവൃത്തിയിൽക്കൂടെ അതു

പാടാമെങ്കിൽ അതും ശ്രേഷ്ഠവും വിശേഷവുംതന്നെയാണു്. എന്നാൽ ചുണ്ടുകൊണ്ടു് അതു മൂളിക്കൊണ്ടിരുന്നാൽ ക്രമേണ വികാരങ്ങളിലും പ്രവൃത്തികളിലുംകൂടിയുള്ള ജപം പ്രകൃത്യാ പുറമേ വന്നുകൊള്ളും.

പേരുപറയുമ്പൊഴേയ്ക്കും വായിൽ വെള്ളംവരുന്ന മധുരനാരങ്ങാ, ചെറുനാരങ്ങാ മുതലായി ചില സാധനങ്ങളുണ്ടു്. പേരുകേൾക്കുന്നതുമാത്രംകൊണ്ടു ഫലമുണ്ടാകുന്നു. അതുകൾ തിന്നാൽ തീർച്ചയായും പരിപൂർണ്ണഫലപ്രാപ്തിയുണ്ടാകും. അതുപോലെതന്നെ ഓങ്കാരത്തിൻെറ വെറും ഉച്ചാരണമോ, ജപമോ ഏതാണ്ടൊരു ഗുണം പ്രദാനംചെയ്യും; സമ്പൂർണ്ണമായിട്ടതു പ്രയോഗിക്കാമെങ്കിൽ ഫലവും സമ്പൂർണ്ണമായിരിക്കും. ആദ്യഘട്ടങ്ങളിൽ നിങ്ങൾക്കു ഫലം അനുഭവപ്പെട്ടില്ലെന്നുവരാം, എന്നാൽ ക്രമേണ അതു ഫലപ്പെടുകതന്നെചെയ്യും, ഉറപ്പിച്ചുകൊൾക.

ജലസമ്മർദ്ദശാസ്ത്രം പറയുന്നതു ഓക്കുക. അടിയിൽ അടപ്പുള്ള ഒരു പാത്രത്തിൽ നാം വെള്ളംഒഴിക്കുമ്പോൾ വെള്ളം കൂടുന്ന കണക്കിനു അടിയിലെ സമ്മർദ്ദവും കൂടിക്കൂടിവരുന്നു. ആ ശാസ്ത്രത്തിൻെറ നിയമങ്ങൾ അനുസരിച്ചു് എത്ര വെള്ളംഒഴിച്ചാൽ കീഴിലുള്ള അടപ്പു തള്ളിക്കളഞ്ഞുംവെച്ചു വെള്ളം കീഴോട്ടു ഒഴുകുമെന്നു നമുക്കു കൃത്യമായി കണക്കെടുക്കാം. അതുപോലെ, നിങ്ങളുടെ ശരീരമാകുന്ന പാത്രത്തിൽ ഓങ്കാരം കോരിയൊഴിച്ചാൽ സമ്മർദ്ദം കൂടുന്നതുപോലെ ഫലവും കൂടിക്കൂടിവരും. പൊതുജനങ്ങൾ ഫലം കാണുന്നതു ഒന്നു്; ഫലം ഉണ്ടാകുന്നതു വേറൊന്നു്—ഇങ്ങിനെയാണു്. എന്നാലും കാലക്രമേണ അടപ്പു തള്ളിക്കളഞ്ഞു് അതു നിങ്ങളിൽനിന്നു സ്വയം പ്രവഹിക്കുന്ന ഒരു കാലംവരും. കുറേക്കാലത്തേയ്ക്കു ഫലം പ്രത്യക്ഷമായി കാണാതിരിക്കാം. എങ്കിലും അതവിടെ ഉണ്ടാകുന്നുണ്ടു്; അതു് ഇതുപോലെയാണു്. നവവിവാഹിതയായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. സാധുത്വത്തിൻെറ മൂർത്തികരണം! പ്രസവത്തിനെപ്പററി അവൾക്കൊരു ബോധവും ഉണ്ടായിരുന്നില്ല. ഗർഭോല്പാദനത്തിനുശേഷം ആദ്യത്തെ മാസത്തിൽ അവൾക്കൊരു അസ്വാസ്ഥ്യമുണ്ടായിരുന്നു. മേലാൽ മാററമൊന്നും വരുകയില്ലെന്നു അവൾ വിചാരിച്ചു. ഇൻഡ്യായിൽ വധു അമ്മായിഅമ്മയുടെ വീട്ടിലാണു താമസിക്കാറുള്ളതു്. മരുമകളുടെയും കുഞ്ഞുങ്ങളുടെയും കാര്യം അന്വേഷിക്കുന്നതു അമ്മായിയാണു്. യുവവധു ഒരുദിവസം അമ്മായിയോടു വിശേഷമായി ചോദിക്കയാണു്:—“അമ്മേ! ഞാൻ പ്രസവിക്കുമ്പോൾ എന്നെ ദയവായി ഉണത്തുമോ? ഞാൻ അറിയാതെ കുഞ്ഞു ജനിക്കാനിടവരരു

തല്ലൊ." അമ്മപറഞ്ഞു: "പ്രിയപ്പെട്ട മകളേ! സമയംവരുമ്പോൾ നിന്നെ ഉണൎത്തേണ്ടിവരുകയില്ല; വിളിയും കരച്ചിലുംകൊണ്ടു നി അയൽക്കാരെപ്പോലും അപ്പോൾ ഉണൎത്തുന്ന നിലയിൽ ആകും" ഗൎഭകാലത്തു് ആശ്ചൎയ്യകരമായ ഒരു മാററം വന്നുകൊണ്ടിരിക്കുന്നു. ഗൎഭിണി അറിഞ്ഞില്ലെങ്കിലും ഫലം വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. യഥാവസരം ഫലം പ്രത്യക്ഷപ്പെട്ടുകയും ചെയ്തുകൊള്ളുന്നു അതുപോലെ 'ഇ" മന്ത്രം തുടച്ചെയായി ഭക്ഷിക്കുക; തന്നെത്താൻ പോഷിപ്പിക്കുക. ഈ പോഷണകരമായ ക്ഷീരം നിറച്ചു പാനംചെയ്യുക. യഥാസമയം ഫലം ഉദിച്ചുകൊള്ളും, നിങ്ങൾ അക്ഷമരായിരിക്കരുതു്.'

രാമൻ ഒരു കുഞ്ഞായിരുന്നപ്പോൾ മററു കുഞ്ഞുങ്ങളുംചേൎന്നു വല്ല ധാന്യങ്ങളുടെയും വിത്തുകൾ എടുത്തു ഭൂമിയിൽ കുഴിച്ചിട്ടു വെള്ളവുംഒഴിച്ചു മൂടിവെക്കുമായിരുന്നു. ഞങ്ങൾ ഭക്ഷണംപോലും മറന്നു വലിയ ആത്മാൎത്ഥതയോടെ ഇതിൽ ഉത്സാഹിച്ചിരുന്നു. വിത്തു എന്താണുണ്ടാകുന്നതു് എന്നുകാണ്മാൻ ഞങ്ങൾ വളരെ അക്ഷമരായിരുന്നു. ധാന്യങ്ങൾ കുറെ മിന്നിട്ടു മുമ്പേഇട്ടതുകൊണ്ടു എന്തുഫലമുണ്ടായി എന്നു ഞങ്ങൾ പരിഭ്രമിച്ചിരുന്നു. ഒരു മിന്നിട്ടു നേരം അവിടെനിന്നു മാറാൻ ഞങ്ങൾക്കു തോന്നിയില്ല. എന്തെന്നാൽ ഞങ്ങൾ ഇല്ലാത്തപ്പോൾ ഞങ്ങൾ അറിയാതെ വിത്തു മുളച്ചുപോയെങ്കിലോ എന്നു ഞങ്ങൾ ഭയപ്പെട്ടു ഞങ്ങളുടെ ഉൽക്കണ്ഠകൊണ്ടു ഒരുമണിക്കൂറിനുശേഷം ഞാൻ കുഴി പരിശോധിക്കുമായിരുന്നു ഞങ്ങൾക്കൊന്നും കാണ്മാൻ കഴിഞ്ഞില്ല. ഞങ്ങൾക്കിച്ഛാഭംഗംവന്നു. വല്ലതും സംഭവിച്ചിട്ടുണ്ടോ എന്നു അറിവാൻ ഞങ്ങൾ മണ്ണു മാന്തിനോക്കി; എന്നിട്ടും ഒന്നും കണ്ടില്ല. കുറേക്കൂടി മണ്ണുമാന്തി മാററിനോക്കി; എന്നിട്ടും മുളകൾ ഒന്നും വന്നില്ല എന്നു കണ്ടു. പിന്നെയും മണ്ണുമാററിനോക്കി. അതാ! യാതൊരു മാററവുംകൂടാതെ വിത്തുകിടക്കുന്നു! കാൽമണിക്കൂറിൽ കായുണ്ടാകുമെന്നു കരുതി അക്ഷമരായിരുന്ന ആ കുട്ടികളെപ്പോലെയാകരുതു്. നിങ്ങൾക്കു വിത്തുവിതയ്ക്കാം. എന്നാൽ അത്ര ക്ഷണത്തിൽ കൊയ്യാൻ പററുകില്ല. അതിനു കുറേക്കാലമെങ്കിലും വേണം. എന്നാൽ ഏററവും അവിതൎക്കിതമായിട്ടു ഫലമുണ്ടാകുകതന്നെചെയ്യും.

### മാനസികചികിത്സകന്മാർ.

ചോദ്യം:—മാനസികചികിത്സകന്മാർ അവക്തന്നെ രോഗകാരണങ്ങൾ പ്രതിഷ്ഠിക്കയും, അടുത്ത ജന്മം അവക്തന്നെ ഭയങ്കര രോഗങ്ങൾ ഉണ്ടാകയും ചെയ്യുന്നു എന്നു് ഞങ്ങളോടു പറയപ്പെടുന്നു. അതുശരിയാണോ?

ഉത്തരം.—അല്ല. ഭാവിജന്മത്തിൽ ഭയങ്കരദീനങ്ങൾ ഉണ്ടാകത്തക്കവിധത്തിൽ തീർച്ചയായും മാനസികവൈദ്യന്മാർ യാതൊന്നും ചെയ്യുന്നില്ല. കഠിനരോഗങ്ങൾ ഉണ്ടാക്കത്തക്കതായി മാനസികചികിത്സയിൽ സ്വയമേ യാതൊന്നും ഇല്ല. പലവിധം ലൌകികപ്രവൃത്തികൾ ചെയ്യുന്ന ജനങ്ങൾ ഇല്ലയോ? ആ ജോലികളിൽനിന്നു ഭയങ്കരരോഗങ്ങൾ ഉണ്ടാകുന്നുണ്ടോ? ഇല്ല മാനസികചികിത്സകന്മാർ സാധാരണജനങ്ങളെപ്പോലെ രോഗചികിത്സ ചെയ്യുന്നതേ ഉള്ളു. സാധാരണ ഡോക്ടർമാരുടെ പ്രവൃത്തികൊണ്ടു് അവൎക്കു ഭാവിജന്മത്തിൽ ആപൽകരമായ ഫലങ്ങൾ ഉണ്ടാകുമെങ്കിൽ, മാനസികവൈദ്യന്മാൎക്കും ഉണ്ടാകും. ഡോക്ടർമാർ അത്തരം കൎമ്മം വരുത്തിവെക്കുന്നില്ലഎങ്കിൽ മാനസികഡോക്ടർമാരും അങ്ങിനെ ചെയ്യുന്നില്ല. എന്തുകൊണ്ടാണു് മാനസികചികിത്സചെയ്യാത്തതെന്നു രാമനോടു ചോദിക്കപ്പെട്ടു. രാമന്റെ ദൃഷ്ടിയിൽ ശാരീരികജീവിതം അത്ര ഗൌരവശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാനകാൎയ്യമല്ലെന്നാണു് രാമൻ മറുപടിപറഞ്ഞതു്. ക്രിസ്തു തന്റെ ചികിത്സാശക്തികളെ ഒരു തൊഴിലായി ചെയ്തിരുന്നില്ല. അദ്ദേഹം ആരെയെങ്കിലും ചികിത്സ ചെയ്തു ഭേദപ്പെടുത്തുകയോ, അഥവാ ആൎക്കെങ്കിലും അദ്ദേഹത്തിൽക്കൂടി രോഗശമനം ലഭിക്കയോ ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞതു് "നിന്റെ വിശ്വാസമാണു് രോഗം ഭേദപ്പെടുത്തിയതു്, ഞാനല്ലാ" എന്നാണു്. അദ്ദേഹം പറഞ്ഞതു് അങ്ങിനെയാണു്. രാമൻ അത്തരം പണി തുടങ്ങിയാൽ ഫലം എന്തായിരിക്കും? എല്ലാവരും ലോകകാൎയ്യങ്ങൾക്കു രാമന്റെ അടുത്തുവരും. ഒരാൾ വന്നുതന്റെ മകനെ ചികിത്സിക്കണം, അതുചെയ്യണം, ഇതുചെയ്യണം എന്നും, മറ്റുചിലർ വന്നു അവൎക്കു സമുദായമദ്ധ്യത്തിൽ ഔന്നത്യമുണ്ടാക്കിക്കൊടുക്കണമെന്നുംമറ്റും പറയും. ഇതെല്ലാം ഒരു കച്ചവടമനോഗതിയും, വാണിജ്യചൈതന്യവും ഉണ്ടാക്കും. ഒരു തൊഴിൽ എന്ന രീതിയിൽ മാനസികചികിത്സ ചെയ്താൽ യഥാൎത്ഥസ്വാതന്ത്ര്യം—മുക്തി—സാക്ഷാൽകരിക്കുന്നതിനു് അതു തടസ്സമായിവരും.

## ആത്മപ്രകാശം.

ചോദ്യം:—ഭൌതികശരീരത്തിൽ ഇരിക്കുമ്പോൾ ആത്മാവിനു് സ്വയമേ പൂൎണ്ണമായി പ്രകാശിക്കാൻ കഴിയുമോ?

ഉത്തരം:—ഇവിടെ "ആത്മാവു്" എന്ന വാക്കിനെപ്പറ്റി കുറച്ചു വിവരിക്കാൻ ഉണ്ടു്. നമുക്കിവിടെ ഒരുപാത്രം ജലമുണ്ടെ

ന്നിരിക്കട്ടെ. ആ ജലത്തിൽ സൂര്യൻ പ്രതിബിംബിക്കുന്നു. ഇനി ആ പാത്രത്തിൽനിന്നു വെള്ളം വേറൊന്നിലേയ്ക്കു ഒഴിക്കുക. അപ്പോൾ ആ പാത്രത്തിലെ ജലത്തിൽ സൂര്യപ്രതിബിംബം കാണാം, ആദ്യപാത്രത്തിലേപ്പോലെതന്നെ. ഇനി വെള്ളം മൂന്നാമത് ഒരു പാത്രത്തിൽ ആക്കുക. അതിലും പഴയതുപോലെ സൂര്യന്റെ പ്രതിച്ഛായ ഉണ്ടാകുന്നു. അതുപോലെ, നിങ്ങളുടെ ബാഹ്യശരീരം—നിങ്ങളുടെ സ്ഥൂലശരീരം—ഒരു മൺപാത്രത്തോട് ഉപമിക്കപ്പെടാം. പാത്രത്തിലെ ജലത്തോട്, നിങ്ങളുടെ മോഹങ്ങളും, വികാരങ്ങളും, മനസ്സും എല്ലാം ഉൾപ്പെട്ട സൂക്ഷ്മശരീരം വക്തവ്യമായി സാമ്യപ്പെടുത്താം. മരണാനന്തരം സൂക്ഷ്മശരീരം ഒരു സ്ഥൂലശരീരത്തിൽനിന്നു് വേറൊന്നിലേയ്ക്കുമാറുന്നു. ചിലരുടെ അഭിപ്രായത്തിൽ പുനർജ്ജന്മമെടുക്കുന്ന ഈ സൂക്ഷ്മശരീരമാണ് ആത്മാവ് എന്നാൽ വേദാന്തപ്രകാരം അങ്ങിനെയല്ല. വേദാന്തമനുസരിച്ച്, യഥാർത്ഥാത്മാവ് അഥവാ തൈജസാത്മാവ് സൂര്യനെപ്പോലെ ആദ്യത്തെ പാത്രത്തിലൊ രണ്ടാമത്തെ പാത്രത്തിലൊ, ഇരുന്ന സൂക്ഷ്മശരീരത്തിൽ പ്രതിബിംബിച്ചതാണ്. യഥാർത്ഥാത്മാവ്—സത്യമായസത്ത—സദാ എല്ലാപരിതഃസ്ഥിതികളിലും സമ്പൂർണ്ണമായി സ്വയംപ്രകാശിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. യഥാർത്ഥമഹദാത്മാവ് മാററത്തിനോ വളർച്ചയ്ക്കോ വിധേയനല്ല. അതു് സദാ പൂർണ്ണനത്രെ. "ആത്മാവ്" എന്ന പദംകൊണ്ടു് നിങ്ങൾ സൂക്ഷ്മശരീരത്തെ അർത്ഥമാക്കുന്നുവെങ്കിൽ, അതു് സാധാരണ വളരെ ജന്മങ്ങൾ വഹിച്ച്, പല ജീവിതങ്ങളും പുനർജ്ജനനമരണങ്ങളും കഴിച്ചു തീർന്നതിനുശേഷമേ, മേലാൽ ജനനമില്ലെന്നുള്ള അന്തിമാവസ്ഥയിൽ എത്തിച്ചേരുന്നുള്ളു. എന്നാൽ ഈ ജീവിതത്തിൽത്തന്നെ, നിങ്ങളുടെ മുക്തിക്കുവേണ്ടി നിങ്ങൾക്ക് യഥാർത്ഥവും ആത്മാർത്ഥവുമായ ശ്രദ്ധയും ഉത്സാഹവും ഉണ്ടെങ്കിൽ, സമ്പൂർണ്ണമോക്ഷം നിങ്ങൾക്ക് പ്രാപിക്കാവുന്നതും, പിന്നീട് ജന്മാന്തരപ്രാപ്തികൂടാതെ കഴിക്കാവുന്നതും ആണ്.

മരണം എന്നാൽ എന്തു്? ശരീരമാകുന്ന സ്ഥൂലമായ പാത്രം ഉടയുന്നതാണ് മരണം. മരണം വരുമ്പോൾ ഒരു സ്ഥൂലശരീരമാകുന്ന പാത്രത്തിൽനിന്നു ജലം വേറൊന്നിലേയ്ക്ക് പകരുന്നതുപോലെയാണ് സംഭവിക്കുന്നതു്. സൂക്ഷ്മശരീരം പുനർജ്ജന്മമെടുത്തു വേറൊരു സ്ഥൂലദേഹത്തിൽ പ്രവേശിക്കുന്നു. ഈ രണ്ടാമത്തെ ദേഹത്തിൽ യഥാർത്ഥസത്തയായ ഈശ്വരൻ അപ്പോൾ

പ്രതിഭാസിക്കുന്നു ആദ്യശരീരത്തിലെപ്പോലെതന്നെ. ഈ ശരീരം എഴുപതോ എൺപതോ കൊല്ലം കഴിഞ്ഞാൽ അതും തകരുന്നു. സൂക്ഷ്മശരീരം വേറൊരുദേഹത്തിൽ പ്രവേശിക്കുന്നു. ഇതാണു് ജന്മാന്തരപ്രാപ്തി. സത്യാത്മാവു് സൂൎയ്യനെപ്പോലെ, സൂക്ഷ്മശരീരത്തിലും സകല സ്ഥൂലശരീരങ്ങളിലും ഒരുപോലെ പ്രതിബിംബിക്കുന്നു. യഥാൎത്ഥാത്മാ ഇങ്ങനെ ജന്മാന്തരപ്രാപ്തിയ്ക്കതീതനാണു്. ജന്മാന്തരപ്രാപ്തി സൂക്ഷ്മശരീരത്തിനേ ഉള്ളു. യഥാൎത്ഥസത്തയായ സൂൎയ്യനു് അതില്ല. ഇവിടെ ഇക്കാൎയ്യം കുറേക്കൂടെ വിശദതരമാക്കേണ്ടതുണ്ടു്.

സൂൎയ്യൻ സദാ സമ്പൂൎണ്ണമായി പ്രകാശിക്കുന്നുവെന്നു നിങ്ങൾക്കറിയാം. എന്നാൽ സൂൎയ്യപ്രതിബിംബം എല്ലായ്പോഴും പൂൎണ്ണമോ സ്ഥിരമോ അല്ല. ജലം കട്ടിയായയിട്ടിരിക്കയാണെങ്കിൽ, ആ മഞ്ഞുകട്ടിയിൽ സൂൎയ്യപ്രകാശം വീഴുമെങ്കിലും സൂൎയ്യപ്രതിബിംബം കാണുകയില്ല. ജലം വാതകരൂപത്തിൽ ആവിയായിത്തീരുമ്പോഴും സൂൎയ്യൻ പ്രതിബിംബിക്കപ്പെടുന്നില്ല. ഇങ്ങനെ വെള്ളത്തിൻെറ മൂന്നവസ്ഥകളിൽ, അതായതു്, ഘനം, ദ്രാവകം, വാതകം ഈ മൂന്നവസ്ഥകളിൽ, അതിൻെറ ദ്രാവകാവസ്ഥയിൽമാത്രം സൂൎയ്യൻ പ്രതിബിംബിക്കുന്നു. ജലത്തിൻെറ അവസ്ഥാഭേദംമൂലം സൂൎയ്യബിംബം പ്രതിഫലിക്കാതെ വരുന്നു. ഈ പാത്രങ്ങൾ—ശരീരങ്ങൾ—സസ്യരൂപത്തിലും, മൃഗരൂപത്തിലും, മനുഷ്യരൂപത്തിലുമാണു് ഇരിക്കുന്നതു്. സൂക്ഷ്മശരീരം ഘനവസ്തുപോലെ ഘനരൂപത്തിൽ ഇരിക്കുന്ന കുറെ കാലമുണ്ടു്. ആ നിലയിൽ സൂൎയ്യൻ അതിൽ പ്രതിബിംബിക്കയില്ല. എങ്കിലും അതവിടെയും പ്രകാശിക്കുന്നുണ്ടു്. സസ്യങ്ങളും ക്ഷുദ്രജന്തുക്കളും പരിണാമഗതിയിൽ അഭിവൃദ്ധിപ്പെട്ടു പുരോഗമിക്കുന്നു. "ഞാനിതുചെയ്യുന്നു" എന്നും മററുമുള്ള ചിന്ത പക്ഷേ അവയ്ക്കപ്പോഴില്ല. "പ്രവൎത്തകനാ"ണെന്ന ചിന്ത അവയ്ക്കശേഷമില്ല. അതായതു്, സത്യസത്തയുടെ പ്രതിബിംബലേശം അവിടെയില്ല. അവയുടെ പുരോഗതിയും പരിണാമവും എല്ലാം, പ്രകൃതിയുടെ പ്രവൎത്തനപരിധിയിൽ ആസകലമെന്നപോലെ, സൂൎയ്യനിൽനിന്നുണ്ടാകുന്നു. എന്നാൽ അവയിൽ സൂൎയ്യൻ പ്രതിബിംബിക്കുന്നില്ല. ഹിമാലയത്തിലെ ഹിമസംഹതികളെ ഒന്നിച്ചുചേൎക്കയും, അലിയിക്കുകയും സൂൎയ്യൻ ചെയ്യുന്നുവെങ്കിലും, സൂൎയ്യൻ അതുകളിൽ പ്രതിബിംബിക്കാതെയിരിക്കുന്നതുപോലെതന്നെ. സസ്യങ്ങളിലും, താഴ്ന്ന മൃഗങ്ങളിലും ഉള്ള പുരോഗമനം യഥാൎത്ഥാത്മാതന്നെ വരുത്തുന്നുവെങ്കിലും, അവിടെ അതിൻെറ പ്രതിബിംബമായ 'പ്രവൎത്തകചിന്ത' ഉത്ഭവിക്കുന്നില്ല. പ്രോമീത്യൂസിനെപ്പോലെ, സ്വൎഗ്ഗത്തെ അഗ്നിസഹായത്തമാക്കാ

നുള്ള മോഷണം അവിടെയില്ല. സ്വന്തസമ്പാദ്യം വർദ്ധിപ്പിക്കാനുള്ള വ്യക്തിപരചിന്തയില്ല. "ഞാനതുചെയ്യുന്നു, ഞാനിതുചെയ്യുന്നു" എന്ന ബോധമില്ല.

ഈ താഴ്ന്ന പാത്രങ്ങളിലൊക്കെക്കൂടി കടന്നുംവെച്ചു സൂക്ഷ്മദേഹം കാലക്രമത്തിൽ ജലപൂർണ്ണമായ മനുഷ്യശരീരത്തിൽ പ്രവേശിച്ചുപററുന്നു. അപ്പോഴാണു് സൂര്യനായ പരമാത്മാവിൻെറ പ്രതിബിംബമുണ്ടാകുന്നതും, യഥാർത്ഥപ്രവർത്തകനായ സൂര്യൻെറ പ്രതിബിംബം അഹങ്കാരരൂപത്തിൽ പ്രതിഫലിക്കുന്നതും. മനുഷ്യനിൽ ഇങ്ങനെ ആത്മാവിൻെറ പ്രതിബിംബം—കൈതവാത്മാവ്—പ്രത്യക്ഷപ്പെടുന്നു. അതായതു് ആത്മാവിൻെറ വെറും പ്രതിബിംബം ഉണ്ടാകുന്നു. ഈ അഹങ്കാരം വ്യാജവും അയഥാർത്ഥവും ആണു്. വാസ്തവപ്രവർത്തകനായ ഈശ്വരനാണു് പ്രവർത്തിക്കുന്നതു്. ചുമതലക്കാരനായ ഈശൻ അദ്ദേഹമാണു്. പരിഷ്കൃതമായി വന്ന സൂക്ഷ്മശരീരം അജ്ഞാനംമൂലം ഈ ചുമതല സ്വയം കയ്യേററു ആശ്ലേഷിക്കുന്നു. ഇതാണു് വ്യാജമായ, വ്യാമോഹപരമായ ചെറുവ്യക്തിസത്ത. ജലത്തിലെ പ്രതിബിംബത്തെപ്പോലെ, ഇതു അയഥാർത്ഥമാണു്, മായാജാതമാണു്. കണ്ണാടിയിലും, ജലത്തിലും ഉണ്ടാകുന്ന പ്രതിബിംബം മായാപരമാണെന്നു ഗണിതശാസ്ത്രരീത്യാ പ്രകാശശാസ്ത്രജ്ഞന്മാർ തെളിയിക്കുന്നു. അതുപോലെ, ചുമതലക്കാരനെന്നു ഗണിക്കുന്ന സ്വാർത്ഥപരനായ വ്യക്തിയും വെറും വ്യാമോഹജീവിയാണു്. സൂക്ഷ്മശരീരമാകുന്ന ദ്രാവകരൂപത്തിനു് പരിണാമമുണ്ടാകുന്നതെല്ലാം സൂര്യനാകുന്ന ആത്മാവിൽക്കൂടിയാണു്. സൂക്ഷ്മദേഹം ആത്മാവ് അഥവാ ഈശ്വരൻ ആകുന്ന സൂര്യനിൽനിന്നു ചൂടും വെളിച്ചവും അധികമധികം ഉൾക്കൊണ്ടു് സ്ഥൂലതയിൽനിന്നു സംസ്കരിക്കപ്പെട്ടു കൂടുതൽ സൂക്ഷ്മതരമായ നിലകളിൽ ചെന്നെത്തുന്നു. സാധാരണ മനുഷ്യൻ അധികമധികം ജ്ഞാനമോ, പ്രകാശമോ ഈശ്വരനിൽനിന്നു സംഭരിച്ചു സംസ്കരിക്കപ്പെടുമ്പോൾ, സൂക്ഷ്മശരീരം വാതകരൂപത്തിൽ ആകുകയും അപ്പോൾ അതു സൂക്ഷ്മശരീരത്തിൽ ഇരുന്നാലും, അതിൽ ഈശ്വരപ്രതിബിംബമില്ലാതെ അതു ഈശ്വരനുമായി ലയിക്കുകയും ചെയ്യുന്നു. വ്യാജവ്യക്തിസത്ത—പ്രതിബിംബം—സൂര്യനുമായി സാത്മ്യം അടയുന്നു. ഇവിടെയും സസ്യമൃഗങ്ങളിലെ സ്ഥിതിപോലെ, ഉത്തരവാദബോധം അസ്തമിക്കുന്നു. "ഞാൻ ഇതു ചെയ്യുന്നു, എന്നോടു കൃതജ്ഞതവേണം" എന്നും മററുമുള്ള ചിന്ത ഇല്ലാതെ ആകുന്നു. ഇവിടെ യഥാർത്ഥാത്മാവിൻെറ പ്രതിബിംബം കാണപ്പെടുന്നില്ല. സ്വായത്തമാക്കുന്ന

വാണിജ്യചൈതന്യം മാറിപ്പോയിരിക്കുന്നു. സ്വാർത്ഥപരമായ അഹങ്കാരം നശിച്ചിരിക്കുന്നു.

സാധാരണ വാതകങ്ങളെ ഒരു പാത്രത്തിൽനിന്നു വേറൊന്നിലേയ്ക്കു പകരാൻ പ്രയാസമുണ്ട്. ഘനവസ്തുക്കളും ദ്രാവകവസ്തുക്കളും ക്ഷണം പാത്രംമാറാം. വാതകമിരിക്കുന്ന പാത്രം പൊട്ടുമ്പോൾ അതു ക്ഷണംകൊണ്ടു അന്തരീക്ഷവായുവിൽക്കൂടിചേൎന്നു ലയിക്കുന്നു. ഇങ്ങിനെ പുനൎജ്ജന്മമുണ്ടാകാത്തവിധം ഉള്ള സംസ്കൃതാവസ്ഥയിൽ എത്താനാണു് ഹിന്ദുക്കളുടെയെല്ലാം മോഹം. പുനൎജ്ജന്മംകൂടാതെ സ്വതന്ത്രനായി ഭവിക്കണം തൻെറ കുഞ്ഞു് എന്നുള്ളതാണു് ഒരു ഹിന്ദുമാതാവിൻെറ അത്യുന്നതമോഹം.

### സൂക്ഷ്മശരീരം

ചോദ്യം:—ഒരു മുക്തപുരുഷൻെറ ആത്മാവ് മരണശേഷം ഒരു സൂക്ഷ്മശരീരമായി ജീവിക്കുമോ, അതോ ലയിക്കപ്പെടുമോ?

ഉത്തരം:—ഒരു വാതകം ഒരു പാത്രത്തിൽനിന്നു പുറത്തുവിട്ടാൽ അതു ലോകം മുഴുവനും—അന്തരീക്ഷം അശേഷം—നിറയുന്നു. അതുപോലെ മുക്തപുരുഷൻെറ സൂക്ഷ്മശരീരം പ്രപഞ്ചത്തിൻെറ ശരീരമായിത്തീരുന്നു.

ചോദ്യം:- സൂക്ഷ്മശരീരം എന്തുകൊണ്ടാണു് നിൎമ്മിക്കപ്പെട്ടിരിക്കുന്നതു്?

ഉത്തരം:—സൂക്ഷ്മശരീരം വികാരങ്ങൾ, കാമങ്ങൾ, സങ്കല്പങ്ങൾ, ചിന്തകൾ, ക്ഷോഭങ്ങൾ ഇവകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു. ഒരു മുക്തപുരുഷൻെറ ആഗ്രഹങ്ങൾ വ്യക്തിപരങ്ങളല്ല. അവയ്ക്കു സ്വാർത്ഥപരത്വത്തിൻെറ ലാഞ്ഛനപോലുമില്ല. അസ്വാർത്ഥപരമായി, അവ്യക്തിപരമായി, സാൎവ്വജനീനമായി ഇരിക്കുന്ന ആഗ്രഹങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ട സൂക്ഷ്മശരീരം ഒരുവക വാതകാവസ്ഥയിലാണു്. ഈ വാതകം വഹിക്കുന്ന സ്ഥൂലപാത്രം തകരുമ്പോൾ, വാതകം ഒരു സംഘടിതരൂപത്തിൽ ഇരിക്കാതെ പ്രപഞ്ചമാസകലം വ്യാപിക്കുന്നു.

പേർഷ്യായിലെ രാജാവു സൈറസ് (മൂത്തയാൾ) താൻ ലോകത്തിൽ ജീവിച്ചകാലം അത്രയും ജനങ്ങളുടെ നന്മയ്ക്കും ശുശ്രൂഷയ്ക്കുമായി മാത്രം സമയം ചെലവാക്കി എന്നു പറയപ്പെട്ടിരിക്കുന്നു. മരിക്കാറായപ്പോൾ അദ്ദേഹം തൻെറ വിൽപത്രത്തിൽ ഇങ്ങനെ എഴുതിവെച്ചിരുന്നു:—"എൻെറ ശരീരം ഒരു ഹൃദയാവൎജ്ജകമായ ശവകുടീരത്തിൽ വെക്കരുതു്. അതിനെ കഷണം

കഷണമായി ഖണ്ഡിച്ച് പേഷ്യൻരാജ്യം ആസകലം വിതരണം ചെയ്തു വളമായിട്ടുപയോഗിക്കപ്പെടണം." ഒരു മുക്തപുരുഷൻെറ സൂക്ഷ്മശരീരത്തിനു സംഭവിക്കുന്ന അവസ്ഥ ഇതുപോലെയാണ്. അവൻെറ സൂക്ഷ്മദേഹം പ്രപഞ്ചമാസകലം പ്രസരിച്ചു വ്യാപിക്കുന്നു. എല്ലാവക്കും അതിൻെറ പങ്കു കിട്ടുന്നു; എല്ലാവരും അവൻെറ രക്തവും മാംസവും ആസ്വദിക്കുന്നു. അവൻെറ സൂക്ഷ്മശരീരം ലോകം കഷണിച്ചു ഭക്ഷിക്കുന്നു. ഇവിടെ അഹംഭാവന കാററിൽ പറക്കുന്നു. ആ മനുഷ്യൻ വാതുറന്നാലും ഇല്ലെങ്കിലും അയാൾ ഗ്രന്ഥകാരനായിരുന്നാലും ഇല്ലെങ്കിലും, അയാൾ പൊതുജനദൃഷ്ടിക്കു വന്നാലും ഇല്ലെങ്കിലും, അവൻ അത്യാശ്ചര്യകരമായ വിധം മനുഷ്യവംശത്തെ പരിചരിക്കുന്നു. അവൻ ഒരു അത്ഭുതപുരുഷനായ പരിഷ്കൎത്താവാണ്. രാജമണ്ഡലത്തിൻെറ സമ്പന്നിധികളോടു അവനു ആശാബന്ധമില്ല. ലോകത്തിലെ ബൈബിളുകളും, പുസ്തകങ്ങളും ഒന്നും അവനെ പഠിപ്പിക്കാനില്ല. രാജാക്കന്മാരുടെയോ, സ്വേച്ഛാധികാരപ്രമത്തരുടെയോ മന്ദസ്മിതമോ, സൗജന്യങ്ങളോ, ക്രോധമോ അവനു നിരൎത്ഥകമത്രെ. അവൻ ജീവിക്കുന്ന കാലമത്രയും, അവൻെറ പരിശുദ്ധമായ സാന്നിധ്യം, വിശുദ്ധദശ്നം, പവിത്രതയും സുഖവും ആനന്ദവും വിതരണം ചെയ്തുകൊണ്ടിരിക്കും. അവൻെറ മരണത്തിൽ ലോകം വിസ്മയകരമായി സംസ്കരിക്കപ്പെട്ടും.

ആദിത്യൻെറ ചൂടുകൊണ്ടു് ഈ സ്ഥലത്തെ വായു വിജൃംഭിക്കയും ലോലതരമാവുകയും ചെയ്യുമ്പോൾ, അതു പ്രകൃത്യാ മുകളിലേയ്ക്കുയരുകയും പൊങ്ങുകയും ചെയ്യുമ്പോൾ, ഈ സ്ഥലത്തുനിന്നു അതു വിടുന്നു എന്നിരിക്കട്ടെ, ഫലമെന്തായിരിക്കും? നാലുവശത്തുനിന്നും വായു ചാടിവന്നു് ഈ ശൂന്യസ്ഥലം വ്യാപിക്കാൻ ആരംഭിക്കും. ഇങ്ങനെയാണ് അന്തരീക്ഷം ഒട്ടാകെ ചലനവും വിപ്ലവവും ഉണ്ടാകുന്നതു്. പരിപൂൎണ്ണനും ശരീരത്തെപ്പററി ഒന്നും ചിന്തിക്കാത്തവനും യാതൊരു മോഹവുമില്ലാത്തവനുമായ ഒരു മനുഷ്യൻ പുനജ്ജന്മമെടുക്കുന്നില്ല. അവൻെറ മരണത്തിൽ ആത്മാവാകുന്ന സൂൎയ്യൻെറ അമൃതം അഗാധമായി പാനംചെയ്തും സത്യമാകുന്ന ചൂടും പ്രകാശവും ധാരാളമായിട്ടുംക്കൊണ്ടുമിരുന്ന സൂക്ഷ്മശരീരം പ്രപഞ്ചത്തിൽ അതിനുണ്ടായിരുന്ന സ്ഥലം ഉപേക്ഷിച്ച്, ലോലതരമാക്കപ്പെട്ട വായുപോലെ, ലോകത്തിനു മുകളിലേയ്ക്കുയരുന്നു. അവൻെറ സ്ഥലം ശൂന്യമാകയും അതുകൊണ്ടു് അവൻ തിരിയെ ജന്മാന്തരത്തിലേയ്ക്കു വരായ്കയാൽ, അവൻെറ സമീപസ്ഥരായിരുന്നവർ എല്ലാം ഒരു ദിവ്യനിയമാനുസാരം അവൻെറ സ്ഥലം പ്രാപിക്കാൻ ഉയൎത്തപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അ

വൻെറ സമീപസ്ഥൎക്കും അതുപോലെ ഒരു ഉയൎച്ച കിട്ടുന്നു. ഇങ്ങനെ പ്രപഞ്ചംമുഴുവനും ഒരു അഭിവൃദ്ധി ഉണ്ടാകുന്നു. ഈവിധം ലോകമശേഷം ചലിക്കുന്നു. ഇതാ! ഒരു അത്ഭുതം! അതിവിസ്മയകരമായ വിധത്തിൽ പരിഷ്കരിക്കുന്ന മനുഷ്യൻ! അവൻ തൻെറ ചുണ്ടനക്കേണ്ട; ലോകം ഔന്നത്യം അടയുകയും ചെയ്യുന്നു.

ആൎക്കിമീഡീസ് പറഞ്ഞു:—"എനിക്കു ഒരു സ്ഥിരസ്ഥാനം കിട്ടിയെങ്കിൽ ഞാൻ ലോകം സമസ്തവും ഇളക്കും". ആ സ്ഥിരസ്ഥാനം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ സുസ്ഥിരസ്ഥാനം നിങ്ങളുടെ ഉള്ളിലാണെന്നു വേദാന്തം പറയുന്നു. അതു് ആത്മാവാണു്. അതിനെ സമ്പാദിക്കുക; നിങ്ങൾ അപ്പോൾ പ്രപഞ്ചമശേഷവും ചലിപ്പിക്കും.

വ്യാജാത്മാവിനെ—വ്യാജസത്തയെ—പ്പററി കുറെ വാക്കുകൾ പറയട്ടെ. പാത്രത്തിലെ ദ്രാവകത്തിൽ സൂൎയ്യൻെറ പ്രതിബിംബം അവിടെയുണ്ടു്. ഈ പ്രതിബിംബം അയഥാൎത്ഥമാണെന്നു സയൻസും പ്രകാശശാസ്ത്രവും തെളിയിക്കുന്നു. പ്രകാശമെല്ലാം പുറത്താണു്. ദ്രാവകത്തിലെ പ്രതിച്ഛായ പുറകോട്ടു പ്രതിഫലിച്ച പ്രകാശം മാത്രമാണു്. പ്രതിബിംബം നമ്മുടെ അനുമാനം കൊണ്ടുണ്ടായതാണു്; ഇന്ദ്രിയങ്ങളുടെ ഒരു ചെപ്പടിവിദ്യ; വെള്ളത്തിലോ സ്ഫടികത്തിലോ അത്തരം യാതൊന്നും യഥാൎത്ഥത്തിൽ ഇല്ല, പ്രതിബിംബം ഒരു വ്യാമോഹം മാത്രമ ണു്. അല്ലാതെ മററൊന്നുമല്ല. ഈ വെറും കാഴ്ചയായ പ്രതിബിംബത്തിനു ജലത്തിൻെറ ചലനംകൊണ്ടു ചലനവും ഭിന്നതയും ഉണ്ടാകുന്നു. ജലത്തിൻെറ മാററംപോലെ അതിനും മാററം സംഭവിക്കുന്നു.

രോമങ്ങളെ വളൎത്തുന്നതും രക്തസഞ്ചാരം നടത്തിക്കുന്നതും ആരു്? അതു് വ്യാജവും ക്ഷുദ്രവും സ്വാൎത്ഥപരവും ആയ അഹങ്കാരമാണോ? ചെറുവ്യാജസത്തയാണോ? ഒരിക്കലുമല്ല. തലച്ചോറുകൊണ്ടു ചിന്തിപ്പിക്കുന്നതു് ഈ ചെറിയ ഉത്തരവാദിയെന്നു പറയപ്പെടുന്ന അഹങ്കാരമല്ല; ഈ മായികസത്തയെ വലിച്ചെറിയുക. നിങ്ങളുടെ പരമാൎത്ഥാത്മാവിനെ സാക്ഷാൽകരിക്കുക. നിങ്ങൾ പ്രപഞ്ചത്തിൻെറ നായകനാണു്. നിങ്ങൾ തേജസ്സുകളുടെ തേജസ്സാണു്. പരിശുദ്ധരിൽ പരിശുദ്ധനാണു്.

പൂൎണ്ണസുഷുപ്ത്യവസ്ഥയിൽ സൂക്ഷ്മശരീരം കുറേനേരത്തേയ്ക്കു ഒരു ഘനാവസ്ഥയിൽ എന്നതുപോലെ പിൻവാങ്ങുന്നു എന്നു നാം കാണുന്നു. രക്തം പ്രവഹിക്കുന്നു; ഭക്ഷണം ദഹിക്കുന്നു; എന്നാൽ

'ഞാൻ ദഹിപ്പിക്കുന്നു' എന്ന ബോധം അവിടെയില്ല. സ്വപ്നാവസ്ഥയിൽ സൂക്ഷ്മശരീരം ഈ ഘനാവസ്ഥ കൈവെടിഞ്ഞു ഒരുവക ദ്രാവകാവസ്ഥയിൽ പ്രവേശിക്കുന്നു. സൂര്യൻ പ്രതിബിംബിക്കപ്പെടാൻ തുടങ്ങുന്നു. "ഞാൻ അതു ആഗ്രഹിക്കുന്നു; ഞാൻ ഇതു ചെയ്യുന്നു" എന്നെല്ലാം നിങ്ങൾ വീണ്ടും പറയാൻതുടങ്ങുന്നു. ആ സ്വാർത്ഥപരനായ, ചുമതലക്കാരനായ കാമിക്കുന്ന സത്ത്വം—ആ പ്രതിച്ഛായ — വീണ്ടും നിങ്ങളോടുകൂടിയുണ്ടു്. ഈ സ്വാർത്ഥപര വ്യക്തി യഥാർത്ഥമായിരുന്നാൽ അതു എന്നേയ്ക്കും നിലനില്ക്കുമായിരുന്നു. അതു് എന്തുകൊണ്ടു സുഷുപ്തിസ്ഥിതിയിൽ വർത്തിച്ചില്ല? എന്തുകൊണ്ടു് അതു നീണ്ടുനില്ക്കുന്നില്ല? സുഷുപ്തികാലത്തു് അതു ഇല്ലാതിരുന്നുവെന്ന വസ്തുതകൊണ്ടുമാത്രം ഈ മാന്യതാർത്ഥിയായ നിങ്ങളുടെ അഹങ്കാരം വെറും ഭ്രമകമാണെന്നു തെളിയുന്നു. അതിന്റെ മുകളിലേയ്ക്കുയരുക. നിങ്ങൾ സൂര്യസൂര്യനും പൂർണ്ണാനന്ദവും സത്യവും ആണു്. നിങ്ങൾ അതാണു്; വേറൊന്നുമല്ല.

ജനങ്ങൾക്കു പൊതുവെയുള്ള വിഷമം അവർ ഈ വ്യാജാഹങ്കാരത്തെ, വ്യാജമായ പ്രതിബിംബത്തെ, തങ്ങൾതന്നെയാണെന്നു പരിഗണിക്കുന്നുവെന്നുള്ള വസ്തുതയാണു്. അവർക്കു അതു വർജ്ജിക്കാൻ പാടില്ല. ഇതാണു് അസ്വാസ്ഥ്യത്തിന്റെയൊക്കെയും ഹേതു.

ജലം ഒഴുകുന്നു. തരംഗങ്ങളും കല്ലോലങ്ങളും ഓളങ്ങളും കാണപ്പെടുന്നു. എന്നാൽ ഇവയെല്ലാം സൂര്യന്റെ പ്രവർത്തനത്തിന്റെ ഫലമാണു്; അല്ലാതെ ജലത്തിലെ സൂര്യപ്രതിബിംബത്തിന്റെ വ്യാപാരഫലങ്ങളല്ല. പക്ഷെ ജലങ്ങളിൽ സൂര്യന്റെ പ്രതിച്ഛായ ഇളക്കപ്പെടുകയും ചലിക്കപ്പെടുകയും ചെയ്യുന്നു. ജലത്തിലെ ചലനങ്ങൾക്കനുരൂപമായി ഈ ഛായയും ചലിക്കുന്നു. അതുപോലെ, സൂക്ഷ്മശരീരം ജലംപോലെയാണു്. യഥാർത്ഥാത്മാവിന്റെ ശക്തികൊണ്ടു അതു ചലിക്കപ്പെടുകയും വേണം; അതിനു കല്ലോലങ്ങൾ ഉണ്ടാകണം. എന്നിട്ടും ജലത്തിലെ ചാപല്യങ്ങൾക്കുള്ള കാരണം അതായിരുന്നാലതെപ്പോലെ, വ്യാജമായ ഈ പ്രതിബിംബവും ഇളക്കപ്പെടുന്നു; ജലത്തിലെ പ്രതിഫലനം എന്നാൽ മനസ്സു്, ശരീരം മുതലായതുമായിട്ടു സാത്മ്യം ഭാവിക്കുക എന്നർത്ഥം. ശരീരം രോഗബാധിതമാകുമ്പോൾ നിങ്ങൾ പറയും: "ഹാ കഷ്ടം! ഞാൻ വലഞ്ഞു; എനിക്കു ദീനമാണു്". എന്തുകൊണ്ടു്? നിങ്ങൾ സ്വയം മനസ്സും ശരീരവുമായി സാത്മ്യം ഭാവിക്കുന്നു. "വ്യാജമായ ഈ സാത്മീകരണഭ്രമം—നിങ്ങളുടെ സത്ത ശരീരവും മനസ്സുമാണെന്നു അധ്യാസിക്കാനുള്ള വാസന—ഉപേക്ഷിക്കുക. അപ്പോൾ നിങ്ങ

ൾക്കെല്ലാം ശുഭമാകും" എന്നു വേദാന്തം പറയുന്നു, ശരീരത്തിനോ മനസ്സിനോ വരുന്ന തെററുകൾ എന്തായാലും നിങ്ങളെ ശല്യപ്പെടുത്തരുതു്. ഈ വ്യാജസത്തയോടുള്ള ഈ വ്യാജബഹുമതിയാണു് നിങ്ങളുടെ സങ്കടങ്ങൾക്കെല്ലാം കാരണം.

### ആത്മപ്രകടനം വീണ്ടും

ചോ:—ഈ ബാഹ്യശരീരത്തിൽ ഇരിക്കുമ്പോൾ ആത്മാവിനു പൂർണ്ണമായി പ്രകാശിക്കാൻ കഴിയുമോ?

ഉത്ത:—'ആത്മാവു്' എന്ന വാക്കിനു നിങ്ങൾ എന്തർത്ഥം കല്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഉത്തരം. 'ആത്മാവു്' എന്നാൽ എന്താണു് അർത്ഥം? മനസ്സാണോ ആത്മാവു്? ബേക്ക്‌ലേ, മിൽ, റീഡ്—ഇവരെല്ലാം മനസ്സു് ആത്മാവാണെന്നു പരിഗണിക്കുന്നു. ഈ അർത്ഥത്തിൽ ആത്മാവിന്റെ പുരോഗതി അനിശ്ചിതമാണു്. 'ആത്മാവു്' എന്ന വാക്കുകൊണ്ടു്, പരമാർത്ഥതത്ത്വത്തിന്റെ മനുഷ്യനിലുള്ള പ്രതിബിംബം എന്നു നാം പറയുന്നതിനെയാണു് വിവക്ഷിക്കുന്നതെങ്കിൽ, ചോദ്യം അപ്രസക്തമാണു്; അയുക്തമാണു്. "ആത്മാവു്" എന്ന പദം പരമാർത്ഥാത്മാവിനെയാണു സൂചിപ്പിക്കുന്നതെങ്കിൽ, അതിനു മാററത്തിനോ പുരോഗതിക്കോ ഇടമോ സാധ്യതയോ ഇല്ല. എന്നാൽ സാമാന്യമായിട്ടു് മിക്കവാറും ജനങ്ങൾക്കു "ആത്മാവെ"ന്ന വാക്കു വെറും ഒരു സ്വപ്നസൃഷ്ടി—വെറും പേരു്—വെറും മരീചിക—വ്യക്തമായ അർത്ഥമില്ലാത്ത ഏതാണ്ടാണു്. പ്രസ്തുത വിഷയത്തെപ്പററി അവർക്കു സ്വേച്ഛാനുസരണം എന്തു സിദ്ധാന്തങ്ങളും രൂപീകരിക്കാം.

# (9) ആത്മസാക്ഷാൽക്കാരമാൎഗ്ഗം.

[വായനക്കാരന്ന്—മനസ്സ് യഥാൎത്ഥാത്മാവിൽ പ്രവേശിച്ചു ലയിക്കത്തക്കവിധം—പോരാ; അതിൽ നഷ്ടമാകത്തക്കവിധം—അത്രയ്ക്കുമാത്രം ആത്മാവിനെസംബന്ധിച്ച ഓരോ വാചകവും ഓരോ പദവും ധ്യാനിക്കയും, ശ്രമപൂൎവ്വം ശ്രദ്ധിക്കയും ചെയ്യേണ്ടതാണ്. പ്രാരംഭകന്മാർ ഓങ്കാരം ധ്യാനിക്കുമ്പോൾ solar plexus * എന്നു പറയുന്ന സിരാചക്രത്തിൽ അവരുടെ. സകലശക്തികളും കേന്ദ്രീകരിക്കണം.]

വേദാന്തശാസ്ത്രപ്രകാരം മനസ്സ് ഏകാഗ്രമാക്കുമ്പോൾ പ്രധാനമായി ധ്യാനിക്കേണ്ടതു് സൂൎയ്യസൂൎയ്യനും, തേജസ്തേജസ്സും നമ്മുടെ ആത്മാവുതന്നെയാണ് എന്നത്രേ. ശരീരത്തിനും മനസ്സിനും അതീതമായ ഈ അവസ്ഥയിൽ നിങ്ങളെ സ്വയം പ്രതിഷ്ഠിക്കുക; തേജസ്തേജസ്സും സൂൎയ്യസൂൎയ്യനുമായിത്തന്നെ നിങ്ങളെ സാക്ഷാത്കരിക്കുക. പ്രപഞ്ചം മുഴുവനും അപ്പോൾ ഒരേഒരു മനോഹരപ്രദൎശനംപോലെ നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്നതും, അഥവാ ഒരു മേഘംപോലെ അലിഞ്ഞുനില്ക്കുന്നതും നിങ്ങൾ കാണുന്നു. നിങ്ങളുടെ മുമ്പിൽ സമസ്തവും ഏററവും വിധേയമായി വന്നുനിൽക്കും.

അസൌകൎയ്യമില്ലെങ്കിൽ, പ്രഭാതത്തിലേ ഏഴുനേററു ചക്രവാളത്തിനു താഴെനില്ക്കുന്ന ഉദയസൂൎയ്യനെ അഭിമുഖീകരിച്ചു ദൃഷ്ടിപതിപ്പിക്കുക. സൂൎയ്യരശ്മിസമൂഹത്തെ നോക്കുക. ഭംഗിയേറിയ, പ്രകാശമാനമായ, ഏററവും സ്വാഗതാൎഹമായ ആ കാഴ്ച മനസ്സിനെ ഉത്തേജിപ്പിച്ചു കുറെയേറെ നിങ്ങളെ ഉയൎത്തുന്നു. മനസ്സ് ആഹ്ലാദിക്കയും, കുറെദൂരം ഉയരുകയുംചെയ്യുമ്പോൾ, നിങ്ങളുടെ ഇഷ്ടംപോലെ അതിനെ ഉയൎത്താൻ നിങ്ങൾക്കു സുഗമമായി ഭവിക്കുന്നു. സൌഭാഗ്യകരമായ പൎവ്വതാഗ്രങ്ങളിലേയ്ക്കുന്നതുപോലെ അതിനെ ഉയൎത്താൻ നിങ്ങൾക്ക് എളുപ്പമാകുന്നുവെന്നു പറയാം.

ഇൻഡ്യായിലെ കളിസ്ഥലങ്ങളിൽ ഗള്ളി—എന്നു പറയുന്ന ഒരു കളിസാമാനം നമുക്കുണ്ടു്. നടുഭാഗം തടിച്ചും, അററങ്ങൾ രണ്ടും അൽപം നീണ്ടുകൂൎത്തും ഇരിക്കുന്ന ഒരു കമ്പാണതു്. നിലത്തിട്ടാൽ അതിൻെറ അററം രണ്ടും ഭൂമിയിൽനിന്നു് അൽപം പൊങ്ങിയിരിക്കും. വേറൊരുകമ്പു്—വടി—കൊണ്ടുനാം അതിൻെറ ഒരററത്തു ഒരടികൊടുക്കുമ്പോൾ ആ ഗള്ളി മുഴുവനും പെ

---

* ഷഡാധാരങ്ങളിൽ ഒന്നായിരിക്കാം.

ട്ടെന്നു് വായുമണ്ഡലത്തിലേയ്ക്കു് കുതിച്ചുപൊങ്ങുന്നു. ഉടനെ വടി കൊണ്ടു അതിനു് ഒരു നല്ല അടികൊടുക്കുന്നു. ഉടനെ അതു് വളരെ ദൂരത്തിൽ വായുവിൽ പറന്നു പോകുന്നു. ഈ കളിയിൽ രണ്ടു ക്രിയകൾ ഉണ്ടു്; ആദ്യം ഭൂമിയിൽനിന്നു അതിനെ പൊക്കുന്നതു്; രണ്ടാമത്തേതു്, അതിനെ അടിച്ചുപറത്തുന്നതു്. ദിവ്യസ്വപ്നത്തിൽ മനസ്സിനെ കയററിവെക്കുന്നതിനു്, അതിനെ ആദ്യമായി കുറെ ഉയർത്തണം; പിന്നീടതിനെ ആദ്ധ്യാത്മികാന്തരീക്ഷത്തിലേയ്ക്കു് അടിച്ചുപറത്തണം.

ഉല്ലാസപ്രദമായ വായുമണ്ഡലം, മനോഹരമായ ഭൂരംഗങ്ങളുടെ കാഴ്ച, ഹൃദയാവജ്ജകമായ ഇതരദർശനങ്ങൾ—എന്നിവ പ്രാഥമികനിലകളിൽ മനസ്സിനെ ആദ്യം അല്പംപൊക്കി ഉയർത്താൻ പലപ്പോഴും ധാരാളം മതിയാകുന്നു. തദനന്തരം മനസ്സിനെ മുമ്പോട്ടു് ഓടിക്കുന്നതിനു് നമുക്കെളുപ്പമുണ്ടു്. ശരീരത്തിൻെറ ബോധം മറന്നു് ഈശ്വരനാകുന്നവരെയ്ക്കും—ഈശ്വരനല്ലാതെ മററൊന്നും അല്ലാതാകുന്നതുവരെയ്ക്കും—ഇങ്ങിനെ മനസ്സിനെ പായിക്കാൻ കഴിയും. മനസ്സിനു് ആദ്യം ഉയർച്ചകൊടുത്തു് പ്രാരംഭവിശാലത കൊടുപ്പാൻ അനുകൂലകാലസ്ഥലങ്ങൾ തരുന്ന പ്രകൃതിപ്രചോദനം ഉപയോഗിക്കാം. പ്രഭാതമടുക്കുമ്പോൾ പക്ഷികളുടെ കളകളങ്ങൾ, സുരഭിലമായ കാററു്, കിഴക്കെ ചക്രവാളത്തിൽ കാണുന്ന രമണീയവും വശ്യവും മനോഹരവും ആയ വണ്ണങ്ങൾ—ഇവയെല്ലാം മനസ്സിനു് പ്രാരംഭോത്ഥാനം പ്രദാനംചെയ്യും.

സ്വർഗ്ഗീയസ്ഥാനങ്ങളിലേയ്ക്കു് മനസ്സിനെ എങ്ങിനെ പ്രവേശിപ്പിക്കാം? ഈശ്വരസിംഹാസനത്തിലേയ്ക്കു് അതിനെ—ആത്മാവിനെ—എപ്രകാരം കയററാം? ഉദയസൂര്യൻെറയോ, അസ്തമനസൂര്യൻെറയോ മഹത്വമേറിയ പ്രകാശം പകുതി അടയ്ക്കപ്പെട്ട കണ്ണുകളുടെ ഇമകളിൽ പതിക്കുമ്പോൾ ഞങ്ങൾ ഓങ്കാരമന്ത്രം, ജപിക്കാൻ തുടങ്ങുന്നു. ഞങ്ങൾ അതു് വികാരത്തിൻെറ ഭാഷയിൽ ഗാനംചെയ്യുന്നു.

ഓങ്കാരത്തിൻെറ താൽപര്യം പലക്കും പലതാണു്. ആദ്ധ്യാത്മികപരിണാമഗതിയിൽ ഓരോ പതനത്തിൽ ഇരിക്കുന്നവക്കു അവരവക്കു ഏററവും പ്രയോജനകരമായ അത്ഥം അതിനുകൊടുക്കണം. സൂര്യസൂര്യനാണു് ഈ ഓങ്കാരം എന്നു സങ്കൽപിച്ചു്, സ്ത്രീകൾ മുഖക്കണ്ണാടിയിൽ നോക്കുംപോലെ, ഉദയമണ്ഡലം നോക്കുന്നവർ ഉണ്ടു്. ഇൻഡ്യായിൽ സ്ത്രീകൾ അവരുടെ തള്ളവിരലിൽ കണ്ണാടിധരിക്കുന്നു. കണ്ണാടിയടങ്ങുന്ന വൃത്താകാരമായ വലിയ

സ്വർണ്ണക്കൂട് (ഫ്രെയിം) അവൾക്കുണ്ട്. ഒരു സ്ത്രീയ്ക്ക് യഥാർത്ഥത്തിൽ ഒരു കണ്ണാടിപോലെ അത്ര പ്രിയപ്പെട്ടതായി മറെറാന്നും ഇല്ല. അവൾ അതിൽ നോക്കുമ്പോൾ മുഖംകാണുന്നു. അതു ബാഹ്യമായി കാണുന്നുവെങ്കിലും ആ മുഖം തന്റേതാണെന്ന് അവൾ അറിയുകയും ചിന്തിക്കുകയുംചെയ്യുന്നു. അവൾ പുറമേ ഏതാണ്ടു കാണുന്നുവെങ്കിലും, അതു അവളിൽത്തന്നെ ഇരിക്കുന്നതാണെന്നു അവൾക്കു ബോധ്യമാണ്. അതുപോലെ, വേദാന്തി സൂര്യനെ പുറമേയുള്ള ഏതാണ്ടൊരു സാധനമായി നോക്കുന്നുവെങ്കിലും, യഥാർത്ഥസൂര്യൻ തന്റെ സ്വന്തം ആത്മാവാണെന്നും, ആ ബാഹ്യഭൌതികസൂര്യൻ അതിന്റെ പ്രതിബിംബം—ഛായ—മാത്രമാണെന്നും ബോധ്യപ്പെടുകയും ചിന്തിക്കുകയുംചെയ്യുന്നു.

ചന്ദ്രനെ സൂര്യനോട് സംബന്ധപ്പെടുത്തുന്നതുപോലെതന്നെയാണ് സൂര്യനെ തന്നോടു ഒരു വേദാന്തി സംബന്ധപ്പെടുത്തി പരിഗണിക്കുന്നതു്. ചന്ദ്രൻ സ്വയമേ പ്രകാശിക്കുന്നതായി പ്രത്യക്ഷത്തിൽ തോന്നുന്നു; എന്നാൽ വാസ്തവത്തിൽ സയൻസിന്റെ (ശാസ്ത്രത്തിന്റെ) ദൃഷ്ടിയിൽ, അതു തന്റെ പ്രകാശമശേഷം സൂര്യനോട് കടംവാങ്ങുകയാണ്. അതുപോലെ, "തന്റെ പ്രഭാവം മുഴവനും തന്റെ സ്വന്തമാണെന്നപോലെ പ്രഖ്യാപനംചെയ്യുന്ന സൂര്യൻ വാസ്തവത്തിൽ, അതെല്ലാം എന്റെ യഥാർത്ഥചൈതന്യത്തിൽ—ആത്മാവിൽ—നിന്നു കടംവാങ്ങിയതാണെന്നും, സൂര്യന്റെ കാന്തിയും ഗാംഭീര്യവും എല്ലാം എന്റെ പക്കൽനിന്നുള്ളതാണെന്നും" ഒരു വേദാന്തി സങ്കൽപിക്കയും സാക്ഷാൽക്കരിക്കയും ചെയ്യുന്നു.

ഭൂമി കറങ്ങുന്നു; എന്നാൽ സൂര്യനാണ് ചുററുന്നതെന്നു നാം വിചാരിക്കുന്നു. നാം ജ്യോതിശ്ശാസ്ത്രം പഠിക്കുമ്പോൾ നമുക്കു ശരിയായ ജ്ഞാനം കിട്ടുന്നു. പിന്നീട് ചതിവുപററുന്നില്ല. സൂര്യനല്ലാ കറങ്ങുന്നതു്! ഭൂമിയുടെ ഭ്രമണം സൂര്യനിലേയ്ക്കു ആരോപിക്കുന്നതാണ് എന്നു നമുക്കു തീർച്ചവരുന്നു. അതുപോലെ, ഉദയസൂര്യനെ നോക്കുന്ന വേദാന്തി, പ്രഭാപൂർണ്ണനായ സൂര്യനുണ്ടെന്നുതോന്നുന്ന പ്രഭാവവും, തേജസ്സും, മഹത്വവും അബദ്ധമായി സൂര്യനിലേയ്ക്കു് ആരോപിക്കപ്പെടുന്നതാണ്. എന്നു് ബോധ്യപ്പെടുകയും സാക്ഷാല്ക്കരിക്കയും ചെയ്യുന്നു. യഥാർത്ഥത്തിൽ അതൊക്കെയും എന്റേതാണ്, എന്റേതാണ്, എന്റേതാണ്!

---

ഭൌതികപ്രപഞ്ചത്തിൽ പ്രകാശത്തിന്റെ, അതായതു്, ജ്ഞാനത്തിന്റെ അടയാളം സൂര്യനത്രെ. സൂര്യൻ ഓജസ്സിന്റെ

ചിഹ്നമാണ്. അതാണ് എല്ലാ ഗ്രഹങ്ങളെയും സഞ്ചരിപ്പിക്കയും ചലിപ്പിക്കയും ചെയ്യുന്നത്. അതു അസ്തിത്വത്തിന്റെ, ജീവന്റെ അടയാളമാണ്. സകല ജീവന്റെയും ഉത്ഭവസ്ഥാനം സൂര്യനാണ്. സകലതും തന്റെ ജീവനുവേണ്ടി സൂര്യനോട്ട കടപ്പെട്ടിരിക്കുന്നു. സൂര്യൻ സൗന്ദര്യത്തിന്റെ ലക്ഷ്യമാണ്. അതു ഭൂമിയെയും, സകലത്തിനെയും വശീകരിക്കുന്നു; അതു തേജസ്വിയാണ്. ഇങ്ങനെ സൂര്യൻ ജ്ഞാനത്തെയും, പ്രകാശത്തെയും, ജീവനെയും, ശക്തിയെയും, അസ്തിത്വത്തെയും, സൗന്ദര്യത്തെയും, ആകർഷണത്തെയും പ്രതിനിധീകരിക്കുന്നു. ഈ മഹിമാതിശയങ്ങളെല്ലാം ഒരു വേദാന്തി തന്റെ സ്വന്തമാണെന്നു സാക്ഷാൽക്കരിക്കുന്നു. ഇതേ ഗുണങ്ങളെല്ലാം എന്റേതു് ആണെന്നു വേദാന്തി കല്പിക്കുന്നു. പോരാ, "ഞാൻതന്നെ"യാണെന്നു അറിയുന്നു. ഈ ഗുണാതിശയങ്ങളും, ഈ ഓജസ്സും, പ്രകാശവും, ജീവനും എല്ലാം, സ്ത്രീ തന്റെ സുന്ദരമുഖം അവൾക്കു പുറമേ ഉള്ള കണ്ണാടിയിൽ കാണുന്നതുപോലെ, എന്നിൽനിന്നു പുറപ്പെട്ടു ബാഹ്യമായി കാണപ്പെടുന്നു. വാസ്തവത്തിൽ, യഥാർത്ഥത്തിൽ, ഞാൻ പ്രകാശവും, ഓജസ്സും, ജ്ഞാനവും, ശക്തിയും, ആകർഷകത്വവും, സർവ്വസ്വവും ആണ്.

ഈ തത്വം സാക്ഷാൽക്കരിക്കാനും, പരമാത്മസത്തയിലേയ്ക്കു സ്വയം മാസ്മരീകരിക്കാനും, ഓങ്കാരമന്ത്രം ഒരു പ്രാരംഭകനു് വലിയ സഹായമായി ഭവിക്കും. ഓംകാരം ജപിക്കുമ്പോൾ, അതോട്ട ബന്ധപ്പെട്ട വേദാന്തിക്കു തോന്നുന്ന താല്പര്യം ഇതാണ്: "ഞാൻ തേജസ്സേജസ്സാണ്; ഞാൻ സൂര്യനാണ്; ഞാൻ യഥാർത്ഥ സൂര്യനത്രെ. കാണപ്പെടുന്ന സൂര്യൻ എന്റെ പ്രതിമമാത്രമാണ്. ഏതൊരുസൂര്യന്റെമുമ്പിൽ എല്ലാഗ്രഹങ്ങളും, എല്ലാശരീരങ്ങളും ചുററുന്നുവോ, ആ സൂര്യൻ ഞാനത്രെ. എനിക്കുവേണ്ടി സകല സ്വർഗ്ഗീയശരീരങ്ങളും, മനുഷ്യശരീരങ്ങളും ഈ ചലനങ്ങൾ നിർവ്വഹിക്കയും, സകലതും പ്രവൃത്തിചെയ്യുകയും ചെയ്യുന്നു. ഞാൻ സുസ്ഥിരനും, സനാതനനുമത്രെ: അന്നും ഇന്നും, എന്നും ഒരുപോലെ ഇരിക്കുന്നവനുമത്രെ. എന്റെമുമ്പിൽ ഈ സമസ്തഗോളവും, സമസ്തപ്രപഞ്ചവും സ്വയം പ്രത്യക്ഷപ്പെടുന്നു. എല്ലാ വശങ്ങളും എന്നെ കാണിക്കാൻവേണ്ടി അതു കറങ്ങിക്കറങ്ങിക്കൊണ്ടിരിക്കുന്നു; അതിന്റെ സകലഭാഗങ്ങളും എന്നെ കാണിക്കാൻ അതങ്ങിനെ ചെയ്യുന്നു. ഭൂമി എന്റെമുമ്പിൽ എല്ലാവശവും തുറന്നുകാണിക്കാനായി അതിന്റെ അച്ചുതണ്ടിൽ നിന്നുകൊണ്ടു ഭ്രമണംചെയ്യുന്നു. പ്രപഞ്ചം ആസകലം സകലപ്രവൃത്തികളും എനിക്കുവേണ്ടി ചെ

യ്യുന്നു. സൂര്യൻ എനിക്കായിട്ടു തന്റെ രശ്മികളെ വിതരണംചെയ്യുന്നു. എനിക്കുവേണ്ടി എന്റെമുമ്പിൽ ചന്ദ്രൻ പ്രകാശിക്കുന്നു. എന്റെ ആജ്ഞപ്രകാരം, എന്റെ സാന്നിധ്യംകൊണ്ടു്, ഈ പ്രപഞ്ചത്തിലെ സമസ്തസംഭവങ്ങളും നടക്കുന്നു. വൃക്ഷങ്ങൾ വളരുന്നതും, മൃഗങ്ങളുടെ മാംസപേശികൾ ചലിക്കുന്നതും, മനുഷ്യർ ചിന്തിക്കുന്നതും സൂര്യന്റെ സാന്നിധ്യംകൊണ്ടു നടക്കുന്നതുപോലെ, എന്റെ സാന്നിധ്യംആണു് സകലത്തെയും ഉണർത്തുന്നതു്. എന്റെ—യഥാർത്ഥ ചൈതന്യത്തിന്റെ—യഥാർത്ഥദൈവത്തിന്റെ—സാന്നിധ്യമാണു് സകലത്തെയും ഈ പ്രപഞ്ചത്തിൽ സംഭവിപ്പിക്കുന്നതു്. ശരീരങ്ങളെല്ലാം—സ്വർഗ്ഗീയമോ, മാനുഷികമോ ആകട്ടെ—ഏതുതരം പദാർത്ഥങ്ങളുമാകട്ടെ—എന്റെ സൃഷ്ടികൾ മാത്രമാണു്. അവയുടെ ദേവതകളും, ദേവന്മാരും അവരുടെ അസ്തിത്വത്തിനു എന്നോടു കടപ്പെട്ടിരിക്കുന്നു, അവരെല്ലാം എന്നിൽ ജീവിക്കുന്നു. ഞാൻ സൂര്യസൂര്യനത്രെ."

"തേജസ്സുകളുടെ തേജസ്സാണുഞാൻ. സ്വപ്നങ്ങളിൽ നാം ഒരു സാധനംകാണുന്നതു് വിളക്കിലെ വെളിച്ചംകൊണ്ടോ, സൂര്യന്റെയോ, ചന്ദ്രന്റെയോ പ്രകാശംകൊണ്ടോ അല്ല. എന്നിട്ടും നാം അതു കാണുന്നു. വെളിച്ചമില്ലാതെ നമുക്കതു കാണാവതല്ലെന്നും നാം അറിയുന്നു. അപ്പോൾ നാം ഏതുപ്രകാശംകൊണ്ടാണു് അതുകാണുന്നതു ? എന്റെ യഥാർത്ഥചൈതന്യത്തിന്റെ പ്രകാശമാണു്; ആത്മാവിന്റെ പ്രകാശമാണതു്. സ്വപ്നത്തിൽ സമസ്തവും ദൃശ്യമാകുന്നതു എന്റെ പ്രകാശംകൊണ്ടാണു. ഞാൻ സ്വപ്നത്തിൽ ഒരു വജ്രംകാണുന്നുവെങ്കിൽ ഞാൻ എന്റെ പ്രകാശംകൊണ്ടു അതു കാണുന്നു. എന്റെ പ്രകാശസമുദ്രത്തിൽ ഒരു കല്ലോലംമാത്രമാണു് വജ്രത്തിലെ തിളക്കംപോലും. ഞാൻ സ്വപ്നത്തിൽ ചന്ദ്രനെ കാണുമ്പോൾ ചന്ദ്രൻ അതുപോലെ തന്റെ പ്രഭാസമേതം എന്റെ തേജസ്സിന്റെ ഒരു തരംഗംമാത്രമാണു്. ഞാനൊരു സ്വപ്നത്തിൽ സൂര്യനെ കാണുമ്പോൾ, അതും അതിന്റെ പ്രകാശവും എല്ലാം എന്റെ തേജോവാരധിയിലെ ഒരു തിരമാത്രമാണു്. അതുപോലെതന്നെയാണു് ജാഗ്രദവസ്ഥയിലും. സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും സകലതും എന്റെ പ്രകാശസമുദ്രത്തിലെ വീചീഗണങ്ങൾ മാത്രമാണു്. ഞാൻ പ്രകാശങ്ങളുടെ പ്രകാശമാണു്. ഞാൻ പ്രപഞ്ചപ്രകാശമാണു്. എന്റെ സാന്നിധ്യമാകുന്ന സമുദ്രത്തിൽ, സകല വസ്തുക്കളും—സൂര്യൻ, നക്ഷത്രങ്ങൾ, ദേവന്മാർ ഉൾപ്പെടെ സമസ്തവും വലയങ്ങളും തിരമാലകളുംപോലെ പെരുമാറുന്നു.

"വാരിധിതന്നിൽനിന്നു സൂര്യനെയുയത്തിഞാൻ,
താരേശനെന്നിൽതിന്നുതുടങ്ങി ഭ്രമഗതി"

"ഞാൻ രാജാക്കന്മാരുടെ രാജാവാണു്; ലോകത്തിൽ രാജാക്കന്മാരായി കാണപ്പെടുന്നതെല്ലാം ഞാനാണു്; ഭിന്നഭിന്നാരാമങ്ങളിൽ സുന്ദരകുസുമങ്ങളായി പ്രത്യക്ഷപ്പെടുന്നതു ഞാൻതന്നെ. ദേവാംഗനകളുടെയൊക്കെയും വിലാസവശ്യാനനങ്ങളും, അവയിൽ ഭാസിക്കുന്ന മന്ദസ്മിതവും ഞാനത്രെ. യുദ്ധവീരന്മാരുടെ മാംസപേശികളെ ചലിപ്പിക്കുന്നതു ഞാനാണു്. എന്നിൽ പ്രപഞ്ചമെല്ലാം ജീവിക്കുന്നു, ചലിക്കുന്നു, അസ്തിത്വം വഹിക്കുന്നു. സർവ്വത്ര എൻെറ ഇഷ്ടം ചെയ്യപ്പെടുന്നു: എൻെറരാജ്യം എവിടെയും ഞാൻ അധിപതിയായി ഭരിക്കുന്നു. ഞാൻ സർവ്വത്ര ശോഭിക്കുന്നു. ക്ഷുദ്രകീടം മുതൽ ഏററവും വലിയസൂര്യൻവരെ സമസ്തവും ഞാൻ ഭക്ഷണം കൊടുത്തു പോഷിപ്പിക്കുന്നു. ഓരോ സത്വങ്ങൾക്കും ഞാൻ ദൈനന്ദിനാഹാരംകൊടുക്കുന്നു. സൂര്യനുചുററും ഭൂമിയെ ഞാൻ ചുററിഭ്രമിപ്പിക്കുന്നു. പ്രപഞ്ചാരംഭത്തിനുമുമ്പേ ഞാൻ ഉണ്ടായിരുന്നു."

ദുഷ്ടചിന്തകളും, ലൌകികാശകളും വ്യാജശരീരത്തെയും, വ്യാജമനസ്സിനെയും സംബന്ധിച്ചുള്ളവമാത്രവും, അന്ധകാരവസ്തുക്കളും ആണു്. എൻെറമുമ്പിൽ അവയ്ക്കു സന്നിഹിതങ്ങളായിരിക്കാൻ അവകാശമില്ല. പ്രപഞ്ചവും സകല ഭൗതികാകാശങ്ങളും യാതൊന്നിൽ പൊങ്ങിക്കിടക്കുന്നുവോ ആ പരമാകാശമാണു് ഞാൻ. സകല അണുക്കളിലും, സകല പദാത്ഥത്തിലും ഞാൻ, പ്രകാശംപോലെ, പ്രസരിക്കയും വ്യാപിക്കയും ചെയ്യുന്നു. ഞാൻ ഏററവും നീചവും, ഏററവും ഉൽകൃഷ്ടവുമാണു്. എന്നോടുകൂടി അതിനീചമോ, അത്യുന്നതമോ ഇല്ല. മനുഷ്യചക്ഷുസ്സുകൾ പതിക്കുന്നിടത്തെല്ലാം ഞാനുണ്ടു്. ഞാൻ കാഴ്ചക്കാരനും, കാഴ്ചകാണിക്കുന്നവനും, പ്രവത്തകനുംആണു്. യേശുവിൽ ഞാൻ പ്രത്യക്ഷമായി; മുഹമ്മദിൽ ഞാൻ സ്വയം വെളിപ്പെട്ടു. ലോകത്തിലെ പ്രശസ്തതരരായ ജനങ്ങൾ ഞാനാണു്; കുപ്രസിദ്ധരും, നിന്ദ്യരും, ആക്ഷേപയോഗ്യരും, ഏററവും അധഃപതിച്ചവരും ഞാനത്രെ, ഞാൻ സർവ്വവും, സർവ്വസ്വവും ആണു്. നിങ്ങളുടെ കാമവിഷയം എന്തായാലും അതുഞാനാണു്. ഹാ! ഞാൻ എത്ര സുന്ദരനാണു്! ഞാൻ മിന്നൽകൊടിയിൽ പ്രകാശിക്കുന്നു; ഇടിനാദത്തിൽ ഗജ്ജിക്കുന്നു; വൃക്ഷദലങ്ങളിൽ മമ്മരരവം പുറപ്പെടുവിക്കുന്നു; കാററുകളിൽ ചീററുന്നു; മറിയുന്ന സമുദ്രത്തിൽ ഞാൻ ഉരുളുന്നു. സ്നേഹിതന്മാർ ഞാനാണു്; ശത്രുക്കളും ഞാനാണു്. എനിക്കു മിത്രങ്ങളില്ല,

ശത്രുക്കളില്ല, ദൂരെപ്പോകുവിൻ! ഹേ! ചിന്തകളേ! ലോകത്തിലെ ക്ഷണികങ്ങളും, ചഞ്ചലങ്ങളുംആയ ധനങ്ങളും കീർത്തിയും സംബന്ധിച്ച ആഗ്രഹങ്ങളേ! നിങ്ങൾ ഓടി മറയുവിൻ! ഈ ശരീരത്തിൻെറ സ്ഥിതി എന്തായിരുന്നാലും, അതു് എന്നെ ബാധിക്കുന്നില്ല; സകല ദേഹങ്ങളും എൻേറതാണു്. ഞാൻ ഫ്രാൻക്ലിൻ ആയിരുന്നു; നൃട്ടനായിരുന്നിട്ടുണ്ടു്; കെൽവിൻപ്രഭു ആയിരുന്നു; ബലിഷ്ഠബാഹുവായ രാമനും, കാന്തിമനോഹരനായ കൃഷ്ണനും ഞാനാണു്. കാണ്ടിൻെറ മസ്തിഷ്കത്തിൽ പണിയെടുത്തതു് ഞാനത്രെ. ബുദ്ധൻെറയും, മാതൃകാഭ്രതനായ ശങ്കരൻേറയും ഹൃദയങ്ങളെ പ്രചോദിപ്പിച്ചതു് ഞാനാണു്. സകല ഷേക്സ്പീയർമാക്കും, പ്ലേറേറാമാക്കും വെളിച്ചം കടംകൊടുത്തതു ഞാനാണു്. ഉറവസ്ഥാനമായ എന്നിൽ അവർ വരുകയും, അവർ നിറയപ്പെട്ടു് തിളങ്ങുകയും, പ്രതിഭാസിക്കയും ചെയ്യുന്നു. ഈ ലൌകികതൃഷ്ണകളെല്ലാം യഥാർത്ഥ മനുഷ്യനെ കെട്ടി താഴെ വലിച്ചിടുന്നു, ഹേ! ഉല്ലാസജനകങ്ങളായ ഭ്രുതലക്കാഴ്ചകളേ! റോസാപ്പൂന്തോട്ടങ്ങളേ! നിങ്ങൾ ദൂരത്തുപോകുവിൻ! നിങ്ങൾ അശേഷം എന്നിലാണു് നിങ്ങളിൽഒന്നും എന്നെ വഹിക്കാവതല്ല. എന്നിലാണു് ഈ പ്രപഞ്ചം. എന്നിലാണു് സർവ്വവും. എന്നെ എന്തിനു താങ്ങാം? ഞാൻ എങ്ങനെ പരിമിതമാക്കപ്പെടാം? പ്രപഞ്ചം—പ്രപഞ്ചം എന്നിലാണു്! ലോകം—ലോകം എന്നിലാണു്! എന്നിട്ടും ഞാൻ ഓരോന്നിലും, എല്ലാററിലും ആണു്. ഞാൻ ഓരോന്നിൻെറയും എല്ലാത്തിൻെറയും ഹൃദയങ്ങളിലും ചിന്തകളിലും സ്ഥിതിചെയ്യുന്നു. പ്രാണപ്രണയിതാവിൻെറ സ്പന്ദിക്കുന്ന നെഞ്ചിൽ ഞാനുണ്ടു്; അഭിമാനമൂർത്തിയായ പ്രാണപ്രിയയുടെ മന്ദഹസിക്കുന്ന കണ്ണുകളിലും ഞാനുണ്ടു്! ഓരോന്നിൻെറയും എല്ലാത്തിൻെറയും ഞരമ്പുകളിൽ ഞാൻ തുടിക്കുന്നു. ഞാൻ നിങ്ങളിൽ ഉണ്ടു്; ഞാൻ നിങ്ങളിലും ഉണ്ടു്! ഇല്ല; നിങ്ങളും ഞാനും എന്നില്ല; വ്യത്യാസമില്ല ഞാൻ ഞാനാണു്!

ദൃഷ്ടവ്യമല്ലാതുള്ളചൈതന്യം,സർവ്വസൂക്ഷ്മ-
നിഷ്ഠതത്വമാം സത്തഞാ,നെല്ലാററിനും മൂലം
അഗ്നിയിൽജ്വലിക്കുന്നു, സൂര്യചന്ദ്രാദിസർവ്വ-
ലഗ്നതാരൌഘജ്യോതിർഗണത്തിൽ ശോഭിക്കുന്നു.

കാററിൽഞാനൊഴുകുന്നു, തിരയിലുരുളുന്നു,
ചുററുന്നമനുഷ്യരിൽ, സ്ത്രീകളിൽ, യുവാക്കളിൽ
ജനിച്ചപൈതുകഞ്ഞിൽ, വടിയുംകുത്തിക്കൊണ്ടു
കുനിയുംജരാനരബാധിച്ചകിഴവനിൽ,

സർവ്വംഞാനാകുന്നു; മത്സ്യവുംവൃക്ഷങ്ങളും,
ഗവ്വെഴുംകടുവായും നീലമാംഭൃംഗാളിയും,
ചുവന്നകണ്ണുള്ളോരുപച്ചപ്പക്ഷികൾ,പുല്ലും
ഹാ! വിദ്യുൽഗർഭമായമേഘജാലവുമെല്ലാം
ഋതുക്കൾ,സമുദ്രങ്ങൾസകലമെന്നിൽതന്നെ
സതതമെന്നിലുദിച്ചസ്തമിക്കുന്നുസർവ്വം.

(സർ എഡ്വിൻ ആർനോൾഡിൻെറ "ഉപനിഷത്" പരിഭാഷ)

... ... ... ... ... ...

സൌരമാംമഹത്തത്വത്തിൽ ഞാനൊളിച്ചിരിക്കുന്നു,
ഭൈരവാരാവഗീതങ്ങളിൽഞാൻ മൂകൻതുല്യോം,
ഗംഭീരപ്രവാഹത്തിൽ വിശ്രമിക്കുന്നേനഹം,
സമ്പൂർണ്ണമുറക്കത്തിൽ ബലവത്തരൻദൃഢൻ.
അഗ്നിയാംകടലാസിൽ പാറയാംലിപികളിൽ
വിഘ്നമറ്റെഴുതിനേൻ ഭൂതകാലങ്ങളെല്ലാം.
പാറയുൾക്കൊള്ളുമണ്ണിതന്നിലെ ഹർമ്മ്യംകരു-
പ്പേറുന്ന കൽക്കരികൾസ്ഥാപിച്ചുനിർത്തുന്നതും.
കാലവുംവിചാരവും സർവ്വയരന്മാർമമ,
മേലിലായവർപണ്ടി ഭംഗിയായ്ചെയ്തുതീർത്തു.
വാരിധിയവർവർഷിച്ചുണ്ടാക്കി; പാറകളും,
ചരലും,നീറുംചേർത്തു ചുട്ടകട്ടകൾചെയ്തു. (ഇമേഴ്സൺ)

... ... ... ... ... ...

ദിവസകരന്മാരേ! താരങ്ങൾസമൂഹമേ!
സവിശേഷമായ്സദാചുററിക്കൊണ്ടുരുളുവിൻ!
തേജസ്സുകൾക്കുസർവ്വംതേജസ്സായ്തിളങ്ങുന്നോ-
രോജസ്സിൻകണങ്ങൾതാൻ കേവലംനിങ്ങളെല്ലാം.
സൂര്യന്മാർക്കെല്ലാംസൂര്യനാകിയോരെന്നിൽതന്നെ
പര്യടനത്തെച്ചെയ്യിൻ! ഉരുണ്ടുതിരിഞ്ഞേവം.
ഉന്നതനിമ്നങ്ങളായ്വിസ്താരമാന്നുപൊങ്ങി-
ട്ടുന്നൊരംബുധിയാകുമെന്നിലെത്തിരകളിൽ
കേവലംകല്ലോലങ്ങളാകിയഗോളങ്ങളേ!
വിവിധജ്യോതിർഗ്രഹസംഘമേ! വിറയ്ക്കുവിൻ!
താഴുവിൻ!ഉയരുവിൻ!ഉരുണ്ടുകറങ്ങുവിൻ!
വീഴുവിൻ!എഴുന്നേല്പിൻ!സർവ്വദാനിരാമയം

ചുററുവിൻലോകങ്ങളേ!ചക്രജാലമേ! മമ
ചുററുമെന്നംശങ്ങളേ! നമ്മുടെവശങ്ങളേ!
ഓജസ്സിൻപ്രകാശത്തെയാസ്വാദിച്ചനാരതം
രാജിച്ചുനൃത്തംചെയ്യുഗ്രഹജാലമേ!നിങ്ങൾ
എന്നെയെല്ലാരുംചേൎന്നുപ്രസ്പഷ്ടമാക്കിക്കൊണ്ടു
മിന്നുവിൻ!വെളിപ്പെട്ടുത്തീടുവിൻ!കറങ്ങുവിൻ!
നക്ഷത്രങ്ങളേ!ഭൂഗോളങ്ങളേ! സൂൎയ്യന്മാരേ!
ശിക്ഷയായംഭോനിധിവർഗ്ഗമേ! കറങ്ങുവിൻ!
എന്നുടെസ്വപ്നങ്ങളിൽകാണുന്നനിഴൽക്കൂട്ടം
തന്നെനിങ്ങളെല്ലാരും; വിവിധം ലസിക്കുവിൻ!
ഞാൻതന്നെചരിക്കുന്നു; ഞാൻതന്നെതിരിയുന്നു;
ഞാൻതന്നെവന്നീടുന്നു; ഞാൻതന്നെഗമിക്കുന്നു.
ചലിപ്പിച്ചീടുന്നതും,ചലിക്കുന്നതും,പിന്നെ
ചലനമശേഷവുംഞാൻതന്നെനിസ്സംശയം.
വിശ്രമമില്ലാ, നാസ്തി സഞ്ചാരം; നിനക്കൊട്ടും
നിശ്ചയമെനിക്കുമില്ലൊരുകാലത്തുംതന്നെ.
ഒരുകാലവുമെന്നെവൎണ്ണിക്കാൻവിചാരിച്ചാൽ
അരുതി,ല്ലവാക്കിന്നുശക്തിയുണ്ടാകയില്ല.
... ... ... ... ... ...
ചെറുതാരകങ്ങളേ!മിന്നുവിൻ!മിന്നീടുവിൻ!
കുറുനേത്രങ്ങൾതുറന്നങ്ങനെതിളങ്ങുവിൻ!
വിളിക്കുന്നല്ലോനിങ്ങളെന്നെയെപ്പൊഴുംകണ്ണാൽ
വിളിക്കുന്നല്ലോ,കൊള്ളാം,സുന്ദരതാരങ്ങളേ!
ആദ്യമായെന്നാലെൻറചോദ്യത്തിൻമറുപടി
സദ്യോപിപറഞ്ഞാലും; ഞാനതുശ്രവിക്കട്ടെ;
അടയാളങ്ങൾകാട്ടിവിളിച്ചീടുന്നോനിങ്ങൾ?
ചടുലനേത്രങ്ങളിൽ,നിങ്ങളിൽകണ്ടീടുന്ന
തിളക്കംഞാൻതാനല്ലോ; മററൊന്നുമല്ലാന്തൂനം.
കളിയെന്നെടുക്കേണ്ടാ, കാൎയ്യമത്രയുമല്ലോ,
നിങ്ങളിൽപരിലസിച്ചീടുന്നജീവച്ഛക്തി-
യിങ്ങഹമേകൻതന്നെ സകലംസുനിൎമ്മലം.
... ... ... ... ... ...
കടലേ!നിൻപാറകളാംപാദങ്ങളിൽതകൎന്നാലും!
ഉടഞ്ഞാലും!അടിച്ചങ്ങുചരിന്നമായാലും!

ഉലകെന്നുതോന്നുന്നതേ! നീയെൻകാലിന്നടികളിൽ
അലച്ചാലും!തകന്നാലും!പൊടിയായാലും!

സൂര്യന്മാരേ!കൊട്ടുങ്കാറേറ!ഭൂകമ്പങ്ങളേ!വരുവിൻ!
വീര്യംചേരുംരണങ്ങളേ! സ്വാഗതമസ്തു.

വരുവിനിന്നെല്ലാവരും!എൻെറമേൽശക്തികളെല്ലാം
ഒരുമിച്ചുപ്രയോഗിച്ചുപരീക്ഷിച്ചാലും!

ഭംഗിയേറുംവിനാശകക്കപ്പൽകളേ!തീക്കൂട്ടമേ!
മങ്ങാതെപൊട്ടുക!എൻെറകളിപ്പാട്ടങ്ങൾ!

പാഞ്ഞുചാട്ടംതാരങ്ങളേ!പറക്കുവിൻഎന്നസ്രൂങ്ങൾ!
ആഞ്ഞുകേറുംവഹ്നികളേ!ദഹിച്ചീടാമോ?

ഭയാവഹസന്താപമേ!നീയെന്നിൽനിന്നുജ്വലിക്കുന്നു,
പായുന്നപീരങ്കിയുണ്ടേ! മിന്നുന്നവാളേ!

നിങ്ങളെയെൻശക്തിതന്നെബലമായിച്ചാടിക്കുന്നു,
അംഗമെല്ലാംധൂളിയായിക്കാററിൽപായുന്നു;

അപരിമേയതാപഗർഭംതന്നിൽവസിക്കുന്നിതഹം
അപരിമാണമായിച്ചിലകാലങ്ങൾ.

ശ്രോത്രമെല്ലാമെൻെറശ്രോത്രം, നേത്രമെല്ലാമെൻെറനേത്രം,
ഹസ്തമെല്ലാമെൻെറഹസ്തം, മാനസങ്ങളും;

മൃത്യുവിനെഞാൻവിഴങ്ങി; ഭിന്നതകൾഞാൻഭുജിച്ചു
സത്തുംസ്വാദുമുള്ളഭോജ്യംഭുജിക്കുന്നുഞാൻ.

പേടിയില്ലാ,ഖേദമില്ലാ,കഠിനവേദനയില്ലാ,
ചൂടും,മഴകളുമെല്ലാംആനന്ദമേകം.

... ... ... ... ... ...

അജ്ഞതാന്ധകാരമൊക്കെ കിലുകിലെവിറച്ചങ്ങു
പാഞ്ഞുതുള്ളിപ്പോയ്മറഞ്ഞു സ്ഥിരമായ്തന്നെ;
പ്രോജ്ജ്വലമെൻസുപ്രകാശംസകലത്തുംദഹിപ്പിച്ചു;
ഉജ്ജാർ! ബഹുബലേ!ഭേഷ്!ഭേഷ്!ആനന്ദം!സാന്ദ്രം.

... ... ... ... ... ...

ആദിത്യരശ്മിയിലേ സൂചികൾ ഞാനാകുന്നു,
മേദുരോജ്ജ്വലൽസൂര്യബിംബവും ഞാനാകുന്നു,
'വിശ്രമിച്ചാലു'മെന്നുഞാനണക്കളോടോതും,
അശ്രാന്തംസഞ്ചരിക്കാൻ ഗോളങ്ങളോടുംചൊല്ലും.

സുപ്രഭാതത്തിന്നുടെ ശോണാഭ ഞാനാകുന്നു,
നല്ലെഴും സായന്തനമാരുതനഹംതന്നെ.
ഇലകളുടെമൃദുമർമ്മരം, ഘോരാഴിത-
ന്നലകൾ ഇവയെല്ലാം ഞാനാണു നിസ്സന്ദേഹം.
കമിതാവിൻെറ വികാരോദ്ദീപ്തപ്രണാമവും,
കാമിനിയുടെ മൃദുഭയവാചകങ്ങളും,
യുദ്ധവീരനു,മവൻതന്നെത്താഡിക്കും വാളും,
സാധ്വസമവൻ മാതാവിൻെറ ചിത്തവും ഞാൻതാൻ;
പനിനീർപുഷ്പ,മവൾ കവികോകിലം, കണ്ഠജാത-
ഗാനവും, തീജ്വാലയും; വിറകും, ദീപങ്ങളും,
അഗ്നിയിൽപതിക്കുന്ന ശലഭങ്ങളും ദശ്ധ-
മഗ്നമാംമദം, ദ്രാക്ഷാഫലവും, വീഞ്ഞുംതോട്ടം
വീഞ്ഞെടുക്കാനുള്ള യന്ത്രവുമെല്ലാംഞാൻതാൻ,
അതിഥിയഹം, ആതിഥേയനുമഹംതന്നെ
പഥികൻ, രത്നങ്ങളും, സർപ്പവുംഞാനാകുന്നു.
വലയും, നായാടുന്നവേടനും, ശകുന്തവും,
വലിയഭയാലതുകരയുന്ന ശബ്ദവും,
കണ്ണാടി, പ്രതിബിംബച്ഛായയും, ധ്വാനങ്ങളും,
നിർണ്ണയം പ്രതിധ്വാനധോരണി സകലതും,
വേണുവിൻശ്വാസം, മർത്ത്യഹൃദയം, കനകത്തി-
ന്നണിശോഭയും, വജ്രത്തിന്നുടെതിളക്കവും,
വാരിരാശിയിൽമുങ്ങിമങ്ങിവാഴുന്നമുത്തി-
ന്നരിയപ്രകാശവും; പാപപുണ്യങ്ങൾരണ്ടും,
കൃത്യങ്ങൾ, കൃത്യോദ്ദേശം, കുററപ്രേരണ,പാപി,
ഹത്യപെട്ടവൻ,മാപ്പും, ശിക്ഷയുംസർവ്വമഹം.
പോയതും,വരുന്നതും, നടക്കുന്നതുമഹം;
നിയതംസൃഷ്ടിയുടെകയററം, പതനവും,
അസ്തിത്വശൃംഖലയും, അതിൻെറകണ്ണികളും,
ആദ്യവുമവസാനം—സർവ്വത്തിൻെറയുംഞാനേ.

... ... ... ...

കാണുക! വനങ്ങളിൽവളരുംമരങ്ങളെൻ-
ശോണിതബന്ധുക്കളാണൊക്കെയുമൊരുപോലെ,

എന്നുള്ളിൽത്തുടിക്കുന്ന ജീവൻതാൻ പാറകളെ-
യൊന്നാകെജ്ജീവത്താക്കിമേവുന്നു നിരന്തരം,

കളിമണ്ണുതാനെന്റെദേഹത്തിൻമാംസം; ചമ്മ-
മൂളന്മാർ; കടന്തലിൽകർക്കശനഹമേററം;

തേനീച്ചക്കൂട്ടത്തിൽഞാൻ മധുരശീലൻ; സുപ്ര-
സൂനജാലമെൻ പ്രേമവികാസംമാത്രമല്ലോ,

എന്മനഃസ്വപ്നസങ്കല്പങ്ങളാം ശ്രുതിവഴി
നന്മയിൽ ജലരാശിപ്രവഹിക്കുന്നു നിത്യം.

ഉയരെപ്പിടിച്ചോരെൻപുഷ്പതല്പജം സൂര്യൻ,
നിയതം മൃതിയെന്നിലെപ്പോഴും കളിച്ചാലും.

മരണമെനിക്കില്ലാ; ഞാൻജനിച്ചിട്ടുമില്ലാ;
പരിചിലെന്നാകിലും, നിത്യചഞ്ചലമായ

വാരിധിതന്നിൽതിരമാലകൾപോലെബഹു-
തരമാം ജനനങ്ങളെൻശ്വാസനിശ്വാസങ്ങൾ;

ഇടിവാളിൽ ഞാൻമിന്നും, കരയുംകഴകനിൽ,
സ്ഫുടമെന്നുടെശ്വാസം പുഷ്പജാലസൌരഭ്യം,

എൻനേത്രരശ്മി സൂര്യൻതന്നുടെശോഭാമൂലം,
എന്നുടെകപോലത്തിൻശോണിമാ പ്രതിബിംബം

ദിനനായകൻതന്റെ യസ്തമനത്തിൻപ്രഭാ,
കനക്കെനോവുമെന്റെപ്രേമംതാൻ താരങ്ങളെ

ഉറപ്പിച്ചാകാശത്തുനിർത്തുന്നു; മമനാഡീ-
സിരകൾ ഹൃദ്യനദീകുല്യകൾ സകലത്തും;

എന്മനോഹരകേശപാശങ്ങൾ പുതുപ്പച്ച
രമ്യതനൽകും ഭൂമീരുഹങ്ങൾ ഭൂമീതലേ,

എന്തുരാക്ഷസശക്തി!! എന്നസ്ഥിപർവ്വതങ്ങൾ,
ബന്ധുരപ്രപഞ്ചമെൻവധുഹാ! രസം! സുഖം.

മിണ്ടൊല്ലാ വ്യത്യാസങ്ങൾ, ആശ്ചര്യമത്യാശ്ചര്യം!
കണ്ടാലും വധൂവരന്മാർ രണ്ടുമഹംതന്നെ.

## 10. ആത്മസാക്ഷാൽക്കാരത്തെപ്പററി സൈ്വരസംഭാഷണങ്ങൾ

(1903 ജനുവരി 18 സാൻഫ്രാൻസിസ്കോ, ഗോൾഡൻഗേററ്ഹോൾ)

['ആത്മസാക്ഷാൽക്കാരമാർഗ്ഗം' എന്ന മുൻപ്രസംഗം അമ്മേരിക്കായിൽ അച്ചടിച്ചു വിതരണംചെയ്യപ്പെട്ടു. വായനക്കാർ ഉന്നയിച്ച ആക്ഷേപങ്ങളെപ്പററിയാണ് കീഴ്പ്പറയുന്ന സംഭാഷണങ്ങൾ.]

ഈ ചെറുപുസ്തകത്തിൽ (അച്ചടിച്ച പ്രസംഗം) ചൂണ്ടിക്കാണിച്ചിട്ടുള്ള ധ്യാനമാർഗ്ഗത്തെക്കുറിച്ചുള്ള ചില ആക്ഷേപങ്ങൾക്കു സമാധാനം പറയാൻ നമുക്കു ഇന്നു ശ്രമിക്കാം. നിങ്ങൾ മിക്കവരും ഈ പുസ്തകം വായിച്ചിട്ടുണ്ടല്ലോ. പുറപ്പെട്ടിട്ടുള്ള ചില ആക്ഷേപങ്ങൾ നമുക്കു നോക്കാം.

### ആക്ഷേപം I.

"നിങ്ങൾ പറയുന്ന സാക്ഷാത്കാരപദ്ധതി വെറും സാങ്കല്പികമാണ്. മററൊന്നിനെയുംകാൾ അതു സങ്കല്പത്തെയും ചിന്താപരിശീലനത്തെയും കുറിച്ചു മാത്രമുള്ളതാണ്."

ഈ ആക്ഷേപം പറയുന്നവരോടു വേദാന്തം പറയുന്ന മറുപടി ഇങ്ങനെയാണ്:—"പ്രിയപ്പെട്ട ആത്മാവേ! കുറച്ചു ചിന്തിക്കുക; പ്രിയാത്മാവേ! അല്പം ആലോചിക്കുക. ഈ ലോകവും ഈ ലോകത്തിലെ ശരീരങ്ങളും ഒക്കെ സങ്കല്പമല്ലാതെ മററൊരു കാരണംകൊണ്ടും ഉണ്ടായതല്ല. നിങ്ങളുടെ ഹൃദയസങ്കല്പവും തെററിയവഴിക്കുള്ള ചിന്താപ്രവാഹവുംകൊണ്ടു മാത്രമാണ് നിങ്ങളുടെ സങ്കടങ്ങളും, കഷ്ടപ്പാടുകളും, ഉൽക്കണ്ഠകളും, ബുദ്ധിമുട്ടുകളും, വേദനയും എല്ലാം ഉണ്ടായതു്. തെററിയ മാർഗ്ഗത്തിൽനിന്നുണ്ടായ സങ്കല്പവും, വിചാരഗതിയും ആണ് നിങ്ങളെ ബന്ധിക്കുന്നതു്. നേരായ മാർഗ്ഗത്തിലുള്ള സങ്കല്പമാണ് നിങ്ങളെ മോചിപ്പിക്കുന്നതും. "സമാനം സമാനത്തെ പരിഹരിക്കുന്നു" (Similiar similibus curantur) *

നിങ്ങൾ ഏതു കോവണി—ഏണി—യിൽക്കൂടെ താഴോട്ടു വീണുവോ, അതേ കോവണിതന്നെയാണ് നിങ്ങളെ കയററി ഉയ

---

* പാശ്ചാത്യചികിത്സാപദ്ധതിയിലെ ഒരു തത്ത്വം(സൂത്രരൂപത്തിൽ).

ത്തുന്നതും. വ്യാകുലതയിലേയ്ക്കും സങ്കടത്തിലേയ്ക്കും നിങ്ങൾ ഇറങ്ങി വന്ന വഴിയേ നിങ്ങൾക്കു തിരിയെ തിരിഞ്ഞു പുറകോട്ടു കാൽ വെച്ചു മടങ്ങി കയറണം. നിങ്ങളെ അധഃപതിപ്പിച്ച സങ്കല്പ സ്വരൂപത്തിന്ന് നേരെ എതിരായ സങ്കല്പസ്വരൂപമാണ് നിങ്ങളുടെ പുനരുദ്ധാരണത്തിന്നു വേദാന്തം നിർദ്ദേശിക്കുന്നതു്. ഇങ്ങനെ "എതിരിനെ എതിർ പരിഹരിക്കുന്നു" (Contrara Contraribus curantar) + എന്ന പദ്ധതികൊണ്ടു നിങ്ങൾക്കു പരിഹാരം ലഭിക്കുമെന്നു തിച്ച്യയാക്കാം.

പ്രപഞ്ചമെല്ലാം നിങ്ങളുടെ ഭാവനകളല്ലാതെ, നിങ്ങളുടെ സ്വന്തസങ്കല്പവും, സ്വന്തചിന്തയും അല്ലാതെ, വേറൊന്നുമല്ലെന്നു വേദാന്തം തെളിയിച്ചു സ്ഥാപിക്കുന്നു. ഇപ്പോൾ ഈ ചിന്താഗതിയെ ശുദ്ധീകരിക്കുക; ഈ ചിന്താരീതിയെ ഉദ്ധരിക്കുക; അതിനെ നേർവഴിക്കു നയിക്കുക; നിങ്ങൾ അപ്പോൾ പ്രകാശത്തിന്റെ പ്രകാശമായും, പ്രപഞ്ചവ്യാപിയായ സൎവ്വസ്വവും ആയും ഭവിക്കുന്നു.

ഒരു മനുഷ്യൻ വയററിളക്കംകൊണ്ടു കഷ്ടപ്പെട്ടുന്നു. ഡോക്ടർ ശോധനയ്ക്കു ഒരു മരുന്നുകൊടുക്കുന്നു. അയാൾക്കു രോഗം മാറുന്നു. വയററിളക്കം എന്ന ദീനംകൊണ്ടു അയാൾക്കു അടിക്കടി മലശോധനയ്ക്കു കക്കൂസിൽ പോകേണ്ടിവന്നു. വയറിളക്കാനുള്ള മരുന്നു സേവിച്ചിട്ടും അയാൾക്കു് അതേവിധം പ്രവൎത്തിക്കേണ്ടിവന്നു. എന്നാൽ രണ്ടിനും തമ്മിൽ വലിയ ഒരു അന്തരം ഉണ്ടു്. വയററിളക്കം ഒരു രോഗമാണ്. ശോധനയ്ക്കുള്ള ഔഷധം സേവിക്കുന്നതു് ഒരു പരിഹാരവുമാണ്. രണ്ടും ഒരേവിധം പ്രവൎത്തിക്കുന്നുവെന്നു തോന്നാമെങ്കിലും, അവതമ്മിൽ വലിയ വ്യത്യാസമുണ്ടു്. ലൗകികചിന്ത നിങ്ങളെ അടിമപ്പെട്ടുത്തുന്നു; അതൊരു രോഗമാണ്. അതു നിങ്ങളെ ബന്ധിക്കുന്നു. സകലവിധ സാഹചൎയ്യങ്ങളുടെയും കാരുണ്യത്തിൽ നിങ്ങളെ സ്വയം സമൎപ്പിക്കുന്നു. ഓരോ കാററും, കൊടുങ്കാററും നിങ്ങളെ മറിച്ചിട്ടുന്നു. ചിന്താവയററിളക്കം മനുഷ്യസങ്കല്പജാതമാണ്. വേദാന്തം തരുന്ന ഔഷധം —ശോധനയ്ക്കുള്ള മരുന്നു—സേവിക്കുക. ഇതൊരുതരം സങ്കല്പമാണെന്നു വിചാരിക്കപ്പെട്ടുന്നുമുണ്ടു്. എന്നാൽ ലൌകികചിന്തകളും, വിചാരങ്ങളും ഒരു അതിസാരരോഗമാണ്; അവയും സങ്കല്പമാണ്. വേദാന്തം നിർദ്ദേശിക്കുന്ന തരം സങ്കല്പവും ചിന്തയും ഒരു പരിഹാരൌഷധമാണ്. ഈ മരുന്നു സേവിക്കുക. നിങ്ങളുടെ ശല്യങ്ങളിൽനിന്നു നിങ്ങൾക്കു സുഖംകിട്ടും. സകല സങ്കടങ്ങളും, ഉത്ക്കണ്ഠയും, കഷ്ടതയും നിങ്ങൾക്കില്ലാതാകും.

---

+ ഇതു വേറൊരു തത്ത്വം (സൂത്രം)

കിഴക്കേഇൻഡ്യായിൽ (ഭാരതത്തിൽ) ജനങ്ങൾ കൈകഴുകുന്നതു് സോപ്പുകൊണ്ടല്ലാ, ചാമരംകൊണ്ടാണ്. ചാരം ഒരുതരം ചെളിയാണ്; ഒരുതരം മണ്ണാണ്. കൈയ്യു വൃത്തികേടുണ്ടാക്കുന്നതും ഒരുതരം മണ്ണ—ചെളി—ആണ്. ഇവിടെപ്പോലും, ചാരം കൈയിൽതേച്ചാൽ—എന്നിട്ടു കൈകഴുകിയാൽ—കൈയിലെ ചെളിപോകുമെന്നുമാത്രമല്ല, ചാരവുംകൂടെപ്പോകും.

അതുപോലെ നിങ്ങൾ പരിശീലിക്കേണ്ടതായ ധ്യാനവിശേഷം—വേദാന്തശാസനമനുസരിച്ചുള്ള സങ്കല്പവിശേഷം—ചാരംപോലെയാണ്. സകല അശുദ്ധതയും, ക്ഷീണവും അതു നിങ്ങളിൽനിന്നു തേച്ചുകഴുകി വൃത്തിയാക്കും; ഈ നിർദ്ദിഷ്ടസങ്കല്പവിശേഷത്തിനു മുകളിലേയ്ക്കു് അതു നിങ്ങളെ പൊക്കിവെക്കുകയും ചെയ്യും.

ഒരു മനുഷ്യൻ സ്വപ്നംകാണുന്നു. സ്വപ്നത്തിൽ അസംഖ്യംതരത്തിലുള്ള വസ്തുക്കൾ ഉണ്ടാകുന്നു. സ്വപ്നത്തിലേ ഈ പദാൎത്ഥങ്ങൾ സകലതും വെറുംചിന്തകൾ—വിചാരങ്ങൾ—സങ്കല്പങ്ങൾമാത്രമാണല്ലോ. സ്വപ്നത്തിൽ അയാൾ ഒരു സിംഹത്തേയോ, വ്യാഘ്രത്തേയോ സൎപ്പത്തിനെയോ കാണുന്നുവെന്നിരിക്കട്ടെ. ആ സന്ദൎഭത്തിൽ എന്താണു സംഭവിക്കുന്നതെന്നു നിങ്ങൾക്കറിയാമോ? സ്വപ്നംകാണുന്ന മനുഷ്യൻ പെട്ടെന്നു ഞെട്ടിഉണരുന്നു വ്യാഘ്രം ഒരുവക ഭൂതാവേശംപോലെയാണ്; അതു അവനെ ഉണൎത്തുന്നു. എന്നാൽ ഈ സ്വപ്നവ്യാഘ്രവും, സ്വപ്നസിംഹവും, അവ നിങ്ങളുടെ സ്വന്തസങ്കല്പസൃഷ്ടിയാണെങ്കിലും, അത്ഭുതകരമായ സങ്കല്പവും ചിന്തയുമാണ്. അതു സ്വപ്നത്തിലെ മററു സമസ്തചിന്തകളെയും, വസ്തുക്കളെയും എടുത്തുമാററിക്കളയുന്നു. ഗന്ധൎവ്വനഗരങ്ങളും സുന്ദരപ്രകൃതിവിലാസങ്ങളും, പ്രവഹിക്കുന്ന നദികളും, ഗംഭീരപൎവ്വതങ്ങളും—ആദ്യം ഉണ്ടായിരുന്നതെല്ലാം—ഈ കടുവായും, സിംഹവും ഇല്ലാതാക്കി. സിംഹമോ, കടുവായോ പുല്ലും കല്ലും ഭക്ഷിക്കാറില്ല. എന്നാൽ സ്വപ്നത്തിലെ കടുവായും മററും വിശേഷസൃഷ്ടികളാണ്. അവ ഭൂതലങ്ങളും, കാടുകളും, വനങ്ങളും എല്ലാം ഭക്ഷിച്ചുകളയുന്നു! എല്ലാംപോയി! സ്വപ്നദ്രഷ്ടാവിനെ ഭയപ്പെടുത്തി. അതേസമയം അതുതന്നെതാനെ ഭക്ഷിക്കയും ചെയ്തു!! എന്തെന്നാൽ ഉണരുമ്പോൾ അവൻ അതിനെയും കാണുന്നില്ലല്ലോ.

അതുപോലെ, ഈ പുസ്തകത്തിൽ ഉപന്യസിച്ചിട്ടുള്ള സങ്കല്പവിശേഷം, അഥവാ ചിന്താപദ്ധതിവിശേഷം, സ്വപ്നത്തിലെ വ്യാഘ്രംപോലെയാണ്. പ്രപഞ്ചം സമസ്തവും ഒരു സ്വപ്നമാണ്.

ഈ കുടുവാവന്നു നിങ്ങളെ വ്യാജസങ്കല്പങ്ങളിലും അജ്ഞാനത്തിലും നിന്നുണർത്തും. അതേസമയം അതു സ്വയം നശിപ്പിക്കയുംചെയ്യും. സകല സങ്കല്പവും നിലയ്ക്കുന്ന സ്ഥാനത്തു അതു നിങ്ങളെ എത്തിക്കും. അതു ഭാഷ — സംസാരം — അസ്തമിക്കുന്ന സ്ഥാനമാണു്; ആ അവര്ണ്ണനീയസ്ഥാനത്തു് അതു നിങ്ങളെ നയിച്ചു് എത്തിക്കുന്നു.

## ആക്ഷേപം II.

"സകലബോധവും നിലയ്ക്കുകയും, സകല ചിന്തയും അവസാനിക്കയും, ചെയ്യുന്ന ഒരു ബോധാതീതാവസ്ഥയിൽ കൊണ്ടുപോയി നമ്മെ പ്രതിഷ്ഠിക്കുമ്പോൾ, അതു് ഒരു ശൂന്യാവസ്ഥ—ഒരു പൊള്ളയായസ്ഥിതി—നിർബ്ബോധാവസ്ഥ—അല്ലയോ? ബോധരഹിതമായ ഒരു നിലയിൽ എത്താൻവേണ്ടി ഈ കഷ്ടപ്പാടെല്ലാം സഹിക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനം? നമുക്കു് അതു് ആവശ്യമില്ല."

ഈ പൂർവ്വപക്ഷത്തിനു വേദാന്തം ഉത്തരം പറയുന്നു:—"സഹോദരാ! പോരാ, എന്റെ സ്വന്തആത്മാവേ! കുറച്ചാലോചിക്കുക; പരിഭ്രമിക്കരുതു്. ഈ സാക്ഷാത്കാരാവസ്ഥയും, മോഹാലസ്യമോ പാരവശ്യമോകൊണ്ടുണ്ടാകുന്ന നിർബ്ബോധാവസ്ഥയും തമ്മിൽ അജഗജാന്തരമുണ്ടു്. ഒരു കാര്യം രണ്ടിനും പൊതുവാണു്; രണ്ടിലും ചിന്തനിന്നുപോകുന്നു. മോഹാലസ്യത്തിൽ ചിന്ത നശിക്കുന്നു; സമാധിയിൽ അഥവാ സാക്ഷാത്കാരാവസ്ഥയിലും ചിന്ത നശിക്കുന്നു. എങ്കിലും, ഇതു രണ്ടുംതമ്മിൽ ഒരു ലോകത്തിന്റെതന്നെ അന്തരമുണ്ടു്.

മോഹാലസ്യത്തിൽ ചിന്ത നിവർത്തിച്ചു; അതുനിന്നു. ഈ ചിന്താസമാപ്തിമൂലം പ്രവൃത്തിരാഹിത്യത്തിന്റെ ആധിക്യവും ഉണ്ടായി. ഇതിനാൽ മോഹാലസ്യവുംവന്നു. മോഹാലസ്യത്തിൽ പ്രവൃത്തിയുടെ അഭാവംകൊണ്ടു ചിന്ത നശിക്കുന്നു. അതു ഏതാണ്ടു മരണത്തോടു സമാനമാണു് എന്നാൽ സമാധിസ്ഥിതിയിൽ അഥവാ സാക്ഷാല്ക്കാരാവസ്ഥയിൽ സമസ്തഓജസ്സും, ശാന്തിയും, ജ്ഞാനവും, ആനന്ദവുംആണു് അനുഭവപ്പെടുന്നതു്.

പ്രകാശത്തിന്റെ അഭാവാവസ്ഥയാണു് ഇരുട്ടു് എന്നു നിങ്ങൾക്കറിയാം. വളരെക്കുറച്ചുപ്രകാശമുള്ള ഒരു മുറിയിൽ ചെന്നാൽ നമുക്കു് ഒന്നും കാണ്മാൻ തരമില്ല. പ്രകാശത്തിന്റെ അത്യന്താധിക്യവും മനുഷ്യദൃഷ്ടിയുടെ പ്രയോഗസരണിയിൽ കേവലം ഇരുട്ടുപോലെതന്നെയാണു്. നട്ടുച്ചയ്ക്കു ജ്വലിക്കുന്ന സൂര്യനിൽ നിങ്ങ

ൾക്ക നോക്കാൻ കഴിയുമോ! ഇന്നത്തെക്കാൾ സൂര്യന്റെ പ്രകാശം അധികതരമാണെങ്കിൽ, അതു പത്തിരട്ടി വർദ്ധിപ്പിച്ചാൽ ഒരു മനുഷ്യനും ഒന്നും കാണാൻ തരമില്ലാതാകും. പ്രകാശത്തെ പ്രത്യേക വിധത്തിൽ കേന്ദ്രീകരിക്കുന്ന സംഭവങ്ങളെപ്പററി (Polarisation) സയൻസു പറയുന്നു. രണ്ടു എതിർവശങ്ങളിൽനിന്നു രണ്ടുപ്രകാശകിരണ വ്യൂഹങ്ങൾവന്നാൽ, മനുഷ്യചക്ഷുസ്സുകൾക്ക കാണാൻ പാടില്ലാതാകും. അവിടെ തമസ്സുതന്നെയാണു്. മനുഷ്യദൃഷ്ടിക്ക പ്രകാശാധിക്യം വെറും ഇരുട്ടാണു്. അതുപോലെ പ്രകാശത്തിന്റെ അഭാവവും ഇരുട്ടാണു്. പ്രകാശാഭാവംകൊണ്ടുള്ള ഇരുട്ട ഒന്നു്; പ്രകാശാധിക്യംകൊണ്ടുള്ള ഇരുട്ട മറെറാന്നു്.

അതുപോലെ സമാധിയിലെ ചിന്താസമാപ്തി, മോഹാലസ്യത്തിലേയോ, സുഷുപ്തിയിലേയോ ചിന്താസമാപ്തിക്ക എതിരാണു്. ഭാവിഫലങ്ങളെക്കൊണ്ടു രണ്ടിന്റെയും വ്യത്യാസം നാം പരിഗണിക്കുന്നു.

ഒരാൾ ഒരു അപസ്മാരബാധകൊണ്ടു വലയുന്നു; അതിന്റെ ഞെട്ടൽകൊണ്ടു അയാൾ ക്ഷീണിച്ചു, ബലഹീനനായി; അവശനായി നഷ്ടപ്പെടുന്നു. എന്നാൽ ആ ഞെട്ടൽ സഹിച്ചപ്പോൾ അയാൾ ബോധഹീനനായിരുന്നു.

വേറൊരാൾ സാക്ഷാൽക്കാരാവസ്ഥയിൽ അഥവാ സമാധിയിൽ പ്രവേശിക്കുന്നു. മാനസികവൃത്തികളെല്ലാം തൽക്കാലംനിന്നു: ഇവിടെ ചിന്താസമാപ്തി അപസ്മാരബാധിതന്റെ ചിന്താസമാപ്തി പോലെതന്നെയാണു്. എന്നാൽ വ്യത്യാസം ഗൗനിക്കുക. അപസ്മാരബാധിതൻ പിന്നീടു ക്ഷീണനും, അവശനും, വലഞ്ഞവനും ആയി കാണപ്പെടും; എന്നാൽ സമാധിയാകുന്ന ആഹ്ലാദകരമായ പർവ്വതാഗ്രങ്ങളിൽനിന്നും താഴെയിറങ്ങിവരുന്നവനാകട്ടെ, ഈ പരമാനന്ദസ്ഥിതി വിട്ടതിനുശേഷം ഓജോരാശിയും, പൂർണ്ണശക്തനും, ആനന്ദവാരിധിയും ജ്ഞാനഭണ്ഡാഗാരവും ആണു്. അവനു് അന്യന്മാരെ ചികിത്സിക്കയും, ബലപ്പെടുത്തുകയും, എല്ലാം ചെയ്യാൻ കഴിവുണ്ടു്; അന്യരെ ഉയർത്തുകയും ഉദ്ധരിക്കയും ചെയ്യാം; താൻ തീരെ ക്ഷീണിതനോ ദുർബ്ബലനോ ആകുന്നതുമല്ല. അതിനാൽ വേദാന്തസാക്ഷാൽക്കാരത്തിലുള്ള വിചാരസമാപ്തിയും, മോഹാലസ്യത്തിലോ, അപസ്മാരാവേശത്തിലോ ഉള്ള ചിന്താനാശാവസ്ഥയും തമ്മിൽ ഉത്തര ദക്ഷിണധ്രുവതാരതമ്യംതന്നെയുണ്ടെന്നു നിങ്ങൾക്ക കാണാം.

## ആക്ഷേപം III.

"ഞങ്ങൾക്കു ജീവൻവേണം എന്നു ഞങ്ങൾ പറയുന്നു; ഞങ്ങൾക്കു ജീവൻ വേണം, പ്രവൃത്തിരഹിതാവസ്ഥ (അലസത) ഞങ്ങൾക്കാവശ്യമില്ല."

വേദാന്തം പറയുന്നു:—"പ്രവൃത്തിരഹിതനായിരിക്കരുതു്, അദ്ധ്വാനിച്ചുകൊണ്ടിരിക്കുക, നിൎത്തരുതു്." സത്യം ബഹുപരസ്പരവിരുദ്ധമാണു്. ഇരുവശവും പരിഗണിക്കണം. വേദാന്തം ശോകാത്മകതത്വമാണു് അനുശാസിക്കുന്നതെന്നു ചിന്തിക്കുന്നവൎക്കു തെററിപ്പോയി. പ്രപഞ്ചം മുഴുവനും നിങ്ങളുടെ നിയന്ത്രണത്തിൽ നിൎത്തുവാനുള്ള മാൎഗ്ഗത്തിൽ—നിങ്ങൾ സ്വയം സ്വീകരിക്കാനുള്ള പദ്ധതിയിൽ നിങ്ങളെ പ്രതിഷ്ഠിക്കണമെന്നു വേദാന്തം പഠിപ്പിക്കുന്നു.

കൎമ്മനിൎവ്വഹണപ്രശ്നം (കാമപ്രശ്നം) നമുക്കു പൎയ്യാലോചിക്കാം.

നിങ്ങൾ നിഷ്ക്രിയാവസ്ഥയിൽ ജീവിക്കണമെന്നു വേദാന്തം വിവക്ഷിക്കുന്നില്ല, ഒരിക്കലുമില്ല. നേരെമറിച്ചു് എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കണമെന്നാണു് അതു പറയുന്നതു്. വേദാന്തശാസനങ്ങൾ അനുസരിച്ചു് ഒരുത്തൻെറ കാമങ്ങൾ എല്ലാം യുക്തം തന്നെ. എന്നാൽ നാം അവയെ ശരിക്കു പ്രയോജനപ്പെടുത്തണം. കാമമെന്നാൽ എന്താണു്? അതു പ്രേമമല്ലാതെ വേറെ യാതൊന്നുമല്ല. സാധാരണ പ്രേമം എന്നാൽ ഒരു സാധനത്തിനുവേണ്ടിയുള്ള പ്രബലമായ കാമമാണു്. ഒരു പദാൎത്ഥത്തിനായിട്ടുള്ള പ്രബലമായ ആഗ്രഹമാണു് പ്രേമം എന്നാൽ. എല്ലാ കാമവും പ്രേമമല്ലാതെ മറെറാന്നല്ല. ഈശ്വരൻ പ്രേമമാണെന്നു പറയപ്പെടുന്നു. അതിനാൽ സകല കാമങ്ങളും ഈശ്വരനുമത്രേ. അതു സത്യമായിരിക്കെ, തൻെറ ജീവൻ സമസ്തവും കാമവുമായി ഐക്യപ്പെട്ടു് ഇരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ടു്, താൻതന്നെ, തൻെറ സ്വന്താത്മാവുതന്നെ, ഈ പ്രപഞ്ചത്തിൽ കാമസ്വരൂപിയായി വൎത്തിക്കുന്നുവെന്നും, അതിനെ ഭരിക്കയും നയിക്കയും ചെയ്യുന്നുവെന്നും, സാക്ഷാൽക്കരിക്കുന്ന മനുഷ്യൻ എന്തുമാത്രം സുഖപൂൎണ്ണനാണു? തൻെറയും, കാമത്തിൻെറ സൎവ്വംഭരണശക്തിയുടെയും തമ്മിലുള്ള സാത്മ്യം—ഐക്യം—സാക്ഷാൽക്കരിച്ചു്, "ഞാൻ സമസ്ത കാമത്തിൻെറയും ഉല്പത്തിസ്ഥാനമാണു്" എന്നു ബോദ്ധ്യപ്പെടുന്ന മനുഷ്യൻ എത്ര ആനന്ദപൂൎണ്ണനാണു്? "സൎവ്വ കാമവും ഞാൻമൂലമാണു", പ്രപഞ്ചത്തിലെ കാമസൎവ്വസ്വത്തിൻെറയും പിതാവും, ഉത്ഭവവും, ഉറവസ്ഥാനവും, ചൈതന്യവും ഞാനാണു്. അങ്ങിനെ കാമമാകുന്ന കടിഞ്ഞാൺ പിടിച്ചുകൊണ്ടു ഞാൻ പ്രപഞ്ചംമുഴുക്കെ

ഭരിക്കുന്നു. കടിഞ്ഞാൺ എന്റെ കൈയിലാണ്; ഞാൻ ഈ കടിഞ്ഞാണെല്ലാം പിടിക്കുന്നു. ഞാനീശരീരങ്ങളെല്ലാം നയിക്കുന്നു. ആ സ്ഥാനം പ്രാപിക്കുമ്പോൾ സകല ദ്വേഷവും, വിരോധവും നിലയ്ക്കുന്നു. മിത്രങ്ങളുടെയും, അമിത്രങ്ങളുടെയും കാമങ്ങൾ എന്റെ കാമങ്ങൾ ആണ്. ഈ കാമങ്ങളെ ഭരിക്കയും നയിക്കയും ചെയ്യുന്ന അപരിമേയശക്തി ഞാനാണ്. ഈ മനുഷ്യന്റെയോ, ആ മനുഷ്യന്റെയോ മോഹങ്ങളും, ആഗ്രഹങ്ങളും എന്റേതാണ്. പരമാത്മാത്മാവും, മുഴപ്രപഞ്ചത്തിന്റെയും ഭരണാധികാരിയും ആയ ഞാൻ എന്തു ഭാഗ്യവാൻ! എന്തു് അനുഗ്രഹിതൻ! എന്തു് ആനന്ദരൂപൻ! ഹാ! എന്തു സുഖശാലി!

ജനങ്ങൾ കാമങ്ങളെ ദുരുപയോഗം ചെയ്യുന്നു. അവർ സംഗതികളെ കീഴ്മേൽ മറിക്കുന്നു. കാമം പ്രേമവും, പ്രേമം ഈശ്വരനും ആണെങ്കിൽ, നിങ്ങൾ സകല കാമവും ആണ് എന്നു സാക്ഷാൽക്കരിക്കാൻ വേദാന്തം ആവശ്യപ്പെടുന്നു. എന്നാൽ അതിനെ ദുർവിനിയോഗപ്പെടുത്തരുത്. ഒരു കാമം നിങ്ങളുടെയും. ശേഷമെല്ലാം മററുള്ളവരുടെയും ആണെന്നു പരിഗണിച്ച് അബദ്ധം ചെയ്യരുതു. ഒന്നിനെതിരായി മറെറാന്നു പ്രവത്തിക്കുമ്പോൾ കാമങ്ങൾ ദുഷ്ടങ്ങളാണ്; ചീത്തയാണ്. ഏകവും അദ്വൈതവുമായ പ്രേമസമുദ്രത്തിൽ ഉള്ള തിരകളും, ഓളങ്ങളുംപോലെയാണ് കാമങ്ങൾ. പ്രപഞ്ചമശേഷം അപരിമേയമായ ഒരു പ്രേമവാരാന്നിധിയാണ്; അതിനെ പ്രേമം എന്നു നിങ്ങൾക്കു വിളിക്കാവുന്നതാണ്. നക്ഷത്രങ്ങളെ ആകർഷണശക്തി ബന്ധിച്ചുനിത്തുന്നു; ആകർഷണശക്തിയാണ്; അതു പ്രേമമാണ്. രസായനികാകർഷണം മൂലം സകല രസായനസംഘടനകളും സംഭവിക്കുന്നു. അതു് അണുക്കൾ തമ്മിലുള്ള പ്രേമശക്തിയാണ്. അണുക്കൾ തമ്മിലുള്ള പ്രേമത്തിനാണ് ആണവാകർഷണം (Affinity) എന്നു പറയുന്നതു്. ഒരു ഗ്രഹവും വേറൊരു ഗ്രഹവും തമ്മിലുള്ള പ്രേമത്തിനു ഗ്രാഹികാകർഷണം (Gravitation) എന്നു പറയുന്നു. ഈ പുസ്തകം സംഘടനശക്തികൊണ്ടു നിബന്ധിക്കപ്പെട്ടിരിക്കുന്നു. സംഘടനാശക്തിയും പ്രേമമാണ്.

ലോകം നിശ്ശേഷം പ്രേമസമുദ്രത്തിലെ തിരകളും, വീചകളും പോലെയാണ്. സയൻസും, കെൽവിൻപ്രഭുവും * മററും കണ്ടുപിടിച്ചതു് "സകല ഭൌതികവസ്തുവും ഓജസ്സല്ലാതെ വേറൊന്നും അല്ല" എന്നാണ്; ഇതു തെളിയിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രപഞ്ചത്തിൽ ഓജസ്സ് പ്രധാനമായി പ്രത്യക്ഷപ്പെടുന്നതു് ഗ്രഹാകർഷണ

* സുപ്രസിദ്ധനായ ഒരു സയൻസുകാരൻ.

ശക്തി, സംഘടനശക്തി, രസായനികാകർഷണം, വിദ്യുച്ഛക്തി അയസ്കാന്തശക്തി, പ്രകാശം, ഉഷ്ണാവ്, മുതലായതു് ആയിട്ടാണു്

കാന്തശക്തിയിലും, വിദ്യുച്ഛക്തിയിലും എന്താണുള്ളതു്? ആകർഷണമുണ്ടു്. ഉഷ്ണാവു പദാർത്ഥങ്ങളെ പ്രത്യക്ഷത്തിൽ വേർപെടുത്തുന്നതായി കാണപ്പെടുന്നു; അംശങ്ങളെ വേർപെടുത്തുന്നതായി തോന്നുന്നു; എന്നാൽ വേറൊരു സ്ഥാനത്തുനിന്നു ഭൗതികവസ്തുവിനെ നോക്കിക്കൊണ്ടു്, ഒരു സ്ഥാനത്തെ ഛിദ്രീകരണം അഥവാ വേർതിരിക്കൽ, മറെറാരു സ്ഥാനത്തെ ആകർഷണവും, പ്രേമവും ആണെന്നു സയൻസ് തെളിയിക്കുന്നു.

പ്രപഞ്ചമൊക്കെ ഓജസ്സമുദ്രത്തിലെ വീചീപരമ്പരകളും, ചുഴലികളും, മലരികളും മാത്രമാണു്. ആ ശക്തി—ആ ചൈതന്യം—വേദാന്തപ്രകാരം നിങ്ങളുടെ യഥാർത്ഥാത്മാവത്രെ. നിങ്ങൾ അതാണു്. അതു് അനുഭവിക്കുക. അതേ ശക്തിയും, ചൈതന്യവും ആണു് പ്രേമമെന്നു വിളിക്കപ്പെടുന്നതു്.

ഡാർവിൻ മുതലായ പരിണാമവാദികൾ ജീവിതമത്സരത്തെ ആസ്പദമാക്കി സ്ഥാപിച്ചിട്ടുള്ള സിദ്ധാന്തത്തെ, ഡ്രമൺഡ് എന്നയാൾപോലുള്ള ചിന്തകന്മാർ പൂർത്തികരിക്കയും, ഉൽകൃഷ്ടീകരിക്കയും ചെയ്യുന്നു പരിണാമം മത്സരവും പോരുംകൊണ്ടു മാത്രമല്ലാ സംഭവിക്കുന്നതെന്നും, എന്നാൽ പ്രായേണ പ്രേമവും, ചാരിത്രവും, ആകർഷണവുംമുഖേനയാണു സംഭവിക്കുന്നതെന്നും അവർ കാണിക്കുന്നു.

കാമം നിഖിലവും പ്രേമമാണു്, പ്രേമം ഈശ്വരനാണു്; ആ ഈശ്വരൻ നിങ്ങൾ ആണു്. അതുമായിട്ടു നിങ്ങൾക്കുള്ള ഏകത്വം പ്രാപിക്കുക; നിങ്ങൾ അപ്പോൾ എല്ലാററിനും ഉപരിനില്ക്കുന്നു. ഈ തരംഗങ്ങളും മലരികളും ചുഴലികളും കാണപ്പെടുന്നതു ഏതു സമുദ്രത്തിലാണോ, ആ സമുദ്രവും ഈ കാമവീചികളും തിരകളുംകൂടെയും ഭിന്നമാണെന്നു ജനങ്ങൾ പരിഗണിക്കുന്നു.

ദൃഷ്ടാന്തത്തിനു്, ഇതാ! ഇവിടെ ഒരു തടാകമുണ്ടെന്നു ഇരിക്കട്ടെ. നാം പറയുന്നു:—"കുഞ്ഞേ! വരൂ! നോക്കൂ! ഇതാ! ഒരു അഴകുള്ള ശാന്തമായ തടാകം!" കുറെ കഴിഞ്ഞു് ഒരു വലിയ കാററു വരുന്നു. ശാന്തമായി ഇളകാതെകിടന്ന തടാകത്തിൻെറ മേൽതലത്തിൽ ചില ഓളങ്ങളും തിരകളും കല്ലോലങ്ങളും എല്ലാം ഉണ്ടായി. നിങ്ങൾ അപ്പോൾ പറയുന്നു:—"കുഞ്ഞേ! നോക്കൂ! ഇതാ! തിരമാലകൾ, ഓളങ്ങൾ!" ശാന്തജലത്തിൻെറ കാര്യം നാം മറന്നു; തടാ

കത്തിൻെറ പുതിയ രൂപങ്ങളെ മാത്രമേ നാം ചിന്തിക്കുന്നുള്ളൂ. ഈ തരംഗങ്ങളും തിരമാലകളും ഉള്ളപ്പോൾ പോലും തടാകം ജലം തന്നെയാണ്, തരംഗങ്ങൾ തടാകത്തിലെ ജലംതന്നെയുമാണ്.

തടാകത്തിൻെറ ഉപരിതലം ശാന്തമായിരുന്നപ്പോൾ ജലമുണ്ടായിരുന്നു; അവിടം ഇളകി ശാന്തിരഹിതവും, ചപലവും ആയപ്പോഴും ജലംതന്നെയാണുള്ളത്; എന്നാൽ പുതിയ രൂപങ്ങളും തിരകളും അവിടെ ഉണ്ടായി. ജലം കാണാൻ നാം കുഞ്ഞിനെ ക്ഷണിക്കുന്നില്ല; തിരകളും ഓളങ്ങളും കാണ്മാൻ അതിനെ വിളിക്കുന്നു. ഇവിടെ തിരമാലകൾ ജലത്തിനു ഒരു പുതിയ ആകൃതി കൊടുത്തു. വീചികളും, തരംഗങ്ങളും തടാകത്തെയും ജലത്തെയും മറച്ചുകളഞ്ഞു. തരംഗചിന്ത തടാകചിന്തയെ അഥവാ ജലചിന്തയെ മറച്ചുവെച്ചുകളഞ്ഞു. അതുപോലെ, മനുഷ്യരുടെ വിഷയത്തിൽ, കാമങ്ങൾ ഒരുതരം തരംഗങ്ങൾ—വെറുംരൂപങ്ങൾ—മാത്രമാണ്. കാമരൂപം പരമാർത്ഥചിന്തയെ മറച്ചുവെച്ചു. അതായത് പരമാർത്ഥത്തെ രൂപം കീഴ്പ്പെടുത്തിക്കളഞ്ഞു. ഈ സ്വരൂപത്തെക്കുറിച്ചു ചിന്തിക്കാൻ വേദാന്തം നിങ്ങളെ ആഹ്വാനം ചെയ്യുന്നു; അതിനെ വിഗണിക്കാൻ പറയുന്നില്ല. എന്നാൽ തിരയുടെ രൂപത്തെ പര്യാലോചിക്കുമ്പോൾ, അതിൽ അന്തർല്ലീനമായ പരമാർത്ഥതത്ത്വത്തെ വിട്ടുകളയരുത്. ഒരുത്തൻ പ്രതികാരം ചെയ്യുമ്പോൾ, നിങ്ങൾക്ക് അയാളോടു വെറുപ്പുതോന്നുന്നു. നിങ്ങൾ മരണകരമായ മുറിവിനു തുല്യം അതിനെ പരിഗണിക്കുന്നു. നിയമം ബോധ്യപ്പെടുക. അതെന്താണ്? നിങ്ങൾ നിങ്ങളുടെ മനസ്സിനെ പ്രകൃതിയുമായിട്ടുള്ള രമ്യഭാവത്തിൽനിന്നു ഭ്രംശിപ്പിച്ചുവെന്നും, ആ മനുഷ്യൻ വന്ന് നിങ്ങൾ പ്രകൃതിയുമായി ഭിന്നിച്ചിരിക്കുന്നുവെന്നു കാണിച്ചുതന്നുവെന്നും ഉള്ളതാണ് നിയമം. നിങ്ങളെത്തന്നെ ചികിത്സിക്കുക, ആ മനുഷ്യൻ നിങ്ങളെ വെറുപ്പിക്കയില്ല. മതപ്രമാണികൾ സ്വീകരിക്കേണ്ട നിയമം അതാണ്. നിങ്ങൾ ഭഗ്നാശതയിലോ, പ്രകൃതിയുമായിട്ടുള്ള യുദ്ധത്തിലോ പതിക്കുന്ന ആ നിമിഷത്തിൽ, ലോകം അശേഷവും എഴുന്നേററു നിങ്ങൾക്കെതിരായി നിലകൊള്ളുന്നു.

മനസ്സമാധാനം പുലർത്താൻ പരിശീലിക്കുക, മനസ്സിനെ ശുദ്ധവിചാരങ്ങൾകൊണ്ടു നിറയ്ക്കുക, ആക്ഷം നിങ്ങൾക്കെതിരായി നില്ക്കാൻ പററുകയില്ല. അതാണ് നിയമം. വേദാന്തം പറയുന്നു:— "നിങ്ങളുടെ സ്വന്തം കാമങ്ങളെയോ അന്യരുടെ കാമങ്ങളെയോ ദുർവിനിയോഗപ്പെടുത്തരുത്." നിങ്ങളുടെ മനസ്സമാധാനം സൂക്ഷിക്കാമെങ്കിൽ, നിങ്ങളുടെ മനസ്സിൽ ഉദിക്കുന്ന സകല കാമങ്ങളും നി

ങ്ങരംക്കു ജയിക്കാം; അവ ഏററവും സംശയരഹിതമായി മാഞ്ഞുമറയും. അവയോടു ശരിയായ മനോഭാവം അവലംബിക്കുമ്പോരം, ഇതു യഥാകാലം അത്യത്ഭുതകരമായവിധം ബോദ്ധ്യപ്പെട്ടും. നിങ്ങളുടെ സ്വന്തകാമങ്ങളോടു ശരിയായ മനോഭാവം പാലിക്കായ്കയാലാണു് നിങ്ങരം കാര്യങ്ങളെ കീഴ്മേൽ മറിച്ചു അനാശാസ്യഫലങ്ങളെ ഉല്പാദിപ്പിക്കുന്നതു്.

ഈ കാമങ്ങളെക്കൊണ്ടു് ശരിയായ പ്രയോജനം എടുക്കുക. അതെങ്ങനെ സാധിക്കാം? നമുക്കു ഒരു ദൃഷ്ടാന്തം എടുക്കാം. ഇതാ! ഒരു മനുഷ്യൻ കുതിരപ്പുറത്തു ഒരു ദൂരസ്ഥലത്തേയ്ക്കു സവാരിചെയ്യുന്നു. കുതിര ക്ഷീണിച്ചിരിക്കുന്നതായി തോന്നുന്നു; മനുഷ്യൻ കുതിരയ്ക്കു തീററി കൊടുക്കണം. എന്നാൽ കുതിരയുടെ വിശപ്പോ ക്ഷീണമോ അവൻ തന്നിലേയ്ക്കു ആരോപിക്കുന്നില്ല. കുതിരയ്ക്കു വിശപ്പും ക്ഷീണവും ഉണ്ടെന്നു അവൻ അറിയുന്നു. അവൻ അതിന്റെ ആവശ്യങ്ങരം ശ്രദ്ധിക്കുന്നു. എന്നാൽ അതിന്റെ ക്ഷീണം തന്റെ ക്ഷീണമാണെന്നു് അവൻ പരിഗണിക്കുന്നില്ല. അവൻ കുതിരയെ പരിചരിക്കുന്നു; എന്നാൽ അവൻ സ്വയം അസ്വസ്ഥതയിലോ അസുഖത്തിലോ ആയിത്തീരുന്നില്ല.

ഒരു മുക്തപുരുഷനോ യഥാർത്ഥ വേദാന്തിയോ തന്റെ ശരീരത്തെ, കുതിരക്കാരൻ കുതിരയെ എന്നതുപോലെ, കരുതുന്നു. ശരീരം ക്ഷീണിക്കയോ, വയററിനു ഭക്ഷണമോ പാനീയമോ വേണ്ടിവരുകയോ ചെയ്താൽ അവൻ ശരീരത്തിനാവശ്യമായ ഭക്ഷണമോ പാനീയമോ കൊടുക്കുന്നുണ്ടു്. (അതു കിട്ടുന്നപക്ഷം). എന്നാൽ അവൻ സ്വയം ആ സമയത്തു ക്ഷുൽപിപാസകരംക്കു അതീതനായി നില്ക്കുന്നു ഇതു വിസ്മയകരമായ തത്വമാണെന്നു തോന്നാം എന്നാൽ നിങ്ങരം അതു അഭ്യസിക്കുമ്പോരം, അതിന്റെ മാഹാത്മ്യം ക്ഷണേന നിങ്ങരം അനുഭവിക്കും; അതു പ്രയോഗക്ഷമമത്രെ.

വിശപ്പും ദാഹവും ദേഹത്തിന്റേതാണു്. മനസ്സതു അറികയും ചെയ്യുന്നു. എന്നാൽ അവൻ തന്നത്താൻ—യഥാർത്ഥാത്മാവു്—അഖിന്നനും ശാന്തനും ആയിട്ടിരിക്കുന്നു. തന്റെ സ്വന്തം ദിവ്യത്വം—ഈശ്വരനായ ദിവ്യത്വം — അനുഭവപ്പെട്ടുത്തിയവൻ ശരീരത്തിന്റെ വിശപ്പോ, ക്ഷീണമോ, ദാഹംകൊണ്ടു ഖിന്നനോ അസ്വസ്ഥചിത്തനോ ആയിത്തീരുന്നില്ല. കുതിരയുടെ അവശതയോ, വിശപ്പോ സവാരിക്കാരനെ അസ്വസ്ഥനാക്കുന്നില്ല. അവൻ അതു് അറിയുന്നുണ്ടു്. എന്നാൽ അതു് അവനു വേദനയ്ക്കു കാരണമാകുന്നില്ല. അതുപോലെ, ശരീരത്തിന്റെ ചുററുപാടുകളും, സാ

ഛചയ്യങ്ങളും ചില വസ്തുക്കളെ ആവശ്യപ്പെടുന്നു. മനസ്സിനും, ബുദ്ധിക്കും ആത്മാവശ്യങ്ങളും, ധർമ്മങ്ങളും നിവ്വഹിക്കാൻ ആ വസ്തുക്കളെ വേണ്ടതാണു്. അവ കാമങ്ങൾപോലെയാണു്. ഈ മാനസികകാമങ്ങളെ ഒരു വേദാന്തി കാണുന്നുണ്ടു്; എന്നാൽ മനസ്സുകൊണ്ടു് അവയെ കണ്ടറിയുമ്പോൾപോലും, ഒരു മുക്തപുരുഷൻ തൻെറ തല വെള്ളത്തിനു മുകളിൽ ഉയർത്തിപ്പിടിക്കുന്നു; അവൻ കാമങ്ങൾക്കു് അതീതനാണു്. കാമം അവനു സങ്കടഹേതുവാകുന്നില്ല. ഒരു വൃക്ഷത്തിൻെറ ചുള്ളിക്കമ്പിൽ ഒരു പക്ഷി ഓടിവന്നു അല്പനേരം ഇരിക്കുമ്പോൾ, വൃക്ഷത്തിൻെറ കമ്പു കാററുകൊണ്ടു് അങ്ങുമിങ്ങും ആടുന്നുണ്ടെങ്കിലും, അപ്രകാരം ആടുന്നുണ്ടെന്നു അതിനു് അറിയാമെങ്കിലും, അതിനെപ്പററി ലേശവും ഗൌനിക്കയോ, പേടിക്കയോ ചെയ്യാതെ, അതു സ്വസ്ഥമായിരുന്നു പാടുന്നതുപോലെ, കൊമ്പു മുറിഞ്ഞുപോയാലും, താഴെ വീണാലും അതിനു ചിറകുണ്ടെന്നു് അതു് അറിയുകയും, അതു സദാ അതിൻെറ ചിറകിൽ നില്ക്കുകയും ചെയ്യുന്നതുപോലെയാണിതു്. അതു വൃക്ഷക്കൊമ്പിൽ ഇരിക്കുന്നുവെങ്കിലും, അതു് എന്നിട്ടും അതിനുപരിയാണു നില്ക്കുന്നതു്. ആരെങ്കിലും നോക്കിയാൽ അതു കൊമ്പിനെയാണു ആശ്രയിച്ചിരിക്കുന്നതു് എന്നു തോന്നും. എന്നാൽ വാസ്തവത്തിൽ അതു കൊമ്പിനും ഉപരിയാണു്. അതുപോലെ, സാധാരണക്കരുടെ മട്ടിലുള്ള കാമങ്ങൾ വേദാന്തികൾക്കും ഉണ്ടെന്നു തോന്നാം. എങ്കിലും അവർ അവയ്ക്കതീതരാണു്. ഒരു കാമവസ്തു നഷ്ടപ്പെടുമ്പോൾ ഒരു വേദാന്തിക്കു സങ്കടമോ, താപമോ ഉണ്ടാകുന്നില്ല. ഒരു കാമവസ്തു പൊയ്പ്പോകുമ്പോൾ, സകലവിധ കാമങ്ങളുമുൾക്കൊള്ളുന്ന സാധാരണ മനുഷ്യർ നെടുവീർപ്പു വിടാനും കരയാനും തുടങ്ങുന്നു; എന്തെന്നാൽ അവർ അതിനെ താങ്ങി ആശ്രയിച്ചു ഇരിക്കുന്നവരാണു്. വേദാന്തി അതിനെ ആശ്രയിച്ചിരിക്കുന്നില്ല.

ഇവിടെ ഒരു പെൻസിൽ ഇതാ! അതു് ഒരു മനുഷ്യൻെറ വകയാണു്. അതു നഷ്ടപ്പെട്ടുപോയാൽ നിങ്ങൾക്കു സങ്കടം തോന്നുമോ? ഇല്ലാ. നിങ്ങൾ അതു അന്വേഷിച്ചേക്കാം. എന്നാൽ അതു കിട്ടിയില്ലെങ്കിൽ അതു നിങ്ങൾ ഗണ്യമാക്കുന്നില്ല, എന്നാൽ നിങ്ങൾക്കു 5000 ഡോളർ നഷ്ടപ്പെടുന്നുവെന്നിരിക്കട്ടെ. അയ്യോ! അതു നിങ്ങളുടെ ഹൃദയം പിളക്കും! നിങ്ങൾ നഷ്ടപ്പെട്ട പെൻസിലും അന്വേഷിക്കും, നഷ്ടപ്പെട്ട 5000 ഡോളറും അന്വേഷിക്കും. എന്നാൽ തേടുന്നവിധത്തിൽ അജഗജാന്തരമുണ്ടു്. ഹൃദയവേദനയോടെയാണു് 5000 ഡോളർ തിരയുന്നതു്. എന്നാൽ പെൻസിൽ അങ്ങനെ തിരയുന്നില്ല. ഒരു വേദാന്തിയ്ക്കു 5000 ഡോള

റിൻെറ നാശം പെൻസിലിൻെറ നാശംപോലെതന്നെയാണ്, ഭേദമില്ല. നമുക്കു ഒരു കഥകൊണ്ടു ഇതു ഉദാഹരിക്കാം.

ഇൻഡ്യായിൽ ഒരു വലിയ നഗരത്തിലെ തെരുവുകളിൽ ഒരു സന്യാസി സഞ്ചരിക്കയായിരുന്നു. ഒരു സ്ത്രീ അദ്ദേഹത്തിനെ സമീപിച്ച് അദ്ദേഹം തൻെറ വീട്ടിൽ ചെല്ലണമെന്നു അപേക്ഷിച്ചു. തൻെറ ഗൃഹം അദ്ദേഹം സന്ദർശിക്കണമെന്നു അവൾ കേണു് ക്ഷണിച്ചു. അദ്ദേഹം അവളുടെകൂടെ പോയി. വീട്ടിൽ ചെന്നപ്പോൾ അവൾ അദ്ദേഹത്തിനു ഒരു പാത്രം പാൽ കുടിക്കാൻ കൊടുത്തു. പാൽ ഒരു കലത്തിൽ തിളച്ചുകൊണ്ടു കിടക്കുകയായിരുന്നു. ധാരാളം പാൽപ്പാട കലത്തിൻെറ ഉള്ളിൽ മുകളിൽ കൂടിനിന്നിരുന്നു. പാൽ ചെറുപാത്രത്തിലേയ്ക്കു പകന്നപ്പോൾ പാടയെല്ലാം കൂടി ആ പാത്രത്തിലേയ്ക്കു വീണുപോയി. ഇൻഡ്യായിൽ സ്ത്രീകൾ പാൽപ്പാട കൈവിട്ടുകളയാൻ ഇഷ്ടപ്പെടുന്നില്ല. അവൾക്കതുകൊണ്ടു് കുറെ വിഷമം തോന്നി. ഈ നല്ല പാടയെല്ലാം പാത്രത്തിലേയ്ക്കു വീണല്ലോ എന്നു വിചാരിച്ചു് അവൾക്കു വല്ലായ്മ തോന്നി. അവൾ പെട്ടെന്നു് ഞെട്ടി; "അഹോ! കഷ്ടം! കഷ്ടം!" എന്നു അറിയാതെ അവൾ വിളിച്ചുപറഞ്ഞുപോയി അവൾ പിന്നീടു പഞ്ചസാരയുംചേർത്തു പാത്രംനിറയെ മനോഹരമായ പാൽ സന്യാസിക്കു കുടിക്കാൻ കൊണ്ടുപോയി കൊടുത്തു. അദ്ദേഹം അതു കയ്യിൽ മേടിച്ചു മേശപ്പുറത്തു വെച്ചുംവെച്ചു് ഏതാണ്ടെല്ലാം സംസാരിച്ചുതുടങ്ങി. ചൂടിൻെറ കൂടുതൽകൊണ്ടാണു് അദ്ദേഹം പാൽ കുടിക്കാത്തതെന്നു സ്ത്രീ വിചാരിച്ചു. ഒടുക്കം അദ്ദേഹം അവളുടെ വീട്ടിൽനിന്നു ഇറങ്ങാൻ തയ്യാറായി. അപ്പോൾ അവൾ പറഞ്ഞു:–"അല്ലയോ! സ്വാമി! ഈ പാൽ കുടിച്ചു് എന്നെ അനുഗ്രഹിക്കയില്ലയോ?" ഇൻഡ്യായിൽ സ്ത്രീകളെ സദാ "ദേവി" എന്നാണു വിളിക്കുന്നതു്. സന്യാസി മറുപടി പറഞ്ഞു:—"ഹേ! ദേവി! അതു് ഒരു സന്യാസിക്കു തൊടാൻ കൊള്ളുന്നതല്ല". അവൾ ചോദിച്ചു:- "എന്തുകൊണ്ടു്? എന്താണു കാരണം?." അദ്ദേഹം പ്രതിവചിച്ചു:–"നിങ്ങൾ പാൽ പകന്നു പഞ്ചസാരയും പാൽപ്പാടയും ചേർത്തതോടുകൂടി വേറെ ഏതാണ്ടുകൂടി അതിൽ ചേർത്തുവല്ലോ. "ഹാ! കഷ്ടം" കൂടി അതിൽ ചേർത്തു. ആ "ഹാ! കഷ്ടം!" ചേർത്ത പാൽ ഞാൻ കുടിക്കയില്ല." അവൾ തീരെലജ്ജിച്ചുപോകയും സന്യാസി വീട്ടിൽ നിന്നിറങ്ങിപ്പോകയും ചെയ്തു.

ആ പാൽ സന്യാസിക്കു കൊടുത്തതു നന്നായിരുന്നു. എന്നാൽ "ഹാ! കഷ്ടം" കൂടി ചേർത്തതു തെററായിപ്പോയി. അതുപോലെ, വേദാന്തം പറയുന്നു:—"വേല ചെയ്യുക; കാമങ്ങളെ വഹി

ക്കുക; എന്നാൽ നിങ്ങൾ എന്തെങ്കിലും ചെയ്യുമ്പോൾ, നിങ്ങളുടെ ഹൃദയം എന്തിനു തകരുന്നു? അതു വരരുതു്. ഒരിക്കലും, ഒരിക്കലും അതു വേലയോടു കൂട്ടിച്ചേർക്കരുതു്. ജോലി ചെയ്യുക; എന്നാൽ അതു ശ്രദ്ധാരഹിതനെന്നതുപോലെ, ഗണ്യമാക്കാതെ പ്രവർത്തിക്കുക. മനഃസ്വാസ്ഥ്യം കൈവിട്ടുകളയരുതു്. സാഹചര്യങ്ങൾക്കനുരൂപമായി നില്ക്കുക; നിങ്ങൾ ശരിയായ ചൈതന്യത്തിൽ യോഗ്യമായ മനഃസ്ഥിതിയിൽ വേലചെയ്യുമ്പോൾ, നിങ്ങളുടെ പണിയെല്ലാം വിജയകരമായി ഭവിക്കുമെന്നും, അതു അത്യത്ഭുതകരവും വിസ്മയകരവുമായവിധം ആയിരിക്കുമെന്നും നിങ്ങൾ കാണും.

ഇനി നിങ്ങൾക്കു എങ്ങനെ നിങ്ങളുടെ നില യഥായുക്തം പരിപാലിക്കാം? എങ്ങനെ സമാധാനത്തിലും മനഃസാമ്യത്തിലും ഇരിക്കാം? ജനങ്ങൾക്കുള്ള വലിയ പ്രയാസം അവരുടെ ബന്ധങ്ങളും സമ്പർക്കങ്ങളും ശാസ്ത്രവിരുദ്ധവും (unscientific) അശുദ്ധവും അഴിഞ്ഞതും ആണെന്നുള്ളതത്രേ. നിങ്ങളുടെ ബന്ധങ്ങളും കെട്ടുപാടുകളും നിങ്ങൾക്കു സഹായകരമായിരിക്കണമെന്നും തടസ്സമായിരിക്കരുതെന്നും വേദാന്തം ഉപദേശിക്കുന്നു. നിങ്ങൾ ഈ ലോകത്തിൽ കണ്ടുമുട്ടുന്നതെല്ലാം ഒരു പ്രതികടമായിരിക്കാതെ ഉയരുന്നതിനുള്ള കല്പടികളായിരിക്കണം. തടസ്സങ്ങളെ കല്പടികളാക്കി രൂപാന്തരപ്പെടുത്തണം.

ഇതു് ഒരു ഇരുട്ടുമുറി ആയിരിക്കയും നാം അതിൽ പ്രവേശിക്കയുമാണെങ്കിൽ ആദ്യം നാം യാതൊന്നും കാണുന്നില്ല. ഇതു നിങ്ങൾക്കറിയാം. എന്നാൽ നാം ഇരുട്ടത്തു നോക്കിക്കൊണ്ടു നില്ക്കുമ്പോൾ ഇരുട്ടുമുറിയിലെ സാധനങ്ങൾ അല്പാല്പം കാണപ്പെടാൻ തുടങ്ങുന്നു. സൂക്ഷിച്ചുനോക്കുമ്പോൾ മുറിയിലെ സകല പദാർത്ഥങ്ങളും ദൃശ്യമാകുന്നു,

നിങ്ങളെ അന്ധീകരിക്കുന്ന—കുരുടന്മാരാക്കുന്ന—നിങ്ങളുടെ പരമാർത്ഥതയാകുന്ന ഈശ്വരനിൽനിന്നു നിങ്ങളെ മാററിനിർത്തുന്ന, ഈ ബന്ധങ്ങളിലെല്ലാംകൂടി സൂക്ഷിച്ചുനോക്കി പര്യവലോകനം ചെയ്തു്, നിഷ്കൃഷ്ടമായി വീക്ഷിച്ചാൽ അവ പ്രകാശസഞ്ചാരക്ഷമമാകുമെന്നു വേദാന്തം പ്രഖ്യാപിക്കുന്നു. അവയിൽക്കൂടി നിങ്ങൾക്കു കാണ്മാൻ കഴിയും. അവയ്ക്കു പിന്നിൽ ഈശ്വരത്വം കാണ്മാൻ സാധിക്കും. ഇതാദ്യം ആശ്ചര്യമായി തോന്നും; എന്നാൽ ക്രമേണ ഇതു് പ്രായോഗികമായിത്തീരും. നിങ്ങളുടെ സ്ഥാനം ക്രമപ്പെടുത്തിക്കൊണ്ടു്, ശരിയായവിധം വസ്തുതകളെ വീക്ഷിച്ചുകൊണ്ടു്, ഇരുന്നാൽ സകല ബന്ധങ്ങളും സമ്പർക്കങ്ങളും സ്ഫടികസദൃശം പ്രകാശഗമനക്ഷമങ്ങൾ ആയിത്തീരുന്നു. നമ്മുടെ കാഴ്ചയ്ക്കു അവ

തടസ്സമുണ്ടാക്കുന്നില്ല. ഇങ്ങനെ നിങ്ങളുടെ സ്ഥാനം ക്രമപ്പെടുത്തണമെന്നു വേദാന്തം ആവശ്യപ്പെടുന്നു. സകലതും പ്രകാശസഞ്ചാരക്ഷമമാകണം; തടസ്സമായിരിക്കരുതു്. മാത്രമല്ലാ, നിങ്ങൾ ശരിക്കു ഗ്രഹിക്കുകയാണെങ്കിൽ, അതിന്റെ ശാസനങ്ങളെ മനസ്സിലാക്കുന്നപക്ഷം വെറും കല്ലുകളെ പ്രകാശഗമനക്ഷമങ്ങളാക്കുക മാത്രമല്ല, മൂക്കുകണ്ണാടികളാക്കി രൂപാന്തരപ്പെടുത്തി കാഴ്ചയ്ക്കു സഹായികളാക്കി കൊണ്ടുവരാനും നിങ്ങൾക്കു സാധ്യമാണു്. തടസ്സമല്ലാതെ, കാഴ്ചയ്ക്കു ബലം വർദ്ധിപ്പിക്കുന്ന മൂക്കുകണ്ണാടികൾ! ഭൂതക്കണ്ണാടി കാഴ്ചയെ സഹായിക്കുന്നതാണു്, തടസ്സപ്പെടുത്തുന്നതല്ല.

ഒരു ടണ്ണോ അധികമോ ഭക്ഷ്യപദാർത്ഥങ്ങൾ ഒരു ആനയുടെ പുറത്തു കയററിവെച്ചാൽ, ആന അതു ചുമക്കണം; പ്രയാസം സഹിച്ചും ശക്തി ഉപയോഗിച്ചും ആന അതു് കൊണ്ടുനടക്കണം. ഒരു ടൺ അല്ലെങ്കിലും അതിലുംഅധികം പുല്ലോ വയ്ക്കോലോ ഇതാ! ആനപ്പുറത്തു കയററിയിരിക്കുന്നു. ഈ ഭാരം ആനയ്ക്കു ബുദ്ധിമുട്ടും കഷ്ടപ്പാടും ഉണ്ടാക്കുന്നതാണു്. എന്നാൽ ഈ ഭാരം ആന ഭക്ഷിച്ചു് തന്റെ ശരീരത്തോടു കൂട്ടിച്ചേർത്താൽ അതു ആനയ്ക്കു ബലഹേതുവായിത്തീരുകയില്ലേ? തീർച്ചയായും!

അതുകൊണ്ടു് ലോകത്തിലെ സകല ഭാരങ്ങളും അതുപോലെ —ഭാരമറിയാത്തതുപോലെ – ചുമലിൽ വഹിച്ചുകൊണ്ടുപോകാൻ വേദാന്തം നിങ്ങളോടുപദേശിക്കുന്നു. നിങ്ങൾ അവയെ തലയിൽ വെച്ചാൽ അവ കഴുത്തു ഞെരിച്ചുകളയും. നിങ്ങളവയെ നിങ്ങളോടു സംയോജിപ്പിച്ചാൽ നിങ്ങളുടെ സ്വന്തമാക്കിയാൽ—ഭക്ഷിച്ചു് ദഹിപ്പിച്ചുചേർക്കുന്നതുപോലെ ചെയ്താൽ—അവ നിങ്ങൾതന്നെയാണെന്നു ബോദ്ധ്യമാക്കിയാൽ, നിങ്ങൾ ക്ഷണത്തിൽ പുരോഗമിക്കയും ആ പുരോഗമനം തടസ്സപ്പെടാതെ വിസ്മയകരമായി പ്രവർത്തിക്കയും ചെയ്യുന്നു.

നിങ്ങൾ വേദാന്തം സാക്ഷാത്കരിക്കുമ്പോൾ — ഇതാണു് അത്ഭുതത്തിലും അത്ഭുതം! —നിങ്ങൾ ഈശ്വരനെ കാണുന്നു—ഈശ്വരനെ ഭക്ഷിക്കുന്നു—ഈശ്വരനെ പാനംചെയ്യുന്നു —ഈശ്വരൻ നിങ്ങളിൽ ജീവിക്കുന്നു. നിങ്ങൾ ഈശ്വരനെ പ്രാപിക്കുമ്പോൾ നിങ്ങൾ ഇതു കാണും. നിങ്ങളുടെ ഭക്ഷണം ഈശ്വരനാകും; ഈശ്വരദൃഷ്ടികൾ സകല സാധനങ്ങളിലും പ്രവേശിക്കും. വേദാന്തികളുടെ കണ്ണുകൾ സകലത്തെയും ഈശ്വരനാക്കുന്നു. ഇവിടെയുള്ള സകല വസ്തുക്കളും പ്രിയപ്പെട്ട ഏകം—ഈശ്വരൻ; ഈശ്വരൻ എല്ലാ വശത്തും നമ്മെ അഭിമുഖീകരിക്കുന്നു; എല്ലാ ദിക്കുകളിലും മുക്കുകളിലും കോണുകളിലുംനിന്നു നമ്മെ തുറിച്ചുനോ

ക്കുന്നു. ലോകമശേഷം പറുദീസാ-സ്വർഗ്ഗം-ആയി മാറുന്നു. ഇങ്ങനെ നിങ്ങളുടെ കാമങ്ങളെ ദൂരീകരിച്ചുവെച്ച് വേദാന്തം നിങ്ങളെ സുഖഹീനരാക്കുന്നില്ല. എന്നാൽ കാമങ്ങളോട് അനുരഞ്ജിപ്പിച്ച് അവയെ വേദാന്തം നിങ്ങൾക്കു അധീനപ്പെടുത്തിത്തരുന്നു. കാമങ്ങൾ നിങ്ങളെ അടിമപ്പെടുത്തി ഉപദ്രവിക്കുന്നതിനുപകരം നിങ്ങൾ അവയുടെ നാഥന്മാരാകാൻ വേദാന്തം ആവശ്യപ്പെടുന്നു.

ഇവിടെ ഒരു കുതിര ഇതാ! ഒരു മനുഷ്യൻ അതിൻെറ വാൽ ചാടിക്കടന്നുപിടിക്കുന്നു. അതു തൊഴിക്കുന്നു, പുറംതിരിയുന്നു, ഓടിപ്പോകുന്നു, ചാടുന്നു, അവനെ വലിച്ചിഴച്ചുകൊണ്ടുപോകുന്നു. അതു അഭിലഷണീയമോ ലഘുവോ ആയ അവസ്ഥയാണോ? ലൌകിക ജനങ്ങളുടെ വഴിയിതാണ്. കാമങ്ങൾ കുതിരകളെപ്പോലെയാണ്. അവർ കുതിരകളുടെ വാൽ കടന്നുപിടിക്കുന്നു. കുതിരകൾ (കാമങ്ങൾ) ജനങ്ങളെ വലിച്ചുകൊണ്ടു ഓടുന്നു; അവരെ ദുർഘട നാശങ്ങളിൽ തള്ളിയിടുന്നു. വേദാന്തം പറയുന്നു:—"കാമമാകുന്ന കുതിരയുടെ വാലിൽ ചാടിപ്പിടിക്കരുതു്. അതിൻെറ നാഥനായിരിക്കുക; അടിമയോ ദാസനോ ആകാതെ സ്ഥിതിഗതികളുടെ നാഥനായിരിക്കുക. നിങ്ങളുടെ യഥാർത്ഥസത്തയെ—ആത്മാവിനെ—അനുഭവപ്പെടുത്തിയാൽ നിങ്ങൾക്കു ശരീരത്തിൻെറ നാഥനായിരിക്കാം. ഉള്ളിലെ ഈശ്വരനെ പ്രാപിച്ചാൽ—അപ്പോൾ മാത്രമേ—നിങ്ങൾ അധിപതിയാകയുള്ളു; അല്ലാതെയില്ല.

### ആക്ഷേപം IV

ഇനിയും വേറൊരാക്ഷേപമുണ്ടു്. "ഈ പുസ്തകത്തിൽ കാണിച്ചമാതിരി നാം മനസ്സും, ചിന്തയും, ശക്തിയും ഏകാഗ്രമാക്കി കേന്ദ്രീകരിച്ചാൽ, അതിനു പ്രത്യാഘാതം ഉണ്ടാകയില്ലയോ? അതു് നമ്മുടെ തലച്ചോറിൽ പ്രത്യാഘാതം ചെയ്തു് അതിനെ ക്ഷീണിപ്പിക്കയില്ലയോ?"

ഇല്ലാ, ഒരിക്കലും ഇല്ലാ. പ്രതിദിവസം ഉപര്യുപരി ശക്തി—ശക്തിമാത്രമേ ഉണ്ടാകയുള്ളു എന്നു രാമൻ തൻെറ സ്വന്തം വ്യക്തിപരാനുഭവംകൊണ്ടു നിങ്ങളോടു പറയുന്നു. ക്ഷീണമില്ല; എന്നാൽ ഓജസ്സ്, ആരോഗ്യം, അനന്തബലം നിങ്ങൾക്കുവരും. അഭ്യാസപദ്ധതിയെപ്പററി കുറച്ചുവാക്കുകൂടി പറയാനുണ്ടു്.

പ്രഭാതത്തിലോ, മറേറതുസമയത്തുമോ ഈ പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള അനുഷ്ഠാനക്രമം അഭ്യസിപ്പാൻ നിങ്ങൾ തുടങ്ങുമ്പോൾ, നിങ്ങളുടെ മനസ്സ് ഒരു ഈശ്വരാവസ്ഥ, പരമാനന്ദാവസ്ഥ, ബോധാതീതാവസ്ഥ—ഇതിലേക്കു ലയിക്കും. ആ ഘട്ടം പ്രാ

പിച്ചാൽ, ഓങ്കാരജപം തുടരേണ്ട കാൎയ്യമില്ല; അതു നിൎത്തിക്കളയുക. ആ അവസ്ഥ അതു നിലനില്ക്കുന്നിടത്തോളംകാലം നില്ക്കട്ടെ. ക്രമേണ പ്രാപഞ്ചികമോ, ശരീരപരമോ ആയ ബോധം സ്വയം വന്നുതുടങ്ങും. ഒന്നും ബലംപ്രയോഗിച്ചു ചെയ്യേണ്ട; ഓങ്കാരജപവും ബലേന ചെയ്യേണ്ടതില്ല. ആ പതനം എത്തുമ്പോൾ ശരീരബോധം സുഗമമായി വന്നുകൊള്ളും. ആ ബോധാതീതാവസ്ഥയിൽ നിങ്ങളിൽ പലരും അരമണിക്കൂറോ, പക്ഷെ ഒന്നോ, രണ്ടോ, മൂന്നോ അധികമോ മണിക്കൂറുകളോ, ഇരിക്കാൻ കഴിവുള്ളവർ ആയിരിക്കാം. എന്നാൽ നാളെ നിങ്ങൾക്കു ആ സ്ഥിതി കൂടുതൽ സമയം പാലിക്കാൻ കഴിയും; ദിവസംപ്രതി സമയം കൂട്ടിക്കൂട്ടി ക്രമേണ അല്പാല്പമായി ഈവഴിക്കു നിങ്ങളുടെ ആത്മീയശക്തി വൎദ്ധിക്കുന്നതുവരെ ഇങ്ങിനെ തുടൎന്നുപോകാം.

പ്രാരംഭാഭ്യാസികൾ ഈ പരിശീലനത്തിന്ന് അരമണിക്കൂറിലധികം വിനിയോഗിക്കാൻ രാമൻ ഉപദേശിക്കുന്നില്ല. ഇതിന്നു ഇരുപതു് അഥവാ ഇരുപത്തഞ്ചു് മിനിട്ടു് ക്ലിപ്തപ്പെടുത്തണമെന്നു രാമൻ ഉപദേശിക്കുന്നു. എന്നാൽ മുമ്പേതന്നെ അഭ്യസിച്ചിട്ടുള്ളവൎക്കു സ്വയം കാലദൈൎഘ്യംകൂട്ടി അഭ്യാസം തുടരാം.

പൊതുവേപറഞ്ഞാൽ വെറും പ്രാരംഭകന്മാരെക്കാൾ, ഏററവും ആദ്ധ്യാത്മികഹൃദയമുള്ളവരും, ഈ ചിന്താഗതിയിൽ മുമ്പേതന്നെ എന്തെങ്കിലും ചെയ്തിട്ടുള്ളവരും കൂടുതൽ അനുഭവം കാണുമെന്നാണു് നിയമം. മുമ്പേതന്നെ ഈ വിചാരത്തിൽ അധികം താല്പൎയ്യവും ശ്രദ്ധയും ഉള്ളവൎക്കു് ആ അവസ്ഥയിൽ അധികംനേരം ഇരിക്കാൻ ഇഷ്ടം തോന്നുന്നതാണു്.

ഒരു സംഗതികൂടെ; മനസ്സിനെ കേന്ദ്രീകരിക്കാൻ തുടങ്ങുമ്പോൾ, നിങ്ങളുടെ ഈശ്വരബോധം പ്രാപിക്കാൻ തുടങ്ങുമ്പോൾ ഒരു ചിന്തയോ ചില ചിന്തകളോ മനസ്സിൽ മുമ്പോട്ടുചാടിവരുന്നു. ആ സമയം 'ഓം!' എന്നു ജപിച്ചുകൊണ്ടിരിക്കുക. അതേസമയം മനസ്സിൽ പ്രകടിതമാകുന്ന ആ ചിന്തൊന്നുൽതന്നെ എടുത്തു അതിനെ അവസാനിപ്പിക്കുക.

ഒരുത്തൻ 'ഓം'മന്ത്രം ജപിക്കയും, പരിശുദ്ധമായ അപരിമേയതപം അവനുചുററും നില്ക്കയും ചെയ്യുമ്പോൾ, ആദ്ധ്യാത്മികപുരോഗതി കൈവരുത്താൻ അവൻെറ മനസ്സു് ഉറച്ചിരിക്കുമ്പോൾ ഒരു പ്രാപഞ്ചികവിചാരംവരുന്നപക്ഷം അതിനെ നശിപ്പിക്കേണ്ടമാൎഗ്ഗം, ഭാവിജീവിതത്തിൽ അതു് ഒരു സ്വഭാവസ്ഥിതിയായിരിക്കത്തക്കതായിരിക്കണം. നിങ്ങളിതു ശ്രദ്ധിക്കുക, നിങ്ങളിതു എപ്പോഴെങ്കിലും അനുഭവിച്ചിട്ടുണ്ടായിരുന്നാലും ഇല്ലെങ്കിലും ശരി, അവ

വന്നുകയറും. ഈ ചിന്തകൾ നിങ്ങളെ എതിക്കാൻ മതിയാകുന്നതാണു്. രാമൻെറ വാക്കുകൾ ഫലപ്രദമായിരിക്കും.

നിങ്ങൾ 'ഓം' എന്നു ജപിക്കാൻ തുടങ്ങുന്നുവെന്നിരിക്കട്ടെ. അതു ജപിക്കുമ്പോൾ ഏതെങ്കിലും വസ്തുവോടു സ്നേഹമോ, വിരോധമോ ഉൾക്കൊള്ളുന്ന ചിന്തവന്നുചേരുന്നു. നിങ്ങളുടെ പുരോഗതിക്കു തടസ്സവും വിഘാതവുമായിട്ടു് ഈ ചിന്ത വരരുതെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഈ ചിന്തയെ നിങ്ങൾ സ്വയം എന്തുചെയ്യണം? അതിനെ എടുത്തു്, വേരോടെ പറിച്ചെടുത്തു് നിങ്ങളുടെ മനസ്സിൽനിന്നു് എന്നെന്നേയ്ക്കുമായി ബഹിഷ്കരിക്കണം. എങ്ങിനെ? ഈ ചിന്ത ജ്ഞാനംകൊണ്ടല്ലാതെ പറിച്ചുകളയാൻ പാടില്ല. ദ്വേഷവിചാരം മനസ്സിൽ പ്രവേശിക്കുന്നുവെന്നുവെക്കുക. അതിനെ എടുക്കുക. അതിനെ അറിയാനും, അപഗ്രഥിക്കാനും തുടങ്ങുക. അതിൻെറ യഥാർത്ഥകാരണം കണ്ടുപിടിക്കുക; യഥാർത്ഥകാരണം എല്ലായ്പ്പോഴും അജ്ഞാനം—ബലഹീനത—ഈ ശരീരത്തിൽ "ഞാൻ" എന്ന അഹങ്കാരം ആരോപിക്കുക—'ഞാനാ'ണു ശരീരം എന്നും മററും ഉള്ള സങ്കല്പം—ആണെന്നു നിങ്ങൾ കാണും. ഈ വിധമുള്ള അജ്ഞാനമാണു് എല്ലായ്പ്പോഴും ഒരുത്തൻെറ ധ്യാനകാലത്തു് തള്ളിക്കയറുന്ന ചിന്തകളുടെ കാരണം. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ രാമൻ പറയുന്നു:—"ഈ ചിന്തകളെ അപഗ്രഥിക്കുക; അഴിച്ചുനോക്കുക, ജ്ഞാനംകൊണ്ടു് അവയെ നശിപ്പിക്കുക. 'ഓം' മന്ത്രം തുടരെ ജപിക്കുക മന്ത്രം ജപിക്കുമ്പോൾ പ്രബല പ്രതിജ്ഞകളും, ഭാവിയിൽ ഈവക ചിന്തകളെ തടയാൻ ഉറച്ചു ശപഥങ്ങളും ചെയ്യുക. ഭാവിയിൽ ഈ സ്വാർത്ഥോദ്ദേശങ്ങളെ ജയിക്കാൻ സുസ്ഥിരശപഥങ്ങൾ ചെയ്യുക. ഒരിക്കൽ ചെയ്യുന്ന ഈ ദൃഢനിശ്ചയങ്ങളും, പ്രബല പ്രതിജ്ഞകളും നിങ്ങളുടെ ചാരിത്ര്യത്തെ നിബന്ധിക്കയും, നൈതികദൃഷ്ടിയെ ബലപ്പെടുത്തുകയും ചെയ്യും. ലൌകികവ്യവഹാരങ്ങളിലും, നിങ്ങൾ ലോകത്തിൽ സഞ്ചരിക്കുമ്പോഴും ഈ ചാരിത്ര്യശക്തി നിങ്ങൾക്കൊരു വലിയ സഹായമായി ഭവിക്കുന്നതാണു്."

ആ ചിന്ത ദൂരീകരിക്കാനും, മന്ത്രജപത്തിൽ ആ ചിന്തയെ ജയിച്ചു കീഴടക്കാൻ ശക്തിസമ്പാദിക്കാനും വേണ്ടി അരമണിക്കൂർ ചെലവാക്കിയെന്നിരിക്കട്ടെ. ആ ചിന്തയെ ജയിക്കാൻമാത്രം സമയമെല്ലാം വ്യയംചെയ്തുപോയെന്നും, ബോധാതീതാവസ്ഥയിൽ പ്രാപിക്കാൻ സമയം കിട്ടിയില്ലെന്നും ഇരിക്കട്ടെ; കൂട്ടാക്കേണ്ടാ! ആ ദിവസംതന്നെ ബോധാതീതാവസ്ഥ പ്രാപിച്ചില്ലെങ്കിൽ ഗണ്യമാക്കേണ്ടാ; വേറൊരുദിവസം അതുവന്നുകൊള്ളും. ആ ദിവസം ഒരു

ദുഷ്ടവിചാരത്തെ ജയിച്ചാൽ നിങ്ങളുടെ ചാരിത്ര്യദാർഢ്യം അത്യന്തം ബലിഷ്ഠമാകുന്നു ഈ ജീവിതത്തിൽ ദുരാകർഷണം തടയാനും, ജയിക്കാനും നിങ്ങൾ പ്രാപ്തനാകുമെങ്കിൽ, നിങ്ങൾക്കു ഭാവിയിൽ ഒരു സുന്ദരമായ ചാരിത്ര്യം ലഭിക്കുന്നു; അതുമാത്രം മതിയാകുന്നതാണ്. ഇങ്ങിനെ നിങ്ങളുടെ ചാരിത്ര്യം നിബന്ധിക്കപ്പെടുന്നതും, ദിനംപ്രതി ആദ്ധ്യാത്മികശക്തികൾ വൎദ്ധിക്കുന്നതും ആകുന്നു. ധ്യാനം—അതു വരുകയോ, വരാതിരിക്കയോ ചെയ്യട്ടെ. ചിലപ്പോൾ സാക്ഷാൽക്കാരത്തിനോ, സത്യത്തിനോ വേണ്ടി മോഹിക്കുന്നതുപോലും ഒരു വീഴ്ചയാണ്, പോരായ്മയാണ്; ആയതു സമ്പാദിക്കുന്നതിനു വിഘ്നമാണ്.

ചിലർ പറയുന്നു:—"സ്വാമി! ഞങ്ങൾക്കു മനസ്സ് ഏകാഗ്രപ്പെടുത്താൻ എന്തെങ്കിലും മാൎഗ്ഗംവേണം, സാക്ഷാൽകാരമാർഗ്ഗം വേണം. ഞങ്ങൾക്കു പ്രസംഗങ്ങൾ വേണ്ടാ; ഞങ്ങൾക്കൊന്നും വായിക്കേണ്ടാ." ഇവക്കു തെററിപ്പോകുന്നു. ഈശ്വരനിലും, ഈശ്വരബോധത്തിലും, സാക്ഷാൽക്കാരത്തിലുംനിന്നു നിങ്ങളെ അകററുന്നതും, നിങ്ങളുടെ മാൎഗ്ഗമദ്ധ്യേ മേഘംപോലെ തടസ്സംചെയ്യുന്നതും എന്താണ്? അതു അജ്ഞാനമാണ്. അജ്ഞാനമെന്നാൽ എന്താണ്? അത് സംശയങ്ങൾ, ശങ്കകൾ, ലൗകികാഭിപ്രായങ്ങൾ, അബദ്ധചിന്തകൾ—ഇതെല്ലാമാണ് അജ്ഞാനം. വ്യാജചിന്തകൾ, പ്രാപഞ്ചികവിചാരങ്ങൾ, ദുഷ്ടവാസനകൾ ഇവയാണ് അജ്ഞാനം. നിങ്ങളുടെ പുരോഗതി തടയുന്ന മേഘങ്ങൾ ഇവയാണ്. വിശ്വാസഹീനത അജ്ഞാനമാണ്. താനും ഈശ്വരനും തമ്മിലുള്ള ഐക്യബന്ധത്തെപ്പററി സംശയിക്കാത്തവൻ സദാ ഒരുവക സമാധിയിലാണ്. നിങ്ങളുടെ സംശയങ്ങളും, സന്ദേഹങ്ങളും നിങ്ങളുടെ ഹൃദയങ്ങളെ അലഞ്ഞുതിരിയുന്ന അവസ്ഥയിൽ ആക്കിത്തീൎക്കുന്നു. സംശയങ്ങളാണ് നിങ്ങളെ വഴിതെററിക്കുന്നത്. നല്ലതരം സാഹിത്യം വായിക്കയും ഇക്കാൎയ്യങ്ങൾ ഗവേഷണംചെയ്കയും, പഠിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ ക്രമേണ തൻെറ സംശയങ്ങളെല്ലാം ജയിക്കയും, സന്ദേഹങ്ങളെല്ലാം ദൂരീകരിക്കയും ചെയ്യുന്നു. ആ മനുഷ്യൻ നടക്കുകയും, സംസാരിക്കയും, തിന്നുകയും, കുടിക്കയും ചെയ്യുമ്പോൾ, സാധാരണ മനുഷ്യൻ വെറുതെയിരിക്കുമ്പോഴത്തെപ്പോലെയാണ്—കണ്ണടച്ചു ധ്യാനിക്കുന്നതുപോലെയാണ്. ഈ സ്ഥിതി സാധാരണമായി ലഭിച്ചിട്ടുള്ള ഒരു മനുഷ്യന് അസാധാരണനിലയിൽ ഇരിക്കുന്ന മിക്ക മനുഷ്യരെയുംകാൾ കൂടുതൽ ശക്തിയുണ്ട്.

ഓം! ഓം!!

## സാക്ഷാല്ക്കാരമാൎഗ്ഗങ്ങളിലുള്ള തടസ്സങ്ങളിൽ ചിലതു്.

ചോദ്യം:—പ്രവൃത്തികളുടെ കൎത്താവായ ആത്മാവു് അബാധിതനായിട്ടിരിക്കുന്നോ? മനുഷ്യരുടെ കൎമ്മങ്ങളിൽ ആത്മാവു് പ്രബുദ്ധനാണോ?

ഉത്തരം:—അല്ല. യഥാൎത്ഥാത്മാവു്—പരമാൎത്ഥാത്മാവു്—വേദാന്തതത്വപ്രകാരം കൎത്താവോ, ഭോക്താവോ അല്ല. അതു കൎത്താവോ, ഭോക്താവോ ആയിരുന്നാൽ അതിനു നിൎബ്ബാധമായ ട്ടിരിക്കാൻതരമില്ല. നിങ്ങളിലെ പ്രവൎത്തകനും ഏജൻറും പ്രത്യക്ഷവ്യക്തിയാണു്, യഥാൎത്ഥാത്മാവല്ല. ഈ പ്രത്യക്ഷവ്യക്തി അതിൻെറ ശക്തിയും ജീവനും എല്ലാം യഥാൎത്ഥാത്മാവിൽനിന്നു സംഭരിക്കുന്നു.

ഇതു് ഒരു വലിയ ദുൎഘടപ്രശ്നമാണു്. ഇതിൻെറ വിവിധാംശങ്ങൾ വിവരിക്കാൻതുടങ്ങിയാൽ ഏകദേശം മൂന്നുമണിക്കൂർ വേണ്ടിവരും; അതിനാൽ രാമൻ ഒരു ദൃഷ്ടാന്തംപറഞ്ഞു് അവസാനിപ്പിക്കാം.

ഒരു വ്യാമോഹത്തിൽ—മനഃഭ്രാന്തിയിൽ—നിങ്ങൾ ഒരു കോണിൽ ഒരു സൎപ്പത്തെ കാണുന്നുവെന്നൂഹിക്കാം. നിങ്ങൾ ഒരു സൎപ്പത്തെ കാണുന്നു എന്നു തോന്നുന്നു. എന്നാൽ നിങ്ങൾ അതിനെ തൊടാൻഭാവിച്ചപ്പോൾ അതൊരു പാമ്പല്ലാ, വെറും ഒരു കയറാണു്. ഇങ്ങനെ സൎപ്പം കയറിൽ ആരോപിക്കപ്പെട്ടു. എന്നാൽ വാസ്തവത്തിൽ സൎപ്പം ഇല്ല. പ്രത്യക്ഷത്തിൽ കയറു പാമ്പിൻെറ താങ്ങുകാരൻ — പാമ്പിനെ താങ്ങി ധരിച്ചവൻ — ആയിരുന്നു. എന്നാൽ യഥാൎത്ഥത്തിൽ കയറു പാമ്പിനെ വഹിക്കയോ, താങ്ങുകയോ ചെയ്തുമില്ല. കയറു പാമ്പിനു് ഇടംകൊടുത്തുമില്ല; ഇങ്ങനെ വ്യാമോഹത്തിൻെറ നിലയിൽനിന്നുനോക്കിയാൽ കയർ—കയർമാത്രം—ആണു് പാമ്പിൻെറ താങ്ങും, അതിനെ വഹിക്കുന്നതും. എന്നാൽ പരമാൎത്ഥത്തിൻെറ നിലയിൽനിന്നുനോക്കിയാൽ കയർ ഒരിക്കലും പാമ്പായിരുന്നില്ല, അതു സദാ കയർതന്നെയായിരുന്നു; പാമ്പുണ്ടായിരുന്നതേ ഇല്ല. അതുപോലെ ബുദ്ധിയുടെയും, യുക്തിവാദിയായ സത്തയുടെയും (അതു ഇനിയും മായയിൽ ഇരിക്കയാണു്) നിലയിൽനിന്നു യഥാൎത്ഥാത്മാവു്—സത്യാത്മാവു്—ഈശ്വരൻ നിങ്ങളുടെ പ്രവൃത്തികളെയെല്ലാം താങ്ങുകയും വഹിക്കുകയുംചെയ്യുന്നു; നിങ്ങളുടെ ജീവനെയും, ശക്തികളെയും, ചൈതന്യത്തെയും താങ്ങുന്നു. സാധാരണചിന്തകൻെറനിലയ്ക്കു്,

നിങ്ങളുടെ ബോധത്തിൻെറയും, പ്രാപഞ്ചികവ്യാമോഹത്തിൻെറയും ദൃഷ്ടിയിൽ, സകലതും താങ്ങുന്നതും, വഹിക്കുന്നതും ആത്മാവുമാത്രമത്രെ. എന്നാൽ പരമാൎത്ഥത്തിൻെറയും, സത്യത്തിൻെറയും സ്വന്തനിലയിൽ, ആത്മാവോ, യഥാൎത്ഥസത്തയോ, പ്രവൃത്തികളെയോ, ശരീരത്തെയോ, വസ്തുവിനെയോ യാതൊന്നിനെയും താങ്ങുകയോ, വഹിക്കുകയോ ഒന്നും ചെയ്യുന്നില്ല. ചുരുക്കത്തിൽ പറയുമ്പോൾ രണ്ടു ഭിന്നനിലകൾ ഉണ്ടെന്നു സാരം. ഒരുനിലയിൽനിന്നുനോക്കിയാൽ ആത്മാവു സകലതും ചെയ്യുന്നു. മറേറനിലയിൽനിന്നുനോക്കിയാൽ ആത്മാവു തീരെ സ്വതന്ത്രനും, ഒന്നും ചെയ്യാത്തവനും ആണു്.

സാക്ഷാത്കാരമാൎഗ്ഗത്തിലുള്ള ചില വിഘ്നങ്ങളെപ്പററി നമുക്കിനി പൎയ്യാലോചിക്കാം. കുറേദിവസമായി നാം ഇതു ചിന്തിച്ചുകൊണ്ടിരിക്കയാണല്ലൊ. രാമൻ ഇന്നു സാക്ഷാത്കാരമാൎഗ്ഗത്തിലുള്ള ഏററവും ആപല്ക്കരമായ ഒന്നിരന—വിഘ്നത്തെ—നിങ്ങളുടെമുമ്പിൽ പ്രതിപാദിക്കാം. അതു വിമൎശനമാണു്—അകത്തുനിന്നും പുറത്തുനിന്നും ഉള്ള വിമൎശനം.

ബാഹ്യവിമൎശനത്തെ ആദ്യം നോക്കാം. എങ്ങിനെയോ എന്തോ, മിക്കജനങ്ങൾക്കും ഇതരജനങ്ങളെ വിമൎശിക്കാനുള്ള ശക്തിമത്തായ ഒരു വാസനയുണ്ടു്. ഇങ്ങനെ അന്യരെപ്പററി ന്യായവിചാരംചെയ്യുകയും, അവരെ കുററപ്പെടുത്തുകയും, സംഗതികളുടെ ഇരുണ്ടവശം നോക്കുകയും ചെയ്യുന്നകാലത്തോളം ഈശ്വരപ്രാപ്തിക്കു് നിങ്ങൾക്കു വളരെ പ്രയാസമാണെന്നു നിങ്ങൾ കാണും.

ഇതാ! ഒരു കുഞ്ഞു്. അതിൻെറ ഉള്ളിൽ കള്ളനില്ല. ഒരു കുഞ്ഞിൻെറമുമ്പിൽ കള്ളൻ പോയാൽ അവനു സകലതും എടുത്തുംകൊണ്ടുപോകാം. എന്തെന്നാൽ കുഞ്ഞിൻെറ ഉള്ളിൽ മോഷ്ടാവില്ല. കുഞ്ഞിനു പുറത്തും കള്ളനില്ല. പുറമേ കള്ളനെ കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ ഉള്ളിൽ കള്ളനെ സ്ഥാപിക്കുന്നു.

നിങ്ങൾ അന്യന്മാരിൽ കുററങ്ങളും കുറവുകളും കാണാൻ ശ്രമിക്കുമ്പോൾ, നിങ്ങളിലേക്കു് ആ കുററങ്ങളും കുറവുകളും നിങ്ങൾ ക്ഷണിച്ചുവരുത്തുന്നു. നിങ്ങൾ വേറൊരുവനെ വെടിവെയ്ക്കാൻ തോക്കുകത്തിക്കുമ്പോൾ, അതു പുറകോട്ടു ചാടി നിങ്ങൾക്കും ഒരു പ്രത്യാഘാതം ഏല്പിക്കുന്നു; തോക്കു് നിങ്ങൾക്കെതിരായി പ്രതിക്രിയചെയ്യുന്നു. നിങ്ങൾ അന്യരെ കുററപ്പെടുത്തുമ്പോൾ ചില കുററങ്ങൾ നിങ്ങൾക്കും വന്നുചേരുന്നു. എന്തെന്നാൽ ഇതാണു

നിയമം. അന്യരെ ദൂഷിക്കാതിരിക്കുന്നതുകൊണ്ടു്, അവരെ രക്ഷിക്കുന്നതിനെക്കാൾ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കയാണു് അധികമായി ചെയ്യുന്നതു്. ഈ കുററപ്പെടുത്തുന്ന, വിമൎശിക്കുന്ന, ദൂഷിക്കുന്ന പ്രകൃതത്തിനെല്ലാം ഉപരി പ്രവേശിച്ചുനില്ക്കുക.

അന്യൻെറ കണ്ണിലെ സൂചി കാണ്മാൻ അവനവൻെറ കണ്ണിലെ കമ്പുകാണുന്നതിനെക്കാൾ വളരെ എളുപ്പമാണു്. സ്പൎദ്ധ, അസൂയ, വിമൎശനം, കുററം കണ്ടുപിടിക്കുക എന്നീ ദുൎഗ്ഗുണങ്ങൾ സംബന്ധിച്ചുള്ള ചിന്തകൾ പുറത്തേക്കയയ്ക്കുന്ന സമയം, നിങ്ങൾ അതേ ചിന്തകളെ കൈവരിക്കുകയാണെന്നുള്ളതു സദാ ഓൎമ്മിക്കുക; നിങ്ങളുടെ സഹോദരൻെറ കണ്ണിൽ സൂചി കാണുമ്പോൾ നിങ്ങളുടെ കണ്ണിൽ കമ്പു കയററുകയാണു ചെയ്യുന്നതു്. നിങ്ങളോടുതന്നെ കാരുണ്യമുണ്ടായിട്ടു് കുററം കാണാനും, അന്യരെ ദൂഷിക്കാനും ഉള്ള പ്രകൃതം നിങ്ങൾ ഉപേക്ഷിക്കണം. അവൎക്കു് അത്തരം പ്രവൃത്തി നന്നായിരിക്കാമെന്നും, അതേസമയം അതു നിങ്ങൾക്കു ദോഷകരമായേക്കാമെന്നും ഓൎമ്മിക്കുക. അവരിൽ നിങ്ങൾ തെററാണെന്നുകാണുന്ന പ്രവൃത്തിയെ നിങ്ങൾക്കു പരിത്യജിക്കാം. എന്നാൽ നിങ്ങൾ അവനെ ആ പ്രവൃത്തിക്കായി ദൂഷിക്കരുതു്. എന്താണു് ഈ വിമൎശനസ്വഭാവം—കുററപ്പെടുത്തുന്ന പ്രകൃതം ഇത്ര സാൎവ്വജനീനമായിട്ടിരിക്കുന്നതെന്നു നിങ്ങൾ അറിയുന്നുണ്ടോ? അതിനു് ഒരു നല്ല അസ്ഥിഭാരം—അടിസ്ഥാനം—ഉണ്ടു്.

ജനങ്ങൾ എന്തിനു് അന്യന്മാരെ വിമൎശിക്കുന്നു? ഏററവും അധികമായി വിമൎശിക്കുന്നതു് ആരാണു്? ബലഹീനരായ മനുഷ്യർ—അജ്ഞരായ മനുഷ്യർ—ഇവരാണു് ഏററവും അധികം വിമൎശിക്കുന്നതു്. സദാപി! ഇതിൻെറ കാരണം വിമൎശനചൈതന്യംകൊണ്ടു് അവൎക്കു തന്നത്താൻ സംരക്ഷിക്കണം എന്നുള്ളതാണു്. ആത്മരക്ഷയും, സ്വാത്മപോഷണവും ആകുന്ന ആശയം അന്യരെ വിമൎശിക്കുക എന്ന രൂപം എടുത്തു പ്രത്യക്ഷപ്പെടുന്നതാണു്.

താൻ ചെയ്താൽ തനിക്കുപദ്രവമുണ്ടാകുന്ന ഒന്നു്, എതിർകക്ഷി ചെയ്യുന്നതു് ഒരു മനുഷ്യൻ കാണുന്നു. അതിനാൽ ആ പ്രവൃത്തിയെ അവൻ വെറുക്കാൻതുടങ്ങുന്നു അവനു് ആ പ്രവൃത്തിയെ വെറുക്കണമെന്നുള്ളതു് ആവശ്യംതന്നെയാണു്. എന്തെന്നാൽ അങ്ങനെ അവൻ ചെയ്യാത്തപക്ഷം അവനു് അതേപ്രവൃത്തി ചെയ്യാതിരിക്കാൻതരമില്ല. ആ പ്രവൃത്തികൊണ്ടു ദൂഷിതനാകാതെയോ, ദ്രോഹമേല്ക്കാതെയോ ഇരിക്കാൻ അവനു തരമില്ല.

ആ പ്രവൃത്തികൊണ്ടു് ഒരു സംക്രമണത്തിന്റെ—പകർച്ചയുടെ—സാധ്യതയുണ്ടായിരുന്നു. അതിനാൽ അയല്ക്കാരനിൽനിന്നു സംക്രമണഭീതിയുണ്ടാകുന്ന മനുഷ്യൻ അന്യരെ കുററപ്പെടുത്താൻ തുടങ്ങുന്നു. ആ വിമർശനംകൊണ്ടു് അവൻ രക്ഷപ്പെട്ടിരിക്കുന്നതായിട്ടവൻ കരുതുന്നു. തന്റെ സഹോദരനെ വിമർശിക്കുന്നിടത്തോളം താൻ സ്വയം സ്വതന്ത്രനായിരിക്കുമെന്നു് അവൻ പരിഗണിക്കുന്നു. എന്നാൽ ഇതു വിമർശനത്തിന്റെ നല്ലവശംമാത്രമേ കാണിക്കുന്നുള്ളു. നമ്മുടെ ആത്മീയപുരോഗതിക്കു ചില പതനങ്ങളിൽ വിമർശനം അത്യാവശ്യമാണെന്നു് ഇതു കാണിക്കുന്നു. ആ മനുഷ്യന്റെ ദുഷ്പ്രവൃത്തികൾമൂലം അവനെ ദ്വേഷിക്കാനും, വെറുക്കാനും ആരംഭിക്കുന്നതിലാണു് ആ ക്ഷീണമനുഷ്യൻ തെററു ചെയ്യുന്നതെന്നു് ആത്മീയപുരോഗതിയുടെ ഇരുണ്ടവശം കാണിക്കുന്നു. ഈ തെററുകളെ നിങ്ങൾക്കു കുററപ്പെടുത്തുകയും, വിമർശിക്കുകയും ചെയ്യാം. ആ പ്രവൃത്തികളെയും സംഭാഷണങ്ങളെയും നിങ്ങൾക്കു വിമർശിക്കാം. അയല്ക്കാരന്റെ ദുഷിച്ച മനഃസ്ഥിതിയെ നിങ്ങൾക്കാക്ഷേപിക്കാം. എന്നാൽ ആ മനുഷ്യനെ ദ്വേഷിക്കാനോ, വെറുക്കാനോ നിങ്ങൾക്കവകാശമില്ല. പഴയ ഒരു ചൊല്ലുണ്ടു്—"പാപത്തിനെ വെറുക്കുക, എന്നാൽ പാപിയെ ദ്വേഷിക്കരുതു്." പാപത്തിനെ വെറുക്കുകയും പാപിയെ സ്നേഹിക്കയും ചെയ്യുക പ്രായോഗികമാണോ? അതു് അനുഷ്ഠാനക്ഷമമാണോ? അതെ! അതു പ്രായോഗികമത്രെ. പ്രശ്നം ആവിധത്തിൽ പരിഹരിച്ചിട്ടില്ലാത്തവർക്കു് അതു സാധ്യമല്ലായിരിക്കാം. ഒരല്പം ജ്ഞാനംമാത്രമേ ഇതിനു വേണ്ടതായിട്ടുള്ളു.

ഗൌനിക്കുക. അന്യനിൽ നിങ്ങൾ വെറുക്കുന്ന ഒരു പ്രവൃത്തി!, അതുചെയ്താൽ നിങ്ങളുടെ അഭ്യുദയം നിങ്ങൾ നശിപ്പിക്കുമായിരുന്നു; അതു നിങ്ങളുടെ ഗതി തടയുമായിരുന്നു; എങ്കിലും വേറൊരാൾ ചെയ്താൽ ശരിയായേക്കാം. പാപം സദാ പാപമാണെന്നു നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ഭേദം എവിടെയാണു വരുന്നതു്?

ചില പ്രത്യേക കൃത്യങ്ങൾ പാപകരവും, മററുചിലതു പുണ്യകരവും ആണെന്നു ഞാൻ പറഞ്ഞുതുടങ്ങിയാൽ ഞാൻ ഒരു തെററാണു് ചെയ്യുന്നതു് ഒരു പ്രവൃത്തിയും സ്വയം പാപമോ പുണ്യമോ ആകുന്നില്ല. പൂജ്യത്തിനു മാത്രം വിലയൊന്നും ഇല്ലെങ്കിലും, ദശാംശബിന്ദുവിന്റെ വലത്തുവശത്തു വെക്കുമ്പോഴും, ഇടത്തുവശത്തു വെക്കുമ്പോഴും അതു സംഖ്യയ്ക്കു വലിപ്പച്ചെറുപ്പങ്ങൾ ഉണ്ടാക്കുന്നു. പൂജ്യത്തിനു എന്നാൽ വിലയൊന്നും ഇല്ലതാനും.

ആ പൂജ്യംപോലെ', പ്രവൃത്തി സ്വയം പാപകരമോ, പുണ്യകരമോ അല്ല.

പാപിയെ സ്നേഹിക്കാനും, പാപത്തെ ദ്വേഷിക്കാനും ഉള്ള പ്രയാസം പാപസ്വഭാവം നിങ്ങൾ തെററിദ്ധരിക്കുന്നതിൽ കിടക്കുന്നു. ജനങ്ങൾ അവരുടെ ശരീരത്തെയും, സമ്പത്തിനെയും വിലമതിക്കാൻ തുടങ്ങുമ്പോൾ, അവരുടെ ഈശ്വരനെ മൂർത്തീകരിക്കാൻ തുടങ്ങുന്നതുപോലെ, ജനങ്ങൾക്കു പ്രത്യേക കിറുക്കുകളും, വ്യക്തിവിശേഷതകളും ഉള്ളതുപോലെ, ഇതേ അജ്ഞാനജന്യമായ വാസന അവരെക്കൊണ്ടു പ്രത്യേക പ്രവൃത്തികളെയും അതിശയകരമായി, പ്രധാനമായിക്കാണാൻ പ്രോത്സാഹിപ്പിക്കുന്നു. ചില പ്രവൃത്തികളെ മഹാപാതകമെന്നും, മററു ചിലതു മഹാപുണ്യമെന്നും അവർ മുദ്രയടിക്കാൻ തുടങ്ങുന്ന മതം ഹൃദയത്തിൻെറ ഒരു വസ്തുവാണെന്നും, നന്മ ഹൃദയത്തിൻെറ ഒരു പദാർത്ഥമാണെന്നും, അതുപോലെ ആണ് പാപവും എന്നും ഓർമ്മിക്കുക. നിങ്ങളുടെ സ്ഥാനവും, മനോഭാവവും ആയിട്ടാണ് പാപത്തിനും പുണ്യത്തിനും സമ്പൂർണ്ണമായി പെരുമാറാനുള്ളതു്.

ശരീരത്തെയല്ലാ, ആത്മാവിനെയാണ് പരിഷ്കരിക്കേണ്ടതു്; മനസ്സിനെയാണ് പുനർജ്ജനിപ്പിക്കേണ്ടതു്. നിങ്ങൾക്കു ചൈതന്യത്തിൽനിന്നേ ജനിക്കാനുള്ളൂ. , "നീ പൊടിയാണ്, പൊടിയിലേക്കു നീ മടങ്ങുന്നു" എന്നു പറഞ്ഞിട്ടുള്ളതു് ആത്മാവിനെപ്പററിയല്ലാത്തതുപോലെ, "നിങ്ങൾ വിശുദ്ധചൈതന്യത്തിൽ വീണ്ടും ജനിക്കണം, നിങ്ങൾ പുനർജ്ജന്മം എടുക്കണം" എന്നു പറഞ്ഞതും ശരീരത്തെക്കുറിച്ചല്ലാ.

ഉദാഹരണത്തിനു്, ഒരു കുഞ്ഞു് നിങ്ങളുടെ വീട്ടിൽ അതിൻെറ അമ്മയുടെ പാൽ കുടിക്കുമ്പോൾ, പ്രായംചെന്ന നിങ്ങൾ അമ്മയുടെ മുലയിൽനിന്നു പാലുകുടിക്കുന്നതു് നല്ലതും ശരിയും ആയിരിക്കുമോ? ഇല്ല. തടിപോലെ വളന്നു്, മുട്ടനായ ഒരു മനുഷ്യൻ വീട്ടിൽ അമ്മയുടെ പാൽ കുടിച്ചു ജീവിക്കരുതു്. അയാൾ കുഞ്ഞിനെ ജീവിക്കാൻ പാടില്ല. എന്നാൽ കുഞ്ഞിനു് അതു ചെയ്യാം. കുഞ്ഞു് അങ്ങിനെ ചെയ്യുന്നതു ശരി; നിങ്ങൾക്കു അതു പാടില്ല എന്നു നിങ്ങൾ കാണുന്നു. നിങ്ങൾക്കു് അതു പാപമാണു്. കുഞ്ഞിനു് അങ്ങിനെയല്ലാ. കുഞ്ഞു മുലപ്പാൽകുടിക്കുന്നതുകൊണ്ടു നിങ്ങൾ അതിനെ ദ്വേഷിക്കുമോ? നിങ്ങൾ അതു ചെയ്താൽ പാപമാണു്. അതിനാൽ നിങ്ങൾ പാപത്തെ വെറുക്കുകയും പാപിയെ വെറുക്കാതിരിക്കയും ചെയ്യുന്നു. നിങ്ങൾക്കു പാപമായതിനെ

നിങ്ങരം വെറുക്കുകയും, കുഞ്ഞിനെ സ്നേഹിക്കയും ചെയ്യുന്നു. ലോകത്തിലെ സകല പാപങ്ങളുടെയും കഥ ഇങ്ങനെയാണെന്നു സദാ ഓമ്മിക്കുക. നിങ്ങരം ചെയ്താൽ പാപമോ, ദോഷമോ ആണെന്നു വരുന്ന പ്രവൃത്തികളെയെല്ലാം അപ്രകാരം പരിഗണിക്കുക; ലോകത്തിലെ അത്തരം കൃത്യങ്ങളെയൊക്കെ നിന്ദിക്കുക എന്നാൽ ആ പ്രവൃത്തി ചെയ്യുന്നവരെ ദ്വേഷിക്കാതെയും, നിന്ദിക്കാതെയും ഇരിക്കുക. നിങ്ങരംക്കവരെ തെററായി വിധിക്കാൻ അവകാശമില്ല.

സാദി എന്നു് ഒരു പേർഷ്യൻ മഹൽഗ്രന്ഥകാരനുണ്ടായിരുന്നു. അദ്ദേഹം വളരെ പ്രശസ്തനായിരുന്നു. അദ്ദേഹത്തിൻെറ കൃതികരം ഇമേഴ്സൺ * ഇംഗ്ലീഷിലേയ്ക്കു തജ്ജമചെയ്തിട്ടുണ്ടു്. താൻ ഒരു കുട്ടിയായിരുന്നപ്പോരം, മുഹമ്മദിൻെറ പരിശുദ്ധനാടായ മെക്കായിൽ അദ്ദേഹം പൊയ്ക്കൊണ്ടിരുന്നുവെന്നു് അദ്ദേഹം എഴുതുന്നു. അദ്ധരാത്രി എല്ലാവരും എഴുന്നേററു പ്രാത്ഥന നടത്തണമെന്നായിരുന്നു സംഘത്തിൻെറ ആചാരം. ഒരു രാത്രി സാദിയും പിതാവും എഴുന്നേററു പ്രാത്ഥന കഴിച്ചു. എന്നാൽ സംഘത്തിലെ മററുചിലർ അങ്ങിനെ ചെയ്തില്ല. അവർ ഉറങ്ങിക്കിടന്നിരുന്നു. സാദി അവരെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പിതാവിനോടു പരാതി പറഞ്ഞു:—"നോക്കൂ! അവരെത്ര ദുഷ്ടരും മടിയരും ആണു്! അവരാരും എഴുന്നേററു പ്രാർത്ഥിച്ചില്ല." പിതാവു ഗൌരവമായി കുട്ടിയോടു പറഞ്ഞു:—"കഷ്ടം! സാദി! പ്രിയപ്പെട്ട കുഞ്ഞേ! നീ അവരെപ്പോലെ കിടന്നുറങ്ങുകയായിരുന്നു നല്ലതു്, പ്രാത്ഥിക്കാതെയിരിക്കുകയായിരുന്നു ഭേദം. എഴുന്നേററു പ്രാത്ഥിക്കയും അവരെ കുററപ്പെടുത്തുകയും വിമശിക്കയും ചെയ്യേണ്ടിയതല്ലായിരുന്നു. പ്രാത്ഥിക്കാതിരിക്കയും, ഈശ്വരനെ വന്ദിക്കാതിരിക്കയും ചെയ്യുന്നതിനെക്കാരം ഏററവും കഷ്ടവും ദുഷ്ടവും ആയ പാപം ഇതാണു്."

നിങ്ങരം വളരെ ധമ്മപരവും മഹനീയവും ആയ ഒരു കൃത്യം ചെയ്കയും കൂട്ടുകാർ അതു ചെയ്യാതിരിക്കയും ചെയ്യുന്നുവെങ്കിൽ, അതുകൊണ്ടു നിങ്ങരം വളരെ ഗവിഷ്ഠനായി നിങ്ങളുടെ അയൽക്കാരെ കുററപ്പെടുത്തുകയും, വിമശിക്കയും ചെയ്യുകയാണെങ്കിൽ നിങ്ങരം നന്മചെയ്കയും, ഈശ്വരനോടടുക്കയും ആണോ ചെയ്യുന്നതു്? അല്ല; അല്ല. നിങ്ങരം ഒരു പാപം മറെറാന്നുമായി വെച്ചുമാറിയെന്നു മാത്രം. നിങ്ങരം ത്യജിച്ച ദുഷ്ടകൃത്യങ്ങളും, പ്രവൃത്തികളും എല്ലാം ചെമ്പുനാണയങ്ങരംപോലെ, വെള്ളിഡോളറിനു

* ഒരു അമേരിക്കൻ കവി.

കൈമാററംചെയ്തു. വെള്ളിഡോളർ വിമർശനമാണ്; കുററംപറയുന്ന ചൈതന്യമാണ്. അവിടെ നിങ്ങൾ പഴയതുപോലെയായി. നിങ്ങൾക്കൊരു പാപം മിച്ചമുണ്ട്. ആദ്യം നിങ്ങൾക്കു പക്ഷേ നൂറുപാപം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒരു പാപമേ ഉള്ളു. എന്നാൽ ഈ ഒരു പാപം മറേറ നൂറു പാപങ്ങളോടു തുല്യമാണ്. അതിനാൽ യഥാത്ഥ സാക്ഷാൽക്കാരത്തിനോടു ഒട്ടും അടുക്കുന്നില്ല.

കുററംപറയുന്നതും, വിമശിക്കുന്നതും ആയ ഈ ചൈതന്യം ഒരു മഹാപാതകമാണെന്നു ലോകം പരിഗണിക്കാത്തപക്ഷം ലോകംതന്നെ കുററപ്പെടുത്തപ്പെടേണ്ടതാണ്. എന്നാൽ എന്തെങ്കിലും തെററുചെയ്കയും, പക്ഷേ പ്രേമിക്കുന്ന ഹൃദയമുണ്ടായിരിക്കയും, പ്രപഞ്ചദൃഷ്ട്യാ പാപകരമായ കൃത്യങ്ങൾ ചെയ്കയും, പക്ഷേ മൃദുവായ ആത്മാവും, ഉദാരമായ ഹൃദയവും ഉണ്ടായിരിക്കയും, ചൈതന്യം ലളിതമധുരമായിരിക്കയും, ഈശ്വരനോടു സമീപിച്ചിരിക്കയും ചെയ്യുന്ന മനുഷ്യൻ, ശാന്തനായ ആ മനുഷ്യൻ, മററു തത്വജ്ഞന്മാരെക്കാൾ സ്വർഗ്ഗരാജ്യത്തോടു അടുത്തിരിക്കുമെന്നു പരിചയം തെളിയിക്കുന്നു.

ബൈബിളിൽ വിവരിക്കുന്ന പരീശന്മാർ വലിയ ഭക്തന്മാരായിരുന്നു. അവരുടെ പ്രവൃത്തികളും, കമ്മങ്ങളും വളരെ ഭക്തിപരങ്ങളായിരുന്നു. എന്നാൽ ആ ഫിലിസ്റ്റൈൻസിനു മൃദുലവും, കരുണവും, പ്രേമലോലവും ആയ ചൈതന്യമുണ്ടായിരുന്നില്ല. അവക്കു കുററപ്പെടുത്തുന്ന, ആക്ഷേപിക്കുന്ന പ്രകൃതമുണ്ടായിരുന്നു. അതിനാൽ അവർ ക്രിസ്തുവിൽനിന്നു ബഹുദൂരം അകന്നിരുന്നു. എന്നാൽ കല്ലെറിയപ്പെടാൻ തയ്യാറായിരുന്ന, പരിശുദ്ധചാരിത്ര്യം ഇല്ലാതിരുന്ന, തീരെ ശുദ്ധയല്ലാതിരുന്ന മഗ്ദലനമറിയം ക്രിസ്തുവിനു സമീപം എത്തിയിരുന്നു. ഈ മറിയത്തിനു വിമശനസ്വഭാവം—വീഴ്ച കണ്ടുപിടിക്കുന്ന പ്രകൃതം—കുററംപറയുന്ന ശീലം ഇല്ലായിരുന്നു. അവൾക്കു പ്രേമചൈതന്യം ഉണ്ടായിരുന്നു. അവൾ ഈശ്വരനോടു് അധികം അടുത്തിരുന്നു; സത്യത്തോടു സമീപിച്ചിരുന്നു. പരിശന്മാരെക്കാൾ അവൾ സ്വർഗ്ഗരാജ്യത്തിനു സമീപസ്ഥയായിരുന്നു

ലീ ഹണ്ടു് * എഴുതിയ ഒരു പദ്യത്തിൽ ഈ തത്വം വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. അതിൻെറ സാരം താഴെ ചേക്കാം:—

ഒരു ഷേയ്ക്കു് ഉണ്ടായിരുന്നു. ഒരു ദിവ്യദശനത്തിൽ ഒരു

* ഒരു ഇംഗ്ലീഷ് കവി.

ദൈവദൂതൻ ഒരു പുസ്തകത്തിൽ മനുഷ്യരുടെ പേരുകൾ കുറിക്കുന്നതു് അയാൾ കണ്ടു. അയാൾ ചോദിച്ചു:—"പ്രഭോ! അവിടുന്നു് എന്താണു ചെയ്യുന്നതു്?" ദൈവദൂതൻ മറുപടി പറഞ്ഞു:—"ഞാൻ ദൈവത്തിൻെറ ഏററവും പ്രിയപ്പെട്ടവരുടെയും, ഏററവും സമീപസ്ഥരുടെയും, ഏററവും വലിയ ആരാധകന്മാരുടെയും പേരുകൾ കുറിയ്ക്കുകയാണു്." ഷേയ്ക്കു തലതാഴ്ത്തിയിട്ടു്, ഇച്ഛാഭംഗപ്പെട്ടുകൊണ്ടു പറഞ്ഞു:—"മററുള്ളവരെപ്പോലെ ഞാനും ഒരു ഈശ്വരോപാസകനായെങ്കിൽ കൊള്ളാമെന്നു് ആശിക്കുന്നു. ഞാൻ ഒരിക്കലും പ്രാർത്ഥിക്കുന്നില്ല; ഉപാസിക്കുന്നില്ല; പള്ളിയിൽ പോകുന്നില്ല; എന്നെ തടഞ്ഞുകളയും; എനിക്കു സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ പാററുകയില്ല." ദൈവദൂതൻ പറഞ്ഞു: – "എനിക്കൊന്നും ചെയ്യാൻ തരമില്ല." ഷേയ്ക്കു് ഉടനേ ദൈവദൂതനോടു വേറൊരു ചോദ്യം ചോദിച്ചു:—"മനുഷ്യനെയും, പ്രപഞ്ചം സമസ്തത്തെയും സ്നേഹിക്കയും, ഈശ്വരനെ പ്രേമിക്കാതിരിക്കയും ചെയ്യുന്നവരുടെ പേരു ലിസ്റ്റിൽ എപ്പോഴെങ്കിലും ചേർക്കുമോ? എന്നെ മനുഷ്യാരാധകൻെറ ലിസ്റ്റിൽ ചേർക്കുക." ദൈവദൂതൻ മറഞ്ഞു. ഷേയ്ക്കു വേറൊരു ദർശനം കണ്ടു. അതിൽ ദൈവദൂതൻ അതേ പുസ്തകവും കൊണ്ടു വീണ്ടും പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കടലാസ്സു മറിച്ചുംകൊണ്ടു് എല്ലാം പരിശോധിച്ചുകഴിഞ്ഞപ്പോൾ എന്താണു ചെയ്യുന്നതെന്നു ഷേയ്ക്കു ചോദിച്ചു. താനെല്ലാം പരിശോധിക്കുകയായിരുന്നുവെന്നും, യോഗ്യതാക്രമമനുസരിച്ചു് ഈശ്വരഭക്തന്മാരെ ലിസ്റ്റിൽ എഴുതിയെന്നും ദൈവദൂതൻ മറുപടി പറഞ്ഞു. രജിസ്റ്ററിൽ ഒന്നു നോക്കാൻ അനുവദിക്കണമെന്നു ഷേയ്ക്കു് അപേക്ഷിച്ചു. നോക്കിയപ്പോൾ അതാ! അത്യാശ്ചര്യം! മനുഷ്യാരാധകനെന്നു പറഞ്ഞുകൊടുത്ത ഷേയ്ക്കിൻെറ പേർ ഈശ്വരഭക്തന്മാരുടെയും, പൂജകന്മാരുടെയും ലിസ്റ്റിൻെറ തലയ്ക്കൽ ആദ്യമായിക്കാണപ്പെട്ടു. ഇതു് ആശ്ചര്യമല്ലേ? എന്നാൽ അതു് ഒരു വാസ്തവമാണു്.

നിങ്ങൾ മനുഷ്യനെ വന്ദിച്ചാൽ, അഥവാ മററുവിധം പറഞ്ഞാൽ, മനുഷ്യനെ മനുഷ്യനെന്നല്ലാതെ ഈശ്വരൻ എന്നതുപോലെ പരിഗണിച്ചാൽ, നിങ്ങൾ സകലതിനെയും ഈശ്വരബുദ്ധ്യാ സമീപിച്ചാൽ, ഈശ്വരനായി സങ്കല്പിച്ചു പെരുമാറിയാൽ, അങ്ങനെ മനുഷ്യനെ ആരാധിച്ചാൽ, ദൈവത്തെയാണു നിങ്ങൾ വന്ദിക്കുന്നതു്. മനുഷ്യരെ വിമർശിക്കുകയും, കുററപ്പെടുത്തുകയും, ദൂഷിക്കയും ചെയ്യുന്നതു് ഈശ്വരാരാധനയല്ല. ഈ സമ്മാനദാനം ഈശ്വരോപാസനയല്ല. പുറത്തു കാത്തുനില്ക്കുന്ന മാതാപിതാക്കന്മാരെപ്പററി ജനങ്ങൾ യേശുവിനോടു പറഞ്ഞുവെന്നു ബൈബി

ളിൽ എഴുതപ്പെട്ടിരിക്കുന്നു. ക്രിസ്തു ജനാവലിയെ ചൂണ്ടിക്കൊണ്ടു പറഞ്ഞു:—“എൻെറ മാതാപിതാക്കന്മാരെ കാണുക. അവരുടെ മുഖങ്ങളിൽ നിങ്ങളുടെ സ്വന്തംമുഖത്തു് എന്നതുപോലെ വീക്ഷിക്കുക.”

നിങ്ങൾ നിങ്ങളുടെ സ്വന്തം വീഴ്ചകൾ കണ്ടാലും സ്വയം വെറുക്കുന്നില്ല. നിങ്ങളുടെ സ്നേഹിതരിൽ കുററങ്ങൾ കണ്ടാൽ ആ കുററങ്ങളിൽനിന്നു ദൂരെ മാറിനില്ക്കാൻ ശ്രമിക്കുക; എന്നാൽ അവർ ഈശ്വരനാണു്, അവരിലെ ഈശ്വരത്വം അംഗീകരിക്കണം.

ഗവമ്മെണ്ടിൻെറ സവ്വീസിൽ ഇരിക്കുന്ന ഒരു മനുഷ്യൻ ഇതാ'—ചില ഔദ്യോഗികകൃത്യങ്ങൾ ചെയ്യുന്ന ഒരാൾ; തൻെറ സക്കാർചുമതലകൾ എല്ലാം ദൂരെ എറിഞ്ഞുംവെച്ചു് പ്രസിഡണ്ടിൻെറ അടുത്തു പോയി സമയമെല്ലാം പ്രസിഡണ്ടിനായി ചെലവാക്കാൻവേണ്ടി സ്വന്ത കൃത്യങ്ങളെ മറക്കുന്ന ഒരു മനുഷ്യൻ! അങ്ങനെയുള്ളവനെ ഉദ്യോഗത്തിൽ വെച്ചേക്കുമോ? ഇല്ല; ഒരിക്കലുമില്ല; അവനെ പുറത്താക്കും.

പ്രസിഡണ്ടിനെ വന്ദിപ്പാൻ നിങ്ങൾ നിങ്ങളുടെ സ്വന്ത ചുമതലകൾ നിവ്വഹിക്കണം സക്കാരിൻെറ സേവകനെന്ന നിലയ്ക്കു് നിങ്ങൾക്കുള്ള കത്തവ്യങ്ങളും, കടമകളും നിങ്ങൾ ആരാധിക്കുന്നതുപോലെ കൃത്യമായിച്ചെയ്യണം. അതുപോലെ, നിങ്ങളുടെ പള്ളിയിലും ജപമാലകളിലും മതത്തെ പ്രകടിപ്പിച്ചുംകൊണ്ടിരിക്കുന്നതു പ്രസിഡണ്ടിൻെറ അടുത്തുപോയി അദ്ദേഹത്തെ നമസ്കരിക്കയും, കാൽ തിരുമ്മുകയും ചെയ്യുന്നതുപോലെയാണു്. എന്നാൽ അതു മാത്രംകൊണ്ടായില്ല.

ഏററവും ഉത്തമമായി ഈശ്വരാരാധന ചെയ്യുന്നതു നിങ്ങളുടെ സ്നേഹിതനിലെ ഈശ്വരത്വവും, ദിവ്യത്വവും ആരാധിക്കുന്നതാണു്. സ്നേഹിതനിൽ ഈശ്വരനെക്കാണ്മാൻ തരംവരുന്ന സ്ഥാനത്തു നിങ്ങൾ എത്തുമ്പോൾ, അവൻെറ തെററുകളും, പിഴകളും നിങ്ങൾക്കു പരിഭവം ഉണ്ടാക്കാത്തപ്പോൾ, അവരുടെ ദോഷങ്ങൾ നിങ്ങളെയും അവരിലെ ഈശ്വരനെയും തമ്മിൽ മറയ്ക്കാത്തപ്പോൾ ആ ഈശ്വരത്വം ഒരുവിധവും മേഘാവൃതമാകാത്തപ്പോൾ, നിങ്ങൾ നിങ്ങളിലെ ഈശ്വരത്വം അനുഭവിക്കാവുന്ന നിലയിൽ വന്നെത്തും.

ബുദ്ധിമുട്ടുകളെയെല്ലാം രത്നച്ചുരുക്കമായിട്ടു് എടുക്കാം. ശത്രുവിൽ ദിവ്യത്വം—ഈശ്വരത്വം—നാം കാണാത്തതു് എന്തു്? നാം അവനിൽ കുററം കാണുന്നതുകൊണ്ടു്; നാം അവനെ കുററപ്പെട്ടു

ത്തുന്നതുകൊണ്ടു് കുററം കാണുന്ന ശീലം മാററിവച്ചു് ചുററും ഈശ്വരനെ കാണണം. സകലത്തിലും സന്നിഹിതമായിരിക്കുന്ന ദിവ്യത്വത്തെ വിശ്വസിക്കുക. സകലരിലും ഈശ്വരനെ കാണുക. എല്ലാവരിലും അപരിമിതത്വം ദർശിക്കുക; *നീറോയെപ്പോലെ, വളരെ മതഭക്തിയും, യൗവ്വനത്തിൽ അത്യന്തം സന്മാർഗ്ഗനിഷ്ഠയും ഉള്ളവർ തീരെ ദുഷ്ടന്മാരായിത്തിരിയുന്നതു് ധാരാളം കാണാം. ഇംഗ്ലണ്ടിലെ രാജാവു് ഹെൻറി പഞ്ചമൻ ചെറുപ്പത്തിൽ വളരെ ദുഷ്ടനായിരുന്നു; പിന്നീടു് അദ്ദേഹം ബഹുഗുണവാനായിത്തീർന്നു. ഇങ്ങനെ ആരുടെയും സ്വഭാവത്തെ മുദ്രയടിക്കാൻ തുനിയരുതു് എന്തെന്നാൽ, ഇന്നത്തെ ദുഷ്ടന്മാർ നാളെ ധാരാളം നന്നായെന്നുവരാം, ×സർ വാൾട്ടർ സ്കോട്ടു് ബാലനായിരുന്നപ്പോൾ മന്ദബുദ്ധിയായിരുന്നു പിന്നീടു് അദ്ദേഹം വലിയ മഹാനായി ഭവിച്ചു. കണക്കപാഠങ്ങൾ ശരിയായി ചെയ്യാഞ്ഞതിനാൽ സർ ഐസക്ക് ന്യൂട്ടൺ പല തവണ ശിക്ഷിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ പിന്നീടു് അദ്ദേഹം എന്തായി എന്നു നോക്കുക. മഗ്ദലനമറിയം യൗവ്വനത്തിൽ ബഹുദുഷിക്കപ്പെട്ടവൾ ആയിരുന്നു. എന്നാൽ പിന്നീടു് അവൾ ക്രിസ്തുവുമായി കണ്ടുമുട്ടിയതിനുശേഷം, അത്യന്തം ദൈവഭക്തയായ മഹതിയായി; അവൾ ക്രിസ്തുവിന്റെ ഒരു ശിഷ്യയായി. ഇന്നത്തെ സാധാരണ പാപി കുറെ കഴിയുമ്പോൾ ഒരു പുണ്യവാൻ—ഏററവും പരിശുദ്ധനായ പുരുഷൻ – ആയിത്തീർന്നേയ്ക്കാം. ഒരു മനുഷ്യൻ തെററുചെയ്താൽ, അവനെതിരായി എഴുന്നേററുനിന്നു് അവനെ ദ്വേഷിക്കാൻ നിങ്ങൾക്കവകാശമില്ല. അവനിലെ ഈശ്വരത്വം കാണുക സർവ്വത്രയും, സകലരിലും ദൈവത്തെ വീക്ഷിക്കുക ആരെങ്കിലും നിങ്ങളെപ്പററി ദുഷ്ടചിന്തചെയ്താൽ, മററുള്ളവർ നിങ്ങളെ കുററം പറഞ്ഞാൽ നിങ്ങൾ പ്രതിക്രിയ ചെയ്യണമോ? വേണ്ടാ! വേണ്ടാ! ഒരിക്കലും വേണ്ടാ!

സോക്രട്ടീസ് തടങ്കലിൽ കിടന്നപ്പോൾ അദ്ദേഹത്തിനു് വിഷംകൊടുത്തതിനുമുമ്പു്, ശിഷ്യന്മാർചുററിക്കൂടി അദ്ദേഹം തടങ്കലിൽനിന്നു് ഓടി രക്ഷപ്പെടണമെന്നു പറഞ്ഞാവശ്യപ്പെട്ടു. ജയിലർക്കു കോഴകൊടുത്തു് അദ്ദേഹത്തെ വിട്ടുവിക്കാമെന്നു് അവർ പറഞ്ഞു. കയ്ക്കൂലികൊടുക്കുന്നതും നിയമം ലംഘിച്ചു് അങ്ങിനെ ഓടിപ്പോകുന്നതും നാട്ടിലെ നിയമം അനുവദിക്കുന്നോ എന്നു് അദ്ദേഹം ചോദിച്ചു. ഇല്ലെന്നു് അവർ പറഞ്ഞു. അപ്പോൾ അദ്ദേഹം ചോദിച്ചു:—"ഇതു നിയമപ്രകാരം സാധുവല്ലെങ്കിൽ

---

* പരമദുഷ്ടനായിരുന്ന ഒരു റോമാചക്രവർത്തി.

× ഒരു ഇംഗ്ലീഷ് സാഹിത്യകാരൻ.

ഞാൻ രക്ഷപ്പെടണമെന്നും, നിയമവിരോധം ചെയ്യണമെന്നും നിങ്ങൾ എന്തുകൊണ്ടു പറയുന്നു? അവർ ഉത്തരം പറഞ്ഞു:— "ഈ ജനങ്ങൾ തെററാണ് ചെയ്യുന്നതു്; അവർ നിയമം ശരിയായി പാലിക്കുന്നില്ല. അതിനാൽ രക്ഷപ്പെടുന്നതു് തെററാകയില്ല." അദ്ദേഹം പറഞ്ഞു:—"ഞാൻ പ്രതിക്രിയചെയ്തുകൊള്ളണമെന്നാണോ? അന്യന്മാർ നിയമലംഘനം ചെയ്യുന്നതുകൊണ്ടു്, ഞാനും നിയമത്തെ ലംഘിക്കയും നിയമവിരുദ്ധമായി പ്രവർത്തിക്കയും ചെയ്യണമെന്നാണോ? ഞാൻ നിയമം ലംഘിച്ചാൽ അതു തെററിനെ തിരുത്തുന്നില്ല. നിയമലംഘനം നിയമസാധുവല്ലെന്നു നിങ്ങൾ പറഞ്ഞതിനു് അതു യോജിക്കുന്നില്ല രണ്ടു കറുപ്പു് ഒരു വെളുപ്പുണ്ടാക്കുന്നില്ല. അന്യന്മാർ വിമർശിക്കയും കുററപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ, നാമെന്തിനു് അതു ചെയ്യുന്നു? മററുള്ളവരെപ്പോലെ നാമും തുടങ്ങിയാൽ ആദ്യതെററിനെ നാം വർദ്ധിപ്പിക്കമാത്രമാണു ചെയ്യുന്നതു്. സംഗതികൾ നന്നാകുന്നില്ല."

വിമർശനവും ദുഷ്ടവിചാരങ്ങളും നിങ്ങളെ എങ്ങനെ ക്ഷതപ്പെടുത്തുന്നു? നിങ്ങൾ അവയെ സ്വീകരിച്ചെങ്കിലേ അവ നിങ്ങൾക്കു ദോഷം ചെയ്യുകയുള്ളു. നിങ്ങൾ അവ സ്വീകരിക്കാത്തപക്ഷം അവ നിങ്ങളെ ഉപദ്രവിക്കയില്ല ഒരാൾ നിങ്ങൾക്കു ഒരു കത്തയയ്ക്കുയും നിങ്ങൾ അതു വാങ്ങിക്കയും ചെയ്യുന്നതുപോലെ, നിങ്ങളിൽ അതിനു നല്ല ഫലമോ ചീത്ത ഫലമോ ഉണ്ടാക്കാൻ കഴിയും. എന്നാൽ ലററർ നിങ്ങൾ തുറക്കാതിരുന്നാൽ, നിങ്ങൾ അതു വാങ്ങാതിരുന്നാൽ, അഥവാ ലററർ പോസ്റ്റാഫീസിൽതന്നെ കിടന്നാൽ, അതു അയച്ച ആൾക്കു തിരിയെ പൊയ്ക്കൊള്ളും. അതുപോലെ, ഇതരന്മാർ ദുഷ്ടവിചാരങ്ങൾ അയയ്ക്കുയും നിങ്ങൾ അവ കൈക്കൊള്ളാതിരിക്കയും ചെയ്താൽ, ആ ദുഷ്ടചിന്തകൾ തിരിയെ പോകുന്നു. എന്നാൽ കൈപ്പററിക്കൊണ്ടിരുന്നാൽ സംഗതികൾ തകരാറിലാകും. അവരുടെ വിമർശനം സ്വീകരിക്കരുതു്. എങ്ങനെ? നിങ്ങളുടെ ഈശ്വരത്വം ആസ്പദമാക്കി ഉറച്ചുനിന്നുകൊണ്ടും, കേന്ദ്രത്തിൽതന്നെ സ്ഥിതിചെയ്തുകൊണ്ടും യഥാർത്ഥചൈതന്യത്തിൽതന്നെ ജീവിച്ചുകൊണ്ടും സത്യത്തെ സാക്ഷാൽക്കരിച്ചുകൊണ്ടും.

മനസ്സ് മനസ്സല്ലാതിരുന്നപ്പോൾ എഴുതപ്പെട്ട ഒരു പദ്യമാണു താഴെപ്പറയുന്നതു. അതിൻെറ സാരം ഈശ്വരസാന്നിദ്ധ്യം അനുഭവിക്കണമെന്നും നിങ്ങളുടെ ദേഹത്തിൽ വിമർശനമാകുന്ന ഭിത്തികളും മൂടുപടങ്ങളും ആവരണങ്ങളും കൂടാതെ ദൈവത്തെ അടുപ്പിക്കണമെന്നും അവ നിങ്ങളുടെ ശരീരത്തിലോ അന്യന്മാരുടെ

പക്കലോ തീരെയില്ലെന്നും ഈശ്വരനെ അനുഭവിക്കണമെന്നും ആണു്.

"അത്രയ്ക്കുട്ടക്കലൊ,ണത്രയ്ക്കുട്ടക്കലൊ,—
ണത്രയ്ക്കുട്ടക്കലൊണ്ണെ,ന്നോമന!"

ഇവിടെ 'ഓമന' അപരിമേയനായ ഈശ്വരനെ സൂചിപ്പിക്കുന്നു.

അതുതന്നെയാണു് രോമങ്ങൾ വളർത്തുന്നതും, സിരകളിൽ രക്തസഞ്ചാരം ചെയ്യിക്കുന്നതും; അതുതന്നെയാണു് നിങ്ങളെക്കൊണ്ടു കാണിക്കുന്നതും കേൾപ്പിക്കുന്നതും. നിങ്ങളുടെ സംഭാഷണത്തിൽ ഈശ്വരൻ ഇരിക്കുന്നു; നിങ്ങളുടെ കാഴ്ചയിൽ ഈശ്വരൻ ഉണ്ടു്. നിങ്ങളുടെ കേൾവിയെന്ന പ്രവൃത്തിയിൽ ഈശ്വരനുണ്ടു്. ആ പരമാർത്ഥാത്മാ നിങ്ങളിൽ നിറഞ്ഞിരിക്കുന്നു. ആ ദിവ്യസത്ത, നിങ്ങളുടെ സ്നേഹിതനിലും സോദരനിലും ബന്ധുക്കളിലും ശത്രുക്കളിലും പ്രത്യക്ഷമായിരിക്കുന്ന അതേ ദൈവമാണു്. നിങ്ങൾ ഈശ്വരനെ സങ്കല്പിക്കുമ്പോൾ ശത്രുക്കളില്ല; നിങ്ങൾ ഈശ്വരനെതിരെ കണ്ണടയ്ക്കുമ്പോൾ ശത്രുക്കൾ വരുന്നു. നിങ്ങൾ തേടുന്ന പരമാനന്ദം ചിന്തിക്കുക, അനുഭവിക്കുക. ആ ഈശ്വരത്വം അത്ര അടുത്താണു്, നിങ്ങൾക്കത്ര അടുത്താണു്.

ആഹ്ലാദിക്കുക, ആഹ്ലാദിക്കുക! നിങ്ങളുടെ കാമവിഷയങ്ങൾ—അറിഞ്ഞോ, അറിയാതെയോ ഈശ്വരനെ ലക്ഷ്യമാക്കുന്നു. കാമങ്ങളുടെ ഉദ്ദേശം—മാൎക്കു്—ലക്ഷ്യസ്ഥാനം—ആനന്ദം അല്ലയോ? ആനന്ദം ഈശ്വരനല്ലയോ? ഹാ! സാക്ഷാൽക്കരിച്ചാലും!

"അത്രയ്ക്കുട്ടക്കലൊണത്രയ്ക്കുട്ടക്കലൊ—
ണത്രയ്ക്കുട്ടക്കലൊണ്ണെന്നോമന!
മേലിലും, താഴെയും, പിന്നിലും, മുന്നിലും
ലാലസിച്ചീടുന്നു നീ സർവ്വദാ;
എന്നുടെചുററിലു,മെന്നുടെയുള്ളിലും
എന്നുടെബാഹ്യസ്ഥലങ്ങളിലും
'ആഹന്ത! ഞാൻതന്നെ';യെത്രയ്ക്കഗാധമായ്
മാഹാത്മ്യമാളുന്നതീക്ഷ്ണതയിൽ
എത്രമഹത്തായിനീയുണ്ടിരിക്കുന്നു!
നേത്തെൻപ്രണയമേ! എൻെറകുഞ്ഞേ!
........................................"

സകല ബന്ധങ്ങളും പൊട്ടിച്ചു്, എല്ലാ കെട്ടുപാടുകളെയും തകർത്തു്; 'ഞാൻ, നീ' ചിന്തകൾ സമസ്തവും പിന്നിലാക്കി പ്രാപഞ്ചികമമതങ്ങളൊക്കെയും പിൻവശത്തു തള്ളിനീക്കി;

ഈശ്വരത്വവും പരമാത്ഥത്വവും എന്തുമാത്രം ഉയൎന്നു്; സ്വാത്ഥപരമായ കെട്ടുകളെല്ലാം തകൎന്നുപോകത്തക്കവിധം അത്രയ്ക്കു ആത്മാവിനെ സാക്ഷാല്ക്കരിച്ച്; ഇതാകുന്നു അനുഭൂതി. ആ ബന്ധങ്ങൾ നിങ്ങൾക്കു പ്രബലമായി പ്രകടമായിരിക്കുന്ന കാലത്തോളം, അനുഭൂതി അവിടെ ഇല്ല. അതാണു് നിയമം. യേശുക്രിസ്തുവിൻെറ വാക്കുകളിൽ വിസ്മയകരമായ സത്യമുണ്ട്:–

"നിനക്കുള്ളതെല്ലാം വില്ക്കുക, പാവപ്പെട്ടവൎക്കു ദാനംചെയ്യുക; എന്നിട്ടു് എന്നെ പിൻതുടരുക".

എന്നാൽ ജനങ്ങൾ ഭീരുക്കളത്രെ.

അല്ലയോ! ആധുനികപരിഷ്കാരമേ! ക്രിസ്തുവിൻെറ പ്രവൃത്തികളും പ്രസ്താവനകളും പ്രദൎശിപ്പിക്കുന്ന സത്യം നീ സാക്ഷാൽക്കരിക്കയും അംഗീകരിക്കയും ചെയ്യേണ്ടതാണു്. ഈശ്വരനെയും മാമനെയും (സ്വത്തു) രണ്ടുപേരെയുംകൂടി ഒരേസമയത്തു സേവിക്കാൻ തരമില്ലെന്നു ശക്തിമത്തായ ഭാഷയിൽ ഇതാ! വേദാന്തം നിങ്ങളോടു പറയുന്നു. ലൗകികബന്ധങ്ങളുടെയും ലൗകികകെട്ടുപാടുകളുടെയും ലൗകികവ്യാപാരങ്ങളുടെയും ലൗകികധനങ്ങളുടെയും, ലൗകികകാമങ്ങളുടെയും, ലൗകികാവശ്യങ്ങളുടെയും സകല ചിന്തകളും ഈശ്വരനിലേയ്ക്കു അലിഞ്ഞുചേരുന്ന, സത്യത്തിലേയ്ക്കു മഗ്നമാകുന്ന നിമിഷങ്ങളാണു് സാക്ഷാല്ക്കാരനിമിഷങ്ങൾ.

എൻകുഞ്ഞേ!കമിതാവേ!സോദരീ!സഹോദരാ!
എൻകാന്താ! പ്രണയിനീ! ജനകാ! ജനയിത്രീ!
മിത്രമേ! ശത്രുക്കളേ! മന്മധുരാത്മാവേ! മേ
രാത്രമേ! ദിവസമേ! മദീയശ്വാസങ്ങളേ!
എന്നുടെസുഖം, മമശരിയും തെററും, പ്രേമ–
സുന്ദരവസ്ത്രങ്ങൾ നീ യുക്തമായ് മാററിനിൽപ്പൂ.
സുപ്രഭാതമേന്തുന്ന വൎണ്ണവൈവിധ്യമെത്ര
സൽപ്രമോദദം! ഹാഹാ! സത്യമേ! ദിവ്യത്വമേ!
ഈശ്വരാ! മമ മറെറാന്നില്ല, ബന്ധങ്ങളില്ലാ,
ശാശ്വതൻഭവാനോടുമാത്രമേയുള്ളൂബന്ധം.

ഞാൻ സംശയിക്കുന്നില്ല; ഞാൻ സൂക്ഷിക്കാതിരിക്കുന്നുവെങ്കിൽ, ഞാനെൻെറ പ്രിയപ്പെട്ടവനെ ശല്യപ്പെടുത്തുക, ശല്യപ്പെടുത്തുക മാത്രമാണു്; എന്തെന്നാൽ എനിക്കു നിന്നെ മാത്രമേ ശല്യപ്പെടുത്താനുള്ളു!

"ഹാഹാ! മൽഭവനമേ! സുപ്രിയഭവനമേ!
മോഹനപയ്യങ്കമേ! മാമകശരണമേ!"

ഈശ്വരത്വം നിങ്ങളുടെ കട്ടിലാണെന്നും, നിങ്ങൾ അതിൽ ശയിക്കുന്നുവെന്നുമുള്ള ചിന്തകൊണ്ടു നിങ്ങളുടെ ആത്മാവിനെ പൂർണ്ണമായി നിറയ്ക്കുക. നിങ്ങൾ ഈശ്വരനിൽ കിടക്കുന്നുവെന്നു ഭാവന ചെയ്യുക.

അല്പമൊന്നുനിന്നാലും, ഞാനെന്തുവാങ്ങിയെന്നു
സ്വല്പംകാണട്ടെ ഹന്ത! മറന്നു; സർവ്വേശൻഞാൻ!

ഞാൻ വാങ്ങിയ സാധനം—അതു ഞാനാണ്—എന്റെ ആത്മാവുതന്നെ. നിങ്ങൾ വാങ്ങിയതു് നിങ്ങൾ സദാ എന്തായിരുന്നോ അതുതന്നെ.

"ജ്വലിക്കുംപ്രഭാപൂരം സൂര്യനാമെന്റെരഥം
നിലയംദിവ്യസാരം കാഴ്ചതന്നുദ്ധാരകൻ"

ഓം! ഓം!! ഓം!!

---

## 12. ചോദ്യങ്ങളും ഉത്തരങ്ങളും

(1903 ഫെബ്രുവരി 26-ലെ പ്രസംഗം)

ചോദ്യം:—"ഞാൻ ഈ ശരീരമല്ല; ഞാൻ ആത്മാവാണ്, ഞാൻ സ്വസത്തയാണ്" എന്നു പറയുന്നതെന്താണ്?

ഉത്തരം:—പരമാർത്ഥാത്മാവിൽ വാക്കുകളില്ലാ. യഥാർത്ഥാത്മാവിന്റെ നിലയിൽനിന്നുനോക്കിയാൽ ഈവിധം പ്രസ്താവന ചെയ്യുന്നതിനുള്ള സാദ്ധ്യതയില്ല:—"ഞാൻ ബ്രഹ്മമാണ്; ഞാൻ ഇതാണ്, അഥവാ ഞാനതാണ്." യഥാർത്ഥാത്മാവിൽ വാക്കുകൾ എത്തുന്നില്ല. ആത്മാവ് വാക്കുകൾക്കതീതനാണ്. "ഞാൻ ബ്രഹ്മമാണ്, ഞാൻ ആത്മാവാണ്, ഞാൻ ഈശ്വരത്വം ആണ്" എന്ന പ്രഖ്യാപനങ്ങൾ അങ്ങിനെ ആത്മാവു ചെയ്യുന്നില്ല. എന്തെന്നാൽ ആത്മാവു വാക്കുകൾക്ക് ഉയരെ നില്ക്കുന്നു. ഈ പ്രസ്താവനകൾ ചെയ്യുന്നതു ബുദ്ധി (സൂക്ഷ്മശരീരം)—അഥവാ നിങ്ങൾ കൊടുക്കുന്ന എന്തു പേരുമാകട്ടെ—അതാണ്. "ഞാൻ ബ്രഹ്മമാണ്, ഞാൻ ഈശ്വരനാണ്" എന്ന പ്രസ്താവന മനസ്സാണു ചെയ്യുന്നതു്. എങ്കിൽ, മനസ്സും ബുദ്ധിയും ബ്രഹ്മമല്ലെന്നും അതിനാൽ പ്രസ്താവനചെയ്യുന്നതു് അവയ്ക്കു ന്യായമല്ലെന്നും

ആണ് വരുന്നതു്. വേദാന്തം പറയുന്നു:—"ഒരു നിലയിൽ നിന്നുനോക്കിയാൽ മനസ്സും ബുദ്ധിയും ബ്രഹ്മമല്ല. എന്നാൽ മറെറാരു ദൃഷ്ടികോണത്തിൽനിന്നു നോക്കിയാൽ മനസ്സും ബുദ്ധിയും ബ്രഹ്മമല്ലാതെ വേറൊന്നുമല്ല, ശരീരംപോലും ബ്രഹ്മമല്ലാതെ മറെറാന്നുമല്ല. പ്രപഞ്ചത്തിലെ സകലതും ബ്രഹ്മമൊഴിച്ച മറെറാന്നുമല്ല. കറുത്ത പാമ്പു കയറാണെന്നു നാം പറയുമ്പോൾ 'കയർ' എന്ന ധർമ്മം പാമ്പിൻേറതല്ലാത്തതുപോലെ, അതേവഴിക്ക 'കറുത്ത' എന്ന വിശേഷണം പാമ്പിനില്ലെന്നുള്ളതുപോലെതന്നെ. സർപ്പം കറുത്തതാണു്. ഇവിടെ 'കറുപ്പെ'ന്ന ഗുണം പാമ്പിനുള്ളതാണു്. എന്നാൽ പാമ്പു കയറാണെന്നു പറയുമ്പോൾ, കയറു പാമ്പിൻെറ വിശേഷണമല്ല. അതുപോലെ മനസ്സോ, ശരീരമോ, ബുദ്ധിയോ ബ്രഹ്മം അഥവാ ആത്മാവു് ആണെന്നു നാം പറയുമ്പോൾ, ബ്രഹ്മമോ, ആത്മാവോ, മനസ്സിൻെറയോ, ബുദ്ധിയുടെയോ, ശരീരത്തിൻെറയോ വിശേഷണമല്ല. മനസ്സോ, ബുദ്ധിയോ, ശരീരമോ പ്രത്യക്ഷവസ്തുവിനെ നിഷേധിക്കുന്നുവെന്നും ഈശ്വരനെയോ, ദൈവത്തെയോ കാണുന്നുവെന്നും ആണു ഒരേഅർത്ഥം. "ഞാനീശ്വരനാണു്, ദിവ്യത്വമാണു്" എന്നു നാം പറയുമ്പോൾ, ഈശ്വരൻ എൻെറ വിശേഷണമാണെന്നു അതു വിവക്ഷിക്കുന്നില്ല. "ഞാൻ രാജാവാകുന്നു" എന്നു പറയുമ്പോൾ ഉള്ളതുപോലല്ലാ. എന്തെന്നാൽ അവിടെ 'രാജാവു്' എന്നതു് ഒരു വിശേഷഗുണമാണു്; ഈശ്വരനെന്നതു് ഒരു വിശേഷണമല്ല. "ഞാൻ ഈശ്വരനാണു്" എന്നതു് "സർപ്പം കറുപ്പാണു്" എന്നതുപോലുള്ള ഒരു പ്രസ്താവനയല്ല. "ഞാൻ ഈശ്വരനാണു്" എന്ന പ്രസ്താവന ഈശ്വരനെ ഒരു വിശേഷണമാക്കുകയാണെങ്കിൽ അതൊരു മതവിരുദ്ധപ്രസ്താവനയാകും. എന്നാൽ യഥാർത്ഥത്തിൽ "ഞാൻ ഈശ്വരനാണു്" എന്നതിൻെറ അർത്ഥം ഇതാണു്:—"ഈ പ്രത്യക്ഷവസ്തു ഒരു വ്യാമോഹം—മതിഭ്രാന്തി—മാത്രം ആയിട്ടു ഗ്രഹിക്കേണ്ടതാണു. യഥാർത്ഥാത്മാ അതിൻെറ പൂർണ്ണവളർച്ചയിൽ പ്രകാശിക്കപ്പെടേണ്ടതാണു്. ഹാ! ഈശ്വരൻ ഞാൻ ആണു്.

---

അല്ലയോ! ലോകത്തിലെ ജനങ്ങളേ! നിങ്ങൾ എന്നെ സ്വാമിയെന്നോ, രാമനെന്നോ വിളിക്കുന്നുവെങ്കിൽ, നിങ്ങൾ എന്നെ അതെന്നോ ഇതെന്നോ വിളിക്കുന്നുവെങ്കിൽ, നിങ്ങൾക്കു തെററു പററിപ്പോയി, ഈശ്വരനാണു ഞാൻ, ഈ ശരീരമല്ലാ ഞാൻ.

ഒരു മനുഷ്യൻ ഉറങ്ങികിടന്നിരുന്നു. സ്വപ്നത്തിൽ അയാൾ സ്വയം ഒരു മോഷ്ടാവായി പിടിക്കപ്പെട്ടു; അവൻ ഒരു യാചകനാണെന്നുകണ്ടു; അവൻ സ്വയം അതിനികൃഷ്ടസ്ഥിതിയിൽ കണ്ടു; സ്വപ്നത്തിൽവെച്ചു അവൻ സകലതരം ദേവന്മാരോടും സഹായം അഭ്യർത്ഥിച്ചു. അവൻ ആ കോർട്ടിലും ഈ കോർട്ടിലും പോയി; ആ വക്കീലിൻെറയും, ഈ വക്കീലിൻെറയും അടുത്തു പോയി. അയാൾ കൂട്ടുകാരുടെ അടുത്തെല്ലാം പോയി സഹായം അപേക്ഷിച്ചു. എന്നാൽ സഹായമൊന്നും ലഭിച്ചില്ല. അയാൾ ജയിലിൽ അടയ്ക്കപ്പെട്ടു. സങ്കടപ്പെട്ടു കരഞ്ഞു; എന്തെന്നാൽ അവനു് ഒരുസഹായവും കിട്ടിയില്ല. ഒരു പാമ്പു വന്നു അവനെ കടിച്ചു. അവനു് അസഹ്യവേദനയുണ്ടായി. ഈ വേദനയുടെ കാഠിന്യംകൊണ്ടു അവൻ പെട്ടെന്നു ഉണൎന്നു. ഉറക്കത്തിൽ കടിച്ച പാമ്പിനോടു് അയാൾ കൃതജ്ഞനായിരിക്കേണ്ടതാണു്. നാം സങ്കടകരമായ ഭയങ്കരവസ്തുക്കൾ സ്വപ്നംകാണുമ്പോൾ, പേടിപ്പിക്കുന്ന കാഴ്ചകൾ കാണുമ്പോൾ, നാം ഉണരുന്നു. അതുപോലെ സ്വപ്നസർപ്പം അവനെ കടിച്ചുണൎത്തി. താൻ മെത്തയിൽ സുഖമായി കിടക്കുകയാണു് എന്നു അവൻ കണ്ടു. ചുററും കുടുംബാംഗങ്ങൾ നില്ക്കുന്നതും കണ്ടു. അവൻ സന്തോഷിച്ചു. സ്വപ്നത്തിൽ അവൻ ബന്ധിതനായിരുന്നതായി നാം കാണുന്നു. അവനു മോചനം വേണ്ടിയിരുന്നു. സ്വപ്നത്തിൽ ആ പാമ്പു വന്നുകടിച്ചു. ഈ പാമ്പു സ്വപ്നത്തിലെ മററു വസ്തുക്കൾപോലെതന്നെയായിരുന്നു. എന്നാൽ ഒരു ഭേദമുണ്ടു്. ഈ പാമ്പു അവനെ ഞെട്ടിച്ചുണൎത്തി. അതു അവനെ ഭക്ഷിച്ചു. പാമ്പു മനുഷ്യനെ ഭക്ഷിച്ചു എന്നല്ലാ, മനുഷ്യൻെറ സ്വപ്നം കണ്ടുകൊണ്ടിരുന്ന അഹംഭാവനയെ ഭക്ഷിച്ചു എന്നാണർത്ഥം. ഈ ഭാവനാപുരുഷനും സ്വപ്നത്തിലെ ഇതരവസ്തുക്കളെപ്പോലെയായിരുന്നു. ഈ പാമ്പു മനുഷ്യൻെറ സ്വപ്നദ്രഷ്ടാവായ സത്തയെ മാത്രമല്ലാ, സകല സ്വപ്നവസ്തുക്കളെയും നശിപ്പിച്ചു, അതായതു് ജയിലിനെയും ജയിലറയും, പട്ടാളക്കാരെയും ഒക്കെയും. എന്നാൽ ഈ പാമ്പു് ഒരു അൽഭുതസർപ്പമായിരുന്നു, അതൊരു അസാധാരണകൃത്യംകൂടിചെയ്തു. അതു തന്നത്താൻ ഭക്ഷിച്ചുകളഞ്ഞു! എന്തെന്നാൽ മനുഷ്യൻ ഉണൎന്നപ്പോൾ ഈ അത്ഭുതസർപ്പത്തെ അവൻ കണ്ടതേയില്ലാ.

വേദാന്തപ്രകാരം നിങ്ങൾ കാണുന്ന ഈ ലോകമശേഷം വെറും ഒരു സ്വപ്നം—മായ—മാത്രമാണു്. സ്വപ്നം കാണുന്ന നിങ്ങളെപ്പററി എന്തുപറയാം? നിങ്ങൾ സ്വപ്നംകാണുന്ന അഹംഭാവന—സ്വപ്നം കാണുന്ന കള്ളൻ—അഥവാ മോഷ്ടാവുമുതലായതും—നിങ്ങളുടെ സകല സ്നേഹിതന്മാരും; ജയിലിലെ ഇതര കൂട്ടു

കാരും ഒക്കെയാണ്. ഇവരോടാണ് സഹായം തേടുകയും അഭ്യത്ഥിക്കയും ചെയ്യുതു്. സ്വഗ്ഗത്തിലും നരകത്തിലുമുള്ള സകല ദേവന്മാരോടും സഹായാത്ഥനചെയ്തു. അവക്കു മോചിപ്പിക്കാൻ കഴിഞ്ഞില്ല. നിങ്ങൾ സ്നേഹിതന്മോടു സഹായം യാചിച്ചു. സമാധാനം കിട്ടിയില്ല, യഥാത്ഥസഹായമില്ല. സപ്പം കടിച്ചു എന്നു കാണുംവരെ യഥാത്ഥസുഖമോ, ആനന്ദമോ കിട്ടിയില്ല. അതെന്തു പാമ്പാണു്? ത്യാഗമാകുന്ന സപ്പം—ത്യാഗം സപ്പസമാനമായി ത്തോന്നുന്നു. അതു നിങ്ങളെ കടിക്കുന്നു. ത്യാഗമെന്നവാക്കു നിങ്ങൾക്കു ഭയങ്കരമായി തോന്നുന്നു. അതു നിങ്ങളെ കുത്തുന്നതു്—കടിക്കുന്നതുപോലെ തോന്നുന്നു. പരമാത്ഥത്യാഗം ജ്ഞാനമാകുന്നു—അതു വേദാന്തം ആണെന്നത്ഥം.

ഈ യഥാത്ഥത്യാഗംവരുമ്പോൾ, നാം ജ്ഞാനമെന്നുപറയുന്നതു പുറമേ എത്തുന്നു. "ഞാൻ ബ്രഹ്മമാണു്; ഞാൻ ഈശ്വരനാണു്, ഞാൻ ദേവാധിദേവനാണു്"എന്ന മഹദ്വാക്യം അപ്പോൾ സാക്ഷാല്ക്കരിക്കപ്പെടുന്നു. ഇവിടെ "ഞാൻ ബ്രഹ്മം—ആത്മാവു്—ആണു്" എന്ന പ്രസ്താവന അമേരിക്കരുടെയും യൂറോപ്യരുടെയും ചെവികളിൽ ചീററുന്ന ശബ്ദംപോലെ പതിക്കുന്നു. അതു നിങ്ങളെ കടിക്കുന്ന ചീററപ്പാമ്പാണു്. നിങ്ങൾ പറയുന്നു:—"ഹാ! നന്നായി! അത്തരം അസംബന്ധമായ സിദ്ധാന്തം ഞാൻ എങ്ങിനെ സ്വീകരിക്കുന്നു? അത്തരം അസംബന്ധം പറയാൻ ഞാൻ എങ്ങിനെ ധൈയ്യപ്പെടും?"

ഹേ! മനുഷ്യരേ! സപ്പം നിങ്ങളെ കടിക്കട്ടെ. അതിന്റെ കുത്തുകളും കടികളും സ്വാഗതാഹ്മാണു്. അവ നിങ്ങളെ മുക്തരാക്കും, നിങ്ങളുടെ സകല സങ്കടങ്ങളിലും കഷ്ടതകളിലുംനിന്നു നിങ്ങളെ മോചിപ്പിക്കും. ഈ സത്യം നിങ്ങളിൽ വിഷം കുത്തിക്കയറുന്നില്ല; എന്നാൽ നിങ്ങളുടെ ജീവനിൽ അമൃതം കുത്തിവയ്ക്കുന്നു. നിങ്ങൾ ഉണന്നു്, സ്വപ്നംകാണുന്ന ദ്രഷ്ടാവു് മറയുമ്പോൾ, പ്രപഞ്ചവുംകൂടി പൊയ്പോകുന്നു.

രാമൻ ഈ പറയുന്നതു വെറും മനോരാജ്യഭാവനയല്ല; ഒരു പരമാത്ഥംമാത്രമാണു് സത്യമാണു്. നിങ്ങൾക്കു നിങ്ങളുടെ സ്വന്തം അനുഭവംകൊണ്ടു പരീക്ഷിക്കാവുന്നതാണു്. സകല വേദനയും, കുഴപ്പവും, നിരാശതയും അപ്പോൾ പെട്ടെന്നു അസ്തമിക്കുന്നു.

"ഞാൻ ഈ ശരീരമല്ല" എന്ന പ്രസ്താവന സ്വപ്നത്തിലെ കള്ളനാണു ചെയ്യുന്നതു്. എന്തെന്നാൽ നിങ്ങൾ ഈശ്വരനെ മോഷ്ടിച്ചു; നിങ്ങൾ സത്യം മോഷ്ടിച്ചു; നിങ്ങൾ നിങ്ങളുടെ യഥാ

ത്ഥസത്തയെ ഒളിച്ചുകളഞ്ഞു; അതിനാൽ സ്വപ്നത്തിൽ നിങ്ങൾ മോഷ്ടാവാണ്. സ്വപ്നത്തിലെ ഈ മോഷ്ടാവിനെ സത്യമാക്കുന്ന സർപ്പം കുത്തി—"ഞാൻ ആത്മാവാണ്" എന്ന സത്യം. ഇങ്ങനെ "ഞാൻ ആത്മാവാണ്" എന്നതിൻെറ ജീവ(ചൈതന്യ) സന്ദായകമായ കുത്ത് സ്വപ്നമോഷ്ടാവു സ്വീകരിക്കുന്നു. ഫലമോ നിങ്ങൾ ഉണരുന്നു എന്നുള്ളതാണ്. യഥാർത്ഥാത്മാ പൂർണ്ണചൈതന്യത്തോടെ പ്രകാശിക്കുന്നു. ഈ ആത്മാവ് അപ്രാപ്യനാണ്. അതു സകല വർണ്ണനയ്ക്കും അതീതനാണ്. ഭാഷയ്ക്കതിനെ എത്തിപ്പിടിക്കാവതല്ല.

ചോദ്യം:—ജീവിക്കുന്നവരുടെ ഉറക്കംപോലെയാണ മരണമെങ്കിൽ, ആ സമയത്ത് മരണലോകത്തിൽ നടക്കുന്നതു നാം അറിയുന്നില്ലെന്നാണോ അത്ഥമാക്കുന്നതു്?

ഉത്തരം:—നിങ്ങൾ മരണമാകുന്ന നിദ്ര അനുഭവിക്കുമ്പോൾ, നിങ്ങളുടെ സ്വന്തസൃഷ്ടിയായ ഒരു ലോകത്തിൽ നിങ്ങൾ ജീവിക്കുന്നു. ജാഗ്രദവസ്ഥയിൽ തന്നെയും നിങ്ങളുടെ സ്വന്തസൃഷ്ടിയായ ഒരു ലോകത്തിലാണ നിങ്ങൾ ജീവിക്കുന്നതു്; നിങ്ങൾ നിങ്ങൾക്കു ചുററുമുള്ള നിസ്സാരമായ ഒരു ചെറുലോകത്തിൽ ജീവിക്കുന്നു. അതുപോലെ മരണമാകുന്ന നിദ്രയിൽ നിങ്ങളുടെ സ്വസൃഷ്ടിയായ ഒരു ലോകത്തിൽ നിങ്ങൾ ജീവിക്കുന്നു. ഇങ്ങനെ സ്വപ്നലോകം ജാഗ്രൽക്കാലലോകത്തോടു വഹിക്കുന്ന സംബന്ധംതന്നെ, മരണലോകം ജാഗ്രൽക്കാലലോകത്തോടും വഹിക്കുന്നു.

ചോദ്യം:—ചൈതന്യത്തിനു്—ആത്മാവിനു് വിശ്രമം ആവശ്യമില്ലാത്തതിനാൽ ഉറങ്ങുന്നു എന്നു പറയുന്നതു് എന്താണ്?

ഉത്തരം:—ആത്മാവ്—യഥാർത്ഥദൈവം—ഒരിക്കലും ഉറങ്ങുന്നില്ല. നിദ്ര യഥാർത്ഥാത്മാവിനെ സ്പർശിക്കുന്നില്ല. വേദാന്തമതമനുസരിച്ചു് ഈ നിദ്രാവസ്ഥയും, അതുപോലെ ജാഗ്രദവസ്ഥയും വെറും മായ—വ്യാമോഹം—അല്ലാതെ മറെറാന്നുമല്ല. നിദ്ര മനസ്സിനോ അഥവാ മായാനിർമ്മിതമായ വ്യാജപുരുഷനോ മാത്രമേ ഉണ്ടാകുന്നുള്ളു. നിദ്ര അയഥാർത്ഥമായ—വെറുതെ ഉണ്ടെന്നു തോന്നപ്പെടുന്ന—സൂക്ഷ്മശരീരത്തിന്മാത്രമേ സ്വയംസംബന്ധപ്പെടുന്നുള്ളു. നിദ്ര എന്നതു് നിങ്ങളുടെ വ്യാജാഹങ്കാരം — മായ — സ്വപ്നം — മനഃഭ്രാന്തി—ഇതിൻെറ ഒരു ഉപാധിയാണ്.

ചോദ്യം:—പ്രേതങ്ങളിൽനിന്നു മദ്ധ്യവത്തികൾ (mediums)മുഖേന സന്ദേശങ്ങൾ ലഭിക്കുമോ?

ഉത്തരം:—ജാഗ്രദവസ്ഥയിൽപോലും നിങ്ങൾക്കു ലഭിക്കുന്ന സന്ദേശങ്ങൾ സകലതും നിങ്ങളിൽനിന്ന്—അകത്തുനിന്നു—തന്നെ വരുന്നതാണെന്നു രാമൻ പറയുന്നു. ജാഗ്രദവസ്ഥയിൽ പുറമേ പ്രത്യക്ഷമാകുന്ന സകല വസ്തുക്കളും നിങ്ങളുടെ അകത്തുണ്ട്. മാസ്മരികമായ, ഹിപ്നട്ടിസപരമായ, മദ്ധ്യവത്തിപരമായനിലയിലും സകലതും നിങ്ങളുടെ ഉള്ളിൽനിന്നുതന്നെ വരുന്നു. ലോകസംഭവങ്ങളെല്ലാം നിങ്ങളുടെ യഥാത്ഥഅസ്തിത്വമാകുന്ന വസ്തുതയിൽനിന്നുതന്നെ വരുന്നു എന്നും, സൂയ്യനും, ചന്ദ്രനും, നക്ഷത്രങ്ങളും, സ്ഥൂലമായിതോന്നുന്ന ലോകം സമസ്തവും, നിങ്ങളുടെ സ്വന്തസൃഷ്ടിമാത്രമാണെന്നും, സവ്വശക്തിയോടുകൂടി വേദാന്തം സ്ഥാപിക്കുന്നു. പ്രേതങ്ങളുടെയും പുണ്യവാന്മാരുടെയും കോടികൾ നിങ്ങളിൽ ഉണ്ട്; ഉള്ളിൽ ഉണ്ട്. നിങ്ങളിൽനിന്നു ബാഹ്യമായി യാതൊന്നുമില്ല; നിങ്ങൾക്കുപുറമേ ഒന്നുമില്ല.

പേർഷ്യൻഭാഷയിൽ ഒരു മനോഹരപദ്യമുണ്ട്. ലോകത്തിലെ ഏററവുംവലിയ കവികളിൽ ഒരാളായ ഹാഫീസ് എഴുതിയതു് ആണതു്. ഇമേഴ്സൺ ഹാഫീസ്സിൻെറ ചില കവിതകളെ തജ്ജമ ചെയ്തിട്ടുണ്ട്. വിവത്തനം ചെയ്താൽ ആ പദ്യത്തിൻെറ സാരം ഇതാണ്:—"ഹേ! മാനസമേ! ഈ അവിശ്വാസമെല്ലാം ദൂരെക്കളയുക; ഈ വാദപ്രതിവാദം സകലതും പറിച്ചെറിയുക വരുക,സ്വൎഗ്ഗത്തിൻെറ കവാടങ്ങൾ തുറക്കാൻ ഉള്ള താക്കോൽ എനിക്കുതരുന്ന ശോണമായ വീഞ്ഞുനിറഞ്ഞ പാത്രം എനിക്കു കൊണ്ടുവന്നു തരുക." നിങ്ങൾ ബാക്കസ്സിൻെറ (വീഞ്ഞിൻെറ ദേവതയുടെ) ശിഷ്യനായി ഭവിക്കണമെന്നല്ല ഇതിൻെറ താല്പയ്യം. നമുക്കു് ആ വീഞ്ഞു്—ഈശ്വരത്വമായ അമൃതം-ലഭിക്കട്ടെ; ദിവ്യമായ ഭ്രാന്തു സൃഷ്ടിക്കുന്ന വല്ലതും നമുക്കു ലഭിക്കട്ടെ എന്നാണു് ഇതിൻെറ അത്ഥം. സ്വപ്നത്തിലെ നികൃഷ്ടനായ മോഷ്ടാവിനെ ഉണത്തുന്ന സപ്പദംശനം നമുക്കുണ്ടാകട്ടെ, ഈവിധത്തിൽ സ്വൎഗ്ഗത്തിൻെറ ദ്വാരം തുറക്കപ്പെടുന്നു. അതിനാൽ രാമൻ പറയുന്നു:— "ഈ കാമങ്ങളും, ചോദ്യങ്ങളും കുറേനേരത്തേക്കു സദയം നീക്കിവെക്കുക; രാമനോടുകൂടി ദിവ്യമായ ഭ്രാന്തു് ആസ്വദിക്കുക; രാമനു സംസാരിക്കണം; അവനു് അവൻെറ ഹൃദയംതുറന്നു പ്രത്യക്ഷപ്പെടണം. നിങ്ങളുടെ ചിന്തകളും, ആഗ്രഹങ്ങളും ബഹുമാനിച്ചുകൊണ്ടു് ഇനിയും രാമനു കഴിച്ചുകൂട്ടാൻ നിവൃത്തിയില്ല. നിങ്ങളുടെ ഇഷ്ടത്തിനു് ഇനിയും തുള്ളുവാൻ തരമില്ല

ഹേ! അമേരിക്കായിലെയും, സമസ്തലോകത്തിലെയും ജനങ്ങളേ! നിങ്ങൾക്കു ദൈവത്തെയും, മാമ്മനെയും (ധനം) സേവിക്കാൻ

പാടില്ലെന്നാണു് സത്യം. നിങ്ങൾക്കു രണ്ടു യജമാനന്മാരെ ഒരേ സമയം പരിചരിക്കാവതല്ല. നിങ്ങൾക്കു ലോകത്തെ ആസ്വദിക്കയും, സത്യത്തെ സാക്ഷാൽക്കരിക്കയും ഒന്നിച്ചു സാദ്ധ്യമല്ല.

ഇങ്ങിനെ, സത്യം മുഴുവനും സമ്പാദിക്കുന്നതിനു നിങ്ങൾ പ്രാപഞ്ചികകാമങ്ങളെ പരിത്യജിക്കണം; പ്രാപഞ്ചികാസക്തികൾക്കും, ദ്വേഷത്തിനും അപ്പുറത്തേയ്ക്കു നിങ്ങൾ ഉയരണം; സകല കെട്ടുകളോടും, ബന്ധങ്ങളോടും, അടിമത്തങ്ങളോടും, പറ്റുതലിനോടും യാത്രപറയണം; നിങ്ങളിതിന്റെയെല്ലാം മുകളിലേയ്ക്കു കടക്കണം. ഇതാണു് വില; നിങ്ങൾ ഈ വിലകൊടുക്കാത്തപക്ഷം, നിങ്ങൾക്കു സത്യം സാക്ഷാൽക്കരിക്കാൻ കഴിവില്ല. നിങ്ങൾ വില കൊടുക്കാൻ തയ്യാറില്ലെങ്കിൽ നിങ്ങൾ താങ്ങേണ്ടതായ ഭാഗ്യഹീനതയുമായി സംതൃപ്തരായി കഴിക്കുക. നിങ്ങൾക്കു സാക്ഷാൽക്കാരം —ഈശ്വരചൈതന്യം—വേണമെങ്കിൽ, ദയവായി വരുക; വില കൊടുക്കുക; അപ്പോൾ നിങ്ങൾക്കു സകലതും കിട്ടുന്നു. ക്രിസ്തു ഈ വാക്കുകൾ നിസ്തർക്കമായി പ്രസ്താവിച്ചു. ഹേ! ജനങ്ങളേ! ഈ വാക്കുകൾ ഇന്നു് എത്രമാത്രം വികൃതമാക്കപ്പെട്ടുന്നു! ശ്രോതാക്കളുടെ കാൽവിരൽ പോറത്തക്കവിധം ഒരർത്ഥംകിട്ടാൻ അവ എത്രമാത്രം ഒടിക്കപ്പെട്ടുകയും, വളയ്ക്കപ്പെട്ടുകയും, ഞെക്കിഞെക്കൊല്ലപ്പെട്ടുകയും ചെയ്യുന്നു! ഇതു രാമനെ ഒരു കഥ അനുസ്മരിക്കുന്നു. ഇൻഡ്യായിൽ ഒരു മനുഷ്യൻ ഉണ്ടായിരുന്നു; സുപ്രസിദ്ധൻ, സത്യപൂർണ്ണൻ, ഈശ്വരത്വഭ്രാന്തൻ: കഴിയുന്നിടത്തോളം ഉച്ചത്തിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞുംകൊണ്ടു് അദ്ദേഹം തെരുവുതോറും നടന്നു:—"ഹേ! ഈശ്വരത്വവ്യാപാരികളേ! വരുവിൻ!" അദ്ദേഹം ഈശ്വരത്വം കച്ചവടംചെയ്തുകൊണ്ടിരുന്നു. "ഹേ! ഈശ്വരത്വവിക്രേതാക്കളെ! ഈശ്വരത്വത്തിനു്—ഈശ്വരാനുഭൂതിക്കു്—ആഗ്രഹമുള്ളവരേ! ഹേ! വരുവിൻ! ഹേ! ഭാരംകൊണ്ടു ഞെരുങ്ങുന്നവരെ! വരുവിൻ!" അദ്ദേഹം തന്റെരാജ്യത്തെ ഭാഷയിലാണു് ഇങ്ങിനെ ഉൽഘോഷിച്ചുകൊണ്ടു നടന്നതു്. ആ ഭാഷയിൽ ഈശ്വരനു് 'നാം' എന്ന പേരാണുണ്ടായിരുന്നതു്. തന്റെ ഭാഷയിൽ "നാം ലേലോ!" എന്നാണു് അദ്ദേഹം വിളിച്ചുപറഞ്ഞതു്. അതിന്റെ ശബ്ദാർത്ഥം "എനിക്കൊരു സാധനം വില്ക്കാനുണ്ടു്; ജനങ്ങളേ! അതു വാങ്ങുവിൻ! ആ സാധനം ഈശ്വരനാണു്" എന്നാണു്. 'നാം' എന്ന വാക്കാണു് അദ്ദേഹം ഉപയോഗിച്ചതു്, ഈ വാക്കിനു രണ്ടു് അർത്ഥമുണ്ടു്. ഒരർത്ഥം ഈശ്വരൻ; മറ്റൊരർത്ഥം, മനോഹരമായ, അലംകൃതമായ, രത്നംപതിച്ച കഴുത്തുമാല എന്നു് ആണു്. സന്ന്യാസി 'നാം' എന്നുപറഞ്ഞതു് ഈശ്വരനെഉദ്ദേശിച്ചാണു്, മാലയെ ഉദ്ദേശിച്ചല്ലാ. ഒരുദിവസം തെരുവുകളിൽക്കൂടി കടക്കുമ്പോൾ ഒരു മാല

വാങ്ങാൻ ആവശ്യമുണ്ടായിരുന്ന ഒരു മാന്യൻ അദ്ദേഹത്തിൻെറ വിളികേട്ടു. ഇദ്ദേഹം ഏതോ ബാങ്കുകാരുടെ ഏജണ്ടാണെന്നും, രത്നമാലവില്ക്കുവാൻ നടക്കുകയാണെന്നും അയാറംധരിച്ചു. ഇൻഡ്യായിൽ ജനങ്ങൾക്കു കല്യാണകാലത്തു് വധുക്കൾക്കു സമ്മാനംകൊടുക്കാനും, തന്നത്താൻ അണിയാനും അനർഘരത്നങ്ങളും, മാലകളും എല്ലാം പ്രായേണ ആവശ്യമുണ്ടു്. ഈ വ്യാപാരി(സന്ന്യാസി) എവിടെ താമസിക്കുന്നു എന്നു അന്വേഷിച്ചു കണ്ടുപിടിച്ചു് ഒരുദിവസം അയാറം അദ്ദേഹത്തിൻെറ വീട്ടിൽ ചെന്നെത്തി. അയാറം വീടുകണ്ടു് അത്ഭുതപ്പെട്ടുപോയി. വ്യാപാരിയുടെ വീടു വളരെ മോശമായിരുന്നു. 'നാം' വ്യാപാരിയുടെ വീടു ഇത്ര മോശമായിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് അയാറം ആശ്ചയ്യപ്പെട്ടു. അയാറം വീട്ടിനുള്ളിൽ കയറി. എന്നാൽ സന്ന്യാസിയെ അവിടെ കണ്ടില്ല. അയാറം കതകിനു മുട്ടി. ഉടനെ ഒരു ചെറിയ പ്രിയദശ്നയായ പെൺകുട്ടി പുറത്തുവന്നു. ഗൃഹനായകൻ എവിടെയെന്നു് അയാറം ചോദിച്ചു. കുട്ടി പറഞ്ഞു:—"എൻെറ അച്ഛൻ ദൂരെ പോയിരിക്കുന്നു. വൈകിട്ടു വരും. എന്നാൽ, സർ! നിങ്ങറക്കു് അദ്ദേഹവുമായിട്ടു എന്തു കാൎയ്യമാണുള്ളതെന്നു എന്നോടു പറയാമോ?" അയാറക്കു കുട്ടിയുടെ ചോദ്യം കൌതുകകരമായി തോന്നി. അവളുമായി സംസാരിക്കാൻ കൊതിതോന്നി. കുറെ സംഭാഷണം ചെയ്യാൻ വേണ്ടി അയാറം 'നാം' വാങ്ങാനാണു വന്നതു് എന്നു അവളോടു പറഞ്ഞു. കുട്ടി മന്ദസ്മിതം ചെയ്തുകൊണ്ടു പറഞ്ഞു:—"ഞാൻ 'നാം' തരാമല്ലോ. അതു വളരെ എളുപ്പമാണു്." അയാറം മറുപടിപറഞ്ഞു:—"ശരിതന്നെ. ഞാൻ അല്പം ഇരിക്കാം." അയാറം വാതുക്കൽനിന്നു. അവറം അകത്തുപോയി. അയാറം വളരെ നേരം നിന്നുനോക്കി. എന്നിട്ടും അവറം തിരിച്ചു വന്നില്ല. അയാറം അക്ഷമനായിത്തുടങ്ങി. ഇരുപത്തുമിനിട്ടുവരെ അയാറം നിന്നുനോക്കി. ഭൂമിയിൽനിന്നു മാല കുഴിച്ചെടുക്കാൻ അത്രയും നേരം മതിയെന്നു് അയാറം കണക്കാക്കി. ക്ഷമ നശിച്ചു് അയാറം വീട്ടിനുള്ളിലേയ്ക്കു ഒളിഞ്ഞുനോക്കി. അവിടെ ആ കുട്ടി അവളുടെ വലിയ കത്തി തേച്ചു മൂച്ചകൂട്ടുകയായിരുന്നു. അയാറം തന്നത്താൻ പറഞ്ഞു:—"ഇതിൻെറ അത്ഥമെന്തു്?" അയാറം ബാലികയോടു വിളിച്ചുപറഞ്ഞു:—"കുഞ്ഞേ! നീയെന്തിനിങ്ങനെ കുട്ടിക്കളി കളിക്കുന്നു. എൻെറ നിലയിലുള്ള ഒരു മാന്യനോടു നീയിങ്ങനെ കളിക്കരുതു്. നീയെന്നെ കളിപ്പിക്കരുതു്. നിൻെറ അലസശ്രമങ്ങറം ചെയ്യാൻ ഇപ്പോഴല്ലാ സമയം. പുറത്തുവരൂ! നിൻെറ മാതാപിതാക്കന്മാർ രത്നമാല കുഴിച്ചിട്ട സ്ഥലം നിശ്ചയമില്ലെന്നു പറയരുതോ?" എന്നാൽ കുട്ടി പറഞ്ഞു:—"സദയം ക്ഷമിക്കുക; അല്പം

ക്ഷമിച്ചിരിക്കുക. ഒരു മിന്നിട്ടുകൂടി കാത്തിരിക്കുക. ഞാനിതാ! വരുന്നു." അയാൾ പറഞ്ഞു:—"ക്ഷണം വരൂ! നീയെന്തിനു കത്തി തേയ്ക്കുന്നു?" "നിങ്ങൾക്കു 'നാം' വാങ്ങേണ്ടതയോ?" എന്നവൾ ചോദിച്ചു. അയാൾ പറഞ്ഞു:—"എനിക്കു 'നാം' വാങ്ങണം. എന്നാൽ നീ അതു കാണിക്കൂ. എന്നിട്ട് ആവട്ടെ. എനിക്കതു കൊണ്ടുപോയി, അതിൻെറ വില തിട്ടപ്പെടുത്താവുന്നവരെ കാണിച്ചു വിലതരുവാൻ പിന്നീട് ആകാം." അവൾ മറുപടി പറഞ്ഞു:—"ഞങ്ങളുടെ 'നാം' ബാങ്കർമാരും, രത്നവ്യാപാരികളും നോക്കി വിലനിശ്ചയിക്കേണ്ടതായ ഒരു പദാൎത്ഥമല്ല. ഞങ്ങളുടെ വിലതീരാത്ത 'നാ'മിനു മുമ്പേതന്നെ നിശ്ചയിക്കപ്പെട്ട സ്ഥിരമായ വിലയുണ്ട്; കൂട്ടുകയോ, കുറയ്ക്കുകയോ പതിവുമില്ല. വില മുമ്പിലേ നിശ്ചയിക്കപ്പെട്ടതാണ്; മൂല്യം സ്ഥിരമാണെതാനും." അയാൾ പറഞ്ഞു:—"അങ്ങിനെയാണോ? എന്നാൽ വരൂ. അതെന്നെ കാണിക്കൂ. കത്തി ദൂരെക്കളയൂ." അവൾ അപ്പോൾ പറഞ്ഞു:—"കൊള്ളാം. എന്നാൽ നിങ്ങൾ വില ആദ്യമേ താഴെ വെയ്ക്കണം. അതു തന്നാൽ പുറകേ 'നാം' കാണിക്കാം." അവൻ ചോദിച്ചു:—"നീ എന്നെ വെട്ടിക്കൊല്ലാൻ ഭാവിക്കയാണോ? നീയെന്തിനു കത്തിക്കു മൂൎച്ചകൂട്ടുന്നു?" ഏററവും ദൃഢവിശ്വാസസ്വരത്തിൽ, പരിശുദ്ധരീതിയിൽ അവൾ പറഞ്ഞു:—"നിങ്ങൾ 'നാ'മിൻെറ വില അറിഞ്ഞിരുന്നില്ലെങ്കിൽപിന്നെ നിങ്ങൾ എന്തിനായി വന്നു? 'നാം' കിട്ടണമെങ്കിൽ നിങ്ങൾ ജീവൻ നഷ്ടമാക്കണമെന്നു നിങ്ങൾക്കറിഞ്ഞുകൂടെയോ? 'നാ'മിനു കൊടുക്കേണ്ട വില ജീവനാണ്; ജീവനെരക്ഷിക്കേണ്ടവൻ 'നാം' നഷ്ടപ്പെടുത്തണം."

അറബിഭാഷയിൽ ഒരു ശ്ലോകമുണ്ട്. അതിൻെറ അൎത്ഥം ഇതാണ്:—"നിങ്ങളെ കല്ലറയിൽ വെക്കുംമുമ്പേ മരിക്കുക; അങ്ങിനെ ചെയ്താൽ നിങ്ങൾ ഈ ലോകം സ്വൎഗ്ഗമാക്കും." ഇതേ കാൎയ്യം വൎണ്ണിക്കുന്നതായി സംസ്കൃതത്തിൽ ഒട്ടുവളരെ ശ്ലോകങ്ങൾ ഉണ്ട്.

നിങ്ങളുടെ അസ്തിത്വമശേഷവും പ്രപഞ്ചത്തിൽനിന്നു മാററിനിൎത്തി, നിങ്ങൾ കഷ്ടത അനുഭവിച്ചുകഴിയുമ്പോൾ നിങ്ങൾ കുരിശിൽ തറയ്ക്കപ്പെട്ടു ലോകത്തിനു ചത്തുകഴിയുമ്പോൾ, അപ്പോഴാണ് നിങ്ങൾ ജീവിക്കുന്നത്. എന്നാൽ പ്രസംഗകന്മാരുടെയും, ഗുരുക്കന്മാരുടെയും പ്രശംസാവാക്യങ്ങൾകൊണ്ടു വഞ്ചിക്കപ്പെടരുത്. രാമൻ സത്യമാണു പറയുന്നത്. രാമൻ പ്രശംസിക്കുന്നില്ല. വേദങ്ങളിൽ സുന്ദരമായ ഒരു സംസ്കൃതപദ്യമുണ്ട്. അതിൻെറ താല്പൎയ്യം ഇങ്ങിനെയാണ്:—"മനുഷ്യശരീരം ഒരു കോട്ടപോ

ലെയും, ഇന്ദ്രിയങ്ങൾ തോക്കുദ്വാരങ്ങൾപോലെയും ആണു്. കോട്ടയിലെ ദ്വാരങ്ങളിൽ പീരങ്കികളും തോക്കുകളുംവെച്ചു പുറത്തേയ്ക്കു വെടിവെക്കപ്പെടുന്നു. ഉണ്ടകൾ കോട്ടയ്ക്കുവെളിയിലേയ്ക്കു പായുന്നു. അതുപോലെ, നിങ്ങളിൽനിന്നു നോട്ടങ്ങൾ ആകുന്ന പീരങ്കിയുണ്ടകൾ കാണികളുടെ ഹൃദയത്തിലും തലയിലും ചെന്നുകൊള്ളുന്നു. ചെവികളാകുന്ന ദ്വാരങ്ങളിൽക്കൂടി ചിന്തകൾ പുറത്തേയ്ക്കുപായുന്നു. ഈ കോട്ടയുടെ ഉല്പാദകനും, സൃഷ്ടികർത്താവും ആയ ആത്മാവു് മനുഷ്യനെ വളരെ രസകരമായി കളിപ്പിക്കുന്നു. നിങ്ങളുടെ ഉള്ളിൽനിന്നു തോക്കുകളെല്ലാം വെളിയിലേയ്ക്കു വെടിവെക്കുന്നു. മനുഷ്യൻ പരിഭ്രാന്തനാകുന്നു. ഈ ലോകത്തെ സമ്പാദിക്കയും, പിടിച്ചടക്കുകയും ആണു് ചെയ്യുന്നതെന്നു മനുഷ്യൻ വിചാരിക്കുന്നു. തന്റെ സമ്പാദ്യം വർദ്ധിപ്പിക്കുകയാണെന്നു അവൻ വിചാരിക്കുന്നു. എന്നാൽ വാസ്തവത്തിൽ അവൻ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുകയാണു്. ഈ കോട്ടയിൽ ഇരുന്നു ജ്ഞാനം സമ്പാദിക്കയാണെന്നും, അവൻ ലോകത്തിൽ വിജയപൂർണ്ണനാണെന്നും അവൻ ആലോചിക്കുന്നു. എന്നാൽ വാസ്തവത്തിൽ അവൻ തന്റെ സത്യാത്മാവിനെ പട്ടിണിക്കിട്ടു കൊല്ലുകയാണു്. ഇവിടെ പദ്യം തുടൎന്നുപറയുന്നു:—"അവൻ ലോകം അശേഷം പിടിച്ചടക്കുന്നു. ആരു്? തന്റെ പീരങ്കിയുടെയും, തോക്കിന്റെയും മുഖം അകത്തേയ്ക്കു തിരിച്ചുവെച്ചു അകത്തേയ്ക്കു വെടിവെക്കുന്നവൻ! പുറത്തേയ്ക്കു നോക്കുന്നതിനുപകരം കണ്ണുകൾകൊണ്ടു് അകത്തേയ്ക്കു നോക്കുകയും, അങ്ങിനെ കാഴ്ചയുടെ ഉല്പത്തിസ്ഥാനം കാണുകയും ചെയ്യുന്നവൻ; ചെവികളെ തിരിച്ചുവെച്ചു് കേൾവിയുടെ യഥാൎത്ഥ ജന്മസ്ഥാനം ആയ, ജനനസ്ഥാനവും ശക്തിയും ആയ ആത്മാവിനെ കേൾക്കുന്നവൻ; മനസ്സു തിരിച്ചുവെച്ചു് സകലകൎമ്മത്തിന്റെയും, ഓജസ്സിന്റെയും, ശക്തിയുടെയും ഉത്ഭവം കാണുന്നവൻ."

അകത്തേയ്ക്കു നോക്കുക! കണ്ണുകളെക്കൊണ്ടു കാണിക്കുന്നതും, ചെവികളെക്കൊണ്ടു കേൾപ്പിക്കുന്നതും, രോമം വളൎത്തുന്നതും എന്താണു്? അതു് ആത്മാവു്, ഈശ്വരൻ ആണു്. എത്ര ലഘുവായ സത്യം! ഈ സത്യത്തെപ്പററി ഒരുനിമിഷം ചിന്തിക്കാൻ ശ്രമിച്ചാൽ, നിങ്ങൾ ഈശ്വരനല്ലാതെ മററൊന്നുമല്ലെന്നു നിങ്ങൾക്കു കാണാം. അകത്തെ ആ ഈശത്വം കാണുക! പ്രപഞ്ചത്തിന്റെ ചക്രവൎത്തിയും, ഡയറക്ടറും, നായകനും ആയിരിക്കുക. എന്നാൽ ഈ ജീവൻ വൃദ്ധനായിത്തീരുന്നു; പിന്നീടു മരണംവരുന്നു. മുളച്ചു വളരണമെങ്കിൽ വിത്തു പാകപ്പെടുത്തണം. വിളക്കു പ്രകാശിക്കണമെങ്കിൽ അതു കത്തിയെരിയണം. അതുപോലെ,

ഈശ്വരസമാനം ജീവിക്കണമെങ്കിൽ, 'ചെറിയ ഞാൻ', വ്യാജസത്ത, ബഹിർഗമിക്കാനുള്ള വാസന നിലയ്ക്കണം. ഇതു നമ്മെ കഥയിൽനിന്നും വഴിതെററിച്ചു ദൂരത്താക്കുമോ? പെൺകുട്ടി പറഞ്ഞു:—"സർ! വില മുമ്പേതന്നെ നിശ്ചയിച്ചിരിക്കുന്നുവെന്നു നിങ്ങളറിഞ്ഞില്ലേ? 'നാം' (അവൾ ഈശ്വരനെ വിവക്ഷിക്കുന്നു) ലഭിക്കണമെങ്കിൽ നിങ്ങളുടെ തല കത്തികൊണ്ടു വെട്ടിക്കളയണം. അപ്പൊഴേ—അപ്പോൾ മാത്രമേ—നിങ്ങൾക്കു 'നാം' കിട്ടുകയുള്ളു." ധൈര്യമായിട്ട്, നിസ്തക്കമായിട്ടു്, ഉത്സാഹമായിട്ടു് ബാലിക ഈ പ്രസ്താവന ചെയ്തു. പാവപ്പെട്ട മനുഷ്യൻ ഞെട്ടിവിറച്ചു. ആയാൾ ഉറക്കെ വിളിച്ചു കരഞ്ഞു. ശബ്ദംകേട്ടു് അയൽവാസികൾ ഓടിവന്നുകൂടി. അയാൾ പരാതി പറഞ്ഞു:—"നോക്കുവിൻ! ഈ കുടിലിൽ കൊലപാതകികളും മനുഷ്യഹന്താക്കളുമുണ്ടു്. ഈ പെണ്ണിന്റെ മാതാപിതാക്കന്മാർ നീചന്മാരും ഘാതകന്മാരുമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിക്കു കേസ്സെടുക്കണം. പോലീസിനെ വിളിക്കണം". എന്നാൽ ജനങ്ങൾ പറഞ്ഞു:—"അങ്ങനെ പറയരുതു്. പെണ്ണിന്റെ അച്ഛനമ്മമാർ ഈശ്വരഭക്തിക്കും മററും പ്രശസ്തി ഉള്ളവരാണു്." അയാൾ പറഞ്ഞു:—"വളരെ ഭക്തിയുള്ളവരെല്ലാം സാധാരണ തീരെ ദുഷ്ടരാണെന്നു ഞാൻ കാണുന്നു. അവർ മതഭക്തരല്ല. മതത്തിന്റെ മൂടുപടത്തിൽ അവർ മതവിരോധം പ്രവൎത്തിക്കുന്നു." എന്തിനു്? അവരുടെ സംസാരത്തിൽ വലിയ ബഹളവും കുഴപ്പവും ഉണ്ടായി. അപ്പോൾ പെട്ടെന്നു കുട്ടിയുടെ അച്ഛൻ സ്ഥലത്തു വന്നെത്തി. ആ മനുഷ്യൻ പെണ്ണിന്റെ അച്ഛനെ കഴുത്തുപിടിച്ചു ഞെരിച്ചു ഞെക്കിക്കൊല്ലാൻ ഭാവിച്ചു. ഭക്തനായ അച്ഛൻ ശാന്തനും ഗംഭീരനും ഗൗരവസ്വഭാവിയും ആയിരുന്നു. ഒരു മൂഢനായ ഈ വ്യാപാരി കഠിനപദങ്ങൾ പ്രയോഗിച്ചു് ഇങ്ങനെ പറഞ്ഞു:—"നീയെന്തിനു് നിന്റെ കുട്ടിയെപ്പോലും ഈ മഹാപാതകവൃത്തി ചെയ്വാൻ പഠിപ്പിക്കുന്നു? ദിവസംപ്രതി നീ അത്തരം പ്രവൃത്തിചെയ്തു കാണിച്ചുകൊടുത്തു് നിന്റെ കുട്ടികളെ ചെറുപ്പത്തിലേ നരഹത്യചെയ്വാൻ പഠിപ്പിക്കുന്നതെന്തിനു്?" സന്യാസി പറഞ്ഞു:—"ഇതെന്തു്? സർ, നിങ്ങൾ എന്താണു പറയുന്നതു്? ഇതിന്റെ അർത്ഥമെന്തു്?" സംഗതി മുഴുവൻ അയാൾ വിവരിച്ചു പറഞ്ഞു. ഈ കഥ കേട്ടപ്പോൾ സന്യാസിയുടെ ഹൃദയം ക്ഷോഭാകുലമായി അദ്ദേഹത്തിന്റെ അസ്തിത്വമശേഷം പരിശുദ്ധചിന്തകൾകൊണ്ടു സ്പന്ദിച്ചു. തന്റെ ആത്മാവു് ഈശ്വരചൈതന്യംകൊണ്ടു സമ്പൂർണ്ണം മഗ്നമായി. വലിയ മുത്തുകൾപോലെ കണ്ണുനീർ കവിളിൽ പതിച്ചു. അദ്ദേഹംപറഞ്ഞു:—"ഹേ! പ്രവാചകന്മാരേ! പുണ്യവാന്മാരേ! ദൈവദൂതന്മാരേ! ഈ

ശ്വരാ!സംഗതികൾ ഇത്രത്തോളമായോ? സംഗതികൾ ഇത്ര താണ സൂഗമസ്ഥിതിയിൽ വന്നുചേൎന്നോ? ഇങ്ങനെ ഈശ്വരനാമം ഒരു കുട്ടിയുടെ കഴിവിലേക്കു താഴ്ന്നുവരാനിടയായോ? ഇത്ര ചെറിയ കുട്ടിക്കു വരത്തക്കതാണോ ഇതു്?" മകളെ ചൂണ്ടിക്കൊണ്ടു സന്ന്യാസി പറഞ്ഞു:—"ഈശ്വരത്വം പരിശുദ്ധായും, അനദ്ധ്യസ്തയും ആയ ആ കുട്ടി സ്വീകരിച്ചതിനാലാണു് അതു് ഇത്ര ആക്ഷേപകരമായ വിധം വിലയില്ലാത്തതായതു്. ഈശ്വരനാമം—സ്വൎഗ്ഗം—അനശ്വരത്വം—ഇത്ര ഭയങ്കരമായി തുച്ഛമായ വിലയ്ക്കു—തലയോ, ഹൃദയമോ ആയ ലഘുമൂല്യത്തിനു്—വില്ക്കപ്പെടുന്നു! ഹാ! ഈശ്വരാ! ഹാ! മധുരമായ അമൎത്ത്യത്വമേ! ഒരു ജീവനു പകരമായി അതു കിട്ടുന്നതു വലിയ വിലയ്ക്കാണോ? ആ പരമാൎത്ഥത്തെ ഒന്നു നോക്കുവാൻ കോടാനുകോടി ജീവന്മാരെ സൃഷ്ടിക്കയും ഹനിക്കയും ചെയ്യപ്പെടട്ടെ. ആ പരിപാവനമായ ഈശ്വരബോധത്തിനുവേണ്ടി—അതു് ഒരു ക്ഷണനേരം ലഭിക്കുന്നതിനുവേണ്ടി—അസംഖ്യം ജീവന്മാർ—നിരവധിതലകൾ—വെട്ടിക്കഷണങ്ങൾ ആക്കപ്പെടട്ടെ!"

സന്ന്യാസി ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ, ആ വ്യാപാരിയുടെ ഹൃദയം ദ്രവിച്ചു. അടുത്തുനിന്നവരെല്ലാം സ്തംഭിച്ചുനിന്നുപോയി. 'നാം' എന്ന അതേ വാക്കു ചെറിയ കുട്ടിക്കും മാതാപിതാക്കന്മാൎക്കും ഏററവും മധുരമായ ഏതാണ്ടാണെന്നും, വാക്കിന്റെ യഥാൎത്ഥതാല്പൎയ്യം ഗ്രഹിക്കാൻ പാടില്ലാത്തവിധം തങ്ങളുടെ മനസ്സ് അത്രമാത്രം ഭൌതികത്വത്തിൽ മഗ്നമായിരിക്കയാണെന്നും ജനങ്ങൾ മനസ്സിലാക്കിയതു് അപ്പോഴാണു്.

സ്വൎഗ്ഗീയമായ മധുരാമൃതം ആസ്വദിക്കുന്നതിനു നിങ്ങൾ കൊടുക്കേണ്ട വിലയെ കഥ ചൂണ്ടിക്കാണിക്കുന്നു. സാക്ഷാല്ക്കാരത്തിനു വെക്കാവുന്ന നിശ്ചിതവില അതു നിങ്ങളോടു പറയുന്നു.

നിങ്ങൾക്കു ലോകത്തെ ആസ്വദിക്കയും പുളിക്കുന്ന, നികൃഷ്ടമായ, നീചമായ, ലൌകികമായ, മൃഗീയമായ, വിഷയപരമായ കാമങ്ങളിൽ പ്രവേശിക്കയും, അതേസമയം ഈശ്വരസാക്ഷാല്ക്കാരത്തിനു അവകാശപ്പെടുകയും ചെയ്യാൻ പാടില്ല.

ഇതാ! രത്നവ്യാപാരക്കട! ഈ രത്നത്തിനു്, ഈ ലക്ഷ്യസ്ഥാനത്തിനു്, ഈ സ്വൎഗ്ഗത്തിനു്, നിങ്ങളുടെ തലയും നീചപ്രകൃതിയും ചെലവുചെയ്തു വിലകൊടുക്കണം: വിലകൊടുക്കാൻ പാടില്ലെങ്കിൽ ദൂരെ പോകുക. ആ പൂൎണ്ണബോധം ആസ്വദിക്കാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ അതിന്റെ ഏകകാരണം നിങ്ങൾ വിലകൊടുക്കുക

യില്ലെന്നുള്ളതാണു്. എന്നാൽ വിലകൊടുക്കുന്ന ക്ഷണത്തിൽ നിങ്ങൾ ആ പരമാനന്ദം സാക്ഷാൽക്കരിക്കും.

ഒരു മനുഷ്യൻ ഉരുണ്ടുവീണു കാലൊടിച്ചു. അവൻ ഭൂമിയുടെ ആകൎഷണശക്തിയെ കുററപ്പെടുത്തിപറയുന്നു:-"ഛേ! നശിച്ച ആകൎഷണനിയമം! നീയെന്നെ തള്ളിയിട്ടു!" ലക്ഷലക്ഷം ജനങ്ങൾ ഉരുണ്ടുവീണു് അവരുടെ കാൽ ഒടിയുന്നതാണു് ആകൎഷണനിയമം ഇല്ലാതെയാക്കുന്നതിനെക്കാൾ നല്ലതു്. ആകൎഷണശക്തിയുമായി യുദ്ധം ചെയ്യരുതു്. കാലു സൂക്ഷിച്ചുവെയ്ക്കുക; എന്നാൽ വീഴുകയില്ല. നിങ്ങളുടെ വീഴ്ചകളെല്ലാം, മുറിവുകളൊക്കെ, ചതവുകൾ സകലതും, ബുദ്ധിമുട്ടുകളും ഉൽക്കണ്ഠകളും സമസ്തവും നിങ്ങളുടെ ഉള്ളിലെ ബലക്ഷയംകൊണ്ടാണു്. അതു നീക്കുക; സാഹചൎയ്യങ്ങളുമായിട്ടു മല്ലിടരുതു്. കൂട്ടുകാരെ കുററപ്പെടുത്തരുതു്; അന്യന്മാരുടെ ചുമലിൽ കുററം എറിയരുതു്; എന്നാൽ നിങ്ങളുടെ സ്വന്തം ദുർബലത നീക്കുക. നിങ്ങളുടെ പതനവും കഷ്ടതയും ഉപദ്രവവും എന്തായാലും അതു ഉള്ളിലെ ക്ഷീണതകൊണ്ടാണെന്നു ഓൎമ്മിക്കുക; അതു സ്മരിക്കുക. ആകൎഷണശക്തിയുമായി മല്ലിടരുതു്.

അകത്തെ ഈ ദുർബലത എന്താണു്? ശരിരവും ഇന്ദ്രിയങ്ങളും നിങ്ങൾ ആണെന്നു വീക്ഷിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന അന്ധകാരമയമായ അജ്ഞാനമാണതു്. അതു പരിത്യജിക്കുക; ദൂരെത്തള്ളുക; അപ്പോൾ നിങ്ങൾ ശക്തിതന്നെയായിത്തീരും. നിങ്ങളുടെ കുടലോ, ഹൃദയമോ നിങ്ങൾ ഓൎക്കുന്നതു് എപ്പോഴാണു്? അതു തകരാറിൽപെട്ടുമ്പോഴാണു്. ശ്വാസകോശങ്ങളെപ്പററി നിങ്ങൾ നിനയ്ക്കുന്നതെപ്പോൾ? അവയ്ക്കു കേട്ടുവരുമ്പോൾ; മൂക്കിനു കേടില്ലാത്തപ്പോൾ നിങ്ങളതു് ഓൎമ്മിക്കുന്നില്ല.

അതുപോലെ, നിങ്ങൾ ദേഹത്തെ സ്മരിക്കുമ്പോൾ അതിൽ ദേഹത്തിനു്—എന്തോ രോഗമുണ്ടു്. പൂൎണ്ണാരോഗ്യത്തിൽ ഇരിക്കുമ്പോൾ നിങ്ങൾക്കു ധൈൎയ്യവും ബലവും തോന്നും; നിങ്ങൾ ശരീരമോ, വ്യക്തിപ്രത്യേകതയോ ഓൎക്കുകയില്ല. നിങ്ങളീ നേരമ്പോക്കിനുയരെ നില്ക്കും; ഈ വ്യാജസത്തയ്ക്കു മുകളിൽ നില്ക്കും. നിങ്ങൾക്കു ലോകമെല്ലാം നിങ്ങളുടെ ദേഹമായിരിക്കും. ഈ ശരീരമാകുന്ന അന്ധവിശ്വാസത്തിനുമുകളിൽ നില്ക്കും. ആ സ്ഥിതിയിൽ എത്തിനില്ക്കുന്നനിമിഷത്തിൽ, ആനന്ദം നിങ്ങളുടേതാണു്; നിങ്ങൾ അതിനോ, ഇതിനോവേണ്ടി ആഗ്രഹിക്കുകയില്ല, നിങ്ങളുടെ ക്ഷീണത നിങ്ങളെ വീണ്ടുംവീണ്ടും തള്ളിയിടും; ഈ നിങ്ങളുടെ ക്ഷീണത—ഈ അജ്ഞാനം—നിങ്ങളെ ശരീരത്തെപ്പററി ഓൎമ്മിപ്പിക്കുന്നു.

ഒരു മഹാത്മാവിനോടു് ചോദിക്കപ്പെട്ട ചോദ്യം ഇതാണു്:—
"ക്രിസ്തുവിനെ കുരിശിൽ തറച്ച സമയം അദ്ദേഹം കുരിശിനെ ഓ
ൎമ്മിക്കാഞ്ഞതു എങ്ങിനെ?" ആ സമയം ആ മഹാത്മാവിന്റെ
അടുത്തു് കുറെ നാളികേരം ഉണ്ടായിരുന്നു. കിഴക്കെ ഇൻഡ്യായിൽ
(ഭാരതത്തിൽ) സ്നേഹിതന്മാരെയോ, മഹാന്മാരെയോ സന്ദശിക്കു
ന്നവർ സദാ പഴങ്ങളും ഫലങ്ങളും കാഴ്ചവെക്കാൻ കൊണ്ടുപോ
കുന്നു. തേങ്ങാ ഇങ്ങിനെയാണു് അദ്ദേഹത്തിന്റെ അടുത്തുവ
ന്നതു്. ഒരു നാളികേരം പച്ചയും, മറെറാന്നു് വരണ്ടതും ആയി
രുന്നു മഹാത്മാവുപറഞ്ഞു:— "ഈ നാളികേരം പച്ചയാണു്.
ഞാൻ ഈ ചിരട്ട പൊട്ടിച്ചാൽ അകത്തെ കഴമ്പിനു എന്തു
പററും?" ചോദ്യക്കാർ പറഞ്ഞു:—"കഴമ്പും പൊട്ടിക്കീറിപ്പോകും;
അതിനും കേടുപററും." മഹാത്മാചോദിച്ചു:—"ഇതാ! ഉണങ്ങിയ
തേങ്ങാ? ഞാൻ അതിന്റെ ചിരട്ട പൊട്ടിച്ചാലോ? അകത്തെ കഴ
മ്പിനു് എന്തുപററും?" അവർ പറഞ്ഞു: "ഈ നാളികേരത്തി
ന്റെ ചിരട്ട പൊട്ടിച്ചാൽ അകത്തെ കഴമ്പിനു് കേടുവരുകയില്ല."
"എന്തുകൊണ്ടു്?" എന്നു് അദ്ദേഹം ചോദിച്ചു. അവർ പറ
ഞ്ഞു:—"ഉണങ്ങിയ നാളികേരത്തിൽ കഴമ്പു് പ്രത്യേകം നില്ക്കുന്നു;
അതിനു് ചിരട്ടയുമായി ബന്ധമില്ല പച്ചത്തേങ്ങായിൽ കഴമ്പു
ചിരട്ടയോടുചേൎന്നിരിക്കുന്നു." അപ്പോൾ ആ മഹാത്മാവുപറഞ്ഞു:—
"ക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ, എന്താണു് കുരിശിൽതറച്ച
തു്?" "ശരീരം." എന്നു അവർ പറഞ്ഞു. "പുറത്തെ ശരീരം
അഥവാ ചിരട്ട കുരിശിൽ തറയ്ക്കപ്പെടുകയോ, കേടുവരുത്തപ്പെടു
കയോ ചെയ്ത ഒരു മനുഷ്യനാണു് ഇവിടെയുള്ളതു്. അഭേദ്യമായ
ആത്മാവിനെ മാററിനിൎത്തിയ, യഥാൎത്ഥമായ കഴമ്പു ചിരട്ടയിൽ
നിന്നു നീക്കിനിൎത്തിയ, ഒരു മനുഷ്യനാണതു്. പുറത്തെ ചിരട്ട
പൊട്ടിച്ചു; അകം അഭേദ്യമായിരുന്നു. അതിനാൽ എന്തിനു സങ്ക
ടംതോന്നുന്നു? അതിനെക്കുറിച്ചു കരയുകയോ, നിലവിളിക്കയോ
ചെയ്യുന്നതെന്തിനു്? "സാധാരണ മനുഷ്യരുടെ കാൎയ്യത്തിൽ കഴമ്പു
ചിരട്ടയോടുബന്ധപ്പെട്ടിരിക്കും അതിനാൽ ചിരട്ട—ബാഹ്യശരീ
രം—തകരുമ്പോൾ അകത്തെ കഴമ്പിനും കേടുഭവിക്കുന്നു. അതാ
ണു് വ്യത്യാസം."

ഇങ്ങനെ ചിരട്ടയോടു പററിപ്പിടിച്ചുനില്ക്കുന്നതാണു് ക്ഷീണ
തയും, ദീനവും, ചിരട്ടയുമായിബന്ധിക്കുന്നതും, അടിമപ്പെടുത്തുന്നതും.
അതിനാൽ ഈ പററിപ്പിടിക്കുന്ന, ചിരട്ടയുടെ അടിമയാകുന്ന
പ്രകൃതം വിടുന്നതു ലൌകികമനുഷ്യരുടെ ദൃഷ്ടിക്കു മരണമാണു്.
നിങ്ങളുടെ ഇപ്പോഴത്തെ വീക്ഷണകോണത്തിൽനിന്നുനോക്കിയാൽ
അതു മരണമായി തോന്നുന്നു. ഈ മരണം നിങ്ങൾ കൈവരിക്കാ

ത്തപക്ഷം, ചിരട്ടയിൽനിന്നു വേർപെടാത്തപക്ഷം, നിങ്ങൾക്കു മരണത്തെ ജയിക്കാവതല്ല; നിരാശതയ്ക്കും ദീനത്തിനും സങ്കടത്തിനും നരകത്തിനും മുകളിലേക്കു പ്രവേശിക്കാവതല്ല. ശരീരം ഉണ്ടായിരുന്നില്ലെങ്കലേപ്പോലെ ഭവിക്കട്ടെ. മുക്തനായ പുരുഷൻ—സ്വതന്ത്രനായ മനുഷ്യൻ—ഈശ്വരത്വത്തിൽ, ദൈവത്തിൽ, ശരീരം ഇല്ലാത്തവനെപ്പോലെ ജീവിക്കുന്നതാണ്.

"ഞാൻ ജനിക്കാതിരുന്നുവെങ്കിൽ നന്നായിരുന്നു" എന്നു പറയപ്പെടുന്നതു് രാമൻ പലതവണ കേട്ടിട്ടുണ്ടു്. *ഡീൻ സ്വിഫ്റ്റ് ജോബി+ൻെറ പുസ്തകത്തിൽനിന്നു് ഈ വാക്യം വായിക്കാറു പതിവുണ്ടായിരുന്നു: "ഞാൻ ജനിച്ച ദിവസം നശിക്കട്ടെ!" രാമൻ പറയുന്നു:—"സോദരാ! നിങ്ങൾ ജനിച്ചദിവസം നശിപ്പിക്കാനുള്ള വഴി ഇതല്ല. ശരീരവും കാമങ്ങളും നശിക്കട്ടെ. ഒരിക്കലും ശരീരം ജനിച്ചിട്ടില്ലാതിരുന്നതുപോലെ, അതൊരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തതുപോലെ, നിങ്ങൾ ജനിച്ചദിവസമേ ഉണ്ടായിരുന്നിട്ടില്ലാത്തതുപോലെ, നിങ്ങൾ ഈശ്വരബോധത്തിൽ അത്രയ്ക്കു ലീനനായി ജീവിക്കണം." സുഷുപ്തിസ്ഥിതിയിൽ നിങ്ങൾ പ്രവേശിക്കുംപോലെ, ജാഗ്രദവസ്ഥയിലെ അനുഭവങ്ങൾ എല്ലാം നിങ്ങളിൽ നിന്നുമറയണം; അവയെ വിസ്മരിക്കണം. നിങ്ങളുടെ പൂർവ്വബന്ധങ്ങളെല്ലാം തീരെ മറക്കത്തക്കവിധം ഈശ്വരചൈതന്യത്തിലേക്കു നിങ്ങൾ അത്രയ്ക്കു് ഉയന്നു സ്ഥിതിചെയ്യണം. ഇതാണ് ചിരട്ടയോടുള്ള ചേച്ച് വിടുത്തിക്കിട്ടാനുള്ള മാർഗ്ഗം; അപ്പോൾ നിങ്ങൾ മൃത്യുവിനെ ജയിക്കുന്നു.

നിങ്ങളുടെ പഴയ പാട്ടുകളെല്ലാം ഈ പുതിയ രാഗത്തിൽ ക്രമപ്പെടുത്തുന്നതാണ് സാക്ഷാൽക്കാരം എന്നതിൻെറ അർത്ഥം. പഴയ ഗാനങ്ങൾ എല്ലാം അങ്ങിനെതന്നെനില്ക്കും. എന്നാൽ അവയെ ഒക്കെ തീരെ പുതിയ രാഗത്തിൽ സംവിധാനംചെയ്യപ്പെടും; തീരെ പുതിയ ഒരു നിലയിൽനിന്നു നിങ്ങൾ പ്രപഞ്ചത്തെ വീക്ഷിക്കുന്നു. നിങ്ങൾക്കു രണ്ടുനിലകളുംകൂടി കൂട്ടിക്കലർത്താവതല്ല. ചില സംഭവങ്ങളെ ലൌകികനിലയിൽനിന്നും, മററുള്ളവയെ ഈ പുതിയ നിലയിൽനിന്നും നോക്കാവുന്നതല്ല. നിങ്ങളുടെ ദൃഷ്ടികോണം തീരെ മാറട്ടെ. സകലതും ഈശ്വരനായി, ദിവ്യത്വമായി കാണുക. നിങ്ങൾക്കു ലോകത്തോടുള്ള ബന്ധം, ഈശ്വരന് ലോകത്തോടുള്ള ബന്ധമായി പരിണമിക്കട്ടെ. സമ്പൂർണ്ണമായ ഒരു മാററം! ഇതു ചില കഥകൾകൊണ്ടു വർണ്ണിക്കാം.

---

* ഒരു ഇംഗ്ലീഷ് സാഹിത്യകാരൻ.

\+ ബൈബിളിലെ ഒരു ഭാഗം.

ഞങ്ങൾക്കെല്ലാം ഈശ്വരബോധം നിറഞ്ഞിരുന്നിരുന്ന ഒരു യോഗത്തിൽ ഒരാൾ ഒരിക്കൽ വന്നു. വന്ന ഉടനെ അയാൾ കരയാനും, മുറവിളിക്കാനും, നെഞ്ചത്തടിക്കാനും തുടങ്ങി. ആരും അയാളെ ഗൗനിച്ചില്ല. അയാൾ രാമൻെറ മകൻ മരിച്ചതിനെപ്പററി ദുഃഖിക്കയായിരുന്നു. ആ കുട്ടി ആ മനുഷ്യനുമായി സംബന്ധപ്പെട്ടിരുന്നു. ആരും അയാളെ ഗൗനിച്ചില്ല. അയാൾ താഴെ ഇരുന്നു. കുറേക്കഴിഞ്ഞു് സമാധാനപ്പെടാനും, സങ്കടമെല്ലാം ഒതുക്കാനും അയാളോട്ട് സൗമ്യമായും ശാന്തമായും, തുറന്നും പറയപ്പെട്ടു. തനിക്കു കുഞ്ഞിൻെറ (രാമൻെറ മകൻെറ) മരണം സഹിക്കാൻ പാടില്ലെന്നു് അയാൾ പറഞ്ഞു. ശ്രോതാക്കളിൽ ആർക്കും കരയാനോ, ദുഃഖലക്ഷണങ്ങൾ പ്രകടിപ്പിക്കാനോ കഴിഞ്ഞില്ല. എന്തെന്നാൽ അവിടെ ഈശ്വരബോധാവസ്ഥയായിരുന്നു; സകലതും ഈശ്വരൻെറ നിലയിൽനിന്നു പരിഗണിക്കുന്ന ഒരു സ്ഥിതിയായിരുന്നു അവിടെ. പഴയ ഗാനങ്ങൾ പുതിയ ഈശ്വരഗീതത്തിൻെറ രാഗത്തിനു് യോജിപ്പിച്ചുവെച്ചിരുന്നു. അപ്പോൾ പുറപ്പെട്ട വാക്കുകൾ ഇതായിരുന്നു:—"ഹേ! സഹോദരാ! 'ഹാ! സർ! കാററടിക്കുന്നു' എന്നു് ആരെങ്കിലും വന്നുപറഞ്ഞാലത്തെപ്പോലെയേ ഉള്ളൂ നിങ്ങൾ ബന്ധുവാണെന്നുള്ള വസ്തുത. എന്നാൽ അല്ലയോ സ്നേഹിതാ! കാററടിക്കുന്നതുകൊണ്ടെന്തു? അതു് നമ്മെ തകിടംമറിക്കാൻമാത്രം അത്ര പ്രകൃതിവിരുദ്ധമായ ഒരു കാര്യമല്ലല്ലോ! അഥവാ, നദി ഒഴുകുന്നു; എന്നാലെന്തു്? അതു് പ്രകൃതിസഹജമാണു്. അതു് നമ്മെ തകരാറിലാക്കുന്നതെന്തിനു്? ഇതിലെങ്ങും അസാധാരണമോ, അക്രമമോ ആയിട്ടു് ഒന്നും ഇല്ല. അതുപോലെ, നമ്മുടെ പുത്രൻ മരിച്ചുവെന്നു നിങ്ങൾ വന്നുപറഞ്ഞാൽ, അതിൽ അസാമാന്യമായിട്ടൊന്നുമില്ല; പ്രകൃതിവിരോധമായിട്ടൊന്നുമില്ല. ജനിച്ചവരെല്ലാം മരിക്കാനാണു് ജനിക്കുന്നതു്. നിങ്ങൾ സ്വകലാശാലയിൽ കയറുമ്പോൾ എന്നും അവിടെയിരിക്കാൻ പോകുന്നില്ല. കുറച്ചുകാലമേ അവിടെ കഴിക്കുന്നുള്ളൂ. പരീക്ഷ കഴിഞ്ഞാലും എന്നും നിങ്ങൾ പഠിച്ചുംകൊണ്ടു് അവിടെത്തന്നെ ഇരിക്കാൻപോകുന്നോ? ആദ്യക്ലാസ്സിൽ കയറുമ്പോൾ ഒരുനാൾ അടുത്ത ക്ലാസ്സിൽ കടക്കണമെന്നു വിചാരിച്ചുതന്നെയാണല്ലോ പ്രവേശിക്കുന്നതു്.

നിങ്ങൾ കോണിപ്പടിയിൽ കയറുമ്പോൾ എന്നും അതിന്മേൽ തന്നെ നില്ക്കണമെന്നുദ്ദേശിച്ചല്ലല്ലോ കയറുന്നതു്. താമസിയാതെ അതിനെ വിടണമല്ലോ. നിങ്ങൾ പുനർജ്ജനിക്കുമ്പോൾ, മുൻജന്മം അഥവാ പൂർവ്വജന്മം നിങ്ങൾ കൈവെടിയണമെന്നു പറയേണ്ടതില്ലല്ലോ.

അതുപോലെ നിങ്ങൾ ഈ ശരീരത്തിൽ പ്രവേശിക്കുമ്പോൾ, അതു് ഉപേക്ഷിക്കേണ്ടതാണെന്നുള്ളതു സ്പഷ്ടമാണു്. അതിനാൽ രാമൻെറ മകനെന്നു നിങ്ങൾ പറയുന്ന ആ കുട്ടി മരിച്ചെങ്കിൽ, അതു പ്രകൃതിസഹജമാണു്; വിശേഷമായിട്ടു് അതിൽ ഒന്നും ഇല്ല; അതു് അത്ഭുതമല്ല. അതു നിങ്ങളെ കുഴക്കേണ്ടതില്ല; നിങ്ങളുടെ നഖം കീറിപ്പോയെന്നു പറയുന്നതുപോലയേ അതുള്ളൂ. മകൻ മരിച്ചാൽ, ശരിതന്നെ! അതിൽ അപ്രകൃതിസഹജമായിട്ടൊന്നുമില്ല.

ഇങ്ങനെയാണു നിങ്ങളുടെ ലൌകികസംബന്ധങ്ങളെ പരിഗണിക്കേണ്ടതു്, വീക്ഷിക്കേണ്ടതു്. ഇങ്ങനെ നിങ്ങൾ സ്വതന്ത്രനാകണം. പരമാത്മത്തിൻെറ നിലയിൽനിന്നു്, രാമനെ പരമാത്മാത്മാവാക്കി, ഈശ്വരത്വം സ്വഭാവനമാക്കി, നിങ്ങളുടെ പരിചയങ്ങളും, ബന്ധങ്ങളും, കൂട്ടുകെട്ടുകളും എല്ലാം ആ നിലയിൽനിന്നു വീക്ഷിക്കണം. × ലിക്കു് ഓബ്സേർവററിയിൽ—നക്ഷത്രബംഗ്ലാവിൽ—നിന്നു ജനങ്ങൾ പ്രാപഞ്ചികസംഭവങ്ങളെ വീക്ഷിക്കുന്നതുപോലെ, നിങ്ങളുടെ ആത്മാവാകുന്ന നക്ഷത്രബംഗ്ലാവിൽനിന്നു്, ദിവ്യബോധമാകുന്ന ദൂരദർശിനിക്കണ്ണാടിയിൽക്കൂടി പ്രപഞ്ചത്തെ—ലോകത്തെ—നോക്കുക. അപ്പോൾ നിങ്ങൾ ഈശ്വരനും ദേവദേവനും തേജസ്സേജസ്സും, സത്യവും ആണെന്നുകാണും. അതുതന്നെയാണു് 'ഞാൻ'; ശരീരമല്ലാ, മനസ്സല്ലാ; ഈ ചെറിയ, അസത്യമായ, മോഹിക്കുന്ന 'അഹം' അല്ലാ, ഞാൻ ഈശ്വരനാണു്. അതനുഭവിക്കുക; ഹാ! അതനുഭവിക്കുക! അതു ബോധിക്കുക! നിങ്ങൾ ജഗന്നായകനാണെന്നുള്ളതു് ആസ്വദിക്കുക. ഇതാണു് ആവശ്യമായ ഒന്നു്. ഈ ശരീരം ഒരു ഇരുട്ടുതുറുങ്കിലാണെങ്കിൽ, ഞാനോ, നിങ്ങളോ, ആരുമോ എന്തിനു ഗൌനിക്കുന്നു? ഈ ഈശ്വരബോധം പാലിക്കുക. നിങ്ങളെവിടെയിരുന്നാലും അവിടം സ്വർഗ്ഗമായിത്തീരും. ഈ ദേഹം ദണ്ഡിപ്പിക്കപ്പെട്ടാൽ എന്തിനു ഗൌനിക്കണം? ഈശ്വരബോധം നിങ്ങളിൽ ഉണ്ടാകട്ടെ. ലോകത്തിലെ നിധികളെല്ലാം നിങ്ങളുടേതാണു്; പ്രപഞ്ചത്തിലെ സ്വത്തുമുഴുവൻ നിങ്ങളുടേതാണു്. ഇതുമാത്രം സാക്ഷാല്ക്കരിക്കുക; മററു സകലതും ദൂരെയെറിയുക.

ഒരിക്കൽ ഒരു മനുഷ്യൻവന്നു രാമനോടു പറഞ്ഞു:—"സ്വാമി! ഒരു വലിയ രാജാവു് അവിടുത്തെക്കാണ്മാൻ വരുന്നു." ഇവിടെ ഒരു പ്രധാനകാര്യമുണ്ടു്. സാധാരണജനങ്ങൾ സ്നേഹിതന്മാരുടെ പ്രശംസകളും, സ്തുതികളുംകേട്ടു തെളിയുന്ന ഒരു ദുർഘടഘട്ടത്തെ

× അമേരിക്കയിലെ ഒരു നക്ഷത്രബംഗ്ലാവു്.

പ്പററി രാമൻ പറയുകയാണ്. ഒരാൾ പറഞ്ഞു: "ഇതാ! ഒരു ധനികൻ നിങ്ങളെ കാണാൻ വരുന്നു." രാമൻ സകലതും ഈശ്വരഭാവനയിൽനിന്നു നോക്കുകയാണ്. രാമൻ ഇങ്ങിനെ പറഞ്ഞു:—"അതുകൊണ്ടു രാമനെന്തു്?" അയാൾ പറഞ്ഞു:—"അദ്ദേഹം വിലയേറിയ, മനോഹരമായ, വിശേഷവസ്തുക്കൾ തരാൻ കൊണ്ടുവരുന്നു." രാമൻ പറഞ്ഞു:—"അതുകൊണ്ടെനിക്കെന്തു്? ഒരു രാജാവു് എനിക്കെന്തു്? എനിക്കു പരമാത്ഥംമാത്രംമതി. കളിപ്പാട്ടങ്ങളും, നിസ്സാരവസ്തുക്കളും ആയ അസത്യസംഭവങ്ങൾ എനിക്കു താല്പര്യമുള്ളവയല്ല. എൻെറ സത്യം, എൻെറ ദൈവം, എൻെറ ആനന്ദം, എൻെറ ആത്മാവുമാത്രം എൻെറ ജോലിക്കുമതി. ഈ വ്യത്ഥവാദങ്ങൾ, ഈ അന്തസ്സാരഹീനങ്ങളായ ലോകവസ്തുക്കൾ എന്നെ ബാധിക്കയില്ല. ഈ രാജാവോ, ധനികന്മാരോ രാമൻെറ ശരീരത്തിനടുക്കൽ വരുന്നു. രാമനു് ഇവരിൽ രസംജനിച്ചാൽ രാമൻ ഒരു ചോദ്യചിഹ്നത്തിൽ എത്തും. ദൃഷ്ടികോണം മാററിയാൽ, അത്യുന്നതനിലയിൽനിന്നു നോക്കിയാൽ, ഒരു പ്രഭുവോ, * മേയോറോ ചക്രവത്തിയോ എന്നെ എങ്ങിനെ ഇളക്കും; യാതൊന്നുമില്ല." അതിനാൽ വീക്ഷണകോണം മാററട്ടെ. പത്രങ്ങളോടു് എനിക്കു് ആകഷണം ഇല്ലാത്തപ്പോൾ അവയിൽ രസമില്ല. അപ്പോൾ ഞാൻ ദേഹത്തിനു അതീതനായി; ദൈവത്തോടു് അടുത്തു. ഈ സത്യം അനുഷ്ഠാനത്തിൽ വരുത്താൻ ഒരുവഴി ഇതാണു്. ആ കുരിശിൽ കയററംലഭിച്ചാൽ, നിങ്ങളിലെ യഥാത്ഥജീവൻ അതേവഴികളിൽ പ്രകടിതമാകും. നിങ്ങൾ പകത്തണമെന്നു—അനുകരിക്കണമെന്നു കരുതിയല്ലാ ഈ കഥകൾ പറഞ്ഞതു്. അതിനല്ലാ; അതിനല്ലാ. നിങ്ങളിലെ ഈശ്വരത്വം ഭാവനചെയ്യുക; നിങ്ങൾ ഈശ്വരനാണെന്നു പരിഗണിക്കുക; അങ്ങിനെ അതു സാക്ഷാല്ക്കരിച്ചുകൊണ്ടു സകല ആകർഷണങ്ങൾക്കും, ഭയങ്ങൾക്കും ആകുലതകൾക്കും അതീതരായി ഉയൎന്നുനില്ക്കുക.

ഓം! ഓം!! ഓം!!!

---

* മുനിസിപ്പൽ പ്രസിഡൻറു്.

## 13. ഒരു പ്രത്യേകസംഘം ആവശ്യമാണോ?

(1903 ജനുവരി 29—ഗോൾഡൻഗേററ്ഹാൾ, സാൻഫ്രാൻസിസ്കോ)

ചോദ്യം:—സ്വാമി ഞങ്ങൾക്കു പറഞ്ഞുതരുന്ന ഈ സത്യങ്ങൾ നടപ്പിലാക്കുന്നതിനു നമ്മുടെ സ്വന്തമായിട്ട് ഒരു സംഘം സ്ഥാപിക്കുന്നതു് അത്യുത്തമമായിരിക്കയില്ലയോ?

ഉത്തരം:—ജാതിയും വർഗ്ഗീയത്വവും നശിപ്പിക്കുകയാണു് രാമൻെറ ഉദ്ദേശങ്ങളിൽ ഒന്നു്.

ഒരു സംഘം തുടങ്ങുകയും, സംഘടന സ്ഥാപിക്കയും ചെയ്യുന്നതു് സത്യത്തിൻെറ കാര്യം ഉറപ്പിക്കുന്നതിനു സഹായിക്കാമെന്നുള്ളതു ശരിയാണു്. എന്നാൽ നന്മയെക്കാൾ അതുകൊണ്ടു് അധികം ദോഷം പലപ്പോഴും ഉണ്ടാകുന്നു.

ഒരു സംഘടനയോ, സംഘമോ ഉണ്ടാകുന്നുവെങ്കിൽ അതു് ഇതരസ്ഥാപനങ്ങളെപ്പോലെ ആകരുതു്. രാമൻ വേദാന്തത്തിൻെറ അടിമത്തമോ, നുകമോ ഇഷ്ടപ്പെടുന്നില്ല. വേറെ ഏതു സമാജവും നിങ്ങൾക്കു സന്ദർശിക്കാം; പുതിയ ആളുകളുടെ വാക്കുകൾ എല്ലാം കേൾക്കാം. എൻേറതുമാത്രം എനിക്കുവരും. മററു പ്രഭാകന്മാരോടു നിങ്ങൾക്കാകർഷണം തോന്നുന്നുവെങ്കിൽ, അവനിലോ, മററവനിലോ എന്തെങ്കിലും ഉണ്ടെങ്കിൽ അവരുടെ അടുത്തുപോകാം. എല്ലാ പ്രസംഗകരും രാമൻതന്നെയാണു്. കൃഷ്ണനും, മുഹമ്മദും രാമനാണു്. അവരുടെ പ്രസംഗവും സ്വതന്ത്രമായി കേൾക്കാം. നിങ്ങൾ രാമൻെറ അടിമകളാകാൻ രാമൻ ആവശ്യപ്പെടുന്നില്ല. വെളിച്ചം പുറത്തിട്ടു അടയ്ക്കരുതു്. അതേസമയം ഈ സത്യം നിങ്ങൾ പ്രയോജനപ്പെടുത്തണമെന്നു രാമൻ ആവശ്യപ്പെടുന്നു. 1

ഹിമാലയങ്ങളുടെ പുരാതനശിരസ്സുകളോടുകൂടിയ ശിഖരങ്ങളെപ്പോലെ പഴക്കവും പ്രായവും ഉള്ള സത്യം, അനേകായിരംവർഷം മുമ്പു് ഗംഗാതീരങ്ങളിൽവെച്ചു ഗാനംചെയ്യപ്പെട്ട സത്യം, ഇമേഴ്സൺ, വിററുമാൻ × മുതലായ സകലരും ഗ്രഹിച്ച അതേ സത്യം, തന്നെയാണു്—അതേ സത്യമാണു്—അവരെ ആനന്ദ

1 മററു പ്രചാരകന്മാരുടെയും, പ്രസംഗകന്മാരുടെയും അടുത്തു പോകരുതെന്നു് ശിഷ്യന്മാരെയും ഭക്തന്മാരെയും ഗുണദോഷിക്കുന്ന അമേരിക്കയിൽ, പ്രത്യേകിച്ചു് ഹിന്ദുമതവേദാന്തപ്രചാരകരിൽ പൊതുവെ കണ്ടിരുന്ന വഴക്കത്തെ ഇതു പരാമർശിക്കുന്നതായി തോന്നുന്നു.

× രണ്ടു് അമേരിക്കൻമഹാത്മാക്കൾ.

ത്തിൽ ആറാടിച്ചതു്. അതേ സത്യം ആധുനികസംഘടനകളും സംഘങ്ങളുംമുഖേന സഹസ്രരൂപങ്ങളിൽ അവതരിക്കപ്പെട്ടു പൂർണ്ണമായോ, അംശികമായോ വരുന്നുണ്ടു്. നിങ്ങളുടെ പ്രസിദ്ധീകരണങ്ങളിലും, പത്രങ്ങളിലും പരാമർശിക്കുന്ന അതേ സത്യം സുന്ദരമായി പ്രകടിപ്പിക്കാം. എന്നാൽ സത്യം ഇതേവരെ മാറിയിട്ടില്ല. അതു് അനേകായിരംവർഷങ്ങൾക്കുമുമ്പേ ഇരുന്നതുപോലെ ഇന്നും ഇരിക്കുന്നു. എന്നാൽ രാമൻ ഈ സത്യം ഏററവും മനോഹരമായി അവതരിപ്പിക്കുന്നുവെന്നു രാമൻ പറയുന്നു. നിങ്ങൾ ഈ പുസ്തകങ്ങൾ വായിക്കുമെങ്കിൽ, സത്യങ്ങൾ രാമൻ മനോജ്ഞമായി, അത്ഭുതകരമായി ചിത്രണംചെയ്തിരിക്കുന്നുവെന്നു നിങ്ങൾക്കു കാണാം. ചില ജനങ്ങൾക്കു് രാമൻെറ പ്രസംഗചാതുര്യം രുചിക്കുകയില്ല; എന്തെന്നാൽ രാമൻ അവരെ സന്തോഷിപ്പിക്കാനും, അവരുടെ രുചികളെ താലോലിക്കാനും തയ്യാറല്ല. രാമൻ സത്യത്തിൽനിന്നു വ്യതിചലിച്ചു നിങ്ങളുടെ പോക്കിനെ തൃപ്തിപ്പെട്ടുത്താനും, നിങ്ങളെ രസിപ്പിക്കാനും, സ്തുതിക്കാനും തുടങ്ങട്ടെ; വലിയ സംഖ്യകളായി ജനങ്ങൾ രാമൻ പറയുന്നതു കേൾക്കാൻ വരും. എന്നാൽ ആരുടേയും രുചിക്കുവേണ്ടി സത്യത്തിൻെറ ഔന്നത്യങ്ങളിൽനിന്നു രാമൻ കീഴോട്ടു് ഇറങ്ങിവന്നില്ല; ഇനി വരുകയും ഇല്ല.

ക്രിസ്തു പതിനൊന്നു ശിഷ്യന്മാരോടേ സംസാരിച്ചിരുന്നുള്ളൂ; എന്നാൽ ആ വാക്കുകൾ അന്തരീക്ഷംതന്നെ സംഭരിച്ചു സൂക്ഷിച്ചു; ആകാശങ്ങൾ അവയെ സംഘടിപ്പിച്ചു. ഇന്നു ലക്ഷലക്ഷം ജനങ്ങൾ അതുകൾ വായിക്കുന്നു. ഭൂമിയിൽ ചവിട്ടിത്താഴ്ത്തിയാലും സത്യം വീണ്ടും എഴുന്നേററു് ഉയരുന്നു. ഈ ചിന്ത പലരും പ്രകടിപ്പിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇന്നത്തെ അച്ചടിശാലകളിൽനിന്നു പ്രസിദ്ധീകരിച്ചുകാണുന്നതുപോലെ രാമൻെറ മാർഗ്ഗത്തിൽ അതേ ചിന്താഗതി പ്രകാശിപ്പിക്കുന്നതു കുറെക്കൂടി ഗുണം പ്രദാനംചെയ്യുകയും, ചില ആവശ്യങ്ങൾ സാധിക്കയും ചെയ്യും; ചിലർക്കു് ഈ മാർഗ്ഗംകൊണ്ടു ഫലമുണ്ടാകും; മററുപലരും മററു മാർഗ്ഗങ്ങൾകൊണ്ടു ഫലംപ്രാപിക്കും. എന്നാൽ രാമൻെറ മാർഗ്ഗംമുഖേന ലക്ഷലക്ഷം ജനങ്ങൾക്കു വലിയ ഗുണമുണ്ടാകും. നിങ്ങൾ അതിൽ താല്പര്യംകാണിക്കയും, അതു സ്വീകരിക്കയുംചെയ്യുന്നുവെങ്കിൽ, അതിനെ പുരോഗമിപ്പിച്ചു് ഓരോരുത്തനും എല്ലാവക്കും വിതരണംചെയ്യുക. രാമൻ പോയതിനുശേഷം, നിങ്ങൾ സംഘം സ്ഥാപിച്ചു്, സ്വാമിയുടെ ഗ്രന്ഥങ്ങൾ എടുത്തു്, ഇമേഴ്സൺ, വിററുമാൻ, സ്പെൻസർ മുതൽപേരുടെ പുസ്തകങ്ങൾ എടുത്തു്, ഒരു പ്രത്യേകപേരിലൊന്നും അല്ലാതെ ഒരു സംഘം സ്ഥാപിച്ചു്,

യഥാൎത്ഥസത്യത്തിന്റെ പുരോഗതിമാത്രം ഉദ്ദേശമായി സ്വീകരിച്ചു നടത്തുന്നവെങ്കിൽ ആ സംഘത്തിൽ ആൎക്കെങ്കിലും എന്തെങ്കിലും പ്രത്യേകമായിട്ടുണ്ടെങ്കിൽ, അഥവാ പഠിത്തത്തിലും വായനയിലും നിന്നു് എന്തെങ്കിലും സഹായകരമായ സംഗതികൾ കിട്ടുന്നവെങ്കിൽ, അത്തരം അറിവു് എല്ലാവരുടെയും ഗുണത്തിനായി സംഘത്തിന്റെമുമ്പിൽ പ്രകടിപ്പിക്കാം. അഥവാ ചിലൎക്കു് അവരുടെ സ്വന്തധ്യാനത്തിൽ കണ്ടെത്തുന്ന പുതിയ കാൎയ്യങ്ങൾ ഇതരന്മാൎക്കു പറഞ്ഞുകൊടുക്കാം. എന്നാൽ അതെല്ലാം പ്രകൃത്യനുസരണം വന്നുകൊള്ളട്ടെ; മുറപ്രകാരമുള്ള ചട്ടവും നിയമവും അനുസരിച്ചല്ലാതിരിക്കട്ടെ

ഇതാ! ഒരു കുഴൽ, അതു് ഒരു പ്രത്യേകതരത്തിൽ ഊതിയാൽ കുയിലിന്റെ ശബ്ദം പുറപ്പെടുന്നു. നമുക്കിഷ്ടമുള്ളപ്പോൾ അതിനെ ഊതി കുയിൽനാദംകേട്ടു രസിക്കാം. എന്നാൽ ആ ഗാനം പ്രകൃത്യനുസൃതമല്ല. കുയിലിന്റെ പ്രകൃതിസഹജമായ പാട്ടു സ്ഥലകാലകാരണങ്ങളാൽ ബന്ധിക്കപ്പെട്ടതല്ല; നിയമവും അതിനെ ബാധിക്കാവതല്ല. അതിനിഷ്ടമുള്ളപ്പോൾ അതു പാടും. നിങ്ങൾ അതിന്റെ അടുത്തുപോയി "ഹേ! കുയിലേ ഒന്നു പാടൂ" എന്നു പറയുമ്പോളല്ലാ. സംഭാഷണത്തിനും, പ്രസംഗത്തിനും സമയം ക്ലിപ്തപ്പെടുത്തുന്നതു് ഉപാധികളെ കയററിവെക്കുകയാണു്. ഉത്തമഫലം പുറപ്പെടുകയില്ല.

ഹോളിനു വാടകസമ്പാദിക്കാനും, അധികം പണം ഉണ്ടാക്കാനും സ്ഥിരമായ വ്യവസ്ഥകൾ ആവശ്യമാണു്. എന്നാൽ ഈ വ്യവസ്ഥകളെല്ലാം സത്യത്തെ കുരിശിൽ തറയ്ക്കുന്നു. ഇതു സത്യമാകുന്ന യേശുവിനെ മുപ്പതുവെള്ളിക്കു വില്ക്കുകയാകുന്നു. നിങ്ങൾക്കു ഒരു സംഘം സ്ഥാപിക്കണമെങ്കിൽ അതു പ്രകൃതിയ്ക്കനുരൂപമായ രീതികളിൽ ആയിരിക്കട്ടെ; ആധുനികസംഘങ്ങളുടെ പകൎപ്പാകാതിരിക്കട്ടെ, അതിന്റെ തരത്തിൽ അതു് ആദ്യത്തേതായിരിക്കട്ടെ.

ക്രൈസ്തവരുടെ പള്ളിസ്സംഘടന സ്വയം ഒരു പിശകാണു്. അതു വളരെ ഗുണം ചെയ്തിട്ടുണ്ടു്. എങ്കിലും അതിലെ മെംബർമാരുടെ ചുററും കോട്ടകെട്ടിയും, ക്രിസ്ത്യൻബൈബിളിൽ നിന്നല്ലാതെ മറെറാരുസ്ഥാനത്തുനിന്നും സത്യം സ്വീകരിക്കാൻ പാടില്ലെന്നു അവരെ തടഞ്ഞും അതു സംഖ്യാനുപാതികമായി ദോഷവും ചെയ്തിട്ടുണ്ടു്. അങ്ങിനെതന്നെയാണു് ബുദ്ധമതക്കാരുടെയും, മുഹമ്മദീയരുടെയും മതസ്ഥാപനങ്ങളും മററനവധി വ്യവസ്ഥകളും. ഇതു ഭീമമായ ഒരു തെററാണു്. എന്തെന്നാൽ അവ മെംബർമാരെ ഹ്രസ്വപരിധികളിൽ പിടിച്ചു ബന്ധിക്കയും, ഇതരസ്ഥാനങ്ങളിൽ

നിന്നു സത്യം സ്വീകരിക്കാൻ പാടില്ലെന്നു് അവരെ തടയുകയും ചെയ്യുന്നു. ആ കതകിലോ, ജന്നലിലോക്കൂടിത്തന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കണമെന്നും, മറെറാന്നിൽക്കൂടെയും അതു പാടില്ലെന്നും അവ നിങ്ങളെ നിർബ്ബന്ധിക്കുന്നു

ഏതു കതകിലും ജന്നലിലുംക്കൂടി നിങ്ങൾക്കു് ആകാശംകാണാൻ അവകാശമുണ്ടു്, വാസ്തവത്തിൽ വീടുവിട്ടുംവെച്ചു്, ജന്നലും വാതിലുംവിട്ടുംവെച്ചു്, തുറന്ന സ്ഥലത്തുപോയിനിന്നു അന്തരിക്ഷമെല്ലാം ആസ്വദിക്കാൻ നിങ്ങൾക്കു് അവകാശമുണ്ടു്. അതിനാൽ മററു സംഘങ്ങളെപ്പോലെ പ്രകൃതിപ്രതികടമായ സമ്പ്രദായത്തിലല്ലാതെ, എന്നാൽ ഏററവും പ്രകൃതിസഹജമായ സമ്പ്രദായത്തിൽ സംഘം സ്ഥാപിക്കാൻ രാമൻ ആഗ്രഹിക്കുന്നു. മെംബർമാരെ ഏതെങ്കിലും രേഖകൾകൊണ്ടു്—നിബന്ധനകൾകൊണ്ടു—ബന്ധിക്കരുതു്. അവർ സ്വതന്ത്രരായിരിക്കണം. സ്വാതന്ത്ര്യമായി തോന്നുമ്പോൾ, അംഗങ്ങൾക്കു പ്രസംഗിക്കാൻ പ്രചോദനമുണ്ടാകുമ്പോൾ, അവർ പ്രസംഗിക്കുന്ന സംഘം കൊള്ളാം. പാടാൻ നിർബ്ബന്ധിച്ചാൽ, കുയിലിൻെറ പാട്ടു മാധുയ്യഹീനമായിപ്പോകും. കൃത്രിമക്കുഴലുകൾപോലെ നിങ്ങൾ ആക്കപ്പെടരുതു്. കുയിലിൻെറ ശബ്ദം പകത്തരുതു്. ലായും ചട്ടവും നിങ്ങളെ ബന്ധിക്കരുതു്. സത്യം രേഖകൾകൊണ്ടു ബന്ധിക്കപ്പെടുന്നില്ല.

ആരും കേൾക്കാനില്ലാതിരുന്ന സമയം ഹിമാലയങ്ങളിലെ ഗഹനവനങ്ങളിൽവെച്ചാണു് രാമൻെറ ഏററവും നല്ല ഗ്രന്ഥങ്ങൾ എഴുതപ്പെട്ടതു്. അവിടെ രാമൻ വനവൃക്ഷങ്ങളെ പാടികേൾപ്പിച്ചു; കാട്ടിലെ വായു അതു സ്വീകരിച്ചു് ആ ശബ്ദം നെടുനീളം പ്രതിധ്വനിപ്പിച്ചു. ആ ഗ്രന്ഥങ്ങൾ പ്രചരിക്കാൻ തുടങ്ങി. എന്നാൽ ഒരു സംഘത്തിൻെറ മുമ്പിൽ പ്രസംഗിക്കാൻ രാമൻ നിർബന്ധിതനാകുമ്പോൾ, റൂളും ചട്ടവും അനുസരിച്ചു സംസാരിക്കണമെന്നു വരുമ്പോൾ, രാമൻെറ പ്രയത്നങ്ങൾ അത്ര നന്നാകുന്നില്ല. അവ പ്രകൃതിക്കു പ്രതികൂലമായിപ്പോകുന്നു. ഭംഗിയെല്ലാം പോകുന്നു. ചിലപ്പോൾ ഒരു മനുഷ്യൻമാത്രം കേൾക്കാനുള്ള സമയം, സത്യം അധികം സുന്ദരമായും, കാന്തിമത്തായും പുറപ്പെടുന്നു. ശ്രോതാക്കളുടെ സംഖ്യ വലുതോ, ചെറുതോ എന്നു സത്യം നോക്കാറില്ല. തത്വം അംഗീകരിക്കുക; ക്രമേണ ലോകം സമസ്തവും അതു ശ്രദ്ധിച്ചുകൊള്ളും.

നിങ്ങൾ എന്തിനു ഒരു സംഘത്തിനുമാത്രം വിധേയനായിരിക്കുന്നു! സംഘം നിങ്ങളുടേതാണു്. നിങ്ങൾ ഇതാ! ശ്വാസകോശങ്ങളിലേയ്ക്കു, ഒരുസമയം കുറച്ചു വായുവേ ശ്വസിക്കുന്നുള്ളു. എ

ന്നിട്ടും ലോകത്തിലെ വായുവൊക്കെ നിങ്ങളുടേതാണു്. അല്ലയോ! ലോകത്തിലെ വായുവിനെല്ലാം നിങ്ങൾ അവകാശിയാണു്; അന്തരീക്ഷം മുഴുവനും നിങ്ങളുടേതാണു്; നിങ്ങൾക്കു വായുമണ്ഡലം മുഴുവനും ശ്വസിക്കാം. ഇൻഡ്യായിലെയും, ജപ്പാനിലെയും, ചൈനായിലെയും, ഇംഗ്ലണ്ടിലെയും, അമേരിക്കായിലെയും വായു അശേഷം രാമൻേറതാണു്. രാമൻ നിങ്ങളുമാണു്. ഹിമാലയൻ വായുവും, അതിലെ മധുരസൌരഭ്യവും നിങ്ങളുടേതാണു്. വായുവിന്മേൽ ആൎക്കും ഉടമസ്ഥാവകാശമില്ല. അതുപോലെ സത്യത്തിൽ ആൎക്കും ഉടമസ്ഥാവകാശമില്ല. ജ്ഞാനത്തിലുമില്ല. ലോകത്തിലെ സമസ്ത മതവും, സമസ്തസത്യവും നിങ്ങളുടേതാണു്.

നിങ്ങൾ ശ്വസിക്കുമ്പോൾ, ഈ ശരീരം സമസ്തലോകത്തിലെയും വായു ശ്വസിക്കുന്നതുപോലെ, മനസ്സും ലോകത്തിലെ സകല സത്യത്തിനും അവകാശിയാണെന്നുള്ള ഈ തത്വം ധ്യാനിക്കുകയും, അനുഭവപ്പെടുത്തുകയും ചെയ്യുക. ലോകത്തിലെ സകല സത്യവും ശ്വസിക്കുക; അതിനെ ഇമേഴ്സണിലും, വിററ്മാനിലും, മററുള്ളവരിലും, ഉപനിഷത്തുകളിലും, ഗീതയിലും എല്ലാത്തിലുംനിന്നു സംഭരിക്കുക; അവ നിങ്ങളുടേതാണു്; അവ നിങ്ങളുടേതാണെന്നു ആലോചിക്കുക. നിങ്ങൾ ഒരു പുസ്തകം വായിക്കാൻ എടുക്കുമ്പോൾ, അതിൻെറ കൎത്താവാരെന്നു നോക്കരുതു്. പുസ്തകങ്ങൾ ഉപനിഷത്തുകളെപ്പോലെ ആരുടേയും പേരിലല്ലാതെ എഴുതപ്പെട്ടുവരട്ടെ.

ഉപനിഷൽകൎത്താക്കന്മാർ അവരുടെതത്വങ്ങൾ ലോകത്തിനു പ്രദാനംചെയ്യുവകയ്ക്കു് യാതൊരു മാന്യതയും, വിലയും അവകാശപ്പെടുകയോ, കൃതജ്ഞത പ്രതീക്ഷിക്കയോ ചെയ്യില്ല. ഇൻഡ്യായിലെ ഏററവും മഹനീയങ്ങളായ ആറു തത്വശാസ്ത്രപദ്ധതികളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിൽ ഒരിടത്തും ഗ്രന്ഥകാരൻെറ പേരു കൊടുത്തിട്ടില്ല; ഗ്രന്ഥകൎത്താവു തൻെറ ജോലി നിഷ്പക്ഷപാതമായി, സ്വായത്തമാക്കാനുള്ള ചൈതന്യംകൂടാതെ, ഉടമസ്ഥതാബോധത്തിൽനിന്നു മുക്തനായി, "ഞാൻ സത്യമാണു്" എന്ന തത്വത്തിൽ പൂൎണ്ണമഗ്നനായി ചെയ്തിരിക്കുന്നു. "സത്യം ഞാൻ ആണു്" എന്നു നിനയ്ക്കുന്നതുമാത്രം എനിക്കു മതിയായ സന്തോഷമാണു്. "ഞാൻ ആറു പുസ്തകം എഴുതി; എനിക്കു 50 ലക്ഷം ഡോളർ ഉണ്ടു്" എന്ന ചിന്തയിൽ എന്താനന്ദമാണുള്ളതു്? "ഞാൻ സമസ്തവുമാണു്, ഞാൻ പൂൎണ്ണസത്യമാണു്; മനോഹരവും, അനശ്വരവുമായ ആത്മാവു്, പരമാൎത്ഥവസ്തുആണു്" എന്നുബോധ്യപ്പെടുന്നതിനാൽ എനിക്കു യഥാൎത്ഥസുഖം വന്നുചേരുന്നു. ആ സുഖം

നിങ്ങളുടെ ലൌകികവ്യക്തിപരസന്തോഷങ്ങളെയും, ആനന്ദങ്ങളെയും നിഴലിലേയ്ക്കു തള്ളുന്നു; നിസ്സാരീകരിക്കുന്നു.

ആ ബോധത്തിൽ ശ്വസിക്കുക; ശ്വസിക്കുമ്പോൾ ലോകത്തിലുള്ളതു സമസ്തവും നിങ്ങളുടെതാണെന്നു പരിഗണിക്കയും ധ്യാനിക്കയും ചെയ്യുക. ലോകത്തിലെ വായു മുഴുവനും നിങ്ങളുടേതാണെന്നു ധ്യാനിക്കുക; ലോകത്തിലെ സകല സൌന്ദര്യവും, പ്രേമവും നിങ്ങളുടേതാണെന്നു സങ്കല്പിക്കുക. ശ്വാസകോശങ്ങളിൽ കടക്കുന്ന വായു നിങ്ങളുടേതും, സിരകളിൽഉള്ള സകല രക്തബിന്ദുക്കളും ഓരോ അറകളുടേതും (cells) ആയിരിക്കുംപോലെ, അതു സകലതും നിങ്ങളുടേതാണെന്നു ധ്യാനിക്കുക. നിങ്ങളുടെ ദേഹത്തിലെ ഓരോ രക്തഅറകളും, ഓരോ രക്തബിന്ദുക്കൾ വഹിക്കുന്നു. അതുപോലെ, നിങ്ങൾ ഈ ചിന്ത ശ്വസിക്കുമ്പോൾ, സകല ജ്ഞാനവും ശക്തിയും, സത്യവും, സുഖവും, സിദ്ധാന്തവും, വിശ്വാസപ്രമാണവും, കൃഷ്ണനും, മുഹമ്മദും, രാമനും, യേശുവും എല്ലാം നിങ്ങളുടെതാണെന്നു അനുഭവപ്പെടുത്തുക. ഈ നിമിഷത്തിൽ നിങ്ങളിൽക്കൂടി പ്രവഹിക്കുന്നതിനെ തോതാക്കിവെച്ച്, നിങ്ങളുടെ അകത്തെ കെല്പുകളെ—സാരത്തെ—എണ്ണരുത്.

മനഃക്ഷയവും, ബുദ്ധിക്ഷയവും വരുമ്പോൾ അതിനെ പരിഹരിക്കാൻ എങ്ങിനെ സാധിക്കുമെന്നുള്ളതിനു ഒരു വാക്ക് ഇനി പറയാം. പരിഹാരമാർഗ്ഗം ബഹു ലഘുവാണ്. അതത്രയ്ക്കു ലഘുവും വ്യക്തവും ആയതിനാൽ ജനങ്ങൾ അതു തള്ളിക്കളയുന്നു.

രാമൻ നിങ്ങളുടെമുമ്പിൽ സമർപ്പിക്കുന്ന പദ്ധതി നന്നാണെന്നു പരിചയം തെളിയിച്ചിട്ടുണ്ട്. സകല മഹാന്മാരും അറിഞ്ഞോ അറിയാതെയോ ഈ പദ്ധതിയിൽ ചാടിപ്പിടിക്കുകയും ചെയ്യുന്നുണ്ട്?

നിങ്ങൾ മറിക്കകെത്തിരിക്കുമ്പോൾ, മനഃക്ഷയമോ, ക്ഷീണമോ ഉണ്ടെങ്കിൽ, അഥവാ ഒരു ചെറിയ വ്യക്തിപരമോ, ദുഷ്ടമോ ആയ ചിന്തയോ, അസുഖവിചാരമോ, അസൂയാവിചാരമോ, അനർഹമായ ആസക്തിയോ, നീചപ്രകൃതിയോ ഉയൎന്നുവന്നാൽ; ശരീരത്തിന്റെ ആരോഗ്യാവസ്ഥയിൽ ഈ ചിന്തകൾ നമ്മെ സമീപിക്കയില്ലെന്നു ഓൎമ്മിക്കുക; വയററിനു എന്തോ തകരാറുണ്ടെന്നു സ്മരിക്കുക.

ഒരു മനുഷ്യൻ രാമന്റെ അടുത്തുവന്നു അയുക്തഭാഷ സംസാരിക്കയോ, കൎക്കശസ്വരത്തിൽ ശകാരിക്കയോ ചെയ്താൽ, രാമൻ അവനെ കുററപ്പെടുത്തുന്നില്ല; അതേസ്വരത്തിൽ രാമൻ ഉത്തരം

പറയുകയും ഇല്ല. നിങ്ങൾക്കെതിരായി ആരെങ്കിലും സ്പർദ്ധയോ അസൂയയോ, ആക്ഷേപമോ, വിരോധമോ പ്രകടിപ്പിക്കുമ്പോൾ നിങ്ങൾ പ്രകരംവീട്ടരുതു്. നിങ്ങൾക്കു അവനോടു അനുകമ്പ തോന്നണം. അയാളുടെ ആമാശയം നന്നാകാൻ ഔഷധം കൊടുക്കണം. നിങ്ങൾ തന്നത്താൻ ഇതുകൊണ്ടു ക്ലേശിക്കയാണെങ്കിൽ, നിങ്ങൾ എന്തുചെയ്യണം. പുറത്തുനിന്നു് ഔഷധങ്ങൾ കഴിക്കണമോ? അരുതു്? ഈ ബാഹ്യമരുന്നുകൾ ഫലപ്രദമായ ചികിത്സയല്ല; ഫലം നീണ്ടുനില്ക്കുയില്ല.

നിങ്ങൾ കുണ്ഠിതാവസ്ഥയിലേയ്ക്കു പതിക്കുമ്പോൾ, അലസത ഉപേക്ഷിക്കയും, പുസ്തകം ദൂരെവെച്ചു് എഴുന്നേററു തുറന്ന വായുവിൽച്ചെന്നു വേഗത്തിൽ നടക്കുകയും ചെയ്യാനാണു് രാമൻെറ ഉപദേശം. പ്രകൃത്യാ, നിങ്ങളുടെ ശ്വാസോച്ഛ്വാസം അഗാധമായിഭവിക്കുന്നു; ഇതു നിസർഗ്ഗജമായി സംഭവിക്കും. നിങ്ങൾക്കു ഉത്സാഹവും ചൈതന്യവും ഉണ്ടാകും. മന്ദതയെല്ലാം പോകും. മുഖത്തടിക്കുന്ന ശീതമാരുതൻ അത്യാശ്ചര്യഫലംതരും. അനവധിജനങ്ങൾ ഇതു കണ്ടിട്ടില്ലാത്തതു് അത്ഭുതാത്ഭുതമാണു്.

പ്രാണായാമം അഥവാ ശ്വാസനിയന്ത്രണംസംബന്ധിച്ചു് ജനങ്ങൾ അനവധി പ്രസംഗങ്ങൾ കൊടുക്കുന്നുണ്ടു്. എന്നാൽ രാമൻെറ മാർഗ്ഗം അവയിൽഒക്കെ അധികം പ്രകൃത്യനുരൂപമാണു്. കടൽക്കരയിലോ, മററു വല്ലിടത്തുമോ നടക്കുമ്പോൾ രാമൻെറ പദ്ധതിപ്രകാരം, നിങ്ങളുടെ പ്രാണൻ ക്രമസ്ഥിതിയിൽ പ്രതിഷ്ഠിക്കപ്പെട്ടും. വേറൊരുവഴി മുറിയിൽനിന്നു തുറന്നവായുവിലേയ്ക്കു സഞ്ചരിക്കുന്നതാണു്. നിങ്ങൾ വേഗം നടക്കുന്നില്ല; മന്ദമായി നടക്കുന്നു എന്നിരിക്കട്ടെ; വേഗം നടക്കുന്നതു് യോഗ്യതയല്ലെന്നു നിങ്ങൾ കരുതുന്നു എന്നുവെക്കുക; സ്വാതന്ത്ര്യത്തെക്കാൾ സമുദായാചാരത്തിൻെറ അടിമത്തംആണു് ശ്രേഷ്ഠതരമെന്നുവെച്ചു്, നിങ്ങളുടെ നന്മയെക്കാൾ പൊതുജനാഭിപ്രായമാണു് വേണ്ടതു എന്നുകരുതി, നിങ്ങൾ വളരെ മന്ദഗതിയിൽ നടക്കുന്നുവെന്നു ഊഹിക്കുക. അപ്പോൾ നിങ്ങൾ ശ്വസിക്കുന്ന വായു ആമാശയത്തിൻെറ ഉപരിഭാഗംമാത്രം നിറയുകയും, വേണ്ടിടത്തോളം താഴത്തോട്ടു അഗാധമായി പോകാതിരിക്കയും ചെയ്യുന്നു. അപ്പോൾ ഒരു മൂലയിലോ മററു രഹസ്യസ്ഥലത്തോ, അന്യർ കാണാതെ അനങ്ങാതെനിന്നു്, വായ്പൊളിച്ചു് വായു നിറയെ അകത്താക്കുക. വായിൽക്കൂടി അതിശക്തിയായി വായു നിറയെ ഉൾക്കൊണ്ടു മൂക്കിൽക്കൂടി അതിനെ ബഹിഷ്കരിക്കുക. ഇതു നിഷ്കൃഷ്ടമായി അനുസരിക്കണം. അപ്പോൾ അതെത്ര അത്ഭുതകരമായി നിങ്ങളെ ഉത്സാഹപ്പെടുത്തുമെന്നു നിങ്ങൾക്കു കാണാം.

രാമൻ ഏററവും പ്രകൃത്യനുസരണമായ പ്രാണായാമം നിർദ്ദേശിക്കുന്നു. ശ്വസിക്കുക, ശ്വസിക്കുക, ശ്വസിക്കുക; അഗാധശ്വാസംകൊണ്ടു വായു വയററിൻെറ അധോഭാഗങ്ങളിൽ നിറയും. അകത്തെ കുഴൽമാർഗ്ഗത്തെല്ലാംകൂടി സഞ്ചരിക്കയുംചെയ്യും. ഇതുകൊണ്ടു നിങ്ങൾ പെട്ടെന്നു മനഃക്ഷയത്തിൽനിന്നു മുക്തിനേടുന്നു നിങ്ങളുടെ ശക്തികളെല്ലാം ഏററവും ഗുണപ്രദമായ അവസ്ഥയിൽ എത്തുന്നു. ശ്വസിക്കുമ്പോൾ മനസ്സിനെ താഴെപ്പറയുന്ന ചിന്തകൊണ്ടു വ്യായാമംചെയ്യാം:—"ഞാൻ ലോകത്തിൻെറ മുഴുവൻ വായുവും ശ്വസിക്കുന്നു. ലോകത്തിൻെറ ഭംഗിയും സ്നേഹവും ഒക്കെ ഞാനാണ്." ദീർഘവും അഗാധവുമായ ശ്വാസത്തോടുകൂടി ഈ ചിന്ത തുടരുക:—"ലോകത്തിലെ സകല സൌന്ദര്യ്യവും സകല ധനവും എൻേറതാണ്." ഇതു നിങ്ങളെ ഉല്ലസിപ്പിക്കും. പരീക്ഷിച്ചുനോക്കുക. അതു അത്ര സുഗമവും, എന്നാൽ ഫലത്തിൽ ആശ്ചര്യ്യകരവും ആണ്.

സവാരിയെ നടപ്പിനെ—കുറിച്ചുപറഞ്ഞാൽ ചിലക്കു മററാരുടെയെങ്കിലും കൂട്ടുകൂടാതെ നടക്കുന്നതിനു് ഇഷ്ടമില്ല. അതിനെ സൂചിപ്പിച്ചുകൊണ്ടു ഏതോ ഒരു കവിവിദ്ധ്യാൻ ഒരു പദ്യം എഴുതിയിട്ടുണ്ടു്.

"സംഭാഷണത്തിന്നു സുഹൃത്തുവേണം,
സവാരിചെയ്യാനൊരുകൂട്ടുവേണം."

ഇതാണു് ആ പദ്യത്തിൻെറ ശകലം.

നിങ്ങൾ ഒരു ചിന്താശീലനല്ലാതിരിക്കയോ, ആദ്ധ്യാത്മികവാസന നിങ്ങൾക്കില്ലാതിരിക്കയോ, മനസ്സുകൊണ്ടു മഹനീയവും ശ്രേഷ്ഠവുംആയ യാതൊന്നും ചെയ്യാനില്ലാതിരിക്കയോ ആണെങ്കിൽ നടക്കുമ്പോൾ വേറെയാരെയെങ്കിലും അടുത്തു കാണേണ്ട ആവശ്യമുണ്ടായേക്കാമെന്നു രാമൻ സമ്മതിക്കുന്നു. നിങ്ങൾ ക്ഷീണിച്ചവരാണെങ്കിൽ, ഒരു വാദ്ധ്യാരുടെ കൂട്ടോടുകൂടി നടക്കാനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കണമെന്നു രാമൻ ശുപാശ്ചെയ്യുന്നു. അതു നിങ്ങൾക്കു അല്പം നന്മചെയ്യാം. നിങ്ങളെ ഉയർത്തുകയോ, സംസ്കരിക്കയോ ചെയ്യാത്തവരോടുകൂടി നടക്കരുതു്. ദ്വേഷം, അസൂയ, മത്സരം എന്നീ ദുർഗ്ഗുണങ്ങളുടെ നീചനിലകളിലേയ്ക്കു നിങ്ങളെ വലിച്ചുതാഴ്ത്തുന്നവരോടുകൂടി നടക്കരുതു്. നിങ്ങൾ തനിയേനടക്കുമ്പോൾ, നിങ്ങൾ ചിന്താശീലനാണെങ്കിൽ, ആരും ചുററുമില്ലാത്തപ്പോൾ ഓങ്കാരംജപിക്കുന്നതിനേക്കാൾ അധികം ഗുണപ്രദമായി വേറൊന്നുമില്ല. നിങ്ങൾ നടക്കുകയും, ഓങ്കാരംജപിക്കയുംചെയ്താൽ അന്തരിക്ഷംതന്നെ നിങ്ങളെ ചൊടിപ്പിക്കയും,

നിങ്ങളിൽ വിസ്മയകരവും, അത്ഭുതകരവുംആയ ചിന്തകൾ പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്നതു കാണാം. ജനങ്ങൾ ഈ സൌകര്യം പ്രയോജനപ്പെടുത്തുന്നില്ല. ഇതൊരു സാമാന്യനിർദ്ദേശമാണെന്നു തോന്നാം. എന്നാൽ അഭ്യാസംകൊണ്ടു്, ഇതിൽ നിന്നു കിട്ടുന്ന അത്ഭുതഫലങ്ങൾ നിങ്ങളെ വിസ്മയിപ്പിക്കും.

ഇതാ! മഹത്തും ശക്തിമത്തും ആയ സമുദ്രം. ഈ പ്രബലസമുദ്രത്തിൽ ഓരോതുള്ളി വെള്ളത്തിനും പിന്നിൽ, ഓരോ തിരകൾക്കുമുള്ള അതേ ശക്തിയുണ്ടു്. ഓരോ തിരയ്ക്കും മറ്റൊന്നിനോളമുള്ള ശക്തിയും ഉണ്ടു്. ഓരോ കുമിളയ്ക്കും അതിൻെറ ആത്മാവായിട്ടു ബലിഷ്ഠസമുദ്രമുണ്ടു്; ഓരോ കല്ലോലത്തെയും അപരിമേയമായ സമുദ്രം താങ്ങുന്നു.

അതുപോലെ, നിങ്ങൾ ശരീരം എന്നു വിളിക്കുന്നതിനെ താങ്ങിനിർത്തുകയും, പൊക്കിപ്പിടിക്കയും, പോഷിപ്പിക്കയും, പരിപാലിക്കയുംചെയ്യുന്നതും, തിരയെപ്പോലെ ഈ ചെറിയ സൂക്ഷ്മബിന്ദുവായ ശരീരത്തെ ബലപ്പെടുത്തുകയും, വഹിക്കുകയുംചെയ്യുന്നതും, സൂര്യനെയും താരങ്ങളെയും പൊക്കിപ്പിടിച്ചു ഉയർത്തിനിർത്തുന്നതു തന്നെയായ—അതേ സമുദ്രങ്ങളുടെ സമുദ്രംതന്നെയാണു് എന്നുള്ളതു് ദയവായി ധ്യാനിക്കുക; സാക്ഷാല്ക്കരിക്കുക; സങ്കല്പിക്കുക.

നിങ്ങളുടെ ആത്മാവാണു് സൂര്യൻെറയും, നക്ഷത്രങ്ങളുടെയും ചുമടുതാങ്ങുന്നതു്; അതാണു് നിങ്ങളുടെ ഓരോതുള്ളി രക്തത്തിൻെറയും ആത്മാവു്; അതാണു് മുഴുവൻ ശരീരത്തിൻെറയും ആത്മാവു്; തലയിലെ ഓരോ രോമത്തിൻെറയും ആത്മാവു്; മുഴുവൻ ദേഹത്തിൻെറയും ആത്മാവു്.

നിങ്ങൾ ഈഅതിരില്ലാത്ത ആത്മാവാണു്. നിങ്ങൾ ഈ ശരീരത്തെ മാത്രമല്ലാ വഹിക്കയും പുലർത്തുകയുംചെയ്യുന്നതു്; പിന്നെയോ, നിങ്ങൾ സകലകാലത്തിൻെറയും, സ്ഥലത്തിൻെറയും ആത്മാവത്രെ. ഇതു അടയാളപ്പെടുത്തിവച്ചു ഓർമ്മിക്കുക. സകല സ്ഥലകാലങ്ങളെയും താങ്ങുന്ന ആത്മാവു നിങ്ങൾതന്നെയാണു്. നിങ്ങൾ ആ അപരിമിതത്തിൻെറ ആത്മാവാണു്. ഇപ്പോൾ നോക്കുക. ഈ ശരീരം മരിച്ചാൽ, ആത്മാവു മരിക്കുമോ? ഇല്ല. ദേഹം മരിച്ചാൽ ആത്മാവു് സ്ഥലവും കാലവും ഉള്ളിടത്തോളം, മരിക്കയില്ല. അത്ഭുതത്തിലും അത്ഭുതം! ഞാൻ സമസ്തസ്ഥലത്തിൻെറയും, സകല അനാദ്യന്തകാലത്തിൻെറയും, സകലസമയത്തിൻെറയും ആത്മാവത്രെ.

ഏകാന്തസഞ്ചാരങ്ങളിലും, കടപ്പുറത്തോ, തുറസ്സായ വായുവിലോ നടക്കുമ്പോഴും, തനിയേനില്ക്കുമ്പോഴും ഈ സത്യം അനുഭവപ്പെടുത്തുക; അതു ഭാവനചെയ്യുക. നിങ്ങൾ സ്വതന്ത്രമായി ഓങ്കാരം ജപിക്കണമെന്നില്ല. ഈ തത്ത്വം ധരിച്ചുകൊണ്ടിരിക്കുന്നതു് ഭാവനാദ്വാരാ ഓങ്കാരം ജപിക്കുകയാണു്.

ബാഹ്യമായി വാകൊണ്ടു ഓങ്കാരംജപിക്കുന്നതിൽ അത്യധികം പ്രാധാന്യം കല്പിക്കേണ്ടതില്ല; എന്നാൽ ഭാവനാശക്തി മുഖേന "ഞാൻ അപരിമേയമാണു്, സകലസ്ഥലവും ഞാനാണു്, സകല ശരീരങ്ങളും എന്നെക്കൊണ്ടു നിറഞ്ഞതാണു്; ബന്ധുക്കളുടെയും ശത്രുക്കളുടെയും കാമങ്ങൾ ഒക്കെ എന്റേതാണു്; സകല കാമങ്ങളും എന്റേതാണു്" എന്നുള്ളതു നിങ്ങൾ സാക്ഷാല്കരിക്കേണ്ടതാണു്.

ഇവിടെ ഇതാ ഒരാൾ! എനിക്കു അയാളോടു സ്പർദ്ധ തോന്നുന്നുണ്ടു്. അയാളെ ഞാൻ എന്റെ എതിരാളിയാണെന്നുകരുതുന്നു. ആ "എതിരാളി" ഞാനാണു് എന്നു ഞാൻ ഗണിക്കുന്നു. ഭിന്നതയെല്ലാം ദൂരെ ത്യജിക്കയും, സ്പർദ്ധാലുവായ "ഈ ചെറിയ ഞാൻ" ഞാനല്ലെന്നു ധ്യാനിക്കയും ചെയ്യുക. നിങ്ങൾ ഒരുത്തിയെ പ്രേമിക്കുന്നുവെന്നും, വേറൊരാൾകൂടി അവളെ കാമിക്കുന്നുവെന്നും ഇരിക്കട്ടെ. അപ്പോൾ സ്പർദ്ധവരുന്നു, അതിനെ പ്രോത്സാഹിപ്പിക്കരുതു്. പ്രിയപ്പെട്ട ആ കാമിനിയും, അവളെ പ്രേമിക്കുന്ന മററവനും നിങ്ങൾതന്നെയാണു്. അയാളുടെ സംതൃപ്തി നിങ്ങളുടെ സംതൃപ്തി തന്നെയാണു്. സത്യം ധ്യാനിക്കുക; സത്യം പ്രാപിക്കുന്നതിനു് നിങ്ങൾതന്നെയാണു് സത്യം എന്നു് അറിയണം, സാക്ഷാല്കരിക്കണം. ആ മനുഷ്യൻ സമീപിക്കുന്നതു് ആരെയോ, അയാൾ ഞാൻതന്നെയാണു്; വ്യത്യാസമില്ല." എന്നു ധ്യാനിക്കുക. ആ ഭിന്നതയ്ക്കതീതനാകുക. വലുതും, ചെറുതും എന്ന ഭേദം—അതിനെപ്പററിയുള്ള ബോധം കളയുക. വലിപ്പച്ചെറുപ്പങ്ങളില്ലാതെയാക്കാൻ വേദാന്തം പ്രയോഗിക്കുക. "ഇന്നു വലുതായിരിക്കുന്നവനും, ചെറുതായിരിക്കുന്നവനും രണ്ടും ഞാനാണു്" എന്നു ആലോചിക്കുക. ഒരാൾ നിങ്ങളെക്കാൾ വലിയവൻ ആയിരിക്കാം. നിങ്ങളെക്കാൾ സ്വത്തു സമ്പാദിക്കാൻ സമർത്ഥനായിരിക്കാം; നിങ്ങളെക്കാൾ ബഹുമതികൾ അവൻ ആർജ്ജിച്ചിട്ടുണ്ടായിരിക്കാം. പുരോഗമനത്തിനുള്ള ഏകമാർഗ്ഗം ഞാൻ അസൂയപ്പെടുന്നതു ശരീരത്തെമാത്രമാണെന്നു കാണുകയാണു്, എന്നാൽ ആ വീരന്റെ—കേമന്റെ—ആത്മാവു ശരീരമല്ല; ആ ആത്മാവും ഞാനും ഒന്നുതന്നെയാണു്. അതു പ്രാപിക്കുക; മത്സരചിന്തയ്ക്കതീതനായിരിക്കുക.

പ്രകൃതിയിൽ ഏററവും അത്യുത്തമമായിരിക്കുന്നതിനോടു ചേൎന്നു നിങ്ങളുടെ ഹൃദയം സ്പന്ദിക്കുമ്പോൾ പ്രകൃതിയിലെല്ലാം ശ്വാസിക്കുന്നതു് നിങ്ങൾതന്നെയാണെന്നു നിങ്ങൾക്കനുഭവപ്പെട്ടും. വൃക്ഷങ്ങളുടെ വളൎച്ചയിലും നാശത്തിലും നിങ്ങൾ ശ്വാസിക്കുന്നു, സൂൎയ്യൻ ഉദിക്കയും അസ്തമിക്കയുംചെയ്യുന്നു; അതുതന്നെയാണു് ശ്വാസനിശ്വാസങ്ങൾ.

ജനനമരണങ്ങൾ ശ്വാസനിശ്വാസങ്ങൾപോലെയാണു്. നിങ്ങൾ പ്രകൃതിയിൽനിന്നു വേർപെട്ടുനില്ക്കുന്നിടത്തോളം നിങ്ങൾ നഷ്ടപ്പെട്ടവനാണു്. ലോകം സമസ്തവും നിങ്ങളുടെ ശ്വാസമാണെന്നും, മരണസംഭവങ്ങളിൽക്കൂടി ശ്വാസിക്കുന്ന അളവററ ശക്തിയും, ഭൂമിയിലും സകലത്തിലുംക്കൂടി വരുകയും, പോകയുംചെയ്യുന്ന ഓജസ്സും നിങ്ങളാണെന്നും അധികമധികം അറിയുന്നിടത്തോളം, നിസ്സാരമായ ഉൽക്കണ്ഠകൾക്കും സങ്കടങ്ങൾക്കും നിങ്ങൾ അതീതനായിത്തീരുന്നു. അതു ആന്തരികസൌന്ദൎയ്യമാണു്. ആഭ്യന്തരമായി സുന്ദരരായിരിക്കുന്ന ജനങ്ങൾ, അവരുടെ മുഖം എങ്ങനെയിരുന്നാലും, ലളിതകോമളരായി ഭവിക്കും; ലോകത്തിൻെറയെല്ലാം ആകൎഷണകേന്ദ്രമായിത്തീരും.

സോക്രട്ടീസ് വളരെ കുരൂപിയായിരുന്നു. ആഭ്യന്തരസൌന്ദൎയ്യത്തിനുവേണ്ടി അദ്ദേഹം പ്രാൎത്ഥിച്ചു. ഉത്തമചിന്തകൾ ഉണ്ടായിരിക്കുന്നതാണു് ആഭ്യന്തരസൌകുമാൎയ്യം.

ലോകമശേഷം നിങ്ങൾക്കെത്ര സുഗമവും മിനുസവും ആയിത്തീരുന്നു! പരുപരുപ്പ്—നിമ്നോന്നതത്വം—ലവലേശമില്ല. സ്വാതന്ത്ര്യനാണെന്നു ചിന്തിക്കുമ്പോൾ നിങ്ങൾക്കു ലോകത്തിൽ എങ്ങും ഉരപ്പു അശേഷം ഇല്ല.

ആദിത്യൻ താഴെപ്പതിയ്ക്കയോ, ചന്ദ്രൻ ധൂളിയായി പറത്തപ്പെടുകയോ, സൌരയൂഥങ്ങളെല്ലാം ശൂന്യതയിലേയ്ക്കു എറിയപ്പെടുകയോ എന്തായാലും, യഥാൎത്ഥ, പരമാൎത്ഥസത്യമായ നിങ്ങൾക്കു് എന്താണു്? അതു ധ്യാനിക്കുക. എന്തെന്നാൽ അപ്പോൾ യാതൊന്നും നിങ്ങളെ ദ്രോഹിക്കയില്ല. സൂൎയ്യചന്ദ്രനക്ഷത്രങ്ങൾ നശിപ്പിക്കപ്പെട്ടേയ്ക്കാം. എന്നാൽ നിങ്ങൾ നശിപ്പിക്കപ്പെടുകയില്ല. സകല സ്ഥലകാലങ്ങളുടെയും ആത്മാവു നിങ്ങളാണു്. നിങ്ങൾ വിനാശരഹിതനാണു്; നിങ്ങൾ പാറപോലെ ഉറച്ചവനാണു്. അതിനെ സാക്ഷാല്ക്കരിക്കുക. ഇങ്ങിനെയാണു് നിങ്ങൾ ശ്വാസോച്ഛ്വാസം ചെയ്യേണ്ടതു്. ശ്വാസകോശത്തിലും മനസ്സിലുംക്കൂടി

ശ്വസിക്കുക. മനസ്സുകൊണ്ടു ലോകത്തിന്റെ സത്തയെ ശ്വസിക്കുക; ലോകമശേഷം ശ്വസിക്കുക. ഇങ്ങിനെ പ്രകൃതിയുമായി ആനുരൂപ്യം സ്ഥാപിക്കുക. നിങ്ങളുടെ ജീവിതമശേഷം സകലപ്രപഞ്ചത്തിനും അനുരൂപമായിട്ടിരിക്കും.

* ആനുകാലികചലനം (Harmonious Motion) എന്നാൽ എന്താണ്? തലച്ചോറിന്റെ ചലനം ആനുകാലികമായി ഭവിക്കട്ടെ. ആനുകാലികചലനം ഗോളങ്ങളുടെ സംഗീതമാണ്. പ്രപഞ്ചത്തിലെ സകല ഗോളങ്ങളും ആ ഗതിയിൽ ശ്വസിക്കുന്നു. ആ ആനുകാലികഗതി സമ്പാദിക്കുക. അതോടു യോജിച്ചിരിക്കുക. അപ്പോൾ ആന്തരികമായി നിങ്ങൾ സുന്ദരനാകും.

ഇതാ ഒരു വലിയ സമുദ്രം! അതിൽ ഒരു മത്സ്യമുണ്ടു്. സമുദ്രജലം മത്സ്യത്തിന്റെ വായിൽകൂടെ പ്രയാണംചെയ്കയും, നിറയുകയുംചെയ്യുന്നു. അതിനു മുഴുചലനവുമുണ്ടു്.

അതുപോലെ, 'സകല പ്രപഞ്ചവും എന്റേതാണു്' എന്നു ഭാവനചെയ്യുക. നിങ്ങളുടെ ചൈതന്യത്തെ തണുപ്പിക്കയും, ഉല്ലാസത്തെ നശിപ്പിക്കയും ചെയ്യുന്നതെന്താണ്? അതു ആധ്യാത്മികമായ ആവരണാവസ്ഥ (Spiritual Opacity)—മറയ്ക്കുന്ന പ്രകൃതം—ആണ്. അതുനീക്കി നിങ്ങളെ സ്വയം നിരാവൃതാവസ്ഥയിൽ—പ്രകാശം കടന്നുപോകത്തക്ക നിലയിൽ—(Transparent) ആക്കിവെക്കണം; നിങ്ങളിലുള്ള ആവരണപ്രകൃതി നീക്കിവെക്കണം; എന്തെന്നാൽ അതു നിങ്ങളെ അന്ധകാരമയമായ കറുപ്പിൽ നിത്തുന്നു.

ഈ ആവരണാവസ്ഥ—പ്രകാശവിഘ്നാവസ്ഥ—എന്താണ്? "ഇതു എന്റേതാണ്, അതു എനിക്കവകാശപ്പെട്ടതാണ്" എന്നും മറും പറയുന്ന ഈ ചെറിയ 'അഹം'ഭാവന, ഉടമസ്ഥതാബോധം വഹിക്കുന്ന ചെറുസത്തയാണ് അതു്. ഈ ആവരണസ്വഭാവം ആണ് പരിത്യജിക്കേണ്ടതു്. തുറന്ന വായുവിൽ ശ്വസിക്കുമ്പോൾ, മുഴുപ്രപഞ്ചവുമായി ഏകതയിൽ നിങ്ങൾ ഇരിക്കുന്നു എന്നു ഭാവനചെയ്യുക; അപ്പോൾ നിങ്ങൾ പ്രകാശഗമനക്ഷമനാകയും, സകലതും നിങ്ങളിലേയ്ക്കു വരുകയുംചെയ്യും. രണ്ടു മനുഷ്യർ ഒരു രാജാവിന്റെ കൊട്ടാരത്തിൽ ചെല്ലുകയും, കൊട്ടാരത്തിന്റെ ഭിത്തികളിൽ ചിത്രമെഴുതി അലങ്കരിക്കുവാൻ തങ്ങളെ നിയമിക്കണമെന്നു അദ്ദേഹത്തോടു അപേക്ഷിക്കയുംചെയ്തു. മുഴുവൻ പണിയും തങ്ങൾക്കു കുത്തകയായിക്കിട്ടണമെന്ന് അവർ ഓരോരുത്തരും മത്സ

* പരസ്പരം അനുരൂപമായി ഒരേ താളത്തിൽ ചലിക്കുന്നതു്.

രിച്ചു രാജാവിനോടു അപേക്ഷിച്ചു. ജോലിക്കാൎക്കുമുമ്പ് അവരെ ഒന്നു പരീക്ഷിക്കണമെന്നു രാജാവു ആവശ്യപ്പെടുകയും, എതിർവശത്തുള്ള രണ്ടു ഭിത്തികൾ പരീക്ഷാൎത്ഥം ചിത്രമെഴുതാൻ അദ്ദേഹം അവരെ നിയോഗിക്കുകയുംചെയ്തു.

പരസ്പരം കാണാതെ സ്വതന്ത്രമായി വേലചെയ്യണമെന്നുദ്ദേശിച്ച് ഭിത്തികളുടെ മദ്ധ്യത്തിൽ ഒരു മറ സ്ഥാപിച്ചുകൊടുക്കപ്പെട്ടു. ഏതാണ്ടൊരുമാസത്തേയ്ക്കു അവർ വേലചെയ്തു അതിൻെറ അവസാനത്തിൽ ഒരു ചിത്രകാരൻ രാജാവിൻെറ അടുത്തുവന്ന് തൻെറ ജോലി പൂൎത്തിയായെന്നും, അദ്ദേഹം വന്നു നോക്കാൻ കാലമായി എന്നും, പറഞ്ഞ് അദ്ദേഹത്തെ ക്ഷണിച്ചു. മററവനോടു രാജാവു ഇനിയും എത്രകാലംകൂടി അവൻെറ ജോലി പൂൎത്തിയാകാൻവേണ്ടിവരുമെന്നു ചോദിച്ചു അവൻ പറഞ്ഞു:—"തിരുമേനി! ഞാനും ജോലി പൂൎത്തിയാക്കി." ദിവസം നിശ്ചയിക്കപ്പെട്ടു. രാജാവും അദ്ദേഹത്തിൻെറ സകല പരിവാരങ്ങളും മററു സന്ദൎശകന്മാരും കൂടി ഏതു ചിത്രകാരനാണ് അധികം നന്നായി ജോലിചെയ്തതെന്നു പരിശോധിക്കാൻ ഹാജരായി. ആദ്യചിത്രകാരൻെറ ഭിത്തിക്കുമുന്നിലുള്ള മറ നീക്കി. ജോലി വിസ്മയകരവും, അത്യന്തമനോഹരവും ആയി എന്നു രാജാവും കൂട്ടരും എല്ലാം മുക്തകണ്ഠം അഭിപ്രായംപറഞ്ഞു; എന്നല്ലാ അവരെല്ലാം അതു മഹനീയവും, ശ്രേഷ്ഠവും ആയി എന്നു കരുതി ആനന്ദപരവശരുമായി ഭവിച്ചു.

ഇതിനെക്കാൾ യാതൊന്നും അധികം ഭംഗിയാകാനില്ലെന്നു രാജപരിവാരങ്ങൾ അദ്ദേഹത്തോടു രഹസ്യമായി മന്ത്രിച്ചു. മററെ ചിത്രമെഴുത്തുകാരൻെറ ജോലിനോക്കാനേ ആവശ്യമുണ്ടാകയില്ലെന്നും, ഈ ചിത്രകാരൻ അവരുടെ പ്രതീക്ഷകളെയെല്ലാം അത്യധികം ഉല്ലംഘിച്ചിട്ടുണ്ടെന്നും, അതിനാൽ മുഴുവൻ ജോലികളും ആദ്യത്തെ പണിക്കാരനെത്തന്നെ ഏല്പിക്കാമെന്നും അവർ അഭിപ്രായപ്പെട്ടു. പക്ഷെ രാജാവ് അവരെക്കാൾ അധികം ബുദ്ധിശാലിയായിരുന്നു. അതിനാൽ എതിർഭിത്തിയുടെ മറകൂടി എടുക്കാൻ കല്പനകൊടുത്തു. അതു നീക്കിയപ്പോൾ ഹാഹാ! ജനങ്ങൾ അത്ഭുതസ്തബ്ധരായി നിന്നുപോയി! അവർ വായുംപൊളിച്ച്, കരങ്ങളും പൊക്കി, ആശ്ചൎയ്യംകൊണ്ടു ശ്വാസരഹിതരായി, നിൎന്നിമേഷരായി സ്തംഭിച്ചുനിന്നുപോയി. അഹോ! ആശ്ചൎയ്യത്തിലും ആശ്ചൎയ്യം! അതു അത്ഭുതാവഹമായി കാണപ്പെട്ടു.

അവർ എന്താണ് കണ്ടതെന്ന് നിങ്ങൾ മനസ്സിലാക്കിയോ? ഈമാസം മുഴുവനും ഈ രണ്ടാംചിത്രകാരൻ ഭിത്തിയിൽ

ഒരു ചിത്രമെങ്കിലും വരച്ചിരുന്നില്ല. ഭിത്തി കഴിയുന്നതും സ്ഫടികംപോലെ പ്രകാശഗമനക്ഷമമാക്കാൻ അയാൾ പണിചെയ്തിരുന്നു. ഭിത്തി തേച്ചുരച്ചു മിനുസമാക്കി, സ്ഫടികസ്ഫുടമാക്കി, അയാൾ അതിനെ അലങ്കരിച്ചു. ഈ ചുവർ സമ്പൂർണ്ണം പ്രകാശസഞ്ചാരക്ഷമമാക്കുന്നതിൽ അയാൾ വിജയം പ്രാപിച്ചു. ഭിത്തി പരിശോധിച്ചപ്പോൾ, അവൻെറ എതിരാളി എതിർവശത്തെ ചുവരിൽ എഴുതിയിരുന്ന ചിത്രമെല്ലാം ഈ ഭിത്തിയിൽ പരിപൂർണ്ണമായി പ്രതിബിംബിച്ചിരുന്നു. കൂടാതെ; ഈ ഭിത്തി അത്യന്തം മിനുസവും, നിറപ്പുള്ളതും, ഭംഗിയേറിയതും ആയിരുന്നു: എതിർഭിത്തിയാകട്ടെ പരുപരുത്തു്, നിറപ്പില്ലാതെ, വൃത്തികെട്ടു കാണപ്പെട്ടു. ആ ഭിത്തിയിലെ ചിത്രങ്ങളെല്ലാം, സുന്ദരവും, മിനുസവും മനോഹരവും ആയ മററതിൽ പ്രതിഫലിതമായി കാണപ്പെട്ടു. അതിനാൽ ആദ്യചുവരിൻേറ ആകർഷണം മുഴുവൻ ഇതിനോടു ചേർക്കപ്പെടുകയും ചെയ്തുകാണപ്പെട്ടു.

അക്കാലത്തെ രാജാക്കന്മാരും ജനങ്ങളും സ്ഫടികക്കണ്ണാടി പരിചയപ്പെട്ടവർ അല്ലായിരുന്നു. അവരതു സൂക്ഷ്മമായി പരിശോധിച്ചുമില്ല. എന്നാൽ അവർ ഉറക്കെ ഇങ്ങനെ ഘോഷിച്ചു:—“മഹാരാജാവേ! ഈ മനുഷ്യൻ ഭിത്തിക്കുള്ളിലേക്കു വളരെ അഗാധമായി പ്രവേശിച്ചു; മൂന്നുനാലുവാര അകത്തേയ്ക്കു കുഴിച്ചുകടന്നു് സകലചിത്രവും അയാൾ അവിടെയാണു എഴുതിയതു്.”

കണ്ണാടിയിൽനിന്നു എത്ര അകലെ പദാർത്ഥങ്ങൾ മുമ്പിൽ ഇരിക്കുന്നുവോ, കണ്ണാടിക്കു അത്രയും അകലെ പുറകിൽ അവയുടെ പ്രതിഛായകൾ കാണപ്പെട്ടു.

ആ ചിത്രകാരൻ മണലുംമററും ഇട്ടു് ആ ഭിത്തി തേച്ചുരച്ചു മിനുസപ്പെടുത്തി അങ്ങനെ ജോലിചെയ്തു കാണിച്ചതുപോലെ, അതു തനിക്കു് കണ്ണാടിയാക്കിത്തീർത്തതുപോലെ നിങ്ങളും ചെയ്യേണ്ടതാണെന്നു രാമൻ പറയുന്നു. ഉത്സാഹപൂർവ്വം പരിശ്രമിച്ചു പുസ്തകം വായിക്കുകമാത്രം ചെയ്യുന്ന ജനങ്ങൾ ബാഹ്യമായ തുച്ഛ ജ്ഞാനം മാത്രമേ സമ്പാദിക്കുന്നുള്ളു. പുറമേ ചായംപുരട്ടി ചിത്രം വരയ്ക്കുന്നതിനോടുകൂടി, സകല ജ്ഞാനവും സമ്പാദിക്കാനുള്ള പദ്ധതിപ്രകാരം ഭിത്തികളെ സുന്ദരമാക്കിച്ചെയ്യാൻ അവർ ശ്രമിക്കട്ടെ.

നിങ്ങളുടെ മനസ്സും, ബുദ്ധിയും മറവില്ലാത്തതും പ്രകാശഗമനക്ഷമവും, മിനുസമുള്ളതും, ലോലവും ആയ ഭിത്തികൾ ആക്കിത്തീർക്കാൻ, തേച്ചുരച്ചു മിനുസപ്പെടുത്താൻ ശ്രമിക്കുകയാണു് ഈ

പദ്ധതി. ഹൃദയം ശുദ്ധീകരിച്ച്, അതിനെ പ്രകാശഗമനക്ഷമമാക്കിച്ചെയ്താൽ സകല ജ്ഞാനവും—പ്രാപഞ്ചികമായ സകല അറിവും—മനസ്സിൽ പ്രതിബിംബിക്കുന്നതു കാണാം; സമസ്തപ്രപഞ്ചവും നിങ്ങളെ പ്രചോദിപ്പിക്കും.

സ്വന്തം അനുഭവംകൊണ്ടു രാമൻ പറയുന്നു. ഹിമാലയത്തിലെ കൊടുംകാടുകളിൽ രാമൻ പാർത്തിരുന്ന കാലത്ത്, മനസ്സു പ്രകാശംഗമമായി, അതു ഒരുവക പ്രതിലോമാവസ്ഥയിൽ ഇരുന്ന കാലത്ത്, അത്യന്തം മനോഹരമായ ആശയങ്ങളും, അത്ഭുതകരമായ തത്വജ്ഞാനവും, വിസ്മയകരമായ ഓജസ്സും ഏതാണ്ടൊരു പ്രചോദനഫലമെന്നതുപോലെ മനസ്സിൽ ഉദിച്ചുവന്നതായി പലപ്പോഴും കാണപ്പെട്ടിട്ടുണ്ട്. സമസ്തഗ്രന്ഥങ്ങളും പ്രചോദിതാവസ്ഥയിലാണു എഴുതപ്പെട്ടതെന്നു രാമൻ തന്മൂലം നിങ്ങളോടുപറയുന്നു. ബൈബിൾ, ഉപനിഷത്തുകൾ, വേദങ്ങൾ, മിൽട്ടന്റെ കവിതകൾ, ഇമേഴ്സന്റെ പുസ്തകങ്ങൾ, ഒരു കൃസ്ത്യനെന്നു വിളിക്കപ്പെട്ടിരുന്നില്ലെങ്കിലും, ഇൻഗർസോളിന്റെ * കൃതികൾ ഇവയെല്ലാം അപ്രകാരം ഉണ്ടായതാണ്. വേദങ്ങളും, കുറാനും ബൈബിളും പോലെ ഇംഗ്ലീഷുകവി സ്പെൻസറുടെ ഗ്രന്ഥങ്ങളും ഒരുപോലെ പ്രചോദിതങ്ങളത്രെ. പ്രചോദനംകൂടാതെ ജ്ഞാനമില്ല; സകലജ്ഞാനവും പ്രചോദനംമുഖേന വരുന്നു. ഉടമസ്ഥതാബോധം, വാണിജ്യചൈതന്യം, അഹങ്കാരപരമായ അവകാശവാദം, പണമുണ്ടാക്കാനുള്ള ധനാർത്തിചൈതന്യം, യാചിക്കയും തെണ്ടുകയും ചെയ്യുന്ന മനോഭാവം—ഈ ഹൃദയസ്ഥിതിയോടുകൂടി ആരംഭിക്കുമ്പോഴാണ്, ഗ്രന്ഥകാരന്മാർ അവരുടെ ഹൃദയഭിത്തികൾ അപൂർണ്ണവും, പരുപരുത്തതും, കർക്കശവും ആക്കുന്നത്. അതു് ഈ ചെറിയ ഇഴയുന്ന, പുലമ്പുന്ന ചൈതന്യമാണ്. ഈ ചൈതന്യത്തെ അടിച്ചുനീക്കിയാൽ, പരിത്യജിച്ചാൽ, ഹൃദയഭിത്തി പൂർണ്ണഗുണമാകും. പ്രപഞ്ചത്തോടു ചേർന്നു നിങ്ങൾ സ്പന്ദിക്കുമ്പോൾ, ലോകത്തിലെ പണിയെല്ലാം നിങ്ങളുടെ പണിയാണ്; പ്രപഞ്ചഹൃദയം നിങ്ങളുടെ ഹൃദയമാകുമ്പോൾ, നിങ്ങളുടെ നാഡി സമസ്തലോകത്തോടു ചേർന്നടിക്കുമ്പോൾ, അറിഞ്ഞോ, അറിയാതെയോ നിങ്ങളാനിലയിൽ നില്ക്കുമ്പോൾ; ജ്ഞാനംവന്നു നിങ്ങളിൽ നിറയുന്നു—അതാണു മാർഗ്ഗം.

പുസ്തകങ്ങളിലും, ക്ഷേത്രങ്ങളിലും ഉള്ള നിങ്ങളുടെ അന്വേഷണം മതിയാക്കുക. രഹസ്യങ്ങൾക്കു നിങ്ങളുടെ ഉള്ളിൽ അന്വേ

---

* നാസ്തികനെന്നും യുക്തിവാദിയെന്നും അറിയപ്പെട്ടിരുന്ന ഒരു മഹാൻ.

ഷിക്കുക; ലോകത്തിൽ ഉള്ളതു് മുഴുവനും ശ്വസിക്കുക. നിങ്ങൾ പ്രകാശഗമനക്ഷമനായിരിക്കുന്നു. സ്വാർത്ഥമോ, സ്വന്തമായ അവകാശങ്ങളോ, മനസ്സിൽ ഇല്ലാതിരിക്കയും, ശത്രുവിൻെറ കാമങ്ങൾപോലും നിങ്ങളുടെ കാമങ്ങളായി തോന്നുകയും, നിങ്ങളീ പരീക്ഷ ആത്മാവിലേയ്ക്കു് പ്രയോഗിക്കയും, എനിക്കു സ്വത്തായിത്തോന്നുന്നവരെല്ലാം ഞാനാണെന്നും, ഞാൻ അവരുടെ കാമങ്ങളുടെ ഉടമസ്ഥനാണെന്നും കാണുകയും ചെയ്യുമ്പോൾ നിങ്ങളുടെ പ്രകാശതടസ്സം നീങ്ങുന്നു. നിങ്ങളുടെ ദേഹത്തെക്കൊല്ലാനാണു് അവരുടെ ആഗ്രഹമെങ്കിൽ, അതുമൂലം അവർക്കുണ്ടാകുന്ന ആനന്ദം നിങ്ങളുടെ സ്വന്തം ആനന്ദമാണെന്നു വരുമെങ്കിൽ—ഹാ! അപ്പോൾ നിങ്ങൾ പ്രപഞ്ചവുമായി യോജിപ്പിലാകയും, സമസ്തപ്രപഞ്ചവുമായി അനുരഞ്ജിച്ചുവരുകയും ചെയ്യുന്നു. നിങ്ങൾ പ്രകാശഗമനക്ഷമനാണു്; സകല മറയും നീങ്ങിപ്പോകും; നിങ്ങൾ സർവ്വശക്തനായ ഈശ്വരനാകും. ഇതാണു് വിജയത്തിൻെറ രഹസ്യം. പ്രപഞ്ചത്തിലെ നിധികുംഭങ്ങളെല്ലാം നിങ്ങളുടേതാകും.

ഓം! ഓം!! ഓം!!!

---

## 14. മനുഷ്യസാഹോദര്യം.

(1903–ഫെബ്രുവരി 13–തീയതിയിലെ പ്രസംഗം.)

പ്രസംഗം തുടങ്ങുംമുമ്പു്, മനുഷ്യവംശത്തിൻെറഐക്യം, ഓരോരുത്തൻെറയും, സകലരുടെയും ഏകത്വം, മനുഷ്യൻെറ സഹോദരത്വം—എന്നതിൻെറ സത്യത്തിൽ നിങ്ങളുടെ മനസ്സുകളെ കേന്ദ്രീകരിക്കുന്നതു അത്യന്തം ഉത്തമമാണു്. തനിയേ ചിന്തിക്കുക, ഭാവനചെയ്യുക, അനുഭൂതിയിൽ വരുത്തുക.

ഓം!

ഇതു് ഒരുവെറും സാങ്കല്പികസംഭാഷണമായിരുന്നെങ്കിൽ ഒന്നോ രണ്ടോ മണിക്കൂർനേരം അതുകേൾക്കാൻവേണ്ടി ചെലവുചെയ്യുന്നതു് ആവശ്യമില്ല; നിഷ്ഫലമായിരിക്കും. എന്നാൽ അതു നിങ്ങൾക്കു ആദ്ധ്യാത്മികമായ ആനന്ദം യഥാർത്ഥമായിത്തരുന്ന ഒരു പ്രായോഗികവിഷയമാക്കിച്ചെയ്യപ്പെടണം. ഹാ! ഈലോകത്തിലെ ജനങ്ങളെല്ലാം "ഞാൻതന്നെ"യാണെന്നു സാക്ഷാത്കരിക്കുന്നതുകൊ

ഞ്ഞടിക്കുന്ന ആനന്ദം എന്തൊരാനന്ദമാണു്! ഞാൻ കേട്ട ആ സംഗീതം എൻേറതായിരുന്നു. ഐശ്വൎയ്യത്തിൻെറ ഉച്ചസ്ഥാനത്തും, അസ്ഥാളിപ്പിക്കുന്ന പൊതുജനസമ്മതിയിലും നില്ക്കുന്ന ഈ ലോകത്തിലെ ജനങ്ങളെല്ലാം, ഹാ!—അവരെല്ലാം ഞാൻ ആണു് എന്നു അനുഭവപ്പെട്ടപ്പോൾ എനിക്കു എന്താഹ്ലാദം ഉണ്ടാകുന്നു! അതെന്തു സൌഭാഗ്യകരമാണു്! അതു ഭാവനചെയ്യാൻ ശ്രമിക്കുക; നിങ്ങളുടെ ജീവിതത്തിൽ പ്രകൃത്യാ ചില ഫലങ്ങൾ ഉണ്ടാകുന്നതു കണ്ടു തുടങ്ങും. ഈശരീരം നിങ്ങളുടേതാണെന്നു ചിന്തിക്കുന്നതുപോലെ, സകല ശരീരങ്ങളും നിങ്ങളുടേതാണെന്നു ധ്യാനിക്കയും ഭാവനചെയ്കയും ചെയ്യുക. അങ്ങിനെ സങ്കല്പിക്കുവാൻ നിങ്ങൾ ആരംഭിക്കുമ്പോൾ, നിങ്ങളുടേതാണെന്നു നിങ്ങൾ വിളിക്കുന്ന ശരീരത്തെപ്പോലെതന്നെ, നിങ്ങളുടെ ഇഷ്ടംപോലെ പാദങ്ങൾ ചലിക്കയും നിങ്ങളുടെ ആജ്ഞപ്രകാരം കൈകൾ അനങ്ങുകയും ചെയ്യുന്നതുപോലെതന്നെ, നിങ്ങളുടെ സ്വന്തദേഹത്തെപ്പോലെതന്നെ, സകല ലോകത്തിലെ സകല ശരീരങ്ങളും നിങ്ങളുടെ കല്പനകളും ആഗ്രഹങ്ങളും അനുസരിച്ചു് ചലിക്കയും പെരുമാറുകയും ചെയ്യുന്നതുകാണാം. ഇതു് അനുഭവസിദ്ധമായ ഒരു കാൎയ്യവും, ബോദ്ധ്യപ്പെട്ടന്നസംഗതിയും പ്രായോഗികവസ്തുവും ആണു്. അതിലേയ്ക്കു നിങ്ങളുടെ മനസ്സും സൎവ്വശക്തികളും ഈ ഐക്യമാകുന്ന സത്യത്തിൽ കേന്ദ്രീകരിക്കേണ്ടതാണു്. അതു പരീക്ഷണസാദ്ധ്യമായ ഒരു സത്യമാണു്. അതിൽ വിശ്വസിക്കുക; പരിശീലിച്ചുനോക്കുക. ഇതുവെറും സാങ്കല്പികവസ്തുതയല്ല; പൊള്ളവാക്കല്ല. നിങ്ങളുടെ ദേഹമാണിതെന്നു പറയുംപോലെ ഉള്ള ഒരു പരമാൎത്ഥം ആണു് ഇതു്. ഇതു് ഒരു നിഷ്കൃഷ്ടവും കൎക്കശവുമായ പരമാൎത്ഥമാണെങ്കിലും—എന്നിട്ടും, ഇതസാദ്ധ്യമാണെന്നു കരുതിയാലും, ഈ മനുഷ്യവംശൈക്യം ഭാവനചെയ്യുന്നതിൽനിന്നു അവശ്യമായ ഒരാനന്ദം നിങ്ങൾക്കു സമ്പാദിക്കാവുന്നതാണു്. മനുഷ്യർ ധനത്തെക്കുറിച്ചു സങ്കടപ്പെടുകയും, ഉൽക്കണ്ഠിതരായിരിക്കയും ചെയ്യുന്നതെന്തിനു്? അവൎക്കു തോട്ടങ്ങൾ വേണം; പുൽത്തകിടികൾ അവരുടേതാണെന്നു അവൎക്കു പറയണം, എന്തൊരു പരിതാപകരമായ ചിന്താഗതി! നിങ്ങൾക്കിവിടുത്തെ ധനികന്മാരുടെ തോട്ടങ്ങളിലും, പബ്ളിക്കു ഗാൎഡൻസിലുംപോകയും, അവിടെയിരുന്നു് എത്ര മണിക്കൂറുവേണമെങ്കിലും ആസ്വദിക്കയും, തോട്ടം തൻേറതാണെന്നു പറയുന്ന മാന്യനെപ്പോലെ സുഖിക്കയും ചെയ്യരുതോ? ആ തോട്ടത്തിൻെറ ഉടമസ്ഥനെന്നു പറയുന്ന മാന്യനു് അതിലുള്ള എല്ലാ പുഷ്പങ്ങളും, ഫലങ്ങളും കണ്ടുരസിക്കാൻ നാലു കണ്ണുകൾ ഉണ്ടോ? ആ തോട്ടങ്ങളും, പുഷ്പങ്ങളും, ദലങ്ങളും, ഫലങ്ങളും എല്ലാം അവൻ നിങ്ങളെപ്പോലെ രണ്ടു ക

ണ്ണുകൾകൊണ്ടു മാത്രമല്ലയോ കണ്ടുരസിക്കുന്നതു്? തോട്ടത്തിലെ കുയിലുകളുടേയും മററു പക്ഷികളുടെയും ഗീതങ്ങൾ അയാൾ നിങ്ങളെപ്പോലെ രണ്ടു ചെവികൾകൊണ്ടു മാത്രമല്ലയോ കേട്ടു് ആനന്ദിക്കുന്നതു്? പിന്നെ ആ തോട്ടം സ്വായത്തമാക്കണമെന്നുള്ള ബാലിശമായ മോഹംകൊണ്ടു വേദനയും വിഷമവും ഉണ്ടാക്കിസഹിക്കുന്നതെന്തിനു്? ലോകത്തിലെ സകല പൂന്തോട്ടങ്ങളും നിങ്ങളുടേതാണെന്നു ഭാവന ചെയ്യാൻ രാമൻ ആവശ്യപ്പെടുന്നു. മനുഷ്യരുടെ സകല ശരീരങ്ങളും നിങ്ങളുടേതാണെന്നു ഭാവനചെയ്യാൻ രാമൻ നിർദ്ദേശിക്കുന്നു. വാസനാചതുരമായ കെല്പുകളും, അനുഗൃഹീതമനസ്സുകളും എല്ലാം നിങ്ങളുടേതാണെന്നുതന്നെ ധ്യാനിക്കുക. ഇതു വിദൂരസ്ഥമോ, പ്രകൃതിപ്രതികൂലമോ ആയ ഒരു ഭാവനയാണെന്നു നിങ്ങൾക്കു പറയാവതല്ല. ഉന്നതജീവിതാദർശങ്ങൾ അനുഭവത്തിൽ വരുത്താൻ വിവിധ സൽഗ്ഗുണങ്ങൾ നിങ്ങൾക്കഭ്യസിക്കാനില്ലേ? ഇവയെല്ലാം നിങ്ങൾക്കു പ്രയോജനകരമാണു്. എന്നാൽ എല്ലാത്തിലും വെച്ചു ഏററവും അധികം ഫലപ്രദമായിട്ടുള്ളതു്, സത്യങ്ങളുടെ സത്യത്തിൽ നിങ്ങളുടെ ശക്തികളും ചിന്തകളും കേന്ദ്രീകരിക്കുന്നതാണു്. എല്ലാവരും ഒന്നാണെന്നും, എല്ലാ ശരീരങ്ങളും നിങ്ങളുടേതാണെന്നും ഉള്ള പരമാൎത്ഥമാണു് ഈ സത്യം ഈ സത്യത്തിൻ, പരമാൎത്ഥത്തിൽ, നിങ്ങളുടെ ചിന്തകൾ കേന്ദ്രീകരിക്കുക; ശക്തികൾ ഏകാഗ്രമാക്കുക; സൎവ്വശരീരങ്ങളും നിങ്ങളുടേതാണെന്നു ധ്യാനിക്കുക; ധ്യാനിക്കുക; ധ്യാനിക്കുക. ബഹുമാനിക്കപ്പെടുന്ന ഒരു മനുഷ്യൻ തെരുവുകളിൽക്കൂടി കടന്നുപോകുമ്പോൾ, നിങ്ങൾ ആ മനുഷ്യനെ കാണുമ്പോൾ, (അതു് ഇംഗ്ലണ്ടിലെ രാജാവോ, റഷ്യയിലെ സാർചക്രവൎത്തിയോ, ഐക്യനാടുകളിലെ പ്രസിഡണ്ടോ ആരുമായിരിക്കട്ടെ) അസൂയയുടെയോ, ഭയപ്പാടിൻെറയോ വിചാരം നിങ്ങളുടെ മനസ്സിൽ പ്രവേശിക്കാതിരിക്കട്ടെ. ആ രാജകീയകാഴ്ച നിങ്ങളുടെ സ്വന്തമായിരുന്നാലെന്നപോലെ രസിക്കുക; അതു് നിങ്ങളുടേതുപോലെ സങ്കല്പിക്കുക. "ഞാനാണതു്; വേറാരുമല്ല" എന്നു ഭാവനചെയ്യുക. നിങ്ങൾ അങ്ങനെ ഭാവനചെയ്യുമ്പോൾ നിങ്ങളുടെ അനുഭവംതന്നെ സകലതും ഒന്നുമാത്രമാണെന്നും, സകല ചെവികളും, കണ്ണുകളും, പാദങ്ങളും എല്ലാം നിങ്ങളുടേതാണെന്നും സകല ശരീരവും നിങ്ങളുടേതാണെന്നും അതു തെളിയിക്കും. മനുഷ്യസാഹോദര്യം! തൎക്കശാസ്ത്രം ഇതു തെളിയിക്കയോ, തെളിയിക്കാതിരിക്കയോ ചെയ്തേക്കാം; സയൻസിതു തെളിയിക്കയോ, തെളിയിക്കാതിരിക്കയോ ചെയ്യാം; തത്വശാസ്ത്രം ഇതു തെളിയിച്ചുവെന്നോ, ഇല്ലെന്നോ, അതിനു അതു ശക്തമോ, അശക്തമോ ആണെന്നോ

വന്നേയ്ക്കാം. എന്നാൽ അതു് ഒരു സത്യമാണു്; അനുഭവം തെളിയിക്കുന്ന ഒരു പരമാൎത്ഥമാണു്.

ഓം!

ഈ പരമാൎത്ഥം സ്ഥാപിക്കാൻ രാമൻ ഇനി ചില കാരണങ്ങൾ പ്രസ്താവിക്കാം—മനുഷ്യൻെറ സാഹോദൎയ്യം എന്ന തത്ത്വം! രാമൻ ഈ കാരണങ്ങൾ മുമ്പോട്ടു കൊണ്ടുവരുമ്പോൾ നിങ്ങൾ ആ തീരുമാനങ്ങളെ വികാരാത്മകമായ ഹൃദയത്തിൽ സ്വീകരിക്കുകയും, നിങ്ങളുടെ ക്ഷോഭങ്ങളിൽ അവയെ സംഗ്രഹിക്കാൻ ശ്രമിക്കയും, രാമൻെറ വായിൽനിന്നു പുറപ്പെടുന്ന തീരുമാനങ്ങളെ നിങ്ങൾ സ്വമേധയാ ഹൃദയത്തിൽ സ്വയം അനുഭവപ്പെടുത്താൻ പ്രയത്നിക്കയും ചെയ്യണം.

വൃത്താന്തപത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ ചുമതലപ്പെട്ട മാന്യനു് "മനുഷ്യസാഹോദൎയ്യം" എന്ന പ്രസംഗവിഷയം നിൎദ്ദേശിച്ചുകൊടുത്തതിനുശേഷം, രാമൻ ആ തലവാചകം പറഞ്ഞുകൊടുത്തതിനെപ്പററി ലജ്ജിച്ചുപോയി. "മനുഷ്യസാഹോദൎയ്യം" എന്ന പേർ സവ്വാബദ്ധമാണു്. "സാൎവ്വജനീനസാഹോദൎയ്യം" ഒരു അബദ്ധനാമമാണു്. അതു വേണ്ടിടത്തോളം മതിയാകുന്നില്ല. "സഹോദരൻ" എന്ന വാക്കു ഏതാണ്ടു ഒരു വ്യത്യാസത്തെ സൂചിപ്പിക്കുന്നു. സോദരന്മാർ പരസ്പരം യുദ്ധംചെയ്കയും, ശണ്ഠപിടിക്കയും ചെയ്യുന്നതു കാണപ്പെടുന്നു. എന്നാൽ ഇവിടെ യാതൊരു വ്യത്യാസത്തിനും ഇടമില്ല. ഇവിടെ സഹോദരത്വത്തെക്കാൾ വളരെ അധികം ഉണ്ടു്. "മനുഷ്യൈക്യവും, മനുഷ്യൻെറ ഏകീകൃതൈകത്വവും" എന്നതു് കുറേക്കൂടി നല്ല പ്രസംഗവിഷയനാമം ആയിരിക്കുമായിരുന്നു.

നിങ്ങൾ പറയും:—"ആത്മാവിനെപ്പററിയുള്ള സാങ്കല്പികകാൎയ്യങ്ങൾ പറഞ്ഞു ഞങ്ങളെ മുഷിപ്പിക്കരുതു്—ബോറുചെയ്യരുതു്. നിങ്ങൾ സദാ ആത്മാവ് അഥവാ വ്യക്തിപരസത്ത എന്നതിനെക്കുറിച്ചുമാത്രം ഞങ്ങളോടു പറയുന്നു. അതു വളരെ സൂക്ഷ്മവും, ദുൎഘടവും ആയിരിക്കുന്നു." ശരി! നല്ലതുതന്നെ! ആ ആത്മാവിനെപ്പററി കേൾക്കാൻ നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽതന്നെ, അതിനെപ്പററി പറയാൻ സ്ഥാനമില്ല; നിവൃത്തിയില്ല. അവിടെ സകല വസ്തുക്കളും പെട്ടെന്നു് അവസാനിക്കുന്നു; നിന്നുപോകുന്നു. അവിടെയെങ്കിലും നാമെല്ലാം ഒന്നാണു്. വാക്കുകൾ ഒന്നും ആ അവസ്ഥയിൽ എത്തുന്നില്ല. ഭാഷയൊന്നും അവിടെ ചെല്ലുകില്ല. വാക്കുകൾക്കതീതമായിരിക്കുന്ന ആത്മാവിനെപ്പററി നിങ്ങൾക്കു കേൾ

ക്കേണ്ടാ എങ്കിൽ, രാമൻ ഇന്നത്തെ വിഷയം ഏററവും സ്ഥൂലമായ നിലയിൽനിന്നുകൊണ്ടു പ്രതിപാദിക്കാം.

നമുക്കു സ്ഥൂലശരീരംകൊണ്ടു തുടങ്ങാം; അതു വളരെ സ്ഥൂലമാണല്ലോ. ആത്മാവിൻെറ പ്രകൃതം വിട്ടുകളഞ്ഞാലും, യഥാർത്ഥസത്തയായ ആത്മാവിൻെറ കഥ നാം ചിന്തിക്കാതിരുന്നാലും, ഭൗതികദേഹങ്ങൾ പോലും നാമെല്ലാം ഒന്നാണെന്നു തെളിയിക്കുന്നു. ഹൃദയങ്ങൾ നാമെല്ലാം ഒന്നാണെന്നു തെളിയിക്കുന്നു. വികാരതലത്തിൽപ്പോലും നാമെല്ലാം ഒന്നാണെന്നു സയൻസു തെളിയിക്കുന്നു. ഭൗതികമണ്ഡലത്തിലും, മനോമണ്ഡലത്തിലും, സൂക്ഷ്മശരീരമണ്ഡലത്തിലും നിങ്ങളെല്ലാം ഒന്നാണ്. നിങ്ങൾ അതു ഭാവനചെയ്യുന്നില്ലെങ്കിൽ, പ്രായോഗികമായ ദൈനന്ദിനജീവിതത്തിൽ ആ സഹോദരഭാവം നിങ്ങൾ നടപടിയിൽവരുത്തി ജീവിക്കുന്നില്ലെങ്കിൽ, അപ്പോൾ അതീവപരിപാവനമായ സത്യത്തെ നിങ്ങൾ ലംഘിക്കയാണു ചെയ്യുന്നതു്. രാജ്യനിയമങ്ങളെ എതിർക്കുന്നവർക്കു ശിക്ഷയുണ്ടെന്നു നിങ്ങൾക്കറിയാം. അവനു് വെറുതേപോകാൻ തരമില്ല. അതുപോലെ, ഈ സഹോദരത്വം പരിഗണിക്കാതെ, പ്രതിദിനജീവിതത്തിലെ പ്രവൃത്തികളിൽ അതു നടപ്പിൽവരുത്താതെയിരിക്കുന്നവൻ കഷ്ടപ്പെടണം—ശിക്ഷ അനുഭവിക്കണം. ഈ ലോകത്തിലെ സകല കഷ്ടാനുഭവവും, സകല സങ്കടവും ഈ പ്രപഞ്ചത്തിലെ സമസ്ത നിരാശതകളും, ഈ പരിപാവനനിയമത്തെ—ഏററവും പരിശുദ്ധമായ തത്വത്തെ—നിയമങ്ങളുടെ നിയമത്തെ—മനുഷ്യവംശസാഹോദര്യനിയമത്തെ—പോരാ, ഓരോന്നിൻേറയും, എല്ലാത്തിൻേറയും ഏകഭാവത്തെ—ലംഘിക്കുന്നതുകൊണ്ടുമാത്രം ഉണ്ടാകുന്നതാണ്.

നമ്മുടെ ഭൗതികശരീരങ്ങളെല്ലാം ഒന്നാണ്. സഹോദരന്മാരേ! അതെങ്ങിനെവരും? ആ ദേഹം അവിടെ ഇരിക്കുന്നു; ഈ ദേഹം ഇവിടെ നില്ക്കുന്നു. അതുകൾ എങ്ങിനെ ഒന്നാകും? സമുദ്രത്തിൽ അവിടെ ഒരു തിരയും, ഇവിടെ ഒരു തിരയും നാം കാണുന്നതുപോലെ, രണ്ടു പ്രത്യേകസ്ഥലങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നതായും, പ്രത്യേകവലിപ്പങ്ങളിൽ ഉള്ളതായും തോന്നുന്നതുപോലെ, എന്നാൽ യഥാർത്ഥത്തിൽ അവ രണ്ടും ഒരേ ജലത്തിൽനിന്നാകയാൽ ഒന്നായിട്ടിരിക്കുകയും, ഒരേ സമുദ്രം രണ്ടായി കാണപ്പെടുകയും ചെയ്യുന്നതുപോലെതന്നെയാണിതു്. ഈ തിരയായി ഇവിടെ കാണുന്ന ജലംതന്നെ കുറെ കഴിഞ്ഞു് മറേറ തിരയായി രൂപഭേദം സ്വീകരിച്ച് അവിടെ കാണപ്പെടുന്നു. തിരകളുടെ കാര്യത്തിൽ നിങ്ങൾ കാണുന്നതുപോലെതന്നെയാണു് നിങ്ങളുടെ ഭൗതികശരീര

ങ്ങളുടെ സ്ഥിതിയും. ഇപ്പോൾ ഈ ശരീരമായി രൂപംപ്രാപിച്ചിരിക്കുന്ന വസ്തു കുറെ കഴിയുമ്പോൾ വെറൊരു ശരീരമായി രൂപം കൈക്കൊള്ളുന്നു. മാത്രമല്ലാ; വീണ്ടും, രാമൻേറതു് എന്നു വിളിക്കപ്പെടുന്ന ശരീരത്തെ സംഘടിപ്പിച്ച ഭൌതികാണുക്കൾ രാമൻെറ ജീവിതകാലത്തുതന്നെ വെറൊരു ശരീരത്തിൽ പ്രവേശിക്കുന്നു. അങ്ങിനെയാണു് ശ്വാസോച്ഛ്വാസഗതി തെളിയിക്കുന്നതു്. നിങ്ങൾ അമ്ലജനകവായു ഉൾക്കൊണ്ടു് അതിനെ ഇംഗാലാമ്ലവാതകമാക്കി വിസൎജ്ജിക്കുന്നു ഈ ഇംഗാലാമ്ലം സസ്യങ്ങൾ ഉൾക്കൊണ്ടു് അവ അമ്ലജനകത്തെ ബഹിഷ്കരിക്കുന്നു. ആ അമ്ലജനകം മററാരാൾ ശ്വസിച്ചു് ഇംഗാലാമ്ലം നിശ്വസിക്കുന്നു. അതു വീണ്ടും സസ്യങ്ങൾ അകത്താക്കുന്നു ഇതിൽനിന്നു സസ്യങ്ങൾപോലും സഹോദരങ്ങൾപോലെ നിങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ കാണുന്നു. നിങ്ങളുടെ ശ്വാസം അവയിലേയ്ക്കും അവയുടെ ശ്വാസം നിങ്ങളിലേയ്ക്കും പരസ്പരം പകരുന്നു. നിങ്ങൾ സസ്യങ്ങളിലേയ്ക്കു ശ്വസിക്കുന്നു; സസ്യങ്ങൾ നിങ്ങളിലേയ്ക്കു ശ്വസിക്കുന്നു. ആരാമങ്ങളും സസ്യങ്ങളുംപോലും നിങ്ങളോടു ഐക്യപ്പെട്ടിരിക്കുന്നു.

നമുക്കിതു വേറൊരുനിലയിൽനിന്നു നോക്കാം. നിങ്ങൾ ശ്വസിച്ച അതേ അമ്ലജനകം ഇംഗാലാമ്ലമായിത്തീൎന്നു; അതിനെ സസ്യങ്ങൾ ഭക്ഷിച്ചു തിരികെ അമ്ലജനകമായി പുറത്തുതള്ളുമ്പോൾ, അതേ അമ്ലജനകം നിങ്ങളുടെ സഹോദരന്മാരുടെ ശരീരത്തിൽ പ്രവേശിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ശരീരത്തിൽ ഇരുന്നതു് അപ്പോൾ സഹോദരന്മാരുടെ ശരീരത്തിൽ ആകുന്നു. നിങ്ങളെല്ലാവരും ഒരേവായു ശ്വസിക്കുന്നു. നിങ്ങളെല്ലാവരും ഒരേവായു ശ്വസിക്കുന്നു എന്നു ധ്യാനിക്കുക. ശ്വാസത്തിൽ നിങ്ങളുടെ ശരീരങ്ങൾ എല്ലാം ഒന്നാണു്. നിങ്ങൾ ഒരേ ഭൂമിയിൽ, ഒരേ സൂൎയ്യനിൽ, ഒരേ ചന്ദ്രനിൽ, ഒരേ ആകാശത്തിൽ ജീവിക്കുന്നു. നിങ്ങൾ പഴങ്ങളോ, സസ്യങ്ങളോ, മാംസമോ ഭുജിക്കുന്നു. നിങ്ങൾ അവ ഭക്ഷിച്ചു് അവ നിങ്ങളുടെ ശരീരമായി ഭവിക്കുന്നു; അവയെ വിസൎജ്ജനംചെയ്യുന്നു; മലത്തിൻെറ രൂപത്തിൽ അവ സസ്യങ്ങളിലും ഫലങ്ങളിലും പ്രവേശിക്കുന്നു; അവ ആ ആകൃതികളിൽ പുനഃസ്വരൂപമെടുക്കുന്നു. നിങ്ങളുടെ ദേഹത്തിൽനിന്നു പുറപ്പെട്ട അതേ വസ്തുക്കൾ സസ്യങ്ങളും ഫലങ്ങളുമായി രൂപാന്തരം പ്രാപിച്ചുവരുമ്പോൾ നിങ്ങളുടെ സഹോദരന്മാർ അവ ഭക്ഷിച്ചു് അവരുടെദേഹത്തിൽ ആകുന്നു. ഒരിക്കൽ നിങ്ങളുടെ ശരീരമായിരുന്നതു് വേറൊരു ക്ഷണത്തിൽ അവരുടെ ദേഹമായിത്തീരുന്നു. ഒരുഭൂതക്കണ്ണാടിമുഖേന നാം നമ്മുടെ ദേഹത്തുനോക്കുമ്പോൾ ശരീരത്തിൽനിന്നു സജീവ

മായ അണുക്കൾ സദാ ബഹിർഗ്ഗമിക്കുന്നതു കാണപ്പെടുന്നു. വളരെ ചെറിയ സജീവാണുക്കൾ ശരീരത്തിൽനിന്നു പുറത്തേയ്ക്കുപോകുന്നു. അവ പോകുകമാത്രമല്ലാ, അതുപോലെ മററു അണുക്കൾ ശരീരത്തിനകത്തേയ്ക്കും കയറുന്നു. ചിലതു പുറത്തേയ്ക്കും മററുചിലതു അകത്തേയ്ക്കും സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകത്തിൽ ഒരു അനുസ്യൂതമായ കൈമാററം, വെച്ചുമാററം, വ്യാപാരം നടന്നുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ദേഹത്തുനിന്നു പുറത്തുപോകുന്ന സജീവാണുക്കൾ അന്തരീക്ഷത്തിൽ പ്രസരിച്ച്, വേഗത്തിൽ, നിങ്ങളുടേതായിരുന്നതു്, കൂട്ടുകാരൻേറതായി ഭവിക്കുന്നു. നിങ്ങളുടെ ഭൗതികശരീരങ്ങൾ ഒക്കെ ഒന്നാണെന്നു സയൻസു തെളിയിക്കുന്നു. നിങ്ങൾ അതു് പക്ഷേ വിശ്വസിക്കുകയില്ല. ജീവത്തായ ആണവജന്തുക്കൾ സ്നേഹിതന്മാരുടെ ദേഹത്തുനിന്നു പുറപ്പെട്ടു് എൻെറ ദേഹത്തിൽ എങ്ങിനെ പ്രവേശിക്കാൻ സാധ്യമാകും? അതുപോലെ എൻെറ ദേഹത്തിലെ ജീവാണുക്കൾ സഹോദരദേഹങ്ങളിൽ എങ്ങിനെ പററിപ്പിടിക്കും? ഇതെങ്ങിനെ കഴിയും. നമുക്കു നോക്കാം.

മണം എങ്ങിനെ ഉണ്ടാകുന്നു. നാം മണക്കുന്ന സാധനങ്ങളിൽനിന്നു വളരെ ചെറുതായ ജീവാണുക്കൾ പുറപ്പെട്ടുവരുന്നതാണു് മണത്തിൻെറ ഹേതു എന്നു നിങ്ങൾക്കറിയാം. പുഷ്പങ്ങൾ ചെറിയ ജീവദംശങ്ങൾ ബഹിഷ്കരിക്കുന്നതിനാൽ സുരഭിലങ്ങളായിരിക്കുന്നു. ഇതു സയൻസു തെളിയിക്കുന്ന വസ്തുതയാണു്. ഇവിടെ നിങ്ങളുടെ ദേഹങ്ങളെല്ലാം മണക്കുന്നില്ലയോ? എന്നാൽ ഈ മണം അറിയാൻതക്കവിധം നിങ്ങളുടെ ഘ്രാണേന്ദ്രിയം അത്ര നിശിതമല്ലാതെയോ, കെല്പോ തരമോ ഇല്ലാതെയോ ഇരിക്കാം. നിങ്ങളുടെ ദേഹങ്ങൾക്കു മണമുണ്ടു്. ചിലപ്പോൾ സ്വയം നിങ്ങളതു മണക്കുന്നു. പട്ടികൾ നിങ്ങളെ മണത്തു മനസ്സിലാക്കും. ശരീരം മണക്കുന്നില്ലെങ്കിൽ പട്ടികൾ മണത്തെങ്ങിനെ നിങ്ങളെ തിരിച്ചറിയും? ദേഹത്തുനിന്നു പോകുന്ന മണമെല്ലാം തെളിയിക്കുന്നതു് ചെറിയ സജീവാണുക്കൾ അതിൽനിന്നു്, ശരീരംവിട്ടു പുറത്തുപോകുന്നു എന്നാണു്. ഈ ചെറിയ അണുക്കൾ നിങ്ങളുടെ ശരീരത്തിൽനിന്നു പോയി മററു ദേഹങ്ങളിൽ കയറുകയും, അവിടെനിന്നു വേറെ അണുക്കൾ നിങ്ങളുടെ ശരീരത്തിൽ പ്രവേശിക്കയും ചെയ്യുന്നു. അവിടെ നിങ്ങളെല്ലാം ഏകമാണു്.

ഹാ! നമുക്കെല്ലാവക്കും ഒരേ ശരീരമാണു്. ആ മണം ആസ്വദിക്കുക. ആ നോട്ടത്തിൽ നമുക്കെല്ലാം ഒരു ഭൗതികദേഹമേ ഉള്ളൂ.

ഒരു മനുഷ്യനു രോഗമാണു്; നിങ്ങൾ അവൻെറ അടുത്തു പോകുന്നു. അവൻെറ മുറിതന്നെ രോഗത്തിൻെറ മണം വിസർജ്ജിക്കുന്നു. ഒരു മനുഷ്യൻ സാംക്രമികരോഗബാധിതനാകുന്നു—കോളറാ, മസൂരി, അഥവാ പ്ലേഗ്. ജനങ്ങൾക്കു സംക്രമണം കിട്ടുന്നതെങ്ങിനെ? രോഗബാധിതരുടെ ദേഹത്തിൽനിന്നു നിങ്ങളുടെ ദേഹത്തിലേക്കു ചെറിയ അണുക്കൾ പ്രവേശിക്കുന്നതാണു് ഏകഹേതു. രോഗികളുടെ ദേഹാണുക്കൾ നമ്മുടെ ശരീരത്തിൽപററിപ്പിടിക്കുന്നു എന്നു ഇതുതെളിയിക്കുന്നില്ലേ? ഇങ്ങിനെ നമുക്കു രോഗപ്പകച്ച് ലഭിച്ചു് നാമും രോഗികളായിത്തീരുന്നു. ഒരു മനുഷ്യൻ ജലദോഷംകൊണ്ടു വലയുന്നു; അവനോടുകൂടിയുള്ള മറെറാരുവൻ, വളരെ സൂക്ഷ്മപ്രകൃതിക്കാരനാണെങ്കിൽ ജലദോഷത്തിനു അധീനനായി അവനും ആ രോഗം പിടിക്കും. ഒരു മനുഷ്യനു ക്ഷയരോഗമാണു്. മറെറാരുത്തനും ഈരോഗം പകരുന്നു. സജീവാണുക്കൾ രോഗിയുടെ ദേഹത്തുനിന്നു അവൻെറ ശരീരത്തിൽ കടക്കാതെ അതെങ്ങിനെ സാധിക്കും? നിങ്ങളെല്ലാം ഒന്നാണെന്നു് ഇതു തെളിയിക്കുന്നു. നമ്മുടെ ഭൌതികശരീരംപോലും ഒന്നാണു്. ആത്മാവിനെപ്പററി ഒന്നും പറയുന്നില്ല. ഇതിൽനിന്നും രാമൻ ഒരു വിസ്മയകരമായ തീരുമാനത്തിൽ എത്തിച്ചേരുന്നു. ഒരു മനുഷ്യനു രോഗമുണ്ടായാൽ അതിൻെറ പ്രധാനഅത്ഥം, അതുസംബന്ധിച്ച പ്രധാന ചുമതല എന്താണു്? അവൻ രോഗിയാണു്. അവൻ സ്വയംബുദ്ധിമുട്ടുന്നു—ഇതു ശരിയാണു്. എന്തുകൊണ്ടു്? അവൻെറ അജ്ഞാനംകൊണ്ടു്, ആ രോഗം നമുക്കു വരുത്തുന്നതുകൊണ്ടു്, അവൻ സ്വയംസങ്കടപ്പെടുന്നു. എന്നാൽ അവൻ തൻെറ സ്വന്തരോഗത്തിനു ലോകത്തോടെല്ലാം ഉത്തരവാദപ്പെട്ടിരിക്കുന്നു. അവൻ രോഗിയായിരുന്നുകൊണ്ടു് രോഗശരീരത്തിൽകൂടെ അറിയാതെ, രോഗാണുക്കളെ ലോകത്തിലേയ്ക്കു പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. എനിക്കു രോഗിയായിത്തീരാൻ കായ്യമില്ല; എനിക്കു് സ്വയം വേദനസഹിക്കേണ്ടിവരുമെന്ന കാരണംകൊണ്ടു മാത്രമല്ല; പിന്നെയോ, ഈ ദേഹത്തിലെ രോഗത്തിനു ഞാൻ പ്രപഞ്ചത്തോടു മുഴുവനും ഉത്തരവാദിയായിരിക്കുന്നതുകൊണ്ടുകൂടിയാണു്. നിങ്ങൾക്കു രോഗബാധിതനാകാൻ അവകാശമില്ല. നിങ്ങളുടെ രോഗംമൂലം നിങ്ങൾ ലോകത്തിനുമുഴുവനും ഉത്തരവാദം ചെയ്യേണ്ടതാണു്. നിങ്ങളുടെ രോഗശരീരം ലോകംമുഴുവനും രോഗബാധിതമാക്കുന്നു. മലമ്പനിബീജങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ ഓരോരുത്തരും സഗൌരവം ജാഗ്രതയുള്ളവരായിരിക്കണം. രോഗം ഒരു ശാരീരികരോഗം മാത്രമല്ലാ, ഒരു നൈതിക—സാന്മാർഗ്ഗിക—രോഗംകൂടെയാണു്. നിങ്ങളുടെ ദേഹം ബലിഷ്ഠവും, അരോഗവും

ആക്കിവെച്ചു പുലർത്തുവാൻ നിങ്ങൾ കരുതലുള്ളവരായിരിക്കണം. നിങ്ങൾ ഭക്ഷണപാനീയങ്ങൾ കഴിക്കുമ്പോൾ, ശ്രദ്ധിച്ചു ജാഗ്രതയോടിരിക്കണം. നിങ്ങളുടെ സ്വന്തം ശരീരത്തിന്റെ—വ്യക്തിപരദേഹത്തിന്റെ സുഖത്തിനു മാത്രമല്ലാ, ലോകത്തിന്റെ മുഴുവനും നന്മയ്ക്കായിട്ടുതന്നെ, നിങ്ങൾ അധികം ഭക്ഷിക്കരുതു്, അധികം കുടിക്കരുതു്. വളരെ സൂക്ഷിച്ചിരിക്കണം.

ശരി; വീണ്ടും, അരോഗികൾക്കു രോഗികളോടുള്ള ചുമതലയെന്താണു്? അവർ രോഗികളെ പരിചരിക്കണം, രോഗം ഭേദമാക്കണം. ഒരു സൌജന്യമോ സഹായമോ ചെയ്യുകയോ, അനുഗ്രഹം കൊടുക്കുകയോ ചെയ്യുന്നു എന്ന കാരണംകൊണ്ടോ? അല്ലാ; ലോകത്തിനു മുഴുവനും, തനിക്കുതന്നെയും വേണ്ടിയാണു് അങ്ങനെ ചെയ്യേണ്ടതു്. ലോകനന്മയ്ക്കുവേണ്ടി, മനുഷ്യത്വത്തിനും സത്യത്തിനുംവേണ്ടി, സാർവ്വജനീന സാഹോദര്യത്തിനുവേണ്ടി, നിങ്ങളുടെ സ്വന്തഗുണത്തിനുവേണ്ടി, നിങ്ങൾ രോഗികളെ ശുശ്രൂഷിച്ചു്, രോഗം ഇല്ലായ്മചെയ്യണം. അതു ദീനക്കാരോടുള്ള വെറും ഔദാര്യമോ, അനുകമ്പയോ കൊണ്ടല്ലാ, മനുഷ്യവംശത്തോടുള്ള കടമ നിർവ്വഹിക്കുകയെന്ന നിലയിൽ നിങ്ങൾ രോഗികളെ പരിചരിച്ചു സുഖപ്പെടുത്തേണ്ടതാണു്. പ്രത്യേകം പ്രത്യേകമാണെന്നു തോന്നുന്ന നമ്മുടെ ഭൌതികശരീരങ്ങൾ പരസ്പരം, ഒന്നിനുവേണ്ടി മററൊന്നു, കഷ്ടപ്പെടുന്നു എന്നു അപ്പോൾ നിങ്ങൾ കാണുന്നു. ഭൌതികമണ്ഡലത്തിൽ നാം സഹോദരങ്ങളാണു്; പൊതുരക്തവും, പൊതുമാംസവും എന്ന പരിപാവനമായ ബന്ധങ്ങളാൽ സംയോജിക്കപ്പെട്ടവരാണു്. ഓരോ ഏഴുവർഷങ്ങൾക്കുശേഷവും മനുഷ്യശരീരം സമ്പൂർണ്ണമായി മാറിവരുന്നു എന്നു ഡോക്ടർമാർ സ്പഷ്ടമാക്കുന്നു. ശരീരഘടനയിലെ ഓരോ അണുവും, പുതിയ അണുവിനാൽ മാററപ്പെടുന്നു. സദാ മാറിക്കൊണ്ടിരിക്കുന്ന ഈ അണുക്കളും, അനുസ്യൂതമാററങ്ങൾക്കു വിധേയമായിരിക്കുന്ന ശരീരങ്ങളും നമ്മുടെ പ്രത്യേകമാണെന്നു പരിഗണിക്കാൻ നമുക്കവകാശമില്ലെന്നുള്ളതും ഇതു നമ്മോടു പറയുന്നു. ഇതെന്റെ ദേഹമെന്നും, അതു നിന്റെ ദേഹമെന്നും പറയാൻ എനിക്കവകാശമില്ല. ഈ ശരീരം പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്നു. എന്റേതെന്നു ഞാൻ പറയുന്നതു് അവിടെ ഇരിക്കുന്നില്ല. എന്റേതെന്നു ഞാൻ പറയുന്നതു് എന്താണു്? ഏഴുകൊല്ലം മുമ്പു്, രാമന്റെ ശരീരമായി ഇപ്പോൾ കാണപ്പെടുന്നതു്, വേറെ ആരുടെയോ ശരീരമായിരുന്നു. പതിന്നാലുവർഷംമുമ്പു് രാമന്റെ ശരീരമായിരുന്നതു് ഇപ്പോൾ ആരുടേതാണു്? ബഹുമനുഷ്യരുടേതു്. അതിനാൽ നിങ്ങളുടേതെന്നു

നിങ്ങൾ വിളിക്കുന്ന ഈ ദേഹം ഓരോരുത്തന്റേയും, എല്ലാവരുടെയും ആണ്. അതു ധ്യാനിക്കുക. ഭൌതികതലത്തിൽപോലും നിങ്ങളെല്ലാം ഒന്നാണ്.

നമുക്കിനി മാനസികമണ്ഡലത്തിലേയ്ക്കു കടക്കാം. നിങ്ങളുടെ മുടിവളരുന്നു, രക്തം ധമനികളിൽ സഞ്ചരിക്കുന്നു; നോട്ടുചെയ്യുക. രോമം വളർത്തുന്നതെന്താണ്? നിങ്ങളുടെ കൂട്ടുകാരുടെ രോമം വളർത്തുന്ന അതേ ശക്തിതന്നെയല്ലയോ അതു്? ഏതെങ്കിലും ഭേദം നിങ്ങൾക്കു കണ്ടുപിടിക്കാമോ? ധമനികളിൽ രക്തസഞ്ചാരം ചെയ്യിക്കുന്നതെന്താണ്? എല്ലാവരിലും രക്തം സഞ്ചരിപ്പിക്കുന്ന അതേ ശക്തിതന്നെയല്ലയോ അതു്? നിങ്ങളുടെ ആമാശയത്തിലും പക്വാശയത്തിലുംകൂടി ഭക്ഷണം ദഹിപ്പിക്കുന്നതു എന്തു്? എല്ലാവരുടെയും ജഠരത്തിൽ ഭക്ഷണം ദഹിപ്പിക്കുന്ന ശക്തിതന്നെയല്ലയോ അതു്? അതെല്ലാം ഒരേ ഒരു ശക്തിതന്നെയല്ലയോ? ഈ സത്യം നിങ്ങളുടെ മനസ്സിൻമുമ്പിൽ വെയ്ക്കുക! ഒരു നിമിഷനേരം അതു ഭാവനചെയ്യുക ഹാ! അത്ഭുതാത്ഭുതം! 'ഞാൻ' എന്താണ്? രോമം വളർത്തുകയും, രക്തം ഓടിക്കയും, ആഹാരം ദഹിപ്പിക്കയും ചെയ്യുന്ന ശക്തിതന്നെയല്ലയോ 'ഞാൻ'? ഞാനതേ ശക്തിയാണെങ്കിൽ ഞാൻ അവിഭാജ്യമായ ഒന്നാണ്; എല്ലാവരുടെയും ശരീരത്തിൽ സന്നിഹിതനാണ്. ഞാൻ അഖണ്ഡനും, അവർണ്ണനീയനും, അനശ്വരനും ആയി സകല ശരീരങ്ങളെയും നിയന്ത്രിച്ചു ഭരിക്കുന്ന ശക്തിയുടെ ഉടമസ്ഥനാണ്; ആ ശക്തിയാണ്, അതു സദയം സങ്കല്പിക്കുക. ഇതാണ് മാനസികതലത്തിലെ സ്ഥിതി. നിങ്ങളെല്ലാം ഒന്നാണ്; നിങ്ങളൊക്കെ ഏകമാണ്; ദയവായിട്ട് ഇതു ഭാവന ചെയ്യുക. നിങ്ങളുടേതെന്നു പറയുന്ന ഈ ശരീരം പട്ടിണി കിടക്കുമ്പോൾ എന്തിനു ഖേദിക്കുന്നു? സമ്പുഷ്ടമായ എല്ലാ ശരീരവും നിങ്ങളുടേതാണ്. രോഗബാധിതമാകുമ്പോൾ, നിങ്ങളുടേതെന്നു വിളിക്കപ്പെടുന്ന ഈ പ്രത്യേകശരീരം രോഗഗ്രസ്തമാകുമ്പോൾ, എന്തിനു പരിതാപവും അസുഖവുംതോന്നുന്നു? അരോഗശരീരങ്ങളെല്ലാം നിങ്ങൾതന്നെയാണ്. ഈസത്യം ചിന്തിക്കുക; അതു് അനുഭവപ്പെടുത്തുക. അന്യന്മാരോടു നിങ്ങൾക്കുള്ള കർത്തവ്യമെന്തു്? മററുള്ളവർ രോഗികളാകുമ്പോൾ അവരെ നിങ്ങളുടെ അടുത്തുകൊണ്ടുവരിക; ഈ ശരീരത്തിലെ വ്രണങ്ങൾ നിങ്ങൾ പരിചരിക്കുന്നതുപോലെ, ആ വ്രണങ്ങളും നിങ്ങളുടേതെന്നപോലെ ശുശ്രൂഷിക്കുക. അന്യരെ ഉയർത്തുന്നതാണ് അവരോടു നിങ്ങൾക്കുള്ള കടമ, അവർക്കുവേണ്ടി വിചാരിക്കുക; അവരോടു സഹതപിക്കുക.

എന്നാൽ എല്ലാ പരിതഃസ്ഥിതികളിലും ആഹ്ലാദവും, ഉത്സാഹവും തോന്നേണ്ടതു് നിങ്ങളുടെ സ്വന്തദേഹത്തോടുപോലും ഉള്ള കടമയാണു്. സകലവ്യാകുലതയും, ഉൽക്കണ്ഠയും ഉപേക്ഷിക്കുക.

നാമിനി മനഃശാസ്ത്രപരമായ—വികാരപരമായ—മണ്ഡലത്തിലേയ്ക്കു പ്രവേശിക്കുന്നു. ഈ തട്ടിലും നിങ്ങളെല്ലാം ഒന്നാണു്. മനഃക്ഷോഭപരമായ മണ്ഡലത്തിലും നിങ്ങളൊക്കെയും ഒന്നുതന്നെയാണു്. ഇതു് ഒരു് പരമാത്ഥമത്രെ; തനിവസ്തുതയാണു്; അതു ഭാവനചെയ്യുക. ഭംഗിയായി സംവിധാനംചെയ്യപ്പെട്ട ഒരു സംഗീതയന്ത്രം ഉണ്ടെന്നിരിക്കട്ടെ; ശരിയായും ക്രമമായും തയ്യാറാക്കിയതു്. അതിനെതിരെ കമ്പികൾ ഉള്ള വേറൊരു സംഗീതയന്ത്രവും വെച്ചിരിക്കുന്നു. രണ്ടും ഒരേ ക്രമത്തിൽ ഇണക്കിയതാണു്. നിങ്ങൾ ഒരു കമ്പിയിൽ തട്ടാൻതുടങ്ങുമ്പോൾ, എതിർയന്ത്രത്തിലും അതേ സ്വരത്തിൽ ഗാനം പുറപ്പെട്ടുതുടങ്ങുന്നു. നിങ്ങൾ ഒരു യന്ത്രത്തിൽ ശ്രുതിമുഴക്കുമ്പോൾ, തുല്യമായ ഒരു ശ്രുതി മററതിലും ഉണ്ടാകത്തക്കവണ്ണം അതും സ്പന്ദിക്കുന്നു. അതെന്തുകൊണ്ടാണു്? ഒരു യന്ത്രത്തിൽ ശബ്ദം ഉണ്ടാക്കുന്ന ചലനങ്ങൾ മറേറ യന്ത്രത്തിനു ചുററിലുംകൂടി പ്രതിദ്ധ്വനിക്കുന്നതുകൊണ്ടു്, നിങ്ങൾ എന്തോ ഒന്നു ഭാവനചെയ്യുന്നു; നിങ്ങളുടെ അയൽക്കാരനെയും ഉടനെ അതു സ്പശിക്കുന്നു, നാടകാഭിനയത്തിലും, നാട്യകലാലയങ്ങളിലും നടന്മാർ സകലവിധ ക്ഷോഭങ്ങളും അഭിനയിക്കുന്നു. അവ എല്ലാം ആത്മാത്ഥമല്ല; അവർ ഒരുപുറത്തു കരയുന്നു; മറുവശത്തു ചിരിക്കുന്നു. അവരുടെ വികാരനാട്യങ്ങൾ ആത്മാത്ഥമോ യഥാത്ഥമോ അല്ല. എന്നിട്ടും, ഏററവും നല്ല നടൻ കരയാൻതുടങ്ങുമ്പോൾ, ശ്രോതാക്കളും, കാണികളും കണ്ണുനീരൊലിപ്പിക്കത്തക്കവിധം ഇളകിപ്പോകുന്നതായി കാണപ്പെടുന്നു. അതെന്തുകൊണ്ടു്? ഒരു സംഗീതയന്ത്രത്തിൽ തട്ടുന്നു; നിങ്ങളുടെ ഹൃദയങ്ങളാകുന്ന സകല യന്ത്രങ്ങളും പെട്ടെന്നു വികാരാവിഷ്ടങ്ങളാകുന്നു. നിങ്ങൾക്കെല്ലാം ഒരേ ഹൃദയമില്ലാത്തപക്ഷം ഇതു സാധ്യമല്ലാ. നിങ്ങളുടെ ഹൃദയങ്ങളും, വികാരങ്ങളും, ക്ഷോഭങ്ങളും, മനുഷ്യരുടെ മാനസികചൈതന്യങ്ങളും പരസ്പരം സാഹോദര്യത്തിൽ ബന്ധിക്കപ്പെടാതെ—ഒന്നായിട്ടിരിക്കാതെ—ഇതു സംഭവ്യമല്ല. തരംഗങ്ങൾ അന്യോന്യം സംബന്ധപ്പെട്ടിരിക്കുന്നതുപോലെതന്നെ, നിങ്ങളുടെ ഹൃദയങ്ങളും സംബന്ധപ്പെട്ടിരിക്കാത്തപക്ഷം, ഒരേ സമുദ്രത്തിലെ അലകളും, ഓളങ്ങളുമല്ലാ നിങ്ങളുടെ ഹൃദയങ്ങൾ എങ്കിൽ ഈ സഹാനുഭൂതി വികാരങ്ങൾ അസാധ്യമാണു്. ഒരു സാധനം വേറൊന്നിൽ പ്രവത്തിക്കണമെങ്കിൽ, അവയ്ക്കു തമ്മിൽ തുടച്ചയായ

അവിച്ഛിന്നത വേണമെന്നു സയൻസ്സ പ്രഖ്യാപിക്കുന്നു. അപരിച്ഛിന്നതാനിയമത്തിനു (Law of Continuity) എതിരായി ശക്തി പ്രവൎത്തിക്കുകയില്ല. ഗുരുത്വവും, ഉറപ്പും, കട്ടിയും ഉള്ള ഒരു മേശയോ, ഡസ്കോ നോക്കുക. അതിൻെറ ഒററം ഇളക്കുക; മുഴുവനും ഇളകുന്നു. എന്തെന്നാൽ ഈ ഒററം മററു ഭാഗങ്ങളുമായി ദൃഢമായിട്ടു ബന്ധിക്കപ്പെട്ടിരിക്കുന്നു. എല്ലാ ശക്തിയും പ്രവൎത്തിക്കണമെങ്കിൽ അപരിച്ഛിന്നമായിത്തന്നെ ഇരുന്നു പ്രവൎത്തിക്കണം. ഇവിടെ ഒരു മനുഷ്യൻെറ ക്ഷോഭം മറെറാരുവനിലേയ്ക്കു പകരുന്നു. ഒരുത്തൻെറ ഹൃദയവും മററവൻെറ ഹൃദയവും അവിച്ഛിന്നമായ ഒരു മദ്ധ്യവൎത്തി (Medium) യിൽക്കൂടി സംബന്ധപ്പെടാതെയിരുന്നാൽ, ഇതു അസാദ്ധ്യമാണു്. ഇങ്ങിനെ നിങ്ങളുടെ ഹൃദയങ്ങളെല്ലാം തുടൎച്ചയായും, ദൃഢമായും ബദ്ധമാകാതിരുന്നാൽ ഒരു മനുഷ്യൻെറ വികാരങ്ങൾ മറെറാരുവനിലേയ്ക്കു സംക്രമിക്കുന്നതല്ല. ഇതൊരു നിഷ്കൃഷ്ടപരമാൎത്ഥമാണു്. ഒരു മനുഷ്യൻെറ മനഃക്ഷോഭങ്ങൾ മററു മനുഷ്യരിലേയ്ക്കു കടക്കുന്നുവെന്ന വസ്തുതകൊണ്ടു്, എല്ലാവരുടെയും ഹൃദയങ്ങൾ പരസ്പരസ്പൃഷ്ടങ്ങളാണെന്നും, ഒരേ ശരീരംപോലെ ചിന്തയ്ക്കും വികാരത്തിനും ജനഹൃദയങ്ങൾ തമ്മിൽ ഐക്യമുണ്ടെന്നു തീൎച്ചയാക്കാൻ നിങ്ങൾ നിർബന്ധിതരാണെന്നും കാണുന്നില്ലയോ? പ്രസംഗസമയം രാമൻ ചിരിക്കുമ്പോൾ സകലരും ചിരിക്കുന്നതായി പലപ്പോഴും കാണപ്പെട്ടിട്ടുണ്ടു്. ഒരുവൻ കരയുമ്പോൾ മററു മനുഷ്യരുടെ ഹൃദയം ഉരുകി ദയാപൂൎണ്ണമാകുന്നതും തീരെ അപൂൎവ്വമല്ല. ഇതാ ഒരു മനുഷ്യൻ പാടുന്നു! ചുററുമുള്ള ജനങ്ങളും ആ ചലനങ്ങൾ ആസ്വദിക്കുന്നു. ഒരുത്തൻ പാടുമ്പോൾ മററുള്ളവരും കൂടെ പാടുന്നതായി രാമൻ കണ്ടിട്ടുണ്ടു്. അതൊരു വാസ്തവമാണു് നിങ്ങളുടെ ഹൃദയങ്ങളും വികാരങ്ങളും ഒന്നല്ലാതിരുന്നാൽ ഇതെങ്ങിനെ ശരിയാകും? ദയവായിട്ടിതു വീക്ഷിക്കുക. നാമെങ്ങിനെ കാൎയ്യങ്ങൾ പഠിക്കുന്നു? നാം സ്നേഹിതന്മാരോടു— അന്യന്മാരോടു—അതുകൾ പഠിക്കുന്നു. വാദ്ധ്യാൎക്കും ശിഷ്യനും ഒരേ ഹൃദയമുണ്ടാകാതെ വാദ്ധ്യാരെങ്ങിനെ ശിഷ്യനെ പഠിപ്പിക്കും? മാനസികമണ്ഡലത്തിൽ സാഹോദൎയ്യമില്ലാതെ എങ്ങിനെ ശിക്ഷണംനടക്കും? നേരിട്ടു മറെറാരു ഹൃദയവുമായി സമ്പൎക്കംചെയ്യുന്ന ഒരു ഹൃദയം ഇവിടെയുണ്ടു്; ഗുരുവിൻെറ ജ്ഞാനം ശിഷ്യൻെറ ജ്ഞാനമായി ഭവിക്കുന്നു. രണ്ടു ഹൃദയങ്ങളും നേരെ ഘടിപ്പിക്കപ്പെടാതെ അതെങ്ങിനെ സാധിക്കും? നിങ്ങൾ ആത്മാൎത്ഥമായി ദൂരസ്ഥനായ ഒരു സ്നേഹിതനോടു സഹാനുഭൂതി ഹൃദയത്തിൽവഹിക്കയും, സ്നേഹം, ദയ, സൗജന്യം മുതലായ അഭിനന്ദനവികാരങ്ങൾ അവൻെറനേരെ പ്രസരിപ്പിക്കയും ചെയ്യുന്നസമയം, അനേകായിരം

മൈൽ ദൂരത്തായാലും, അവൻ ഈ ഹൃദയചലനങ്ങൾ നിശ്ചയമായും സ്വീകരിച്ച് ആസ്വദിക്കുന്നത് ഒരു അനുഭവവസ്തുവായാണെന്നു നിങ്ങൾക്കറിയാമല്ലോ. ഈ വസ്തുതയുടെ പരമാർത്ഥാവസ്ഥ രാമൻ പരീക്ഷിച്ചിട്ടുണ്ട്; പ്രതിദിവസം പരീക്ഷിക്കുന്നുമുണ്ട്. ആയിരം ആയിരം മൈൽകണക്കിനുള്ള ദൂരം ഒരു വ്യത്യാസവു വരുത്തുന്നില്ല. നിങ്ങളുടെ ഹൃദയങ്ങളെല്ലാം ഒരേതട്ടിൽ ഒന്നായി നില്ക്കുന്നതായും, ബലമായി ബന്ധിക്കപ്പെട്ടിരിക്കുന്നതായും, കേവലം ഒന്നുതന്നെയാണെന്നും, ഇതു തെളിയിക്കുന്നു. ഇല്ലയോ? ഹൃദയമണ്ഡലത്തിൽ നിങ്ങളെല്ലാം സഹോദരന്മാരാണ്.

ഈ ലോകത്തിൽ കുററവാളികളും അപരാധികളും എങ്ങിനെ സൃഷ്ടിക്കപ്പെടുന്നു? ഒരു മനുഷ്യൻവന്നു നിങ്ങളുടെ ഹൃദയത്തിനെ വേദനിപ്പിക്കുന്നു; എന്നാൽ നിങ്ങൾക്കവനെ എതിക്കാൻ പാടില്ലാത്തവിധം അവൻ ബലവാനും, ശക്തനുമാണ്. നിങ്ങൾ അവന് എതിരായി ഒരു ദ്വേഷവിചാരം പ്രയോഗിക്കുന്നു. പക്ഷേ ആ വിചാരം നടപ്പിൽവരുത്താൻ നിങ്ങൾക്കു കെല്പില്ല. ആ അക്രമി വീണ്ടും മറെറാരു സാധുവിൻെറ വികാരങ്ങളും മനസ്സും ക്ഷതപ്പെടുത്തുന്നു; ഈ രണ്ടാമനും അതു രസിക്കുന്നില്ല. അയാളും ദുഷ്ടചിന്തകൾ പുറപ്പെടുവിക്കുന്നു. പക്ഷേ അവനും തനിയെ ഈ ചിന്തകളെ നടപ്പിൽവരുത്താൻ ശക്തിയില്ല: ആ ദുഷ്ടൻ മൂന്നാമതും ഒരുത്തനോടു അക്രമംചെയ്തു ഹൃദയക്ലേശം കൈവരുത്തുന്നു. ഈ മൂന്നാമനും പാവമാണ്. നേരിട്ട് ആ അക്രമിയോടു മല്പിട്ടു ദ്രോഹമേല്പിക്കാൻ സമർത്ഥനല്ല. ഇങ്ങിനെതുടങ്ങി ഇരുപതു, മുപ്പതു, നൂറു പേർ ആ ഒരു ദുഷ്ടൻകാരണം സങ്കടമനുഭവിക്കുന്നു. ഒടുക്കം ഒരു സമയം വരുമ്പോൾ, ഈ അക്രമി വളരെവളരെ ശക്തിമാനും ഗംഭീരനും തന്നോടു തുല്യനും ആയ ഒരാളെ സമീപിക്കുന്നു. അയാൾക്കു നിസ്സാരമായ ഒരു ദ്രോഹം അവൻ വരുത്തിവെയ്ക്കുന്നു. അതു കൊണ്ടു അയാൾ കഠിനമായി കോപിച്ച്, ദ്രോഹത്തിൻെ ലാഘവം ലവലേശം ചിന്തിക്കാൻ നിവൃത്തിയില്ലാത്തവിധം ക്രോധപരവശനായിത്തീരുന്നു. കുററം ചെറുതോ വലുതോ എന്നു അയാൾ ആലോചിക്കുന്നതേ ഇല്ല. അയാൾ ചാടിഎഴുന്നേററു ഒരു തോക്കെടുത്ത് ആ ദുഷ്ടനെ ചുട്ടുകളയുന്നു. അവിടെ ആദ്യദുഷ്ടൻ വെടിവെക്കപ്പെട്ടു: ഈ രണ്ടാമനെ പോലീസുകാർ മനുഷ്യഹത്യയുടെ കുററം ചെയ്ത ഒരു അപരാധിയാക്കി പിടികൂടുന്നു. അവൻ കോടതിയിൽ ആനയിക്കപ്പെടുന്നു. മജിസ്ട്രേട്ടു കുററവിചാരണ ചെയ്യുന്നു. അവനു കിട്ടിയ ഉപദ്രവവും അതുമൂലം അവനുണ്ടായ കോപവും, അവൻ ചെയ്ത പ്രതിക്രിയയും തമ്മിൽ യാതൊരു സാമ്യവും ഇല്ലാതെയും,

ക്രോധം ക്രമാതീതമായും ഇരുന്നുവെന്നു കാണുന്നു. ഉപദ്രവം തീരെ നിസ്സാരം; പക്ഷേ അതുകൊണ്ടുണ്ടായ കോപം ഭയങ്കരം. മജിസ്ട്രേട്ടു ആശ്ചര്യപ്പെടുന്നു. ന്യൂസ്പേപ്പർകളിൽ ഇതു പ്രസിദ്ധീകരിക്കപ്പെടുന്നു. ഇതാ! ഒരു വലിയ ക്രോധശാലി! വലിയ അക്രമി. ഒരു ചെറു ദ്രോഹത്തിനു പകരം അവൻ ക്രുദ്ധിച്ചു കഠിനമായ പ്രതിക്രിയ ചെയ്തു; മനുഷ്യനെ കൊന്നുകളഞ്ഞു. പ്രതിദിവസം ഇത്തരം കൃത്യങ്ങൾ നടക്കുന്നില്ലേ? ഇത്ര ചെറിയ ഒരു അപരാധം ഇത്രവലിയ കുററത്തിനു എങ്ങിനെ കാരണമായി എന്നു മജിസ്ട്രേട്ടിനോ പത്രക്കാൎക്കോ വിവരിക്കാൻ സാധ്യമല്ല.

വേദാന്തം പക്ഷേ അതു വിവരിച്ചുതരുന്നുണ്ടു്. മാനസികലോകത്തിൽ ഒരു കൂട്ടുകമ്പനി ഉണ്ടാകുന്നു എന്നു വേദാന്തം പറയുന്നു. കൂട്ടുകമ്പനിക്കു വളരെ ഓഹരിക്കാരും, മാനേജരായിട്ടു ഒരാളും ഉണ്ടെന്നു വരുന്നു. അങ്ങിനെ ആ ആദ്യദുഷ്ടൻ നിങ്ങളുടെ ഹൃദയത്തിൽ കുത്തിയപ്പോൾ ആ മനുഷ്യനെതിരായി നിങ്ങൾ ദ്വേഷത്തിൻെറയും, പ്രതിക്രിയാബുദ്ധിയുടെയും ചിന്തകൾ ഉല്പാദിപ്പിച്ചയച്ചിരുന്നു. നിങ്ങൾ നിങ്ങളുടെ പങ്കു ഓഹരി ക്രോധം അവനെതിരായി പ്രസരിപ്പിച്ചു. രണ്ടാമനെ അവൻ നിന്ദിച്ചപ്പോൾ അയാളും തൻെറ ഓഹരികൊടുത്തു. മൂന്നാമനും, നാലാമനും ഇങ്ങിനെ ഓരോരുത്തരും അവരവരുടെ ഓഹരിദ്വേഷവിചാരം കൊടുത്തു. ഇതെല്ലാം കൂട്ടിച്ചേർത്താൽ ജോലി ആരംഭിക്കാമെന്ന നില വന്നു. മതിയാവോളം ഓഹരി പിരിഞ്ഞതിനുശേഷം അവിടെ ഒരു മാനേജർ ഉണ്ടായി. നല്ല കെല്പും ബലവും ഉള്ളവൻ! ഇയ്യാൾക്കു അല്പം കേട്ടുതട്ടിയപ്പോൾ ആദ്ധ്യാത്മികാകൎഷണത്തിൻെറ (Spiritual Affinity) ഒരു നിയമപ്രകാരം ഒന്നാമനും, രണ്ടാമനും, നാലാമനും, ഇരുപതാമനും, നൂറാമനും എല്ലാരും കൊടുത്ത ഓഹരികൾ—സകലരും കൊടുത്ത പങ്കുകൾ കൈക്കൂടിച്ചേർത്തു് കനത്ത ക്രോധമായി മാനേജരുടെ പക്കൽ എത്തി മാനേജർ ആകൎഷിക്കപ്പെട്ടു. അവനിൽ അതെല്ലാം ചെന്നു കേന്ദ്രീഭവിച്ചു. അതിൻെറ പ്രേരണകൊണ്ടു് അവൻ കൊലപാതകംചെയ്കയും, ആദ്യഅപരാധിയെ വെടിവെച്ചുകൊല്ലാനിടയാകയും, താൻ സ്വയം സൎക്കാർ കണ്ണിൽ കുററവാളിയായിത്തീരുകയുംചെയ്തു. ഗവൎമ്മെൻറു ഈ മാനേജരെ മാത്രമേ ശിക്ഷിക്കുന്നുള്ളു. എന്നാൽ ഈശ്വരദൃഷ്ടിയിൽ, അഥവാ സത്യത്തിൻെറ—ദിവ്യതത്തിൻെറ—നോട്ടത്തിൽ, നിങ്ങളെല്ലാവരും കൊലപാതകത്തിൻെറ പങ്കുകാററും, മനുഷ്യഹന്താക്കളുമാണു്. നിങ്ങളും കൊലപ്പുള്ളികളാണു്. കൊലപാതകം പ്രത്യക്ഷമായി ചെയ്തവനെ കുററപ്പെടുത്തുംപോലെതന്നെ, ദ്വേഷ

വിചാരങ്ങളും വിരോധവും തള്ളിയയച്ച നിങ്ങളും മററ് എല്ലാവരും കുററക്കാരാണ്. അതിനാൽ കൊലചെയ്യാതിരുന്നാൽമാത്രം പോരാ, ദ്വേഷവിചാരം പുറപ്പെടുവിക്കാതെയിരിക്കയുംകൂടിവേണം എന്നു ക്രിസ്തു പറയുന്നു. യഥാർത്ഥമായി കൊലചെയ്യുന്നവനെ പോലെതന്നെ, കൂട്ടുകാരനെ വെറുക്കുന്നവനും അത്രയ്ക്കു കൊലപാതകിയാണ്. എന്തുകൊണ്ട്? നരഹത്യചെയ്യുന്നവർ പലപ്പോഴും അവക്കു കിട്ടിയ ഉപദ്രവത്തിനു് എത്രയോ മടങ്ങു് അധികം ക്രോധാവേശത്തിൽ പെടാൻ കാരണമെന്തെന്നു ഇതു തെളിയിക്കുന്നു. ആദ്യദ്രോഹം വളരെ ലഘുവായിരുന്നു. എന്നാൽ അതുമൂലമുണ്ടായ കോപാകുലതയും ആവേശവും വളരെ വലുതായിപ്പോയി. അവിടെ ആ കൊലപാതകിയുടെ വ്യക്തിപരമായ ക്രോധം മാത്രമല്ലാ ഇളകിയതു്; നിങ്ങളുടെയും സഹോദരന്മാരുടെയും എല്ലാം ക്രോധവുംകൂടി അയാളിൽ സമാഗമിച്ചു് അവനെ പിടികൂടി; അവൻ ഭ്രാന്തനായി ഭവിച്ചു. അല്പാല്പം ദ്രോഹം അനുഭവിച്ചവർ ആദ്യ അപരാധിക്കെതിരായി അഴിച്ചുവിട്ട ക്രോധശകലങ്ങളെല്ലാംവന്നു അയാളെ പിടികൂടി, ഒരു മനുഷ്യനെ ഭൂതമോ, ബാധയോ ആവേശിക്കുന്നു എന്നു പറയുംപോലെ, അവൻെറ ഒരു സഹോദരമനുഷ്യനോടു കോപാക്രാന്തനും ഭ്രാന്തനുമായി, ആ ആവേശംകൊണ്ടു് ഇളകിമതിമറന്നു് മരണകരമായ വെടി—പ്രഹരം—കൊടുത്തതാണു്. അവനോടുചെയ്യപ്പെട്ട ചെറുദ്രോഹത്തിനു ഇത്രവലിയ കോപാവേശം വരാനെന്തെന്നു ജനങ്ങൾ അത്ഭുതപ്പെടാനിടയായി. ഇങ്ങിനെയാണു് കൊലപാതകികൾ ഉണ്ടാകുന്നതു്.

ലോകത്തിലെ ചരിത്രം വായിച്ചുനോക്കുക. ഒരു സ്വേച്ഛാധികാരപ്രമത്തൻെറ അതികക്ക്ശഭരണത്തിനുശേഷം, ജനങ്ങൾ പാമരന്മാരെയെല്ലാം അടക്കിവെച്ച കാര്യങ്ങളെല്ലാം നിഷ്ഠുരമായും ക്രൂരമായും നടത്താൻ കെല്പുള്ള ഒരു മനുഷ്യനെ ആവശ്യപ്പെടുന്നതായി നിങ്ങൾ കാണും. ഓരോരുത്തനും സാമാന്യജനങ്ങളെ അടക്കാൻ ആവശ്യപ്പെടുന്നു; എന്നാൽ ആക്കും അതിനു ശക്തിയുണ്ടാകുന്നില്ല. ഇങ്ങിനെ ഓരോരുത്തൻേറയും ഇച്ഛ വിപ്ലവകാരികളെയെല്ലാം അമത്താൻ കെല്പുള്ള ഒരു മനുഷ്യനെ അന്വേഷിച്ചുവരുന്നു. അപ്പോൾ ഒരു × നെപ്പോളിയൻെറയോ മററോ ശരീരാകൃതിയോടുകൂടി ഒരാൾ ഉത്ഭവിക്കയുംചെയ്യുന്നു. കാലം ആവശ്യപ്പെടുമ്പോൾ നെപ്പോളിയൻ വരുന്നു. അദ്ദേഹത്തിനു ലക്ഷംജനങ്ങളുടെ ശക്തിയും ഉണ്ടാ

---

× ഫ്രാൻസിലെ വിപ്ലവനായകൻ.

നോട്ട്:—ഹിന്ദുക്കളുടെ ഈശ്വരാവതാരങ്ങളുടെ തത്വങ്ങളും ഈ പ്രസംഗം പ്രകടമാക്കുന്നുവെന്നു കാണുക—വിവത്തകൻ.

കുന്നു. വീരശ്രേഷ്ഠന്മാർ ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ശക്തി എങ്ങിനെ ലഭിക്കുന്നു? നെപ്പോളിയനെ പിടിക്കാൻ വലിയ ഒരു സൈന്യംതന്നെചെന്നു. അദ്ദേഹം തനിയേ അതിനെ നേരിട്ടു. "നിങ്ങൾ പിരിഞ്ഞുപോകുവിൻ" എന്നദ്ദേഹം പറഞ്ഞു. അവർ നിന്നുപോയി! തന്നെ പിടിക്കാൻവന്ന അനേകായിരം ജനങ്ങളെ ഒരൊററമനുഷ്യൻ മൂകരാക്കി നിത്തുന്നു! അത്തരം സംഭവങ്ങൾ കേൾക്കുമ്പോൾ നാം ആശ്ചയ്യപ്പെടുന്നു. വേദാന്തം ഇതിനു സമാധാനം പറയുന്നു. "യഥാത്ഥത്തിൽ ശക്തി—സഹസ്രജനങ്ങളുടെ ചിന്തകൾ—ആ ഒരു മനുഷ്യനിൽ ചെന്നുകൂടുന്നു; വാസ്തവത്തിൽ സഹസ്രങ്ങളുടെ വിചാരങ്ങൾ ആ മനുഷ്യനിലുണ്ടു്" എന്നു വേദാന്തം പറയുന്നു. അതിനാൽ നെപ്പോളിയനോ, മറേറതു യുദ്ധവീരനോ, സ്വാത്മാഭ്യുദയചിന്തകൾ വഹിക്കാൻ അവകാശമില്ല. വീരാഗ്രേസരൻ! നിങ്ങൾക്ക പത്തുലക്ഷം ജനങ്ങളുടെ ശക്തിയുണ്ടെങ്കിൽ നിങ്ങൾ പത്തുലക്ഷങ്ങളാണു്. നിങ്ങളുടെ ശരീരത്തിൽ പ്രവത്തിക്കുന്നതു പത്തുലക്ഷങ്ങളുടെ ചിന്തകളാണു്. നിങ്ങളുടെ പ്രത്യേകം അവതരിച്ച, പ്രത്യേകം വളത്തപ്പെട്ട ദിവ്യപുരുഷൻ—മഹാത്മാ—മഹാനുഭാവൻ എവിടെ? അവനിൽതന്നെ പ്രവത്തിക്കുന്നതു് ലക്ഷങ്ങളാണു്. വീണ്ടും നിങ്ങളിതാ! ഷേക്സ്പീയറെ—ദിവ്യനാടക കത്താവിനെ—കാണുന്നു. അക്കാലങ്ങളിലാണു് അവക്കു് ഒരു ഷേക്സ്പീയറെ വേണ്ടിയിരുന്നതു്. അപ്പോൾ ഷേക്സ്പീയർ ഉണ്ടായി. അന്നു നാടകഭ്രാന്തുള്ള കാലമായിരുന്നു. അക്കാലം സകലക്കും നാടകംകാണ്മാൻ വലിയ ആത്തിയുമുണ്ടായിരുന്നു അന്നു നാടകകത്താക്കളെയും നാടകങ്ങളെയും ആവശ്യമുണ്ടായിരുന്ന ഒരു കാലമായിരുന്നു. ജനങ്ങൾ അവരെ ആവശ്യപ്പെട്ടിരുന്നു. ജനങ്ങളുടെ ഹൃദയങ്ങളും ചിന്തകളും ആണു് ഷേക്സ്പീയരായിട്ടു് അവതരിച്ചതു്. ഷേക്സ്പീയർ അല്ലെങ്കിൽ മറെറാരു മഹാൻ തനിയേ അവതരിക്കുന്നില്ലെന്നു നിങ്ങൾ കാണുന്നു. ഷേക്സ്പീയരോടുകൂടി അണിപിടിച്ചു് ഒരു സംഘം കെങ്കേമന്മാർ—പ്രതിഭാശാലികളും തത്വജ്ഞാനികളും—നമുക്കുണ്ടു് — മാർലെ, ബൂമണ്ടു്, ഫ്ളെച്ചർ മുതലായവർ. അദ്ദേഹത്തിനുമുമ്പിൽ അതേതരത്തിലുള്ള സാഹിത്യത്തിൻെറ സമൃദ്ധഭരണം നമുക്കുണ്ടു്. ഇവിടെ സ്ഥിതിഗതികളും, ജനങ്ങളും, കാലങ്ങളും, ചിന്തകളും ഉദിച്ചു് ആ വശത്തേയ്ക്കു ചിന്താശക്തികൾ തിരിഞ്ഞു്, അവയെല്ലാംകൂടിച്ചേന്നു്, ഒരു രസായനാകഷണനിയമമനുസരിച്ചു്, * ഒരു ശരീരത്തിൽ സംഭൃതമായി. അവിടെ

* Chemical affinity.

നിങ്ങളുടെ ഷേക്സ്പീയരും ഉണ്ടായി. ഇങ്ങിനെ നിങ്ങളുടെ "രജത ജിഹ്വ"നായ ഷേക്സ്പീയരും, ശ്രോതൃവൃന്ദത്തെ വിസ്മയസ്തംഭിതരാക്കാൻ കെല്പുള്ള പ്രഭാഷകന്മാരും, സഹസ്രംജനങ്ങളെ നിയന്ത്രിക്കാൻ സാമർത്ഥ്യമുള്ള ഏകമനുഷ്യരും, അനേകായിരത്തിനു് ഒരു വാക്കു നിയമമാക്കാൻ ശക്തിയുള്ള സേനാധിപന്മാരും, ലക്ഷക്കണക്കിനുള്ള മനുഷ്യരെ ഉദ്ദീപിപ്പിച്ചു പ്രവർത്തിപ്പിക്കാൻ കഴിവുള്ള മനുഷ്യനായകന്മാരും എല്ലാം അവതരിച്ചതായി കാണപ്പെടുന്നു. കോടി കോടി ജനങ്ങളുടെ ചിന്തകൾ ഭിന്നഭിന്നശരീരങ്ങളിൽ സംഭരിക്കപ്പെട്ടു് സമ്മേളിക്കാതെ ഇതെങ്ങിനെസാധിക്കും? ഇവിടെ ഷേക്സ്പീയരും നെപ്പോളിയനും നിങ്ങളുടെ സ്വന്തസൃഷ്ടികളാണെന്നു നിങ്ങൾ കാണുന്നു നിങ്ങളുടെ ഹൃദയക്ഷോഭങ്ങളും വിചാരങ്ങളും ഒക്കെ അവരുടേതായി ഭവിക്കുന്നു. ഇതെല്ലാം ചരിത്രവസ്തുതകളാണു്, നാം അവ ദിവസംപ്രതി നമ്മുടെ ചുററും കാണുന്നുമുണ്ടു്. ഇങ്ങിനെ എല്ലാ ഹൃദയമണ്ഡലത്തിലും നിങ്ങളെല്ലാം ഒന്നുതന്നെയാണു്.

നിങ്ങളുടെ കരിശ്ശുയുദ്ധങ്ങൾ എങ്ങിനെയുണ്ടായി. [1] യരുശലേമിന്റെ സ്ഥിതിയെപ്പററി ഒരു മനുഷ്യനു് അഗാധമായി ഹൃദയവികാരമുണ്ടായി. അവൻ യൂറോപ്പിലേയ്ക്കു തിരിയെവന്നു് അതിനെപ്പററി യൂറോപ്യരോടു പ്രസംഗിച്ചു. അയാൾ പ്രസംഗിക്കയും കരയുകയും വിളിക്കുകയും ചെയ്തു. ഇതെല്ലാം ഒരു മനുഷ്യന്റെ അനുഭവമായിരുന്നു. ജനങ്ങളിൽ അതേവികാരങ്ങൾ ഉല്പാദിച്ചു. ഒരുത്തന്റെ വികാരങ്ങൾ മററുള്ളവരുടെ വികാരങ്ങളായി ഭവിച്ചു. എല്ലാവരും ആയുധധാരികളായി തുക്കികളോടു—മുഹമ്മദീയരോടു—എതിക്കാൻ തിരിച്ചു. ഇങ്ങിനെയാണു് കരിശ്ശുയുദ്ധങ്ങൾ ഉണ്ടായതു്. നിങ്ങളുടെ സ്വാതന്ത്ര്യയുദ്ധം—(War of Independence) എങ്ങിനെവന്നു? അതേവിധംതന്നെ. അമ്മേരിക്കയിലെ ആദ്യത്തെ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്ന ഒരു മനുഷ്യൻ ജനങ്ങൾ തന്നോടു യോജിക്കാതിരുന്നപ്പോൾ, തന്റെ വാൾ ഊരി; ഉറയിൽനിന്നു് അദ്ദേഹം തന്റെ വാൾ ഊരി. അദ്ദേഹം പറഞ്ഞു:—"ഞാൻ ഒരൊററആൾ യുദ്ധം വേണമെന്നാണു്, യുദ്ധത്തിനാണുനിലകൊള്ളുന്നതു്." എല്ലാവക്കും വാൾ എടുക്കേണ്ടിവന്നു. അതേ കോൺഗ്രസ്സുകാർ, യുദ്ധത്തിനെതിരായും, അദ്ദേഹത്തിനു് എതിരായുംനിന്നവർ, അദ്ദേഹത്തിനെ പിൻതുടരേണ്ടിവന്നു. നിങ്ങളുടെ ഹൃദയവും മനസ്സും ഒന്നായിരിക്കുമ്പോൾ അത്തരം അത്ഭുതാവഹങ്ങളായ കൃത്യങ്ങൾ എങ്ങിനെ സാധിക്കാമെന്നു നിങ്ങൾ

---

1 യേശുവിന്റെ രാജ്യം—ജനനസ്ഥലം.

ഇവിടെ കാണുന്നു. നാമെല്ലാം ഒന്നാണ്. ആ ഏകത്വം ഭാവന ചെയ്യുക.

നാമിനി വേറൊരു ഉപാധിയിലേയ്ക്കു കടക്കുന്നു. സുഷുപ്ത്യവസ്ഥയിൽ ജനങ്ങൾ എല്ലാം ഒന്നാണെന്നു നാം കാണുന്നു. നിദ്ര ഒരു വലിയ സമീകരണകർത്താവാണ്. സുഷുപ്തിസ്ഥിതിയിൽ ഒരുവക ഭേദാവസ്ഥയും ഇല്ലാ. രാജാവും, ദരിദ്രനും—ഒരുത്തൻ പട്ടുമെത്തയിലും, മനോഹരമായ പുതപ്പുകളാൽ മൂടപ്പെട്ടും, മററവൻ തെരുവുകളിലും കിടന്നാലും, രണ്ടുപേരും ഒരേ അവസ്ഥയിലാണ്. ഗാഢനിദ്രാവസ്ഥയിൽ അവരെ നോക്കുക. ഭേദമെവിടെ? രണ്ടുപേരും ഏകമായ ഒന്നാണ്. സുഷുപ്തിയിൽ നിങ്ങൾ ഒന്നാണ്. ജാഗ്രദവസ്ഥയിൽ നിങ്ങളുടെ ശരീരങ്ങൾ എല്ലാം ഒന്നാണ്. ഈ മനോരാജ്യസ്വപ്നത്തിൽ ജീവിക്കുന്ന നിങ്ങളുടെ വികാരങ്ങളും, ഹൃദയങ്ങളും ഒക്കെ ഒന്നാണ്. യഥാർത്ഥാത്മാവിനെ, യഥാർത്ഥസത്തയെപ്പററി നമുക്കിനി ചിന്തിക്കാം. ഹാ! കേവലാത്മാവു്—യഥാർത്ഥപരമാർത്ഥം—യഥാർത്ഥവസ്തു—ഭാഷയ്ക്കോ, ഭിന്നതാപ്രകടനത്തിനോ അവിടെ സ്ഥാനമില്ല, അവിടെ 'തിര' 'തരംഗം'—മുതലായ വാക്കുകൾപോലും യോജിക്കയില്ല. അവിടെ നിങ്ങളൊക്കെ ഒന്നാണ്. "അല്ല. എന്റെ മകൻ എന്റേതാണ്; ഇവൻ എന്റേതല്ലാ" എന്നു നിങ്ങൾ പറയും. നിങ്ങൾ ഇങ്ങനെ ചിന്തിക്കുന്നതു് തെററാണ്. അതു് അങ്ങിനെയല്ല, നിങ്ങളിൽനിന്നു ഭിന്നരാണെന്നു നിങ്ങൾ വിളിക്കുന്നവർ നിങ്ങളുടെ മകനെപ്പോലെതന്നെ നിങ്ങളുടേതാണ്. നിങ്ങളുടെ മുജ്ജന്മങ്ങളിൽ സഹോദരന്മാരും, പുത്രന്മാരും, പുത്രിമാരും, പിതാക്കന്മാരും ആയിട്ടു അവരോടു എത്ര പ്രാവശ്യം നിങ്ങൾ ബന്ധപ്പെട്ടിരുന്നു? നിങ്ങൾ അതു അറിയുന്നോ? നിങ്ങളുടെ ഇപ്പോഴത്തെ ശത്രുവായിരിക്കുന്ന മനുഷ്യൻ മുജ്ജന്മത്തിൽ നിങ്ങളുടെ അച്ഛനോ മകനോ ആയിരുന്നിരിക്കാം. ഇജ്ജന്മത്തിലെ നിങ്ങളുടെ അച്ഛൻ അടുത്ത ജന്മത്തിൽ നിങ്ങളുടെ അച്ഛനല്ലാതെവരാം. അടുത്ത ജന്മത്തിൽ നിങ്ങൾ വേറെ മാതാപിതാക്കന്മാരിൽനിന്നു ജനിക്കാം. നിങ്ങളുടെ വികാരങ്ങളും സഹാനുഭൂതികളും തുടരെത്തുടരെ മാറിക്കൊണ്ടിരിക്കുന്നു. അതുപോലെ നിങ്ങളുടെ ബന്ധുക്കളും സുഹൃത്തുക്കളും, സഹോദരങ്ങളും തുടരെത്തുടരെ മാറിക്കൊണ്ടിരിക്കുന്നു. ഒരേ മുറിയിൽ ജനിച്ചു ജീവിച്ച ബാലികാബാലന്മാരിൽ ഒരാൾ മററവരിൽനിന്നു വേർതിരിഞ്ഞു് തന്റെ ജീവിതകാലം അശേഷം നയിക്കുന്നതായും, തന്റെ ജീവിതത്തിൽ അവരെ വീണ്ടും കാണാതിരിക്കുന്നതായും സംഭവിക്കുന്നില്ലേ? ഈ രാജ്യത്തുജനിച്ച ഒരു മനുഷ്യൻ ജീവിതംമുഴുവനും ഇതരരാജ്യങ്ങ

ളിൽ കഴിക്കുന്നതു സംഭവിക്കുന്നതല്ലേ? മററു നാടുകളിൽ ജനിച്ചവർ അവൻെറ ആത്മീയബന്ധുക്കളും സുഹൃത്തുക്കളും ആയതാണ് കാരണം. നിങ്ങളുടെ സഹോദരീസഹോദരന്മാർ ഭാര്യാഭർത്താക്കന്മാർ എന്നെല്ലാം പറയപ്പെടുന്നവർ മാത്രം അല്ലാ നിങ്ങളുടെ സാഹോദര്യത്തിൽ ഉൾപ്പെടുന്നതു് എന്നു നിങ്ങൾ ഇവിടെ കാണുന്നു. എല്ലാവരും, സകലരും, ഓരോരുത്തരും, സമസ്തരും, നിങ്ങളും ഏകസത്തയാണ്. അതു സാക്ഷാൽക്കരിക്കുക. സയൻസ് ഇതു തെളിയിക്കുന്നു.

രാമൻ ഇനി സംഗ്രഹിക്കുന്നു; നിങ്ങൾ സ്വയം നിങ്ങളാണെന്നു വിളിക്കുന്ന ഈ പ്രത്യേകശരീരം ഒന്നായിരിക്കുന്നതുപോലെ, പാദത്തിലെ വിരലുകൾ ഉള്ളങ്കാലിനോടും, അതു മററു ദേഹാവയവങ്ങളോടും സംബന്ധപ്പെട്ടിരിക്കുന്നതുപോലെ, അവിച്ഛിന്നതാനിയമം നിങ്ങളുടെ ദേഹത്തിലെ എല്ലാ അണുക്കളുംമുഖേന പ്രവൎത്തിക്കുന്നു. നിങ്ങളുടെ ശരീരം അദ്വയമായ ഒന്നാണ്; അവിഭാജ്യമായ മുഴുവനുമാണ്. അക്കാരണത്താൽ നിങ്ങൾ ഒരേ ശക്തിയാണ്; ഒരേ ഒരു ആത്മാവാണ്—ശിരസ്സും പാദങ്ങളും നിറഞ്ഞിരിക്കുന്ന ഒരേ ആത്മാവാണ് എന്നു സയൻസു തെളിയിക്കുന്നു. ഒരേ ചൈതന്യം പാദങ്ങളിലും, പാണികളിലും നിറഞ്ഞിരുന്ന് പ്രവൎത്തിക്കുന്നു. നിങ്ങളതു് കാണുന്നല്ലൊ. പ്രപഞ്ചത്തിലെ സകല വസ്തുക്കളും ഇതുപോലെ പരസ്പരം ബന്ധപ്പെട്ടതാണെന്നു സയൻസ് വ്യക്തമായി വെളിവാക്കുന്നു. പരിണാമാഭിവൃദ്ധി ഏററവും കുറഞ്ഞിരിക്കുന്ന ജീവാണുവിനു സമീപം ഉന്നതതരരൂപത്തിലുള്ള ഒരണുവും, അതിനു സമീപം അതിനടുത്തപടിയിലുള്ള ഉയൎന്ന ഒരണുവുംവെച്ചുവെച്ച് ഇങ്ങിനെ പ്രപഞ്ചത്തിലെ സകല വസ്തുക്കളും ക്രമാനുസാരമായി അടുക്കിയടുക്കി നിങ്ങൾവെച്ചാൽ എല്ലാ വസ്തുക്കളിലുംക്രൂടി അനുസ്യൂതമായി ഒരു അപരിച്ഛിന്നത വൎത്തിക്കുന്നു എന്നു നാം കാണുന്നു. സമസ്തപ്രപഞ്ചവും ഏററവും അഭേദ്യമായ ഈ അപരിച്ഛിന്നതകൊണ്ടു ബന്ധിക്കപ്പെട്ടതായി നാം കാണുന്നു. സംഗതിയിങ്ങനെയിരിക്കെ, ലോകമാസകലം ഒരേ അഖണ്ഡവും അപരിച്ഛേദ്യവും ആയ ഏകശരീരമാണ്. ചെവികളിലും, പാദങ്ങളിലും, ഒരേ ശരീരത്തിൽ ഒരേ ചൈതന്യം വ്യാപിക്കുന്നതായി വിശ്വസിക്കാൻ നിങ്ങൾ നിർബന്ധിതനായിരിക്കുന്നതുപോലെ, ഒരേ അവിച്ഛിന്നശരീരമായ ഈ ലോകത്തിലെല്ലാം ഒരേ സത്ത അഥവാ ആത്മാവു് ഏററവും ചെറിയ ഏകാണു മുതൽ ഏററവും മഹത്തായ ദൈവദൂതൻവരെ എല്ലാത്തിലും പ്രവേശിച്ചു നിറഞ്ഞിരിക്കുന്നുവെന്നു നമുക്കു വിശ്വസി

ക്കേണ്ടതാണ്. ഇങ്ങിനെ ഏററവും ഉയൎന്ന ദൈവദൂതന്റെ ആത്മാവും ഏററവും നിസ്സാരമായ പുഴുവിന്റെ ആത്മാവും ഒന്നുതന്നെയാണ്. ആത്മാവിന്റെ നിലയ്ക്കുനിന്നു നോക്കിയാലും നിങ്ങളൊക്കെ ഒന്നാണ്.

മനുഷ്യസഹോദരത്വം സ്ഥാപിക്കാനുള്ള കാരണങ്ങളും, യുക്തിവാദങ്ങളും ഏതാണ്ടൊക്കെ നിങ്ങളുടെ മുമ്പിൽ വെച്ചുകഴിഞ്ഞു. ഇനി ഈ സത്യത്തിന്റെ പ്രായോഗികമായ ഉപയോഗത്തെപ്പററി ഇപ്പോൾ രാമൻ ഒന്നു ഊന്നിപ്പറയാൻ പോകുന്നു. നിങ്ങളതു് ബുദ്ധിപരമായി—ധിഷണാദ്വാരാ—സ്വീകരിക്കയില്ലായിരിക്കാം. എന്നാൽ നൈതികനിയമങ്ങൾ ഈസത്യം നിങ്ങളിൽ ചുററികകൊണ്ട് അടിച്ചുകയററും. ഈസത്യം നിങ്ങൾ അനുഷ്ഠാനത്തിൽ വരുത്തണം; അല്ലെങ്കിൽ മരിക്കണം. വേറെ വഴിയില്ല. ഇതാ! എന്റെ കയ്യ്! ഒരിക്കൽ അതു സ്വാൎത്ഥപ്രേരിതമായി സാഹോദൎയ്യത്തിന്റെയോ, ഐക്യത്തിന്റെയോ നിയമം ഭഞ്ജിക്കാൻ തുടങ്ങിയാൽ, എന്നിട്ടു ഈവിധം ചോദ്യം ചോദിക്കാൻ തുടങ്ങിയാൽ:—"ഞാനിതാ! ദിവസമെല്ലാം പണിയെടുക്കുന്നു; എന്റെ ജോലിയുടെ ഫലമൊക്കെ ജഠരം അനുഭവിക്കുന്നു. അഥവാ മററു ശരീരഭാഗങ്ങൾ ആസ്വദിക്കുന്നു. ഞാൻ ഒന്നും ഭക്ഷിക്കുന്നില്ല. ഫലമെല്ലാം ഭുജിക്കാൻ ഞാൻ പല്ലുകളെയോ, വായിനെയോ അനുവദിക്കയില്ല; എനിക്കെല്ലാം സ്വന്തമായി സമ്പാദിക്കണം. ഇങ്ങിനെ യുക്തിവാദംചെയ്തു് ആ മോഹം നടപ്പിലാക്കാൻ തുടങ്ങിയാൽ, പാൽ, മാംസം, ഫലങ്ങൾ, സസ്യങ്ങൾ എന്നീ വിവിധവസ്തുക്കൾ എല്ലാം കൈതന്നെ തിന്നേണ്ടിവരും. ഫലമെല്ലാം കയ്യ്ക്കുതന്നെ കിട്ടണമെന്നാണല്ലൊ! കയ്യൊരുസൂചിയെടുത്തു് അതിൽ ഒരു ദ്വാരമുണ്ടാക്കി അതിൽക്കൂടി പാലൊഴിച്ചാൽ, അഥവാ, പാൽകുത്തിവെച്ചാൽ, പക്ഷേ വായിനു പാൽകൊടുക്കാതെ കഴിക്കാം. എന്നാൽ കയ്യിനു ഉടനെ ദീനംവരുന്നു. അതിനു പാൽ ആസ്വദിക്കാൻ തരമില്ലാതെ വരുന്നു. വേറെ ഒരു വഴിയുണ്ടു്. കയ്യിനെ തടിപ്പിക്കാൻ അതു തേൻ എടുക്കാൻ പുറപ്പെടുന്നു. അതെവിടെനിന്നു വരുന്നു? തേനീച്ചയിൽനിന്നു്. അതിനാൽ തേനീച്ചയെ പിടിച്ചു കയ്യിൽ കുത്തിച്ചു. കയ്യിനു് കുറെ തേൻകിട്ടി. ഈച്ചയുടെ ജീവനും അവിടെ കിട്ടി. കുത്തിയുംവെച്ചു ഈച്ച ചാകുമെന്നു നിങ്ങൾക്കറിയാമല്ലൊ. കൈ വളരെ തടിച്ചു വീങ്ങി. തേനെല്ലാം കയ്യിലുണ്ടു്. അഹോ! എന്നാൽ ഇവിടെ കയ്യിനു വേദനവന്നു സങ്കടംലഭിച്ചു. അതു കയ്യിനെ ദണ്ഡിപ്പിച്ചു. കയ്യു കഷ്ടപ്പെട്ടു കഷ്ടപ്പെട്ടു കുറെ കഴിഞ്ഞപ്പോൾ അതിനു ബോധം വന്നു. കൈ പറയുകയാണു്:—"ഞാൻ സമ്പാദിക്കുന്നതുമുഴവനും

എനിക്കുമാത്രം വേണ്ടാ. എൻെറ സമ്പാദ്യമെല്ലാം വയററിൽ ചെല്ലണം. രക്തം കൈകൾ, കാലുകൾ, മററ് അവയവങ്ങൾ ഇവയെല്ലാം ഉപയോഗിക്കണം. അപ്പോൾ, അപ്പോൾ മാത്രമേ, കൈ ആയഎനിക്കു ഗുണംകിട്ടൂ. വേറെ മാർഗ്ഗമില്ല." അപ്പോൾ മാത്രമേ കയ്യുക്കു ഗുണംകിട്ടുകയുള്ളൂ. കയ്യിൻെറ ചെറുവിസ്തീർണ്ണത്തിൽ മാത്രമല്ലാ ജീവൻ സന്നിഹിതമായിരിക്കുന്നതെന്നു വിശ്വസിക്കാൻ കയ്യു ബലമായി പ്രേരിപ്പിക്കപ്പെടുന്നു. ശരീരത്തിലെ മുഴുസത്തയ്ക്കു ഫലം കിട്ടുമ്പോൾ കയ്യിനും കിട്ടിക്കൊള്ളും! കണ്ണിൻെറ ജീവന് ഫലപ്പെട്ടുമ്പോൾ കൈകൾക്കും ഫലപ്പെട്ടും കണ്ണിൻെറ ജീവനും, കയ്യിൻെറ ജീവനും ഒന്നാണ്. ചെവിയുടെ ജീവനും ശരീരത്തിൻെറ മുഴുജീവനും ഒന്നുതന്നെയാണ്. ആ കയ്യിനെപ്പോലെ അതേ വഴിക്കു നിങ്ങൾ സ്വാത്മപരനായിരിക്കുക; അപ്പോൾ കാണാം ദുഃസ്ഥലങ്ങളും ഉപദ്രവങ്ങളും വന്നുചേരുന്നതു്. കൈ അതിൻെറ സ്വാത്മപൂർത്തിക്കുവേണ്ടി ശ്രമിച്ചതുപോലെ, നിങ്ങളും ശ്രമിച്ചാൽ അതേ ഫലം നിങ്ങൾക്കും ലഭിക്കും. നിങ്ങളുടെ സജാതീയരിൽനിന്നു നിങ്ങളെ ഭിന്നിപ്പിച്ചുനിർത്താൻ ദിവ്യനിയമം അനുവദിക്കയില്ല. നിങ്ങളുടെ സഹജീവികളോടു ഒന്നെന്ന നിലയ്ക്കല്ലാതെ നിങ്ങളെ സ്വയം പരിഗണിച്ചാൽ ഏററവും പരിപാവനമായ സത്യം ലംഘിക്കപ്പെടും. ഇടപാടുകാരുടെ കാര്യം തൻെറ താല്പര്യമായി പരിഗണിക്കാത്ത കച്ചവടക്കാർ അഥവാ, തൻെറ കക്ഷികളുടെ ഗുണം തൻെറ ഗുണത്തോടു സാത്മ്യപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കാത്ത വ്യാപാരികൾ, ജനങ്ങളാൽ പരിത്യജിക്കപ്പെടുകയും, സ്വയം നശിക്കയുംചെയ്യുന്നു. നിങ്ങളുടെ ജീവിതത്തിൽ, നിങ്ങൾ ഇതു ബോദ്ധ്യപ്പെടണം. അപ്പോൾമാത്രമേ നിങ്ങൾക്കു അഭ്യുദയമുണ്ടാകയുള്ളൂ. ഹേ! കയ്യേ! നിൻെറ ചൈതന്യമാണ് പ്രപഞ്ചത്തിൻെറയെല്ലാം ചൈതന്യം. നിൻെറ ജീവൻ കണ്ണിൻെറയും, കാലിൻെറയും, പല്ലിൻെറയും സകല ശരീരാംശങ്ങളുടെയും ജീവനാണ്. അതു ഭാവനചെയ്യുക. അതു സാക്ഷാല്ക്കരിക്കുക. നിങ്ങൾക്കു കഷ്ടതകളിൽനിന്നു ഉയർന്നുനിന്നു സുഖമായിട്ടിരിക്കണമെങ്കിൽ, ഇതു സാക്ഷാല്ക്കരിച്ച് സകലതിനോടും, ഓരോന്നിനോടും ഉള്ള ഈ ഐക്യം ബോധിക്കുക നിങ്ങൾ ഈ ഐക്യം സങ്കല്പിക്കയും, അനുഭവിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ ഹൃദയത്തെ ഈ സത്യത്തിൽ ഏകാഗ്രമാക്കുമ്പോൾ, ചുററുമുള്ള സകലരും, നിങ്ങളുടെ സഹായത്തിനെത്താൻ നിർബ്ബന്ധിതരാകും. ഒരു ശരീരഭാഗം ചൊറിയുകയോ, കഷ്ടപ്പെടുകയോ ചെയ്യുമ്പോൾ കൈ സ്വയമേ അവിടെ എത്തുന്നതുപോലെ, അവർ വന്നുചേരും. നിങ്ങളുടെ പരിചയവും, അനുഭവവുംഇതു നിങ്ങൾക്കു തെളിയിച്ചുതരുന്നു.

ഇതാ! ഇവിടെ ഒരു ചൊറിച്ചിലിൻെറ തോന്നൽ! കൈ ഉടനെ അവിടെ ഓടിഎത്തുന്നു. അതുപോലെ, നിങ്ങളുടെ ചൈതന്യം—ആത്മാവു് അഥവാ നിങ്ങളുടെ യഥാൎത്ഥപ്രകൃതി നിങ്ങളുടെ സ്നേഹിതൻെറ ആത്മാവുതന്നെയാണെന്നു നിങ്ങൾ സാക്ഷാത്കരിക്കുമ്പോൾ, നിങ്ങൾക്കാവശ്യമുള്ള സമയം നിങ്ങളുടെ കൂട്ടുകാർ ഉടനെ നിങ്ങളുടെ സമീപത്തുവന്നു വേണ്ട സഹായങ്ങൾ ചെയ്യും. ഇതു അനുഭവപരമായ, പ്രായോഗികമായ, ഒരു വസ്തുതയാണു്; പരീക്ഷണക്ഷമമായ ഒരു പരമാൎത്ഥമാണു്.

ഓം! ഓം!! ഓം!!!

---

## 15. (ബ്രഹ്മമീമാംസാദൎശനത്തിൻെറ) അദ്വൈതമതത്തെപ്പററി ഒരു കുറിപ്പു്.

ബ്രഹ്മസൂത്രങ്ങളുടെ വിഭിന്നഭാഷ്യങ്ങളെ താരതമ്യവിവേചനം ചെയ്തു പഠിക്കുമ്പോൾ, ശങ്കരൻെറ പദ്ധതിമാത്രമാണു് സൂത്രഗ്രന്ഥകാരൻെറ അഭിപ്രായങ്ങളെ ശരിയായി പ്രതിഫലിപ്പിക്കുന്നതു് എന്നു നിസ്തൎക്കം കാണപ്പെട്ടുന്നതാണു്, ദൎശനത്തിൻെറ തനി യുക്തിവാദവിഭാഗമായ അന്തിമാധികരണം 2-ാം അദ്ധ്യായം, 2-ാം പാദം, 42 മുതൽ 45 വരെ സൂത്രങ്ങളിൽ അദ്ദേഹം ഭാഗവതന്മാരുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നു. 42-ം, 43-ം സൂത്രങ്ങൾ പ്രസ്തുത പദ്ധതിക്കു പൂൎവ്വപക്ഷങ്ങൾ ഉന്നയിക്കുന്നുവെന്നു ശങ്കരനോടു യോജിച്ചു് വൈഷ്ണവഭാഷ്യങ്ങളും സമ്മതിക്കുന്നു. 45-ാംസൂത്രം—അധികരണത്തിലെ അന്തിമസൂത്രം ഇങ്ങിനെയാണു്:—"വിപ്രതിഷേധാച്ച."

സാംഖ്യഖണ്ഡനത്തെ അവസാനിപ്പിക്കുന്ന മുൻസൂത്രത്തിനു സമാനമാണിതു്. "വിപ്രതിഷേധാച്ചാസമഞ്ജസം" (2-2-10)

അതുകൊണ്ടു്, അതിൻെറ മുൻപിലത്തെ സൂത്രമായ 10-ാമത്തുസൂത്രത്തിലെപ്പോലെ, ആ പാദത്തിലെ 45-ാംസൂത്രവും പാഞ്ചരാത്രപദ്ധതിയിലെ പരസ്പര വിരുദ്ധതകളെയല്ലാതെ മററൊന്നിനെയും പരാമൎശിക്കാവതല്ല. കൂടാതെ, ആ പാദം സമസ്തവും വെറും യുക്തിവാദപരമായിട്ടിരിക്കയാലും, യാതൊരുസ്ഥലത്തും

ധൎമ്മപ്രമാണത്തെ ആശ്രയിക്കാത്തതിനാലും, 'ശ്രുതിയുമായിട്ടുള്ള ഭിന്നതയെ അതു സൂചിപ്പിക്കുന്നു' എന്നുപറഞ്ഞു് അവസാന സൂത്രത്തെ വ്യാഖ്യാനിക്കാൻ വൈഷ്ണവഭാഷ്യകാരന്മാൎക്കു അവകാശമില്ല. ഇങ്ങിനെ അന്തിമസൂത്രം ഭാഗവതപദ്ധതിയെ അവസാനമായി തള്ളിക്കളയുന്നു.

നാം ഇനി 44-ാംസൂത്രത്തിലേക്കുവരുന്നു. അതിങ്ങനെയാണു്:—"വിജ്ഞാനാദിഭാവേ" വാ തത് പ്രതിഷേധഃ ഇതിന്റെ മുൻസൂത്രങ്ങൾരണ്ടും "ഉത്പത്ത്യസംഭവാത്" (42) എന്നും "ന ച കൎത്തുഃ കരണം" എന്നും ആണു്. ഇവ പദ്ധതിക്കു പ്രതികൂലമായിട്ടു ശക്തിമത്തായ യുക്തിവാദാക്ഷേപങ്ങളാണു് ഉന്നയിക്കുന്നതു്. ഈ വിമൎശനത്തെയും, ആക്ഷേപത്തെയും പ്രതിഷേധിക്കുന്ന ഉദ്ദേശവും, തത്വവും, രീതിയും ആ പാദത്തിലെ ഒന്നുമുതൽ നാല്പത്തിമൂന്നുവരെ സൂത്രങ്ങളിൽ ഓരോന്നിന്റേയും പ്രധാനചൈതന്യമാകയാൽ 44-ാം സൂത്രത്തിലെ 'തത്' എന്നതു് 43-ം, 42-ം സൂത്രങ്ങളിൽ ഉന്നയിക്കപ്പെട്ട ആക്ഷേപത്തെ പരാമൎശിക്കുന്നുവെന്നു ശങ്കരൻ പ്രകൃത്യാ പരിഗണിക്കുന്നു. ഇതിനെ 45-ാംസൂത്രം ധാരാളമായി പിൻതാങ്ങുന്നുമുണ്ടു്. ശ്രീ രാമാനുജനും മററും ഈ "തത്"ഭാഗവതപദ്ധതിയെ സൂചിപ്പിക്കുന്നുവെന്നു പരിഗണിച്ചുകൊണ്ടു് മുമ്പിലത്തെ രണ്ടു സൂത്രങ്ങളിൽ കൊടുക്കപ്പെട്ട പൂൎവ്വപക്ഷത്തെയാണു് ഈ സൂത്രത്തിലെ സിദ്ധാന്തം ഖണ്ഡിക്കുന്നതെന്നു കരുതുന്നു. ഒരു പൂൎവ്വപക്ഷത്തെ തള്ളുന്നതിനു് ഉദ്ദേശിക്കുമ്പോഴെല്ലാം, സൂത്രകാരൻ പ്രയോഗിക്കുന്ന അവ്യയം 'തു' എന്നാണെന്നും 'വാ' എന്നല്ലെന്നും ശ്രദ്ധാലുവായ ഏതൊരു നിരീക്ഷകനും ഇവിടെ പെട്ടന്നു കാണാം. വീണ്ടും, ആക്ഷേപങ്ങൾ മൂന്നു സൂത്രങ്ങളിൽ പ്രസ്താവിച്ചുംവെച്ചു്, സിദ്ധാന്തത്തിനു ഒരു സൂത്രംമാത്രം കൊടുക്കാൻ ഇടയില്ല; അതും അന്തിമസൂത്രമായിട്ടു്. കൂടാതെ, 44-ാം സൂത്രം മുഴുവനും ആക്ഷേപ[illegible]ഖണ്ഡനങ്ങൾക്കും ആയി വിനിയോഗിച്ചുംവെ[illegible]ാദചൈതന്യം 44 (?) എന്ന ഒരേഒരു സി[illegible]കടിപ്പിച്ചു് സാമ്യനിലയിൽനില്ക്കാൻ സൂ[illegible]. അതിന്റെ ആവശ്യവും ഇല്ലതന്നെ. എന്തെന്നാൽ ആദ്യാദ്ധ്യായത്തിൽ സിദ്ധാന്തം പരിപൂൎണ്ണമായും, വിശദമായും സമൎത്ഥിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ.

പിന്നെയും, ശ്രീ രാമാനുജൻ 44-ാംസൂത്രത്തെ സംരക്ഷിക്കാൻ ശ്രമിച്ചുകൊണ്ടു് തന്റെ സ്വന്തബലം പ്രയോഗിച്ചു ചെയ്യുന്ന വ്യാഖ്യാനം, തന്റെ ഇച്ഛയ്ക്കു വിപരീതമായി അദ്ദേഹത്തെ

MUL
156408

അദ്വൈതവേദാന്തത്തോടു് അനുകൂലിപ്പിക്കുന്നു. പൗരാണികപ്രമാണങ്ങളുടെ വെളിച്ചത്തിലാണു് മാധ്വസമ്പ്രദായം ആദ്യന്തം സൂത്രങ്ങളെ വ്യാഖ്യാനിക്കുന്നതു്. എന്നാൽ ഈ സൂത്രങ്ങൾ പുരാണങ്ങളെ ക്രമപ്പെടുത്താനല്ലാ, വൈദികോപനിഷത്തുകളെ ക്രമീകരിക്കാനാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു എല്ലാവക്കും അറിയാം. അനുഭാഷ്യം രാമാനുജനെ പിന്തുടരുന്നു. നിഷ്പക്ഷനും, പ്രാപ്തനും ആയ ഒരു ജഡ്ജിക്കു ശങ്കരൻെറ പദ്ധതിക്കല്ലാതെ വേറൊന്നിനു് സൂത്രങ്ങൾ സ്ഥാനംകൊടുക്കുന്നില്ല. ശാങ്കരഭാഷ്യം അപ്പോൾ ഏററവും പഴക്കമുള്ളതും, ഉത്തമവുമാകുന്നു.

രാമൻെറ വ്യക്തിപരമായ നോട്ടത്തിൽ, സൂത്രകാരൻ വാസ്തവത്തിൽ മററന്തെങ്കിലും പഠിപ്പിക്കയായിരുന്നാൽപോലും, അദ്വൈതത്തിനു അതു നഷ്ടമല്ലാ. എന്നാൽ അദ്ദേഹം അതു സമ്പൂർണ്ണമായി ഗ്രഹിച്ചിരുന്നുവെന്നും, വേറൊന്നും പ്രസംഗിച്ചില്ലെന്നും ഉള്ളതു് അദ്ദേഹത്തിനുള്ള വലിയൊരു മഹത്വമാണു്. ഡ്യൂസ്സൻ, ഗഫ്, തിബോട്ടു് * മുതലായ നിരീക്ഷകന്മാരുടെ നോട്ടത്തിലും സത്യമായ ഉപനിഷത്തുകൾ ശങ്കരസമ്പ്രദായത്തെത്തന്നെ സമർത്ഥിക്കുന്നു. ശങ്കരൻഭാഗവതന്മാരെപ്പററി വലിയ ബഹുമാനത്തോടും, ഔദാര്യത്തോടും ആണു് പറയുന്നതു്. തീർച്ചയായും വേറെയാക്കും സാധിക്കാത്തവിധം, വേദവാക്യങ്ങളെ അദ്ദേഹം ഭംഗിയായി അനുരഞ്ജിപ്പിക്കുന്നുവെന്നുമാത്രമല്ലാ അദ്ദേഹത്തിൻെറ സമ്പ്രദായത്തിൻെറ യോഗ്യത; പിന്നെയോ, തൻെറ അദ്വൈതസിദ്ധാന്തത്തിനു ഭംഗപ്പെടുത്താതെ, ഓരോന്നിനും ഓരോ സ്ഥാനംകൊടുത്തു് മററു സകല പദ്ധതികളെയും അംഗീകരിക്കുന്നുവെന്നുള്ളതും ഒരു വലിയ യോഗ്യതതന്നെയാണു്. ശാന്തിതേടുന്നവക്കു അദ്ദേഹം പരിശുദ്ധമായ നിഷ്കാമകർമ്മം ശുപാർശചെയ്യുന്നു. അദ്ദേഹം ഭക്തിയെ പ്രോത്സാഹിപ്പിക്കയും, ഈശ്വരനു ഒരു പ്രത്യേകസ്ഥാനം കൊടുക്കയുംചെയ്യുന്നുണ്ടു്. അതിൻെറ ഭാവനയ്ക്കു അഖണ്ഡ്യമായ ഒരു ഐകരൂപ്യം കൊടുക്കുന്നുമുണ്ടു്. നേരേമറിച്ചു അനദ്വൈതവാദിക്കു്, അദ്ദേഹത്തിൻെറ അദ്വൈതവാദം അംഗീകരിക്കാൻ സാദ്ധ്യമേഅല്ല.

രാമൻ സംഹിതാമന്ത്രങ്ങൾ വായിക്കുന്നു. അഹോ! എത്ര സമുദാരകവും, എത്ര മധുരവും ആയ അദ്ധ്യയനം! ദേവന്മാരുടെയും, യജ്ഞത്തിൻെറയും, സോമത്തിൻെറയും പേരുകളും, മററു

---

* യൂറോപ്യൻ വേദാന്ത വ്യാഖ്യാതാക്കൾ.

സാങ്കേതികസംജ്ഞകളും രാമൻ തന്റെ പ്രത്യേകമായ അത്ഥത്തിൽ ഗ്രഹിക്കുന്നു. പദങ്ങളുടെ ആദിമധാതുവിൽനിന്നു അത്ഥം എടുക്കാമെങ്കിലും രാമൻ ചെയ്യുന്നതു് ഇങ്ങിനെയാണു്. ഈ തരത്തിൽ പഠിക്കുമ്പോൾ സംഹിതകൾ രാമനു വേദാന്തമന്ത്രങ്ങൾ അല്ലാതെ വേറൊന്നുമല്ല. ഹാഫീസ്, അമീർഖുസ്രോ മുതലായ പേഷ്യൻകവികളുടെ ഗ്രന്ഥങ്ങൾ രാമൻ വായിക്കയും, മായി, സുൽഫ്, ശാകി എന്നപദങ്ങൾക്കു ഒരുവക പ്രത്യേക മതപ്രാധാന്യംകൊടുക്കയും ചെയ്യുക പതിവുണ്ടു്. കവിതാപുസ്തകമെല്ലാം (ദീവാൻ) ആദ്ധ്യാത്മികാസ്വാദനപൂണ്ണങ്ങളാണു്. വേദമന്ത്രങ്ങൾ അധികം പ്രത്യക്ഷവും നിശിതവും ആണല്ലൊ.

ക്രിസ്ത്യൻബൈബിളിനു അതു കടന്നുവന്ന ഓരോ തലമുറകളിലും അവയുടെ എണ്ണം അനുസരിച്ചു വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടു്. കേവലം വേദാന്തപരമായിട്ടുള്ള വ്യാഖ്യാനങ്ങളും ഇല്ലാതില്ല. അങ്ങിനെതന്നെയാണു് ജീവത്തായ മതഗ്രന്ഥങ്ങളെ ഉപയോഗിക്കുന്ന ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ അനുസരിച്ചു് അവയെല്ലാം വ്യാഖ്യാനിക്കപ്പെട്ടുവന്നിട്ടുള്ളതു്.

വേദങ്ങൾ രാമനുവേണ്ടിത്തന്നെ പ്രത്യേകം പരമ്പരയാ വന്നിട്ടുള്ളതാണെന്നു രാമൻ പലപ്പോഴും വിചാരിക്കുന്നു. എന്നാൽ മററുള്ളവരാരും അവയുടെ പൂർവ്വികമായോ, നടപ്പനുസരിച്ചോ, ആദ്യത്തമമായോ ഉള്ള താല്പര്യങ്ങൾക്കുപകരം, വേദവാക്കുകൾക്കോ, മന്ത്രങ്ങൾക്കോ അവരുടെ സ്വന്ത വ്യാഖ്യാനങ്ങൾ കൊടുപ്പാൻ—ആ വ്യാഖ്യാനങ്ങൾ അവക്കു എത്രമാത്രം സ്വീകാൎയ്യമായിരുന്നാലും ശരി—ശ്രമിക്കാതിരിക്കട്ടെ.

ഒരു മതഗ്രന്ഥം ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കാത്തപക്ഷം, അതിനു ജീവിക്കാൻ നിവൃത്തിയില്ല. ജനങ്ങൾ പരിണാമഗതിപ്രകാരം വളരുമ്പോൾ, അവരോടുകൂടി മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും പുരോഗമിക്കേണ്ടിയിരിക്കുന്നു.

156408
R6xM73

32 H8.5

UNIVERSITY LIBRARY
27 MAR 1953
MADRAS

21 NOV 1953

R6nM73
32H8.5

Indic Digital Archive Foundation
gpura.org